# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 7, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168- നമ്പർ 1

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 7, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

386/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം
## അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ് .പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം)
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
8. ശ്രീ. വി. എസ്. അച്യുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
17. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
18. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
19. ശ്രീ. അൻവർ സാദത്ത് (ആലുവ)
20. ശ്രീ. എ. എം. ആരിഫ് (അരൂർ)
21. പ്രൊഫ. കെ.യു. അരുണൻ (ഇരിങ്ങാലക്കുട)
22. ശ്രീമതി സി. കെ. ആശ (വൈക്കം- എസ്.സി)
23. ശ്രീ. കെ. ബാബു (നെന്മാറ)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി)
25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)
26. ശ്രീ. വി. ടി. ബൽറാം (തൃത്താല)
27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
28. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

29. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
30. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
31. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
32. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)
33. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
34. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)
35. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
36. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
37. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)
38. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)
39. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
40. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി)
41. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
42. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
43. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
44. ഡോ. കെ. ടി. ജലീൽ (തവനൂർ)
45. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)
46. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
47. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
48. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)
49. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)
50. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
51. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
52. ശ്രീ. വി. ജോയി (വർക്കല)
53. ശ്രീ. ഒ.ആർ. കേളു (മാനന്തവാടി-എസ്.ടി.)
54. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)
55. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
56. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
57. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)
58. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)
59. ശ്രീ. സി. മമ്മൂട്ടി (തിരൂർ)
60. ശ്രീ. കെ. എം. മാണി (പാലാ)

61. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
62. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)
63. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
64. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)
65. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
66. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
67. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)
68. ശ്രീ. എം. മുകേഷ് (കൊല്ലം)
69. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)
70. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)
71. ശ്രീ. ഡി. കെ. മുരളി (വാമനപുരം)
72. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)
73. ശ്രീ. സി. കെ. നാണു (വടകര)
74. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)
75. ശ്രീ. എം. നൗഷാദ് (ഇരവിപുരം)
76. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)
77. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)
78. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)
79. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)
80. ശ്രീമതി യു. പ്രതിഭ ഹരി (കായംകുളം)
81. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)
82. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)
83. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)
84. ശ്രീ. ഒ. രാജഗോപാൽ (നേമം)
85. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)
86. ശ്രീ. കെ. രാജൻ (ഒല്ലൂർ)
87. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)
88. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)
89. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)
90. ശ്രീ. കെ. രാജു (പുനലൂർ)
91. ശ്രീ. രാജു എബ്രഹാം (റാന്നി)
92. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)
94. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ (ചെങ്ങന്നൂർ)
95. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)
96. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
97. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)
98. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)
99. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)
100. ശ്രീ. റോജി എം. ജോൺ (അങ്കമാലി)
101. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
102. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)
103. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)
104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)
105. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)
106. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)
107. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)
108. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)
109. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)
110. ശ്രീ. വി. ഡി. സതീശൻ (പറവൂർ)
111. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)
112. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)
113. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)
114. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)
115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)
116. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)
117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)
118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)
119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)
120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)
121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)
122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)
123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)
124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)
126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)
127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)
128. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)
129. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)
130. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)
131. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)
132. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
133. ശ്രീ. എം. ഉമ്മർ (മഞ്ചേരി)
134. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)
135. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)
136. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)
137. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)
138. ശ്രീ. പിണറായി വിജയൻ (ധർമ്മടം)
139. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)
140. ശ്രീ. എം. വിൻസെന്റ് (കോവളം)

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി 25-4-2017-ന് നിയമസഭാംഗത്വം രാജിവച്ചു.)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം
അഖിലേന്ത്യാ സർവ്വീസുകൾ
ആസൂത്രണവും സാമ്പത്തിക കാര്യവും
ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി
മലിനീകരണ നിയന്ത്രണം
സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ
പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്
തെരഞ്ഞെടുപ്പ്
ഇന്റഗ്രേഷൻ
ഇൻഫർമേഷൻ ടെക്നോളജി
സൈനികക്ഷേമം
ദുരിതാശ്വാസം
സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി
എയർപോർട്ട്സ്
മെട്രോ റെയിൽ
അന്തർസംസ്ഥാന നദീജലം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്
നോർക്ക
ആഭ്യന്തരം
വിജിലൻസ്
അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്
അഗ്നിശമനം
ജയിലുകൾ
അച്ചടിയും സ്റ്റേഷനറിയും
ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)
കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ
രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി
മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

<u>ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി</u>

പട്ടികജാതിക്ഷേമം
പട്ടികവർഗ്ഗക്ഷേമം
പിന്നോക്കസമുദായക്ഷേമം
നിയമം
സാംസ്കാരികം
പാർലമെന്ററികാര്യം
കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ
കേരള ചലച്ചിത്ര അക്കാദമി

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി</u>

ലാൻഡ് റവന്യൂ
സർവ്വേയും ലാൻഡ് റെക്കോർഡ്സും
ലാൻഡ് റിഫോംസ്
ഭവനനിർമ്മാണം

<u>ഡോ. കെ. ടി. ജലീൽ, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും
ഗ്രാമവികസനം
ടൗൺ പ്ലാനിംഗ്
പ്രാദേശിക വികസന അതോറിറ്റികൾ
കില
ന്യൂനപക്ഷക്ഷേമം
വഖഫും ഹജ്ജ് തീർത്ഥാടനവും

<u>ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി</u>

വിദ്യുച്ഛക്തി

ശ്രീ. മാത്യു ടി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

ശ്രീ. എ. സി. മൊയ്തീൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി

പൊതുവിദ്യാഭ്യാസം

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

സാക്ഷരതാ പ്രവർത്തനം

എൻ.സി.സി.

അസാപ് (ASAP)

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃകാര്യം
ലീഗൽ മെട്രോളജി

ശ്രീ. തോമസ് ചാണ്ടി, ഗതാഗത വകുപ്പുമന്ത്രി

റോഡ് ഗതാഗതം
മോട്ടോർ വാഹനങ്ങൾ
ജലഗതാഗതം

ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി

ധനകാര്യം
നാഷണൽ സേവിംഗ്സ്
സ്റ്റോർ പർച്ചേസ്
വാണിജ്യ നികുതി
കാർഷികാദായ നികുതി
ട്രഷറീസ്
ലോട്ടറീസ്
സ്റ്റേറ്റ് ഓഡിറ്റ്
കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
സ്റ്റേറ്റ് ഇൻഷ്വറൻസ്
സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്
കയർ

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....71

**II ചരമോപചാരം**

പി. ഉണ്ണിക്കൃഷ്ണപിള്ള, കെ.ഇ. മാമ്മൻ എന്നിവരുടെ നിര്യാണം – ....404

**III ചെയർമാന്മാരുടെ പാനൽ** ....405

**IV അടിയന്തരപ്രമേയം**

സംസ്ഥാനത്തെ അക്രമപ്രവർത്തനങ്ങൾ
(അവതരണാനുമതി നിഷേധിച്ചു.) ...405

**V ശ്രദ്ധ ക്ഷണിക്കൽ**

പുനരുദ്ധാരണ പാക്കേജ്

- ശ്രീ. എസ്. ശർമ്മ ...427

**VI സബ്മിഷൻ**

1. കൊച്ചി മെട്രോ തൃശ്ശൂർ വരെ ദീർഘിപ്പിക്കൽ

-ശ്രീ. ബി. ഡി. ദേവസ്സി ....430

2. കൊച്ചി മെട്രോ അരൂർ വരെ ദീർഘിപ്പിക്കൽ

- ശ്രീ. എ.എം. ആരിഫ് ....431

3. തുരങ്കപാത നിർമ്മാണം

- ശ്രീ. ജോർജ് എം. തോമസ് ....432

*പേജ്*

**VII മേശപ്പുറത്തുവച്ച കടലാസുകൾ** ....433

**VIII റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ...437

**IX നിയമനിർമ്മാണകാര്യം**

(i) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ...437

(ii) 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ ...438

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 7, തിങ്കൾ*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2017 ആഗസ്റ്റ് മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ സംസ്ഥാനത്തെ ബി.ജെ.പി.-സി.പി.എം. പ്രവർത്തകർ തമ്മിലുണ്ടായ രാഷ്ട്രീയ അക്രമങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തെത്തുടർന്ന് നിശബ്ദരായി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

<u>മി. സ്പീക്കർ</u>: ഓർഡർ......ഓർഡർ.......... ചോദ്യം നമ്പർ (*1) -ന്റെ കൂടെ (*7) ക്ലബ് ചെയ്യുന്നതിന് ശ്രീ. ഇ. പി. ജയരാജൻ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ് ചെയ്യാൻ അനുവദിക്കുകയാണ്. രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് ഉത്തരം പറയാവുന്നതാണ്.

#### മെഡിക്കൽ കോളേജുകളുടെ അംഗീകാരത്തിന് കോഴ

1 (*1) <u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. എം. ഉമ്മർ</u>:
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിക്കായി കോഴ നൽകിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

**സ്വകാര്യ മെഡിക്കൽ കോളേജ് അംഗീകാരത്തിന് കോഴ വാങ്ങിയതായുള്ള ആക്ഷേപം**

2 (*7) ശ്രീ. വി. ജോയി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. എൻ. വിജയൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അനധികൃത മാർഗ്ഗത്തിലൂടെ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര ഭരണകക്ഷിയിലെ പ്രമുഖർ വൻതോതിൽ കോഴ വാങ്ങിയതായുള്ള ആക്ഷേപം സംബന്ധിച്ച് സമഗ്രാന്വേഷണം നടത്താൻ വിജിലൻസിന് നിർദ്ദേശം നൽകുമോ;

(ബി) ഈ കോഴ ഇടപാടിൽ ഹവാല മാർഗ്ഗം ഉപയോഗിച്ചിട്ടുണ്ടെന്ന് ആ പാർട്ടി തന്നെ വ്യക്തമാക്കിയിട്ടുള്ളതിനാൽ രാജ്യത്തിന്റെ സാമ്പത്തിക അസ്ഥിരത ലക്ഷ്യമാക്കിയുള്ള നടപടിക്ക് യു.എ.പി.എ. നിയമപ്രകാരം കേസെടുത്ത് എൻ.ഐ.എ.-യ്ക്ക് കൈമാറാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) തിരുവനന്തപുരം ജില്ലയിൽ വർക്കല എസ്. ആർ. എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരത്തിനായി ശ്രീ. ആർ. എസ്. വിനോദിനും മറ്റും കൈക്കൂലി നൽകിയതും ഇതുമായി ബന്ധപ്പെട്ട ഹവാല ഇടപാടുകളും സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു.

ഡോ. എം. കെ. മുനീറിനുവേണ്ടി ശ്രീ. പാറക്കൽ അബ്ദുല്ല: സർ, അനുമതി വാങ്ങി നൽകാമെന്ന് വാഗ്ദാനം നൽകി ബി.ജെ.പി. നേതാക്കളും ഇടനിലക്കാരും ചേർന്ന് കോടിക്കണക്കിന് രൂപ കോഴപ്പണമായി കൈപ്പറ്റി എന്ന വാർത്ത സമീപകാലത്ത് സംസ്ഥാനത്തൊട്ടാകെ സജീവമായി ചർച്ചചെയ്യപ്പെടുകയാണ്. വർക്കല എസ്. ആർ. എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ശ്രീ. ആർ. ഷാജിയിൽനിന്നും ഈ വിധം 17 കോടി രൂപ ആവശ്യപ്പെട്ടെന്നും അതിൽനിന്നും 5 കോടി 60 ലക്ഷം രൂപ കൈപ്പറ്റിയെന്നും പ്രസ്തുത തുക ഹവാല പണമിടപാട് വഴി ഡൽഹിയിൽ അയച്ചുകൊടുത്തെന്നുമാണ് ബി.ജെ.പി. നേതാക്കൾതന്നെ പാർട്ടി തലത്തിൽ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. അതീവഗുരുതര സ്വഭാവമുള്ള അഴിമതിക്കഥയാണ് പുറത്തുവന്നിരിക്കുന്നത്. ഡോക്ടർമാരെ വാർത്തെടുക്കുന്ന മെഡിക്കൽ കോളേജുകളുടെ ഗുണനിലവാരം പരിശോധിച്ച് അംഗീകാരം നൽകുന്ന ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പോലുള്ള ഒരു ഉന്നത സ്ഥാപനത്തെ കോഴപ്പണം നൽകി സ്വാധീനിക്കുക എന്നത് കേവലം ഒരു അഴിമതി മാത്രമായല്ല കടുത്ത രാജ്യദ്രോഹക്കുറ്റമായി കാണണം. പണം നേരിട്ട് കൈപ്പറ്റിയതായി തുറന്നുപറയുന്ന വിനോദിനെ കൂടാതെ ഇടനിലക്കാരായ ശ്രീ. സതീഷ് നായർ, ഒരു എം.പി.-യുടെ പി.എ. എന്നിവർ ഉൾപ്പെട്ട ഈ സംഘത്തിന്റെ ....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്......അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ.... അതിൽ ശക്തമായ വേരുകളുണ്ട് എന്നത് പ്രാഥമികാന്വേഷണത്തിൽത്തന്നെ വ്യക്തമാണ്. ഈ സാഹചര്യത്തിൽ ഇപ്പോൾ നടക്കുന്ന വിജിലൻസ് അന്വേഷണം കൊണ്ടുമാത്രം രാജ്യാന്തര ബന്ധമുള്ള ഈ അഴിമതിക്കേസ്സിലെ മുഴുവൻ കണ്ണികളെയും കണ്ടെത്താനാകില്ല. ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ എന്നതാണ് ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ഉയർന്നുവന്ന ആരോപണത്തിന്റെ വിശദാംശങ്ങളെല്ലാം അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട അന്വേഷണമാണ് നടക്കുന്നത്. ആ അന്വേഷണത്തിന്റെ തുടർ പ്രക്രിയയായി പലതും വേണ്ടതുണ്ടോ എന്ന് അന്വേഷണ ഘട്ടത്തിൽ തീരുമാനിക്കാം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇത് സി.ബി.ഐ. അന്വേഷണം വളരെ അത്യാവശ്യമായ ഒരു കേസ്സാണ്. ഇന്ത്യൻ പാർലമെന്റിനെതന്നെ പിടിച്ചുകുലുക്കിയ, പ്രധാനമന്ത്രിതന്നെ ഐ.ബി.-യെക്കൊണ്ട് അന്വേഷിപ്പിച്ച് തെളിവുകളെടുത്ത രാജ്യാന്തരബന്ധമുള്ള ഒരു അഴിമതിക്കേസ് സംസ്ഥാന സർക്കാർ ഏജൻസിയെ ക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള തീരുമാനം പ്രതികൾ രക്ഷപ്പെടാൻ സർക്കാർ വഴിവയ്ക്കുന്നതിന് തുല്യമാണ്. അതിനാൽ അതുസംബന്ധിച്ച് പുനഃപരിശോധിക്കണ മെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: എന്താണ് ചോദ്യം ?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം വേണം എന്നുള്ളതാണ് ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹത്തിന് കേരളത്തിലെ വിജിലൻസിൽ അവിശ്വാസവും കേന്ദ്രത്തിന്റെ സി.ബി.ഐ.യിൽ വിശ്വാസവും ഉണ്ട്. അങ്ങനെയൊരു നില വേണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇക്കാര്യത്തിൽ അന്വേഷണം നടക്കട്ടെ. അന്വേഷണത്തിന്റെ ഭാഗമായി മറ്റെന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെങ്കിൽ സ്വീകരിക്കാം.

ശ്രീ. എം. ഉമ്മർ: സർ, വിജിലൻസിനെയും പോലീസിനെയും സംബന്ധിച്ചുള്ള വിശ്വാസ്യതയല്ല, നടപടി ഉണ്ടാകണം എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. സുപ്രീംകോടതിയാണ് ലോധ കമ്മീഷനെ നിയോഗിച്ചത്. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കുന്നതിലുണ്ടാകാവുന്ന അഴിമതി തടയുന്നതിനുവേണ്ടി സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ ആദ്യം ലോധ കമ്മീഷനെയും പിന്നീട് പോൾ കമ്മീഷനെയും നിയോഗിക്കുകയുണ്ടായി. ഈ കമ്മീഷനുകൾ പ്രവർത്തിക്കാത്ത ഇടവേളകളിൽ സൂത്രത്തിൽ അംഗീകാരം നേടിയെടുക്കുന്നതിനുവേണ്ടി വളരെ ബോധപൂർവ്വമായി പല ഉന്നതന്മാരുടെയും ഒത്താശയോടുകൂടി നടത്തിയ, പാർലമെന്റിനെപ്പോലും ഞെട്ടിപ്പിക്കുകയും അവിടെ വലിയ രീതിയിൽ ബഹളമുണ്ടാകുകയും ചെയ്ത ഈ സംഭവം പ്രധാനമായും കേരളത്തിലാണ് നടന്നത്. ഇങ്ങനെയൊരു സംഭവം കേരളത്തിൽ ഉണ്ടായിട്ടും എന്തുകൊണ്ട് സർക്കാർ ഉണർന്ന് പ്രവർത്തിക്കുന്നില്ലെന്നും പ്രതികളെ എന്ന് അറസ്റ്റ് ചെയ്യാൻ സാധിക്കുമെന്നുമാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉയർന്ന ഘട്ടത്തിൽത്തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും അന്വേഷണം നടന്നുവരികയുമാണ്. അന്വേഷണത്തിന്റെ ഓരോ വിശദാംശവും വെളിപ്പെടുത്താൻ കഴിയുന്നതല്ല. ഗൗരവമായ അന്വേഷണം നടക്കുന്നുണ്ട്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മെഡിക്കൽ കോളേജുകൾക്ക് അനുമതി ലഭിക്കുന്നതിനുവേണ്ടി ബി.ജെ.പി. നേതാക്കൾ കോടികൾ കോഴ വാങ്ങിയത് മാത്രമല്ല ഇവിടത്തെ പ്രശ്നം. ബി.ജെ.പി. യുവസംഘടനയുടെ പ്രാദേശിക നേതാക്കളായ സഹോദരങ്ങൾ കള്ളനോട്ടടി യന്ത്രം വീട്ടിൽ സ്ഥാപിച്ച് പുതിയ 2,000 രൂപയുടേതടക്കമുള്ള കള്ളനോട്ടുകൾ വ്യാപകമായി അച്ചടിച്ച് വിതരണം ചെയ്തത് പോലീസ് കണ്ടെത്തിയത് ജൂൺ 22-ാം തീയതിയാണ്. ബാങ്ക് ജോലിക്കുള്ള പരീക്ഷയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്താൻ ഇതേ പാർട്ടിയുടെ മലപ്പുറം ജില്ലാനേതാവ് 10 ലക്ഷം രൂപ കോഴ കൈപ്പറ്റിയതായും വാർത്തയുണ്ട്. അധികാരം നേടാൻ

ജാതിയുടെയും മതത്തിന്റെയും പേരിൽ ജനങ്ങളെ പരസ്പരം ഭിന്നിപ്പിക്കുകയും കൊല്ലിക്കുകയും ചെയ്യുന്ന പാർട്ടി അധികാരം ഉപയോഗിച്ച് ചെയ്തുകൊണ്ടിരിക്കുന്ന കൊടിയ നെറികേടിന്റെ വശമാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്നാണ് അറിയേണ്ടത്. ബി.ജെ.പി. നേതാക്കൾ ഈ അഴിമതിപ്പണം എന്തുചെയ്യുന്നു എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. നമ്മുടെ നാടിനെ നശിപ്പിക്കുന്നതിനുവേണ്ടിയാണ് അവർ ഇതുപയോഗിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട വിഷയം, കാസർഗോഡ് ജില്ലയിൽ വർഗ്ഗീയ കൊലപാതകങ്ങൾ നടക്കുകയുണ്ടായി. അവിടെ കൊല നടത്തിയ പ്രതികൾ സാമ്പത്തിക ശേഷിയില്ലാത്ത, വീടില്ലാത്ത, ഭക്ഷണം കഴിക്കാൻപോലും വകയില്ലാത്തവരാണ്. പ്രതികളായശേഷം അവർക്കുവേണ്ടി കോടതികളിൽ കേസ് വാദിക്കാൻ വരുന്നത് ലക്ഷക്കണക്കിന് രൂപയുടെ ഫീസ് വാങ്ങുന്ന അഭിഭാഷകരാണ്. അവർക്ക് ഈ പണം എവിടെനിന്നും കിട്ടി? മാത്രമല്ല, ഈ പ്രതികൾ ജയിലിൽനിന്നും പുറത്തിറങ്ങിയശേഷം ആഡംബര ജീവിതം നയിക്കുന്നു. അവർക്ക് ഈ പണം എവിടെനിന്നും കിട്ടി? ബി.ജെ.പി.-യുടെ അഴിമതി പുറത്തുവന്ന ഈ പശ്ചാത്തലത്തിൽ കാസർഗോഡ് ജില്ലയിൽ മുൻകാലങ്ങളിലുണ്ടായ കൊലപാതകങ്ങൾ, അവയിലെ പ്രതികൾ, ആ പ്രതികൾക്ക് ആര് പണം നൽകി തുടങ്ങിയവയെക്കുറിച്ച് സർക്കാർ ഒരു അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, രണ്ടുമൂന്ന് കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പൊതുവായ വികാരത്തോട് യോജിക്കുന്നു. ഇവിടെ കള്ളനോട്ടടിയുടെ പ്രശ്നം ഉണ്ടായപ്പോൾ ചിലർ അതിനെ ന്യായീകരിക്കുന്നതായും കാണാൻ കഴിയും. നോട്ട് ക്ഷാമമുണ്ടായപ്പോൾ സഹായിക്കാനല്ലേ ചെയ്തത് എന്ന് ഒരു നേതാവ് പറയുന്ന സ്ഥിതിവരെയുണ്ടായി. കുറ്റകൃത്യത്തെ അതിന്റെ ഗൗരവത്തോടെ കാണുന്ന നിലപാടല്ല ബന്ധപ്പെട്ട നേതൃത്വം സ്വീകരിച്ചത് എന്നാണ് കാണാൻ കഴിയുന്നത്. മറ്റ് കാര്യങ്ങളും സംഭവിച്ചിട്ടുണ്ട്. ഇവിടെ അക്രമസംഭവങ്ങളിൽപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് അക്രമസംഭവങ്ങൾക്ക് നേതൃത്വം നൽകുന്നവർ നടപടികൾ സ്വീകരിച്ചുവെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഇത്തരം കാര്യങ്ങളിൽ അക്രമസംഭവങ്ങൾ ഒഴിവാക്കുക എന്നതിനാണ് നാം മുൻതൂക്കം നൽകുന്നത്. അക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രതയാണ് പാലിച്ചുപോരുന്നത്. കേരളത്തിൽ ബി.ജെ.പി. പ്രവർത്തകർ അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യാപകമായി നടത്തുന്നുവെന്ന നിലയിലാണ് കാര്യങ്ങൾ ഉയർന്നുവന്നത്. ഇത് ബി.ജെ.പി.-യുടെ യഥാർത്ഥ മുഖം വ്യക്തമാക്കുന്ന അവസ്ഥ ഉണ്ടാക്കിയിരിക്കുന്നു. അതിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാൻ ബി.ജെ.പി. പലവിധ പ്രവർത്തനങ്ങളും നടത്തുന്നുവെന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബി.ജെ.പി.-യുടെ ഞെട്ടിക്കുന്ന അഴിമതിക്കഥകൾ പുറത്തുവന്ന സന്ദർഭത്തിലാണ് അത് കൂടുതൽ ചർച്ച ചെയ്യപ്പെടാതിരിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് വളരെ ബോധ പൂർവ്വമായി ചില അക്രമസംഭവങ്ങളുണ്ടാക്കിയത്. കേരളത്തിൽ ഭരണപക്ഷത്തോ പ്രതിപക്ഷത്തോ എന്നുപറയാൻ കഴിയാത്ത, സാന്നിദ്ധ്യമൊന്നും തെളിയിക്കാത്ത ബി.ജെ.പി. കേന്ദ്ര ഭരണത്തിന്റെ മറവിൽ നടത്തിയ മെഡിക്കൽ കോളേജ് കോഴ, ജോലി തട്ടിപ്പ്, ഗുണ്ടാപിരിവ് തുടങ്ങിയ വ്യാപക അഴിമതിക്കഥകൾ ഓരോന്നായി പുറത്തുവരുമ്പോഴാണ് തിരുവനന്തപുരം ജില്ലയിൽ അക്രമസംഭവങ്ങൾ നടന്നതും പല ഭാഗങ്ങളിലും ആ ചെറിയ സംഭവത്തെ ഹർത്താലായും മറ്റും പർവ്വതീകരിച്ചുകാണിച്ചതും. ഇന്നലെ കേന്ദ്രമന്ത്രിമാർ വന്നു. ബി.ജെ.പി. ഇങ്ങനെ പ്രതിരോധത്തിൽ നിൽക്കുന്ന സന്ദർഭത്തിൽ ഇതൊക്കെ സംഭവിക്കുമെന്ന് മുൻകൂട്ടി കാണുന്നതിൽ പോലീസ് സംവിധാനത്തിന് വീഴ്ച പറ്റിയോ; അല്ലെങ്കിൽ അത് തടയുന്നതിന് എന്തെങ്കിലും പ്രശ്നങ്ങളുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചോ എന്ന കാര്യം അറിയാൻ താല്പര്യമുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ബഹുമാന്യനായ അംഗം സൂചിപ്പിച്ച ആദ്യഭാഗം ശരിയാണ്. ബി.ജെ.പി.-ക്കെതിരെ ഉയർന്നുവന്ന ആക്ഷേപങ്ങൾ വൻതോതിൽ ബഹുജനശ്രദ്ധ നേടുകയുണ്ടായി. ആ ബഹുജനശ്രദ്ധ തിരിച്ചു വിടുന്നതിന് ചില തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിക്കാനിടയുണ്ടെന്ന് ഇന്റലിജൻസ് റിപ്പോർട്ട് ചെയ്തിരുന്നതാണ്. ഇന്റലിജൻസ് അതുമായി ബന്ധപ്പെട്ട ചില കരുതൽ നടപടികളും സ്വീകരിച്ചിരുന്നു. അത്തരത്തിലുള്ള നടപടികൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ജാഗ്രതയും പാലിച്ചുപോരുന്നു.

ശ്രീ. വി. ജോയി: സർ, കേന്ദ്രഭരണം ഉപയോഗിച്ചാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ബന്ധപ്പെട്ട ആളുകൾ കോടികൾ കോഴ വാങ്ങി മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നൽകുന്നത്. ഇന്ത്യൻ പ്രധാനമന്ത്രിയുടെ പടത്തിനോടൊപ്പം ഇതിൽ പ്രതിയായി നിൽക്കുന്ന ഒരാളിന്റെ പടം വന്നിട്ടുണ്ട്; ഒരു എം.പി.-യുടെ സ്റ്റാഫ് ഇതിൽ ഉൾപ്പെട്ടതായി വാർത്തകൾ വന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ കൂടി അന്വേഷണ പരിധിയിൽ വരുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്വേഷിക്കുകയാണ്. ഇതിൽ നാം കാണേണ്ട ഒരു കാര്യം, ബന്ധപ്പെട്ട പാർട്ടി നിയോഗിച്ച അന്വേഷണകമ്മീഷൻ റിപ്പോർട്ടുവരെ പുറത്തുവന്നിട്ടുണ്ട്. അതിൽ പരാമർശിക്കുന്ന കാര്യങ്ങളുമുണ്ട്. അത്തരം കാര്യങ്ങളെല്ലാം വച്ചുകൊണ്ടുള്ള ഒരു അന്വേഷണമാണ് നടക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, വർക്കല എസ്.ആർ. എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാൻ ഏതാണ്ട് 17 കോടി രൂപയുടെ കരാർ ഉറപ്പിച്ചു. അതിലാണ് അഞ്ച്കോടി അറുപതുലക്ഷം രൂപ ആദ്യ ഗഡു എന്ന നിലയിൽ ബി.ജെ.പി.യുടെ കേന്ദ്ര/സംസ്ഥാന നേതാക്കൾ ഉൾപ്പെടെയുള്ളവർ കോഴ വാങ്ങിയതായി വെളിച്ചത്ത് വന്നിട്ടുള്ളത്. ബി.ജെ.പി.-യുടെ കേന്ദ്ര/സംസ്ഥാന നേതാക്കൾ ഉൾപ്പെടുന്ന ഒരു കേസ്സാണിത്. ഇത് ആദ്യത്തെ സംഭവമല്ല. കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ കേരളത്തിലെ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭിക്കാൻവേണ്ടി പല കോളേജുകളിൽനിന്നും, ന്യായമായും മെഡിക്കൽ കൗൺസിൽ പരിശോധിച്ചാൽ അംഗീകാരം ലഭിക്കുന്ന കോളേജ് മാനേജ്മെന്റിനെപ്പോലും സമീപിച്ച് അവരിൽനിന്നും വൻതോതിൽ കോഴവാങ്ങുന്ന സമ്പ്രദായം തുടർന്നുവരികയാണ്. അതിൽ ഒരു സംഭവമാണ് ഇപ്പോൾ വെളിച്ചത്തു വന്നിരിക്കുന്നത്. ഇത് ഒരു കോളേജിൽ മാത്രമല്ല, മറ്റു പല കോളേജുകളിലും ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ഗവൺമെന്റിന് സാധിക്കുമോ; ഏത് തരത്തിലുള്ള സംവിധാനം ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. എസ്.ആർ. കോളേജിൽനിന്നും പണം വാങ്ങുന്നതിന് വേറൊരു കോളേജിന് അനുമതി നൽകിയ കാര്യമാണ് ചൂണ്ടിക്കാണിച്ചത് എന്ന വിവരവും പുറത്തുവന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരു ബി.ജെ.പി. നേതാവിന്റെ പേരും പറയുകയുണ്ടായി. അദ്ദേഹം മുഖേനയാണ് അനുമതി വാങ്ങിയത്. എസ്.ആർ. കോളേജുമായി ബന്ധപ്പെട്ട് പണം സ്വീകരിച്ച ആൾ തന്നെ ഒരു ഭാഗം പണം കയ്യിൽ കിട്ടി എന്ന് സമ്മതിച്ചിട്ടുണ്ട്. അതീവ ഗൗരവമായ അഴിമതിയാണ് ഇക്കാര്യത്തിൽ നടന്നിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ ഗൗരവമായി നടക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, പ്രധാനപ്പെട്ട രണ്ട് വിഷയങ്ങൾ ഉൾച്ചേർന്നിട്ടുള്ള ഒരു കാര്യമാണ് നമ്മുടെ മുമ്പിലുള്ളത്. ഒന്ന്, സ്വകാര്യ മെഡിക്കൽ കോളേജിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ കോഴ വാങ്ങി എന്നുള്ളതാണ്. സമീപകാലത്ത് കേരളത്തിൽ അംഗീകാരം നേടിയ മറ്റ് സ്വകാര്യ മെഡിക്കൽ കോളേജുകളുടെയും അംഗീകാരത്തിന്റെ പിന്നിൽ ഇത്തരത്തിലുള്ള കോഴ ഇടപാട് നടന്നിട്ടുണ്ടോ എന്നുള്ളത് നമ്മുടെ മുമ്പിലുള്ള ഒരു ചോദ്യമാണ്. ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ അനുസരിച്ചാണെങ്കിൽ സ്വകാര്യ മെഡിക്കൽ കോളേജുകളുടെ അംഗീകാരത്തിന്റെ വിഷയത്തിൽ മാത്രമല്ല,

ഇവിടെ പരമാർശിക്കപ്പെട്ടതുപോലെ കള്ളനോട്ടടിച്ചതിനും ബി.ജെ.പി.യുടെ സംസ്ഥാന സെക്രട്ടറി എറണാകുളം കേന്ദ്രീകരിച്ച് അഴിമതി നടത്തിയതിനും ബാങ്ക് തട്ടിപ്പിനുമെല്ലാം നേതൃത്വം കൊടുക്കുന്നത് ബി.ജെ.പി.യുടെ അറിയപ്പെടുന്ന തലമുതിർന്ന നേതാക്കന്മാരാണെന്ന് പകൽപോലെ വ്യക്തമായിരിക്കുന്നു. ആ നേതാക്കന്മാർക്ക് സമീപകാലത്തുണ്ടായ സാമ്പത്തിക വളർച്ചയും സമ്പാദ്യവും അത്ഭുതപ്പെടുത്തുന്നതാണ്. അതിൽ സ്ത്രീ പുരുഷഭേദമില്ലതാനും. സമീപകാലത്തായി ബി.ജെ.പി.-യുടെ സംസ്ഥാന നേതാക്കന്മാർക്കുണ്ടായ അവിശ്വസനീയമായ സാമ്പത്തിക വളർച്ചയെ സംബന്ധിച്ചും ഈ ചോദ്യത്തിനാധാരമായ സ്വകാര്യ മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിന് കോഴ വാങ്ങിയതുമായി ബന്ധപ്പെട്ടും മുൻകാലങ്ങളിൽ അംഗീകാരം കിട്ടിയ കോളേജുകൾക്കും ഇങ്ങനെ കോഴ കൊടുക്കേണ്ടി വന്നിട്ടുണ്ടോ എന്നതിനെക്കുറിച്ചും അന്വേഷിക്കുന്നതിന് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണ്. ആ അന്വേഷണ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളെല്ലാം സ്വീകരിക്കും.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, മെഡിക്കൽ കോളേജ് അഴിമതി പോലെതന്നെ കേരളത്തിലൊട്ടാകെ പ്രാദേശികതലം മുതൽ സംസ്ഥാനതലം വരെയുള്ള ബി.ജെ.പി. നേതാക്കന്മാരും പ്രവർത്തകരും ഭീഷണിപ്പെടുത്തുകയും അഴിമതി നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലമായ ചവറയിൽ ഒരു ജില്ലാനേതാവ് ഒരു വ്യാപാരിയെ ഭീഷണിപ്പെടുത്തി അദ്ദേഹത്തിന്റെ കയ്യിൽനിന്ന് അയ്യായിരം രൂപ സ്വന്തമായി എഴുതിയെടുത്തു. മൂവായിരം രൂപ കൊടുക്കാമെന്ന് വ്യാപാരി പറഞ്ഞെങ്കിലും അയ്യായിരം രൂപ തന്നെ വേണം അല്ലെങ്കിൽ കൊല്ലും എന്നുവരെ ഭീഷണിപ്പെടുത്തി. എല്ലാ രംഗത്തും വ്യാപക അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും നടക്കുകയാണ്. ഇതിനെതിരായി ഒരു നിഷ്പക്ഷമായ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാണോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ പറയുന്നവരെ സംബന്ധിച്ച് അയ്യായിരം രൂപ എന്നത് വളരെ ചെറിയ ഒരു തുകയാണെന്നാണ് തോന്നുന്നത്. ഏതായാലും ഭീഷണിപ്പെടുത്തി എത്ര പൈസ വാങ്ങിയാലും തെറ്റാണ്. അതുസംബന്ധിച്ച് പരാതി നൽകിയാൽ ആവശ്യമായ പരിശോധനയും നടപടിയും ഉണ്ടാകും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മെഡിക്കൽ കോളേജ് കോഴ വിവാദവുമായി ബന്ധപ്പെട്ട് പുറത്തുവന്ന കാര്യങ്ങൾ, it is a tip of an iceberg; മഞ്ഞുമലയുടെ അറ്റം മാത്രമാണ്. ആയിരം കോടി രൂപയുടെ അഴിമതിയാണ് ഇതുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ നടന്നിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം എം. ഉമ്മർ ചൂണ്ടിക്കാണിച്ചതുപോലെ, മേയ് 15-ന് ലോധ കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞു. സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് ലോധ, ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അഴിമതി തടയാൻവേണ്ടി നിയോഗിച്ച കമ്മിറ്റിയാണ്. ആ കമ്മിറ്റിയുടെ കാലാവധിവരെ ജനുവരി-ഫെബ്രുവരി മാസങ്ങളിൽ നടത്തിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് പൂഴ്ത്തിവച്ചു. അതിനുശേഷം പുതിയ പോൾ കമ്മിറ്റി വരുന്നതിനിടയിലുള്ള സമയത്താണ് ഈ എഴുപതിലധികം കോളേജുകൾക്ക് ഒറ്റയടിക്ക് കേന്ദ്രഗവൺമെന്റിന്റെ ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റ് അനുമതി കൊടുത്തത്. ഇവിടെ വ്യാപകമായ അഴിമതിയാണുള്ളത്. ശ്രീ. അമിത് ഷായുടെ സ്വത്ത് അഞ്ച് വർഷംകൊണ്ട് 300 ശതമാനം വർദ്ധിച്ചുവെന്നാണ് അദ്ദേഹം കൊടുത്ത അഫിഡവിറ്റിൽ ചൂണ്ടി ക്കാണിക്കുന്നത്; അതാണ് മാധ്യമങ്ങളിലൂടെ പുറത്തുവന്നത്. കേന്ദ്രഭരണത്തിന്റെ തണലിൽ ബി.ജെ.പി. പണം വാരിക്കൂട്ടുന്നു, വമ്പിച്ച അഴിമതി നടത്തുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കേരളത്തിൽ പാർട്ടി നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്, നടക്കട്ടെ. എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്, അന്വേഷണം കഴിഞ്ഞാൽ ഇതിൽ ഹവാല ഇടപാടുകളുണ്ട്, അന്തർ സംസ്ഥാന ബന്ധങ്ങളുള്ള കേസ്സാണെന്ന് തെളിഞ്ഞാൽ, ഇത് ഒരു സി.ബി.ഐ. അന്വേഷണത്തിന് വിടാൻ ഗവൺമെന്റ് തയ്യാറായാൽ....... സി.ബി.ഐ.-യുടെ വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും പ്രശ്നമല്ല, കേന്ദ്രഗവൺമെന്റ് ഉൾപ്പെടെയുള്ളവർ നടത്തിയിട്ടുള്ള അഴിമതികൾ പുറത്തു കൊണ്ടുവരാനുള്ള ഒരു മാർഗ്ഗമായി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതെല്ലാം നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഗൗരവമുള്ള കാര്യങ്ങൾ തന്നെയാണ്. ഇതിൽ നമുക്ക് ചെയ്യാൻ കഴിയുന്നത് ഉയർന്നുവന്ന പരാതി സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുക എന്നതാണ്. അന്വേഷണത്തിന്റെ ഭാഗമായി തുടർനടപടികൾ എങ്ങനെ വേണമെന്നത് ആ ഘട്ടത്തിൽ തീരുമാനിക്കാം. ദേശീയ ഏജൻസിയുടെ വിശദമായ അന്വേഷണം വേണ്ട ഘട്ടത്തിൽ അതിനുള്ള നടപടികളും ആലോചിക്കാവുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ചവറയിലെ വ്യാപാരിയോട് 5,000 രൂപ ചോദിച്ച വിഷയം എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് പറയുകയുണ്ടായി. അക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ആ മെമ്പറെ പുറത്താക്കിയെന്ന വിവരം അറിയാമോ?

ശ്രീ. പിണറായി വിജയൻ: സർ, ആ വിവരം എനിക്കറിയില്ല. ഇത്തരത്തിലുള്ള ചില നടപടികൾ ഉണ്ടാകുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സമ്മതിച്ചിട്ടുള്ളത്. അക്കാര്യത്തിൽ ജാഗ്രത പാലിക്കേണ്ട അവസ്ഥയാണ് പൊതുവെ ഉണ്ടായിട്ടുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിൽ ബി.ജെ.പി. നടത്തിക്കൊണ്ടിരിക്കുന്ന അഴിമതിയുടെ ഒരറ്റം മാത്രമാണ് പുറത്തുവന്നിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ചില രാജ്യസഭാംഗങ്ങളുടെ പേരുകൂടി ഇതുമായി ബന്ധപ്പെട്ട് കേൾക്കുന്നുണ്ട്. അതുസംബന്ധിച്ച് സജീവാന്വേഷണം നടത്തുമോ; ഇത്തരം സാമ്പത്തിക സ്രോതസ്സുപയോഗിച്ചാണ് ബി.ജെ.പി. അക്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതുസംബന്ധിച്ചും സമഗ്രാന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയത്തിൽ ആരൊക്കെ ഉൾപ്പെട്ടിട്ടുണ്ടോ അതെല്ലാം അന്വേഷണത്തിന്റെ ഭാഗമായി പുറത്തുവരും, ആരെയും ഒഴിവാക്കുന്ന പ്രശ്നമില്ല. ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ളവരെല്ലാം അന്വേഷണ പരിധിയിൽ വരുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങളുടെ ചോദ്യങ്ങൾ സൂചിപ്പിക്കുന്നത് ഇപ്പോഴത്തെ അന്വേഷണം ഫലപ്രദമാകില്ല എന്നുതന്നെയാണ്. ശ്രീ. ഇ. പി. ജയരാജനുൾപ്പെടെയുള്ള ഭരണകക്ഷി അംഗങ്ങൾ ആവശ്യപ്പെട്ടത് എൻ.ഐ.എ. അന്വേഷണമാണ്. ശ്രീ. എം. സ്വരാജ് ആവശ്യപ്പെട്ടത് എസ്.ഐ. അന്വേഷണമാണ്. കേന്ദ്ര ഭരണകക്ഷിയുടെ സ്വാധീനവും പങ്കാളിത്തവുമുള്ള വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണം കൊണ്ടുമാത്രം പരിഹാരം കാണാൻ സാധിക്കുമോ? അന്വേഷണം നീണ്ടുപോയി പ്രതികൾ രക്ഷപ്പെടുന്ന അവസ്ഥയുണ്ടാകാതെ സമഗ്രാന്വേഷണം നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ നമുക്ക് വ്യക്തതയുണ്ടാകണം. ഒരു പരാതിയുണ്ടായ ഉടൻതന്നെ നാം അന്വേഷിക്കേണ്ട കാര്യങ്ങൾ അന്വേഷിക്കാതെ നമ്മുടെ ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞ് മറ്റേതെങ്കിലും ഏജൻസി അന്വേഷിക്കണം എന്നുപറയുന്നത് ഉചിതമല്ല. നമ്മൾ അന്വേഷണം നടത്തുകയും അതിന്റെ ഭാഗമായി കണ്ടെത്തിയ വസ്തുതകൾ പരിശോധിക്കുമ്പോൾ ഇത് ഞങ്ങൾ മാത്രം അന്വേഷിച്ചാൽ പോരാ, മറ്റ് തരത്തിൽ അന്വേഷിക്കണം എന്നൊരു അവസ്ഥയുണ്ടാകുകയാണെങ്കിൽ ആ ഘട്ടത്തിൽ അത് ആവശ്യപ്പെടാവുന്നതാണ്. ഞാൻ നേരത്തെ ഇതുസംബന്ധിച്ച് വ്യക്തമാക്കിയിരുന്നു.

ശ്രീ. കെ. രാജൻ: സർ, മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ഈ വിവാദം മാത്രമല്ല, നേരത്തെ ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ കേന്ദ്രഭരണത്തിന്റെ നിഴലിൽനിന്നുകൊണ്ട് വളരെ ഭീകരമായ അഴിമതി എല്ലാ മേഖലകളിലും നടന്നുവരികയാണ്. മുമ്പ് കേന്ദ്രത്തിൽ ബി.ജെ.പി. ഭരണകാലത്തുണ്ടായ പെട്രോൾ പമ്പ് വിവാദത്തെക്കാൾ ഭീകരമായി ലോധ കമ്മീഷന്റെ കാലാവധിക്കുശേഷം നടന്ന മെഡിക്കൽ കോളേജുകളുടെ അഴിമതി വളരെ ഗുരുതരമായ ഒരു പ്രശ്നമായി ഗവൺമെന്റ് കണ്ടിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടത് നല്ലതാണ്. എന്നാൽ ഹവാല ഇടപാടുകൾ ഉൾപ്പെടെ കോഴയുമായി ബന്ധപ്പെട്ട് കേവലം സമഗ്രമായ ഒരന്വേഷണത്തിൽ മാത്രം നിൽക്കാതെ, കേന്ദ്ര ഗവൺമെന്റിന്റെ മൂന്ന് വർഷകാലാവധിക്കുള്ളിൽ കേരളവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള എല്ലാ അഴിമതികളും അന്വേഷണത്തിന്റെ ഭാഗമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് വളരെ വിശാലമായ കാര്യമായിപ്പോകും. ഇപ്പോൾ ഉയർന്നുവന്ന പരാതി സംബന്ധിച്ചുള്ള അന്വേഷണം ആദ്യം നടത്താം. അതിന്റെ ഭാഗമായി എന്തെങ്കിലും തുടർനടപടി ആവശ്യമുണ്ടോയെന്നുള്ളത് തീരുമാനിക്കാം.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ മറുപടി പറയുമ്പോൾ അഴിമതിക്കഥയുടെ ശ്രദ്ധ തിരിച്ചുവിടാൻ ഇടയുണ്ടെന്ന് ഇന്റലിജൻസ് റിപ്പോർട്ടുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുകയുണ്ടായി. ഗുരുതരമായൊരു വെളിപ്പെടുത്തലാണ് മുഖ്യമന്ത്രി നടത്തിയിരിക്കുന്നത്. ഈ കാലഘട്ടത്തിൽ കേരളം ശ്രദ്ധിക്കപ്പെട്ട രണ്ട് അഴിമതികളാണ് പുറത്തുവന്നിട്ടുള്ളത്. ഒന്ന്, മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട അഴിമതിയും മറ്റൊന്ന്, കോവളം കൊട്ടാരം കൈമാറ്റ അഴിമതിയുമാണ്. ശ്രദ്ധതിരിച്ചുവിടാൻ വേണ്ടിയാണോ ഈ നടപടിയുണ്ടായതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ മറുപടി പറയേണ്ടത്. ശ്രീ. പി. ടി. തോമസ് അദ്ദേഹത്തിന്റെ ശൈലിയനുസരിച്ച് കാര്യങ്ങൾ പറയാറുണ്ട്. അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. ഇക്കാര്യത്തിൽ ഉത്തരവാദിത്വബോധത്തോടുകൂടിത്തന്നെയാണ് ഞാൻ പറഞ്ഞത്, ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധതിരിച്ചുവിടാൻ ചില ശ്രമങ്ങളുണ്ടാകും, അതിൽ ജാഗ്രത പാലിക്കേണ്ടതുണ്ടെന്ന് വ്യക്തമായിത്തന്നെ റിപ്പോർട്ടുണ്ടായിരുന്നു എന്ന്.

മി. സ്പീക്കർ: ചോദ്യം നമ്പർ *2, ചോദ്യം നമ്പർ *18 എന്നിവ സമാന സ്വഭാവമുള്ളവയായതിനാൽ ക്ലബ് ചെയ്യാവുന്നതാണ്.

## സ്വാശ്രയ മെഡിക്കൽ ഫീസ്

3 (*2) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ്. ഫീസ് പുതുക്കി നിശ്ചയിച്ചുകൊണ്ട് ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ സമിതി ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2017-ലെ 14-ാം നമ്പർ ഓർഡിനൻസിലെ നിബന്ധനകൾക്ക് വിധേയമായിട്ടാണോ ഈ കോഴ്സുകളുടെ ഫീസ് വർദ്ധന ഉത്തരവായത്;

(സി) ഇതിനുമുമ്പ് 2017 ജൂൺ 26, 27 തീയതികളിൽ സമിതി സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ്. ഫീസ് നിർണ്ണയിച്ച് ഉത്തരവായിരുന്നോ; അന്ന് നിശ്ചയിച്ച ഫീസ് നിരക്ക് എത്രയായിരുന്നു;

(ഡി) ക്രൈസ്തവ മാനേജ്മെന്റുകൾക്ക് കീഴിലുള്ള നാല് കോളേജുകളുടെ ഫീസ് നിരക്ക് സംബന്ധിച്ച് 2015-ൽ സർക്കാരുമായി ഒപ്പുവച്ച എഗ്രിമെന്റ് പ്രകാരം പ്രസ്തുത കോളേജുകളിൽ ഈ വർഷം എം.ബി.ബി.എസ്.-ന് ഈടാക്കുന്ന ഫീസ് എത്രയായിരുന്നു;

(ഇ) പ്രസ്തുത എഗ്രിമെന്റിൽ സമ്മതിച്ച ഫീസിന് മുകളിലുള്ള ഫീസ് പ്രസ്തുത നാല് കോളേജുകൾക്ക് ഇപ്പോൾ അനുവദിച്ചുനൽകിയതിന്റെ പ്രത്യേക സാഹചര്യ മെന്തായിരുന്നു;

(എഫ്) 2017 ജൂൺ 27-ന് നിശ്ചയിച്ച ഫീസ് നിരക്കിനേക്കാൾ ഉയർന്ന ഫീസ് സ്വാശ്രയ ബി.ഡി.എസ്. കോഴ്സുകൾക്ക് 2017 ജൂലൈ 13-ാം തീയതിയിലെ ഉത്തരവിലൂടെ രാജേന്ദ്രബാബു കമ്മിറ്റി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ഉണ്ട്. ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ സമിതി നിശ്ചയിച്ച താൽക്കാലിക ഫീസ് ചുവടെ ചേർക്കുന്നു.

ബി.ഡി.എസ്. (85 % സീറ്റുകൾ) - 2.9 ലക്ഷം രൂപ

ബി.ഡി.എസ്. (15 % NRI സീറ്റുകൾ) - 6 ലക്ഷം വരെ

എം.ബി.ബി.എസ്. (85 % സീറ്റുകൾ) - 5 ലക്ഷം

എം.ബി.ബി.എസ്. (15 % NRI സീറ്റുകൾ) - 20 ലക്ഷം

(ബി) 2017-ലെ 14-ാം നമ്പർ ഓർഡിനൻസിലെ നിബന്ധനകൾക്ക് വിധേയമായാണ് താൽക്കാലിക ഫീസ് നിശ്ചയിച്ചിരിക്കുന്നത്.

(സി) ഉത്തരവായിരുന്നു.

ബി.ഡി.എസ്. (85 % സീറ്റുകൾ) - 2.5 ലക്ഷം

ബി.ഡി.എസ്. (15 % NRI സീറ്റുകൾ) - 6 ലക്ഷം വരെ

എം.ബി.ബി.എസ്. (85 % സീറ്റുകൾ) - 5.5 ലക്ഷം

എം.ബി.ബി.എസ്. (15 % NRI സീറ്റുകൾ) - 20 ലക്ഷം

(ഡി) ക്രൈസ്തവ മാനേജ്മെന്റുകൾക്ക് കീഴിലുള്ള നാല് കോളേജുകളുടെ ഫീസ് നിരക്ക് സംബന്ധിച്ച് 2015-ൽ സർക്കാരുമായി ഒപ്പുവച്ച കരാർ പ്രകാരം എം.ബി.ബി.എസ്.-ന് 4,85,000 രൂപയും എൻ.ആർ.ഐ. സീറ്റുകൾക്ക് 13,00,000 രൂപയുമാണ് നിശ്ചയിച്ചിരുന്നത്.

(ഇ) എൻ.ആർ.ഐ. ഉൾപ്പെടെയുള്ള എല്ലാ സീറ്റുകളിലും കോമൺ കൗൺസലിംഗ് നടത്തുന്നത് പ്രവേശന പരീക്ഷാ കമ്മീഷണർ ആയതിനാൽ മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ നടത്താനുള്ള അവകാശം മാനേജ്മെന്റുകൾക്ക് നഷ്ടപ്പെട്ട സാഹചര്യത്തിൽ മുൻകരാറിന്റെ സാധുത ഇല്ലാതായി. പ്രവേശന ഫീസ് നിയന്ത്രണ സമിതി 5 ലക്ഷം രൂപ താൽക്കാലിക ഫീസ് നിശ്ചയിച്ചതിനെതിരെ ക്രൈസ്തവ മാനേജ്മെന്റുകൾ സമർപ്പിച്ച ഹർജിയിൽ അവരുടെ ഭാഗംകൂടി കേട്ട് തീരുമാനം കൈക്കൊള്ളാൻ പ്രസ്തുത സമിതിക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്. മുൻകാല കരാറുകൾ പരിശോധിച്ചും സ്വാശ്രയ ദന്തൽ കോളേജുകളുടെ ട്യൂഷൻ ഫീസിനത്തിലുള്ള വരുമാനം പരിശോധിച്ചുമാണ് ബി.ഡി.എസ്. കോഴ്സിനുള്ള 85% സീറ്റുകളിലെ ഒരു വർഷത്തെ ശരാശരി ഫീസ് 2.9 ലക്ഷം രൂപയായി ഫീ റെഗുലേറ്ററി കമ്മിറ്റി കണക്കാക്കിയിട്ടുള്ളത്.

**സ്വാശ്രയ മെഡിക്കൽ ഫീസ്**

4 (*18) ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട ഫീസ് നിർണ്ണയ കാര്യത്തിൽ സർക്കാർ തലത്തിൽ ഏകോപനം ഉണ്ടായിട്ടില്ല എന്ന് ഹൈക്കോടതി വിമർശനം ഉണ്ടായിട്ടുണ്ടോ?

(ബി) എങ്കിൽ സർക്കാർ തലത്തിൽ ഏകോപനം ഉണ്ടാകാതിരുന്നതിനുള്ള കാരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

(സി) സ്വാശ്രയമേഖലയിൽ അരാജകത്വമുണ്ടാക്കി അതിലൂടെ സ്വാശ്രയ മുതലാളിമാരുടെ താല്പര്യം സംരക്ഷിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചതെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ഡി) ഇതുസംബന്ധിച്ച ഓർഡിനൻസിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി പത്ത് അംഗങ്ങൾക്കുപകരം അഞ്ച് അംഗങ്ങളെ മാത്രം ഉൾക്കൊള്ളിച്ച് അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത നിയമനം ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, ഗസറ്റിൽ പ്രസിദ്ധീകരിക്കാതെ സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തത് ആരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടായെങ്കിൽ സ്വാശ്രയ അലോട്ട്മെന്റ് സംബന്ധിച്ച ഓർഡിനൻസ് കുറെക്കൂടി വേഗത്തിൽ കൊണ്ടുവരാൻ സാധിക്കുമായിരുന്നു എന്നാണ് കോടതിയുടെ പരാമർശം. അങ്ങനെയായിരുന്നെങ്കിൽ പരാതിക്ക് ഇടയുണ്ടാകുമായിരുന്നില്ല എന്നും കോടതി നിരീക്ഷിച്ചു. എന്നാൽ 10-4-2017-ന് ഇറക്കിയ ഓർഡിനൻസ് തുടർന്നുവന്ന നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കാൻ തയ്യാറാക്കിയിരുന്നെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ അസംബ്ലി ദിനങ്ങൾ വെട്ടിച്ചുരുക്കിയതുകൊണ്ട് ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ 1-6-2017-ന് ഓർഡിനൻസ് റീ-പ്രൊമുൽഗേറ്റ് ചെയ്യേണ്ടിവന്നു. എന്നാൽ 8-6-2017-ന് അവിചാരിതമായി

ഒരു ദിവസത്തേയ്ക്ക് മാത്രമായി (ബീഫ് നിരോധനം ചർച്ച ചെയ്യാൻ) സഭ ചേർന്നതിനാൽ 10-7-2017-ന് ഓർഡിനൻസ് റീ-പ്രൊമൂൽഗേറ്റ് ചെയ്യേണ്ടിവന്നു. കോടതിയുടെ പരാമർശത്തിനിടയാക്കിയത് ഈ സാഹചര്യമായിരുന്നു.

(ബി) ഏതെങ്കിലും വിധത്തിലുള്ള ഏകോപനക്കുറവുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അല്ല.

(ഡി) ഓർഡിനൻസിൽ നിശ്ചയിച്ച പത്തംഗ കമ്മിറ്റിക്ക് പകരം അഞ്ചംഗ കമ്മിറ്റിയാണ് റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്. ഈ നോട്ടപ്പിശക് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ആയത് തിരുത്തി ഓർഡിനൻസ് പ്രകാരമുള്ള പത്തംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അടുത്ത കാലത്ത് ബി.ജെ.പി. നേതൃത്വവുമായി ബന്ധപ്പെട്ട് അഴിമതി ആരോപണമുയർന്ന സംസ്ഥാനത്തെ രണ്ട് മെഡിക്കൽ കോളേജുകളായ വർക്കല എസ്.ആർ. മെഡിക്കൽ കോളേജിനും ചെർപ്പുളശ്ശേരി കേരള മെഡിക്കൽ കോളേജിനും സംസ്ഥാന സർക്കാരും ആരോഗ്യ സർവ്വകലാശാലയും അനുമതി നൽകിയത് എല്ലാ മാനദണ്ഡങ്ങളും ഉറപ്പു വരുത്തിക്കൊണ്ടാണോ; ആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിൽ ആ അനുമതി പിൻവലിക്കുമോ; സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഇത്തവണ കുട്ടികൾ എത്ര രൂപ ഫീസ് കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായി പറയാൻ കഴിയുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സർവ്വകലാശാല വിവിധ മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിച്ചാണ് അനുമതി നൽകുകയോ പിൻവലിക്കുകയോ ചെയ്യുന്നത്. അതിനെക്കുറിച്ച് എനിക്കിപ്പോൾ പറയാൻ സാധിക്കില്ല. സർവ്വകലാശാല പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കും. എന്നാൽ ഫീസിനെക്കുറിച്ച് എനിക്ക് വ്യക്തമായി പറയാൻ സാധിക്കും. ഇത്തവണ എല്ലാ സീറ്റിലേയ്ക്കും നീറ്റ് മെരിറ്റിൽനിന്നും അഡ്മിഷൻ നടക്കണമെന്നുള്ള പ്രത്യേക സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെ മുൻവർഷങ്ങളിലെപ്പോലെ കരാറിൽ ഒപ്പുവച്ച് 50:50 എന്ന അനുപാതത്തിൽ ധാരണയുണ്ടാക്കാൻ സാധിക്കുമോയെന്ന കാര്യത്തിൽ സംശയമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കുകയെന്നുള്ളതാണ് ഗവൺമെന്റ് സ്വീകരിച്ച സമീപനം. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ഫീസ് സംബന്ധിച്ച് ഞാൻ മുമ്പ് സൂചിപ്പിച്ചിരുന്നു. അതനുസരിച്ചാണ് ഗവൺമെന്റ് ഫീസ് ഈടാക്കുന്നത്. നേരത്തെതന്നെ മാനേജ്മെന്റുകളുമായി ഗവൺമെന്റ് ചർച്ച

നടത്തിയിരുന്നു. 50:50 എന്ന കരാർ ഒപ്പിടാൻ കഴിഞ്ഞാൽ 25,000 രൂപയും 2.5 ലക്ഷം രൂപയും കുട്ടികൾക്ക് പഠിക്കാൻ കഴിയുമായിരുന്നു. ആ സാഹചര്യം നിലനിർത്താൻ കഴിഞ്ഞാൽ സർക്കാരിനും ജനങ്ങൾക്കും വലിയ കാര്യമായിരുന്നു. അതിനുള്ള ശ്രമം നടത്താൻ സർക്കാർ തയ്യാറായിരുന്നു. മാനേജ്മെന്റുകളെ ആദ്യം വിളിച്ച് ചർച്ച നടത്തിയപ്പോൾ വലിയ ഫീസാണ് അവർ പറഞ്ഞത്. ആ ഫീസ് അംഗീകരിക്കാൻ കഴിയാത്തതിനാൽ ചർച്ച അലസിപ്പിരിയുകയുണ്ടായി. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിച്ചതിനുശേഷം ചില മാനേജ്മെന്റുകൾ ഗവൺമെന്റിനെ സമീപിക്കുകയും കരാറിൽ ഒപ്പുവയ്ക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു. തമിഴ്നാട് പോലുള്ള അയൽ സംസ്ഥാനങ്ങൾ കരാറിൽ ഒപ്പിട്ടതായി കണ്ടതിനാൽ അത്തരത്തിൽ സന്നദ്ധതയറിയിച്ച് സമീപിച്ച മാനേജ്മെന്റുകളുമായി കരാർ ഒപ്പിടാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. അത് കഴിഞ്ഞ വർഷത്തെ അതേ ഫീസിലാണ്. നിലവിൽ മൂന്ന് കോളേജുകൾ മാത്രമാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. 50 ശതമാനത്തിൽ 20 ശതമാനം സീറ്റുകൾക്ക് 25,000 രൂപയും ബാക്കിയുള്ള സീറ്റുകൾക്ക് 2.5 ലക്ഷം രൂപയും മാനേജ്മെന്റ് സീറ്റെന്ന് നാം വിശേഷിപ്പിക്കുന്ന 50 ശതമാനത്തിലെ 35 ശതമാനം സീറ്റുകൾക്ക് 11 ലക്ഷം രൂപയും എൻ.ആർ.ഐ. സീറ്റുകൾക്ക് കഴിഞ്ഞ വർഷത്തേതു പോലെയുമാണ് ഈ വർഷത്തെ ഫീസ് ഘടന. ഇപ്പോൾ അതാണ് നിലനിൽക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, രാജേന്ദ്ര ബാബു കമ്മീഷൻ ഫീസ് നിശ്ചയിച്ചതിനുശേഷം ഏത് സാഹചര്യത്തിലാണ് കഴിഞ്ഞ വർഷത്തെ ഫീസ് ഘടന ഇത്തവണയും നടപ്പിലാക്കുന്നതിനുവേണ്ടി സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച ആരംഭിച്ചത്? 10 മാനേജ്മെന്റുകളുമായി ധാരണയുണ്ടാക്കിയെങ്കിലും താങ്കൾ സൂചിപ്പിച്ചതുപോലെ മൂന്ന് കോളേജുകൾ ഒഴികെ മറ്റുള്ളവരുമായി എന്തുകൊണ്ടാണ് കരാർ ഒപ്പിടാത്തത്; സ്വാശ്രയ മാനേജ്മെന്റുകളുമായുണ്ടാക്കിയ കരാർ നിലനിൽക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഈ വിഷയം സംബന്ധിച്ച് ഞാൻ വ്യക്തമായി മറുപടി പറഞ്ഞതാണ്. രാജേന്ദ്ര ബാബു കമ്മിറ്റി ഫീസ് നിശ്ചയിച്ചതിനുശേഷം ചില സംസ്ഥാനങ്ങളിൽ മുമ്പുണ്ടായിരുന്ന കരാർ നിലനിൽക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ, കഴിഞ്ഞ വർഷത്തേതുപോലെ കരാറിൽ ഒപ്പിടാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് ചില മാനേജ്മെന്റുകൾ ഗവൺമെന്റിനെ സമീപിച്ചു. ആ കരാർ നിലനിൽക്കുമെങ്കിൽ സ്വാഭാവികമായും കുട്ടികൾക്ക് ഗുണമുള്ള കാര്യമാണ്. കഴിഞ്ഞ വർഷത്തേക്കാൾ ഫീസ്

വർദ്ധിപ്പിക്കാൻ കഴിയില്ലെന്ന ശക്തമായ നിബന്ധന തന്നെയാണ് ഗവൺമെന്റ് മാനേജ്മെന്റുകളുടെ മുന്നിൽ വച്ചത്. കൂടാതെ മുഴുവൻ അലോട്ട്മെന്റുകളും സർക്കാർ തന്നെ നടത്തുമെന്നും അറിയിച്ചിരുന്നു. പ്രസ്തുത നിബന്ധനകൾ അംഗീകരിക്കു മെങ്കിൽ മാത്രം കരാർ ആകാമെന്നാണ് സർക്കാർ തീരുമാനിച്ചത്. മാനേജ്മെന്റുകൾ വലിയ ഫീസ് ആവശ്യപ്പെട്ടതുകൊണ്ട് അത്തരത്തിലൊരു കരാറുണ്ടാക്കാൻ അവരെ നിർബന്ധിക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചിട്ടില്ല. മാനേജ്മെന്റുകളിൽ ചിലർ തന്നെയാണ് കഴിഞ്ഞ തവണത്തെ ഫീസിൽ വർദ്ധനവില്ലാതെ കരാർ ഒപ്പിടാൻ തയ്യാറായി വന്നിട്ടുള്ളത്. എന്നാൽ അവരിൽ പലരും കരാറിൽ ഒപ്പിടാൻ തയ്യാറായിട്ടില്ല. സർക്കാർ അങ്ങോട്ടുപോയി മാനേജ്മെന്റുകളുമായി യാതൊരു ചർച്ചയും നടത്തിയിട്ടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതുസംബന്ധിച്ച് സ്വാശ്രയ മാനേജ്മെന്റുകൾക്ക് അനുകൂലമായ മുൻകാല വിധികളിൽ നിന്നെല്ലാം വ്യത്യസ്തമായി നിർണ്ണായകമായ വിധിയാണ് സുപ്രീംകോടതി ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ വിധിയനുസരിച്ച് ബോൾ നമ്മുടെ കോർട്ടിലാണ്. ഒരു കാരണവശാലും സ്വാശ്രയ മാനേജ്മെന്റുകളുടെ പിന്നാലെ സർക്കാർ പോകേണ്ട കാര്യമില്ല. കരാറുണ്ടാക്കുന്നത് നാല് തരത്തിലുള്ള ഫീസിലാണ്. 25,000 രൂപയ്ക്കും 2.5 ലക്ഷം രൂപയ്ക്കും കുട്ടികൾക്ക് പഠിക്കാൻ അവസരം കിട്ടുന്നത് നല്ലതാണ്. അത് ആരുടെ ചെലവിലാണ്? സർക്കാരോ മാനേജ്മെന്റുകളോ നൽകുന്ന സൗജന്യത്തിലല്ല 25,000 രൂപയ്ക്കും 2.5 ലക്ഷം രൂപയ്ക്കും കുട്ടികൾ പഠിക്കുന്നത്. 35 ശതമാനം മെറിറ്റിൽ അഡ്മിഷൻ നേടുന്ന കുട്ടികളിൽനിന്ന് 11 ലക്ഷം രൂപ ഫീസ് ഈടാക്കിക്കൊണ്ട് ക്രോസ് സബ്സിഡി അവർക്ക് കൊടുക്കുകയാണ്. യഥാർത്ഥത്തിലുള്ള പ്രശ്നം, സെക്കന്റ് അലോട്ട്മെന്റില്ല എന്നുള്ളതാണ്. അതിന് സർക്കാർ കോടതിയിൽ പോകണം. ഫസ്റ്റ് അലോട്ട്മെന്റ് കഴിഞ്ഞാൽ സ്പോട്ട് അഡ്മിഷൻപോലും നടത്താൻ കഴിയാത്ത സ്ഥിതിയാണ്. 11 ലക്ഷം രൂപ ഫീസ് കൊടുക്കാൻ കഴിയാത്ത 35 ശതമാനം സീറ്റിൽ വരുന്ന കുട്ടികൾ അഡ്മിഷനെടുക്കില്ല. സെക്കന്റ് അലോട്ട്മെന്റ് കൂടിയില്ലാത്ത സാഹചര്യത്തിൽ അത്തരം സീറ്റുകൾ മാനേജ്മെന്റുകൾ 50-60 ലക്ഷം രൂപ കോഴ വാങ്ങി കുട്ടികൾക്ക് അഡ്മിഷൻ നൽകാനുള്ള അവസരമാണ് സർക്കാർ ഈ കരാറിലൂടെ സൃഷ്ടിക്കുന്നത്. അതുകൊണ്ട് ഈ കരാറിനുവേണ്ടി മാനേജ്മെന്റുകളുടെ പുറകെ നടക്കാതെ സുപ്രീംകോടതി വിധിയനുസരിച്ച് കാര്യങ്ങൾ നടത്താനും മെറിറ്റ് അനുസരിച്ച് അഡ്മിഷൻ നേടിയ കുട്ടികൾക്ക് സമിതി നിശ്ചയിച്ച ഫീസിൽ മാന്യമായി പഠിക്കാനുമുള്ള അവസരം ഉണ്ടാക്കിക്കൊടുക്കാനും സർക്കാർ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം പഴയ കാര്യം മറന്നുപോയതാണോയെന്ന് എനിക്കറിയില്ല. താങ്കളുടെ ഗവൺമെന്റിന്റെ കാലത്ത് 50:50 അനുസരിച്ചുള്ള കരാറുണ്ടാക്കുമ്പോഴും ഇതുതന്നെയാണ് സംഭവിച്ചത്. 50 ശതമാനം കുട്ടികളിൽനിന്ന് ഉയർന്ന ഫീസ് ഈടാക്കി ത്തന്നെയാണ് 50 ശതമാനം കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള അവസരമുണ്ടാക്കിയത്. അത് ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്ന കാര്യമല്ല. അക്കാര്യം മറന്നുപോകരുതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. സുപ്രീംകോടതി വിധിയെ ഗവൺമെന്റ് സ്വാഗതം ചെയ്യുകയാണ്. ഗവൺമെന്റ് ഒരു മാനേജ്മെന്റിന്റെ പിന്നാലെയും കരാറുണ്ടാക്കാൻ പോയിട്ടില്ല. കഴിഞ്ഞ തവണത്തെ ഫീസ് അനുസരിച്ച് കരാർ ഒപ്പിടാൻ തയ്യാറാണെന്ന് ഏതെങ്കിലും മാനേജ്മെന്റ് പറയുമ്പോൾ ഗവൺമെന്റ് അത് നിഷേധിച്ചാൽ 25,000 രൂപയ്ക്ക് കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തിയെന്നാകും അന്ന് പ്രതിപക്ഷം പറയുക. ഗവൺമെന്റ് ഇപ്പോഴും സുപ്രീംകോടതിയുടെ മാന്യമായ വിധിയിൽ ഉറച്ചുനിൽക്കുന്നു. അതിൽ യാതൊരു സംശയവുമില്ല. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് തന്നെയാണ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കഴിഞ്ഞ വർഷത്തെ അതേ മാനദണ്ഡം പാലിക്കുന്നതിനും സെൻട്രലൈസ്ഡ് അലോട്ട്മെന്റിൽ 100 ശതമാനം സീറ്റിലും ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുന്നതിനും ഏതെങ്കിലും മാനേജ്മെന്റ് തയ്യാറാണെങ്കിൽ 25,000 രൂപയ്ക്ക് പഠിക്കുന്ന കുട്ടിക്ക് ആ സീറ്റ് ഉണ്ടാകുകയെന്നുള്ളത് ഗവൺമെന്റിന് താല്പര്യമുള്ള കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റൂൾ 17 സെക്ഷൻ 7 അനുസരിച്ചാണ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ പറഞ്ഞിട്ടുള്ളത്. ആ നിബന്ധന അനുസരിച്ച് ഫീസ് മാറ്റി നിശ്ചയിക്കാൻ തീരുമാനിച്ചു. അങ്ങനെ വന്നപ്പോൾ ബി.ഡി.എസ്.-ന് 2.5 ലക്ഷം രൂപ ആയിരുന്നത് 2.90 ലക്ഷം രൂപയാക്കി ഉയർത്തി. എല്ലാം ഫീ റെഗുലേറ്ററി കമ്മിറ്റിയാണ് ചെയ്യുന്നത് എന്നുപറഞ്ഞ് രക്ഷപ്പെടാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇത്തവണത്തെ അലോട്ട്മെന്റ് ഇതുവരെ ഒന്നുമായിട്ടില്ല. ശ്രീ. വി.ഡി. സതീശൻ സൂചിപ്പിച്ചതുപോലെ, സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതിനുള്ള അധികാരംകൂടി മാനേജ്മെന്റുകൾക്ക് നൽകുമ്പോൾ നമ്മുടെ കുട്ടികൾ അവരുടെ കയ്യിലെ കളിപ്പാവകളായി മാറും, കൂടുതൽ പണം കൊടുക്കേണ്ടിവരും എന്നുള്ള കാര്യം നാം അറിയണം. സോഷ്യൽ കമ്മിറ്റ്മെന്റുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ ഇക്കാര്യത്തിൽ ഇടപെടേണ്ടതല്ലേ? എല്ലാം ഫീ റെഗുലേറ്ററി കമ്മിറ്റിയാണ് ചെയ്യുന്നത്, ഗവൺമെന്റിന് ഉത്തരവാദിത്വമില്ലെന്ന് പറയുന്നത് ശരിയല്ല. ഈ വർഷത്തെ

അലോട്ട്മെന്റ് ഇതുവരെ നടന്നിട്ടില്ല. പാരാമെഡിക്കൽ, നഴ്സിംഗ് തുടങ്ങിയ കോഴ്സുകളിൽ ചേരാൻ ഉദ്ദേശിക്കുന്ന കുട്ടികൾ എവിടെപ്പോകും? ആകെ സമ്മിശ്രമായ അവസ്ഥയിലാണ് കാര്യങ്ങൾ. ഇനിയെങ്കിലും ഇതെല്ലാം നേരെയാക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; അതല്ല, ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ തലയിൽവച്ച് ഗവൺമെന്റ് കയ്യൊഴിയുകയാണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ രംഗത്ത് ഒരു കുഴപ്പവുമുണ്ടായിട്ടില്ല. നീറ്റ് മെറിറ്റ് ലിസ്റ്റിൽ നിന്നുമാത്രമേ അഡ്മിഷൻ നടത്താവൂ എന്ന പുതിയ സാഹചര്യത്തിലുണ്ടായ ചെറിയൊരു പ്രശ്നമാണ്. മുഴുവൻ സീറ്റിലും സെൻട്രലൈസ്ഡ് അലോട്ട്മെന്റ് ആയിരിക്കണമെന്നത് നിർബന്ധമാണ്. അതുകൊണ്ടുതന്നെ മുമ്പുള്ളതുപോലെ കരാറിൽ ഒപ്പിടാനുള്ള ചില പ്രയാസങ്ങൾ ഞാൻ നേരത്തെ വിശദീകരിച്ചതാണ്. ശ്രീ. വി.ഡി. സതീശൻ ചോദിച്ച ഒരു ചോദ്യത്തിന് ഉത്തരം പറയാൻ ഞാൻ വിട്ടുപോയി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചതുകൊണ്ട് അതുകൂടി പറയാം. അലോട്ട്മെന്റ് പ്രോസസ്സിന് ഒരു കുഴപ്പവുമില്ല. ഗവൺമെന്റ് കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് വളരെ കൃത്യമായി നടക്കുന്നുണ്ട്. ഫസ്റ്റ് അലോട്ട്മെന്റ് കഴിഞ്ഞു, സെക്കന്റ് അലോട്ട്മെന്റ് കൃത്യമായി നടക്കുകതന്നെ ചെയ്യും. സ്വാശ്രയ മാനേജ്മെന്റിന്റെ അലോട്ട്മെന്റ് ആദ്യ ഘട്ടത്തിൽ നടത്താൻ കഴിയുമായിരുന്നില്ല. കോടതിയിൽ കേസ് നിലനിൽക്കുന്നതു കൊണ്ട് അതിനൊരു ധാരണയായതിനുശേഷം മാത്രമേ അലോട്ട്മെന്റ് നടത്താവൂ എന്ന് കോടതി തന്നെ പറഞ്ഞിട്ടുണ്ട്. ഒരു അലോട്ട്മെന്റ് കൂടി ആവശ്യമാണെങ്കിൽ അതിന് സർക്കാരിന് വിരോധമില്ല. പരിശോധിച്ച് ആവശ്യമെങ്കിൽ രണ്ടാമത്തെ അലോട്ട്മെന്റ് ആകാമെന്നാണ് കോടതി പറഞ്ഞിട്ടുള്ളത്. സ്പോട്ട് അലോട്ട്മെന്റിന്റെ കാര്യത്തിൽ നിങ്ങളാരും വിഷമിക്കേണ്ട. അത് സർക്കാർ മാനേജ്മെന്റിന് വിട്ടുകൊടുക്കുന്ന പ്രശ്നമേയില്ല. പൂർണ്ണമായും സർക്കാർതന്നെ അലോട്ട്മെന്റ് നടത്തും. മാനേജ്മെന്റിനെ സഹായിക്കുന്ന യാതൊരു പ്രവർത്തനങ്ങളും ഇതിനകത്തില്ല.

ശ്രീ. കെ. മുരളീധരൻ: സർ, സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ഏകോപനമുണ്ടായില്ല എന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്നത് ഏകോപനക്കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ്. അതേസമയം ഉത്തരം (ഡി) പിരിവിൽ പറയുന്നത് ഓർഡിനൻസിൽ നിശ്ചയിച്ച പത്തംഗ കമ്മിറ്റിക്ക് പകരം അഞ്ചംഗ കമ്മിറ്റിയെയാണ് റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത് എന്നാണ്. ഈ നോട്ടപ്പിശക് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ആയത് തിരുത്തി ഓർഡിനൻസ് പ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. അപ്പോൾ നോട്ടപ്പിശകുണ്ടായി എന്നല്ലേ? അതിന്റെ ഉത്തരവാദി ആരാണ്? ഗവൺമെന്റ് അവർക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെപ്പറ്റി ഞാൻ നേരത്തേതന്നെ പറഞ്ഞു. ആ കോടതി വിധി വായിച്ചു നോക്കിയാൽ കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. ഇതിനിടയിൽ രണ്ടുതവണ അസംബ്ലി വന്നതുകൊണ്ടാണ് ഓർഡിനൻസ് രണ്ടുപ്രാവശ്യം റീപ്രൊമൂൽഗേറ്റ് ചെയ്യേണ്ടതായി വന്നത്. അതിന്റെ ഒരു കാലതാമസമുണ്ടായി. അല്ലെങ്കിൽ ആദ്യത്തെ അസംബ്ലിക്കുതന്നെ ഓർഡിനൻസ് അവതരിപ്പിച്ച് പാസ്സാക്കുമായിരുന്നു. ഈ അസംബ്ലിയിൽ ഓർഡിനൻസ് വരുന്നുണ്ട്. നേരത്തേ 5 അംഗങ്ങളായിരുന്നു ഫീ റെഗുലേറ്ററി കമ്മിറ്റിയിലുണ്ടായിരുന്നത്. എന്നാൽ ചില തീരുമാനങ്ങളെടുക്കുന്നതിനുമുമ്പായി ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഫീ റെഗുലേറ്ററി കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യേണ്ടതായിവന്നു. അങ്ങനെ പഴയ അഞ്ചംഗ കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു എന്നുള്ളത് വസ്തുതയാണ്. നേരത്തെ രണ്ട് കമ്മിറ്റിയായിരുന്നത് പുതിയ ഓർഡിനൻസിൽ രണ്ടു കമ്മിറ്റിയുംകൂടി ചേർന്ന് ഒറ്റ കമ്മിറ്റിയായിരിക്കുമെന്ന് ഞങ്ങൾക്ക് മനസ്സിലായി. അത് മനസ്സിലായ ഉടൻ തന്നെ ക്യാൻസൽ ചെയ്ത് പത്തംഗ കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. അതുകൊണ്ട് ഏതെങ്കിലും പ്രോസസ്സിന് തടസ്സമോ ആർക്കെങ്കിലും എന്തെങ്കിലും ഉപദ്രവമോ ഉണ്ടായിട്ടില്ല. അതിനാൽ വലിയ ശിക്ഷ കൊടുക്കേണ്ട തെറ്റ് ചെയ്തു എന്നൊന്നും പറയാൻ സാധിക്കില്ല.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, അങ്ങിവിടെ ഫീസ് നിർണ്ണയ സമിതിയെക്കുറിച്ചും അതുമായി ബന്ധപ്പെട്ട ഓർഡിനൻസിനെക്കുറിച്ചും പറഞ്ഞു. അത് നിയമമാക്കാൻ പോകുകയാണ്; ഡ്രാഫ്റ്റ് ബിൽ നമ്മുടെ കയ്യിലിരിക്കുകയാണ്. അതിൽ 11-ാം വകുപ്പിൽ ഫീസ് നിശ്ചയിക്കുന്ന കുറെ ഘടകങ്ങൾ പറഞ്ഞിട്ടുണ്ട്. ഇതൊക്കെ മാനേജ്മെന്റുകൾക്ക് അനുകൂലമായ ഘടകങ്ങളാണ്. സ്വകാര്യ-എയ്ഡഡ് അഥവാ അൺ-എയ്ഡഡ് മെഡിക്കൽ സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലം, മെഡിക്കൽ കോഴ്സിന്റെ സ്വഭാവം, സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മുതൽമുടക്ക്, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഭരണത്തിനും നടത്തിപ്പിനും വേണ്ടിവരുന്ന ചെലവ്, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമുള്ള ന്യായമായ നീക്കിയിരിപ്പ് എന്നിവയാണ് പരിഗണിക്കപ്പെടേണ്ട കാര്യങ്ങളായി പറയുന്നത്. അപ്പോൾ മാനേജ്മെന്റിന്റെ ചെലവിനെക്കുറിച്ചുമാത്രമാണ് ഗവൺമെന്റ് പരിഗണിച്ചിരിക്കുന്നത്. മാനേജ്മെന്റുകൾക്ക് വരുമാനമുണ്ട്. ഒരു മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം വെറുമൊരു വിദ്യാഭ്യാസ സ്ഥാപനം മാത്രമല്ല, അതൊരു ആശുപത്രികൂടിയാണ്. അവിടെ നൂറുകണക്കിന് ബെഡ്ഡുള്ള ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്; ഓപ്പറേഷൻ നടക്കുന്നുണ്ട്, സ്കാനിംഗ് അടക്കമുള്ള നിരവധി

കാര്യങ്ങളിലൂടെ ലക്ഷക്കണക്കിനുരൂപ വരുമാനം ലഭിക്കുന്നുണ്ട്. അതൊന്നും പരിഗണിക്കാതെയാണ് ഈ ഫീസ് നിർണ്ണയം നടത്തുന്നത്. ആ സ്ഥാപനത്തിന്റെ, ആശുപത്രിയുടെ മുഴുവൻ ചെലവും വിദ്യാർത്ഥികൾക്കുമേൽ വച്ചുകെട്ടുന്ന ഒരു സമീപനമാണ് ഈ സമിതി സ്വീകരിക്കുന്നത്. യഥാർത്ഥത്തിൽ സമിതി ഫീസ് നിർണ്ണയിക്കുന്നില്ല. അതുകൊണ്ട് ബില്ലിന്റെ ഭാഗമായി ഈ സമിതി നിലവിൽ വരുമ്പോൾ ആശുപത്രികളുടെ വരുമാനംകൂടി കണക്കിലെടുക്കുകയും അത് കുറച്ച് ബാക്കിയുള്ള യഥാർത്ഥ ചെലവ് യുക്തിസഹമായി നിർണ്ണയിക്കാൻ വേണ്ട ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കുമോ; മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ സാധിക്കുന്ന തരത്തിലുള്ള കർശന നിർദ്ദേശം സമിതിക്ക് നൽകുമോ, ഈ നാട്ടിലെ വിദ്യാർത്ഥികളോട് ആ നിലയിലുള്ള സാമൂഹിക പ്രതിബദ്ധത കാണിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മാനേജ്മെന്റിന്റെ ചെലവെല്ലാം കണക്കാക്കി ഫീസ് നിശ്ചയിക്കുന്നത് ഫീ റെഗുലേറ്ററി കമ്മിറ്റിയാണ്. അത് നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങൾ 2004-ൽ ശ്രീ. നാലകത്ത് സൂപ്പി അവതരിപ്പിച്ച ബില്ലിലും 2006-ൽ ശ്രീ. എം. എ. ബേബി അവതരിപ്പിച്ച ബില്ലിലും പറഞ്ഞിട്ടുണ്ട്. ആ മാനദണ്ഡങ്ങളിൽ ചിലത് തന്നെയാണ് ഇവിടെയും വന്നിട്ടുള്ളത്. ബിൽ അവതരിപ്പിക്കാനിരിക്കുകയാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകും, ബില്ലിന്റെ ചർച്ച നടക്കും, അഭിപ്രായങ്ങളെല്ലാം ആ സമയത്ത് പറയാമെന്നാണ് ഞാൻ കരുതുന്നത്. അതിനകത്ത് വരുന്ന നിർദ്ദേശങ്ങൾ പൊതുവായി സ്വീകരിക്കാൻ കഴിയുന്നതാണെങ്കിൽ നമുക്ക് സ്വീകരിക്കാം. ബിൽ ഒരു പൊതുസമവായത്തിന്റെ ഭാഗമായിട്ടാണല്ലോ നമ്മൾ അംഗീകരിക്കുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഈ വർഷത്തെ മെഡിക്കൽ പ്രവേശനം ആകെപ്പാടെ ആശയക്കുഴപ്പത്തിലായിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയനുസരിച്ച് ഈ വർഷം മെഡിക്കൽ പ്രവേശനത്തിന് ഇനി 24 ദിവസം മാത്രമാണുള്ളത്. സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതി വിധിക്കെതിരായി സുപ്രീംകോടതിയിൽ അപ്പീൽ പോയിരിക്കുകയാണ്. 2006-ൽ ശ്രീ. എം. എ. ബേബി ആ നിയമം കൊണ്ടുവന്നപ്പോൾ ഹൈക്കോടതി ഫീസ് റെഗുലേറ്ററി കമ്മിറ്റിയെ അംഗീകരിച്ചു. ഹൈക്കോടതിയിൽനിന്ന് ആ കമ്മിറ്റിക്ക് അംഗീകാരം ലഭ്യമായ സാഹചര്യത്തിൽ നമ്മൾ അഹമ്മദ് കമ്മിറ്റി, ജെയിംസ് കമ്മിറ്റി, രാജേന്ദ്രബാബു കമ്മിറ്റി എന്നീ കമ്മിറ്റികളെ വച്ചു. ഇപ്രാവശ്യം ഏറ്റവും സൗകര്യപ്രദമായ ഒരു സാഹചര്യമാണ് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചത്. ദേശീയതലത്തിൽ നീറ്റിന്റെ മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്താം. ഫീസ് മാത്രം തീരുമാനിച്ചാൽ മതി. അപ്പോൾ വലിയ

ആശയക്കുഴപ്പമുണ്ടാക്കി രക്ഷിതാക്കൾക്ക് ഉത്ക്കണ്ഠയുണ്ടാക്കുന്ന സമീപനത്തിലേയ്ക്ക് ഗവൺമെന്റ് പോയതുകൊണ്ടല്ലേ ഇത്രയും കാലതാമസമുണ്ടായത്? ഇനി അഡ്മിഷൻ തുടങ്ങാൻ എത്ര ദിവസമുണ്ട്? 2006-ലെ നിയമം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഓർഡിനൻസിലെ മുഴുവൻ നിയമങ്ങളും ഹൈക്കോടതി അംഗീകരിക്കാത്തതാണ്. ഒരു ഓർഡിനൻസ് കൊണ്ടുവന്ന് കുട്ടികളെയും രക്ഷകർത്താക്കളെയും ബുദ്ധിമുട്ടിക്കുകയും അനാവശ്യ കാലതാമസമുണ്ടാക്കുകയും ചെയ്തതിന്റെ ഭാഗമായിട്ടല്ലേ ഇത്രയും ആശയക്കുഴപ്പമുണ്ടായത്? ഫീസ് അഞ്ച്ലക്ഷം രൂപയാക്കി, അഞ്ചര ലക്ഷം രൂപയാക്കി, അതിനുശേഷം കോടതിയിൽ പോയി, ഇത്രയും കാലതാമസമുണ്ടായി. ഇനി എത്ര അലോട്ട്മെന്റ് നടത്താൻ കഴിയും? സുപ്രീംകോടതി വിധിയെന്ന് മന്ത്രി പറഞ്ഞു. സുപ്രീംകോടതി വിധിയനുസരിച്ച് അലോട്ട്മെന്റ് നടത്തി. അത് ആരുടേയും ഔദാര്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗവൺമെന്റ് കോളേജുകളിൽ അഡ്മിഷൻ നടത്തി. അതോടൊപ്പം കഴിഞ്ഞ കാലഘട്ടങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ............

<u>മി. സ്പീക്കർ</u>: ചോദ്യം ചോദിക്കൂ, പ്ലീസ്. ചോദ്യോത്തര വേളയിൽ അംഗങ്ങളിങ്ങനെ നിസ്സഹകരിക്കുന്നത് ശരിയല്ല. പ്ലീസ്.......

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, പക്ഷേ അതോടൊപ്പം സ്വാശ്രയ കോളേജുകളിലും അലോട്ട്മെന്റ് നടക്കുമായിരുന്നു. ഇത്രയധികം ആശയക്കുഴപ്പം ഉണ്ടാക്കിയതിന്റെ പശ്ചാത്തലത്തിൽ ഈ വർഷം മുഴുവൻ കുട്ടികളും തമിഴ്നാട്ടിലും കർണ്ണാടകയിലും പോയിക്കഴിഞ്ഞു. 15 ലക്ഷവും 25 ലക്ഷവും രൂപ നൽകി എങ്ങനെ അഡ്മിഷൻ നടത്താൻ കഴിയും? ഞാൻ ചോദിക്കുന്നത്, ഈ ആശയക്കുഴപ്പങ്ങളുടെ നടുവിൽ നിൽക്കുമ്പോൾ കഴിഞ്ഞ വർഷത്തെ ഫീസനുസരിച്ച് പഠിപ്പിക്കാൻ സമ്മതമാണെന്ന് പറഞ്ഞുകൊണ്ട് സ്വകാര്യ/ സ്വാശ്രയ മാനേജ്മെന്റുകളുടെ കീഴിലുള്ള രണ്ട് കോളേജുകൾ വന്നുവെന്ന് ഇവിടെ പറഞ്ഞു. സ്പോട്ട് അലോട്ട്മെന്റ് അവർക്ക് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ ചോദിക്കുന്നത് ഫീസിന്റെ കാര്യത്തിൽ വിവിധ മാനേജ്മെന്റുകൾ വിവിധങ്ങളായ തലത്തിൽ നിൽക്കുമ്പോൾ മെരിറ്റിൽ ആദ്യം വരുന്ന ഒരു കുട്ടിക്ക് ഈ ഒൻപത് കോളേജുകളിൽ അഡ്മിഷൻ കിട്ടുമ്പോൾ കൂടുതൽ ഫീസ് നൽകി കുട്ടികൾ പഠിക്കേണ്ട സാഹചര്യം വരില്ലേ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അലോട്ട്മെന്റുമായി ബന്ധപ്പെട്ട് യാതൊരു തരത്തിലുള്ള ആശയക്കുഴപ്പവും ഉണ്ടായിട്ടില്ല. അലോട്ട്മെന്റ് തീയതികളെല്ലാം നേരത്തേതന്നെ പ്രഖ്യാപിച്ചതാണ്. പ്രഖ്യാപിച്ച തീയതി

ഒന്നുപോലും ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ ഭാഗമായി മാറ്റിയിട്ടില്ല, മാറ്റാനുദ്ദേശിക്കുന്നുമില്ല. ആ തീയതികളിൽത്തന്നെ അലോട്ട്മെന്റ് നടക്കും. സ്വാശ്രയ മാനേജ്മെന്റുകൾ കോടതിയിൽ പോകുന്നതും അതിനിടയിലെ ഇടപെടലുമെല്ലാം എത്രയോ വർഷക്കാലമായി നടക്കുന്നതാണ്. അത് സ്വാശ്രയ കോളേജുകൾ വന്ന അന്നുമുതൽ തുടങ്ങിയതാണ്. അവർ കോടതിയിൽ പോകുന്നതിന് ഞങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. അപ്പപ്പോഴുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും വളരെ അവധാനതയോടുകൂടിയാണ് സർക്കാർ ഏറ്റെടുത്ത് കൈകാര്യം ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി അലോട്ട്മെന്റ് പ്രോസസ്സ് മാറ്റിവയ്ക്കാനോ എന്തെങ്കിലും കുഴപ്പമുണ്ടാക്കാനോ ഈ ഗവണ്മെന്റ് തയ്യാറായിട്ടില്ല. അതുകൊണ്ട് യാതൊരു ഭയവും വേണ്ട, അലോട്ട്മെന്റ് കൃത്യമായി നടക്കും. മാനേജ്മെന്റ് കോടതിയിൽ പോയാലുണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം നേരിട്ടുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, മെഡിക്കൽ വിദ്യാഭ്യാസ നിയമവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ പദവിയില്ലാത്ത സ്ഥാപനങ്ങളിൽ സീറ്റ് സംവരണം നടപ്പാക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ നൂറ് ശതമാനം സീറ്റും ആ വിഭാഗത്തിന് തന്നെയാണ്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം എം.ഇ.എസ്. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ 50:50 എന്ന തീരുമാനത്തിൽ മുന്നോട്ട് പോയപ്പോൾപോലും എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് സംവരണം നൽകിയിട്ടുണ്ട്. കേരളംപോലുള്ള സംസ്ഥാനത്ത് ന്യൂനപക്ഷ സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളെപ്പോലെയല്ല. ഇവിടെ ന്യൂനപക്ഷ സ്ഥാപനങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്. ഈ സാഹചര്യത്തിൽ നൂറുശതമാനവും ഒരു വിഭാഗത്തിന് എന്നുപറയുന്നതിൽനിന്ന് വ്യത്യസ്തമായി എം.ഇ.എസ്. പോലുള്ള സ്ഥാപനങ്ങൾ സ്വീകരിച്ച സമീപനം മറ്റ് ന്യൂനപക്ഷ സ്ഥാപനങ്ങളിൽക്കൂടി ബാധകമാക്കാനുള്ള സമ്മർദ്ദം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ; എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് അഞ്ച് ലക്ഷം രൂപ എന്നത് താങ്ങാൻ കഴിയാത്ത ഫീസായതിനാൽ അത് ഗവൺമെന്റ് നൽകുന്നതിനുള്ള നടപടി ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നീറ്റ് മെരിറ്റടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ് നടക്കുമ്പോൾ സുപ്രീംകോടതിയും ഗവൺമെന്റും നിശ്ചയിച്ചിട്ടുള്ള സംവരണ തത്വങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് ഗവൺമെന്റ് നടത്തുന്നത്. അതിന് യാതൊരു വ്യത്യാസവും വരില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, വിദ്യാഭ്യാസ കച്ചവടക്കാർക്കെതിരെ ശക്തമായി വിമർശിക്കുന്ന ചിലരുണ്ടാകാം. ഒരേ സമയം ഇരയോടൊപ്പമാണെന്ന് നടിക്കുകയും വേട്ടക്കാരനെ രക്ഷിക്കാൻ യാതൊരു ലജ്ജയുമില്ലാതെ ഇടപെടുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ആത്മാർത്ഥതയില്ലാത്തതാണ്. ഏതാണ്ട് മൂന്ന് കോളേജുകളാണ് ഇപ്പോൾ സർക്കാരുമായി ധാരണയ്ക്ക് തയ്യാറായിട്ടുള്ളത്. ബാക്കി ഭൂരിപക്ഷം വരുന്ന കോളേജുകളിലും ഉയർന്ന ഫീസ് കൊടുത്ത് പഠിക്കാൻ വിദ്യാർത്ഥികൾ നിർബന്ധിതരാകുകയാണ്. ഈ സാഹചര്യത്തിൽ കൂടുതൽ കോളേജുകളെ സർക്കാരുമായി ധാരണയിലെത്തിക്കാനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? ഈ വിഷയത്തിൽ നീറ്റ് കൊണ്ടുവന്നതു പോലെ സ്വാശ്രയ/പ്രൊഫഷണൽ കോളേജുകളിൽ സാമൂഹ്യനീതി കൂടി ഉറപ്പാക്കാനും കോടതിയുടെ സങ്കീർണ്ണതകളിൽനിന്നും ഇതിനൊരു പരിഹാരം തേടാനുംവേണ്ടിയുള്ള സമഗ്രമായ ഒരു കേന്ദ്രനിയമത്തിനുവേണ്ടി സംസ്ഥാന സർക്കാർ ശക്തമായ ആവശ്യം ഉന്നയിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മാനേജ്മെന്റുകളുടെ നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് ഇക്കാര്യത്തിൽ ധാരണയുണ്ടാക്കാൻ സാധിക്കുകയില്ല. സർക്കാരിന്റെ ശക്തമായ നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് നമ്മൾ പറയുന്ന രീതിയിലുള്ള കരാർ ഒപ്പിടാൻ ഏതെങ്കിലും മാനേജ്മെന്റ് തയ്യാറായാൽ അതിന് സന്നദ്ധമാകുമെന്നാണ് ഗവൺമെന്റ് സൂചിപ്പിച്ചത്. അതിന് തയ്യാറാകുന്നവരുമായി കരാർ ഒപ്പിടും. അങ്ങോട്ടുപോയി അവരെ നിർബന്ധിച്ച് കരാർ ഒപ്പിടാൻ, അവരുടെ നിബന്ധനകൾക്ക് വഴങ്ങാൻ ഒരു കാരണവശാലും സർക്കാർ തയ്യാറല്ല. നമ്മൾ ഇപ്പോൾ ഒരു ഓർഡിനൻസ് കൊണ്ടുവന്നിട്ടുണ്ട്. അതിൽ നമുക്ക് പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങൾ പരിഹരിക്കും. മറ്റ് കാര്യങ്ങൾ പൊതുതീരുമാനത്തിന്റെ ഭാഗമായി കൈക്കൊള്ളും.

ശ്രീ. ഷാഫി പറമ്പിൽ: സർ, കഴിഞ്ഞ തവണ ഒരു പ്രത്യേക സാഹചര്യവു മില്ലാതെ കേരള ചരിത്രത്തിലെ ഏറ്റവും വലിയ ഫീസ് വർദ്ധനവ് മാനേജ്മെന്റുകൾക്ക് നൽകി. അവർ ഫീസ് കുറയ്ക്കാൻ തയ്യാറായിട്ടുപോലും സർക്കാർ അതിന് തയ്യാറായില്ല. ഈ വർഷം പ്രത്യേക സാഹചര്യത്തെപ്പറ്റി പറഞ്ഞു. ഈ വർഷത്തെ പ്രത്യേക സാഹചര്യമാണ് ഇതുവരെയുള്ള ചരിത്രത്തിൽ നമുക്ക് ഏറ്റവും അനുകൂലമായ സാഹചര്യമെന്നുള്ളത് മനസ്സിലാക്കണം. മാനേജ്മെന്റുകൾക്ക് സ്വന്തം ഇഷ്ടപ്രകാരം ടെസ്റ്റ് നടത്തി ആളെ എടുക്കാൻ കഴിയില്ല. നമുക്ക് അവരെ നിയന്ത്രിക്കാൻ കഴിയുന്ന ഏറ്റവും നല്ല അവസരമാണ്. അവിടെയും നമ്മൾ അവർക്കനുകൂലമായ നിലപാടെടുക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പരാതി. ഞങ്ങളിവിടെ നിരാഹാരമനുഷ്ഠിച്ച സമയത്ത് പരിയാരം

മെഡിക്കൽ കോളേജിനെ സംബന്ധിച്ച് കഴിഞ്ഞതവണ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞ വാചകങ്ങൾ ഓർമ്മയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ലാഭക്കൊതിയുള്ള ഒരു മാനേജ്മെന്റല്ല പരിയാരത്തെ ഭരണസമിതിയെന്നാണ് പൊതുവെയുള്ള ധാരണ. ഈ സാഹചര്യത്തിൽ പരിയാരം മെഡിക്കൽ കോളേജിലെ കുട്ടികൾക്ക് സർക്കാർ ഫീസ് എത്രയുണ്ട്; അവരും ഇവിടത്തെ സ്വാശ്രയ കോളേജുകളും തമ്മിൽ ഫീസ് ഘടനയിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; അതോ ഇതേ കൊള്ള തന്നെയാണോ അവിടെയും നടക്കുന്നത്; അവിടത്തെ ഫീസ് ഘടന വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വാചകങ്ങളിലെ 'കൊള്ള' എന്ന വാക്ക് എടുത്തുകളയേണ്ടതാണ്. അങ്ങനെയൊരു കൊള്ളയ്ക്ക് ഗവൺമെന്റ് കൂട്ടുനിൽക്കുകയില്ല. പ്രത്യേക സാഹചര്യമെന്നുപറഞ്ഞത് എത്രയോ തവണ വിശദീകരിച്ചിട്ടുള്ളതാണ്. കഴിഞ്ഞവർഷം മുതലാണ് നീറ്റ് മെരിറ്റിൽനിന്ന് കുട്ടികളെ പൂർണ്ണമായും എടുക്കണമെന്നുള്ള നിബന്ധന വന്നത്. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. അതിന്റെ ഭാഗമായി അലോട്ട്മെന്റിന്റെ സമയത്ത് നമുക്കുണ്ടാകുന്ന ചില പ്രത്യേകതകളെക്കുറിച്ച് നിരവധി തവണ ഈ സഭാതലത്തിൽ വിശദീകരിച്ചിട്ടുള്ളതാണ്. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടപടിക്രമങ്ങൾ നീക്കാനാണ് സർക്കാർ ശ്രമിച്ചത്. അതിന്റെ ഭാഗമായാണ് കഴിഞ്ഞ തവണ 20 കോളേജുകളുമായി കരാർ ഒപ്പിടുകയും സ്വാശ്രയ മാനേജ്മെന്റ് കോളേജുകളിൽ ഏറ്റവും കൂടുതൽ മെരിറ്റ് സീറ്റുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്തത്. ആ ചർച്ചയുടെ ഭാഗമായി ഫീസ് വർദ്ധനവുണ്ടായിട്ടുണ്ട്. അത് കാലാകാലങ്ങളിൽ ഉണ്ടാകാറുണ്ട്. ഞാനതിന്റെ ന്യായീകരണത്തിലേയ്ക്കൊന്നും കടക്കുന്നില്ല. ഏതായാലും അത് ആവർത്തിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഇത്തവണത്തെ പ്രത്യേകത വീണ്ടും പറഞ്ഞു. ഇത്തവണ കേരളാ മെരിറ്റ് ലിസ്റ്റില്ല. പൂർണ്ണമായും നീറ്റ് മെരിറ്റ് ലിസ്റ്റിൽനിന്നാണ് അഡ്മിഷൻ നൽകേണ്ടത്. സെൻട്രലൈസ്ഡ് അലോട്ട്മെന്റാണ്. ആ പ്രത്യേകതയുടെ ഭാഗമായി വരുന്ന ചർച്ചകളും തീരുമാനങ്ങളുമാണ് ഇപ്പോൾ എടുക്കുന്നത്. അത് ഭംഗിയായി ഇവിടെ പറഞ്ഞുകഴിഞ്ഞു. പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള ചർച്ചകളെല്ലാം നടന്നു. അതിന്റെ നടപടിക്രമങ്ങൾ നടക്കുകയാണ്. എന്നാൽ അതിൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് നടപടിക്രമങ്ങളിലേയ്ക്കെത്താൻ കുറച്ചുകൂടി താമസമുണ്ട്. ബാക്കി കാര്യങ്ങളെല്ലാം ശരിയായിട്ടുണ്ട്. അതിന്റെ ഭരണരീതി എന്താണെന്നുള്ളതിനെക്കുറിച്ചും തീരുമാനിക്കുകയാണ്. എന്നാൽ അലോട്ട്മെന്റിന്റെ സമയത്ത് നടപടി ക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ കഴിഞ്ഞ തവണത്തെപ്പോലെ തന്നെയാണ് ഇത്തവണയും അലോട്ട്മെന്റ് പ്രോസസ്സ് നടക്കുന്നത്. ഫീസ് കഴിഞ്ഞ തവണ ഉണ്ടായിരുന്നതുപോലെതന്നെയാണ്.

## പകർച്ചപ്പനി

5 (*3) ശ്രീ. സി. മമ്മൂട്ടി:

ശ്രീ. കെ. എം. ഷാജി:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കാലവർഷക്കാലത്ത് സംസ്ഥാനത്തുടനീളം വിവിധങ്ങളായ പനി ബാധിതരായി അനേകം പേർ മരണപ്പെടാനുണ്ടായ സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പനി പടർന്നുപിടിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ കാര്യങ്ങൾ മുൻകൂട്ടിക്കണ്ട് പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നുവോ;

(ഡി) പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ;

(ഇ) പനി പടർന്നുപിടിക്കാതിരിക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എഫ്) പനിമരണംമൂലം നിരാലംബരായ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) പനി പടർന്നുപിടിക്കാനുണ്ടായ പ്രധാന കാരണങ്ങൾ താഴെ പ്പറയുന്നവയാണ്.

(1) കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിലുണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ

(2) ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മ

(3) കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ

(4) ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും

(5) സാമൂഹിക ശുചിത്വത്തിലുള്ള താല്പര്യക്കുറവ്

(6) ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കാനുള്ള സൗകര്യക്കുറവ്

(7) വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ

(സി) മുൻവർഷങ്ങളിലെപ്പോലെ മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും നടത്താനുള്ള നിർദ്ദേശങ്ങൾ ഈ വർഷവും കൃത്യമായി നൽകിയിരുന്നു. ജനുവരി മാസത്തിൽത്തന്നെ ഇത്തരം പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു.

(ഡി) ആരോഗ്യ വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനുവരി, ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തിയ ഹെൽത്തി കേരളാ കാമ്പയിനിൽ 293580 വീടുകളും 17431 സ്ഥാപനങ്ങളും 6818 തോട്ടങ്ങളും 3232 നിർമ്മാണ സ്ഥലങ്ങളും 5562 ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളും പരിശോധന നടത്തിയതിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ 1600 വീട്ടുകാർക്കും 1167 സ്ഥാപനങ്ങൾക്കും 349 തോട്ടം ഉടമകൾക്കും 113 കെട്ടിട നിർമ്മാണ യൂണിറ്റുകൾക്കും 407 ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾക്കും പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുകയും ചെയ്തു. പനിയും മറ്റ് പകർച്ചവ്യാധികളും നിയന്ത്രിക്കാനായി പൊതുജന പങ്കാളിത്തത്തോടെ ജൂൺ 27 മുതൽ 29 വരെ രണ്ടാം ഘട്ട സമ്പൂർണ്ണ ശുചീകരണ യജ്ഞം നടത്തുകയുണ്ടായി. ഒന്നാം ഘട്ടം ഏപ്രിൽ 24 മുതൽ 27 വരെ നടത്തിയിരുന്നു. ഈ പരിപാടിയുടെ നടത്തിപ്പും കാര്യക്ഷമതയും പരിശോധിക്കാൻ ആരോഗ്യ വകുപ്പും കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ജൂലൈ 1-ാം തീയതി സംസ്ഥാന വ്യാപകമായി ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പരിശോധന നടത്തി. പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയവർക്ക് പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകി.

(ഇ) പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെതന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തി.

- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

- കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണ ത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നു.

- എലിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി രോഗസാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് രോഗപ്രതിരോധ ഗുളിക (doxycycline) വിതരണം ശക്തിപ്പെടുത്തി.

- കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷനും പനി ചികിത്സാ ബോധവത്കരണവും നടത്തുകയുണ്ടായി.

- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി യോഗ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണയജ്ഞം നടത്തി.

- മേയ് 19-നും ജൂൺ 19-നും സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം (RRT) രണ്ടുപ്രാവശ്യം യോഗം ചേർന്ന് സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.

- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17-നും രണ്ട് കേന്ദ്ര വിദഗ്ദ്ധ സംഘങ്ങൾ സംസ്ഥാനത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

- മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.

- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വ്യത്യസ്തങ്ങളായ കാരണങ്ങളാൽ വ്യാപകമായ പകർച്ചവ്യാധിമൂലം വീർപ്പുമുട്ടിയ ഒരു സാഹചര്യം നമ്മൾ അനുഭവിച്ചതാണ്. സ്വകാര്യ ആശുപത്രികൾപോലും 'നോ എൻട്രി' ബോർഡ് വയ്ക്കേണ്ട അവസ്ഥ വരെ വന്നു. സർക്കാർ ആശുപത്രികളിലൊക്കെ ആളുകൾ നിറഞ്ഞുകവിയുകയായിരുന്നു. പല കാരണങ്ങളാലാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്. അതുകൊണ്ട് ഇക്കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണം. തുക നൽകി എന്നല്ലാതെ പല സ്ഥലത്തും ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. ഇനിയും ഇതുപോലുള്ള അവസ്ഥ വരാതിരിക്കാനും വന്നുകഴിഞ്ഞാൽ പ്രതിരോധിക്കാനും എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്; ഇതിനകം എത്രപേർക്ക് പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര മരണങ്ങൾ നടന്നിട്ടുണ്ട് എന്നുകൂടി വ്യക്തമാക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മുമ്പത്തെ അപേക്ഷിച്ച് ഇത്തവണ കുറച്ചധികം പനി ഉണ്ടാകുമെന്നുള്ള സൂചനയുണ്ടായിരുന്നു. പ്രതിരോധ നടപടികൾക്ക് നമ്മൾ നന്നായി നേതൃത്വം നൽകിയിട്ടുണ്ട്. പനി കൂടുതലായിരുന്നു. പനി നിയന്ത്രിക്കുന്നതിനും മരണങ്ങൾ കുറയ്ക്കുന്നതിനും നല്ല രീതിയിലുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ ചിലയിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ വേണ്ടത്ര നടക്കാതെ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ശുചീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. നിയോജകമണ്ഡലങ്ങളിൽ മീറ്റിംഗുകൾ വിളിച്ചുചേർത്ത് ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് ആരോഗ്യ വകുപ്പ് അഭ്യർത്ഥിക്കുകയും ഭരണ-പ്രതിപക്ഷ ഭേദമേന്യേ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഇത്തരം മീറ്റിംഗുകൾ വിളിച്ചുചേർത്ത് ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തവണ കാലാവസ്ഥാ വ്യതിയാനത്തിന്റെയൊക്കെ ഭാഗമായി സാധാരണയിൽ കവിഞ്ഞ രീതിയിൽ പനിയുണ്ടായിട്ടുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ ഭയാനകമായ സ്ഥിതിയാണെന്ന് പറയാൻ കഴിയില്ല. പനി നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞു. ഡെങ്കിപ്പനിമൂലം 2013-ൽ 23 മരണമാണുണ്ടായതെങ്കിൽ

ഇത്തവണ അതുണ്ടാകാൻ പാടില്ലായിരുന്നു; 24 മരണമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അതുപോലെതന്നെ എലിപ്പനിമൂലം 2015-ൽ 19 മരണമുണ്ടായി, ഇത്തവണ 11 മരണം. 11 മരണം കുറവാണെന്ന് പറയുന്നില്ല. പക്ഷേ സാധാരണയിൽ കവിഞ്ഞ് ഭയാനകമായ അവസ്ഥയെന്ന് പറയാൻ കഴിയില്ലെങ്കിലും ഉത്കണ്ഠാകുലമായ ഒരവസ്ഥതന്നെയാണ് ഇത്തവണയുണ്ടായത്. 2015-ൽ എച്ച്.1 എൻ.1 പനിമൂലം 96 മരണങ്ങളുണ്ടായിരുന്നു. ഇത്തവണ 71 മരണങ്ങളുണ്ടായിട്ടുണ്ട്. ഇത്തവണ ദക്ഷിണേന്ത്യയിലാകെ എച്ച്.1 എൻ.1 പിടിപെട്ട രോഗികളുണ്ടായിരുന്നു. തമിഴ്നാട്ടിലൊക്കെ വ്യാപക തോതിൽ മരണങ്ങൾ നടന്നുവെന്നാണ് റിപ്പോർട്ടുകൾ. ഇവിടെയും അത്തരമൊരു സാഹചര്യമുണ്ടാകുമെന്ന് ഭയന്നിരുന്നു. പക്ഷേ വളരെ പെട്ടെന്ന് ആരോഗ്യ വകുപ്പ് ശക്തമായി ഇടപെട്ടതിന്റെ ഭാഗമായി അതിനെ നിയന്ത്രിക്കാൻ സാധിച്ചു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാരടക്കം എല്ലാവരോടും ഞാൻ നന്ദി പറയുകയാണ്. ശുചീകരണ പ്രവർത്തനങ്ങൾ വേണ്ടത്ര ശരിയായില്ല എന്നുതോന്നിയപ്പോൾ എല്ലാവരും ഇടപെട്ട് ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യം ഞാൻ പ്രത്യേകം അംഗീകരിക്കുകയാണ്. വരുന്ന വർഷങ്ങളിൽ കുറേക്കൂടി ശാസ്ത്രീയമായ രീതിയിലുള്ള പ്രവർത്തനങ്ങൾ എല്ലാവരും ചേർന്ന് നടത്തേണ്ടതായിട്ടുണ്ട്. അതിന് ആരോഗ്യ വകുപ്പ് പ്ലാൻ ചെയ്യുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, രോഗികളെല്ലാം അലോപ്പതി ആശുപത്രികളിലേയ്ക്ക് പോകുന്നതുകൊണ്ട് അവിടെയാകെ തിരക്കാണ്. ആയുർവ്വേദം, ഹോമിയോപ്പതി മേഖലകൾക്കും ഫലപ്രദമായി ചികിത്സിക്കാൻ സാധിക്കും. അതുകൊണ്ട് ആ ശാഖകൾകൂടി ശക്തിപ്പെടുത്താനും ഇത്തരം സാഹചര്യങ്ങളെ നേരിടുന്നതിന് പ്രാപ്തമാക്കാനുമുള്ള പ്രത്യേക സംവിധാനമുണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആയുർവ്വേദം, ഹോമിയോ തുടങ്ങിയ എല്ലാ മേഖലകളിലും രോഗപ്രതിരോധത്തിനുള്ള സാധ്യതയുണ്ട്. ഇത്തവണ നല്ല ഒരു ശ്രമം നടത്തിയിട്ടുണ്ട്. അത് കുറേക്കൂടി ഊർജ്ജിതമാക്കിക്കൊണ്ട് എല്ലാ മേഖലകളും ഉപയോഗപ്പെടുത്തി രോഗപ്രതിരോധം നടത്തുന്നതിന് തയ്യാറാകുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൊച്ചി മെട്രോ റെയിൽ പദ്ധതി

6 (*4) ശ്രീ. അൻവർ സാദത്ത് :

ശ്രീ. പി. ടി. തോമസ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത്;

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് നടത്താനുള്ളത്;

(ഡി) പദ്ധതിയുടെ അടുത്ത ഘട്ടം എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി (Phase I) ആലുവ മുതൽ പേട്ട വരെയാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ ആലുവ മുതൽ പാലാരിവട്ടം വരെ (13.267 KM) മുട്ടം ഡിപ്പോ ഉൾപ്പെടെ 2017 ജൂൺ 17-ാം തീയതി കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് (4.96 KM) വരെയുള്ള ഭാഗത്ത് പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ഈ സെക്ഷൻ ഒക്ടോബർ 2017-ൽ കമ്മീഷൻ ചെയ്യാൻ പറ്റുമെന്ന് പ്രതീക്ഷിക്കുന്നു. മഹാരാജാസ് കോളേജ് മുതൽ സൗത്ത് സ്റ്റേഷൻ വരെയും കുന്നറ പാർക്ക് മുതൽ പേട്ട വരെയുമുള്ള reach-II-ന്റെ റീ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സെക്ഷന്റെ പണി നവംബർ മാസത്തിൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. തൈക്കൂടം മുതൽ പേട്ട വരെ സ്ഥലം ലഭ്യമാക്കി പ്രാരംഭ പണിയായ റോഡ് വീതി കൂട്ടൽ ആരംഭിക്കേണ്ടതുണ്ട്.

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പനമ്പിള്ളി നഗറിൽനിന്നും കടവന്ത്ര സ്റ്റേഷനിലേക്കുള്ള നടപ്പാതയുടെയും സൈക്കിൾ പാതയുടെയും ആദ്യഘട്ടം പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. കൂടാതെ, നോർത്ത് ROB പുതുക്കിപ്പണിയുകയും ബാനർജി റോഡ്, എം.ജി റോഡ് മുതലായവ വീതി കൂട്ടി നടപ്പാതകൾ നിർമ്മിക്കുകയും സലിം രാജൻ ROB, പച്ചാളം ROB, ഇടപ്പള്ളി ഫ്ലൈ ഓവർ എന്നിവ പുതുതായി നിർമ്മിക്കുകയും ഏകദേശം 50 റോഡുകളുടെ പുനരുദ്ധാരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) കൊച്ചി മെട്രോ രണ്ടാംഘട്ടത്തിന്റെ ആദ്യഭാഗമായ പാലാരിവട്ടം മുതൽ മഹാരാജാസ് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയാണ്. ഈ സെക്ഷനിൽ 2017 ജൂലൈ 14-ാം തീയതി മുതൽ ട്രെയിൻ ട്രയലുകൾ ആരംഭിച്ചു. ട്രാക്ക്, ട്രാക്ഷൻ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. സിഗ്നലിന്റെയും സ്റ്റേഷൻ നിർമ്മാണത്തിന്റെയും പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ഫയർ സേഫ്റ്റി സർട്ടിഫിക്കറ്റ്, ഇ.ഐ.ജി സർട്ടിഫിക്കറ്റ് എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ഡി) പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെ (4.96 KM) ഒക്ടോബർ 2017-ലും, മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ (7.385 KM) ഡിസംബർ 2019-ലും പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

**റേഷൻകാർഡിലെ മുൻഗണനാ പട്ടിക**

7 (*5) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി റേഷൻ കാർഡ് നൽകിയതിൽ വ്യാപകമായ പരാതി ഉയർന്നത് പരിശോധനാ വിധേയമാക്കിയിരുന്നോ; വിശദാംശം അറിയിക്കാമോ; തെറ്റുതിരുത്തി ഏതൊക്കെ വിഭാഗം ആളുകളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മുമ്പ് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉൾപ്പെട്ടിരുന്നവർ സാമ്പത്തിക ഉന്നമനം പ്രാപിക്കാതെതന്നെ മുൻഗണന പട്ടികയിൽനിന്നും പുറത്തായത് കാരണം സബ്സിഡി നിരക്കിലുള്ള ഭക്ഷ്യവസ്തുക്കൾ ലഭ്യമാകാതെയും ബി.പി.എൽ. വിഭാഗത്തിനുള്ള സൗജന്യ ചികിത്സ ലഭിക്കാതെയും ദുരിതത്തിലായിരിക്കുന്നത് പരിഹരിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച മാനദണ്ഡവും ഈ പട്ടികയിൽപ്പെടുത്തുന്നതിനായി നിജപ്പെടുത്തിയിട്ടുള്ള ആളുകളുടെ എണ്ണവും അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) പരിശോധനാ വിധേയമാക്കിയിരുന്നു. മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14-1-11-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ, 27-4-12-ലെ സ.ഉ.(കൈ) നമ്പർ112/12/ത.സ്വ.ഭ.വ. എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളെയും സർക്കാർ ജോലി ഉൾപ്പെടെ സ്ഥിര വരുമാനമുള്ളവരെയും ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളുടെയും മറ്റു മാനദണ്ഡങ്ങളും മാറ്റിവച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ ഉത്തരവ് (കൈ)നമ്പർ 112/12/ത.സ്വ.ഭ.വ., തീയതി 27-4-12, സർക്കാർ ഉത്തരവ് (കൈ)നമ്പർ16/2011/ത.സ്വ.ഭ.വ., തീയതി 14-1-11 എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ആകെ 15480040 ഗുണഭോക്താക്കളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിയമം അനുശാസിക്കുന്നുണ്ട്.

**രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ദീർഘകാല കർമ്മപദ്ധതി**

8 (*6) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി വ്യാപിക്കുന്ന കാലത്തുപോലും സർക്കാർ ആശുപത്രികളിൽ ചിലതെങ്കിലും വേണ്ടത്ര ശുചിത്വം പുലർത്തുന്നവയോ പര്യാപ്തമായ സൗകര്യങ്ങൾ ഉള്ളവയോ അല്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിരുന്നോ; ഈ പ്രശ്നം പരിഹരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ വർഷകാലപൂർവ്വ സമയത്ത് മാത്രമായി പരിമിതപ്പെടുത്താതെ, ദീർഘകാല കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ സ്ഥായിയായ രീതിയിൽ നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിലും പരിസര ശുചിത്വ ബോധവൽക്കരണത്തിലും 5400-ൽ അധികം വരുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. സർക്കാർ ആശുപത്രികളിൽ ശരിയായ രീതിയിൽ മാലിന്യ നിർമ്മാർജ്ജനവും മഴക്കാലപൂർവ്വ ശുചീകരണവും ഈച്ച, കൊതുക്, എലി തുടങ്ങിയവയുടെ ഉറവിട നശീകരണവും നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ശുദ്ധജല ലഭ്യത, ഉപകരണങ്ങൾ അണുവിമുക്തമാക്കൽ തുടങ്ങിയവയും ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ വിവിധ ആശുപത്രികൾ സന്ദർശിച്ച് ശുചിത്വം പരിശോധിക്കുകയും പോരായ്മ ഉണ്ടായിരുന്ന ആശുപത്രികൾക്ക് പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് കൊടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന രേഖയാണ് ആരോഗ്യ വകുപ്പ് മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും തയ്യാറാക്കിയിട്ടുള്ളത്. അതിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗനിരീക്ഷണം, രോഗചികിത്സ, ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ, രോഗനിയന്ത്രണം തുടങ്ങിയ ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വർഷകാലപൂർവ്വ സമയത്ത് തീവ്രപരിപാടികൾ നടത്താറുണ്ട്. ഈ വർഷം മുതൽ തീവ്ര പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി സ്ഥായിയായ രീതിയിൽത്തന്നെ തുടർന്ന് പോകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്വീകരിക്കും. ആരോഗ്യ ഉപകേന്ദ്രങ്ങൾ അമ്മയുടെയും കുഞ്ഞിന്റെയും ക്ഷേമം ലക്ഷ്യം വച്ചുള്ളതാണ്. കൂടാതെ വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾ വഴി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനവും ശുചിത്വ ബോധവൽക്കരണവും നടത്തിവരുന്നു.

## സ്ത്രീ സുരക്ഷയ്ക്ക് നൂതന പദ്ധതികൾ

9 (*8) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ പ്രവർത്തിക്കുന്ന പിങ്ക് പട്രോൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സമ്പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിന് പിങ്ക് ബീറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നിലവിൽ നടപ്പാക്കിയിട്ടുള്ളത്;

(ഇ) പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി ഓപ്പറേഷൻ പിങ്ക്, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി പ്രവർത്തിച്ചുവരുന്നു. കൂടാതെ പിങ്ക് ബീറ്റ് 1091 എന്ന നമ്പരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ, നിർഭയ വോളന്റിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകളെ സ്വയരക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിനുള്ള സെൽഫ് ഡിഫെൻസ് ക്ലാസ്സുകൾ, സ്ത്രീകളുടെ പരാതികൾ സംബന്ധിച്ച പ്രത്യേക അദാലത്തുകൾ, എസ്.പി.സി., എസ്.പി.ജി., ജനമൈത്രി സമിതികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്. പൂവാലശല്യം ഒഴിവാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ സ്കൂൾ, കോളേജ്, മാർക്കറ്റ് പരിസരങ്ങളിൽ നിയോഗിച്ച് നടപടി സ്വീകരിച്ചു വരുന്നു. തിരക്കുള്ള സമയങ്ങളിൽ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, മറ്റു തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പിങ്ക് പോലീസ് പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ പഞ്ചായത്തുതോറും വനിതാ പോലീസ് ഉദ്യോഗസ്ഥർ സ്ത്രീകളിൽനിന്നും പരാതികൾ സ്വീകരിച്ച് നിയമപരമായ സഹായങ്ങൾ ചെയ്തുവരുന്നു. പൊതുയാത്രാ വാഹനങ്ങളിൽ സ്ത്രീകളോടും പെൺകുട്ടികളോടും അപമര്യാദയായി പെരുമാറുന്നവരെ കണ്ടെത്തുന്നതിനായി മഫ്തിയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു വരുന്നതും സ്ത്രീകളുടെ തൊഴിലിടങ്ങളിൽ റിഡ്രസൽ സെൽ രൂപീകരിക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികളിന്മേൽ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) സ്കൂളുകൾ, കോളേജുകൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ പട്രോളിംഗ് നടത്തുന്നതുമൂലം സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സുരക്ഷ ഉറപ്പുവരുത്താനും സാധിക്കുന്നു.

(സി) നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം റൂറൽ, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഇ) പിങ്ക് പോലീസിന്റെ പ്രവർത്തനം കൂടുതൽ പോലീസ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് ഘടന**

10 (*9) ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കഴിഞ്ഞ വർഷം പ്രവേശനത്തിന് അനുവർത്തിച്ച മാനദണ്ഡങ്ങളിൽ, നീറ്റ് മെരിറ്റ് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്;

(സി) 2015-16 അദ്ധ്യയനവർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. സീറ്റുകളിൽ നിശ്ചയിച്ച ഫീസ് എത്ര വീതമായിരുന്നു;

(ഡി) 2016-17 അദ്ധ്യയനവർഷം ഇതിലെന്തെങ്കിലും വർദ്ധനവ് നടപ്പിലാക്കിയിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു; വർദ്ധനവ് നടപ്പിലാക്കിയെങ്കിൽ ഇതുമൂലം സ്വകാര്യ മാനേജ്മെന്റുകൾക്ക് 2015-16-നെ അപേക്ഷിച്ച് എന്ത് തുക അധികമായി ലഭിച്ചിട്ടുണ്ട്;

(ഇ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പഠനം വരേണ്യവർഗ്ഗത്തിന് മാത്രമായി മാറ്റുന്നതിനുള്ള ഭാഗമായിട്ടാണ് 2017-18 ൽ കഴിഞ്ഞ വർഷത്തേതിനേക്കാൾ ഇരട്ടി ഫീസ് അനുവദിച്ചിട്ടുള്ളത്എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സാമൂഹ്യനീതി നടപ്പിലാക്കുക എന്ന സർക്കാർ ലക്ഷ്യം ഇത്തരത്തിലുള്ള ഫീസ് വർദ്ധനവിലൂടെ എപ്രകാരമാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനത്തിന് ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ സമിതി താൽക്കാലികമായി നിശ്ചയിച്ച ഫീസ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എം.ബി.ബി.എസ്. (85% സീറ്റുകൾ) | - | ₹ 5 ലക്ഷം |
| എം.ബി.ബി.എസ്. (15% NRI സീറ്റുകൾ) | - | ₹ 20 ലക്ഷം |

സർക്കാരുമായി കരാറിൽ ഏർപ്പെടുന്ന സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കഴിഞ്ഞ വർഷത്തെ ഫീസ് നിരക്കാണ് ഈ വർഷവും ബാധകം.

(ബി) നീറ്റ് മെറിറ്റ് നിലവിൽ വന്നതിനാൽ എല്ലാ സീറ്റുകളിലേയ്ക്കും കോമൺ കൗൺസിലിംഗ് മുഖേന പ്രവേശന പരീക്ഷാ കമ്മീഷണറാണ് അലോട്ട്മെന്റ് നടത്തുന്നത്. ഈ വർഷം മുതൽ മാനേജ്മെന്റ് സീറ്റുകളിൽ സ്വന്തം നിലയിൽ പ്രവേശനം നടത്താൻ മാനേജ്മെന്റുകൾക്ക് സാധിക്കില്ല.

(സി) 2015-16 അദ്ധ്യയനവർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിശ്ചയിച്ച ഫീസ് താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| BPL | - | ₹ 25,000 |
| SEBC | - | ₹ 25,000 |
| സർക്കാർ മെരിറ്റ് | - | ₹ 1,85,000 |
| മാനേജ്മെന്റ് | - | ₹ 8,50,000 |
| NRI | - | ₹ 12,50,000 |

(ഡി) 2016-17 അദ്ധ്യയനവർഷത്തേയ്ക്ക് ഫീസ് വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യ സർവ്വകലാശാലയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും നിഷ്കർഷിക്കുന്ന രീതിയിൽ കോളേജും ആശുപത്രിയും നടത്തുന്നതിനുള്ള ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് സർക്കാർ 2016-17 അദ്ധ്യയനവർഷത്തിൽ ഫീസ് വർദ്ധിപ്പിച്ചത്. ഫീസ് വർദ്ധനയിലൂടെ ഓരോ മെറിറ്റ് സീറ്റിനും 65,000 രൂപ വീതവും മാനേജ്മെന്റ് സീറ്റിന് 2,50,000 രൂപ വീതവും NRI സീറ്റിന് 2,50,000 രൂപ വീതവും 2015-16-നെ അപേക്ഷിച്ച് സ്വകാര്യ മാനേജ്മെന്റുകൾക്ക് അധികമായി ലഭിച്ചിട്ടുള്ളതായി കാണുന്നു.

(ഇ&എഫ്) 2017-18 വർഷത്തിൽ ഫീ റെഗുലേറ്ററി കമ്മിറ്റി അംഗീകരിച്ചത് 85% സീറ്റുകളിൽ 5 ലക്ഷം രൂപ നിരക്കിലും 15% NRI സീറ്റുകളിൽ 20 ലക്ഷം രൂപ വീതവുമാണ്. എന്നാൽ ഈ 15% NRI സീറ്റുകളിൽനിന്നും ലഭിക്കുന്ന ഫീസിനത്തിൽ സീറ്റൊന്നിന് 5 ലക്ഷം രൂപ വീതം സ്കോളർഷിപ്പ് ഇനത്തിൽ വകകൊള്ളിച്ച് പ്രസ്തുത തുക ഉയർന്ന റാങ്കുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്.

**ഓണക്കാലത്ത് അവശ്യവസ്തു വിലനിയന്ത്രണ സംവിധാനം**

11 (*10) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് അവശ്യവസ്തുക്കളുടെ, പ്രത്യേകിച്ച് അരിയുടെയും പച്ചക്കറിയുടെയും വില നിയന്ത്രിച്ച് നിർത്താനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെന്ന് അറിയിക്കാമോ;

(ബി) അരി പൂഴ്ത്തിവച്ച് കരിഞ്ചന്തയിൽ കൊള്ളലാഭമുണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) ആന്ധ്രാപ്രദേശിലെ മൊത്തക്കച്ചവടക്കാരും സംസ്ഥാനത്തെ ഇടനിലക്കാരും ചേർന്ന് അരിക്ക് കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നത് തടയാനായി സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഓണക്കാലത്ത് വിപണിയിടപെടലിന്റെ ഭാഗമായി ജില്ലാ ഫെയറുകളും താലൂക്കുതല ഫെയറുകളും പ്രത്യേക ഓണച്ചന്തകളും സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന 13 ഇനം അവശ്യസാധനങ്ങൾക്ക് പുറമെ OMSS (Open Market Sale Scheme) പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവ ഓണക്കാലത്തും വിതരണം തുടരുന്നതാണ്. നിത്യോപയോഗ സാധനങ്ങൾക്കുപുറമെ പൊതുവിപണിയിലെ വിലയെക്കാൾ 10 മുതൽ 20 ശതമാനംവരെ കുറഞ്ഞ നിരക്കിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ പച്ചക്കറിയും ഓണം ഫെയറുകൾ വഴി വിതരണം നടത്തുന്നതാണ്.

(ബി) അരി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പൂഴ്ത്തിവയ്ക്കുന്നവർക്കെതിരെ 1955-ലെ അവശ്യ സാധന നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇടനിലക്കാരെ ഒഴിവാക്കി വിലവർദ്ധനവ് തടയുന്നതിനും അരി ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി ഉന്നതതല സംഘം, ആന്ധ്രാപ്രദേശ് സർക്കാരുമായി ചർച്ചകൾ നടത്തുകയും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽനിന്നും നേരിട്ട് അരി വാങ്ങി വിപണികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും പൂഴ്ത്തിവയ്പ്പും തടയാൻ നടപടി

12 (*11) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്നത് തടയാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സർക്കാരിന്റെ ഇടപെടൽമൂലം വില വർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവയ്പ്പ് തടയാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സപ്ലൈകോവഴി 13 ഇനം അവശ്യസാധനങ്ങളും OMSS (Open Market Sale Scheme) പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ 28 ഇനം അവശ്യസാധനങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനംവരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിലും മറ്റ് അവശ്യസാധനങ്ങളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP-യെക്കാൾ 5 മുതൽ 30 ശതമാനംവരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) ഉണ്ട്. അവശ്യസാധനങ്ങളുടെ സബ്സിഡി വിൽപ്പനവില വർദ്ധിപ്പിക്കാതെ സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കിക്കൊണ്ടുള്ള വിപണി ഇടപെടലിലൂടെ വിപണിയിലെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയഅരി, കുറുവ അരി, മട്ട അരി, പച്ചരി, ആന്ധ്ര ഇതര ജയ അരി, വെളിച്ചെണ്ണ എന്നീ ഇനങ്ങളുടെ സബ്സിഡി വില പൊതുവിപണിയിലെ വിലയെക്കാൾ കുറവാണ്.

(സി) ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവയ്പിനെതിരെ 1955-ലെ അവശ്യ സാധന നിയമ പ്രകാരം ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**റേഷൻ കാർഡ് വിതരണം**

13 (*12) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണം പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് കിട്ടിയ അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(സി) അരിവില ക്രമാതീതമായി ഉയരുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്ത് മൊത്തമുള്ള 8018030 കാർഡുകളിൽ 6737978 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് 514103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിലും റേഷൻകട തലത്തിലും ക്രോഡീകരിക്കുന്ന നടപടികൾ നടന്നുവരുന്നു.

(സി) നിലവിൽ പൊതുവിപണിയിൽ അരിക്ക് വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വർഷാരംഭത്തിൽ 'ജയ' ബ്രാന്റിലുള്ള അരിയുടെ മാത്രം വില ഗണ്യമായ രീതിയിൽ വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഭക്ഷ്യധാന്യ വ്യാപാരികളുടെ യോഗം ജനുവരിയിൽ വിളിച്ച് വില വർദ്ധനവിനുണ്ടായ സാഹചര്യങ്ങൾ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ കളക്ടർമാർ ഭക്ഷ്യധാന്യ വ്യാപാരികളുമായി ചർച്ച ചെയ്യുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇടപെടൽ മുഖേന ഏപ്രിൽ മാസത്തോടെ 'ജയ' ബ്രാന്റ് അരിയുടെ വില സാധാരണ വിലയിൽ എത്തിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ മുഖാന്തിരം ശക്തമായ വിപണി ഇടപെടൽ നടത്തുകയും കൺസ്യൂമർ ഫെഡ് അരിക്കടകൾ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തു. 2017 ഓണത്തോടനുബന്ധിച്ച് അരി, മറ്റ് പയറുവർഗ്ഗങ്ങൾ എന്നിവ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുവേണ്ടി ആന്ധ്ര സർക്കാരുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്നതിന് മന്ത്രിതല ചർച്ച നടത്തുകയും ആയതിനുള്ള തുടർനടപടികൾ സപ്ലൈകോവഴി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**എൻഡോസൾഫാൻ ദുരന്തബാധിതർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ**

14 (*13) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരന്തബാധിതരുടെ പ്രശ്നപരിഹാരത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദുരിതബാധിതർക്ക് ധനസഹായം ലഭ്യമാക്കാനായി സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽനിന്നും എൻഡോസൾഫാൻ നിർമ്മാതാക്കളിൽനിന്നും തുക ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക ലഭ്യമാക്കാത്തതിന് എന്ത് കാരണമാണ് അറിയിച്ചിട്ടുള്ളത്;

(സി) ദുരിതബാധിതരുടെ ചികിത്സയ്ക്കായും പെൻഷൻ, സൗജന്യ റേഷൻ തുടങ്ങിയവ കൃത്യമായി നൽകുന്നതിനായും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ അറിയിക്കാമോ;

(ഡി) നിലവിൽ, ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായിട്ടുള്ള ദുരിതബാധിതരെ കണ്ടെത്തി സഹായം എത്തിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകുമോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) എൻഡോസൾഫാൻ ദുരന്തബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള ധനസഹായത്തിന്റെ ഒന്നും രണ്ടും ഗഡുക്കൾ വിതരണം ചെയ്തിട്ടുണ്ട്. മൂന്നാം ഗഡു (അവസാന ഗഡു) അനുവദിക്കുന്നതിനായി 56.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആകെ 2626 പേർക്ക് മൂന്നാം ഗഡുവായി 39.58 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്.

നിലവിലുള്ള മാനദണ്ഡപ്രകാരം ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ ഗുരുതരരോഗമുള്ളവരുമായ 127 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിലെ അടിസ്ഥാന വികസനം ലക്ഷ്യമാക്കിക്കൊണ്ട് നബാർഡ്, ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടത്തിവരുന്ന പദ്ധതികൾക്കായി ഈ സർക്കാർ അധികാരമേറ്റശേഷം 20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ സാമൂഹികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ വില്ലേജിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ച നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് കോടതിവിധിപ്രകാരമുള്ള നഷ്ട പരിഹാരം നൽകുന്നതിനായി 2017-18 ബജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളത് അനുവദിക്കുന്നതിന് നടപടിയെടുത്തുവരുന്നു.

(ബി) 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിലേക്കായി പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും 53.105 കോടി രൂപ ഈടാക്കിയിട്ടുണ്ട്. 10-1-2017-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് വിവിധതലത്തിലുള്ള സഹായങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

2010 മുതൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസ പെൻഷൻ, സൗജന്യ ആരോഗ്യ പരിരക്ഷ, സൗജന്യ റേഷൻ എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽനിന്നും പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ ആശ്രിതർ, ശാരീരിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് ഗഡുക്കളായി ധനസഹായം നൽകുന്നതിന് തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എംപാനൽ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവിടെ സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകിവരുന്നു.

ദുരിതബാധിതരുടെ വീടുകളിൽചെന്ന് സാന്ത്വന ചികിത്സ ലഭ്യമാക്കു ന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. വൃക്കരോഗബാധിതരിൽ ഡയാലിസിസ് ആവശ്യമായി വരുന്നവർക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തിക്കുന്നതിന് ജില്ലയിലെ 11 പഞ്ചായത്തുകളിലും വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ടീം ദുരിതബാധിതരായി കിടപ്പിലായ രോഗികളുടെ വീട്ടിൽച്ചെന്ന് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. സൗജന്യ ചികിത്സായിനത്തിൽ ഏകദേശം നാല് കോടി രൂപയോളം പ്രതിവർഷം ചെലവാകുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1,200 രൂപ, 1,700 രൂപ, 2,200 രൂപ നിരക്കിൽ നിലവിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതംമൂലം പൂർണ്ണമായും കിടപ്പിലായവരെയും ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരെയും (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവരെ) പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി മുഖേന പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2,000 രൂപ വീതവും 8 മുതൽ 10 വരെ ക്ലാസ്സുകളിലുള്ളവർക്ക് 3,000 രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് 4,000 രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു.

മാനസികവൈകല്യമുള്ള കുട്ടികൾക്കായി 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതുവരെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 5-4-2017 മുതൽ 9-4-2017 വരെ 5 വിവിധ സ്ഥലങ്ങളിലായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അവരുടെ രോഗാവസ്ഥ പരിഗണിച്ച് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി**

15 (*14) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പി. ടി. തോമസ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് നടത്താനുണ്ട്; വിശദമാക്കുമോ;

(സി) എത്ര തൊഴിലവസരങ്ങളാണ് ഈ പദ്ധതിമൂലം സംജാതമാകുന്നതെന്ന് വിശദീകരിക്കാമോ;

(ഡി) സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ സഹായവും ഉറപ്പുവരുത്തുന്നതിനും പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുംവേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. സർക്കാരിനെ പ്രതിനിധീകരിച്ച് ഐ.ടി. സെക്രട്ടറിയെ ഈ കമ്മിറ്റിയിലേയ്ക്ക് നിയോഗിച്ചു. ഈ കമ്മിറ്റി യോഗം ചേർന്ന് ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം ഉറപ്പുവരുത്തേണ്ട എല്ലാ കാര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുകയും പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കാനാവശ്യമായ കാര്യങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമാക്കുന്നതിനായി സ്മാർട്ട് സിറ്റി അധികൃതരുടെ ഭാഗത്തുനിന്നും രണ്ട് പാലങ്ങൾ, ബാക്കി റോഡുകൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം പദ്ധതി നടത്തിപ്പിനായി മെട്രോ കണക്ടിവിറ്റി, വൈദ്യുതി, ജലവിതരണ സംവിധാനങ്ങൾ, അനുബന്ധ റോഡുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. 220 KV GIS substation മുഖേന വൈദ്യുതി വിതരണം പങ്കിടുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഏകദേശം 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്. 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടം പ്രവർത്തനമാരംഭിക്കുകയും ഏകദേശം 2500 പേർ അവിടെ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

(ഡി) സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ച ഭൂമിയുടെ അളവും കൈവശാവകാശം ലഭിച്ച ഭൂമിയുടെ വിസ്തൃതിയും തമ്മിൽ വ്യത്യാസമുണ്ടെന്ന സ്മാർട്ട് സിറ്റി അധികൃതരുടെ ആശങ്ക പരിഹരിക്കാനായി ഭൂമി അളന്നു തിരിച്ച് അതിർത്തി നിർണ്ണയിച്ചുതരാൻ കമ്പനി അധികൃതർ കളക്ടറെ സമീപിക്കാനും കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം തീർപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തിന് മദ്ധ്യത്തിലൂടെ പോകുന്ന PWD റോഡ് പദ്ധതിയെ ബാധിക്കാത്ത രീതിയിൽ പുനഃക്രമീകരിക്കാൻ സർക്കാർ തലത്തിൽ നടപടി തുടങ്ങിയിട്ടുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം (2020-21) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ മറ്റു തടസ്സങ്ങളൊന്നുംതന്നെ നിലവിലില്ല.

**വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

16 (*15) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്ത്രീകൾക്ക് ആവശ്യമായ സഹായം നൽകുന്നതിനായി കോർപ്പറേഷൻ 'മിത്ര 181' എന്ന ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ടോ;

(ഡി) വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ആദിവാസി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആദിവാസി ഊരുകളിൽ പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ&ബി) വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മൂന്ന് മാസത്തിൽ കുറയാത്ത ഇടവേളകളിൽ ബോർഡ് യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്. കൂടാതെ വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്ലാൻ ഫണ്ടുകളുടെ ഉപയോഗം ഓരോ മൂന്ന് മാസം കൂടുമ്പോഴും സർക്കാർ തലത്തിലും പ്ലാനിംഗ് ബോർഡും വിലയിരുത്തുന്നുണ്ട്.

(സി) 'മിത്ര 181' ഹെൽപ്പ് ലൈനിന്റെ 24 മണിക്കൂർ പ്രവർത്തനം 28-3-2017 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ഡി) 2017-18 സാമ്പത്തിക വർഷം വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(1) വനിതാ വികസന കോർപ്പറേഷൻവഴി വനിതകൾക്ക് സംരംഭകത്വ വായ്പ നൽകി വരുന്നു.

(2) കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ പഞ്ചായത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഗോത്രവർഗ്ഗത്തിൽപ്പെടുന്ന വനിതകൾക്കായി ഒരു സംയോജിത നൈപുണ്യ വികസന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3) എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരായ സ്ത്രീകൾക്കായി ഹോസ്റ്റൽ, ഗസ്റ്റ് റൂം, അന്തേവാസികളുടെ കുഞ്ഞുങ്ങൾക്ക് ക്രെഷ് സൗകര്യം, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുവേണ്ടി ഷോർട്ട് സ്റ്റേ ഹോം എന്നിവ ചേർന്ന വനിതാ മിത്ര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(4) കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഷീ-പാഡ് വിതരണം.

(5) വനിതകൾക്കും പെൺകുട്ടികൾക്കുമായി ആർത്തവശുചിത്വ/ ആരോഗ്യ ബോധവത്കരണ പരിപാടി.

(6) പോലീസ് ഉദ്യോഗസ്ഥർക്കുവേണ്ടി ലിംഗാവബോധ പരിശീലന പരിപാടി.

(7) വിവിധ ജില്ലകളിലായി 25 ഷീ-ടോയ്‌ലെറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(8) സംസ്ഥാന വ്യാപകമായി സ്ത്രീകൾക്കുവേണ്ടി ഫ്രഷ് അപ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(9) 80 കോളേജുകളിൽ കൂടി വിമൻസെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(10) സ്ത്രീ സുരക്ഷയ്ക്കായി അടിയന്തര ഘട്ടങ്ങളിൽ സേവനങ്ങളും സഹായവും ലഭ്യമാക്കുന്നതിന് 24 മണിക്കൂർ പ്രവർത്തിക്കുന്ന 'മിത്ര 181' എന്ന ഹെൽപ്പ് ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(11) കൂടാതെ അന്താരാഷ്ട്ര വനിതാ വാണിജ്യ സമുച്ചയം എറണാകുളത്ത് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഇ) ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി വനിതാ വികസന കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിവരുന്നു. ഈ വർഷം ചക്കിട്ടപാറ പഞ്ചായത്തിലെ മുതുകാട്ടുള്ള 4 ആദിവാസി ഊരുകളിലെ വനിതകൾക്കുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ ഒരു തൊഴിൽ പരിശീലന/വികസന പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**ശബരിമല വിമാനത്താവളം**

17 (*16) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലവിലുണ്ടോ;

(സി) നഷ്ടപരിഹാരം നൽകാതെ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം

നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപ്പര്യപത്രം ക്ഷണിക്കുകയും തുടർനടപടികൾ പൂർത്തിയാക്കി കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി 25-4-2017-ൽ സമർപ്പിച്ച പ്രാഥമിക സ്ഥല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമല വിമാനത്താവള പദ്ധതിക്കായി ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്തുകൊണ്ട് 21-7-2017-ലെ ജി.ഒ.(എം.എസ്.) 60/2017/ഗതാ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചെറുവള്ളി എസ്റ്റേറ്റ് സംബന്ധിച്ച ഉടമസ്ഥാവകാശ തർക്കം WP(C) 10640/2015 നമ്പർ കേസ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28-5-2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ കണ്ടെത്തലുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി റഫറൻസ് ഉത്തരവിൽ സർക്കാരിന് അനുകൂലമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. കമ്പനികൾ മുമ്പ് നേടിയ കോടതി ഉത്തരവുകളിൽ തീരുമാനമെടുക്കുന്നതിനായി കേസ്സുകൾ നിലവിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

(സി) സ്ഥലമെടുക്കുന്നത് സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടില്ല.

**സ്ത്രീ സുരക്ഷയും ശാക്തീകരണവും**

18 (*17) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്ത്രീധനം, ഗാർഹിക പീഡനം, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ 'സധൈര്യം മുന്നോട്ട്' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) വിധവകൾക്കും അവിവാഹിതരായ അമ്മമാർക്കും വേണ്ടി സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി ചുവടെ പറയുന്ന വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചു വരുന്നു.

1. <u>കൈത്താങ്ങ് പദ്ധതി</u>

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികൾക്കാണ് പ്രാധാന്യം നൽകേണ്ടത്. ഈ അതിക്രമങ്ങൾ ചെറുക്കുന്നതിനായി വിവിധ വകുപ്പുകൾ പല മേഖലകളിലായി പ്രവർത്തിച്ചു വരുന്നു. ഈ വകുപ്പുകളുടെ എല്ലാ പ്രവർത്തനങ്ങളും താഴേത്തട്ട് മുതൽ ഏകോപിപ്പിച്ചുകൊണ്ട് കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാപ്രധാൻ ഏജന്റ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്നൊരു കർമ്മസേന രൂപീകരിച്ച് പൈലറ്റാടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലായി 350 വാർഡുകളിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന ആവിഷ്കരിച്ചിരിക്കുന്നു.

2. <u>സ്ത്രീകൾക്കും പെൺകുട്ടികൾക്കുമുള്ള നിയമാവബോധ പരിപാടി</u>

സമൂഹത്തിലെ താഴേക്കിടയിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയും നിയമാവബോധത്തിലൂടെ ശാക്തീകരിക്കുക, തങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ, നിയമാവകാശങ്ങൾ, മറ്റു നിയമങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ 100 നിയമാവബോധ പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. ശ്രദ്ധ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിന് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമ ബോധവൽക്കരണം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കുന്ന 'ശ്രദ്ധ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

4. ആലപ്പുഴ ജില്ലയിലെ വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും ശാക്തീകരണത്തിനായുള്ള പദ്ധതി

സമൂഹത്തിന്റെ താഴേത്തട്ടിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളായ സ്ത്രീകളെയും അവിവാഹിതരായ അമ്മമാരെയും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണം നൽകുക, സ്വന്തം കാലിൽ നിന്നുകൊണ്ട് ആത്മവിശ്വാസത്തോടെ ജീവിക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്.

5. ഏകദിന വസതി പദ്ധതി

സംസ്ഥാന തലസ്ഥാന നഗരിയിൽ അടിയന്തര ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസ്ഥലം കണ്ടെത്താൻ പലപ്പോഴും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് തനിച്ച് തിരുവനന്തപുരത്ത് ഇന്റർവ്യൂകളിലും വിവിധതരം മത്സരപ്പരീക്ഷകളിലും പങ്കെടുക്കുന്നതിന് വരുന്ന വനിതാ ഉദ്യോഗാർത്ഥികൾ, സെക്രട്ടേറിയറ്റ്/മറ്റു വകുപ്പ് ഡയക്ടറേറ്റുകൾ എന്നിവിടങ്ങളിൽ വ്യക്തിഗത ആവശ്യങ്ങൾക്കും മറ്റ് അടിയന്തര ആവശ്യങ്ങൾക്കുമായി രാത്രിയോ വൈകുന്നേരങ്ങളിലോ ഒറ്റയ്ക്ക് എത്തുന്ന സ്ത്രീകൾ/പെൺകുട്ടികൾ എന്നിവർക്ക് സുരക്ഷിതമായ താമസ സൗകര്യം, ഭക്ഷണം എന്നിവ തുച്ഛമായ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ വിഭാവന ചെയ്തിരിക്കുന്നതും തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതുമായ പദ്ധതിയാണിത്. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിലാണ് ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. കൂടാതെ സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി മിത്ര 181 വനിതാ ഹെൽപ്പ് ലൈൻ പദ്ധതി 28-3-2017 മുതൽ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ സ്ത്രീ ശാക്തീകരണ

പരിപാടിയുടെ ഭാഗമായി വനിതകളെ സ്വയംപര്യാപ്തമാക്കുന്നതിന് കേന്ദ്ര ധനകാര്യ കോർപ്പറേഷനുകളുടെയും കേരള സർക്കാരിന്റെയും സഹായത്തോടെ 2017-18 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയുടെ സംരംഭകത്വ വായ്പാ വിതരണം ലക്ഷ്യം വയ്ക്കുന്നു. എല്ലാ ജില്ലകളിലും വനിതകൾക്കുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നു. കേരളത്തിലെ സ്കൂളുകളിൽ ഷീ-പാഡ് വിതരണം നടത്തിവരുന്നു.

(ബി) തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക ശാക്തീകരണത്തിലൂടെയും നിയമ സംവിധാനങ്ങളിലൂടെയും ലിംഗാവബോധത്തിലൂടെയും സ്ത്രീകൾക്ക് അവസരങ്ങൾ നൽകുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ കുടുംബത്തിന് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും വ്യാവസായിക സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള വ്യാവസായിക പരിശീലനം നൽകുന്നതിനും ലിംഗസമത്വം സംബന്ധിച്ച് സാംസ്കാരികവും സാമൂഹികവുമായ അറിവും വിജ്ഞാനവും നൽകുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റക്കാരെ അതിവേഗം ശിക്ഷിക്കുന്നതിനും നിയമങ്ങളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും ദാരിദ്ര്യം, ചൂഷണം, അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾ, പ്രകൃതി ദുരന്തങ്ങൾ ബാധിച്ച സ്ത്രീകൾ, വയോധികരായ സ്ത്രീകൾ, അവിവാഹിതരായ സ്ത്രീകൾ, വനിതാ ഗൃഹനാഥരായ കുടുംബങ്ങളിലെ സ്ത്രീകൾ, ആദിവാസി സ്ത്രീകൾ എന്നിവരെ സാമൂഹികമായി സംരക്ഷിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യനീതി വകുപ്പ് മുഖേന വിവിധ പദ്ധതികൾ സ്ത്രീശാക്തീകരണ പദ്ധതികളിലൂടെ ആവിഷ്കരിച്ചുവരുന്നു. ഈ പദ്ധതികൾ സമയബന്ധിതക്രമത്തിൽ പൂർത്തീകരിക്കുന്നതിനുള്ള ഒരു പദ്ധതി 'സധൈര്യം മുന്നോട്ട്' എന്ന പേരിൽ ആവിഷ്കരിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗാർഹിക പീഡനത്തിന് ഇരയായവർ, വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് സ്വയംതൊഴിൽ ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഫണ്ട് നൽകിയിട്ടുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടെയും ശരിയായ നിർവ്വഹണവും ഇതിലൂടെ ലക്ഷ്യമിടുന്നു.

(സി) ഉണ്ട്. ആലപ്പുഴ ജില്ലയിലെ വിധവകൾക്കും അവിവാഹിതരായ അമ്മമാർക്കും സ്വന്തംകാലിൽ സധൈര്യം ജീവിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി ഒരു സ്വയംതൊഴിൽ പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വനിതാ വികസന കോർപ്പറേഷൻ മുഖേന വിധവകൾക്ക് സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നുണ്ട്.

## മതസ്പർദ്ധ വളർത്തുന്ന പരാമർശം

19 (*19) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്കിടയിൽ വർഗ്ഗീയ വേർതിരിവുണ്ടാക്കുന്ന രീതിയിൽ മുൻ പോലീസ് മേധാവി നടത്തിയ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനെതിരെ കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) സമൂഹത്തിൽ ജാതി, മത സ്പർദ്ധ വളർത്തുന്ന രീതിയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഇ) ഈ വിഷയത്തിലെ സർക്കാർ നയം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ചില വർഗ്ഗീയ സംഘടനകളെ താരതമ്യം ചെയ്തുകൊണ്ടും കുട്ടികളുടെ ജനന നിരക്കിനെ മതത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തുകൊണ്ടും മുൻ സംസ്ഥാന പോലീസ് മേധാവി ശ്രീ. റ്റി. പി. സെൻകുമാർ നടത്തിയ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരിതിയിന്മേൽ തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ടി കേസ് ക്രൈംബ്രാഞ്ചിൽ റീ-രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈംബ്രാഞ്ച് സി.ഐ.ഡി., ഒ.സി.ഡബ്ല്യൂ-1 പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിവരികയുമാണ്.

(ഡി&ഇ) സമൂഹത്തിലെ സൗഹാർദ്ദാന്തരീക്ഷം തകർക്കുന്ന നിലയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാരിന്റെ പൊതുനയം. ഇത്തരത്തിൽ പ്രവർത്തിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## മെഡിക്കൽ പ്രവേശനം

20 (*20) ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ പ്രവേശനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം സംബന്ധിച്ച് സർക്കാർ നടത്തിയ ചർച്ചകളും ഇടപെടലുകളും വ്യക്തമാക്കാമോ;

(സി) കോടതി വിധികളിലെ പ്രതിലോമകരമായ വ്യവസ്ഥകൾ നിലനിൽക്കെത്തന്നെ ഉയർന്ന റാങ്ക് ലഭിച്ച സാമ്പത്തികമായി താഴ്ന്ന നിലയിലുള്ളവർക്ക് പഠിക്കാനുള്ള അവസരം ഉറപ്പാക്കാനായി ഏത് വിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) 2017 മേയ് 9-ാം തീയതിയിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എം.ബി.ബി.എസ്./ബി.ഡി.എസ്. പ്രവേശനം NEET-UG 2017 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നടത്തുന്ന ഏകീകൃത കൗൺസിലിംഗ് മുഖേനയായിരിക്കും. ആയത് പ്രകാരം NEET-UG 2017 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാന മെരിറ്റ് ലിസ്റ്റുകൾ, ബന്ധപ്പെട്ട കാറ്റഗറി ലിസ്റ്റുകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലേക്ക് ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുകയും ആദ്യഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചിട്ടുള്ള സമയക്രമമനുസരിച്ച് എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലെ രണ്ടാംഘട്ട കൗൺസിലിംഗ് 2017 ആഗസ്റ്റ് 8 മുതൽ 19 വരെ തീയതികളിൽ നടത്തേണ്ടതാണ്. 2017 ആഗസ്റ്റ് 8-ന് ആരംഭിക്കുന്ന രണ്ടാംഘട്ട കൗൺസിലിംഗിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളെ ഉൾപ്പെടുത്തി അലോട്ട്മെന്റ് നടത്തുന്നതാണ്.

(ബി) സ്വകാര്യ മെഡിക്കൽ മാനേജ്മെന്റുകളുമായി സർക്കാർ 27-3-2017, 31-5-2017, 14-6-2017 എന്നീ തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. എന്നാൽ ഫീസ് ഘടന സംബന്ധിച്ച് ധാരണയിലെത്തുകയുണ്ടായില്ല. തുടർന്ന് ചില മാനേജ്മെന്റുകളായ എം.ഇ.എസ്, സി.എസ്.ഐ. കാരക്കോണം മുതലായവർ ഗവൺമെന്റിനെ സമീപിക്കുകയും മുൻവർഷത്തെ ഫീസ് നിരക്കിൽത്തന്നെ കരാർ ഒപ്പുവയ്ക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

(സി) അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച താൽക്കാലിക ഫീസ് നിരക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവിൽ അംഗീകരിച്ചിട്ടുണ്ട്. സർക്കാരുമായി ധാരണയിലെത്തുന്ന കോളേജുകളിൽ കഴിഞ്ഞ വർഷത്തെ ഫീസ് നിരക്കാണ് ബാധകമാവുക. എൻ.ആർ.ഐ. സീറ്റിലെ (എം.ബി.ബി.എസ്.) ഇരുപത് ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നീക്കിവയ്ക്കുന്നതാണ്.

**സർക്കാർ ആശുപത്രികളുടെ സ്ഥലം പാട്ടത്തിന് നൽകൽ**

21 (*21) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ സർക്കാർ ആശുപത്രികളുടെ സ്ഥലം സ്വകാര്യ ആശുപത്രികൾക്ക് പാട്ടത്തിന് നൽകുന്ന കേന്ദ്രസർക്കാരിന്റെ പുതിയ നയം സംബന്ധിച്ച് എന്തെങ്കിലും മാർഗനിർദേശം കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ലഭിച്ചിട്ടില്ല.

(ബി) ഇത്തരം നിർദ്ദേശം ലഭിക്കുകയാണെങ്കിൽ ആയത് പരിഗണിക്കേണ്ടതില്ല എന്നതാണ് സർക്കാർ നിലപാട്.

## മരുന്ന് വിപണന മേഖലയിലെ ചൂഷണം

22 (*22) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മരുന്നുവില നിയന്ത്രണ രീതിയുടെ വിശദാംശം നൽകുമോ; അവശ്യ മരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ വില നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തുക സാധ്യമാണോ;

(ബി) മഴക്കാലജന്യ രോഗങ്ങൾ വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ, ഔഷധങ്ങളുടെ മേലുള്ള ചരക്ക്-സേവന നികുതിയിലെ ആശയക്കുഴപ്പത്തിന്റെ പേരിൽ മരുന്നിന് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാൻ സാധ്യമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കാരുണ്യ ഫാർമസികളുടെ എണ്ണം വർദ്ധിപ്പിച്ച്, ബ്രാന്റ് നാമത്തിലുള്ള മരുന്നുകളോടൊപ്പം ജനറിക് മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കി മരുന്ന് വിപണന മേഖലയിലെ ചൂഷണം നിയന്ത്രിക്കാൻ ഇടപെടലുണ്ടാകുമോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) മരുന്നുകളുടെ വില നിശ്ചയിച്ച് നിയന്ത്രണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. കേന്ദ്ര നിയമമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ-2013-ലെ വ്യവസ്ഥകൾ പ്രകാരം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ.) ആണ് അവശ്യമരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. എൻ.പി.പി.എ. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയെക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ചരക്ക് സേവന നികുതി 1-7-2017-ൽ പ്രാബല്യത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് മരുന്നിന് യാതൊരുവിധ ക്ഷാമവുമുള്ളതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ മരുന്നുവിപണന മേഖലയെ ചൂഷണമുക്തമാക്കുന്നതിനുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കേരളത്തിലുടനീളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 53 ശാഖകളും 4 മെഡിസിൻ ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന സ്ഥലങ്ങളിൽ കാരുണ്യയുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു:

| നമ്പർ | ജില്ല | ആശുപത്രി |
|---|---|---|
| 1 | പാലക്കാട് | മണ്ണാർക്കാട് താലൂക്കാശുപത്രി |
| 2 | കൊല്ലം | പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രി |
| 3 | കൊല്ലം | രാമറാവു മെമ്മോറിയൽ ആശുപത്രി, നെടുങ്ങോലം |
| 4 | കണ്ണൂർ | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് |
| 5 | കണ്ണൂർ | പാനൂർ സാമൂഹികാരോഗ്യ കേന്ദ്രം |
| 6 | വയനാട് | ജനറൽ ആശുപത്രി, കൽപ്പറ്റ |
| 7 | കോട്ടയം | താലൂക്കാശുപത്രി, വൈക്കം |
| 8 | കോഴിക്കോട് | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി |
| 9 | ആലപ്പുഴ | ജില്ലാ ആശുപത്രി, മാവേലിക്കര |

'കേരള ജനറിക്സ് ' എന്ന പേരിൽ 15-5-2017 മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ജനറിക് മരുന്നുകളുടെ വിപണനം ആരംഭിച്ചു കഴിഞ്ഞു. ജനറിക് മരുന്നുകളുടെ വിപണന സാധ്യത അനുസരിച്ച് കാരുണ്യയുടെ മറ്റ് ശാഖകളിലും ജനറിക് മരുന്നുകളുടെ വിപണനം ആരംഭിക്കുന്നതിനുള്ള നടപടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൈക്കൊണ്ടിട്ടുണ്ട്.

പൊതുവിപണിയിലെ വിലയിൽനിന്ന് 20% മുതൽ 93% വരെ വിലക്കുറവിൽ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും കാരുണ്യ ഫാർമസിവഴി മരുന്നുകൾ വിതരണം ചെയ്തുവരുന്നു.

## റേഷൻ കാർഡുകളുടെ വിതരണം

23 (*23) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ റേഷൻ കാർഡുകളിൽ കടന്നുകൂടിയ തെറ്റുകൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്ത് മൊത്തമുള്ള 8018030 കാർഡുകളിൽ 6737978 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 15-8-2017-നുമുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഒന്നാംഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സാമുദായിക ഐക്യം തകർക്കുന്നവർക്കെതിരെ നടപടി

24 (*24) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശാപ്പ് നിരോധനം എന്ന പേരിൽ രാജ്യത്തെ ജനങ്ങൾ എന്ത് ഭക്ഷിക്കണമെന്ന് തങ്ങൾ തീരുമാനിക്കുമെന്ന തരത്തിൽ വർഗ്ഗീയ തീവ്രവാദ സംഘടനകളുടെ പ്രവർത്തനം സംസ്ഥാനത്ത് സാമൂഹിക ഛിദ്രം ഉണ്ടാക്കാതിരിക്കാനായി സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വർഗ്ഗീയതയാണ് രാജ്യസ്നേഹമെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് വസ്ത്രധാരണ രീതിയിലൂൾപ്പെടെ ജനങ്ങളുടെ മേൽ പെരുമാറ്റച്ചട്ടം അടിച്ചേൽപ്പിക്കുക യെന്ന ലക്ഷ്യവുമായി ഗൃഹസന്ദർശനമെന്ന മറവിൽ ജനങ്ങളിൽ ഭീതി വിതച്ച് വരുതിയിലാക്കാനുള്ള നീക്കം നിയമപരമായും ഭരണപരമായും കർശനമായി നേരിടാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) സാമുദായിക ധ്രുവീകരണം സൃഷ്ടിച്ച് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണി സൃഷ്ടിക്കുന്നവരെ രാജ്യദ്രോഹക്കുറ്റം ചുമത്തി കർശനമായി നിയന്ത്രിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) കശാപ്പ് നിരോധനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് യാതൊരുവിധ സാമൂഹിക ഛിദ്രപ്രവർത്തനങ്ങളും ഉണ്ടായിട്ടില്ലാത്തതാണ്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്തി ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ നിയമങ്ങൾ അനുസരിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**'അനുയാത്ര' പദ്ധതി**

25 (*25) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിനായി 'അനുയാത്ര' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഭിന്നശേഷിയുള്ളവരുടെ പുനരധിവാസത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 'അനുയാത്ര' എന്ന പേരിൽ സമഗ്രമായ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ മുതൽ ഇവരുടെ സുസ്ഥിരമായ പുനരധിവാസം വരെയുള്ള ഒരു ജീവിതചക്ര സമീപനമാണ് അനുയാത്ര പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. സാമൂഹ്യനീതി വകുപ്പ് മറ്റ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് അനുയാത്ര പദ്ധതി നടപ്പാക്കുന്നത്.

(ബി) അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്നതുമുതൽ ഇവരുടെ പുനരധിവാസംവരെ ലക്ഷ്യമിടുന്ന വിവിധ പ്രവർത്തനങ്ങളാണ് അനുയാത്രയുടെ ഭാഗമായി നടപ്പാക്കുന്നത്. പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.

(2) അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

(3) അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

(4) ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ.

(5) നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം.

(6) മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ.

(7) പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ.

(8) സ്പെഷ്യൽ അങ്കണവാടികൾ.

(9) പ്രോജക്ട് ഓട്ടിസം.

(10) കാതോരം.

(11) മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC).

(12) ഹെൽപ്പ് ഡസ്ക്.

(13) ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.

(14) കറക്ഷൻ സർജറികൾ.

(15) സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ.

(16) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും.

(17) വ്യക്തിഗത പരിപാലന പ്ലാൻ.

(18) ദേശീയ ശില്പശാല.

(19) അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം.

(20) വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ-എംപവർ

(21) പരിക്കുകൾമൂലമുണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ.

(22) അനുയാത്രാ-വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്.

(സി) ഭിന്നശേഷിയുള്ളവരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്.

(2) അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.

(3) കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം.

(4) വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം.

(5) വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക്/ വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.

(6) വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്.

(7) ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം.

(8) വിദ്യാജ്യോതി.

(9) കിടപ്പു രോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ.

(10) വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.

(11) തൊഴിൽ പരിശീലന കേന്ദ്രങ്ങൾ.

(12) വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ.

(13) സ്പെഷ്യൽ അങ്കണവാടികൾ.

താഴെപ്പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(1) CDMRP- Community Disability Management Rehabilitation Programme.

(2) Alzhiemer's Related Disorder Society of India (ARDSI).

(3) Epilepsy Care through Schools.

(4) Pallium India.

(5) State Nodal Agency Centre (SNAC).

(6) ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO).

(7) ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO).

(8) Insight Project (SPACE).

(9) District Psychiatric Rehabilitation Project (IMHANS).

(10) SIMC (State Institute on Mentally Challenged).

(11) ആശ്രയ.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻവഴി ഭിന്ന ശേഷിക്കാരുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) അംഗവൈകല്യമുള്ളവർക്കാവശ്യമായ ട്രൈ സൈക്കിൾ, വീൽ ചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

(2) അംഗവൈകല്യമുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം (മാനദണ്ഡങ്ങൾക്ക് വിധേയമായി).

(3) സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം (മാനദണ്ഡങ്ങൾക്ക് വിധേയമായി).

(4) അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.

(5) നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ.

(6) സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി.

(7) ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പ സബ്സിഡി.

(8) ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി.

(9) സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ.

(10) തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി-സംസ്ഥാന തലത്തിൽ നടപ്പാക്കൽ.

(11) വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും.

(12) വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം.

(13) കാഴ്ചവൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി.

(14) ഭിന്നശേഷിക്കാർക്ക് 25,000 രൂപ വരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി.

**മുൻഗണനപട്ടികയിലെ അനർഹർ**

26 (*26) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ അനർഹർ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ പട്ടികയിലെ അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, വൈദ്യുതി വകുപ്പ്, ഇ.പി.എഫ്. കമ്മീഷണർ, ട്രഷറി വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) മുൻഗണനാ പട്ടികയിൽനിന്നും സ്വയം ഒഴിയാത്ത അനർഹരായ കാർഡ് ഉടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) അനർഹരെ ഒഴിവാക്കി അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ് തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്താൻ 10-8-2017-വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷാ നിയമപ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട എല്ലാവർക്കും ഇക്കാര്യം സംബന്ധിച്ച് കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3 (13)-ന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം പ്രസിദ്ധീകരിക്കുന്ന മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ രൂപീകരണം

27 (*27) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ.ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ക്ലിനിക്കൽ ലാബുകളിൽ യോഗ്യരായ ടെക്നീഷ്യൻമാർ തന്നെയാണ് പരിശോധനകൾ നടത്തുന്നത് എന്ന കാര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിവിധ ലബോറട്ടറികളിൽനിന്നും ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകളിൽ വ്യത്യാസം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ-സി) സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികൾ, മറ്റ് ആതുര സേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഓരോ വിഭാഗത്തിനും നിശ്ചയിക്കപ്പെട്ട അംഗീകൃത യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുന്നതിനാലും ഒരു വികേന്ദ്രീകൃത ഭരണസംവിധാനം ഈ സ്ഥാപനങ്ങൾക്കുള്ളതിനാലും മറ്റ് ഏത് സംസ്ഥാനത്തെക്കാളും കേരളത്തിലെ സർക്കാർ മേഖലയിലുള്ള ആരോഗ്യസേവനം പരമാവധി കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കാൻ കഴിയുന്നുണ്ട്. എന്നാൽ ഏകദേശം 70 ശതമാനത്തോളം വരുന്ന സ്വകാര്യ ആശുപത്രികൾ, അനുബന്ധ സ്ഥാപനങ്ങൾ, ഡിസ്പെൻസറികൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ യോഗ്യതകളും നിയമന മാനദണ്ഡങ്ങളും നിയന്ത്രിക്കാൻതക്ക സംവിധാനങ്ങൾ നിലവിലില്ല. പരിഷ്കൃത സമൂഹത്തിൽ ആതുര ചികിത്സാരംഗം അതീവശ്രദ്ധയും നിയന്ത്രണവും ഏർപ്പെടുത്തിക്കൊണ്ട് മുന്നേറുന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 2010-ന്റെ ചുവടുപിടിച്ച് ചില സംസ്ഥാനങ്ങളെങ്കിലും നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സവിശേഷ സാഹചര്യം മുൻനിർത്തി സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന

നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബില്ലിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നിയമമാകുന്നതോടെ എല്ലാ ആശുപത്രികളിലും നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരും ക്ലിനിക്കൽ ലാബുകളിൽ യോഗ്യരായ ടെക്നീഷ്യന്മാരുംതന്നെ പരിശോധന നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും പൊതുജനാരോഗ്യരംഗത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങളുടെയും അനുബന്ധ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, നിയന്ത്രണം, ആധുനിക സംവിധാനം ഏർപ്പെടുത്തൽ തുടങ്ങിയ രംഗങ്ങളിലെല്ലാം ശരാശരി നിലവാരം ഉറപ്പാക്കാനുമാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ വിവിധ ലബോറട്ടറികളിൽനിന്ന് ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകളിൽ വൈരുദ്ധ്യം ഒഴിവാക്കാനും ആധികാരികത കൈവരുത്തുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഗുണ്ടാ-മാഫിയ സംഘങ്ങൾ**

28 (*28) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരുടെ ജീവനും സ്വത്തിനും ഭീഷണിയായി ഗുണ്ടാ-മാഫിയാ സംഘങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും പ്രവർത്തിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഘങ്ങളെ അടിച്ചമർത്തുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സാധാരണക്കാരുടെ ജീവനും സ്വത്തിനും ഭീഷണിയായി ഗുണ്ടാ-മാഫിയ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഗുണ്ടാ ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഗുണ്ടാ-മാഫിയ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നില്ല, എങ്കിലും ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ച ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ഗുണ്ടാവിരുദ്ധ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തുടർച്ചയായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി നിരീക്ഷണം നടത്തുകയും Cr.P.C 107, KAAPA തുടങ്ങിയ വകുപ്പുകൾ പ്രകാരം തടങ്കലിൽ പാർപ്പിക്കുന്നതിനും സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇപ്രകാരം നിയമനടപടിക്ക് വിധേയരായവർ തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും അങ്ങനെയുള്ളവർക്കെതിരെ വേണ്ട മുൻകരുതൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## ബ്ലേഡ് മാഫിയയുടെ പ്രവർത്തനം

29 (*29) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയയുടെ പ്രവർത്തനം വ്യാപകമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നേരിടാൻ എന്ത് നടപടി സ്വീകരിച്ചു വെന്ന് വെളിപ്പെടുത്താമോ;

(ബി) ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനം തുടരാൻ ആലോചിക്കുന്നുണ്ടോയൊന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊള്ളപ്പലിശക്കാർക്കെതിരെയും അമിത പലിശ ഈടാക്കുന്നവർക്കെതിരെയും ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ ഇത്തരം കേസ്സുകളുടെയും പരാതികളുടെയും എണ്ണത്തിൽ വളരെയധികം കുറവ് വന്നിട്ടുള്ളതാണ്. 2014 വർഷത്തിൽ 2900 കേസ്സുകളും 2015 വർഷത്തിൽ 597 കേസ്സുകളും 2016 വർഷത്തിൽ 210 കേസ്സുകളും 2017 വർഷത്തിൽ നാളിതുവരെ 108 കേസ്സുകളും KML Act, Kerala Prohibition of Charging Exorbitant Rate of Interest Act എന്നിവ അനുസരിച്ച് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡെങ്കിപ്പനി നിയന്ത്രണവിധേയമാക്കൽ

30 (*30) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി.സത്യൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില ജില്ലകളിൽ വർദ്ധിച്ച തോതിലുണ്ടായ ഡെങ്കിപ്പനിയും അതുമൂലമുണ്ടായ മരണങ്ങളും നിയന്ത്രണവിധേയമാക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മാലിന്യ സംസ്കരണത്തിലുണ്ടാകുന്ന പോരായ്മകളാണ് ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ രോഗങ്ങളുടെ വ്യാപനത്തിന് കാരണമാകുന്നതെന്നതിനാൽ ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് മുൻകയ്യെടുത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും എന്തെല്ലാമാണ്;

(സി) മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാനും ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിനും ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് ചില ജില്ലകളിൽ വർദ്ധിച്ച തോതിലുണ്ടായ ഡെങ്കിപ്പനിയും അതുമൂലമുണ്ടായ മരണങ്ങളും നിയന്ത്രണവിധേയമാക്കാനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേതന്നെ കണ്ടു പിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക നിരീക്ഷണവും ശക്തിപ്പെടുത്തി.
- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

- കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നു.
- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.
- മേയ് 19-നും ജൂൺ 19-നും സംസ്ഥാനതല RRT യോഗം രണ്ട് പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.
- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 -ലുമായി രണ്ട് കേന്ദ്ര വിദഗ്ദ്ധ സംഘങ്ങൾ സംസ്ഥാനത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.
- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.
- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.
- മഴക്കാലപൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2-3-2017-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-3-2017-നും യോഗം ചേർന്ന് പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്തു.
- ഗവൺമെന്റ് മെഡിക്കൽ കോളേജ്, സ്വകാര്യ മെഡിക്കൽ കോളേജ് പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി സമയബന്ധിതമായി രോഗ വിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകി.

- ഐ.എം.എ. വഴി സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് ഡെങ്കി ചികിത്സാ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.
- പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖ വിതരണം, പോസ്റ്റർ, റെയിൽവേ സ്റ്റേഷൻ, സിനിമാ തിയേറ്റർ എന്നിവിടങ്ങളിൽ എൻ.എച്ച്.എം-ന്റെ സഹായത്തോടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രചരണങ്ങൾ എന്നിവ നടത്തുകയുണ്ടായി.

(ബി) പകർച്ചപ്പനികൾ വ്യാപിക്കുന്നത് തടയുന്നതിനുവേണ്ടി രോഗങ്ങളെപ്പറ്റിയും രോഗപ്രതിരോധത്തെപ്പറ്റിയും വ്യക്തമായ ബോധവൽക്കരണം ജനങ്ങൾക്ക് നൽകി വരുന്നുണ്ട്. ലഘുലേഖ വിതരണം, പോസ്റ്റർ, ആരോഗ്യ വിദ്യാഭ്യാസം, സെമിനാർ, സംവാദം, ചോദ്യോത്തരവേദി എന്നിവവഴിയും മൈക്ക് അനൗൺസ്മെന്റ്, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾവഴിയും കൃത്യമായി ബോധവൽക്കരണം നൽകിവരുന്നു. പകർച്ചവ്യാധി പ്രതിരോധത്തിനുവേണ്ടി ഇതര വകുപ്പുകളുടെ സഹകരണത്തോടെയും ജനപങ്കാളിത്തത്തോടെയും മഴക്കാലപൂർവ്വ ശുചീകരണം, കൊതുക് ഉറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) കെ.എം.എസ്.സി.എൽ.വഴിയും കാരുണ്യ ഫാർമസിവഴിയും ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കി. അടിയന്തര സാഹചര്യങ്ങളിൽ ലോക്കൽ പർച്ചേസ്‌വഴി മരുന്നുകൾ വാങ്ങാൻ ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി.

ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നിവ സ്ഥിരീകരിക്കുന്നതിനുള്ള ലബോറട്ടറി സംവിധാനം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബും ഗവൺമെന്റ് മെഡിക്കൽ കോളേജുകളും ഉൾപ്പെടെ 27 സെന്റിനൽ സർവ്വയിലൻസ് ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. എച്ച്1 എൻ1 സ്ഥിരീകരണത്തിന് മണിപ്പാൽ വൈറോളജി റിസർച്ച് സെന്ററിലും ആലപ്പുഴയിലെ എൻ.ഐ.വി. യൂണിറ്റിലും സൗകര്യം ഏർപ്പെടുത്തി. മറ്റ് പകർച്ചവ്യാധികൾക്കാവശ്യമായ ലബോറട്ടറി സംവിധാനം, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജുകൾ, റീജിയണൽ ആന്റ് ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകൾ തുടങ്ങിയവയിൽ ക്രമീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഡയഗ്നോസ്റ്റിക് കിറ്റുകൾ വിവിധ ലാബുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്

1 (1) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-11 കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്സിന്റെ നിലവിലെ അവസ്ഥ എന്താണ്;

(ബി) പ്രസ്തുത കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേസ്സിൻമേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

### സബ് ഇൻസ്പെക്ടർ തസ്തികയിലെ നിയമനം

2 (2) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പോലീസ് സേനയിലെ സബ് ഇൻസ്പെക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; നിയമനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. സബ് ഇൻസ്പെക്ടർ നിയമനത്തിൽ ദീർഘകാലമായി നിലവിലുണ്ടായിരുന്ന തർക്കം പരിഹരിച്ച് 93 എൻ.ജെ.ഡി. ഒഴിവുകൾ 26-5-2015-ലെ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിനായി 14-7-2017-ൽ O.A.No.1958/2016 ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിട്ടുണ്ട്. എന്നാൽ 18-7-2017-ലെ O.P.(KAT) 265/17 (Z) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ടി ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്.

## സി.ആർ. ഇസഡ്. സംബന്ധമായ അപേക്ഷകൾ

3 (5) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾക്കായി സി.ആർ.ഇസഡ്.-ൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) സി.ആർ.ഇസഡ്. ഫയൽ തീർപ്പാക്കൽ പ്രക്രിയ ലളിതമാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി.ആർ.ഇസഡ്.-ൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർക്കാനും ഓഫീസ് സംവിധാനം കേന്ദ്രഗവൺമെന്റ് മാനദണ്ഡമനുസരിച്ച് നടപ്പിലാക്കാനും 1-4-2017-ലെ സ.ഉ.(കൈ) നമ്പർ 3/2017/പരിസ്ഥിതി ഉത്തരവ് പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റി ശാസ്ത്ര സാങ്കേതിക വകുപ്പിൽനിന്നും പരിസ്ഥിതി വകുപ്പിലേക്ക് മാറ്റുകയും ടി അതോറിറ്റി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. അതോറിറ്റിയുടെ ഓഫീസ് പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ നിയമനം പൂർത്തിയാകുമ്പോൾ സി.ആർ.ഇസഡ്-ൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നതാണ്. കെട്ടിക്കിടന്ന നാലായിരത്തോളം അപേക്ഷകളിൽ 2000 എണ്ണത്തിന്മേൽ കഴിഞ്ഞ 3 മാസങ്ങൾകൊണ്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ജീവനക്കാർക്ക് വിഷയ പരിജ്ഞാനം നൽകാനായി ഒരു ദിവസത്തെ ട്രെയിനിംഗ് നൽകുകയും തുടർന്ന് ഫയൽ അദാലത്ത് നടത്തി ഫയൽ തീർപ്പാക്കൽ പ്രക്രിയ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ജില്ലാതല ഓഫീസുകൾ ശാക്തീകരിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. നവംബർ അവസാനത്തോടുകൂടി കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ പൂർണ്ണമായി നടപടികൾ സ്വീകരിക്കാൻ സാധിക്കും.

## പി.എസ്.സി. നിയമനം

4 (6) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷംകൊണ്ട് നടത്തിയ പി.എസ്.സി. നിയമനങ്ങൾ എത്രയെന്ന് വിശദമാക്കാമോ; പ്രസ്തുത കാലയളവിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ജൂൺ 30 വരെ പി.എസ്.സി.വഴി നടന്ന നിയമനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; ഈ കാലയളവിൽ സൃഷ്ടിക്കപ്പെട്ട പുതിയ തസ്തികകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന 154386 പേർക്കാണ് നിയമന ശിപാർശ നൽകിയത്. പ്രസ്തുത കാലയളവിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 25-5-2016 മുതൽ 30-6-2017 വരെയുള്ള കാലയളവിൽ 44524 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഈ കാലയളവിൽ സൃഷ്ടിക്കപ്പെട്ട പുതിയ തസ്തികകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. നിയമനം

5 (7) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ജൂലൈ 31 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്;

(ബി) പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിന് കൂടുതൽ തസ്തികകളിലേക്ക് ഓൺലൈൻ പരീക്ഷ നടത്തുന്നതിന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പി.എസ്.സി.-യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ വന്നതിനുശേഷം എത്ര തസ്തികകൾ പി.എസ്.സി.-യിൽ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30-6-2017 വരെ ആകെ 44524 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 1600 അപേക്ഷകരിൽ താഴെയുള്ളതും ഓൺലൈൻ പരീക്ഷ നടത്താൻ സാധിക്കുന്നതുമായ എല്ലാ പരീക്ഷകളും ഓൺലൈൻ സംവിധാനത്തിലാണ് നടത്തുന്നത്. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന്റെ ശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(സി) പി.എസ്.സി.-യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ വന്നതിനുശേഷം 22-4-2017-ലെ GO(Ms) No.149/2017/GAD പ്രകാരം വിവിധ കാറ്റഗറികളിലായി ആകെ 120 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

അഡീഷണൽ സെക്രട്ടറി-2, ജോയിന്റ് സെക്രട്ടറി-2, ഡെപ്യൂട്ടി സെക്രട്ടറി-2, അണ്ടർ സെക്രട്ടറി-3, സെക്ഷൻ ഓഫീസർ-18, അസിസ്റ്റന്റ്-54, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-2, കമ്പ്യൂട്ടർ അസിസ്റ്റന്റ്-18, ഡഫേദാർ-3, പേഴ്സണൽ അസിസ്റ്റന്റ്-3, സിസ്റ്റം അനലിസ്റ്റ്-1, പ്രോഗ്രാമർ-1, ടെക്നിക്കൽ അസിസ്റ്റന്റ്-3, എ.സി മെക്കാനിക് (ദിവസ വേതനം)-1, ഇലക്ട്രീഷ്യൻ (ദിവസ വേതനം)-1, പ്ലംബർ (ദിവസ വേതനം)-1, ഡ്രൈവർ (ദിവസ വേതനം)-5 ആകെ-120.

**മുൻ സർക്കാരിന്റെ അവസാനകാലത്ത് എടുത്ത തീരുമാനങ്ങൾ**

6 (8) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അവസാനകാലത്ത് എടുത്ത തീരുമാനങ്ങൾ പുനഃപരിശോധിക്കാൻ മന്ത്രിസഭ ഉപസമിതിയെ എന്നാണ് ചുമതല പ്പെടുത്തിയത്; ആ സമിതിയിൽ ആരൊക്കെ അംഗങ്ങളായിരുന്നു;

(ബി) ഉപസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(സി) ഈ റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ചുവോ; എങ്കിൽ എന്നാണ് അംഗീകരിച്ചത്;

(ഡി) ഇതിൽ ഏതെല്ലാം തീരുമാനങ്ങളാണ് തടഞ്ഞുവയ്ക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിൽ ഏതെങ്കിലും തീരുമാനങ്ങളിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നല്കിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതെല്ലാം തീരുമാനങ്ങളാണ് വിജിലൻസ് അന്വേഷണത്തിന് വിട്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 25-5-2016-ന് ചേർന്ന മന്ത്രിസഭായോഗം കഴിഞ്ഞ സർക്കാരിന്റെ അവസാന കാലയളവിൽ 1-1-2016 മുതൽ 30-4-2016 വരെ എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭായോഗ തീരുമാനങ്ങളും പുനഃപരിശോധിക്കുന്നതിന് ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ചുവടെപ്പറയുന്നവരാണ് ഉപസമിതിയിലെ അംഗങ്ങൾ.

| | |
|---|---|
| ശ്രീ. എ. കെ. ബാലൻ | - കൺവീനർ |
| ശ്രീ. വി. എസ്. സുനിൽ കുമാർ | - മെമ്പർ |
| ശ്രീ. എ. കെ. ശശീന്ദ്രൻ | - മെമ്പർ |
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | - മെമ്പർ |
| ശ്രീ. മാത്യു ടി. തോമസ് | - മെമ്പർ |
| ഡോ. ടി. എം. തോമസ് ഐസക് | - മെമ്പർ |

(ബി) ഉപസമിതിയുടെ റിപ്പോർട്ട് 18-1-2017-ന് ലഭിച്ചിട്ടുണ്ട്.

(സി) 14-3-2017-ന് ചേർന്ന മന്ത്രിസഭായോഗം പ്രസ്തുത റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്.

(ഡി) തടഞ്ഞുവയ്ക്കാൻ തീരുമാനിച്ചിട്ടില്ല. ചില തീരുമാനങ്ങൾ റദ്ദ് ചെയ്യുവാനോ പുനഃപരിശോധിക്കുവാനോ തീരുമാനിച്ചിട്ടുണ്ട്.

(ഇ&എഫ്) കരമന-കളിയിക്കാവിള റോഡിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവേയൻസ് ചാർജ് ഇനത്തിൽ 19.89 കോടി രൂപ കരാറുകാരന് അനുവദിച്ച തീരുമാനം ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് വിജിലൻസ് കേസ് ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാൻ മന്ത്രിസഭാ ഉപസമിതി ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശ മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം പൊതുമരാമത്ത് വകുപ്പിൽ പരിശോധിച്ചുവരുന്നുണ്ട്.

**പുതിയ തസ്തികകൾ**

7 (9) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് നല്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**പുതിയ തസ്തികകൾ**

8 (10) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വകുപ്പുകൾ തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഏതെല്ലാം പുതിയ വകുപ്പുകളും കോർപ്പറേഷനുകളും രൂപീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 30-6-2017 വരെയുള്ള കാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ 44524 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ**

9 (11) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ ചേർന്ന യോഗത്തിൽ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ എം.എൽ.എ.-യുടെയും എം.പി.-യുടെയും ഫണ്ടിൽനിന്നും നിശ്ചിത ശതമാനം തുക

സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോ ഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കണമെന്ന ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സർക്കാർ ഇക്കാര്യം സജീവമായി പരിശോധിച്ചുവരുന്നു.

**നവകേരള മിഷൻ**

10 (12) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കി വരുന്ന നവകേരള മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മിഷന്റെ പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ:

(സി) മിഷന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഡി) മിഷൻ പ്രവർത്തനങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിവരുന്ന ഒരു പ്രധാന പരിപാടിയാണ് നവകേരളം കർമ്മപദ്ധതി. സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങളാണ് നവകേരളം കർമ്മ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘവീക്ഷണത്തോടെയുള്ള പരിഷ്കാരങ്ങൾക്ക് അടിത്തറ പാകുന്നതിനും വേണ്ടിയുള്ള കാലിക പ്രസക്തിയുള്ള ദൗത്യങ്ങളാണ് "നവകേരളം കർമ്മപദ്ധതി". ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി നാല് വികസന മിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ലൈഫ് മിഷനിലൂടെ ഭൂരഹിത-ഭവനരഹിതരായിട്ടുള്ള എല്ലാപേർക്കും പാർപ്പിടം ലഭ്യമാക്കാനും ആർദ്രം മിഷനിലൂടെ സർക്കാർ ആശുപത്രികൾ ജനസൗഹൃദ ആശുപത്രികളാക്കി

മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനും ഹരിതകേരളം മിഷനിലൂടെ ശുചിത്വം-മാലിന്യ സംസ്കരണം, മണ്ണ്-ജലസംരക്ഷണം, ജൈവകൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമാണ് ഏറ്റെടുത്തിട്ടുള്ളത്. പരമാവധി ബഹുജനപങ്കാളിത്തം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പൊതുജനോപകാര പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുകയാണ് ചെയ്യുന്നത്.

**നവകേരളം സൃഷ്ടിക്കാൻ പദ്ധതികൾ**

11 (13) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവകേരളം സൃഷ്ടിക്കാൻ നാല് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏത് രൂപത്തിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദീകരിക്കുമോ;

(ഡി) എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിവരുന്ന 'നവകേരളം പദ്ധതി'-യിൽ ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി താഴെപ്പറയുന്ന നാല് വികസന മിഷനുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ
2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ
3. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
4. ശുചിത്വം- മാലിന്യസംസ്കരണം, മണ്ണ്-ജലസംരക്ഷണം, ജൈവകൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിതകേരളം മിഷൻ

(ബി) ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ താഴെത്തട്ടുകളിൽ നടപ്പാക്കുക. പൗരസമിതികൾ, ബഹുജനസംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ-ആരോഗ്യസംരക്ഷണ-ക്ഷേമപ്രവർത്തന രംഗങ്ങളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, കമ്പനികൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാങ്കേതികസഹായം, സന്നദ്ധസേവനം, സാമ്പത്തികസഹായം തുടങ്ങി ബഹുവിധ സഹായസഹകരണങ്ങൾ സമാഹരിച്ചുകൊണ്ടാണ് മിഷൻ പ്രവർത്തനങ്ങൾ നടപ്പാക്കുക.

(സി) 28-9-2016-ലെ സ.ഉ.(പി) നമ്പർ 41/2016/ആ.സാ.വ. പ്രകാരം നാല് മിഷനുകൾ രൂപീകരിക്കുകയും നവകേരളം കർമ്മപദ്ധതി നടപ്പിലാക്കാൻ 19-4-2017-ലെ സ.ഉ.(പി)നമ്പർ 10/2017 ആ.സാ.വ. പ്രകാരം വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നാല് സംസ്ഥാന മിഷനുകളും ബന്ധപ്പെട്ട സെക്രട്ടറിമാരുടെ അദ്ധ്യക്ഷതയിൽ ആറ് സംസ്ഥാനതല കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും ഏകീകൃത മിഷൻ സംവിധാനവും അതത് തലങ്ങളിൽ ആറ് കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ നാല് മിഷനുകളുടെയും അവയുടെ കർമ്മസേനകളുടെയും ഏകോപനത്തിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മിഷനുകളിലൂടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തി നവകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഹരിത കേരളം മിഷൻ പദ്ധതികൾ

12 (14) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള ദൗത്യത്തിന്റെ ഭാഗമായി ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളത്, വിശദീകരിക്കാമോ ;

(ബി) അനുബന്ധ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ചുമതലാക്രമം/പ്രവർത്തനവിവരം എന്നിവ പദ്ധതി തിരിച്ച് വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നീ മുഖ്യ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള ഹരിതകേരളം മിഷനിൽ മൂന്ന് ഉപമിഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഉപദൗത്യങ്ങളായ ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം എന്നിവ മുൻനിർത്തിയാണ് ഉപമിഷനുകൾ രൂപീകരിച്ചിട്ടുള്ളത്. ഉപമിഷനുകളുമായി ബന്ധപ്പെട്ട കർമ്മപദ്ധതികൾ താഴെ വിവരിക്കുന്നു:

(എ) ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ :

1. ഗാർഹിക/സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽത്തന്നെ ഉല്പാദകന്റെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ്/ബയോമെഥനേഷൻ രീതി ഉചിതമായ തലങ്ങളിലും (അയൽക്കൂട്ടം/വാർഡ്/തദ്ദേശഭരണസ്ഥാപനം) പ്രാവർത്തികമാക്കുന്നതാണ്.

2. അജൈവ മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുന്നതാണ്.

3. ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ തലങ്ങളിൽ പ്രാവർത്തികമാക്കുന്നതാണ്.

4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പംതന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കുന്നതാണ്.

5. മാലിന്യ സംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനു ശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാക്കുക എന്ന് കണ്ടെത്തുകയും ആ രീതിയിലേയ്ക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുന്നതാണ്.

6. ചന്തകൾ, അറവുശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

7. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

8. ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കുകയും അനുയോജ്യമായ മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് മാലിന്യത്തെ ജൈവ കൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽത്തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.

9. ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമൂഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ആവശ്യമുള്ള സംവിധാനങ്ങളും വിവിധ തലങ്ങളിൽ ഏർപ്പെടുത്തുന്നതാണ്.

10. മാലിന്യം കുറയ്ക്കുക, വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക, പുനഃചംക്രമണം ഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതാണ്.

11. അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിത മാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ക്യാമ്പയിനും സംഘടിപ്പിക്കുന്നതാണ്.

(ബി) <u>ജലസംരക്ഷണം</u> :

1. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന-കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുക എന്ന സമീപനം സ്വീകരിക്കുന്നതാണ്. ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ ശുചീകരണവും ഏകോപനത്തോടെ പ്രാവർത്തികമാക്കുന്നതാണ്. കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരശേഖരം തയ്യാറാക്കി ലഭ്യമാക്കും.

2. കിണറുകളുടെ ശുചീകരണവും മഴവെള്ള റീ-ചാർജ്ജിംഗും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.

3. ക്വാറികൾ പോലെയുള്ള മനുഷ്യ പ്രവർത്തനങ്ങളാലുണ്ടായ ജലസംഭരണികളിലെ ജലം ഭാവിയിലെ ഉപയോഗത്തിനായി ശുദ്ധിയാക്കി സൂക്ഷിക്കും.

4. ഭൂപ്രകൃതിക്കനുസൃതമായി അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച് ഭൂജല പോഷണംവഴി പരമാവധി മഴവെള്ളം മണ്ണിലേയ്ക്കിറങ്ങാൻവേണ്ടി നടപടികൾ (കുന്നിൻ മുകളിൽനിന്ന് താഴ്വാരത്തിലേയ്ക്ക് നീങ്ങുന്ന സമീപനം) സ്വീകരിക്കുന്നതാണ്.

5. വ്യാവസായിക-ഗാർഹിക ഉപഭോഗത്തിൽ ദുർവ്യയം കുറച്ച് എല്ലാ ഘട്ടത്തിലും പരിശോധനയും ജല ആഡിറ്റിംഗും ബഡ്ജറ്റിംഗും നടത്തുകയും പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലൂടെയും ജലം സംരക്ഷിക്കുന്നതിന് ശ്രമിക്കുന്നതാണ്.

6. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജലസംരക്ഷണം സാധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

7. ജലസംരക്ഷണം സാധ്യമാകുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സമന്വയം തദ്ദേശഭരണ സ്ഥാപന തലത്തിൽ ഉറപ്പാക്കുന്നതാണ്.

(സി) കൃഷി :

1. കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവനമാർഗ്ഗം സ്വീകരിക്കുന്ന കർഷകർക്ക് തങ്ങളുടെ പുരയിടങ്ങളിൽനിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തിക ഭദ്രത നേടിക്കൊടുക്കാൻ ശ്രമിക്കുന്നതാണ്. ഇതിനായി കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യകൃഷി, തേനീച്ചകൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ചു കൊണ്ട് സംയോജിത കൃഷി രീതി അവലംബിക്കുന്നതാണ്.

2. നെൽക്കൃഷിയുടെ വിസ്തൃതി നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽനിന്ന് 3 ലക്ഷം ഹെക്ടറായെങ്കിലും വർദ്ധിപ്പിക്കുന്നതാണ്.

3. ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സജ്ജമാക്കി കേരളത്തിന്റെ പ്രമുഖ വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ചക്ക, തേൻ എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവ സാധ്യമാക്കുന്നതാണ്.

4. യന്ത്രവൽക്കരണം എത്തിച്ചേരാത്ത മേഖലകളിൽ വ്യാപകമായി യന്ത്രവൽക്കരണം പ്രാവർത്തികമാക്കി ഉല്പാദനച്ചെലവ് കുറയ്ക്കുന്നതാണ്.

5. സ്വയം സഹായ സംഘങ്ങളുടെയും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെയും നേതൃത്വത്തിൽ തരിശു കിടക്കുന്ന കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്.

6. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതികൾ ഫലപ്രദമായി സംയോജിപ്പിച്ച് ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന സമീപനമായിരിക്കും സ്വീകരിക്കുക.

7. കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ പ്രദേശങ്ങളിലും ശക്തിപ്പെടുത്തുക.

8. സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി ജൈവകൃഷിക്കുൾപ്പെടെ വായ്പാ സേവനങ്ങൾ മെച്ചപ്പെടുത്തുക, ഉല്പന്ന വിപണന സൗകര്യങ്ങൾ സംഘടിപ്പിക്കുക.

9. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ ഭക്ഷ്യ യോഗ്യത മെച്ചപ്പെടുത്തുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

(ബി) ഹരിത കേരളം മിഷൻ ഉൾപ്പെടെ നവകേരളം പദ്ധതിയിലെ നാല് മിഷനുകളുടെയും പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ 19-4-2017-ലെ സ.ഉ.(പി) നമ്പർ 10/2017/ആ.സാ.വ. ആയി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഹരിതകേരളം മിഷന്റെ ഘടനയും ചുമതലാക്രമവും താഴെ വിവരിക്കുന്നു.

ഹരിതകേരളം സംസ്ഥാന മിഷൻ

അദ്ധ്യക്ഷൻ : മുഖ്യമന്ത്രി

സഹ അദ്ധ്യക്ഷന്മാർ : തദ്ദേശസ്വയംഭരണം, കൃഷി, ജലവിഭവം, വകുപ്പുമന്ത്രിമാർ (3)

ഉപഅദ്ധ്യക്ഷന്മാർ : ധനകാര്യം, ആരോഗ്യം, വനം വകുപ്പുമന്ത്രിമാരും, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും (4)

പ്രത്യേക ക്ഷണിതാവ്: പ്രതിപക്ഷനേതാവ്

എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ : ഡോ. ടി. എൻ. സീമ, മുൻ എം.പി.

സാങ്കേതിക ഉപദേഷ്ടാവ് : ഡോ. അജയകുമാർ വർമ്മ

അംഗങ്ങൾ :

1. ചീഫ് സെക്രട്ടറി
2. തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, വനം, ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം, വ്യവസായം, പരിസ്ഥിതി, വിവര-സാങ്കേതികം, ശാസ്ത്ര-സാങ്കേതികം വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ (12)
3. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻ മാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5)
4. വൈസ് ചാൻസലർ, കേരള കാർഷിക സർവ്വകലാശാല
5. സർക്കാരിന്റെ ഡെവലപ്മെന്റ് അഡ്വൈസർ

മിഷൻ സെക്രട്ടറി : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

<u>ജില്ലാ മിഷൻ</u>

സംസ്ഥാനതലത്തിൽ നാല് മിഷനുകൾ പ്രവർത്തിക്കുമെങ്കിലും ജില്ലാ തലത്തിൽ നാല് വികസന മിഷനുകൾക്കുംവേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ മാത്രമേ ഉണ്ടാകുകയുള്ളൂ.

അദ്ധ്യക്ഷൻ : ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി

അംഗങ്ങൾ :

1. ജില്ലയിൽ നിന്നുള്ള ലോക്‌സഭാ അംഗങ്ങൾ
2. രാജ്യസഭാ എം.പി.-മാർ (നോഡൽ ജില്ലകളിൽ)
3. മേയർ
4. ജില്ലയിൽ നിന്നുള്ള എം.എൽ.എ.-മാർ
5. മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേമ്പർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ചെയർമാൻമാർ
6. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
7. ഗ്രാമപഞ്ചായത്ത് ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും
8. ജില്ലാ പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
9. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി
10. ജില്ലാ പ്ലാനിംഗ് ഓഫീസർ
11. പ്രിൻസിപ്പൽ കൃഷി ഓഫീസർ
12. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി. എസ്.
13. ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം
14. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ
15. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
16. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)
17. ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്

18. ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ

19. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

20. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം

21. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ

22. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം

23. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)

24. 4 മിഷനുകളുടെയും ജില്ലാ കേ-ഓർഡിനേറ്റർമാർ

25. മിഷൻ സെക്രട്ടറി & ചീഫ് കോ-ഓർഡിനേറ്റർ : ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷൻ

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ നാല് മിഷനുകൾക്കുംവേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അദ്ധ്യക്ഷൻ : മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ

അംഗങ്ങൾ:

1. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും

2. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ

3. സി.ഡി.എസ്.-കളുടെ ചെയർപേഴ്സൺമാർ

4. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ് ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം - ശുചിത്വം, വിദ്യാഭ്യാസം)

5. ഐ.സി.ഡി.എസ്. സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ./ സി.ഡി.പി.ഒ.

മിഷൻ സെക്രട്ടറി : മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി

ബ്ലോക്ക് മിഷൻ:

ബ്ലോക്ക്തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അദ്ധ്യക്ഷൻ: ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :

1. ബ്ലോക്ക് പരിധിയിൽ നിന്നുള്ള എം.എൽ.എ.-മാർ
2. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
3. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
4. ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5. ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ

മിഷൻ സെക്രട്ടറി: ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഗ്രാമപഞ്ചായത്തുതലമിഷൻ:

ഗ്രാമപഞ്ചായത്തുതലത്തിൽ നാല് മിഷനുകൾക്കുംവേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അദ്ധ്യക്ഷൻ: ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :

1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ
2. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും
3. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ
4. സി.ഡി.എസ്-കളുടെ ചെയർപേഴ്സൺമാർ
5. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ് ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം - ശുചിത്വം, വിദ്യാഭ്യാസം)
6. ഐ.സി.ഡി.എസ്. സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ., സി.ഡി.പി.ഒ.

മിഷൻ സെക്രട്ടറി : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ഇതുകൂടാതെ ഹരിതകേരളം മിഷൻ കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനതല കർമ്മസേനകൾ:

ഹരിതകേരളം മിഷന് കീഴിലുള്ള മൂന്ന് ഉപദൗത്യങ്ങൾക്കും പ്രത്യേകം കർമ്മസേനകൾ ഉണ്ടായിരിക്കുന്നതാണ്.

(a) ശുചിത്വ-മാലിന്യസംസ്കരണം

ചെയർപേഴ്സൺ : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രത്യേക ക്ഷണിതാവ്: ഡോ. ടി. എൻ. സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

അംഗങ്ങൾ :

1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
3. ഡയറക്ടർ, ആരോഗ്യ വകുപ്പ്
4. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
5. ഡയറക്ടർ, കൃഷി വകുപ്പ്
6. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
7. ഡയറക്ടർ, വ്യവസായ-വാണിജ്യ വകുപ്പ്
8. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
9. ഡയറക്ടർ, ടൂറിസം
10. എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.
11. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
12. ഗ്രാമവികസന കമ്മീഷണർ
13. പഞ്ചായത്ത് ഡയറക്ടർ
14. ഡയറക്ടർ, നഗരകാര്യ വകുപ്പ്
15. ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ്
16. ചീഫ് എഞ്ചിനീയർ, ത.സ്വ.ഭ.വ.
17. ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
18. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ഉപമിഷൻ കോ-ഓർഡിനേറ്റർ - എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

(b) മണ്ണ് - ജല സംരക്ഷണം

ചെയർപേഴ്സൺ : അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവം

പ്രത്യേക ക്ഷണിതാവ്: ഡോ. ടി. എൻ. സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

അംഗങ്ങൾ:

1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ
2. ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് (കൺവീനർ)
3. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
4. മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി & സോഷ്യൽ ഫോറസ്ട്രി)
5. ഡയറക്ടർ, കൃഷി വകുപ്പ്
6. ഡയറക്ടർ സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
7. അഡീഷണൽ ഡയറക്ടർ, സോയിൽ കൺസർവേഷൻ
8. അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ
9. ലാൻഡ് യൂസ് കമ്മീഷണർ
10. മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി
11. ഡയറക്ടർ, ഭൂജല വകുപ്പ്
12. ഡയറക്ടർ, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ്
13. ഡയറക്ടർ, സി.ഡബ്ല്യൂ.ആർ.ഡി.എം.
14. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്
15. ഹെഡ്, അക്കാദമി ഓഫ് ക്ലൈമറ്റ് ചേയ്ഞ്ച്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി
16. ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
17. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ഉപമിഷൻ കോ-ഓർഡിനേറ്റർ, ജലസമൃദ്ധി

(c) കൃഷി വികസനം

ചെയർപേഴ്സൺ : പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്

പ്രത്യേക ക്ഷണിതാവ്: ഡോ. ടി. എൻ. സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

അംഗങ്ങൾ:

1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ
2. ഡയറക്ടർ, കൃഷി വകുപ്പ് (കൺവീനർ)
3. ഡയറക്ടർ, മൃഗസംരക്ഷണം
4. ഡയറക്ടർ, ക്ഷീര വികസനം
5. ഡയറക്ടർ, ഫിഷറീസ്
6. ഡയറക്ടർ, സോയിൽ കൺസർവേഷൻ & സോയിൽ സർവ്വേ
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
9. മാനേജിംഗ് ഡയറക്ടർ, വി.എഫ്.പി.സി.കെ.
10. മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി.
11. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
12. ചീഫ് എഞ്ചിനീയർ, ജലസേചനം
13. സ്റ്റേറ്റ് നോഡൽ ഓഫീസർ, ആത്മ (1)
14. കാർഷിക സർവ്വകലാശാലയുടെ പ്രതിനിധി
15. മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി & സോഷ്യൽ ഫോറസ്ട്രി)
16. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
17. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
19. മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ
20. മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ
21. ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
22. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ഉപമിഷൻ കോ-ഓർഡിനേറ്റർ, സുജലം സുഫലം.

ഹരിതകേരളം മിഷന് കീഴിലുള്ള ഓരോ ഉപദൗത്യവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങൾ, ഫണ്ട് അലോട്ട്മെന്റ്, മന്ത്രിതല തീരുമാനം ആവശ്യമായ മറ്റു വിഷയങ്ങൾ എന്നിവയെ സംബന്ധിക്കുന്ന തീരുമാനങ്ങളെടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, മിഷൻ സെക്രട്ടറി (അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്), വകുപ്പുസെക്രട്ടറി, ഉപമിഷൻ കോ-ഓർഡിനേറ്റർ, കർമ്മസേനയുടെ കൺവീനർ (വകുപ്പ് മേധാവി), സാങ്കേതിക ഉപദേഷ്ടാവ് (ഹരിതകേരളം മിഷൻ) എന്നിവരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും വിളിച്ചുചേർക്കുന്നതാണ്.

ഹരിതകേരളം മിഷന്റെ സാങ്കേതിക ഉപദേഷ്ടാവ്, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ, കോ-ഓർഡിനേറ്റർമാർ തുടങ്ങിയ അനൗദ്യോഗിക സാങ്കേതിക വിദഗ്ധർ മിഷൻ പ്രവർത്തന സംഗതികളിൽ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ-ന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കും.

ജില്ലാതല കർമ്മസേന :

ഹരിതകേരളം മിഷന് സംസ്ഥാനതലത്തിൽ വിഷയമേഖലാടിസ്ഥാനത്തിൽ മൂന്ന് കർമ്മസേനകൾ ഉണ്ടാകുമെങ്കിലും ജില്ലാതലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു കർമ്മസേന മാത്രമേ ഉണ്ടാകുകയുള്ളൂ. എന്നിരുന്നാലും വിഷയ മേഖലാടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്.

ചെയർപേഴ്സൺ : ജില്ലാ കളക്ടർ

അംഗങ്ങൾ:

1. ജില്ലാ പ്ലാനിംഗ് ഓഫീസർ (കൺവീനർ)
2. പ്രിൻസിപ്പൽ കൃഷി ഓഫീസർ
3. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ
4. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
5. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചനം
7. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

8. പ്രോജക്ട് ഡയറക്ടർ, ആത്മ

9. കൃഷി വിജ്ഞാൻ കേന്ദ്രയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ

10. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ

11. ജില്ലാ സോയിൽ സർവ്വേ ഓഫീസർ

12. ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്

13. എൻവയോൺമെന്റൽ എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസ്

14. എൻ.എസ്.എസ്., ജില്ലാ കോ-ഓർഡിനേറ്റർ

15. ജില്ലാ നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്

16. ഫാം ഫോറസ്ട്രിയുടെയും സോഷ്യൽ ഫോറസ്ട്രിയുടെയും ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

17. ജില്ലാ കോ-ഓർഡിനേറ്റർ, സാക്ഷരതാ മിഷൻ

18. ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ, യുവജനക്ഷേമ ബോർഡ്

19. സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (2) (ജില്ലാ മിഷൻ ഗ്രൂപ്പ് നിശ്ചയിക്കേണ്ടതാണ്)

20. റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർമാർ

<u>തദ്ദേശഭരണ സ്ഥാപനതലങ്ങളിലെ കർമ്മസേനകൾ</u>

വാർഷിക പദ്ധതി ആസൂത്രണത്തിനുവേണ്ടി ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്ന കാർഷികമേഖലാ വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ള മേഖലാ വർക്കിംഗ് ഗ്രൂപ്പ്, ശുചിത്വ മേഖലാ വർക്കിംഗ് ഗ്രൂപ്പ് എന്നിവ സംയുക്തമായി ഹരിതകേരളം മിഷന്റെ സംയോജിത കർമ്മസേനയായി പ്രവർത്തിക്കും. വിവിധ തലങ്ങളിലെ കർമ്മസേനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മറ്റ് ഉദ്യോഗസ്ഥരുടെയോ ഏജൻസികളുടെ പ്രതിനിധികളുടെയോ സന്നദ്ധ സാങ്കേതിക വിദഗ്ദ്ധരുടെയോ സേവനം അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ കർമ്മസേനാ യോഗങ്ങളിൽ അവരെ ക്ഷണിതാവായി പങ്കെടുപ്പിക്കുന്നതും പ്രത്യേക ചുമതലകൾ നിശ്ചയിച്ച് നൽകുന്നതുമാണ്.

വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഫലപ്രദമായി ആവിഷ്കരിക്കുന്നതിനും പ്രാദേശിക പദ്ധതികളുമായുള്ള സംയോജനം ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിദഗ്ദ്ധരെയും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നിർബന്ധമായും ഉൾപ്പെടുത്തുന്നതാണ്. അതുപോലെ ജലസേചന വകുപ്പിൽനിന്നും സ.ഉ.(എം.എസ്.) നമ്പർ 72/2016/ജലവിഭവം; തീയതി 5.12.2016 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിലെയും ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതല നിശ്ചയിച്ച് നൽകിയിട്ടുള്ള ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം അവയുടെ കാർഷിക മേഖലാ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തും. സംസ്ഥാനതല കർമ്മസേനകളിലെ അനൗദ്യോഗിക സാങ്കേതിക വിദഗ്ദ്ധർ, സ്റ്റേറ്റ് മിഷൻ/ഉപമിഷൻ കോ-ഓർഡിനേറ്റർമാർ, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരും ജില്ലാതല കർമ്മസേനകളിലെ റിസോഴ്സ് പേഴ്സൺമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരും മുഴുവൻ സമയ സേവന വ്യവസ്ഥയിൽ പ്രവർത്തിക്കും.

സംസ്ഥാനതല കർമ്മസേനകളിലെ കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ, സ്റ്റേറ്റ് മിഷൻ/ ഉപമിഷൻ കോ-ഓർഡിനേറ്റർമാർ, ജില്ലാതല കർമ്മസേനകളിലെ റിസോഴ്സ് പേഴ്സൺമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ മുതലായ ചുമതലകൾ നിറവേറ്റുന്നതിന് വിവിധ വകുപ്പുകളിൽ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരിൽനിന്നും അനുയോജ്യരായവരെ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലോ അതല്ലെങ്കിൽ യോഗ്യരായ സാങ്കേതിക വിദഗ്ദ്ധരെ കരാർ അടിസ്ഥാനത്തിലോ കണ്ടെത്തി നിയോഗിക്കുന്നതാണ്.

**സേവനാവകാശ നിയമം**

13 (15) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സേവനം യഥാസമയം വേണ്ടവിധത്തിൽ പൊതുജനങ്ങൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെയാണോ സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം പൊതുജനങ്ങൾക്കു യഥാസമയം സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ചില ഓഫീസുകളിൽനിന്നും ,സേവനം യഥാസമയം കിട്ടാത്തതിന്റെ പേരിലാണെന്ന് പറയപ്പെടുന്ന ആത്മഹത്യകളും ആത്മഹത്യാ ഭീഷണികളും സേവനാവകാശ നിയമം ഇനിയും ജനങ്ങൾക്ക് അനുഭവവേദ്യമായിട്ടില്ല എന്നാണ് സൂചിപ്പിക്കുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാരനടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം പ്രസ്തുത നിയമം അനുശാസിക്കുന്ന വിധത്തിൽ പ്രവർത്തിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(എഫ്) ഇല്ലെങ്കിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനായി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അതെ.

(ബി) 21-10-2014-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവനാവകാശ നിയമപ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ട്, 15-11-2014-ലെ 16203/ എ.ആർ.12(1)/ 13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ

അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്ക് മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമത്തിലെ 3-ാം വകുപ്പിൻപ്രകാരം ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശഭരണ സ്ഥാപനവും, ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്നതായ സേവനങ്ങളുടെ കൂട്ടത്തിൽ അതത് ഓഫീസിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുംകൂടി സേവനാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സേവനാവകാശ നിയമം 2012 സംബന്ധിച്ച് അതാത് വകുപ്പുകൾ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഓരോ വകുപ്പും/സ്ഥാപനങ്ങളും ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് 8-2-2016-ലെ 22488/എ.ആർ 12(1)/2015/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(സി&ഡി) സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ഇല്ല.

(എഫ്) സേവനാവകാശ നിയമമനുസരിച്ച് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നിയമമനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്ഥിരമായി വകുപ്പദ്ധ്യക്ഷന്മാരില്ലാത്തതുമൂലമുള്ള പ്രശ്നങ്ങൾ**

14 (16) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല വകുപ്പുകളിലും സ്ഥിരമായി വകുപ്പദ്ധ്യക്ഷന്മാരില്ലാത്ത അവസ്ഥ ഗുരുതരമായ സർവ്വീസ് പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വകുപ്പ് മേധാവികൾ ഇല്ലാത്തതിനാൽ തൊട്ടു താഴെയുള്ള മേലധികാരികൾ ഫയലുകളിൽ പലപ്പോഴും വ്യക്തമായ തീരുമാനങ്ങളോ നിർദ്ദേശങ്ങളോ എടുക്കാതെ പരാതികൾ അനന്തമായി നീട്ടുന്നകാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) ഓഫീസുകളിൽ തപാൽ സ്വീകരണവും വിതരണവും മന്ദഗതിയിലാണെന്ന പരാതി പരിശോധിച്ച് പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിരമായി വകുപ്പദ്ധ്യക്ഷരില്ലാത്ത അവസ്ഥ ഉണ്ടായിട്ടില്ല.

(ബി&സി) ബാധകമല്ല.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം**

15 (17) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് കൈമാറാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ യഥാക്രമം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കാൻ നിർദ്ദേശിച്ചുകൊണ്ട് 5-9-1986-ലെ 13770/ ബി.പി.ഇ/86/പ്ലാനിംഗ്, 17-5-2007-ലെ 15274/ബി.പി.ഇ 2/06/പ്ലാനിംഗ് എന്നീ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നമ്പർ 14079/ഉപ.സി.1/14/ഉ.ഭ.പ.വ. തീയതി 14-6-2016 പരിപത്രം പ്രകാരം ഗവൺമെന്റ് സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകളും ടി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമാണോ നിയമനങ്ങൾ നടത്തിവരുന്നത് എന്ന വസ്തുത പരിശോധിക്കേണ്ടതും, ടി സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടില്ലെങ്കിൽ ആയതിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് പി.എസ്.സി. ജില്ലാ ഓഫീസ് പ്രവർത്തനം

16 (18) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പി.എസ്.സി. ജില്ലാ ഓഫീസ് വാടക ക്കെട്ടിടത്തിലാണോ നിലവിൽ പ്രവർത്തിക്കുന്നത് ;

(ബി) വാടകയിനത്തിൽ വർഷത്തിൽ പി.എസ്.സി.-ക്ക് എത്ര രൂപ ചെലവഴിക്കേണ്ടിവരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലയിൽ സ്ഥലം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥലത്ത് ജില്ലാ പി.എസ്.സി. ആസ്ഥാനം പണിയുന്നതിന് എന്തെങ്കിലും നടപടി ആയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) അതെ.

(ബി) കാസർഗോഡ് ജില്ലാ ഓഫീസ് കെട്ടിടത്തിന് പ്രതിമാസം 99,191 രൂപ (തൊണ്ണൂറ്റി ഒമ്പതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) നിരക്കിൽ പ്രതിവർഷം 11,90,292 രൂപ (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) ആണ് ആകെ വാടകയിനത്തിൽ നൽകുന്നത്.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസർഗോഡ് ജില്ലാ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 3-9-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 496/2016/റവ., 13-2-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 57/2017/റവ. എന്നിവ പ്രകാരം കാസർഗോഡ് താലൂക്കിൽ കാസർഗോഡ് വില്ലേജിൽ റീ.സ.നമ്പർ 210/pt-ൽപ്പെട്ട 8.09 നമ്പർ (20 സെന്റ്) സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥലത്ത് ഓൺലൈൻ പരീക്ഷാകേന്ദ്രം ഉൾപ്പെടെ കാസർഗോഡ് ജില്ലാ പി.എസ്.സി. ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയതായും പ്രസ്തുത തുക കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള പി.എസ്.സി. ചെയർമാന്റെ അർദ്ധ ഔദ്യോഗിക കത്ത് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിൻ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

## കേരളത്തിലെ സിവിൽ സർവ്വീസ്

17 (19) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സിവിൽ സർവ്വീസ് ജനസൗഹൃദപരവും ജനങ്ങൾക്ക് സേവനം വളരെ എളുപ്പത്തിൽ ലഭിക്കുന്നവിധത്തിലുമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(സി) KAS എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ;

(ഡി) KAS നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി)

(1) പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി 30-3-1985, 16-7-2015, 12-1-2009 എന്നീ തീയതികളിലെ സർക്കുലറുകൾ പ്രകാരം വിവിധ നിർദ്ദേശങ്ങളും നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(2) അപേക്ഷകൾ/പരാതികൾ/നിവേദനങ്ങൾ എന്നിവയ്ക്ക് ഒരാഴ്ചയ്ക്കകം കൈപ്പറ്റ് രസീത് നൽകാനും അപേക്ഷ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനുള്ളിലും അപേക്ഷകന് നൽകണമെന്നും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പദ്ധ്യക്ഷന്മാർ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും കർശന നിർദ്ദേശം എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് തലവൻമാർക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

(3) പഞ്ചദിന ചട്ടം, സേവനാവകാശം, വിവരാവകാശം, ഇ-ഓഫീസ് സംവിധാനം, പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും കർശനമായ പരിശോധന, ഫയലുകളുടെ പ്രതിമാസ പ്രവർത്തന അവലോകനം, ഓരോ വകുപ്പിലും

സെക്ഷനുകളിലും സീറ്റുകളിലും ജോലിഭാരംമൂലം ഫയൽ കെട്ടിക്കിടക്കുന്നതിന് കാരണമുണ്ടെങ്കിൽ അക്കാര്യം ഉന്നത തലത്തിൽ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നിർദ്ദേശം എന്നിവയെല്ലാം സമയബന്ധിതമായി ഫയൽ തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളാണ്.

(4) സെക്രട്ടേറിയറ്റിൽ മുഴുവൻ ഫയലുകളുടെ നീക്കവും ഇ-ഓഫീസ് മുഖാന്തരം നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ഫയൽ നീക്കത്തിലുണ്ടാകുന്ന കാലതാമസം ഗണ്യമായി കുറയ്ക്കാനും സാധിക്കുന്നുണ്ട്.

(5) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിലേയ്ക്കായാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ പരിശീലന കേന്ദ്രം അനുവദിച്ച് ഉത്തരവായത്.

(6) പൊതുഭരണ വകുപ്പിൽ പി.എസ്.സി. വഴി നിയമിതരാകുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിലുള്ള ഇൻഹൗസ് ട്രെയിനിംഗ് സെന്റർ മുഖേന വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു.

(7) ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതി രഹിതമായ സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ സർക്കാർ ജീവനക്കാർക്ക് ഐ.എം.ജി., കില, മുതലായ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട കരട് സ്പെഷ്യൽ റൂൾ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്താൻ തീരുമാനിക്കുകയും ആയതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് സ.ഉ.(കൈ) 1/2017 /ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

## സർക്കാർ നൂറ് ദിവസം പൂർത്തിയാക്കിയത് സംബന്ധിച്ച പരസ്യങ്ങൾ

18 (20) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൂറ് ദിവസം പൂർത്തിയാക്കിയത് സംബന്ധിച്ചുള്ള പരസ്യങ്ങൾക്ക് എന്തുതുക ചിലവഴിച്ചെന്ന് വിവിധ വകുപ്പുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും ഏതൊക്കെ പത്രങ്ങളിലാണ് പി.ആർ.ഡി. പരസ്യം നൽകിയത്, ഇതിനായി എന്തുതുക നൽകി, ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുതുക വീതം നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ദേശീയപാതകളിലും മറ്റ് പ്രധാന റോഡുകളുടെ ഇരുവശങ്ങളിലും ഹോർഡിംഗുകൾവഴി ഇത് സംബന്ധിച്ച പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടോ;

(ഇ) ഏത് ഏജൻസിയെയാണ് ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയത്; ഇതിന് ടെണ്ടർ ക്ഷണിച്ചിരുന്നുവോ, ഇതിനായി എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ നൂറ് ദിവസം പൂർത്തിയാക്കിയത് സംബന്ധിച്ച് ദൃശ്യമാധ്യമങ്ങളിൽ പരസ്യം നൽകിയതിന് 79,58,197 രൂപയും (എഴുപത്തി ഒൻപത് ലക്ഷത്തി അൻപത്തെണ്ണായിരത്തി നൂറ്റിത്തൊണ്ണൂറ്റിയേഴ് രൂപ മാത്രം) FM റേഡിയോകളിൽ പരസ്യം നൽകിയതിന് 7,86,639 രൂപയും (ഏഴ് ലക്ഷത്തി എൺപത്തി ആറായിരത്തി അറുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) ഓൺലൈൻ മാധ്യമങ്ങളിൽ പരസ്യം നൽകിയതിന് 1,25,390 രൂപയും (ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി മുന്നൂറ്റിത്തൊണ്ണൂറ് രൂപ മാത്രം) അച്ചടി മാധ്യമങ്ങളിൽ പരസ്യം നൽകിയതിന് 1,11,22,573 രൂപയും (ഒരു കോടി പതിനൊന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിമൂന്ന് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് പരസ്യം നൽകിയ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പത്രങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* ഇതിനായി തുക അനുവദിച്ചതിന്റെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. ദൃശ്യമാധ്യമങ്ങൾക്ക് 79,58,197 രൂപയും (എഴുപത്തി ഒൻപത് ലക്ഷത്തി അൻപത്തെണ്ണായിരത്തി നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം), എഫ്.എം. റേഡിയോകൾക്ക് 7,86,639 രൂപയും (ഏഴ് ലക്ഷത്തി എൺപത്തി ആറായിരത്തി അറുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) താഴെപ്പറയുന്ന ഏജൻസികളെ താൽപ്പര്യപത്രം ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുണ്ട്.

| പരസ്യ ഇനം | ഏജൻസി | തുക |
|---|---|---|
| ഹോർഡിംഗ്സ് | ഐശ്വര്യ അഡ്വർടൈസിംഗ് | 6,47,260 |
| ഹോർഡിംഗ്സ് | ചിത്ര പെയിന്റേഴ്സ് | 5,23,613 |
| ഹോർഡിംഗ്സ് | മധു അഡ്വർടൈസിംഗ് | 1,95,615 |
| ഹോർഡിംഗ്സ് | JK ആർട്സ് | 4,49,387 |
| ബിൽ ബോർഡുകൾ | Reminder Media Planner, TVM | 42,240 |
| | ആകെ | 18,58,115 |

**മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി**

19 (21) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി വഴി സഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചത്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലും എത്ര അപേക്ഷകൾ തീർപ്പുകല്പിച്ചു; എത്ര രൂപയുടെ ധനസഹായങ്ങൾ ഓരോ വിഭാഗത്തിലും അനുവദിച്ചു; വിശദമാക്കുമോ;

(സി) ജനസാന്ത്വനം പദ്ധതി കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി വഴി സഹായം ലഭിക്കുന്നതിനായി മലപ്പുറം ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കി; എന്തു തുക ധനസഹായം അനുവദിച്ചു; ബാക്കിയുള്ളവ എന്നത്തേയ്ക്ക് തീർപ്പാക്കും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി വഴി സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 200050 |
| കൊല്ലം | - | 12758 |
| പത്തനംതിട്ട | - | 7326 |
| ആലപ്പുഴ | - | 42353 |
| കോട്ടയം | - | 1446 |
| ഇടുക്കി | - | 14119 |
| എറണാകുളം | - | 176 |
| തൃശ്ശൂർ | - | 336 |
| പാലക്കാട് | - | 1164 |
| മലപ്പുറം | - | 61700 |
| കോഴിക്കോട് | - | 849 |
| കണ്ണൂർ | - | 209 |
| വയനാട് | - | 5987 |
| കാസർഗോഡ് | - | 177 |
| ആകെ | - | 348650 |

(ബി-ഡി) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ള മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിയുടെ മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുന്ന ജോലികൾ പുരോഗമിച്ചുവരികയാണ്. ആയത് പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചശേഷം മാത്രമേ അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. അപേക്ഷകൾ തരംതിരിച്ച് പരിശോധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ നൽകുന്നത് അതാത് ജില്ലാകളക്ടർമാരാണെന്നും അറിയിക്കുന്നു.

## സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ

20 (22) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ജനങ്ങൾ നൽകുന്ന നിവേദനങ്ങൾക്കും, പരാതികൾക്കും തത്സമയംതന്നെ രസീത് നൽകാനുള്ള ഉത്തരവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ഓഫീസുകളിൽ സന്ദർശന സമയം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സന്ദർശന സമയങ്ങളിൽ ബന്ധപ്പെട്ട ജീവനക്കാർ ഇല്ലെങ്കിൽ ലഭിക്കുന്ന പരാതികളിൽ രസീത് നൽകാൻ പകരം സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ/ നിവേദനങ്ങൾ എന്നിവയ്ക്ക് ആയത് കിട്ടിയാലുടൻതന്നെ കൈപ്പറ്റ് രസീത് നൽകണമെന്ന് 12-1-2009-ലെ 168/AR 13(2)/09/ഉ.പ.ഭ.വ. സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി വിഷയം സംബന്ധിച്ചുള്ള ഉത്തരവ് കർശനമായി പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പദ്ധ്യക്ഷൻ ശിക്ഷാനടപടി സ്വീകരിക്കണമെന്നും 16-7-2015-ലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റിൽ സന്ദർശന സമയം 3 മണി മുതൽ 5 മണി വരെയാണ്.

(സി) നിലവിൽ ഈ സംവിധാനമുണ്ട്.

## സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത

21 (23) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പുതിയ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സുതാര്യത, അവകാശാധിഷ്ഠിത വികസനം, ഇ-ഗവേണൻസ് എന്നിവയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ഉദ്യോഗസ്ഥരുടെ പരിശീലനം ക്രമപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുജനസേവന സംവിധാനമായി സർക്കാർ സർവ്വീസിനെ മാറ്റുന്ന വിധത്തിൽ പരിശീലന പരിപാടിക്ക് രൂപം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം അംഗീകരിച്ച് 13-7-2017-ലെ സ.ഉ.(അച്ചടി) നമ്പർ 9/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 13-7-2017-ലെ സ.ഉ.(അച്ചടി) നമ്പർ 9/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം എല്ലാ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ആജീവനാന്തമുള്ള പഠനാധിഷ്ഠിത പരിശീലനവും വികസന തന്ത്രങ്ങളും ഉറപ്പാക്കി ജീവനക്കാരെ പൂർണ്ണവികസനം കൈവന്ന, കർത്തവ്യബോധമുള്ള, പെരുമാറ്റതത്വമുള്ള വികസനോന്മുഖമായ നല്ല പെരുമാറ്റമുള്ള, കഴിവുള്ള, പൊതുജനക്ഷേമ തല്പരരായ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമത്തിന് പ്രതിജ്ഞാബദ്ധമായ തൊഴിൽ സംഘങ്ങളിലെ അംഗങ്ങളായി പരിവർത്തനം ചെയ്യിക്കും. ഇതിന്റെ ഫലമായി ജനകീയോന്മുഖമായ ഒരു പൊതുജനസേവന സംവിധാനമാണ് പ്രതീക്ഷിക്കുന്നത്. ഇത് തീരുമാനമെടുക്കുന്നതിൽ ജനങ്ങളുടെ പങ്കാളിത്തത്തിന് ഏറെ സൗകര്യമൊരുക്കുകയും ഭരണത്തിന്റെ പൂർണ്ണമായ മികവിലേയ്ക്കുള്ള പ്രയാണത്തിൽ തുടർച്ചയായ നവീന ആശയങ്ങൾക്ക് കളമൊരുക്കുകയും ചെയ്യും. ഉദ്യോഗസ്ഥരുടെയും സ്ഥാപനങ്ങളുടെയും പ്രകടനത്തെ മെച്ചപ്പെടുത്താനും സേവന നിലവാരം ഉയർത്താനും ഇതിലൂടെ ഉദ്ദേശിക്കുന്നു.

**സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം**

22 (24) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പൊതു മാനദണ്ഡം നിശ്ചയിച്ച് ഉത്തവിറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മാനദണ്ഡത്തിൽ അനുകമ്പാർഹമായ സ്ഥലം മാറ്റങ്ങൾക്ക് പരിഗണന നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സാഹചര്യത്തിലെന്ന് വെളിപ്പെടുത്തുമോ;

(സി) രാഷ്ട്രീയപ്രേരിതമായ സ്ഥലംമാറ്റങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഉണ്ട്. അനുകമ്പാർഹമായ കാരണങ്ങളാൽ പൊതുസ്ഥലംമാറ്റത്തിൽ പരിഗണന നൽകുന്നത് ചുവടെ ചേർക്കുന്ന സാഹചര്യങ്ങളിലാണ്:

(1) ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ഗുരുതര രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടമോമൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും ആയതുമൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരിക.

(2) വിദഗ്ദ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലൊന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലവൻ സാക്ഷ്യപ്പെടുത്തുക.

(3) ജീവനക്കാരന്റെ ഭാര്യയ്ക്കോ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) ഗുരുതരമായ രോഗം പിടിപെട്ടതും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്നതുമായ മകനോ മകൾക്കോ മാതാവിനോ പിതാവിനോ ജീവനക്കാരന്റെ/ജീവനക്കാരിയുടെ സാന്നിധ്യവും പരിചരണവും അത്യന്താപേക്ഷി തമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലവൻ സാക്ഷ്യപ്പെടുത്തുമ്പോൾ.

(4) മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഒരു വർഷം പൂർത്തിയാക്കിയതിനുശേഷം പുനഃപരിശോധിക്കേണ്ടതാണ്.

(സി) രാഷ്ട്രീയപ്രേരിതമായ സ്ഥലംമാറ്റങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

**ഭരണപരിഷ്കാര കമ്മീഷൻ**

23 (26) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നുമുതലാണ് ചുമതലയേറ്റത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അദ്ദേഹത്തിന് ശമ്പളം, അലവൻസുകൾ തുടങ്ങി ഏതെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; ഇതിനായി 31-7-2017 വരെ ഏകദേശം എത്ര രൂപ ചെലവായെന്ന് വെളിപ്പെടുത്തുമോ; ഇതിനുപുറമേ ഏതെല്ലാം സൗകര്യങ്ങളാണ് ചെയർമാന് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കമ്മീഷൻ ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; സെക്രട്ടേറിയറ്റിൽ കമ്മീഷൻ ഓഫീസ് വേണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ചെയർമാന് പുറമേ രണ്ട് അംഗങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഏതെല്ലാം കാറ്റഗറിയിൽ എത്ര പേഴ്സണൽ സ്റ്റാഫിനെയാണ് കമ്മീഷൻ ചെയർമാന് അനുവദിച്ചിട്ടുള്ളത്;

(എഫ്) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചോ; നിശ്ചയിച്ചുവെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ജി) കമ്മീഷൻ പ്രവർത്തനമാരംഭിച്ചോ; എന്നുമുതൽ പ്രവർത്തനം ആരംഭിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ. വി. എസ്. അച്ചുതാനന്ദൻ 18-8-16 -ൽ ചുമതലയേറ്റു.

(ബി) ഇതുസംബന്ധിച്ച് 5-5-2017-ലെ സ.ഉ.(കൈ) നമ്പർ 11/17/ഉ.ഭ.പ.വ. സർക്കാർ ഉത്തരവ് പ്രകാരം ശമ്പളവും അലവൻസുകളും നിശ്ചയിച്ചിട്ടുണ്ട്. 31-7-2017 വരെ ആകെ 5,72,422 രൂപ ചെയർമാന് ശമ്പളവും ആനുകൂല്യങ്ങളുമായി നൽകിയിട്ടുണ്ട്. ഇതിനുപുറമെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. (ഉത്തരവ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.)*

(സി) കമ്മീഷൻ ഓഫീസ് നിലവിൽ സെക്രട്ടേറിയറ്റിലും IMG-യിലുമായി പ്രവർത്തിച്ചു വരുന്നു.

(ഡി) ഇതുസംബന്ധിച്ച 4-6-2017-ലെ സ.ഉ.(കൈ) നമ്പർ 15/2017/ ഉ.ഭ.പ.വ. നമ്പർ ഉത്തരവ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഇ&എഫ്) ഇതുസംബന്ധിച്ച 30-8-2016-ലെ സ.ഉ.(കൈ) നമ്പർ 21/16/ ഉ.ഭ.പ.വ. നമ്പർ ഉത്തരവ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(ജി) 18-8-2016 മുതൽ ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനമാരംഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ പെൻഷൻ അപേക്ഷകൾ

24 (27) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മന്ത്രിസഭയിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകളുടെ എത്ര പെൻഷൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടുള്ളതും പെൻഷൻ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുള്ളതും എ.ജി.-ക്ക് അയയ്ക്കാൻ ബാക്കിയുള്ളതുമായ അപേക്ഷകളുടെ കണക്കുകൾ ഗസറ്റഡ്, നോൺ ഗസറ്റഡ് എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) മുൻ പ്രതിപക്ഷനേതാവിന്റെ സ്റ്റാഫിൽപ്പെട്ട എത്ര പേരുടെ പെൻഷൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര പേരുടെ അപേക്ഷകൾ എ.ജി.-യ്ക്ക് അയക്കാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ;

(സി) പെൻഷൻ അപേക്ഷകൾ ലഭിച്ച് എത്ര ദിവസത്തിനകം എ.ജി.-ക്ക് അയച്ചുകൊടുക്കണമെന്നാണ് വ്യവസ്ഥയുള്ളത്; ഇതുപ്രകാരം മുൻ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരുടെ അപേക്ഷകൾ എ.ജി.-ക്ക് അയക്കുന്നതിന് പരമാവധി എത്ര ദിവസത്തെ കാലതാമസമുണ്ടായിട്ടുണ്ട്;

(ഡി) മുൻ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരുടെ പെൻഷൻ അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന് കാരണമെന്താണെന്ന് അറിയിക്കുമോ; മനപ്പൂർവ്വമായ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാരിന് ലഭിച്ചിട്ടുള്ള ഈ പെൻഷൻ അപേക്ഷകളിൽ അടിയന്തരമായി നടപടി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ മന്ത്രിസഭയിലെ പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ 432 അപേക്ഷകൾ ഇതുവരെ ലഭ്യമായിട്ടുണ്ട്. ഇതിൽ 76 പേർക്ക് പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗസറ്റഡ്, നോൺ ഗസറ്റഡ് തിരിച്ചുള്ള അപേക്ഷകളുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) മുൻ പ്രതിപക്ഷനേതാവിന്റെ സ്റ്റാഫിൽപ്പെട്ട 4 പേർ പെൻഷൻ അപേക്ഷ നൽകിയിട്ടുണ്ട്. 2 പേരുടെ അപേക്ഷ എ. ജി (എ & ഇ)-യ്ക്ക് അയയ്ക്കാൻ ബാക്കിയുണ്ട്.

(സി-ഇ) നോൺ ഗസറ്റഡ് സേവനകാലമുള്ള അപേക്ഷകരുടെ സേവന പുസ്തകം ലഭ്യമാകാത്ത സാഹചര്യത്തിൽ അത്തരം പെൻഷൻ അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്. പേഴ്സണൽ സ്റ്റാഫിൽനിന്നും വിടുതൽ ചെയ്ത ജീവനക്കാർക്കുള്ള ടെർമിനൽ സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വീസ് ബുക്ക് ലഭ്യമായതിനുശേഷം ടി അപേക്ഷകൾ വിശദമായ പരിശോധനകൾക്കുശേഷം രേഖകളുമായി ഒത്തുനോക്കി പെൻഷൻ ബുക്കുകളും പകർപ്പുകളും സാക്ഷ്യപ്പെടുത്തി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് സമയബന്ധിതമായി അയച്ചുകൊടുക്കുന്നുണ്ട്.

**ഭരണപരിഷ്കാര കമ്മീഷന്റെ ചെലവുകൾ**

25 (28) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി ഈ സർക്കാരിന്റെ കാലത്ത് എന്ത് തുക ചെലവായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സാധന സാമഗ്രികൾ ഔദ്യോഗിക വസതിയിലേക്ക് വാങ്ങിയതിന് ചെലവായ തുക വ്യക്തമാക്കുമോ;

(സി) ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇക്കാലയളവിൽ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മൊബൈൽ ഫോൺ ബില്ലുകൾ, ഔദ്യോഗിക വസതികളിലെയും ഓഫീസുകളിലെയും ഫോൺ ബില്ലുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ചെയർമാൻ, അംഗങ്ങൾ എന്നിവരിൽ ആരൊക്കെ വിദേശയാത്ര നടത്തിയിട്ടുണ്ട്, അവരെ അനുഗമിച്ചത് ആരൊക്കെയാണ്; എവിടെയൊക്കെയാണ് അവർ പോയതെന്നും അതിന് എന്ത് തുക ചെലവായെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതിയായ കവടിയാർ ഹൗസിൽ ഈ സർക്കാർ അധികാരമേറ്റശേഷം അറ്റകുറ്റപ്പണികളുടെ ഭാഗമായി (സിവിൽ പ്രവൃത്തികൾ 17,01,147 രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾ

68,100 രൂപയും) ആകെ 17,69,247 രൂപയ്ക്ക് (പതിനേഴുലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി നാൽപ്പത്തി ഏഴ് രൂപ) പണി ചെയ്യിച്ചിട്ടുണ്ട്. മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി യാതൊന്നും ചെയ്തിട്ടില്ല.

(ബി) സാധന സാമഗ്രികൾ ഔദ്യോഗിക വസതിയിലേയ്ക്ക് വാങ്ങിയതിന് 4,79,973 രൂപ (നാല് ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തി മൂന്ന് രൂപ) ചെലവായിട്ടുണ്ട്.

(സി) ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അതിഥി സൽക്കാരത്തിന് നാളിതുവരെ കമ്മീഷനിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ചെയർമാന്റെ യാത്രാബത്തയായി 67,030 (അറുപത്തി ഏഴായിരത്തി മുപ്പത്) രൂപയും പാർട്ട് ടൈം അംഗമായ ശ്രീമതി നീലാ ഗംഗാധരന് കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് യാത്രാബത്ത ഇനത്തിൽ 93,053 (തൊണ്ണൂറ്റി മൂവായിരത്തി അൻപത്തി മൂന്ന്) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇക്കാലയളവിൽ ചെയർമാന്റെ ഔദ്യോഗിക വസതിയിലെ ലാന്റ് ഫോൺ ബില്ലിനത്തിൽ 7,783 (ഏഴായിരത്തി എഴുനൂറ്റി എൺപത്തി മൂന്ന്) രൂപയും മൊബൈൽ ഫോൺ ബില്ലിനത്തിൽ 2,656 (രണ്ടായിരത്തി അറുനൂറ്റി അൻപത്തിയാറ്) രൂപയും ചെലവഴിച്ചിട്ടുണ്ട്. അംഗങ്ങൾക്കായി ഈ ഇനത്തിൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) ഈ സർക്കാരിന്റെ കാലത്ത് ചെയർമാനോ അംഗങ്ങളോ കമ്മീഷനുമായി ബന്ധപ്പെട്ട് ഔദ്യോഗികമായി വിദേശയാത്രകൾ നടത്തിയിട്ടില്ല.

**മന്ത്രിസഭയിൽനിന്ന് രാജിവച്ച മന്ത്രിമാർ**

26 (29) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിസഭയിൽനിന്ന് എത്ര മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇവർ രാജി വയ്ക്കാനുണ്ടായ കാരണങ്ങളും സാഹചര്യങ്ങളും വിശദീകരിക്കുമോ;

(സി) രാജിക്ക് കാരണങ്ങളായ വിഷയങ്ങളെക്കുറിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങളാണ് നടക്കുന്നതെന്നും അന്വേഷണങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ മന്ത്രിസഭയിൽനിന്നും രണ്ട് മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി.

1. ശ്രീ. ഇ. പി. ജയരാജൻ
2. ശ്രീ. എ. കെ. ശശീന്ദ്രൻ

(ബി) പൊതുമേഖലാ സ്ഥാപനത്തിലേയ്ക്കുള്ള നിയമനത്തിൽ ക്രമക്കേടുണ്ടെന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ ശ്രീ. ഇ. പി. ജയരാജനും ഒരു സ്വകാര്യ ടെലിവിഷൻ പുറത്തുവിട്ട ശബ്ദരേഖയെ സംബന്ധിച്ചുണ്ടായ ആരോപണത്തെ തുടർന്ന് ശ്രീ. എ. കെ. ശശീന്ദ്രനും മന്ത്രിസഭയിൽനിന്ന് രാജിവയ്ക്കുകയുണ്ടായി.

(സി) ശ്രീ. ഇ. പി. ജയരാജനെതിരെ സത്വര അന്വേഷണം നടത്തുകയും തുടർന്ന് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. ഇ. പി. ജയരാജൻ ഫയൽ ചെയ്ത സി. എം. സി. 2839/17-ലെ ഉത്തരവ് പ്രകാരം ടി കേസ് നിലവിൽ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ശ്രീ. എ. കെ. ശശീന്ദ്രന്റെ രാജിക്ക് കാരണമായ 2017 മാർച്ച് 26-ലെ മംഗളം ടെലിവിഷൻ ചാനലിൽ സംപ്രേഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. പി. എസ്. ആന്റണിയെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ കാലാവധി 2017 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ രാജിവയ്ക്കാനിടയായ വിഷയവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിൽ രജിസ്റ്റർ ചെയ്ത 2 കേസ്സുകൾ ക്ലബ് ചെയ്ത് സി.ബി.സി.ഐ.ഡി. ഒറ്റ കേസ്സായി അന്വേഷിച്ചുവരുന്നു. ആകെ 9 പ്രതികളുള്ള കേസ്സിൽ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 4 പ്രതികൾ കോടതി മുഖാന്തരം മുൻകൂർ ജാമ്യം നേടിയിട്ടുള്ളതുമാണ്. അന്വേഷണം പുരോഗമിക്കുന്നു.

**ഹയർസെക്കണ്ടറി വിഭാഗം കൊമേഴ്സ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ്**

27 (30) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ ഹയർസെക്കണ്ടറി വിഭാഗം കൊമേഴ്സ് അദ്ധ്യാപകരുടെ 538/2014/SSVII നമ്പറായുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 2-9-2017-ന് മൂന്ന് വർഷം പൂർത്തിയാവുമെന്നതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഉദ്യോഗാർത്ഥികൾ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ നിലവിലെ കാലാവധിക്കുള്ളിൽ ഉദ്യോഗാർത്ഥികളുടെ പ്രായപരിധി കഴിയുമെന്നതിനാൽ റാങ്ക് ലിസ്റ്റ് കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-സി) റാങ്ക് ലിസ്റ്റിന്റെ കാലപ്പഴക്കം, നിലവിലെ നിയമനനില എന്നിവ പരിഗണിച്ചശേഷമാണ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയത്തിൽ തീരുമാനമെടുത്തുവരുന്നത്. 2-9-2017 വരെ കാലാവധിയുള്ള ഹയർ സെക്കണ്ടറി വിഭാഗം കൊമേഴ്സ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല.

**സ്വാതന്ത്ര്യസമര പെൻഷനും ആശ്രിത പെൻഷനും**

28 (31) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര പേർ സ്വാതന്ത്ര്യസമര പെൻഷനും ഈ പെൻഷന് അർഹരായവർ മരിക്കുമ്പോൾ ലഭിക്കുന്ന ആശ്രിത പെൻഷനും വാങ്ങുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇപ്പോൾ സംസ്ഥാന, കേന്ദ്ര പെൻഷൻ എത്ര തുകയാണ് അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് നിലവിൽ സ്വാതന്ത്ര്യസമര പെൻഷനും അതുമായി ബന്ധപ്പെട്ട തുടർ പെൻഷനും വാങ്ങുന്നവരുടെ ജില്ല തിരിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ തുക പ്രതിമാസം 10,800 രൂപയാണ്. കേന്ദ്ര പെൻഷൻ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ആൻഡമാൻ നിക്കോബാർ ജയിലിൽ തടവുകാരായി കഴിഞ്ഞവർ/ഇങ്ങനെ തടവുകാരായി മരിച്ചവരുടെ ഭാര്യ/ഭർത്താവ് എന്നിവർക്ക് പ്രതിമാസം 30,600 രൂപയും ബ്രിട്ടീഷ് ഇന്ത്യയ്ക്ക് പുറത്ത് തടവ് അനുഭവിക്കേണ്ടിവന്ന സ്വാതന്ത്ര്യസമര ഭടൻമാർ, അവരുടെ മരണമടഞ്ഞവരുടെ ഭാര്യ/ഭർത്താവ് എന്നിവർക്ക് പ്രതിമാസം 28,560 രൂപയും ഇന്ത്യൻ നാഷണൽ ആർമി അംഗങ്ങൾ അടക്കമുള്ള

സ്വാതന്ത്ര്യസമരസേനാനികൾക്ക് അവരിൽ മരണമടഞ്ഞവരുടെ ഭാര്യ/ഭർത്താവ് എന്നിവർക്ക് 26,520 രൂപയും സ്വാതന്ത്ര്യ സമരസേനാനികളുടെ ആശ്രിതരായ അച്ഛനമ്മമാർ, അവിവാഹിതകളും തൊഴിൽ രഹിതരുമായ പെൺമക്കൾ എന്നിവർക്ക് സ്വാതന്ത്ര്യ സമരസേനാനികൾക്ക് അനുവദിക്കാവുന്ന തുകയുടെ 50% അതായത് 13,260-നും 15,300-നും ഇടയ്ക്കുള്ള പരിധിയിലും സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ/തുടർ പെൻഷൻ നൽകിവരുന്നു.

## മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കൾ

29 (33) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് നിലവിൽ എത്ര ഉപദേഷ്ടാക്കളുണ്ട്; അവർ ആരൊക്കെ യെന്നും ഓരോരുത്തരും നിർവ്വഹിക്കുന്ന ജോലി എന്തെന്നും വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ വിവിധ ഉപദേശകർക്കായി എത്ര പേരെ സ്റ്റാഫിനത്തിൽ നിയോഗിച്ചിട്ടുണ്ട്;

(സി) പ്രസ്തുത ഉപദേഷ്ടാക്കൾക്കും സ്റ്റാഫുകൾക്കും ഇതുവരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയ ഇനത്തിൽ എന്ത് ചെലവ് വന്നുവെന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) മുഖ്യമന്ത്രിക്ക് വിവിധ മേഖലകളിലായി നിലവിൽ 6 ഉപദേശകരുണ്ട്.

| ക്രമ നമ്പർ | പേര് | മേഖല |
|---|---|---|
| 1 | ശ്രീ. രമൺശ്രീവാസ്തവ | ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ഉപദേഷ്ടാവ് |
| 2 | ശ്രീ. എം. ചന്ദ്രദത്തൻ | ശാസ്ത്ര ഉപദേഷ്ടാവ് |
| 3 | ശ്രീമതി ഗീതാ ഗോപിനാഥ് | സാമ്പത്തിക ഉപദേഷ്ടാവ് |
| 4 | ഡോ. എൻ. കെ. ജയകുമാർ | നിയമ ഉപദേഷ്ടാവ് |
| 5 | ശ്രീ. ജോൺ ബ്രിട്ടാസ് | മീഡിയ ഉപദേഷ്ടാവ് |
| 6 | ശ്രീ. പ്രഭാകരവർമ്മ | പ്രസ് ഉപദേഷ്ടാവ് |

മുഖ്യമന്ത്രി ആവശ്യപ്പെടുന്നപക്ഷം അദ്ദേഹത്തിന് ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ദ്ധോപദേശം നൽകുക എന്നതാണ് ഉപദേശകരുടെ ചുമതല.

(ബി) ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവിന് രണ്ട് പോലീസ് ഡ്രൈവർമാരുടെ സേവനം അനുവദിച്ചിട്ടുണ്ട്. മറ്റ് ഉപദേശകർക്ക് സ്റ്റാഫിനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടില്ല.

(സി) നിയമനം ലഭിച്ച തീയതി മുതൽ 2017 ജൂലൈ മാസം വരെ ഡോ. എൻ.കെ. ജയകുമാറിന് 14,17,643 രൂപയും, ശ്രീ. എൻ. പ്രഭാകരവർമ്മക്ക് 14,91,430 രൂപയും ശമ്പളയിനത്തിൽ നൽകിയിട്ടുണ്ട്. മറ്റ് ഉപദേശകരെല്ലാം പ്രതിഫലം കൂടാതെയാണ് സേവനമനുഷ്ഠിക്കുന്നത്.

മുഖ്യമന്ത്രിയുടെ ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ഉപദേഷ്ടാവായ ശ്രീ. രമൺശ്രീവാസ്തവയ്ക്ക് പോലീസ് വകുപ്പിൽനിന്നും അനുവദിച്ച രണ്ട് പോലീസ് ഡ്രൈവർമാർക്കായി പ്രതിമാസം ഏകദേശം 93,032 രൂപ ശമ്പളയിനത്തിൽ ചെലവ് വരുന്നുണ്ട്.

### മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുംവേണ്ടി വാഹനങ്ങൾ

30 (34) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുംവേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾക്കോരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും ഓരോ വാഹനവും ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുംവേണ്ടി വിനോദസഞ്ചാര വകുപ്പിൽനിന്നും വാഹനങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ, സംസ്ഥാന സർക്കാരിന്റെ ആതിഥേയ വകുപ്പ് എന്ന നിലയിൽ സംസ്ഥാന അതിഥികൾക്കും വിശിഷ്ട/അതിവിശിഷ്ട വ്യക്തികൾക്കും മറ്റ് വിശിഷ്ടാതിഥികൾക്കും വാഹന സൗകര്യം നൽകുന്നതിനായി ടൂറിസം വകുപ്പിന്റെ പഴയ 35 വാഹനങ്ങൾക്കുപകരം പുതിയ 35 വാഹനങ്ങൾ വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

### സെക്രട്ടേറിയറ്റിലെ തീർപ്പാക്കാത്ത ഫയലുകൾ

31 (35) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഇനിയും തീർപ്പാക്കാത്ത എത്ര ഫയലുകളുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽ പ്പെട്ടപ്പോൾ അതുസംബന്ധിച്ച വിശദാംശങ്ങൾ തേടി 30-1-2017-ൽ എല്ലാ

സെക്രട്ടറിമാർക്കും നൽകിയ കുറിപ്പിൻപ്രകാരം ഓരോ വകുപ്പ് സെക്രട്ടറിമാരും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അനാസ്ഥ കാട്ടിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥരും വകുപ്പും ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ജീവനക്കാരിൽ (സെക്രട്ടേറിയറ്റ് ജീവനക്കാർ ഉൾപ്പെടെ) ഫയലുകൾ തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ബാക്കിയുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടാകുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം ലഭ്യമാക്കിയ വിവരങ്ങളിന്മേൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ടുകൾ ലഭ്യമാക്കുമ്പോൾ ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**ഭരണനിർവ്വഹണത്തിന് ആധുനിക സാങ്കേതികവിദ്യകൾ**

32 (36) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണനിർവ്വഹണ രംഗത്ത് ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഭരണനിർവ്വഹണ രംഗത്ത് ആധുനിക സാങ്കേതികവിദ്യകളുടെ നിലവിലെ സെർവ്വർ സംവിധാനങ്ങൾ പലപ്പോഴും തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇ-ഓഫീസ് സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണനിർവ്വഹണ രംഗത്ത് ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗംമൂലം വിവിധ സർക്കാർ സേവനങ്ങൾ യഥാസമയം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജനങ്ങളിലെത്തിക്കാൻ സാധിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും ആധുനിക സാങ്കേതികവിദ്യകൾ വളരെ ഫലപ്രദമാണ്. സർക്കാർ സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനുള്ള അക്ഷയ പദ്ധതി, ജനസേവന കേന്ദ്രങ്ങൾ എന്നിവ മികച്ച പൗരസേവന കേന്ദ്രങ്ങളായി ഇതിനോടകംതന്നെ മാറിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ ഇ-ടെൻഡർ, ഇ-പ്രൊക്യൂർമെന്റ് എന്നിവയിലൂടെ കാര്യക്ഷമത, സുതാര്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതിനും സമയബന്ധിതമായി സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും ഇ-ഓഫീസ് സംവിധാനം സഹായകരമാകുന്നു.

സംസ്ഥാനത്തെ മികച്ച മൊബൈൽ വ്യാപനവും വ്യാപ്തിയും കണക്കിലെടുത്ത് മൊബൈൽ ഗവേണൻസ് പദ്ധതിയിലൂടെ ഇ-ഗവേണൻസ് സേവനങ്ങൾ പൗരന്മാരുടെ വിരൽത്തുമ്പിലെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ചില സമയങ്ങളിൽ വേഗത കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകളിലും സെക്രട്ടേറിയറ്റിന് പുറത്ത് 42-ഓളം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഓഫീസിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിനുപുറത്ത് ഇ-ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഐ.ടി. മിഷനിൽ ഒരു മാനേജരുടെ നേതൃത്വത്തിലുള്ള ടീമും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വകുപ്പുകളിലും ഇത്തരം പ്രവർത്തനങ്ങളുടെ ഏകോപനത്തിനുവേണ്ടി നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. മാത്രമല്ല, ഇ-ഓഫീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവര സാങ്കേതിക വകുപ്പ് സെക്രട്ടറി, ഐ.ടി. മിഷൻ ഡയറക്ടർ എന്നിവരുടെ തലത്തിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി നിരന്തരം ചർച്ചകൾ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**മതപരിവർത്തനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ**

33 (37) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതപരിവർത്തനം നടത്തുന്നവർക്ക് പുതുതായി സ്വീകരിച്ച വിശ്വാസത്തിന്റെ ആധികാരിക സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെട്ട സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) ഇത്തരം സ്ഥാപനങ്ങൾ ഇതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്;

(സി) ഇത്തരത്തിൽ അധികാരപ്പെട്ട സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് ഉള്ളവരെ ഗസറ്റ് നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് വില്ലേജാഫീസർ ചോദ്യം ചെയ്യുന്നത് ഒഴിവാക്കാൻ നടപടിയുണ്ടാകുമോ;

(ഡി) ഇക്കാര്യത്തിൽ വില്ലേജധികാരികൾക്ക് പ്രത്യേക നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ)

I. <u>ഹിന്ദുമത സംഘടനകൾ</u>

1. അഖില ഭാരത അയ്യപ്പ സേവാ സംഘം
2. കേരള ഹിന്ദു മിഷൻ, തിരുവനന്തപുരം
3. ആൾ ഇന്ത്യ ദയാനന്ദ സാൽവേഷൻ മിഷൻ (ആര്യസമാജ്, കേരള ബ്രാഞ്ച്, തിരുവനന്തപുരം).
4. കാലിക്കറ്റ് ആര്യസമാജ്, ആര്യസമാജ് മന്ദിർ, പുതിയറ പി.ഒ., കാലിക്കറ്റ്.
5. ശ്രീരാമദാസ മിഷൻ, യൂണിവേഴ്സൽ സൊസൈറ്റി, ശ്രീനീലകണ്ഠപുരം, തിരുവനന്തപുരം.

II. <u>മുസ്ലീം മത സംഘടനകൾ</u>

1. മൗനത്തുൽ ഇസ്ലാം അസോസിയേഷൻ, പൊന്നാനി, മലപ്പുറം.
2. തർബീയത്തുൽ ഇസ്ലാം സഭ, പി.കെ. റോഡ്, മുഘാദർ, കോഴിക്കോട്.

III. <u>ബുദ്ധമത സംഘടന</u>

ചെയർമാൻ, ലോർഡ് ബുദ്ധ യൂണിവേഴ്സൽ സൊസൈറ്റി, ജലധാര, ഉള്ളൂർ, ഭാസി നഗർ, തിരുവനന്തപുരം - 695 011.

IV. <u>ക്രിസ്തുമതത്തിലുള്ള</u> പരിവർത്തനത്തിന് ക്രിസ്ത്യൻ ദേവാലയ സഭകളിൽനിന്ന് ലഭിക്കുന്ന ആറ് മാസത്തിനുള്ളിൽ നൽകിയിട്ടുള്ള ബാപ്റ്റിസം സർട്ടിഫിക്കറ്റ്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി&ഡി) മതപരിവർത്തനം നടത്തിയവർക്ക് ഗസറ്റ് വിജ്ഞാപന ത്തിനായി നൽകുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് കേരള ഗസറ്റ് ഭാഗം IV-ൽ പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്ന ഖണ്ഡിക 9-ന് വിധേയമായി പ്രത്യേക ആവശ്യത്തിനുവേണ്ടിയുള്ള സർട്ടിഫിക്കറ്റ് എന്ന നിലയിൽ എല്ലാ വില്ലേജ് ഓഫീസർമാരും നൽകേണ്ടതാണെന്ന് 30-11-2015-ലെ 5116/റ്റി2/2015/ ആർ.ഡി. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫ്

34 (38) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഏതെങ്കിലും സ്റ്റാഫിനെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം സ്റ്റാഫ് അംഗങ്ങളെ ഏതെല്ലാം തീയതികളിൽ സ്റ്റാഫിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ തുടരവെ സ്വയം രാജിവച്ച് പോയവർ എത്ര; മന്ത്രിമാർ ഒഴിവാക്കിയവർ എത്ര;

(ഡി) ഇവർ ഓരോരുത്തരും രാജിവച്ച് പോകാനോ ഒഴിവാക്കപ്പെടാനോ ഇടയായ കാരണങ്ങൾ എന്തായിരുന്നു; വെളിപ്പെടുത്തുമോ;

(ഇ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽനിന്നും രാജിവച്ച് പോയവരിൽ സർവ്വീസിൽ നിന്നുള്ളവർ ആരൊക്കെയായിരുന്നു, നേരിട്ട് നിയമനം ലഭിച്ചവർ ആരൊക്കെയായിരുന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി&ഡി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ആരെയും ഒഴിവാക്കുകയോ ആരും സ്വയം രാജിവയ്ക്കുകയോ ചെയ്തിട്ടില്ല. പേഴ്സണൽ സ്റ്റാഫിൽനിന്നും ചിലരെ വിടുതൽ ചെയ്തിട്ടുണ്ട്. പേഴ്സണൽ സ്റ്റാഫിലെ നിയമനവും വിടുതലും ബന്ധപ്പെട്ട മന്ത്രിയുടെ താല്പര്യപ്രകാരമാണ് ചെയ്യുന്നത്. മന്ത്രിമാരുടെ

പേഴ്സണൽ സ്റ്റാഫ് നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ ആയതിന് മന്ത്രിമാർ കാരണം കാണിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

വിടുതൽ ചെയ്ത പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഇ) ബാധകമല്ല.

**മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശയാത്രകൾ**

35 (39) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും നടത്തിയ ഔദ്യോഗികവും അനൗദ്യോഗികവുമായ വിദേശയാത്രകൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിനായി ഇതുവരെ എന്തു തുക റ്റി.എ., ഡി.എ. ഇനത്തിൽ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മുഖ്യമന്ത്രി 21-12-2016 മുതൽ 25-12-2016 വരെ നടത്തിയ ദുബായ് യാത്രയ്ക്ക് വിമാനയാത്രാക്കൂലിയിനത്തിൽ 93,295 രൂപയുടെ ക്ലെയിം സമർപ്പിച്ചിട്ടുണ്ട്. ടി യാത്രയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് റ്റി.എ., ഡി.എ. ഇനത്തിൽ 3,850 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് എന്നിവർക്ക് 4-9-2016-ന് നടത്തിയ വത്തിക്കാൻ യാത്രയ്ക്ക് 1,66,693 (ഒരു ലക്ഷത്തി അറുപത്തി ആറായിരത്തി അറുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ) അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി യാത്രയുമായി ബന്ധപ്പെട്ട് ശ്രീ. മാത്യൂ. ടി. തോമസിന് അനാമത്ത് ചെലവിനത്തിൽ 250 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹയർ സെക്കണ്ടറി കോമേഴ്സ് നോൺ വൊക്കേഷണൽ ടീച്ചർ റാങ്ക് ലിസ്റ്റ്

36 (40) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി കോമേഴ്സ് (Jr & Sr) നോൺ വൊക്കേഷണൽ ടീച്ചർ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് തീരുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടാൻ ഉദ്യോഗാർത്ഥികൾ നൽകിയ നിവേദനം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; മൂന്ന് വർഷം കാലാവധി പൂർത്തിയാക്കുന്ന ഈ ലിസ്റ്റിന്റെ കാലാവധി നാളിതുവരെയും നീട്ടിനൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 6 മാസം നീട്ടിക്കൊടുക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയെന്നും എത്ര വേക്കൻസി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;അതിൽ എത്ര എൻ.ജെ.ഡി. വേക്കൻസികൾ ഉണ്ട്; റിപ്പോർട്ട് ചെയ്ത വേക്കൻസികളിലേക്ക് അടിയന്തരമായി അഡ്വൈസ് അയക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) റാങ്ക് ലിസ്റ്റിന്റെ കാലപ്പഴക്കം, നിലവിലെ നിയമനനില എന്നിവ പരിഗണിച്ചശേഷമാണ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയത്തിൽ തീരുമാനമെടുത്തുവരുന്നത്. കാലാവധി അവസാനിച്ചിട്ടില്ലാത്ത നോൺ വൊക്കേഷണൽ ടീച്ചർ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## "ലൈഫ് " ഭവന പദ്ധതി

37 (41) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ പദ്ധതിയായ "ലൈഫ്" ഭവന പദ്ധതിയിൽ ആറന്മുള നിയോജകമണ്ഡലത്തിൽനിന്നും ഇതുവരെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഏജൻസികളെയോ, മറ്റ് പൊതുസംരംഭകരെയോ ചുമതല ഏല്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അന്തിമ ലിസ്റ്റ് ലഭ്യമായിട്ടില്ല.

(ബി) ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാല് വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.

1. ഭൂമിയുള്ള ഭവനരഹിതർ
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.
3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ
4. ഭൂരഹിത ഭവനരഹിതർ

ഇതിൽ,

- മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- 40 ശതമാനത്തിനുമേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര മാരക രോഗങ്ങളുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- HIV ബാധിതർ

എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

(സി) ലൈഫ് പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ, കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത്. വിവിധ സർക്കാർ പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനുംവേണ്ട സാങ്കേതിക സഹായങ്ങൾ തദ്ദേശഭരണസ്ഥാപനതലത്തിൽ നൽകുന്നതിന് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

**നീതി ആയോഗ്**

38 (42) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളം നീതി ആയോഗിനെതിരെ വിമർശനം ഉന്നയിക്കുന്നതും അംഗീകരിക്കാൻ തയ്യാറാകാത്തതും എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ ഉപേക്ഷിക്കുകയും ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ട് നീതി ആയോഗ് എന്ന സംവിധാനം ഏർപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്ന സമയത്ത് സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം ലഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസലുകൾ തയ്യാറാക്കി മുൻകൂട്ടി നൽകിയിരുന്നതുകൊണ്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതത്തെ സംബന്ധിച്ച് കൃത്യമായ ധാരണയുണ്ടായിരുന്നു. കൂടാതെ സംസ്ഥാന പദ്ധതികളുടെ അംഗീകാരം നൽകിയിരുന്നത് ആസൂത്രണ കമ്മീഷൻ ആയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്യാൻ സാധിച്ചിരുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽനിന്ന് 28 ആക്കി പുനഃക്രമീകരിക്കുകയും ഫണ്ടിംഗ് രീതിയിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുൻകാലങ്ങളിലുണ്ടായ ഫണ്ടിംഗ് രീതി 100, 90:10, 80:20, 70:30, 75:25, 50:50 എന്ന അനുപാതത്തിലായിരുന്നു. പുതിയ ഫണ്ടിംഗ് രീതി പ്രകാരം 6 കോർ ഓഫ് ദി കോർ പദ്ധതികൾ 90:10-ലും 20 കോർ പദ്ധതികൾ 60:40-ലും 2 ഓപ്ഷണൽ പദ്ധതികൾ 50:50 എന്ന അനുപാതത്തിലുമാണ് പുനഃക്രമീകരിച്ചിരിക്കുന്നത്. അനുപാതത്തിലുണ്ടായ ഈ മാറ്റംമൂലം സംസ്ഥാനത്തിന് സാമ്പത്തിക പരിമിതി അനുഭവപ്പെടുന്നു. കൂടാതെ ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ഉണ്ടായിരുന്ന സംസ്ഥാനങ്ങൾക്കുള്ള

ഒറ്റത്തവണ/അധിക കേന്ദ്രസഹായം എന്നിവ നിർത്തലാക്കി. ഓരോ വാർഷിക പദ്ധതിയും തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രിമാർ, ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനുമായി ചർച്ചകൾ നടത്തിയിരുന്നു. ഈ അവസരങ്ങളിൽ സംസ്ഥാനത്തിനുള്ള അർഹമായ കേന്ദ്രവിഹിതം മാനദണ്ഡമനുസരിച്ച് ചോദിച്ചുവാങ്ങാൻ സാധിക്കുമായിരുന്നു. എന്നാൽ പുതിയ സംവിധാനത്തിൽ ഇതിനുള്ള സാധ്യതയും ഇല്ലാതായിരിക്കുകയാണ്.

**ഹരിത കേരളം പദ്ധതി**

39 (43) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള മിഷന്റെ ഭാഗമായി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് കുളങ്ങൾ വൃത്തിയാക്കൽ, നവീകരിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട നിയോജകമണ്ഡലത്തിലെ കുളങ്ങൾ നവീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഹരിതകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഹരിത കേരളം മിഷനിൽ ഉൾപ്പെടുന്ന ജല ഉപമിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നവകേരളം കർമ്മ പദ്ധതിയിലെ ഒരു മിഷനാണ് ഹരിതകേരളം മിഷൻ. ഇതിൽ മൂന്ന് ഉപദൗത്യങ്ങളെ കേന്ദ്രീകരിച്ച് ഉപമിഷനുകൾ പ്രവർത്തിക്കുന്നു. ഇപ്രകാരം ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ മേഖലകളിൽ മൂന്ന് ഉപമിഷനുകളുണ്ട്. ഇവയുടെ പ്രവർത്തനലക്ഷ്യങ്ങൾ താഴെ വിവരിക്കുന്നു.

1. ശുചിത്വ-മാലിന്യ സംസ്കരണം

ലക്ഷ്യങ്ങൾ:

1. പുതിയ നഗര ഖര-മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
2. ഉത്തരവാദിത്വ മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.
3. സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
4. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

2. ജലസംരക്ഷണം (ജലസമൃദ്ധി)

ലക്ഷ്യങ്ങൾ:

1. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തട അടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
2. പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക.
3. ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഭാവിതലമുറയ്ക്കുകൂടി ഉറപ്പാക്കുക.
4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.

3. ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം - സുജലം സുഫലം.

ലക്ഷ്യങ്ങൾ:

1. പച്ചക്കറിയിലും മറ്റ് അടിസ്ഥാനകൃഷി ഉല്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗ്ഗങ്ങൾ) സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.

2. ഗാർഹിക, സ്ഥാപന തലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.

3. വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.

4. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക.

5. ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

6. സമ്പദ് വ്യവസ്ഥയിൽ കാർഷികമേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.

7. ജലസ്രോതസ്സുകൾക്കുചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതികളായിരിക്കും ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കുക.

## ജനകീയാസൂത്രണത്തിന്റെ ഫലമായുള്ള കാർഷിക വളർച്ച, മൃഗസംരക്ഷണം എന്നിവയുടെ സ്ഥിതി

40 (44) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1996-ൽ ആരംഭിച്ച ജനകീയാസൂത്രണത്തിന്റെ ഫലമായി കാർഷിക വളർച്ച, മൃഗസംരക്ഷണം എന്നിവയുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ജനകീയാസൂത്രണത്തിന്റെ ഫലമായി മാത്രം കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിലുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടില്ല. 1995-96 കാലഘട്ടത്തിൽ

കാർഷിക മേഖലയിലെ പ്രധാന വിളകളുടെ ഉല്പാദനത്തിലുണ്ടായ മാറ്റങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം പ്രതിപാദിക്കുന്നു.

1. നെല്ല്:- 1995-96 കാലഘട്ടത്തിൽ 471150 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 95302 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16-ൽ നെൽക്കൃഷി സ്ഥലത്തിന്റെ വിസ്തൃതി 196870 ഹെക്ടർ ആയി കുറയുകയും ഉല്പാദനം 549275 മെട്രിക് ടൺ ആയി കുറയുകയും ചെയ്തു.

2. കുരുമുളക്:- 1995-96 കാലഘട്ടത്തിൽ 191596 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 68569 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16-ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 85948 ഹെക്ടർ ആയി കുറയുകയും ഉല്പാദനം 42132 മെട്രിക് ടൺ ആയി കുറയുകയും ചെയ്തു.

3. കശുവണ്ടി:- 1995-96 കാലഘട്ടത്തിൽ 103284 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 82759 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16-ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 43090 ഹെക്ടർ ആയി കുറയുകയും ഉല്പാദനം 24733 മെട്രിക് ടൺ ആയി കുറയുകയും ചെയ്തു.

4. നേന്ത്രവാഴ:- 1995-96 കാലഘട്ടത്തിൽ 26267 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 362919 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16-ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 59835 ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 536155 മെട്രിക് ടൺ ആയി വർദ്ധിക്കുകയും ചെയ്തു.

5. നാളികേരം:- 1995-96 കാലഘട്ടത്തിൽ 914370 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 5155 മില്യൺ തേങ്ങ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16-ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 790233 ഹെക്ടർ ആയി കുറഞ്ഞെങ്കിലും ഉല്പാദനം 5873 മില്യൺ തേങ്ങ ആയി വർദ്ധിച്ചു.

6. കാപ്പി:- 1995-96 കാലഘട്ടത്തിൽ 82348 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 45000 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16-ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 84987 ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 69230 മെട്രിക് ടൺ ആയി വർദ്ധിക്കുകയും ചെയ്തു.

7. തേയില:- 1995-96 കാലഘട്ടത്തിൽ 36775 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 64801 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16-ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 30205 ഹെക്ടർ ആയി കുറയുകയും ഉല്പാദനം 57898 മെട്രിക് ടൺ ആയി കുറയുകയും ചെയ്തു.

8. റബ്ബർ:- 1995-96 കാലഘട്ടത്തിൽ 448988 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 474555 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16 -ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 550840 ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 438630 മെട്രിക് ടൺ ആയി കുറയുകയുമാണുണ്ടായത്.

9. പാൽ:- 1995-96 കാലഘട്ടത്തിൽ 24.46 ലക്ഷം മെട്രിക് ടൺ ഉല്പാദനം നടത്തിയപ്പോൾ 2015-16-ൽ ആയത് 26.50 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിക്കുകയുണ്ടായി.

10. മുട്ട ഉല്പാദനം:- 1995-96 കാലഘട്ടത്തിൽ 1991 ദശലക്ഷം ഉല്പാദനം നടത്തിയപ്പോൾ 2015-16 -ൽ ആയത് 2500.36 ദശലക്ഷമായി വർദ്ധിച്ചിട്ടുണ്ട്.

**സാമൂഹ്യക്ഷേമ പദ്ധതികൾ**

41 (45) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തി ഒരു വർഷംകൊണ്ട് നടപ്പാക്കിയ സാമൂഹ്യക്ഷേമ പദ്ധതികളിൽ മുഖ്യമായവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഭവനരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രക്രിയ പൂർത്തിയായോ;

(സി) നിർവ്വഹണ പ്രവർത്തനം ആരംഭിച്ചതോ പൂർത്തിയാക്കിയതോ ആയ വൻകിട വികസന പദ്ധതികളുടെ വിശദാംശം നൽകുമോ; അടുത്ത ഒരു വർഷത്തിനുള്ളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വൻകിട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളും സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച വിവരങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച വിവരങ്ങളും വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളും

സാമൂഹ്യക്ഷേമ ബോർഡ് നടപ്പിലാക്കിയ പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.*

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള സർവ്വേ നടത്തി, അന്തിമപട്ടിക തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**പദ്ധതിനിർവ്വഹണത്തിലുള്ള കാലതാമസം**

42 (46) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ബജറ്റ് കമ്മി കൂടിവരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തിയിരുന്നു. ഈ സർക്കാർ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ സമയബന്ധിതമായി നൽകിവരുന്നു.

(ബി) ഇതുസംബന്ധിച്ചുള്ള വിവരം ധനകാര്യ വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു. ആയത് ലഭ്യമാക്കുന്നതാണ്.

**നാറ്റ്പാക്-ലെ നിയമനങ്ങൾ**

43 (47) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാറ്റ്പാക് എന്ന സ്ഥാപനത്തിൽ 2010-നുശേഷം സ്ഥിര നിയമനം നൽകിയിട്ടുള്ളവരുടെ എണ്ണം, സ്ഥിരനിയമനം നൽകുന്നതിനുള്ള മാനദണ്ഡം, സ്ഥിരനിയമനം നൽകിയ തസ്തികകൾ, പ്രസ്തുത തസ്തികകളിലേക്കുള്ള യോഗ്യത, ശമ്പള സ്കെയിൽ എന്നിവ വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നുവോ; എങ്കിൽ നോട്ടിഫിക്കേഷനുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നാറ്റ്പാക്-ലെ ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണം, അവയുടെ ആകെ വില, ജീവനക്കാരുടെ എണ്ണം, തസ്തികകളുടെ പേര്, ശമ്പളം, എന്നിവ അറിയിക്കുമോ; ലൈബ്രറി സയന്റിസ്റ്റ് എന്ന തസ്തികകൊണ്ട് എന്താണുദ്ദേശിക്കുന്നത് ;

(സി) നാറ്റ്പാക് -ലെ സയന്റിസ്റ്റ് തസ്തികകളിലെ ജീവനക്കാരിൽ എത്ര പേർക്ക് പി.എച്ച്.ഡി. ഉണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; നിലവിൽ പി.എച്ച്.ഡി.-ക്ക് രജിസ്റ്റർ ചെയ്ത് ഗവേഷണം നടത്തുന്ന എത്ര പേരുണ്ട്; ആരൊക്കെ ഏതൊക്കെ സർവ്വകലാശാലകളിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പി.എച്ച്.ഡി. ഇല്ലാത്തവർക്ക് എങ്ങനെയാണ് പ്രസ്തുത ഗവേഷണ സ്ഥാപനത്തിൽ സയന്റിസ്റ്റ് പോസ്റ്റിൽ നിയമനം ലഭിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഇ) നാറ്റ്പാക്-ൽ ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ ഓഫീസർ എന്നീ തസ്തികകൾ നിലവിലുണ്ടോ; പ്രസ്തുത തസ്തികകളിലേക്കുള്ള യോഗ്യതകൾ എന്താണ്; ടെക്നിക്കൽ ക്വാളിഫിക്കേഷൻ ഒന്നുംതന്നെ ഇല്ലാത്തവർ ഈ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) 2010-നുശേഷം നാറ്റ്പാക്-ന്റെ ഏതൊക്കെ നിർദ്ദേശങ്ങളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത് ; പ്രസ്തുത ഗവേഷണങ്ങളുടേയും നിർദ്ദേശങ്ങളുടേയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) നാറ്റ്പാക്-ൽ 2010-നുശേഷം വിവിധ തസ്തികകളിലായി 29 പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ഇവയിൽ ആശ്രിത നിയമന പദ്ധതി പ്രകാരം ഒരാൾക്ക് ഡ്രൈവറായും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നിർദ്ദേശപ്രകാരം രണ്ട് പേർക്ക് ടെക്നിക്കൽ ഓഫീസറായും നൽകിയ സ്ഥിരനിയമനങ്ങളും ഉൾപ്പെടുന്നു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സർവ്വീസ് റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകളാണ് സ്ഥിരനിയമനം നൽകുന്നതിനുള്ള മാനദണ്ഡമായി നാറ്റ്പാക് പിന്തുടരുന്നത്. സയന്റിസ്റ്റ്-ഇ 1, സയന്റിസ്റ്റ്-ബി, ടെക്നിക്കൽ ഓഫീസർ, അസിസ്റ്റന്റ്, സ്റ്റെനോഗ്രാഫർ, ജൂനിയർ ലൈബ്രറി അസിസ്റ്റന്റ്, ഡ്രൈവർ എന്നീ തസ്തികളിലേയ്ക്കാണ് ഈ കാലയളവിൽ നാറ്റ്പാക് സ്ഥിരനിയമനം നടത്തിയത്. പ്രസ്തുത തസ്തികകളിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത വ്യക്തമാക്കുന്ന സർവ്വീസ്

റൂളിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ്, ഇവയുടെ ഇപ്പോൾ പിന്തുടരുന്ന ശമ്പളസ്കെയിൽ വ്യക്തമാക്കുന്ന ഉത്തരവുകളുടെ പകർപ്പ് എന്നിവ യഥാക്രമം അനുബന്ധം 1, 2, 3 ആയി ചേർത്തിരിക്കുന്നു*. ഇവയിൽ സയന്റിസ്റ്റ് തസ്തികകൾ അഖിലേന്ത്യാ പത്രപരസ്യം മുഖേനയാണ് നടത്തിയിട്ടുള്ളത്. രണ്ട് ടെക്നിക്കൽ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ കൗൺസിലിന്റെ പ്രത്യേക പരിഗണനയുടെ ഫലമായി ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ഒരു ഡ്രൈവർ തസ്തികയിലെ നിയമനം ആശ്രിത നിയമന പദ്ധതി പ്രകാരവുമാണ് നടത്തിയിരിക്കുന്നത്. മറ്റ് തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സ്ഥിരഒഴിവ് റിപ്പോർട്ട് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലഭിച്ച ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് മുഖേനയാണ് നികത്തിയിട്ടുള്ളത്. ഇവയുടെ നോട്ടിഫിക്കേഷനുകളുടെ പകർപ്പ് അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു*.

(ബി) നാറ്റ്പാക്-ലെ ലൈബ്രറിയിൽ 1426 പുസ്തകങ്ങളാണ് ഉള്ളത്. 31-3-2017-ലെ കണക്കുപ്രകാരം നാറ്റ്പാക് ലൈബ്രറിയിലെ പുസ്തകങ്ങളുടെ ആകെ മൂല്യം ₹25,68,761 ആണ് (2016-17 സാമ്പത്തിക വർഷത്തിലെ മൂല്യാപചയം കണക്കാക്കിയിട്ടില്ല). നാറ്റ്പാക് ലൈബ്രറി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ രണ്ട് സ്ഥിര ജീവനക്കാരാണുള്ളത്. ഇവരുടെ തസ്തികകൾ യഥാക്രമം ജൂനിയർ സയന്റിസ്റ്റ്/സയന്റിസ്റ്റ്-ബി, ജൂനിയർ ലൈബ്രറി അസിസ്റ്റന്റ് എന്നിവയാണ്. ജൂനിയർ സയന്റിസ്റ്റ്/സയന്റിസ്റ്റ്-ബി-യുടെ ശമ്പളം CSIR Scale of Pay പ്രകാരം നിലവിൽ Pay Band-3 ₹15600-39100 + Grade Pay ₹5400- ഉം ജൂനിയർ ലൈബ്രറി അസിസ്റ്റന്റിന്റെ ശമ്പളം State Scale of Pay പ്രകാരം നിലവിൽ ₹10480-18300-ഉം ആണ്. നാറ്റ്പാക്-ലെ വാർഷിക റിപ്പോർട്ട്, മറ്റ് പ്രസിദ്ധീകരണങ്ങൾ, ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവൃത്തികൾ എന്നിവയാണ് പ്രസ്തുത തസ്തികയുടെ ഉത്തരവാദിത്വം.

(സി) നാറ്റ്പാക്-ലെ സയന്റിസ്റ്റ് തസ്തികയിലെ ജീവനക്കാരിൽ നിലവിൽ ഒരാൾക്കാണ് പി.എച്ച്.ഡി. ഉള്ളത്. നാറ്റ്പാക്-ൽ ചീഫ് സയന്റിസ്റ്റായി ജോലി ചെയ്യുന്ന ഡോ. ബി. ജി. ശ്രീദേവിക്ക് Cochin University of Science & Technology (CUSAT)-ൽ നിന്ന് "A Study on the Performance of Flexible Pavements on Mature Soil Subgrades" എന്ന വിഷയത്തിലാണ് പി.എച്ച്.ഡി. ലഭിച്ചിരിക്കുന്നത്. നാറ്റ്പാക്-ലെ സയന്റിസ്റ്റ് തസ്തികയിലെ ജീവനക്കാരിൽ നിലവിൽ അഞ്ച് പേർ നാറ്റ്പാക്-ന്റെ അറിവോടുകൂടി പി.എച്ച്.ഡി. ചെയ്യുകയോ/രജിസ്ട്രേഷന് ശ്രമിക്കുകയോ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ശ്രീ. ഷാഹിം. എസ്, സീനിയർ സയന്റിസ്റ്റ്-എൻ.ഐ.റ്റി., തിരുച്ചിറപ്പള്ളി.

2. ശ്രീ. സഞ്ജയ് കുമാർ. വി. എസ്., സീനിയർ സയന്റിസ്റ്റ്-എൻ.ഐ.റ്റി., കാലിക്കട്ട്.

3. ശ്രീമതി സബിത. എൻ. എം., സയന്റിസ്റ്റ് - എൻ.ഐ.റ്റി., കാലിക്കട്ട്.

4. ശ്രീമതി വീണ കെ. എസ്., ജൂനിയർ സയന്റിസ്റ്റ്-ഭാരതിയാർ യൂണിവേഴ്സിറ്റി, കോയമ്പത്തൂർ.

5. ശ്രീമതി യു. ശാലിനി, ജൂനിയർ സയന്റിസ്റ്റ് - ഐ.ഐ.റ്റി. മദ്രാസ്.

(ഡി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സർവ്വീസ് റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകളാണ് സ്ഥിരനിയമനം നൽകുന്നതിനുള്ള മാനദണ്ഡമായി നാറ്റ്പാക് പിന്തുടരുന്നത്. കൗൺസിൽ റൂളിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു*. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ഉണ്ട്. പ്രസ്തുത തസ്തികകളിലേയ്ക്കുള്ള യോഗ്യത വ്യക്തമാക്കുന്ന കൗൺസിൽ റൂളിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് അനുബന്ധം 6 ആയി ചേർത്തിരിക്കുന്നു*. നാറ്റ്പാക്-ൽ ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിദ്യാഭ്യാസയോഗ്യത ചുവടെ ചേർക്കുന്നു:

ടെക്നിക്കൽ ഓഫീസർ

ഒന്നാം ക്ലാസ്സോടുകൂടിയ എഞ്ചിനീയറിംഗ് ഡിപ്ലോമ (മൂന്ന് വർഷ കോഴ്സ്) അല്ലെങ്കിൽ സയൻസിൽ ഒന്നാം ക്ലാസ് ബിരുദം.

**ടെക്നിക്കൽ അസിസ്റ്റന്റ്**

1. എസ്. എസ്. എൽ. സി.

2. നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (രണ്ട് വർഷ കോഴ്സിൽ നിശ്ചിത ട്രേഡിൽ ഒന്നാം ക്ലാസ് അല്ലെങ്കിൽ നിശ്ചിത വിഷയത്തിൽ വി.എച്ച്.എസ്.ഇ. ഒന്നാം ക്ലാസ്).

വിശദാംശം അനുബന്ധം 7 ആയി ചേർത്തിരിക്കുന്നു*.

(എഫ്) 2010-നുശേഷം സർക്കാർ പൂർണ്ണമായും ഭാഗികമായും നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ നാറ്റ്പാക്-ന്റെ ഗവേഷണങ്ങളുടെയും നിർദ്ദേശങ്ങളുടെയും ലഭ്യമായ വിശദാംശങ്ങൾ അനുബന്ധം 8 ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്ലാച്ചിമട കൊക്കോകോള കമ്പനി

44 (48) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കോകോള കമ്പനിക്കെതിരെ കുടിവെള്ളം മലിനപ്പെടുത്തിയതിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം നൽകുമോ;

(ബി) കമ്പനിക്ക് സമീപമുള്ള പട്ടികജാതി-പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളം മലിനപ്പെടുത്തിയതിന് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കമ്പനിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരുന്നോ;

(സി) ജനജീവിതം ദുസ്സഹമാക്കിയതിനും കൃഷിയടക്കമുള്ള ജീവനോപാധികൾ നശിപ്പിച്ചതിനും കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ കഴിയുമോ; എങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചിരുന്നു. ഖര വസ്തുക്കൾ സുരക്ഷിതമായി നിക്ഷേപിക്കാനുള്ള സെക്യൂർഡ് ലാന്റ് ഫിൽ കമ്പനി ഉണ്ടാക്കുന്നതിനുമുമ്പ് പുറന്തള്ളിയിരുന്ന ഖലമാലിന്യത്തിൽ അനുവദനീയ പരിധിയിൽ കൂടുതലായി കാഡ്മിയം കണ്ടതിനാലും പ്രസ്തുത കാഡ്മിയത്തിന്റെ ഉറവിടം വെളിപ്പെടുത്താനുള്ള ബോർഡിന്റെ നിർദ്ദേശം കമ്പനി പാലിക്കാത്തതിനാലും അടുത്തുള്ള പഞ്ചായത്ത് കിണറിൽ അനുവദനീയ പരിധിയിൽ കൂടുതൽ കാഡ്മിയം കണ്ടതിനാലും പാഴ്ജല ശുദ്ധീകരണത്തിന് റിവേഴ്സ് ഓസ്മോസിസ് സംവിധാനം സ്ഥാപിക്കാനുള്ള നിർദ്ദേശം കമ്പനി പാലിക്കാത്തതിനാലും നാട്ടുകാർക്ക് പൈപ്പ്‌ലൈനിലൂടെ കുടിവെള്ളമെത്തിക്കാൻ സംവിധാനം ഏർപ്പെടുത്താനുള്ള നിർദ്ദേശം പാലിക്കാതെ ടാങ്കർ ലോറികളിൽ അപര്യാപ്തമായ അളവിൽ മാത്രം കുടിവെള്ള വിതരണം നടത്തിയതിനാലും ബോർഡ് 19-8-2005-ൽ ജലനിയമപ്രകാരമുള്ള പ്രവർത്തനാനുമതി നിഷേധിക്കുകയും ഫാക്ടറിയിൽ ഉത്പാദനം നടത്തുന്നത് തടയുകയും ചെയ്തു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി പ്രകാരം പരോക്ഷമായി കമ്പനിയെ ബോർഡിന്റെ അനുമതി കൂടാതെ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കുകയുണ്ടായി. ഇതിനെതിരെ ബോർഡ് സുപ്രീംകോടതിയെ സമീപിച്ചിരുന്നു. പെരുമാട്ടി ഗ്രാമപഞ്ചായത്ത് ഫയൽ ചെയ്തിരുന്ന രണ്ട് സിവിൽ അപ്പീലുകളിലും ബോർഡ് ഫയൽ ചെയ്തിട്ടുള്ള അപ്പീലുകളിലും 13-7-2017-ൽ

ബഹുമാനപ്പെട്ട സുപ്രീംകോടതി പൊതുഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം കമ്പനി പ്രവർത്തിപ്പിക്കുന്നതിന് കമ്പനി അധികൃതർക്ക് താൽപര്യമില്ല എന്നറിയിച്ചതിനെ തുടർന്ന് പ്രസ്തുത കേസ്സുകൾ ഇൻഫ്രക്ചസ് (Infructuous) ആയതായി കോടതി 13-7-2017-ൽ ഉത്തരവ് പുറപ്പെടുവിച്ച് തീർപ്പാക്കിയിട്ടുണ്ട്. ഫാക്ടറി മാർച്ച് 2004 മുതൽ പ്രവർത്തിക്കുന്നില്ല.

(ബി) പ്ലാച്ചിമട കൊക്കോകോള കമ്പനിക്ക് സമീപമുള്ള പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളം മലിനപ്പെടുത്തിയതിന് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലയിൽ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പ്ലാച്ചിമട കൊക്കോകോള കമ്പനിക്കെതിരെ ആദിവാസി കോളനിയിലെ ജലചൂഷണത്തിനും ഉല്പാദന വേസ്റ്റ് നിക്ഷേപിച്ചതിനും കോളനിയിലെ കിണർ മലിനമാക്കിയതിനും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്ലാച്ചിമട കൊക്കോകോള കമ്പനിയുടെ പ്രവർത്തനംമൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-6-2017-ലെ യോഗത്തിൽ ചർച്ച ചെയ്യുകയും ടി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ പ്രകാരം കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്ന വിഷയത്തിൽ സമര സമിതി സമർപ്പിച്ച നിയമ നിർദ്ദേശങ്ങൾ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജലവിഭവം (ഭൂജല), നിയമം എന്നീ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഓങ്ങല്ലൂർ പഞ്ചായത്തിലെ മാലിന്യ സംസ്കരണം

45 (49) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്തിൽ അശാസ്ത്രീയമായ രീതിയിൽ സംഭരിച്ചിട്ടുള്ള മാലിന്യങ്ങൾ അപകടകരമാം വിധത്തിൽ ആ നാട്ടിലെ വായുവും ജലവും മണ്ണും മലിനമാക്കുന്നുവെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഉണ്ട്. ഓങ്ങല്ലൂർ വില്ലേജിൽ 13, 14, 16 വാർഡുകളിൽ അൻപതിലേറെ പേർ 40 വർഷത്തോളമായി ആക്രി കച്ചവടം നടത്തിവരുന്നു. ആക്രി സാധനങ്ങൾ

കൂട്ടിയിടുന്നതുമൂലം ഡെങ്കിപ്പനി വ്യാപമാകുന്നുവെന്ന പരിസരവാസികളുടെ പരാതിയെത്തുടർന്ന് 31-7-2017-നുമുമ്പായി ആക്രിമാലിന്യങ്ങൾ മാറ്റാനും കച്ചവടം നിർത്തിവയ്ക്കാനും 7-7-2017-ാം തീയതി പട്ടാമ്പി താലൂക്ക് കാര്യാലത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ പാലക്കാട് കളക്ടർ ഉത്തരവായിട്ടുണ്ട്.

25-7-2017-ൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പാലക്കാട് ജില്ലാ ഓഫീസിൽനിന്നും ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും പരിശോധനയിൽ ഇരുമ്പ് ഉൾപ്പെടെയുള്ള ആക്രിസാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായും ഭാഗികമായി മാറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടു. സമീപത്തെ രണ്ട് കിണറുകളിൽനിന്നും ശേഖരിച്ച ജലസാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം ഒരു കിണറിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തി. Heavy Metals-ന്റെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനായി സാമ്പിൾ ബോർഡിന്റെ എറണാകുളം സെൻട്രൽ ലാബിലേക്ക് നൽകിയിട്ടുണ്ട്. ഇത് ലഭ്യമാകുമ്പോൾ ആവശ്യമായ തുടർനടപടികൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് സ്വീകരിക്കുന്നതാണ്.

**ജലാശയ ശുചീകരണം**

46 (50) ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള മിഷനിൽ ഉൾപ്പെടുത്തി ജലാശയ ശുചീകരണത്തിന്റെ ഭാഗമായി പോള നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നവകേരളം കർമ്മപദ്ധതിയിലെ ഒരു മിഷനാണ് ഹരിത കേരളം മിഷൻ. ഇതിൽ മൂന്ന് ഉപദൗത്യങ്ങളെ കേന്ദ്രീകരിച്ച് ഉപമിഷനുകൾ പ്രവർത്തിക്കുന്നു. ഇപ്രകാരം ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷിവികസനം എന്നീ മേഖലകളിൽ മൂന്ന് ഉപമിഷനുകളുണ്ട്.

ഹരിത കേരളം മിഷനിൽ ഉൾപ്പെടുന്ന ജല ഉപമിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ്

ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ ശുചീകരണവും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കി ചിട്ടയായ പ്രവർത്തനത്തിലൂടെ ലക്ഷ്യങ്ങൾ കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ നിർമ്മാണത്തിനായി ഭൂമി നഷ്ടപ്പെട്ടവർക്ക് ജോലി

47 (51) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റിന്റെ നിർമ്മാണത്തിനായി ഭൂമി നഷ്ടപ്പെട്ടവരുടെ കുടുംബത്തിൽനിന്ന് ഒരാൾക്ക് ജോലി നൽകുന്നതിനുള്ള പദ്ധതി പ്രകാരം ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് 14-12-2015-ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളുടെ വീഴ്ച കാരണമല്ലാതെ നിയമനത്തിന് കാലതാമസം വരുത്തുകയും പിന്നീട് പ്രായം സംബന്ധിച്ച തർക്കമുന്നയിക്കുകയും ചെയ്യുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നടപടി പുനഃപരിശോധിച്ച് നിയമന ഉത്തരവ് നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി ഭൂമി നഷ്ടപ്പെട്ടവരുടെ കുടുംബത്തിൽനിന്നും ഇതുവരെ 18 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

## പി.എസ്.സി. മുഖേനയുള്ള നിയമനം

48 (52) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന 31-7-2017 വരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വകുപ്പ് മേധാവികൾ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

## ഉത്തരം

(എ) 25-5-2016 മുതൽ 30-6-2017 വരെയുള്ള കാലയളവിൽ 44524 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. (2017 ജൂലൈ മാസത്തെ വിശദാംശം ലഭ്യമായിട്ടില്ല.) വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു *.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ VARAM (Vacancy Arising Reporting And Monitoring system) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

49 (53) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കായി ആവിഷ്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയിൽ അർദ്ധ സർക്കാർ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതി എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) G.O(P) No.54/2017/Fin dated 24-4-2017 പ്രകാരം സംസ്ഥാന ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഒരു നിശ്ചിത തുക പ്രതിമാസം ഈടാക്കി ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഇല്ല.

(സി) ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പുവയ്ക്കുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

**തൃശ്ശൂർ ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്**

50 (54) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും വളരെ കുറച്ച് നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ റാങ്ക് ലിസ്റ്റുകളിൽനിന്നും പരമാവധി നിയമനം നടത്തുന്നതിനായി സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നതിൽ ചില വകുപ്പുകളിലെ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായുള്ള പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനും, ഒഴിവുകൾ യഥാസമയം അറിയിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും, ഒഴിവുകളിൽ നിയമനം നടത്തുന്നതിനും ആവശ്യമായ സത്വരനടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ എൽ.ഡി.സി. തസ്തികയിലേയ്ക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും 576 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 41 പേരുടെ നിയമന ശിപാർശ 1-8-2017-ന് അംഗീകരിച്ചിട്ടുണ്ട്. നിലവിൽ 14 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് ഉടനടി നിയമന ശിപാർശ നൽകുന്നതാണ്.

(ബി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമന അധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ

അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെ ഉണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിരുന്നു. നിയമനാധികാരി എഴുതി അറിയിക്കുന്ന ഒഴിവുകളിൽ റാങ്ക് പട്ടിക പ്രാബല്യത്തിലുള്ള തസ്തികകളിലേയ്ക്ക് താമസംവിനാ പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റാങ്ക് പട്ടികകളുടെ കാലാവധി രണ്ട് പ്രാവശ്യം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി 2394 ഒഴിവുകൾ കണ്ടെത്തിയിരുന്നു. അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു. അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന തുടർന്നുവരുന്നുണ്ട്. വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് ബന്ധപ്പെട്ട സർക്കുലറുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി VARAM (Vacancy Arising Reporting And Monitoring system) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്.

**ബിവറേജസ് കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് നിയമനം**

51 (55) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 426/2014) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 25-7-2015-ന് നടന്ന പരീക്ഷയുടെ ചുരുക്കപ്പട്ടിക 30-9-2016-ൽ പ്രസിദ്ധീകരിച്ച് 10 മാസം കഴിഞ്ഞിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ബിവറേജസ് കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് 2017 ആഗസ്റ്റ് മാസം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫോറസ്റ്റ് ഓഫീസർ, ലൈബ്രറി അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്**

52 (56) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജനവരി 2017-ൽ PSC പ്രസിദ്ധീകരിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നിയമിക്കാൻ കഴിയും; ഒഴിവുകളുടെ എണ്ണം വിശദീകരിക്കാമോ;

(ബി) കേരളത്തിൽ 13 സർവ്വകലാശാലകളിൽ സർവ്വകലാശാല ലൈബ്രറി അസിസ്റ്റന്റ് എന്ന തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഇത് PSC-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ മൂന്ന് ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ ഒഴിവുകളൊന്നും അവശേഷിക്കുന്നില്ല. ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന എല്ലാ ഒഴിവിലേയ്ക്കും പി.എസ്.സി. നിയമന ശിപാർശ നൽകാറുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ഭിന്നശേഷിയുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം**

53 (57) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാരെ സ്വന്തം ജില്ലയിൽ നിയമിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ;

(ബി) സ്ഥാനക്കയറ്റം ലഭിച്ചാലും ഇവരെ സ്വന്തം ജില്ലയിൽ നിയമിക്കാൻ വ്യവസ്ഥയുണ്ടോ;

(സി) ഭിന്നശേഷിയുള്ള ജീവനക്കാരെ അവരുടെ ജില്ലകൾക്ക് പുറത്ത് നിയമനം നൽകിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭിന്നശേഷിയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് 3% സംവരണം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 11-ൽ പൊതുസ്ഥലംമാറ്റത്തിൽ പ്രത്യേക മുൻഗണനയുള്ള പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾ, അന്ധരായ ഉദ്യോഗസ്ഥർ, വികലാംഗരായ ജീവനക്കാർ, മൂകരും ബധിരരുമായ ജീവനക്കാർ എന്നിവരെ യഥാക്രമം 2, 3, 4 എന്നീ ക്രമത്തിൽ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പൊതുസ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. പ്രകാരം പരമാവധി 5 വർഷം സംരക്ഷണം ലഭിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

54(58) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. നടപ്പിലാക്കുന്നത് ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വീസിലേക്കുള്ള നിയമനരീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കെ.എ.എസ്. രൂപീകരിച്ചുകൊണ്ട് 5-1-2017-ലെ സ.ഉ.(കൈ) നമ്പർ 1/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ തീരുമാനമെടുത്തിരുന്നു. പ്രസ്തുത സർവ്വീസിന്റെ സ്പെഷ്യൽ റൂൾ രൂപീകരണം സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു.

**ഐ.ടി. ഉൽപ്പന്നങ്ങൾക്കുള്ള ജി.എസ്.ടി.**

55 (59) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നത് സംസ്ഥാനത്തെ ഐ.ടി. മേഖലയെ എങ്ങനെയൊക്കെ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.ടി. ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിലവിൽ വന്നത് സംസ്ഥാനത്തെ ഐ.ടി. മേഖലയെ സാരമായി ബാധിച്ചിട്ടില്ലെങ്കിലും ഇതുസംബന്ധിച്ച് പൊതുവായ ആശങ്കകളും അവ്യക്തതകളും ഐ.ടി. മേഖലയിൽ നിലനിൽക്കുന്നുണ്ട്. ഐ.ടി. പദ്ധതികളുമായി ബന്ധപ്പെട്ടുള്ള കോൺട്രാക്ടർമാർ, സപ്ലൈയർമാർ തുടങ്ങിയവർക്ക് അവരുടെ മേഖലകളിലുള്ള ജി.എസ്.ടി. സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനും സാധനങ്ങൾ വിതരണം ചെയ്യുന്നതിനും കാലതാമസം നേരിടുന്നുണ്ട്.

(ബി) ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾക്ക് 18% മുതൽ 28% വരെയാണ് നികുതി ചുമത്തിയിട്ടുള്ളത്. ഐ.ടി. കയറ്റുമതി മേഖലകളെ ജി.എസ്.ടി.-ൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

**ഐ.ടി. നയം**

56 (60) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഐ.ടി. നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ.ടി. വികസനത്തിനും അഭിവൃദ്ധിക്കും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നയം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് വിവര സാങ്കേതികവിദ്യയുടെ നിർണ്ണായകമായ പങ്ക് മനസ്സിലാക്കി ആയത് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഐ.ടി. നയം തയ്യാറാക്കിയിട്ടുള്ളത്.

(ബി) വിവര സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്/ടെലികോം/മൊബൈൽ മേഖലകൾ ഇവയുടെ അനുബന്ധ വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാണ് ഐ.ടി. മേഖലയുടെ അഭിവൃദ്ധിക്കായി പ്രസ്തുത നയത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മേഖലകളിലെ വളർച്ച ലക്ഷ്യമിടുന്നു.

1. മാനവശേഷി മൂലധന വികസനം
2. ഐ.ടി. പാർക്കുകൾ ഉൾപ്പെടെ പശ്ചാത്തല/അടിസ്ഥാന വികസന സൗകര്യങ്ങൾ
3. വിഭവസമാഹരണം
4. ഡിജിറ്റൽ സാക്ഷരത, ഇ-കൊമേഴ്സ്
5. ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ
6. ഫാബ് ലാബുകൾ മുതൽ സ്മാർട്ട് ഗ്രാമങ്ങൾ വരെ

അർത്ഥവത്തായ വ്യവസായ വികസനം തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുള്ള വളർച്ചയ്ക്കും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ ഐ.ടി. നയത്തിന് സാധിക്കും. എല്ലാ തലത്തിലുമുള്ള ജനവിഭാഗങ്ങൾക്കും ഐ.ടി.-യുടെ പ്രയോജനം ലഭ്യമാക്കാൻ നയം ലക്ഷ്യമിടുന്നു.

(സി) സർക്കാരിന്റെ ഐ.ടി. നയം അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത നയം പ്രാവർത്തികമാക്കുന്നതിനും ഉപനയത്തിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നോട്ട് മാറ്റിയെടുക്കുന്നതിന് ക്യൂ നിൽക്കെ മരണപ്പെട്ടവർ

57 (61) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് നോട്ട് അസാധുവാക്കിയ വേളയിൽ പഴയ നോട്ട് മാറ്റിയെടുക്കുന്നതിനായി ക്യൂ നിൽക്കെ സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടു ;

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ ; അങ്ങനെ പ്രഖ്യാപിച്ചിരുന്നോ ;

(സി) ഇത്തരക്കാർക്ക് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും സഹായം പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് പ്രഖ്യാപിച്ചിരുന്നത്; ആയത് പൂർണ്ണമായും പാലിച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാല്

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് കേന്ദ്ര സർക്കാർ ധനസഹായം നൽകുകയോ പ്രഖ്യാപിക്കുകയോ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 26-5-2017-ലെ സ.ഉ.(കയ്യെഴുത്ത്) 167/17/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നോട്ട് നിരോധനത്തെത്തുടർന്ന് നിരോധിച്ച നോട്ട് മാറിയെടുക്കുന്നതിനായി ബാങ്കിന് മുമ്പിലും പുതിയ നോട്ടിനുവേണ്ടി എ.റ്റി.എം. കൗണ്ടറിന് മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണമടഞ്ഞ നാല് പേരുടെ ആശ്രിതർക്ക് ധനസഹായമായി രണ്ട് ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## ഡെങ്കിപ്പനി ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം

58 (62) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെങ്കിപ്പനി ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ഏതെങ്കിലും വിധത്തിലുള്ള ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷമായി ഡെങ്കിപ്പനി ബാധിച്ച് സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടെന്ന് അറിയിക്കുമോ? ?

ഉത്തരം

(എ) ഡെങ്കിപ്പനി ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന കാര്യം തത്കാലം പരിഗണനയിലില്ല.

(ബി) കഴിഞ്ഞ ഒരു വർഷക്കാലമായി (1-7-2016 മുതൽ 31-7-2017 വരെ) ഡെങ്കിപ്പനി ബാധിച്ച് മരിച്ചതായി സ്ഥിരീകരിച്ച 34 പേരും ഡെങ്കിപ്പനി ബാധിച്ച് മരിച്ചതായി സംശയിക്കപ്പെടുന്ന 186 പേരുമുണ്ട്.

**ദുരിതാശ്വാസനിധിയിൽനിന്നും തുക ലഭിക്കുന്നതിലെ കാലതാമസം**

59 (63) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തുക അനുവദിച്ച് ഉത്തരവായതിനുശേഷം പ്രസ്തുത തുക അപേക്ഷകന് ലഭ്യമാക്കുന്നതിൽ സംഭവിക്കുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് തുക അപേക്ഷകന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനുപകരമായി താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്ക് ഇപ്പോൾ സർക്കാരിൽനിന്നും നൽകിവരുന്നു. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

**മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം**

60 (65) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

61 (66) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മങ്കട നിയോജകമണ്ഡലത്തിൽ നിന്നും എത്ര പേർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി അപേക്ഷ നൽകിയെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര പേർക്ക് ധനസഹായം നൽകി; അവരുടെ പേരുവിവരം, തുക എന്നീ വിശദാംശങ്ങൾ നൽകുമോ;

(സി) ഇത്തരത്തിൽ ധനസഹായം അനുവദിക്കുമ്പോൾ ആ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.-മാർക്കുകൂടി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ മണ്ഡലം തിരിച്ചുള്ള വിവരം സൂക്ഷിക്കാറില്ല.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എല്ലാവർക്കും പരിശോധിക്കാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

62 (67) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഈ സർക്കാർ അധികാരത്തിലേറിയശേഷം നാളിതുവരെ എത്ര തുക ചികിത്സാ ധനസഹായമായി അനുവദിച്ചു;

(ബി) മാവേലിക്കര മണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിന്മേൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷകളിന്മേൽ എത്ര ആളുകൾക്ക് തുക അനുവദിക്കാനുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ശേഷിക്കുന്ന ആളുകൾക്ക് അടിയന്തരമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 1,56,31,13,703 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചു.

(ബി & സി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ഡി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകൾ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

63 (68) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വേഗത്തിൽ സഹായം ലഭിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) കാൻസർ രോഗികളുടെയും വൃക്കരോഗികളുടെയും അപേക്ഷകൾക്ക് വേഗത്തിൽ സഹായം ലഭ്യമാക്കാൻ ഹോട്ട്ലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനുപകരമായി താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്ക് ഇപ്പോൾ സർക്കാരിൽനിന്നും നൽകിവരുന്നു. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തു പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

64 (69) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നാളിതുവരെ എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്;

(ബി) എത്ര തുക ഇതിനായി ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) ഏത് തീയതിവരെ കൈപ്പറ്റിയ അപേക്ഷകളിൽ തീരുമാനമെടുത്തു വെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നാളിതുവരെ 119676 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) ആകെ 1,45,84,57,238 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

65 (70) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പ്രഖ്യാപിച്ച ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) കാലവിളംബമില്ലാതെ ധനസഹായം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനുപകരം താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും സർക്കാരിൽനിന്നും നൽകിവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ

66 (71) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ അപേക്ഷ നൽകിയാൽ തീരുമാനം ഉണ്ടാകുന്നതിന് കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ളത്;

(സി) എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ.-മാർ മുഖാന്തരം സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച നിലവിലെ സ്ഥിതി അറിയുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനു പകരം താലൂക്ക് അടിസ്ഥാനത്തിൽ തഹസിൽദാർമാരുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസീൽദാർമാർക്ക് സർക്കാരിൽനിന്നും തുക നൽകിവരുന്നു. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തു പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എം.എൽ.എ.-മാർ മുഖേന ലഭിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നേരിട്ട് പരിശോധിക്കുന്നതിനുതകുംവിധമുള്ള സംവിധാനം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏർപ്പെടുത്തുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു.

**താഴ്ന്ന വരുമാനക്കാരായ പ്രവാസികൾക്ക് നികുതിയിളവ്**

67 (72) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴ്ന്ന വരുമാനക്കാരായ പ്രവാസികൾ വർഷത്തിൽ രണ്ട് തവണ നാട്ടിലേയ്ക്കയക്കുന്ന 30 കിലോ സാധനങ്ങൾക്ക് നികുതി ഈടാക്കില്ലെന്ന 1993-ലെ

നിയമം കേന്ദ്രസർക്കാർ റദ്ദാക്കിയിട്ടുണ്ടോയെന്ന് അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത 30 കിലോ സാധനങ്ങൾ അയയ്ക്കുന്നതിന് എത്ര ശതമാനം നികുതിയാണ് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിരുന്നതെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് എന്നുമുതലാണ് നിലവിൽ വന്നതെന്നും തന്മൂലം വിമാനത്താവളങ്ങളിൽ സാധനങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ടോയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) തിരുവനന്തപുരം, കൊച്ചി, കാലിക്കറ്റ് എയർ കാർഗോ കോംപ്ലക്സുകളിൽ നിലവിൽ കാർഗോ കെട്ടിക്കിടക്കുന്നില്ല.

**കണ്ണൂർ വിമാനത്താവളം**

68 (73) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം എന്നാണ് പ്രവർത്തനമാരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. വിശദമാക്കുമോ;

(ബി) വിമാനത്താവളത്തിന്റെ എന്തെല്ലാം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ട് വിശദമാക്കുമോ;

(ഡി) എന്തെല്ലാം അനുവാദങ്ങൾ ഇതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാനുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ വിമാനത്താവളം 2018 സെപ്റ്റംബറിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) റൺവേയുടെയും അനുബന്ധ പ്രവൃത്തികളായ ഏപ്രൺ, എക്സസ് റോഡ്, ഓവുചാൽ, കോമ്പൗണ്ട് വാൾ, ഓപ്പറേഷണൽ വാൾ എന്നിവയുടെയും 94% പൂർത്തിയായിട്ടുണ്ട്. പാരലൽ ടാക്സിവേ ട്രാക്ക് 65% പൂർത്തിയായിട്ടുണ്ട്. പാസഞ്ചർ ടെർമിനലിന്റെയും അനുബന്ധ പ്രവൃത്തികളായ എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർ കണ്ടീഷൻ പ്രവൃത്തി, പ്ലംബിംഗ്, ഫയർ അലാറം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി. സ്ഥാപിക്കൽ, പബ്ലിക് അവെയർനസ് സിസ്റ്റം മുതലായവയുടെ പ്രവൃത്തി 86% പൂർത്തിയായിട്ടുണ്ട്.

(സി) കാർഗോ കോംപ്ലക്സ് നിർമ്മാണം, വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കൽ, ഹോട്ടൽ, കാറ്ററിംഗ് സർവ്വീസ്, ബസ്/കാർ/ടാക്സി പാർക്കിംഗ് സംവിധാനം, വൈഫൈ സംവിധാനം, ബാഗേജ് ട്രോളി സംവിധാനം മുതലായ പണികൾ പൂർത്തീകരിക്കാനുണ്ട്.

(ഡി) എയ്റോഡ്രോം ലൈസൻസ്, കസ്റ്റംസുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ, കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിൽനിന്നുള്ള വയർലെസ് പ്ലാനിംഗ് & കോ-ഓർഡിനേഷൻ ക്ലിയറൻസ്, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി ക്ലിയറൻസ്, സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ, സിവിൽ ഏവിയേഷൻ മന്ത്രാലയത്തിൽ നിന്നും ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷനിൽ നിന്നുമുള്ള എയർലൈനുകൾക്കുള്ള അനുമതി, ഇമിഗ്രേഷൻ ഡിപ്പാർട്ട്മെന്റുമായുള്ള ധാരണാപത്രം, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും എയർപോർട്ട് ഓപ്പറേഷനുള്ള അനുമതി, എയർപോർട്ട് അതോറിറ്റിയുടെ കാലിബറേഷൻ & ഐ.എൽ.എസ്. പ്രൊസീജ്യർ എന്നിങ്ങനെയുള്ള വിവിധ അനുവാദങ്ങൾ ലഭിക്കാനുണ്ട്.

**കണ്ണൂർ വിമാനത്താവളം**

69 (74) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനോടകം എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയായെന്നും ഇനി പൂർത്തിയാക്കാനുള്ളത് ഏതെല്ലാം പ്രവൃത്തിയാണെന്നും അറിയിക്കുമോ;

(സി) 2016 ജൂൺ ഒന്നിനുശേഷം പുതിയതായി ഏതെല്ലാം കാറ്റഗറിയിൽ എത്ര ജീവനക്കാരെ വീതം നിയമിച്ചെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നേരിട്ടാണോ നിയമിച്ചത്;

(ഇ) 2016 ജൂൺ ഒന്നിന് മുൻപ് നിയമിച്ച എത്ര ജീവനക്കാരെയാണ് കരാർ കാലാവധി വെട്ടിക്കുറച്ചോ അല്ലാതെയോ ജോലിയിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളത്;

(എഫ്) വിമാനത്താവളത്തിലേക്ക് പോകുന്ന ഗ്രീൻഫീൽഡ് റോഡിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) വിമാനത്താവളം എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) റൺവേയുടെയും അനുബന്ധ പ്രവൃത്തികളായ ഏപ്രൺ, എക്സസ് റോഡ്, ഓവുചാൽ, കോമ്പൗണ്ട് വാൾ, ഓപ്പറേഷണൽ വാൾ എന്നിവയുടെയും 94% പൂർത്തിയായിട്ടുണ്ട്. പാരലൽ ടാക്സിവേ ട്രാക്ക് 65% പൂർത്തിയായിട്ടുണ്ട്. പാസഞ്ചർ ടെർമിനലിന്റെയും അനുബന്ധപ്രവൃത്തികളായ എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർ കണ്ടീഷൻ പ്രവൃത്തി, പ്ലംബിംഗ്, ഫയർ അലാറം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി. സ്ഥാപിക്കൽ, പബ്ലിക് അവെയർനസ് സിസ്റ്റം മുതലായവയുടെ പ്രവൃത്തി 86% പൂർത്തിയായിട്ടുണ്ട്. കാർഗോ കോംപ്ലക്സ് നിർമ്മാണം, വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കൽ, ഹോട്ടൽ, കാറ്ററിംഗ് സർവ്വീസ്, ബസ്/കാർ/ടാക്സി പാർക്കിംഗ് സംവിധാനം, വൈഫൈ സംവിധാനം, ബാഗേജ് ട്രോളി സംവിധാനം മുതലായ പണികൾ പൂർത്തീകരിക്കാനുണ്ട്.

(സി) 48 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. 47 പേരെ കരാറടിസ്ഥാനത്തിൽ ഫയർ സർവ്വീസിലും എയർപോർട്ട് അതോറിറ്റിയിൽനിന്നും ഒരു എഞ്ചിനീയറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമിച്ചിട്ടുണ്ട്.

(ഡി) കണ്ണൂർ അന്താരാഷ്ട്ര കമ്പനി നേരിട്ടാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചത്.

(ഇ) ആരെയും പിരിച്ചുവിട്ടിട്ടില്ല.

(എഫ്) കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള കണ്ണൂർ-മട്ടന്നൂർ ഗ്രീൻ ഫീൽഡ് റോഡിന്റെ പ്രവൃത്തികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട 20 കി.മീ. റോഡിൽ പ്രാദേശിക

എതിർപ്പുകൾ ഉണ്ടായതിനെത്തുടർന്ന് 9 കി.മീ. റോഡിന്റെ സർവ്വേ നടപടികൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കി 11 കി.മീ. റോഡിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ഇതുസംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ജി) 2018 സെപ്റ്റംബറിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കണ്ണൂർ വിമാനത്താവളത്തിലെ പാരലൽ ടാക്സിവേ

70 (75) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിലെ പാരലൽ ടാക്സിവേയുടെ ദൈർഘ്യം എത്രയാണ്;

(ബി) ടാക്സിവേ നിർമ്മാണത്തിന് എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചത്;

(സി) ടാക്സിവേ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ടാക്സിവേ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കണ്ണൂർ വിമാനത്താവളത്തിലെ പാരലൽ ടാക്സിവേയുടെ ദൈർഘ്യം 1706 മീറ്റർ ആണ്.

(ബി) ഈ പ്രവൃത്തിയുടെ 889 മീറ്റർ 694 കോടി രൂപയുടെ ഇ.പി.സി.-1 കോൺട്രാക്റ്റിൽ (ചുറ്റുമതിൽ നിർമ്മാണം, ടാക്സിവേ നിർമ്മാണം, ഏപ്രൺ) ഉൾപ്പെട്ട പ്രവൃത്തികളുടെ ഭാഗമായിരുന്നു. മുഴുനീള ടാക്സി ട്രാക്ക് നിർമ്മിക്കുന്നതിന് 2016 ഫെബ്രുവരി 29-ന് ചേർന്ന 36-ാമത് കിയാൽ ബോർഡ് യോഗത്തിൽ തത്വാധിഷ്ഠിത അംഗീകാരം ലഭിച്ചു. പിന്നീട് പാരലൽ ടാക്സി ട്രാക്ക്, എക്സിറ്റ്, ഫില്ലറ്റ് എന്നീ പ്രവൃത്തികൾക്ക് 32 കോടി രൂപയുള്ള ഭരണാനുമതി 2016 സെപ്റ്റംബർ 8-ന് ചേർന്ന 37-ാമത് ബോർഡ് മീറ്റിംഗിൽ ലഭിച്ചു.

(സി) പ്രവൃത്തി 60% പൂർത്തീകരിച്ചു.

(ഡി) ടാക്സിവേ നിർമ്മാണം 2017 ഡിസംബറിൽ പൂർത്തീകരിക്കും.

## കണ്ണൂർ വിമാനത്താവളത്തിലെ ഇന്റർനാഷണൽ എയർ കാർഗോ കോംപ്ലക്സ്

71 (76) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിലെ ഇന്റർനാഷണൽ എയർ കാർഗോ കോംപ്ലക്സ് എത്ര ചതുരശ്ര വിസ്തൃതിയുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ബി) എയർ കാർഗോ കോംപ്ലക്സ് നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എയർ കാർഗോ കോംപ്ലക്സ് നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയുണ്ടായോ;

(ഡി) എയർ കാർഗോ കോംപ്ലക്സ് നിർമ്മാണത്തിനുള്ള കരാർ ലഭിച്ചത് ഏത് സ്ഥാപനത്തിനാണെന്ന് വ്യക്തമാക്കുമോ;

(ഇ) കരാർ പ്രകാരം എയർ കാർഗോ കോംപ്ലക്സ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എയർ കാർഗോ കോംപ്ലക്സിന്റെ വിസ്തീർണ്ണം 6383 സ്ക്വയർ മീറ്റർ ആണ്.

(ബി) 23 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(സി & ഡി) ടെണ്ടർ നടപടി പുരോഗമിക്കുന്നു.

(ഇ) എയർ കാർഗോ കോംപ്ലക്സ് നിർമ്മാണം 2018 സെപ്റ്റംബറിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ

72 (77) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ ദൈർഘ്യം 4000 മീറ്ററായി ഉയർത്തുന്നതിന് അധികമായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടതായി വരുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) റൺവേ ദൈർഘ്യം 4000 മീറ്ററായി ഉയർത്തുന്നതിന് ഏകദേശം 255 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരും. ഇതിൽ റൺവേയ്ക്കും അനുബന്ധ ആവശ്യങ്ങളായ ലൈറ്റ് സിസ്റ്റം സ്ഥാപിക്കുന്നതിനും 165 കുടുംബങ്ങളുടെ പുനരധിവാസത്തിനും റോഡ്, തോട് എന്നിവയുടെ ഗതി മാറ്റുന്നതിനും ക്ഷേത്രം, പള്ളി എന്നിവ മാറ്റിസ്ഥാപിക്കുന്നതിനും ഉൾപ്പെടെ ഏകദേശം 180 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് 27-12-2016-ലെ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാലിക്കറ്റ് എയർപോർട്ട് വികസനം**

73 (78) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് എയർപോർട്ടിന്റെ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ ;

(ബി) ഏറ്റവും പുതിയ കണക്കനുസരിച്ച് എയർപോർട്ട് വികസനത്തിന് ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ ;

(സി) ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൊടുക്കുന്ന നഷ്ടപരിഹാരം സെന്റ് ഒന്നിന് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ;

(ഡി) കാലിക്കറ്റ് എയർപോർട്ടിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രി ഡോ. കെ. ടി. ജലീലിന്റെ നേതൃത്വത്തിൽ മലപ്പുറം കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് സെന്റൊന്നിന് മന്ത്രി പ്രഖ്യാപിച്ച 3 മുതൽ 10 ലക്ഷം രൂപ വരെ നഷ്ടപരിഹാരം എന്ന കാര്യത്തിൽ സർക്കാർ ഉറച്ച് നിൽക്കുന്നുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) കോഴിക്കോട് എയർപോർട്ടിന്റെ മൊത്തത്തിലുള്ള വികസനത്തിന് പള്ളിക്കൽ, കൊണ്ടോട്ടി, നെടിയിരിപ്പ് വില്ലേജുകളിലായി 248.3 ഏക്കർ ഭൂമി റൺവേ വികസനത്തിനും 137 ഏക്കർ ഭൂമി ടെർമിനൽ വികസനത്തിനും ഉൾപ്പെടെ ആകെ 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 24-10-2016-ലെ സ.ഉ.(കൈ) നമ്പർ 66/2016/ഗതാ, 18-2-2017-ലെ സ.ഉ.(കൈ) 11/2017/ഗതാ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുത്ത്

എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 26-5-2017-ലെ ജി.ഒ.(ആർ.ടി) നമ്പർ 2399/2017/റവ. നം. ഉത്തരവിൻ പ്രകാരം മൊത്തം 485.3 ഏക്കർ (19639.394 ഹെക്ടർ) ഭൂമിയുടെ ഡയറക്ട് നെഗോഷ്യേറ്റഡ് പർച്ചേസിന് മലപ്പുറം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പ്, പുനരധിവാസം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി മെട്രോ

74 (80) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയിൽ എത്ര സുരക്ഷാ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ നിന്നാണ് ഇവരെ നിയമിച്ചിരിക്കുന്നത്;

(സി) ഇതിൽ കേരള പോലീസിൽനിന്നും എത്ര പേരെയാണ് ഉദ്ഘാടന ദിവസം മുതൽ നിയമിച്ചിരുന്നത്;

(ഡി) ഇതിൽ എത്ര പേർക്കെതിരെ മെട്രോ അധികാരികൾ പരാതി നൽകിയിട്ടുണ്ട്;

(ഇ) പോലീസ് വകുപ്പിൽനിന്നും ഡ്യൂട്ടി നോക്കുന്നവരുടെ ബന്ധു മിത്രാദികൾക്ക് നിയമപ്രകാരം സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ടോ;

(എഫ്) പോലീസ് സേനയിലെ ഏത് റാങ്ക് വരെയുള്ളവർക്കാണ് സൗജന്യ യാത്ര അനുവദിച്ചിട്ടുള്ളത്;

(ജി) ഇപ്രകാരം സൗജന്യ യാത്ര അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊച്ചി മെട്രോയിൽ 326 സുരക്ഷാ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇതിൽ പ്രൈവറ്റ് സെക്യൂരിറ്റിയിൽ സെക്യൂരിറ്റി ആന്റ് ഇന്റലിജൻസ് സർവ്വീസ് ഇന്ത്യ ലിമിറ്റഡ്, ഡൽഹിയുടെ (SIS) 187 പേരും, സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (SISF)-ൽ നിന്ന് കേരള പോലീസ് നിയോഗിച്ച 139 പേരും ഉൾപ്പെടുന്നു.

(സി) 139 പേരെയാണ് ഉദ്ഘാടന ദിവസം മുതൽ കേരള പോലീസ് മുഖേന നിയമിച്ചിട്ടുള്ളത്.

(ഡി) കെ.എം.ആർ.എൽ.-ൽ സുരക്ഷാ ഡ്യൂട്ടികൾക്കായി നിയമിതരായ ജീവനക്കാർക്കെതിരെ ഒരു പരാതിയും നൽകിയിട്ടില്ല.

(ഇ) പോലീസ് വകുപ്പിൽനിന്നും ഡ്യൂട്ടി നോക്കുന്നവരുടെ ബന്ധുമിത്രാദികൾക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടില്ല.

(എഫ്) നിലവിൽ കെ.എം.ആർ.എൽ.-ൽ സുരക്ഷാ ഡ്യൂട്ടികൾക്കായി നിയമിതരായ SISF-ലെ ജീവനക്കാരൊഴിച്ച് മറ്റ് ഇതര പോലീസ് സേനാംഗങ്ങൾക്ക് സൗജന്യയാത്ര അനുവദിച്ചിട്ടില്ലാത്തതാണ്.

(ജി) ഡ്യൂട്ടി സംബന്ധമായ യാത്രകൾക്ക് മാത്രമാണ് ട്രെയിനിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുള്ളത്.

## ലൈറ്റ് മെട്രോ

75 (81) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ലൈറ്റ് മെട്രോയുടെ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണ്;

(ബി) തിരുവനന്തപുരത്തും കോഴിക്കോട്ടും എത്ര ഏക്കർ സ്ഥലം വീതമാണ് ഏറ്റെടുക്കേണ്ടതെന്നും ഇതിനായി എത്രകോടി രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(സി) ഭൂവുടമകളുമായി ചർച്ച നടത്തി ഭൂമി വില നിശ്ചയിക്കുന്ന ഡയറക്റ്റ് പർച്ചേസ് രീതിയിലാണോ ഭൂമി എറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ഡി) ലൈറ്റ് മെട്രോയുടെ നിർമ്മാണ ചെലവ് എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; കേന്ദ്ര-സംസ്ഥാന, സർക്കാരുകളുടെ വിഹിതം എത്ര; വിദേശ വായ്പ എത്ര;

(ഇ) എന്നത്തേയ്ക്ക് പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### <u>ഉത്തരം</u>

(എ) 8-9-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 67-2016-പി.ഡബ്ല്യൂ.ഡി. പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്കാവശ്യമായ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് (യഥാക്രമം 1.9893 ഹെക്ടർ, 1.4474 ഹെക്ടർ)അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം തിരുവനന്തപുരം ലൈറ്റ് മെട്രോ

പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്ന് മേൽപ്പാലങ്ങളുടെ (ശ്രീകാര്യം, പട്ടം, ഉള്ളൂർ) നിർമ്മാണത്തിനാവശ്യമായ 2.77 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്ഥലമെടുപ്പിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്ക് 3.58 ഏക്കർ (1.4474 ഹെക്ടർ) സ്വകാര്യ ഭൂമിയും തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്ക് 4.92 ഏക്കർ (1.9893 ഹെക്ടർ) സ്വകാര്യ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടത്. തിരുവനന്തപുരത്ത് 196 കോടി രൂപയും കോഴിക്കോട് 145 കോടി രൂപയുമാണ് ഭൂമി ഏറ്റെടുക്കുന്നതിന് കണക്കാക്കിയിട്ടുള്ളത്.

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്കാവശ്യമായ ഭൂമി 2013-ലെ LARR ആക്ടും പ്രസ്തുത ആക്ട് നടപ്പിലാക്കാൻ 2015-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച ചട്ടങ്ങളും പ്രകാരമാണ് ഏറ്റെടുക്കുന്നത്. ഭൂവുടമകളുമായി ചർച്ച നടത്തി ഭൂമിവില നിശ്ചയിക്കുന്ന ഡയറക്ട്/നെഗോഷിയേറ്റ് പർച്ചേസ് രീതി അവലംബിക്കാനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരത്ത് 4,219 കോടി രൂപയും കോഴിക്കോട് 2,509 കോടി രൂപയുമായി ആകെ 6,728 കോടി രൂപയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണച്ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ സ്ഥലമെടുപ്പിനാവശ്യമായ 341 കോടി രൂപ (തിരുവനന്തപുരം- 196 കോടി, കോഴിക്കോട് - 145 കോടി) പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ബാക്കി തുകയുടെ 20% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരും 60% തദ്ദേശ/വിദേശ വായ്പയായും കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഇ) നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 5 വർഷംകൊണ്ട് തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയും 4 വർഷംകൊണ്ട് കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയും പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായശേഷം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. മേൽപ്പാലങ്ങൾ, പാതവികസനം മുതലായ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

**മെട്രോ യാത്രയിൽ ഉണ്ടായിട്ടുള്ള അക്രമം**

76 (82) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും നേതൃത്വത്തിൽ 2017 ജൂൺ 20-ന് നടത്തിയ മെട്രോ യാത്രയിൽ ഉണ്ടായിട്ടുള്ള അക്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കെ.എം.ആർ.എൽ. ഒരു ഉന്നതതല അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 20-6-2017-ന് യാത്രയിൽ പങ്കെടുത്ത ചിലർ കൂട്ടംകൂടി മുദ്രാവാക്യം വിളിക്കുകയും സഹയാത്രികർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തുവെന്ന് കണ്ടെത്തി. ടി പ്രവൃത്തികൾ മെട്രോ റെയിൽ ഓപ്പറേഷൻസ് മെയിന്റനൻസ് ആക്ട് 2002 സെക്ഷൻ 59(1) (സി), 62(1) പ്രകാരം കുറ്റകരമാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിലേയ്ക്കായി ആലുവ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ, പാലാരിവട്ടം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ എന്നിവർക്ക് കെ.എം.ആർ.എൽ. പരാതി നൽകിയിട്ടുണ്ട്

**മെട്രോ റെയിൽ പദ്ധതി**

77 (83) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം മെട്രോ റെയിൽ ആദ്യ ഘട്ടത്തിൽ എത്ര കിലോമീറ്ററാണ് വിഭാവന ചെയ്തിരിക്കുന്നത് ; എവിടെ ആരംഭിച്ച് എവിടെ അവസാനിക്കുന്നതാണ് ആദ്യഘട്ട പദ്ധതി; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

1. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11-9-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 74/2015/പി.ഡബ്ല്യൂ.ഡി. പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (തിരുവനന്തപുരം- 4219 കോടി + കോഴിക്കോട് -2509 കോടി).

2. കേന്ദ്രസർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദ രൂപരേഖകളും മറ്റ് വിശദവിവരങ്ങളും സമർപ്പിച്ചിട്ടുണ്ട്.

3. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു Special Purpose Vehicle (SPV) രൂപീകരിച്ചു ജി.ഒ.(എം.എസ്.) നമ്പർ 72/2012/പി.ഡബ്ല്യൂ.ഡി., 9-10-2012).

4. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവച്ചു.

5. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ 8-9-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 67/2016/പി.ഡബ്ല്യൂ.ഡി. പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതിനാവശ്യമായ 2.77 ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് തുക KIIFB മുഖേന സമാഹരിച്ച് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച SPV ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) വഴി ചെലവഴിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

6. കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടറും തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടറും സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്.

7. ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കറും കോഴിക്കോട് 8.2819 ഹെക്ടറും സർക്കാർ ഭൂമി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

8. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാത വികസനത്തിനും 16-1-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 79/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

9. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ-മീഞ്ചന്ത പാത വികസനത്തിന് 28-7-2017-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1108/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി ആദ്യഘട്ടം 21.821 കിലോമീറ്ററാണ് വിഭാവന ചെയ്തിരിക്കുന്നത്. പള്ളിപ്പുറം ടെക്നോസിറ്റിയിൽ നിന്ന് ആരംഭിച്ച് കരമന വരെയാണ് ആദ്യഘട്ടം.

## പി.ആർ.ഡി. പരസ്യങ്ങൾ

78 (84) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2017 ജൂലൈ 31 വരെ പി.ആർ.ഡി.-യിൽനിന്നും എത്ര രൂപയുടെ പരസ്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ നേരിട്ടാണോ അല്ലെങ്കിൽ ഏതെങ്കിലും സ്വകാര്യ ഏജൻസികൾ മുഖേനയാണോ പി .ആർ .ഡി. യുടെ പരസ്യങ്ങൾ നൽകിവരുന്നത്;

(സി) ഏജൻസി മുഖേനയാണെങ്കിൽ ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകുന്നത്;

(ഡി) ഏജൻസിയെ തെരഞ്ഞെടുക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്;

(ഇ) ഏജൻസികളിൽ പരസ്യങ്ങൾക്ക് എത്ര ശതമാനമാണ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പരസ്യങ്ങൾ പി.ആർ.ഡി. നേരിട്ടാണ് നൽകിവരുന്നത്.

(സി - ഇ) ബാധകമല്ല.

## പത്രപ്രവർത്തക മേഖലയിലെ കമ്മിറ്റികളുടെ പുനഃസംഘടന

79 (86) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസ്സ് അക്രെഡിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ടോ; എങ്കിൽ ഈ കമ്മിറ്റിയിൽ എത്ര അംഗങ്ങൾ ഉണ്ടെന്നും അവർ ആരെല്ലാമെന്നും വിശദമാക്കുമോ;

(ബി) നിലവിലുള്ള പ്രസ്സ് അക്രെഡിറ്റേഷൻ കമ്മിറ്റിയുടെ കാലാവധി പൂർത്തിയായിട്ടുണ്ടോ;

(സി) കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ പുനഃസംഘടിപ്പിക്കുമെന്നറിയിക്കുമോ;

(ഡി) പ്രസ്സ് അക്രഡിറ്റേഷൻ കമ്മിറ്റിയിൽ സർക്കാർ എത്ര അംഗങ്ങളെയാണ് ഉൾപ്പെടുത്തുന്നത് ;

(ഇ) ജേർണലിസ്റ്റ്-നോൺ ജേർണലിസ്റ്റ് പെൻഷൻ കമ്മിറ്റി നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര അംഗങ്ങൾ; ആരെല്ലാം; കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ സർക്കാർ തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ പുനഃസംഘടിപ്പിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) 6-8-2015-ൽ രൂപീകരിച്ച കമ്മിറ്റിയാണ് ഇപ്പോൾ നിലവിലുള്ളത്. പ്രസ്തുത കമ്മിറ്റിയിലേയ്ക്ക് രണ്ട് തവണ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഇല്ല. 6-8-2015-ലെ ഉത്തരവിൽ കമ്മിറ്റിയുടെ കാലാവധി മൂന്ന് വർഷമാണെന്നാണ് ഉത്തരവായിരിക്കുന്നത്. കാലാവധി സംബന്ധിച്ച് പൊതു ഉത്തരവ് നിലവിലില്ല.

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(ഡി) നിലവിൽ 30 അംഗങ്ങളാണുള്ളത്.

(ഇ) ജേർണലിസ്റ്റ്-നോൺ ജേർണലിസ്റ്റ് പെൻഷൻ കമ്മിറ്റി നിലവിലുണ്ട്. ജേർണലിസ്റ്റ് പെൻഷൻ കമ്മിറ്റിയിൽ 18 അംഗങ്ങളുണ്ട്. അംഗങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ.(സാധാ)നമ്പർ 540/2017/ഐ&പി.ആർ. തീയതി 9-11-2015 സ.ഉ.(സാധാ) നമ്പർ 175/2017/ഐ&പി.ആർ. തീയതി 5-5-2017 അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

നോൺ ജേർണലിസ്റ്റ് പെൻഷൻ കമ്മിറ്റിയിൽ 7 അംഗങ്ങളുണ്ട്. അംഗങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ. (സാധാ) നമ്പർ 50/2017/ഐ&പി.ആർ. തീയതി 22-2-2017 അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

മേൽപ്പറഞ്ഞ കമ്മിറ്റികളുടെ കാലാവധി 3 വർഷമാണ്.

**വിദേശ തൊഴിൽ റിക്രൂട്ട്മെന്റ് ഏജൻസി**

80 (90) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ വിദേശ തൊഴിൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് ഏജൻസി നിലവിലുണ്ടോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഏജൻസിയുടെ പ്രവർത്തനരീതി എങ്ങനെയെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ഏജൻസി 2011-മുതൽ 31-7-2017 വരെ നടത്തിയ റിക്രൂട്ട്മെന്റ് വിവരങ്ങൾ, ഓരോ തസ്തികയ്ക്കും ഈടാക്കിയ ഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റാണ് പ്രസ്തുത ഏജൻസി മുഖേന നടത്തുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ വിദേശതൊഴിൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് ഏജൻസികളുണ്ട്. നിലവിൽ സംസ്ഥാന സർക്കാരിന്റെ നോർക്ക ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നോർക്ക റൂട്ട്സും ലേബർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഒഡെപെക്കും (ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്) പ്രവർത്തിക്കുന്നുണ്ട്.

(ബി) <u>നോർക്ക റൂട്ട്സ്</u>

കേന്ദ്രസർക്കാരിന്റെ ഇ-മൈഗ്രേറ്റ് സംവിധാനംവഴി വിദേശ തൊഴിൽദാതാക്കൾ സമർപ്പിക്കുന്ന ഡിമാന്റ് നോർക്ക റൂട്ട്സിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. തുടർന്ന് www.Jobsnorka.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തി മികവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ വിദേശ തൊഴിൽ ദാതാവ് തെരഞ്ഞെടുക്കുന്നതാണ് നിലവിലെ രീതി.

<u>ഒഡെപെക്</u>

റിക്രൂട്ട്മെന്റ് സുതാര്യമായ രീതിയിൽ നടത്തുന്നതിന് 2012 മുതൽ ജോബ്പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതുവഴി തൊഴിൽ അന്വേഷകർക്ക് 'online' രജിസ്ട്രേഷൻ നടത്തുന്നതിന് സൗകര്യമുണ്ട്. തൊഴിൽദാതാക്കളിൽനിന്നും ലഭിക്കുന്ന തൊഴിലവസരങ്ങൾ ജോബ് പോർട്ടലിൽ നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിക്കുന്നു. ഇതുമുഖേന ഒഡെപെക്കിൽ ലഭ്യമായ തൊഴിലവസരങ്ങളുടെ വിശദവിവരം ഉദ്യോഗാർത്ഥികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. അതോടൊപ്പം നോട്ടിഫിക്കേഷനിൽ അപേക്ഷ സമർപ്പിക്കേണ്ട രീതിയും പ്രസിദ്ധീകരിക്കുന്നു. കൂടാതെ രജിസ്റ്റർ ചെയ്തവരെ e-mail മുഖേനയും ഫോൺ മുഖേനയും ഇന്റർവ്യൂ വിവരങ്ങൾ അറിയിക്കുന്നു. വിദേശ തൊഴിൽ ദാതാവോ, അവർ അധികാരപ്പെടുത്തിയ പ്രതിനിധിയോ ടെസ്റ്റ്/ഇന്റർവ്യൂ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു.

(സി) നോർക്ക റൂട്ട്സ്

654 ഉദ്യോഗാർത്ഥികളെ നിലവിൽ സൗദി അറേബ്യ, യു.എ.ഇ., ഒമാൻ എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രികളിലേയ്ക്ക് റിക്രൂട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സൗദി അറേബ്യയിലേയ്ക്ക് ഹൗസ് മെയിഡ് വിഭാഗത്തിലേയ്ക്ക് 3 പേരെയും റിക്രൂട്ട് ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 1983-ലെ എമിഗ്രേഷൻ ആക്ട് പ്രകാരം ഒരു തസ്തികയിലേയ്ക്ക് സർവ്വീസ് ചാർജ്ജിനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 20,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ജി.എസ്.ടി. ഉൾപ്പെടെ 23,600 രൂപ ഈ ഇനത്തിൽ എല്ലാ തസ്തികയിലുമുൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽനിന്നും ഈടാക്കിവരുന്നു.

ഒഡെപെക്

വിശദാംശങ്ങൾ അനുബന്ധം - I * ൽ ചേർക്കുന്നു.

(ഡി)

നോർക്ക റൂട്ട്സ്

നിലവിൽ സൗദി അറേബ്യ, യു.എ.ഇ., ഒമാൻ എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രികളിലേയ്ക്ക് ഡോക്ടർമാർ, നഴ്സുമാർ, ടെക്നീഷ്യൻസ് എന്നീ തസ്തികകളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തിവരുന്നു. കൂടാതെ പ്രസ്തുത രാജ്യങ്ങളിലേയ്ക്ക് ഹൗസ് മെയിഡ് വിഭാഗത്തിലും നോർക്ക റൂട്ട്സ് മുഖേന റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്.

ഒഡെപെക്

വിശദാംശങ്ങൾ അനുബന്ധം - II * ൽ ചേർക്കുന്നു.

**ശ്രീമതി സക്കീന സെയ്ഫ് സമർപ്പിച്ച അപേക്ഷ**

81 (91) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റിലെ 408/എ 3/2017/നോർക്ക എന്ന ഫയലിൽ കൈകാര്യം ചെയ്യുന്ന കൊച്ചി നിയോജകമണ്ഡലത്തിലെ ശ്രീമതി സക്കീന സെയ്ഫ് സമർപ്പിച്ച അപേക്ഷയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ; അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള കാര്യത്തിൽ എന്തെങ്കിലും മറുപടി സൗദി അറേബ്യൻ അധികാരികളിൽനിന്ന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

സൗദി അറേബ്യയിലെ റിയാദിൽനിന്നും 350 കി.മീ. അകലെയുള്ള റുവൈദ എന്ന സ്ഥലത്ത് വീട്ടുജോലിക്കായി പോയ കൊച്ചി നിയോജകമണ്ഡലത്തിലെ ശ്രീമതി സക്കീന സെയ്ഫിന്റെ മകൾ ശ്രീമതി സജിത തൊഴിലുടമയുടെ പീഡനത്താൽ കഷ്ടപ്പെടുകയാണെന്നും വിദേശത്ത് തുടരാൻ തന്റെ മകൾക്ക് യാതൊരു തരത്തിലും കഴിയില്ലെന്നും അതിനാൽ ടിയാളെ നാട്ടിലെത്തിക്കാൻ സഹായിക്കണമെന്നും കാണിച്ച് സർക്കാരിൽ ലഭിച്ച നിവേദനം പരിഗണിച്ച് സർക്കാർ 2-6-2017-ൽ സൗദി അറേബ്യയിലെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിന് ആവശ്യമായ സഹായം ശ്രീമതി സജിതയ്ക്ക് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കത്തയയ്ക്കുകയുണ്ടായി. ഇന്ത്യൻ നയതന്ത്രകാര്യാലയത്തിൽനിന്നും മറുപടിയൊന്നും ലഭിക്കാത്തതിനാൽ പിന്നീട് 1-8-2017-ൽ ഒരു ഓർമ്മക്കത്തുകൂടി അയയ്ക്കുകയുണ്ടായി. ടി കത്തുകളുടെ പകർപ്പുകൾ അറിവിലേയ്ക്കായി പരാതിക്കാരിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**പ്രവാസി പുനരധിവാസത്തിനുള്ള പദ്ധതികൾ**

82 (92) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് ലക്ഷത്തോളം മലയാളികൾ തൊഴിൽലെടുക്കുന്ന സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പരിഷ്കരിച്ച നിതാഖത്ത് ഏർപ്പെടുത്തുന്നത് സംസ്ഥാനത്ത് സൃഷ്ടിക്കാനിടയുള്ള ആഘാതം വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിൽ നഷ്ടഭീതിയിലായ പ്രവാസികളുടെ ആശങ്കയകറ്റാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടുകൊണ്ട് ഏത് വിധത്തിലുള്ള ഇടപെടൽ സാധ്യമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) തൊഴിൽനഷ്ടസാധ്യത ഏറെയുള്ളത് അവിദഗ്ദ്ധ തൊഴിലാളികൾക്കാണെന്നത് പരിഗണിച്ച് ഇത്തരക്കാരുടെ പുനരധിവാസത്തിന് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിൽ പ്രവാസി പുനരധിവാസത്തിന് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടലിനായി അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഉണ്ട്. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിര വരുമാനം കണ്ടെത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി പ്രമുഖ ദേശസാൽകൃത ബാങ്കുകളുമായി ചേർന്ന് 20 ലക്ഷം രൂപവരെ മൂലധനം ആവശ്യമായ പദ്ധതികൾക്ക് വായ്പ ലഭ്യമാക്കി വരുന്നു. പദ്ധതി തുകയുടെ 15% മൂലധന സബ്സിഡിയായും 3% പലിശ സബ്സിഡിയായും നൽകിവരുന്നുണ്ട്.

(ഡി) നൽകുന്നില്ല.

**നോർക്ക റൂട്ട്സിലെ നിയമനങ്ങൾ**

83 (93) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാത്തതിന്റെ കാരണമെന്താണ്;

(ബി) നോർക്ക റൂട്ട്സിൽ നിയമനം നടത്താൻ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നോർക്ക റൂട്ട്സിന്റെ ഡയറക്ടർ ബോർഡിൽ ഇപ്പോൾ മെമ്പർമാർ ആരെല്ലാമാണ്;

(ഡി) നോർക്ക റൂട്ട്സിന്റെ ബൈലായുടെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാസ്ഥാപനമായ നോർക്ക റൂട്ട്സിന് സർക്കാർ അംഗീകരിച്ച സർവ്വീസ് റൂൾസ് നിലവിലില്ല. ആയതിനാൽ നോർക്ക-റൂട്ട്സിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ നിർവ്വാഹമില്ല.

(ബി) നോർക്ക-റൂട്ട്സിൽ ഒഴിഞ്ഞുകിടന്നിരുന്ന താഴെപ്പറയുന്ന തസ്തികകളിൽ സർക്കാർ സ്ഥാപനമായ സി.എം.ഡി.വഴി സ്ഥിരം/കരാർ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | |
|---|---|---|
| സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | - | 2 |
| അസിസ്റ്റന്റ് മാനേജർ | - | 3 (കരാർ) |
| അക്കൗണ്ട്സ് ഓഫീസർ | - | 1 (കരാർ) |
| ജൂനിയർ എക്സിക്യൂട്ടീവ് | - | 4 |
| അസിസ്റ്റന്റ് | - | 8 |
| അക്കൗണ്ട്സ് അസിസ്റ്റന്റ് | - | 1 |
| കാൾ സെന്റർ എക്സിക്യൂട്ടീവ് | - | 1 (കരാർ) |
| പേഴ്സണൽ അസിസ്റ്റന്റ് | - | 2 |
| അറ്റൻഡർ | - | 4 |
| സ്വീപ്പർ | - | 1 |

(സി) നോർക്ക-റൂട്ട്സിന്റെ ഡയറക്ടർ ബോർഡ് മെമ്പർമാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി - ചെയർമാൻ
2. ശ്രീ. കെ. വരദരാജൻ - എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ

(ശ്രീ. കെ. വരദരാജനെ നോർക്ക റൂട്ട്സിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർമാനായി ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ടി തീരുമാനം സർക്കാർ അംഗീകരിക്കുകയും അതിൻപ്രകാരം നോർക്ക റൂട്ട്സിന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ നോർക്ക, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.)

3. പത്മശ്രീ എം. എ. യൂസഫലി - ഡയറക്ടർ
4. പത്മശ്രീ സി. കെ. മേനോൻ - ഡയറക്ടർ
5. ഡോ. എം. അനിരുദ്ധൻ - ഡയറക്ടർ
6. ശ്രീ. ഒ. വി. മുസ്തഫ - ഡയറക്ടർ
7. ശ്രീ. ആസാദ് മൂപ്പൻ - ഡയറക്ടർ
8. ഡോ. രവിപിള്ള - ഡയറക്ടർ
9. ശ്രീ. സി. വി. റപ്പായി - ഡയറക്ടർ

10. ശ്രീ. മനോജ് ജോഷി, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ് - ഡയറക്ടർ

11. അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ഡയറക്ടർ

12. ഡോ. കെ. എൻ. രാഘവൻ ഐ.ആർ.എസ്., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - എക്സ്ഒഫീഷ്യോ ഡയറക്ടർ

(ഡി) നോർക്ക റൂട്ട്സിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷന്റെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. *

## പ്രവാസിക്ഷേമകാര്യ വകുപ്പ് മുഖേനയുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും

84 (94) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി നിയോജക മണ്ഡലത്തിൽ പ്രവാസി ക്ഷേമകാര്യ വകുപ്പ് മുഖേനയുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക-റൂട്ട്സിന്റെ സാന്ത്വന പദ്ധതി പ്രകാരം എറണാകുളം ജില്ലയിലുള്ള 53 ഗുണഭോക്താക്കൾക്കായി 16,35,000 രൂപയുടെ ചികിത്സാ ധനസഹായവും 36 ഗുണഭോക്താക്കൾക്കായി 33,90,000 രൂപയുടെ മരണാനന്തര ധനസഹായവും നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലയിൽ കേരള പ്രവാസിക്ഷേമ ബോർഡിൽനിന്നും ചികിത്സാ ധനസഹായ ഇനത്തിൽ 9 പേർക്കായി 1,36,000 രൂപയും മരണാനന്തര ധനസഹായ ഇനത്തിൽ 30,000 രൂപയും നൽകിയിട്ടുണ്ട്.

മേൽ സഹായം നൽകിയതിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ സൂക്ഷിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പോലീസ് സേനയിലെ അഴിമതി**

85 (95) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ അഴിമതി കേസ്സുകളിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്നും, അവർ ഏതെല്ലാം റാങ്കിലുള്ളവരാണെന്നും വിശദമാക്കുമോ;

(ബി) പോലീസ് സേനയിൽ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) പോലീസ് ഉദ്യോഗസ്ഥർ അനധികൃതമായി സൗജന്യം പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാനുള്ള നടപടിയുണ്ടാകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അഴിമതിക്കേസ്സുകളിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി, കർശന അച്ചടക്ക നടപടി എന്നിവ സ്വീകരിച്ചുവരുന്നു.

(സി) പോലീസ് ഉദ്യോഗസ്ഥർ അനധികൃതമായി സൗജന്യം പറ്റുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി**

86 (96) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പുതുതായി എസ്. പി. സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ ഈ യൂണിറ്റുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എസ്. പി. സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള ഫണ്ടിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ അദ്ധ്യയന വർഷത്തിൽത്തന്നെ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയ അദ്ധ്യയന വർഷം 100 സ്കൂളുകളിൽക്കൂടി എസ്.പി.സി. പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി എസ്.പി.സി. പദ്ധതി

പുതുതായി ആരംഭിക്കുന്നതിന് 100 സർക്കാർ സ്കൂളുകളിൽനിന്നും ലഭിച്ച അപേക്ഷകളുടെ പട്ടിക സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.പി.സി. പദ്ധതിയുടെ സ്കൂൾ/ജില്ല/ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും മാറ്റിവയ്ക്കുന്ന തുകയിൽ കുറവ് വന്നിട്ടുണ്ട്. 2016-2017 സാമ്പത്തിക വർഷത്തിൽ പോലീസ് നവീകരണ സ്കീമിൽ ഉൾപ്പെടുത്തി 10.7 കോടി രൂപ എസ്.പി.സി. പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയിരുന്നു. ആയത് 2017-2018 സാമ്പത്തിക വർഷം 9 കോടി രൂപയ്ക്കായി ആയി കുറഞ്ഞിട്ടുണ്ട് (ഇതിൽ 8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനും ഒരു കോടി രൂപ പദ്ധതിയുടെ ഡയറക്ടറേറ്റ് നിർമ്മാണത്തിനും). കൂടാതെ കേരള റോഡ് സേഫ്റ്റി അതോറിറ്റി ഒരു കോടി രൂപ എസ്.പി.സി.-യുടെ 'ശുഭയാത്ര' പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. പുതുതായി 100 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിച്ച് പ്രവർത്തനമാരംഭിക്കുന്നതിന് 2 കോടിയോളം അധിക ചെലവ് നടപ്പ് സാമ്പത്തിക വർഷം വേണ്ടിവരും. ഇതിനായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതിയതായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ പട്ടിക പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ഗുണ്ടാ സംഘങ്ങൾ നടത്തിയ ആക്രമണം**

87 (97) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ക്വട്ടേഷൻ/ ഗുണ്ടാ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസ്സുകളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് 2 കേസ്സുകളും ഗുണ്ടാസംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് 44 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട കേസ്സുകളിൽ ആരുംതന്നെ കൊല്ലപ്പെട്ടിട്ടില്ലാത്തതാണ്. ഗുണ്ടാസംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട കേസ്സുകളിൽ 6 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട കേസ്സുകളിൽ 22 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഗുണ്ടാ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട കേസ്സുകളിൽ 198 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

## എസ്.ഐ., സി.ഐ., ഡിവൈ.എസ്.പി., എസ്.പി. തസ്തികകളിലെ ഒഴിവുകൾ

88 (98) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഐ, ഡിവൈ.എസ്.പി, എസ്.പി. എന്നിവരുടെ നിയമനം സംബന്ധിച്ച സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) നിയമ തടസ്സങ്ങൾ ഇല്ലെങ്കിൽ എന്തുകൊണ്ട് പ്രൊമോഷൻ നടക്കുന്നില്ലെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര സി.ഐ, ഡിവൈ.എസ്.പി., തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു; വ്യക്തമാക്കുമോ;

(ഡി) 15 മുതൽ 20 വർഷം വരെ എസ്.ഐ. തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ പ്രൊമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) എസ്.ഐ, സി.ഐ, ഡിവൈ.എസ്.പി., എസ്.പി.-മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സബ് ഇൻസ്പെക്ടർ തസ്തികയിൽനിന്നും സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽനിന്നും സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലേയ്ക്കും സ്ഥാനക്കയറ്റം നൽകുന്നതിന് സെലക്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിവരുന്നതുമാണ്. എന്നാൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽനിന്നും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സീനിയോറിറ്റി സംബന്ധിച്ച കേസ്സുകൾ നിലനിൽക്കുന്നതിനാൽ ടി തസ്തികകളിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. റഗുലർ പ്രൊമോഷൻ നൽകാനാവാത്ത

സാഹചര്യത്തിൽ കെ.എസ്.&എസ്.എസ്.ആർ. റൂൾ 31 (a) (i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്.

(സി) എസ്.പി. -3, ഡിവൈ.എസ്.പി.-17. സി.ഐ. തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

(ഡി) സീനിയോറിറ്റിയും യോഗ്യതയും ഒഴിവുകളുടെ എണ്ണവും കണക്കിലെടുത്ത് ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) നേരിട്ട് നിയമനത്തിനുള്ള (Direct Recruitment - SI) സബ് ഇൻസ്പെക്ടർമാരുടെ 130 ഒഴിവുകൾ നിലവിലുണ്ട്. എന്നാൽ ഈ ഒഴിവുകളൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 26-8-2014 (OP (KAT) No. 200/2014)-ലെ ഉത്തരവ് പ്രകാരം ഡിപ്പാർട്ട്മെന്റിൽ നിലവിലില്ലായിരുന്ന സബ് ഇൻസ്പെക്ടർമാരുടെ അധിക 137 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടിവന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 1-3-2016-ൽ ഉത്തരവ് നമ്പർ 76/2016 ആഭ്യ. പ്രകാരം 137 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും ടി 137 ഒഴിവുകൾ റിസർവ് ചെയ്തതിനുശേഷം വരുന്ന എസ്.ഐ.-മാരുടെ ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാവൂ എന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ (Direct Recruitment - SI) സബ് ഇൻസ്പെക്ടർമാരുടെ 130 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല. എസ്.പി.-3, ഡിവൈ.എസ്.പി. -17 എന്നീ ക്രമത്തിൽ ഒഴിവുകളുണ്ട്. എന്നാൽ സി.ഐ. തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

**സമൂഹ മാധ്യമങ്ങളിലൂടെയുള്ള അക്രമ ഭീഷണി**

89 (99) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹ മാധ്യമങ്ങളിലൂടെ എഴുത്തുകാർക്കും സാമൂഹ്യപ്രവർത്തകർക്കും നേരെ വർഗ്ഗീയവാദികൾ നടത്തുന്ന അക്രമ ഭീഷണി കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആക്രമണ ഭീഷണികളുടെ ഉറവിടം കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സൈബർ സെല്ലിന്റെ സഹായത്തോടുകൂടി ഇത്തരം ആക്രമണ ഭീഷണികളുടെ ഉറവിടം കണ്ടെത്തുകയും നിലവിലുള്ള നിയമപ്രകാരം അവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**എം. വിൻസെന്റ് എം.എൽ.എ.-യുടെ പരാതി**

90 (100) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്നെ ലൈംഗിക പീഡനക്കേസ്സിൽപ്പെടുത്തുന്നതായി പരാതിപ്പെട്ടുകൊണ്ട് ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-യുടെ പരാതി എന്നാണ് ഡി.ജി.പി.-ക്ക് ലഭിച്ചത്;

(ബി) പരാതി അന്വേഷണത്തിന് കൈമാറിയത് എന്നാണെന്നും ഈ പരാതിയിൽ അന്വേഷണം നടത്തുന്നത് ആരാണെന്നും വെളിപ്പെടുത്തുമോ;

(സി) എം.എൽ.എ.-യ്ക്ക് എതിരെ വീട്ടമ്മ നല്കിയ പരാതിയുടെ അന്വേഷണത്തിന് ആരെയാണ് സർക്കാർ ചുമതലപ്പെടുത്തിയത്;

(ഡി) അന്വേഷണ ഉദ്യോഗസ്ഥ അജിതാ ബീഗം ഐ.പി.എസ്. നേരിട്ട് എം.എൽ.എ.-യുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്;

(ഇ) ഏതെല്ലാം വകുപ്പനുസരിച്ചാണ് ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-ക്കെതിരെ കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20-7-2017-ലാണ് ലഭിച്ചത്.

(ബി) പ്രസ്തുത പരാതി 21-7-2017-ൽ ദക്ഷിണമേഖല അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന് മേൽനടപടികൾക്കായി കൈമാറിയിട്ടുള്ളതും ആയത് അന്വേഷണത്തിനായി നെയ്യാറ്റിൻകര ഡിവൈ.എസ്.പി.-ക്ക് നൽകിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത പരാതി കൊല്ലം സിറ്റി പോലീസ് കമ്മീഷണർ, ശ്രീമതി അജിതാ ബീഗം ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

(ഡി) മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(ഇ) ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 940/17 u/s 294 (b), 506 (i), 306, 450, 451, 376 (2) (n), 354(A) (i) (ii) (iii) (iv), 354(D) IPC, Sec 120 (o) of KP Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## ആർ.എസ്.എസ്. പ്രവർത്തകർ നടത്തിയ അക്രമസംഭവങ്ങൾ

91 (101) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആർ.എസ്.എസ്. പ്രവർത്തകർ നടത്തിയ എത്ര അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് സങ്കുചിത രാഷ്ട്രീയ നേട്ടമുണ്ടാക്കാനായി ധ്രുവീകരണം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര ഭരണകക്ഷിയുടെ നേതാക്കൾ അക്രമം അഴിച്ചുവിടുകയും ഗവർണറെപോലും അധിക്ഷേപിച്ച് പ്രകോപനം സൃഷ്ടിക്കുകയും ആർ.എസ്.എസ്. അക്രമികൾക്കെതിരെ കേസെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ പരസ്യമായി ഭീഷണിപ്പെടുത്തുകയും വ്യാജ വീഡിയോകളും സന്ദേശങ്ങളും പ്രചരിപ്പിച്ച് ആക്രമണത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്നതിനെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സി.പി.ഐ.(എം) കോഴിക്കോട് ജില്ലാകമ്മിറ്റി ഓഫീസിന് നേരെ ബോംബെറിഞ്ഞ് ജില്ലാ സെക്രട്ടറിയെ വധിക്കാൻ ശ്രമിക്കുകയും പാർട്ടി ആഫീസുകൾ ആക്രമിച്ച് പ്രകോപനം സൃഷ്ടിക്കുകയും ചെയ്യുന്നവർക്കെതിരെ പോലീസിന്റെ ഭാഗത്തുനിന്ന് കർശന നടപടിയുണ്ടാകാത്തത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ ഇടയാക്കുന്നത് കണക്കിലെടുത്ത് ആർ.എസ്.എസ്.-ന്റെ പേരിലുള്ള ക്രിമിനൽ സംഘത്തെ അമർച്ച ചെയ്യാൻ വേണ്ട ശക്തമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) ആർ.എസ്.എസ്. പ്രവർത്തകർ നടത്തിയ അക്രമവുമായി ബന്ധപ്പെട്ട് 281 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 3 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 361/2017 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിൽ 18 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

2. പയ്യന്നൂരിൽ ബിജു എന്ന ആർ.എസ്.എസ്. പ്രവർത്തകൻ കൊല്ലപ്പെട്ടതിനെത്തുടർന്ന് സി.പി.ഐ.(എം) പ്രവർത്തകർ ബാന്റ് മേളവുമായി ആഹ്ലാദപ്രകടനം നടത്തുന്നു എന്ന വ്യാജ വീഡിയോ 12-6-2017-ൽ സോഷ്യൽ മീഡിയവഴി പ്രചരിപ്പിച്ചതിന് ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരനെതിരെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 543/2017 രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3. സോഷ്യൽ മീഡിയയിൽ തെറ്റായ പ്രചരണം നടത്തിയതിന് ബി.ജെ.പി. നേതാവ് ശ്രീ. കെ. സുരേന്ദ്രനെതിരെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 605/2017.

(സി) സി.പി.ഐ.(എം) ജില്ലാ കമ്മിറ്റി ഓഫീസിനുനേരെ ബോംബെറിഞ്ഞ് ജില്ലാ സെക്രട്ടറിയെ വധിക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 444/2017 ആയി രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി കർശന നടപടി സ്വീകരിക്കുന്നതാണ്.

**വാഹനാപകട മരണങ്ങൾ**

92 (102) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ വാഹനാപകട മരണങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ട്രാഫിക് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാഹനാപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി കോഴിക്കോട് സിറ്റി ട്രാഫിക് പോലീസിന് കീഴിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെയായി 40 പോയിന്റുകളിൽ പോലീസ് സേവനം നൽകിവരുന്നുണ്ട്. കൂടാതെ രണ്ട് ട്രാഫിക് സബ് ഡിവിഷനുകളിലായി 7 സെക്ടറുകളും പ്രവർത്തിച്ചുവരുന്നു. അപകടം വരുത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാരെ സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ദിവസവും നടന്നുവരുന്ന ബോധവൽക്കരണ

ക്ലാസ്സിലും കൂടാതെ മോട്ടോർ വാഹന വകുപ്പ് എടപ്പാൾ ഗതാഗത ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തിവരുന്ന ബോധവത്കരണ ക്ലാസ്സിലും പങ്കെടുപ്പിക്കുന്നുണ്ട്. അത്യാധുനിക സൗകര്യങ്ങളുള്ള ഇന്റർസെപ്റ്റർ വാഹനം ഉപയോഗിച്ച് അമിതവേഗത നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ റോഡപകടങ്ങൾ പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള 'ശുഭയാത്ര' എന്ന പദ്ധതി പ്രകാരം കോഴിക്കോട് സിറ്റിയിൽ പരിശീലനം നടത്തിവരികയാണ്. സ്കൂൾ കുട്ടികൾക്കും ഡ്രൈവർമാർക്കും റസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് പൊതുജനങ്ങൾക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

### വനിതാ പോലീസ് കോൺസ്റ്റബിൾ

93 (103) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പുതിയ ബാച്ചിന്റെ പരിശീലനം തുടങ്ങിയോ; എത്ര ബാച്ചുകളുടെ പരിശീലനമാണ് നിലവിൽ നടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പുതിയ ബാച്ചിന്റെ പരിശീലനം തുടങ്ങിയിട്ടില്ല. നിലവിൽ ഒരു ബാച്ചിന്റെ പരിശീലനം നടന്നുവരുന്നു.

(ബി) നിലവിലുള്ള വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽനിന്നും 799 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

### ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം

94 (104) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഡിവൈ.എസ്.പി.-മാർക്ക് എസ്.പി.-മാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(ബി) പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥരിൽ, കൊല്ലം ജില്ലയിലെ ഒരു മാധ്യമ പ്രവർത്തകന്റെ വധശ്രമ കേസ്സിൽ സി.ബി.ഐ. അറസ്റ്റ് ചെയ്ത് സസ്പെൻഷനിലായ വ്യക്തി ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പോലീസ് ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ അവരുടെ പേരിലുള്ള കേസ്സുകളും ആരോപണങ്ങളും പരിശോധിച്ചശേഷം മാത്രം പ്രൊമോഷൻ നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37 ഡിവൈ.എസ്.പി.-മാർക്ക് എസ്.പി.(നോൺ ഐ.പി.എസ്.) ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 17-1-21017-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) ഡിവൈ.എസ്.പി. കേഡറിൽനിന്നും എസ്.പി. തസ്തികയിലേയ്ക്ക് പ്രൊമോഷന് അർഹതയുള്ളവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി സെലക്ട് ലിസ്റ്റിൽനിന്നുമാണ് പ്രൊമോഷൻ നൽകിയിട്ടുള്ളത്.

(സി) നിലവിൽ സ്ഥാനക്കയറ്റത്തിന് അർഹതയുള്ള ഉദ്യോഗസ്ഥരുടെ പേരിലുള്ള കേസ്സുകളും അച്ചടക്ക നടപടികളും പരിശോധിച്ചശേഷമാണ് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗ്യരായ ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. ഇത്തരത്തിൽ ആധികാരികമായി തയ്യാറാക്കപ്പെടുന്ന പട്ടികയിൽനിന്നുമാണ് പ്രൊമോഷൻ നൽകിവരുന്നത്.

## നടിയെ ആക്രമിച്ച കേസ്സിലെ പ്രതിക്ക് ജയിലിൽ മൊബൈൽ ഫോൺ ലഭിച്ച സാഹചര്യം

95 (106) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടിയെ ആക്രമിച്ച കേസ്സിലെ പ്രധാനപ്രതി പൾസർ സുനി കാക്കനാട് ജില്ലാ ജയിലിൽനിന്നും ഫോൺ ചെയ്തതായുള്ള കാര്യത്തിൽ അന്വേഷണം നടത്തിയോ; പ്രതിക്ക് ജയിലിൽ മൊബൈൽ ഫോൺ ലഭിച്ച സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും ജയിലുദ്യോഗസ്ഥരുടെ സഹായം പൾസർ സുനിക്ക് ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) നടിയെ ആക്രമിച്ച കേസ്സിലെ പ്രധാന പ്രതി പൾസർ സുനി കാക്കനാട് ജില്ലാ ജയിലിൽനിന്നും ഫോൺ ചെയ്തതായുള്ള കാര്യത്തിൽ

ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം 751/2017 നമ്പറിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കൂടാതെ ഇക്കാര്യത്തിൽ അന്വേഷണം നടത്താൻ മധ്യമേഖലാ ജയിൽ ഡി.ഐ.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രതിക്ക് ജയിലിൽ മൊബൈൽ ഫോൺ ലഭിച്ച സാഹചര്യം കണ്ടെത്തുന്നതിനായി പോലീസ് അന്വേഷണവും വകുപ്പുതല അന്വേഷണവും നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും ജയിലുദ്യോഗസ്ഥരുടെ സഹായം പൾസർ സുനിക്ക് ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ സഹായം പൾസർ സുനിക്ക് ലഭിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയാൽ അവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

## കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം

96 (107) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിര നിർമാണം സംബന്ധിച്ച നിലവിലെ നടപടികൾ വിശദമാക്കാമോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ & ബി) സംസ്ഥാന പോലീസ് മേധാവി നൽകിയ ശിപാർശയിന്മേൽ ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത നിർമ്മാണത്തിന് സംസ്ഥാന പോലീസ് മേധാവിതലത്തിൽ 276 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## പോലീസ് സേനയുടെ ആധുനീകരണം

97 (108) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-7-2017 വരെ പോലീസ് സേനയുടെ ആധുനീകരണത്തിനായി എത്ര തുക ചെലവഴിച്ചുന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ ഇനങ്ങൾക്കായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് സേനയുടെ ആധുനീകരണത്തിന് നൽകുന്ന തുക മറ്റാവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ നവീകരണത്തിനായി 30-7-2017 വരെ ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

1. 2016-17 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ആകെ 47,16,73,000 രൂപ അനുവദിച്ചതിൽ 45,55,87,223 രൂപ ചെലവായിട്ടുണ്ട്.
2. 2017-18-ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 1,210 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിൽ 2,93,77,109 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്.
3. G.O.(Rt)No.1744/2017/ആഭ്യന്തരം തീയതി 7-7-2017 ആയി 2017-18-ലെ Annual Plan സ്കീമിൽ ഉൾപ്പെടുത്തി 3,965 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ 25 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്. (അനുബന്ധം 'എ')*
4. MoPF പ്രകാരം കേന്ദ്ര ഫണ്ടിൽ കേരളത്തിന് അനുവദിച്ച വിഹിതത്തിൽനിന്നും 42,51,06,962 രൂപ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-07-2017 വരെ പോലീസ് സേനയുടെ ആധുനീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. (അനുബന്ധം 'ബി')*

(സി&ഡി) പോലീസ് ആധുനീകരണത്തിന് നൽകുന്ന തുക അതേ ആവശ്യത്തിനുതന്നെ വിനിയോഗിച്ചുവരുന്നു.

**അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം**

98 (109) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ - എഴുപുന്ന പഞ്ചായത്തുകളുടെ അധികാരപരിധിയുള്ള അരൂർ പോലീസ് സ്റ്റേഷൻ ഇപ്പോൾ ചന്തിരൂർ സഹകരണ ബാങ്കിന്റെ വാടക ക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവിടെ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അത്രൂർ പഞ്ചായത്ത് തീരുമാനപ്രകാരം പോലീസ് വകുപ്പിന് കൈമാറിയ സ്ഥലത്ത് ചുറ്റുമതിൽ കെട്ടി അനുയോജ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) അത്രൂരിൽ ഏറ്റവും ആധുനിക സൗകര്യങ്ങളോടെയുള്ള വളരെ വിപുലമായ ഒരു പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി-ഇ) സംസ്ഥാന പോലീസ് മേധാവിതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് സേനയിലെ ജീവനക്കാർ**

99 (110) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ആകെ എത്ര ജീവനക്കാരുണ്ട്; (വനിതാ ജീവനക്കാർ ഉൾപ്പെടെ) തസ്തിക തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഇവരിൽ എത്ര ജീവനക്കാർ (തസ്തിക തിരിച്ച്) പെൻഷൻ പറ്റിയ ഐ.എ.എസ്. /ഐ.പി.എസ്. ജീവനക്കാരുടെ കീഴിൽ അവരുടെ സേവനം നൽകിവരുന്നു എന്നും സർവ്വീസിലുള്ളവർക്കായി എത്ര പേരുടെ സേവനം നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇവരുടെ സേവനം സർവ്വീസിലുള്ളവരും/പെൻഷൻ പറ്റിയവരുമായ ഐ.പി.എസ്./ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് നൽകാനായി നിലവിലുള്ള സർക്കാർ ഉത്തരവുകൾ ഏതെല്ലാം. പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ ക്രമസമാധാനപാലനത്തിനായി നിയോഗിക്കപ്പെട്ട പോലീസ് സേനയിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ സേവനം അതിനായി ഉപയോഗിക്കാതെ ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ സ്വകാര്യ ആവശ്യങ്ങൾക്കായി (പെൻഷൻകാരും സർവ്വീസിലുള്ളവരുമായ ഐ.എ.എസ് /ഐ.പി.എസ്. ഉദ്യോഗസ്ഥർ) ഉപയോഗിക്കുന്നതിന് കൃത്യമായി ഒരു നിയമ വ്യവസ്ഥ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ) തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സേനാംഗങ്ങൾ | എണ്ണം |
|---|---|---|
| 1 | സംസ്ഥാന പോലീസ് മേധാവി | 1 |
| 2 | പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ | 10 |
| 3 | പോലീസ് ഐ.ജി. | 15 |
| 4 | ഡി.ഐ.ജി. | 10 |
| 5 | എസ്.പി. | 65 |
| 6 | ഡിവൈ.എസ്.പി. | 249 |
| 7 | ഡി.സി. | 11 |
| 8 | എ.സി. | 88 |
| 9 | ഐ.പി./ആർ.ഐ./എ.പി.ഐ./ഡബ്ല്യു.സി.ഐ. | 486 |
| 10 | എസ്.ഐ./എ.പി.എസ്.ഐ./ഡബ്ല്യു.എസ്.ഐ. | 2519 |
| 11 | എ.എസ്.ഐ./എ.പി.എ.എസ്.ഐ./ഡബ്ല്യു.എ.എസ്.ഐ. | 2119 |
| 12 | എസ്.സി.പി.ഒ./ഡബ്ല്യു.എച്ച്.സി./ഹവീൽദാർ | 9264 |
| 13. | സി.പി.ഒ./ഡബ്ല്യു.സി.പി.ഒ./പി.സി./ഡബ്ല്യു.പി.സി. | 35631 |
| 14 | ടെക്നിക്കൽ ഐ.പി. | 39 |
| 15. | ടെക്നിക്കൽ എസ്.ഐ. | 235 |
| 16. | ടെക്നിക്കൽ എ.എസ്.ഐ. | 62 |
| 17 | ടെക്നിക്കൽ എച്ച്.സി. | 313 |
| 18. | ടെക്നിക്കൽ പി.സി. | 1068 |
| 19. | ഡ്രൈവർ പി.സി./എച്ച്.സി. | 3004 |
| 20 | ഡ്രൈവർ എസ്.ഐ. | 30 |
| 21. | ക്യാമ്പ് ഫോളോവർ | 1185 |
| | ആകെ | 56404 |

(ബി) ഐ.എ.എസ്./ഐ.പി.എസ്. ഓഫീസർമാരുടെ സുരക്ഷയ്ക്കായി ജില്ലാ പോലീസ് മേധാവിമാരുടെ നിർദ്ദേശപ്രകാരം പോലീസ് ഉദ്യോഗസ്ഥരെ സേവനങ്ങൾക്കായി വിട്ടുനൽകാറുണ്ട്.

(സി) പോലീസ് വകുപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 3/2002 തീയതി 30-3-2002 ഉത്തരവ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ഡി) സംസ്ഥാനത്തിലെ പോലീസ് സേനാംഗങ്ങളെ ക്രമസമാധാന പാലനത്തിനും പോലീസിൽ അധിഷ്ഠിതമായ കൃത്യനിർവ്വഹണത്തിനുമാണ് നിയോഗിക്കാറുള്ളത്. പ്രസ്തുത കാര്യങ്ങൾക്കതീതമായി സാധാരണഗതിയിൽ പോലീസിലെ താഴ്ന്നവിഭാഗം ജീവനക്കാരെ മേലുദ്യോഗസ്ഥരുടെ വ്യക്തിപരമായ കാര്യനിർവ്വഹണത്തിനായി നിയോഗിച്ചുകൊണ്ട് ജില്ലാ പോലീസ് മേധാവിമാരുടെ നിർദ്ദേശപ്രകാരവും പോലീസ് വകുപ്പിലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 3/2002 തീയതി 30-3-2002 പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പോലീസ് സ്വമേധയാ എടുക്കുന്ന കേസ്സുകൾ

100 (111) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ എത്ര ശതമാനമാണ് പോലീസ് സ്വമേധയാ എടുക്കുന്നതായി കണക്കാക്കിയിട്ടുള്ളത് ;

(ബി) പോലീസ് സ്വമേധയാ എടുക്കുന്ന കേസ്സുകളിൽ പലതിലും നടപടിക്രമങ്ങൾ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലമാണ് കോടതികളിൽ ഇത്തരം കേസ്സുകൾ പരാജയപ്പെടുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നടപടിക്രമങ്ങൾ പാലിക്കാതെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നടപടിക്രമങ്ങൾ പാലിക്കാതെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ പോലീസ് സ്വമേധയാ എടുക്കുന്ന കേസ്സുകളുടെ കഴിഞ്ഞ 2 വർഷത്തെയും കൂടാതെ 2017 ജൂലൈ 30 വരെയുമുള്ള ശതമാന കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| Year | Total FIR Regd. | Total Suo Motu Regd. | Percentage |
|---|---|---|---|
| 2015 | 685506 | 520973 | 75.99 |
| 2016 | 744431 | 592603 | 79.6 |
| 2017 (upto 30-7-17) | 404248 | 310383 | 76.78 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടിക്രമങ്ങൾ പാലിച്ചാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തുവരുന്നത്. ഇക്കാര്യത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അതാത് തലങ്ങളിൽ യഥാസമയം പരിശോധനകൾ നടത്തിവരുന്നതുമാണ്.

(ഡി) നടപടിക്രമങ്ങൾ പാലിക്കാതെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

**പോലീസ് സ്റ്റേഷൻ പരിസരത്തെ വാഹനങ്ങൾ**

101 (112) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെട്ടതും, കേസ്സുകളിൽപ്പെട്ടതുമായ വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡുകളിലും കിടക്കുന്നത് ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ട്രാഫിക് പോലീസ് സ്റ്റേഷൻ പരിസരത്ത്, റോഡിന്റെ വശങ്ങളിൽ അപകടത്തിൽപ്പെട്ട വാഹനങ്ങൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം വാഹനങ്ങൾ റോഡിന്റെ സമീപത്തുനിന്ന് നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചില പോലീസ് സ്റ്റേഷനുകളിലും സമീപത്തും പാതയോരങ്ങളിലും നിയമലംഘനം നടത്തുന്ന വാഹനങ്ങൾ നിർത്തിയിടുന്നതുമൂലം തദ്ദേശവാസികൾക്കും ജീവനക്കാർക്കും മറ്റും വിവിധ രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ ട്രാഫിക് പോലീസ് സ്റ്റേഷൻ പരിസരത്ത് റോഡിന്റെ വശങ്ങളിൽ അപകടത്തിൽപ്പെട്ട വാഹനങ്ങൾ നിലവിൽ സൂക്ഷിച്ചുവരുന്നില്ല.

(സി) പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടിമുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങളനുസരിച്ച് നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. കൂടാതെ, പോലീസ് സ്റ്റേഷൻ പരിസരങ്ങളിലുംമറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ടുകെട്ടിയതുമായ വാഹനങ്ങൾ സർക്കാരിന്റെ 15-12-2014-ലെ ജി.ഒ.(എം.എസ്.)നമ്പർ 550/14/ഫിൻ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡ്-ന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും അതിന്റെ പുരോഗതി വിലയിരുത്തുന്നതിനും അനാവശ്യമായ വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും വാഹനങ്ങൾ തീർപ്പാക്കുന്നതിൽ നിലവിലെ വ്യവസ്ഥയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനോ പുതിയ വ്യവസ്ഥ രൂപപ്പെടുത്തുന്നതിനോ നിർദ്ദേശങ്ങളുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പെറ്റി കേസ്സുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിച്ച് വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിമൂലം വാഹന ഉടമകൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡ് വക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും പെറ്റി കേസ്സുകളിലും വാഹനാപകട കേസ്സുകളിലും ബന്തവസ്സിൽ എടുക്കുന്ന വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന കാലതാമസവും പരാതിയും ഒഴിവാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31-1-2017-ലെ 7/2017 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## ജിഷ്ണു പ്രണോയിയുടെ മരണം

102 (113) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണു പ്രണോയിയുടെ മരണത്തെത്തുടർന്ന് അമ്മ മഹിജയും ബന്ധുക്കളും നടത്തിയ സമരം ഒത്തുതീർക്കാൻ ഏതെങ്കിലും കരാർ ഉണ്ടാക്കിയിരുന്നോ; ആരാണ് കരാർ ഉണ്ടാക്കുന്നതിന് മുൻകൈ എടുത്തത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; അതിൽ ഏതൊക്കെ വ്യവസ്ഥകൾ ഇതിനകം നടപ്പിലാക്കി; ശേഷിക്കുന്നവ എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് അറിയിക്കുമോ;;

(സി) മഹിജയ്ക്കും സഹോദരൻ ശ്രീജിത്തിനും ഡി.ജി.പി. ഓഫീസിനുമുന്നിൽ പോലീസ് മർദ്ദനം ഏറ്റിരുന്നോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിൽ ആരെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്;

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ?

### ഉത്തരം

(എ & ബി) കരാർ ഇല്ല. സമരം ഒത്തുതീർക്കുന്നതിന്റെ ഭാഗമായി ചില വ്യവസ്ഥകളാണ് ഉണ്ടാക്കിയിരുന്നത്.

(സി & ഡി) ശ്രീമതി മഹിജ അശോകനെയും കുടുംബത്തെയും പോലീസ് ആസ്ഥാനത്തിന് മുന്നിൽവച്ച് പോലീസ് തടഞ്ഞ വിഷയം സംബന്ധിച്ച് അന്വേഷണം നടത്താൻ 10-4-2017-ലെ സ.ഉ.(സാധാ)നമ്പർ 891/2017/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. ആയിരുന്ന ശ്രീ. നിതിൻ അഗർവാളിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പരാതിക്കാരുടെയും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെയും ശ്രീമതി മഹിജ, ശ്രീ. ശ്രീജിത്ത് എന്നിവരെ ചികിത്സിച്ച ഡോക്ടർമാരുടെയും മൊഴികളുടെയും സംഭവ സ്ഥലത്തെ വീഡിയോ ദൃശ്യങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, ആരോപിക്കുന്ന തരത്തിലുള്ള യാതൊരു പ്രവൃത്തിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും സമരക്കാരെ

പോലീസ് നീക്കംചെയ്യാൻ ശ്രമിച്ച വേളയിൽ ആയതിന് സഹകരിക്കാതെ പോലീസിനെതിരെ ബലപ്രയോഗം നടത്തിയതുകൊണ്ടാണ് പോലീസിന് മതിയായ ബലംപ്രയോഗിച്ച് പോലീസ് ആസ്ഥാനത്തിന് സമീപത്തുനിന്ന് അവരെ നീക്കം ചെയ്യേണ്ടിവന്നതെന്നുമാണ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ.

**മുതലമട പഞ്ചായത്തിലെ അംബേദ്കർ കോളനി**

103 (114) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലുള്ള മുതലമട പഞ്ചായത്തിലെ അംബേദ്കർ കോളനിയിൽ അയിത്തമുണ്ടെന്ന് വ്യാജ ആരോപണം ഉന്നയിച്ച് ഒരു വിഭാഗം കോളനി നിവാസികൾ നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംബേദ്കർ കോളനിയിൽ ആകെ എത്ര കുടുംബങ്ങൾ ഉണ്ടെന്നും അതിൽ എത്ര കുടുംബങ്ങളാണ് സമരത്തിൽ പങ്കെടുത്തതെന്നും വിശദമാക്കുമോ;

(സി) സമരത്തിന് നേതൃത്വം കൊടുത്ത വ്യക്തികൾക്ക് നിലവിൽ പോലീസ് കേസ്സുണ്ടോ; മുമ്പ് ഏതെങ്കിലും കേസ്സിൽ ഇവർ പ്രതികളാണോ; വിശദാംശം നൽകുമോ;

(ഡി) ഈ സമരവുമായി ബന്ധപ്പെട്ട് അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗോവിന്ദപുരം അംബേദ്കർ കോളനിയിൽ 307 കുടുംബങ്ങളുണ്ട്. അതിൽ 35 കുടുംബങ്ങളാണ് സമരത്തിൽ പങ്കെടുത്തത്.

(സി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് സമരത്തിന് നേതൃത്വം നൽകിയ ശിവരാജൻ എന്ന വ്യക്തിയുടെ പേരിൽ 4 കേസ്സുകൾ നിലവിലുണ്ട്. ടിയാന്റെയും സമരത്തിൽ പങ്കെടുത്ത മറ്റ് വ്യക്തികളുടെയും പേരിൽ മുൻകാലങ്ങളിൽ കേസ്സുകൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) പ്രദേശത്ത് ജലം, ജലസംഭരണികൾ, കിണറുകൾ എന്നിവ ഉപയോഗിക്കുന്നതിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ വർണ്ണവിവേചനമോ അയിത്തമോ അനാചാരമോ നിലനിൽക്കുന്നില്ല. ചായക്കടകളിൽ ചായയോ മറ്റ് ഭക്ഷണമോ പ്രത്യേക പാത്രങ്ങളിൽ നൽകിവരുന്നില്ല.

**പരോൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

104 (115) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരോൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത് ; വിശദമാക്കാമോ ;

(ബി) ഇങ്ങനെ മാറ്റം വരുത്തിയതിലൂടെ എത്രപേർക്ക് പരോൾ അനുവദിച്ച നൽകിയിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) ഇത്തരത്തിൽ പരോൾ ലഭിച്ച് തിരികെ വരാത്ത എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി& സി) ബാധകമല്ല.

**ബത്തേരി ഡോൺ ബോസ്കോ കോളേജിലെ വിദ്യാർത്ഥി അക്രമം**

105 (117) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബത്തേരി ഡോൺ ബോസ്കോ കോളേജ് എസ്.എഫ്.ഐ. വിദ്യാർത്ഥികൾ തല്ലിത്തകർത്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തതെന്നും, എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തുവെന്നും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ മേഖലയിലും, സ്വകാര്യ മേഖലയിലുമുള്ള ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ അക്രമസംഭവങ്ങൾ ഉണ്ടായെന്നും സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശനഷ്ടം ഉണ്ടാക്കിയെന്നും വ്യക്തമാക്കാമോ;

(സി) അക്രമം നടത്തുന്ന വിദ്യാർത്ഥികൾക്കെതിരെ രാഷ്ട്രീയ പരിഗണനവച്ച് കർശന നടപടി സ്വീകരിക്കാത്തതാണ് വീണ്ടും ഇത്തരം അക്രമ സംഭവങ്ങൾ ഉണ്ടാകുന്നതിന് കാരണമെന്നത് പരിഗണിച്ച് അക്രമങ്ങൾക്ക് നേതൃത്വം നൽകുന്നവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സുൽത്താൻബത്തേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 546/17 u/s 143, 144, 147, 148, 452, 324, 308, 294(b), 427 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 15 പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അക്രമസമരങ്ങൾ നടത്തുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരവും PDPP വകുപ്പ് (Prevention of Damage to Public Property Act) പ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിനും പക്ഷപാതരഹിതവും കർശനവുമായ നടപടികൾ സ്വീകരിച്ച് നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും നടപടികളെടുക്കുന്നുണ്ട്.

**ചെറുപുഴ പോലീസ് സ്റ്റേഷൻ**

106 (118) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച ചെറുപുഴ (പയ്യന്നൂർ മണ്ഡലം) പോലീസ് സ്റ്റേഷനിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഫയൽ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(സി) സ്ഥലം ലഭ്യമായാൽ പുതിയ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പരിഗണനയിലുണ്ട്. ചെറുപുഴ പോലീസ് സ്റ്റേഷനിൽ ആവശ്യമായ പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**നഗരൂർ പോലീസ് സ്റ്റേഷൻ**

107 (119) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ എല്ലാ നടപടികളും പൂർത്തിയാക്കിയ നഗരൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ ;

(ബി) നഗരൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് പറയാമോ ?

ഉത്തരം

(എ & ബി) നഗരൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് സേനയിലെ തസ്തികകൾ

108 (120) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പോലീസ് സേനയിൽ ആകെ എത്ര തസ്തികകളുണ്ട്; കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ പോലീസ് സേനയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ -സി) വിവരം ശേഖരിച്ചുവരുന്നു.

## കൊലപാതക കേസ്സുകൾ

109 (121) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കൊലപാതക കേസ്സുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട്; എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(ബി) കൊലപാതക കേസ്സുകളിൽ എത്ര കേസ്സുകളാണ് രാഷ്ട്രീയ കൊലപാതകങ്ങളായി കണക്കാക്കിയിട്ടുള്ളത്; അതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്; എത്ര എണ്ണത്തിലാണ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്; ഇനി എത്ര എണ്ണത്തിന് കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുണ്ട്;

(സി) സംസ്ഥാനത്ത് കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ജയിലിലെ പ്രതികൾ

110 (122) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജയിലുകളിലുംകൂടി എത്ര പ്രതികളെ പാർപ്പിച്ചിട്ടുണ്ടെന്ന് (വിചാരണ തടവുകാർ ഉൾപ്പെടെ) ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജയിലുകളിൽ അനുവദനീയമായ എണ്ണത്തിൽ കൂടുതൽ ആളുകളെ പാർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിച്ചതിൽ കൂടുതൽ പ്രതികളെ പാർപ്പിച്ചിരിക്കുന്ന ജയിലുകളിൽ സുരക്ഷ വർദ്ധിപ്പിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജയിലുകളിലുംകൂടി വിചാരണ തടവുകാർ ഉൾപ്പെടെ 31-7-2017 വരെ 7621 പ്രതികളെ പാർപ്പിച്ചിട്ടുണ്ട്. അവരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 2410 |
| 2 | കൊല്ലം | 333 |
| 3 | പത്തനംതിട്ട | 59 |
| 4 | ആലപ്പുഴ | 196 |
| 5 | തൃശ്ശൂർ | 1173 |
| 6 | എറണാകുളം | 544 |
| 7 | ഇടുക്കി | 89 |
| 8 | കോട്ടയം | 183 |
| 9 | കണ്ണൂർ | 1316 |
| 10 | കാസർഗോഡ് | 304 |
| 11 | വയനാട് | 126 |
| 12 | മലപ്പുറം | 165 |
| 13 | കോഴിക്കോട് | 416 |
| 14 | പാലക്കാട് | 307 |
| | ആകെ | 7621 |

(ബി) അനുവദനീയമായ എണ്ണത്തിൽ കൂടുതൽ ആളുകളെ പാർപ്പിച്ചിട്ടുള്ള ജയിലുകളുടെ പേരുവിവരം

1. സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം.
2. തുറന്ന ജയിൽ ആന്റ് കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി
3. ജില്ലാ ജയിൽ, തിരുവനന്തപുരം
4. സ്പെഷ്യൽ സബ് ജയിൽ, നെയ്യാറ്റിൻകര
5. സ്പെഷ്യൽ സബ് ജയിൽ, കൊട്ടാരക്കര
6. സബ് ജയിൽ, ആറ്റിങ്ങൽ
7. ജില്ലാ ജയിൽ, പത്തനംതിട്ട
8. ജില്ലാ ജയിൽ, ആലപ്പുഴ
9. സ്പെഷ്യൽ സബ് ജയിൽ, മാവേലിക്കര
10. സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ
11. സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട
12. സബ് ജയിൽ, ചാവക്കാട്
13. ജില്ലാ ജയിൽ, എറണാകുളം
14. സ്പെഷ്യൽ സബ് ജയിൽ, മൂവാറ്റുപുഴ
15. സബ് ജയിൽ, ആലുവ
16. സബ് ജയിൽ, എറണാകുളം
17. സബ് ജയിൽ, മട്ടാഞ്ചേരി
18. സബ് ജയിൽ, പീരുമേട്
19. ജില്ലാ ജയിൽ, കോട്ടയം
20. സ്പെഷ്യൽ സബ് ജയിൽ, പൊൻകുന്നം
21. സബ് ജയിൽ, മീനച്ചൽ
22. സബ് ജയിൽ, കണ്ണൂർ
23. ജില്ലാ ജയിൽ, ഹോസ്ദുർഗ്ഗ്
24. സ്പെഷ്യൽ സബ് ജയിൽ, കാസർഗോഡ്

25. ജില്ലാ ജയിൽ, മാനന്തവാടി

26. സ്പെഷ്യൽ സബ് ജയിൽ, വൈത്തിരി

27. സ്പെഷ്യൽ സബ് ജയിൽ, മഞ്ചേരി

28. സബ് ജയിൽ, തിരൂർ

29. ജില്ലാ ജയിൽ, കോഴിക്കോട്

30. സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്

31. സബ് ജയിൽ, വടകര

32. സബ് ജയിൽ, കൊയിലാണ്ടി

33. സ്പെഷ്യൽ സബ് ജയിൽ, പാലക്കാട്

34. സ്പെഷ്യൽ സബ് ജയിൽ, ചിറ്റൂർ

35. സബ് ജയിൽ, ഒറ്റപ്പാലം

36. സബ് ജയിൽ, ആലത്തൂർ

(സി) ജയിലുകളിൽ സുരക്ഷ വർദ്ധിപ്പിക്കാനായി തടവുകാരുടെ എണ്ണം അംഗീകൃത ശേഷിയെക്കാൾ കുറവുള്ള മറ്റ് ജയിലുകളിലേയ്ക്ക് മാറ്റിപാർപ്പിച്ചുവരുന്നു. സുരക്ഷാ നിരീക്ഷണത്തിനായി സി.സി.ടി.വി. സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ജയിലിന്റെ മതിലിന് മുകളിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി മതിലിൽ വെളിച്ചം ലഭിക്കുന്ന രീതിയിൽ ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. ജയിലിൽ തടവുകാരുടെ ബാഹുല്യമുണ്ടാകുമ്പോൾ ദിനചര്യയ്ക്കായി അവരെ ഒരുമിച്ച് തുറന്നിറക്കാതെ ഘട്ടംഘട്ടമായി തുറന്നിറക്കി ദിനചര്യ ചെയ്യിപ്പിച്ച് തിരികെ സെല്ലിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ജീവനക്കാർക്ക് സുരക്ഷാ കാര്യത്തിൽ ജാഗ്രത പുലർത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കൽ

111 (123) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സംസ്ഥാന വനിതാ സെൽ, ജില്ലാ വനിതാ സെൽ എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ കാര്യക്ഷമമാക്കാൻ എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പഞ്ചായത്ത് തലത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥ ആഴ്ചയിലൊരിക്കൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതി സ്വീകരിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇത് ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുള്ള മിക്കവാറും പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ സേവനം, സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്ഷൻ, വനിത ഹെൽപ് ഡെസ്ക്, ടോയ്‌ലെറ്റോടുകൂടിയുള്ള വിസിറ്റേഴ്സ് റൂം മുതലായവ നിലവിലുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന വനിതാസെൽ പോലീസ് സൂപ്രണ്ടിന്റെ അദ്ധ്യക്ഷതയിൽ മാസംതോറും എല്ലാ ജില്ലകളിലെയും വനിതാ സെല്ലുകളിലെ വനിതാ സി.ഐ.-മാരെ ഉൾപ്പെടുത്തി കോൺഫറൻസുകൾ നടത്തി ജില്ലകളിലെ വനിതകൾക്കെതിരായ അതിക്രമവുമായി ബന്ധപ്പെട്ട കേസ്സുകളുടെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് അവർക്ക് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമ കേസ്സുകളുടെ മോണിറ്ററിംഗും പട്ടികജാതി/പട്ടികവർഗ്ഗ കോളനി, വനിതാ ഹോസ്റ്റൽ, സ്ത്രീകളെയും കുട്ടികളെയും പാർപ്പിക്കുന്ന സ്ഥലങ്ങൾ, വൃദ്ധസദനം, മഹിളാ മന്ദിരം മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(സി) സംസ്ഥാന വനിതാ സെൽ പോലീസ് സൂപ്രണ്ട് ചെയർമാനായും വനിതാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (സംസ്ഥാന വനിതാ സെൽ), വനിതാ സബ് ഇൻസ്പെക്ടർ (കേരള പോലീസ് അക്കാദമി, തൃശ്ശൂർ) എന്നിവർ അംഗങ്ങളായും ഒരു സെൻട്രൽ മോണിറ്ററിംഗ് ടീം രൂപീകരിച്ച് പഞ്ചായത്തുകളിൽ സർപ്രൈസ് വിസിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നിലവിലുണ്ട്. ഓരോ ചൊവ്വാഴ്ചയും രാവിലെ 10.30-നും ഉച്ചയ്ക്ക് 1.00 മണിക്കുമിടയിൽ വനിതാ പോലീസ് ബീറ്റ് ഓഫീസർമാർ ഓരോ പഞ്ചായത്ത് ഓഫീസിലും എത്തിച്ചേർന്ന് പോലീസ് വകുപ്പിൽനിന്നും തീർപ്പാക്കാവുന്ന പരാതികളും നിർദ്ദേശങ്ങളും വനിതകളിൽനിന്നും സ്വീകരിച്ച് നിയമപാലന അധികാരം ഉപയോഗിച്ച് തീർപ്പാക്കേണ്ടതും അഥവാ ചൊവ്വാഴ്ച സന്ദർശിക്കാൻ കഴിഞ്ഞില്ലെങ്കിൽ തൊട്ടടുത്തുവരുന്ന വ്യാഴാഴ്ച നിർബന്ധമായും സന്ദർശിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തുകളിൽ വനിതാ പോലീസ് ബീറ്റ് ഓഫീസർമാരുടെ നിയമനവും ടി വിഷയവുമായി ബന്ധപ്പെട്ട് ടി വനിതാ ബീറ്റ് പോലീസ് ഓഫീസർമാർ തീർപ്പ് കൽപ്പിക്കുന്ന പരാതികളുടെ വിവരങ്ങളടങ്ങിയ റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്കകം സമർപ്പിക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുണ്ട്. ഈ പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചുവരുന്നു.

**ഫിഷിംഗ് ഹാർബറിലെ അപകടങ്ങൾ**

112 (125) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കായംകുളം ഫിഷിംഗ് ഹാർബറിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങളും ആൾനാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 3-7-2017-ന് ഹാർബറിലുണ്ടായ അപകടത്തെത്തുടർന്ന് വള്ളം തകർന്ന് കാണാതായ അനിൽകുമാറിന്റെ മൃതദേഹം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെയുണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സഹായം എത്തിക്കുന്നതിനും ഹാർബറിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരു കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) അടിയന്തരമായി ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 3-7-2017-ന് ഹാർബറിലുണ്ടായ അപകടത്തെത്തുടർന്ന് കാണാതായ അനിൽ കുമാറിനായി ഓച്ചിറ പോലീസ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റ് ഗാർഡ് എന്നിവരുടെ സഹായത്താൽ ബോട്ടും ഹെലികോപ്റ്ററും ഉപയോഗിച്ച് നടത്തിയ തിരച്ചിലിൽ ടിയാനെ ഇതുവരെ കണ്ടെത്താനായിട്ടില്ല. ഇതുസംബന്ധിച്ച് കോസ്റ്റൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 11/2017 u/s 174 CrPC &57(A) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി&സി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വർഷം മുഴുവൻ ആലപ്പുഴ, കൊല്ലം ജില്ലകളിൽ റെസ്ക്യൂ ബോട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കോസ്റ്റൽ പോലീസ് സ്റ്റേഷൻ, പോലീസ് ഔട്ട് പോസ്റ്റ് എന്നിവ സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**ഗതാഗതക്കുരുക്കും അപകടങ്ങളും**

113 (126) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പട്ടണങ്ങൾ കേന്ദ്രീകരിച്ച് ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നിലവിലുള്ള ട്രാഫിക് യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഗതാഗതം സുഗമമാക്കുന്നതിന് കൂടുതൽ ട്രാഫിക് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ജില്ലയിലെ പ്രധാനപ്പെട്ട പട്ടണങ്ങൾ കേന്ദ്രീകരിച്ചുള്ള പോലീസ് സ്റ്റേഷൻ പരിധികളിൽ 2015, 2016, 2017 ജൂൺ മാസം 30 വരെയുള്ള അപകടങ്ങളുടെ കണക്കുകൾ പരിശോധിച്ചതിൽ അപകടങ്ങളുടെയും മരണങ്ങളുടെയും വർദ്ധനവിൽ കുറവുള്ളതായി കാണുന്നുണ്ട്.

(ബി) നിലവിൽ മലപ്പുറം ജില്ലയിൽ മഞ്ചേരി, മലപ്പുറം, തിരൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി എന്നിവിടങ്ങളിൽ ട്രാഫിക് യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ട്രാഫിക് പോലീസിനെ കൂടാതെ ലോക്കൽ പോലീസിന്റെയും ഹോംഗാർഡുകളുടെയും ട്രാഫിക് വാർഡന്മാരുടെയും സേവനവും ഇതിനായി ഉപയോഗിച്ചുവരുന്നുണ്ട്.

(സി) കൂടുതൽ ട്രാഫിക് യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**സ്വകാര്യ മെഡിക്കൽ കോളേജുകളുടെ അംഗീകാരം**

114 (127) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭിക്കാനായി ചില രാഷ്ട്രീയ നേതാക്കൾ 5 കോടിയിലധികം രൂപ കൈക്കൂലി കൈപ്പറ്റി എന്ന ആക്ഷേപത്തിന്മേൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത ആരോപണം അന്വേഷിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മെഡിക്കൽ കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് ഇപ്പോൾ പുറത്തുവന്നിട്ടുള്ള വാർത്തകൾ അഴിമതിയുടെ ഒരു ചെറിയ ഭാഗം മാത്രമാണ് വെളിവാക്കുന്നതെന്നും കോടികളാണ് ഈ മേഖലയിൽ കൈക്കൂലിയായി കൈമറിഞ്ഞതെന്നും കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം കോടതിയുടെ മേൽനോട്ടത്തിൽ നടത്തുന്നതിന് ആവശ്യപ്പെടുമോ?

ഉത്തരം

(എ&ബി) അന്വേഷണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വർക്കല എസ്.ആർ. എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരത്തിനായി ശ്രീ. ആർ. എസ്. വിനോദിന് കൈക്കൂലി നൽകിയതുസംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

### സ്റ്റാഫ് ക്വാർട്ടേഴ്സ്

115(128) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം DySP ഓഫീസിനോട് ചേർന്നുള്ള സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൊളിച്ച് നീക്കി പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിതലത്തിൽ നടപടി സ്വികരിച്ചുവരുന്നു.

### പോലീസ് കസ്റ്റഡിയിലുള്ള വാഹനങ്ങൾ

116 (129) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി, പാലോട്, പാങ്ങോട്, വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസ്സുകളിലായി കസ്റ്റഡിയിലുള്ള എത്ര വാഹനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ അഞ്ച് വർഷത്തിൽ കൂടുതലായി പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അഞ്ച് വർഷത്തിൽക്കൂടുതൽ കസ്റ്റഡിയിലുള്ള വാഹനങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി, പാലോട്, പാങ്ങോട്, വെഞ്ഞാറമൂട് എന്നീ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് 195 വാഹനങ്ങൾ കസ്റ്റഡിയിലുണ്ട്.

(ബി) മേൽപ്പറഞ്ഞവയിൽ 56 വാഹനങ്ങൾ 5 വർഷത്തിലധികമായി കസ്റ്റഡിയിൽ ഉള്ളവയാണ്.

(സി) കോടതി നടപടികൾ തീർപ്പാകുന്ന മുറയ്ക്ക് പ്രസ്തുത വാഹനങ്ങൾ ആർ.സി. ഉടമകൾക്ക് നൽകിവരുന്നു.

## കൊപ്പത്ത് പുതിയ പോലീസ് സ്റ്റേഷൻ

117 (130) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കൊപ്പം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വിശദീകരിക്കാമോ?

ഉത്തരം

കൊപ്പം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആലത്തൂർ പോലീസ് സ്റ്റേഷൻ മാറ്റി സ്ഥാപിക്കൽ

118 (131) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ പോലീസ് സ്റ്റേഷൻ താലൂക്കാശുപത്രിയുടെ അടുത്തുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ആശുപത്രിയിലേയ്ക്ക് വരുന്ന രോഗികൾക്കും പോലീസ് സ്റ്റേഷനിലേയ്ക്ക് എത്തുന്നവർക്കും അസൗകര്യങ്ങൾ അനുഭവപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരന്തരം അനുഭവപ്പെടുന്ന വാഹനക്കുരുക്കിനും, മറ്റ് തടസ്സങ്ങൾക്കും ശാശ്വത പരിഹാരം കാണുന്നതിന് ഡിവൈ.എസ്.പി, സി.ഐ. ഓഫീസുകൾ പ്രവർത്തിക്കുന്ന ആഭ്യന്തര വകുപ്പിന്റെ സ്ഥലത്തേയ്ക്ക് പോലീസ് സ്റ്റേഷൻ കെട്ടിടം മാറ്റി പണിയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇതുസംബന്ധിച്ച എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**രാഷ്ട്രീയ കൊലപാതകക്കേസ്സുകൾ**

119 (132) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര രാഷ്ട്രീയ കൊലപാതകക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ നാളിതുവരെ കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്തവ നിലവിലുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ കൊലപാതക കേസ്സുകളുൾപ്പെടെ ആകെ എത്ര കൊലപാതകക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് പട്ടിക വ്യക്തമാക്കാമോ?

ഉത്തരം

(എ) 13 കേസ്സുകൾ.

(ബി) 6 കേസ്സുകൾ.

(സി) 346 കേസ്സുകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ദളിത് യുവാവിനെ പീഡിപ്പിച്ച സംഭവം**

120 (133) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19 വയസ്സുള്ള വിനായകനെന്ന ദളിത് യുവാവിനെ തൃശ്ശൂർ പാവറട്ടി പോലീസ് എന്നാണ് കസ്റ്റഡിയിലെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ടിയാനെ കസ്റ്റഡിയിലെടുത്തത് ആരുടെ പരാതിയെത്തുടർന്നായിരുന്നു;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ടിയാളുടെ തലമുടി വലിച്ചുപറിക്കുകയും, മാരകമായി ഇടിക്കുകയും ചെയ്തതിന്റെ നൊമ്പരത്തിൽ സ്റ്റേഷനിൽ നിന്നും വിട്ടയച്ചയുടൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) ഇയാളെ അനാവശ്യമായി പീഡിപ്പിച്ചതിന്റെ പേരിൽ ഏതെങ്കിലും പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിരുന്നോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 17-7-2017-ന് പകൽ 12 മണിക്കുശേഷം.

(ബി) പരാതിയെത്തുടർന്നല്ല ടിയാനെ കസ്റ്റഡിയിലെടുത്തത്.

(സി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. പാവറട്ടി പോലീസ് സ്റ്റേഷനിലെ സി.പി.ഒ. ശ്രീജിത്ത്, എസ്.സി.പി.ഒ. (ഗ്രേഡ്) സാജൻ എന്നിവരെ തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച്.1/3834/2017/ആർ.സി. പ്രകാരം അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാന്മാർക്കെതിരെ വാടാനപ്പള്ളി പി.എസ്. ക്രൈം നമ്പർ 826/2017 u/s 341, 323, 324, 34 IPC & Sec.3(2) V(a) of SC/ST PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയുമാണ്. കൂടാതെ ഗുരുവായൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇ. ബാലകൃഷ്ണൻ, പാവറട്ടി പി.എസ്. സബ് ഇൻസ്പെക്ടർ അരുൺഷാ എന്നിവർക്കെതിരെ തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.-യുടെ ഉത്തരവ് നമ്പർ എ.29(a)/PR/32/AB/2017/TSR തീയതി,29-7-2017 പ്രകാരം വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്.

**വിനായകന്റെ ആത്മഹത്യ**

121 (134) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പാവറട്ടി പോലീസ് കസ്റ്റഡിയിലെടുക്കുകയും പോലീസ് സ്റ്റേഷനിൽവച്ച് ക്രൂരമായി മർദ്ദിക്കുകയും ചെയ്തതിനെത്തുടർന്ന് എങ്ങണ്ടിയൂർ സ്വദേശി വിനായകൻ എന്നയാൾ ആത്മഹത്യ ചെയ്തത് ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ കുറ്റക്കാരായ എസ്.ഐ. ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ വിനായകന് മർദ്ദനമേറ്റിരുന്നതായി സ്ഥിരീകരിച്ചിട്ടുണ്ടോ; പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട കേസ്സുകൾ**

122 (135) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട എത്ര കേസ്സുകൾ ഏതെല്ലാം തീയതികളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കൊലചെയ്യപ്പെട്ടവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഓരോ കേസ്സിന്റേയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ച കേസ്സുകൾ എത്ര;

(ഇ) ഇത്തരം കേസ്സുകളിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 14 രാഷ്ട്രീയ കൊലപാതകങ്ങളിലായി 13 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 7 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 6 കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്.

(സി) 2 കേസ്സുകൾ. ക്രൈം നമ്പർ 1056/16 ധർമ്മടം പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 1708/16 കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ.

(ഡി) 7 കേസ്സുകൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) 2 കേസ്സുകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൊലക്കേസ് പ്രതികളായ മന്ത്രിമാർ**

123 (136) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ മന്ത്രിമാരിൽ ആരെങ്കിലും പ്രതികളായ ഏതെങ്കിലും കൊലക്കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ്; വിശദമാക്കാമോ ;

(ബി) ഏതൊക്കെ കൊലക്കേസ്സുകളിലാണ് അവർ പ്രതികളായിട്ടുള്ളത് ;

(സി) ഈ കേസ്സുകളുടെ ഇപ്പോഴുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 118/1982 എന്ന കേസ്സിൽ മന്ത്രി എം. എം. മണിയെ പ്രതി ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത കേസ് ഇപ്പോൾ ബഹുമാനപ്പെട്ട അഡീഷണൽ സെഷൻസ് കോർട്ട് അഡ്ഹോക്ക് II തൊടുപുഴയിൽ വിചാരണയിലാണ്.

**പെൻഷൻ ലഭ്യമാക്കൽ**

124 (137) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കീരിക്കാട് വില്ലേജിൽ കീരിക്കാട് തെക്കുമുറിയിൽ കായംകുളം നഗരസഭ 41-ാം വാർഡിൽ ശ്രീമതി രമണീ ദേവി, തന്റെ പിതാവ് ശ്രീ. എ ചെല്ലപ്പൻ പിള്ള പോലീസ് ഡിപ്പാർട്ട്മെന്റിൽ പി.സി.എ. തസ്തികയിൽ 20-7-1918 മുതൽ 10-8-1970 വരെ സേവനം അനുഷ്ഠിച്ചിട്ടുള്ള ആളാണെന്നും അദ്ദേഹത്തിന്റെ മരണ ശേഷം മാതാവ് ഓമന അമ്മാൾ പി.-യ്ക്ക് PPO/SF/DCGR/1838 പ്രകാരം പെൻഷൻ ലഭിച്ചുകൊണ്ടിരുന്നുവെന്നും 20-6-2016 മാതാവ് ഓമന അമ്മാൾ പി. മരിച്ചു പോയിട്ടുള്ളതിനാൽ മാതാവിനെ ആശ്രയിച്ച് ജിവിച്ചു വന്നിരുന്ന വിധവയും മക്കൾ ഇല്ലാത്തതുമായ തനിക്ക് തുടർന്നുള്ള പെൻഷൻ കിട്ടണമെന്ന് കാട്ടി അപേക്ഷ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ടി ആൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വ്യക്തിക്ക് പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിലെ നിയമപ്രകാരം അംഗപരിമിതിയുള്ള വിധവയായ പെൺമക്കൾക്കാണ് കുടുംബ പെൻഷന് അർഹതയുള്ളത്. എന്നാൽ ശ്രീമതി രമണീ ദേവി അംഗപരിമിതി തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാതിരുന്ന സാഹചര്യത്തിൽ നിവേദക വിധവയും അംഗപരിമിതിയുമുള്ള വ്യക്തിയാണെങ്കിൽ ആയതിനുള്ള രേഖകൾ സഹിതം ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിക്കാൻ 26-7-2017-ൽ Home-A3/159/2017-ാം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അപേക്ഷകയിൽനിന്ന് മറുപടി ലഭ്യമാകുന്ന വേളയിൽ ടി കാര്യം പരിശോധിച്ച് നിലവിലെ നിയമപ്രകാരം ടിയാൾ അർഹയാണെങ്കിൽ ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

**നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ**

125 (138) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചിറ്റൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കണമെന്ന ജില്ലാ വികസന സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതുസംബന്ധിച്ച് ജില്ലാ വികസന സമിതിയിൽനിന്നും സംസ്ഥാന പോലീസ് മേധാവിക്ക് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

**ഡിവൈ.എസ്.പി. ഓഫീസ്**

126 (139) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കേന്ദ്രീകരിച്ച് ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് വരെയെത്തി ; വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് പോലീസ് മേധാവിയിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ തുടർനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാട്ടാക്കട ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് Manpower Statement സംബന്ധിച്ച സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടി സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

**കോടതിയിൽ ഹാജരാകാൻ ഉത്തരവ് നൽകിയ കേസ്സുകൾ**

127 (141) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചീഫ് സെക്രട്ടറിയെയോ വകുപ്പ് സെക്രട്ടറിമാരെയോ സംസ്ഥാനത്തെ ഏതെങ്കിലും കോടതികളോ സുപ്രീംകോടതിയോ നേരിട്ട് ഹാജരാകാൻ ഉത്തരവ് നൽകിയ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകളിൽ ബന്ധപ്പെട്ടവർ നേരിട്ട് ഹാജരായിട്ടുണ്ട്;

(ബി) എത്ര കേസ്സുകളിൽ ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിമാരും കോടതി മുൻപാകെ മാപ്പപേക്ഷ നൽകിയിട്ടുണ്ട്; സുപ്രീംകോടതി മുൻപാകെ എത്ര കേസ്സുകളിൽ മാപ്പപേക്ഷ നൽകിയിട്ടുണ്ട്;

(സി) സുപ്രീംകോടതിയുടെയും ഹൈക്കോടതി ഉൾപ്പടെയുള്ള സംസ്ഥാനത്തെ മറ്റ് കോടതികളുടെയും ഉത്തരവുകൾ യഥാസമയം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്ന വിഷയം ഗൗരവമേറിയതാണെന്ന് സർക്കാർ കാണുന്നുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ട്രാഫിക് നിയമലംഘനം**

128 (142) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ട്രാഫിക് നിയമം ലംഘിച്ചതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഈ കേസ്സുകളിൽനിന്ന് പിഴയായി എത്ര രൂപ ലഭിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള നിയമലംഘനങ്ങൾക്ക് എത്ര രൂപ വീതമാണ് പിഴ ഈടാക്കിയതെന്ന് പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) കേസ്സുകൾ രജിസ്റ്റർ ചെയ്തതും പിഴ ചുമത്തിയതുമായ ഉദ്യോഗസ്ഥരുടെ പേരുവിവരം പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ട്രാഫിക് നിയമലംഘനം നടത്തിയതിന് മോട്ടോർ സൈക്കിളുകളിൽ സഞ്ചരിക്കുന്ന ബീറ്റ് പോലീസുകാർ എത്രപേരെ തടഞ്ഞുനിർത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മുമ്പിൽ എത്തിച്ചിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) മോട്ടോർ സൈക്കിളുകളിൽ സഞ്ചരിക്കുന്ന ബീറ്റ് പോലീസുകാർ അതാത് പോലീസ് സ്റ്റേഷനുകളിൽ തീർപ്പാക്കിയത് കൂടാതെ എത്ര ട്രാഫിക് നിയമലംഘന കേസ്സുകൾ ഇപ്പോൾ ജില്ലയിൽ വിവിധ കോടതികളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ട്രാഫിക് നിയമം ലംഘിച്ചതിന് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| പോലീസ് സ്റ്റേഷൻ | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | എം.വി. പെറ്റി കേസ്സുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| വിദ്യാനഗർ | 211 | 7157 |
| ബദിയടുക്ക | 172 | 5805 |
| കാസർഗോഡ് | 934 | 38418 |
| കുമ്പള | 298 | 7792 |
| മഞ്ചേശ്വരം | 186 | 6537 |
| ബേക്കൽ | 353 | 14197 |
| അമ്പലത്തറ | 396 | 5631 |
| ഹോസ്ദുർഗ്ഗ് | 285 | 22341 |
| വെള്ളരിക്കുണ്ട് | 285 | 4543 |

| (1) | (2) | (3) |
|---|---|---|
| ചിറ്റാരിക്കാൽ | 284 | 4479 |
| രാജപുരം | 396 | 4889 |
| നീലേശ്വരം | 369 | 7507 |
| ചന്തേര | 302 | 8883 |
| ചീമേനി | 345 | 4781 |
| ആദ്ദൂർ | 334 | 6217 |
| ബേടകം | 386 | 5789 |
| ആകെ | 5536 | 154966 |

(ബി) 154966 മോട്ടോർ വെഹിക്കിൾ പെറ്റിക്കേസ്സുകളിൽനിന്ന് 2,78,25,300 രൂപയായി പിഴയിനത്തിൽ ഒടുക്കിയിട്ടുണ്ട്.

(സി) പിഴ സംബന്ധിച്ച് പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് അനുബന്ധം-1 ആയി ചേർക്കുന്നു.*

(ഡി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഇ) നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ മോട്ടോർ സൈക്കിളുകളിൽ സഞ്ചരിക്കുന്ന ബീറ്റ് പോലീസുകാർ മേലുദ്യോഗസ്ഥർ മുമ്പാകെ റിപ്പോർട്ട് നൽകുകയാണ് ചെയ്യുന്നത്. ആയതിന്റെ കണക്കുകൾ സ്റ്റേഷനുകളിൽ സൂക്ഷിക്കാറില്ല.

(എഫ്) 5345 ട്രാഫിക് നിയമലംഘന കേസ്സുകൾ ഇപ്പോൾ ജില്ലയിലെ വിവിധ കോടതികളിൽ നിലവിലുണ്ട്.

**മൂവാറ്റുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

129 (143) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ സ്ഥലപരിമിതി മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് പരിഹരിക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് മേധാവിതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കരീലകുളങ്ങര പോലീസ് സ്റ്റേഷൻ**

130 (144) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിലവിൽ NTPC-യുടെ പേരിലുള്ള ജീർണ്ണാവസ്ഥയിലായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കായംകുളം കരീലക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ വകസ്ഥലത്ത് പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സർക്കാർ ഓഫീസുകളുടെ സുരക്ഷ**

131 (145) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന സർക്കാർ ഓഫീസുകൾ, മന്ദിരങ്ങൾ എന്നിവയുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേക്കായി സെക്യൂരിറ്റി ആഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മാനദണ്ഡങ്ങളാണ് അതിന് പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ഓഫീസുകളുടെ സുരക്ഷ ശക്തമാക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകൾ, സർക്കാർ മന്ദിരങ്ങൾ എന്നിവിടങ്ങളിൽ കാലാകാലങ്ങളിൽ സുരക്ഷാപരിശോധന

നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സുരക്ഷാസംവിധാനങ്ങൾ ആവശ്യമായ ഇടങ്ങളിൽ മതിയായ ഗാർഡുകളെ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതിനുപുറമെ സുരക്ഷാഉപകരണങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ സെക്യൂരിറ്റി ക്യാമറകൾ, ഡി.എഫ്.എം.ഡി., എച്ച്.എച്ച്.എം.ഡി., എക്സ്-റേ ബാഗേജ് സ്കാനറുകൾ തുടങ്ങിയ സെക്യൂരിറ്റി ഉപകരണങ്ങൾ സ്ഥാപിക്കുകയും അവ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. രാത്രികാല പോലീസ് പട്രോളിംഗും പോലീസ് ബീറ്റുകളും കാര്യക്ഷമമാക്കിയും സംസ്ഥാനത്തെ പ്രധാന സർക്കാർ ഓഫീസുകൾ, മന്ദിരങ്ങൾ എന്നിവയുടെ സുരക്ഷ ഉറപ്പുവരുത്തുന്നു.

(ബി) എറണാകുളം, കൊല്ലം, മലപ്പുറം കളക്ടറേറ്റുകളിലുണ്ടായ സ്ഫോടനങ്ങളുടെയും കേരളത്തിൽ വർദ്ധിച്ചുവരുന്ന മാവോയിസ്റ്റ് പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിൽ സുരക്ഷാ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഓഫീസുകളുടെ സുരക്ഷാപരമായ പ്രാധാന്യം, ജീവനക്കാരുടെയും ഓഫീസുകൾ സന്ദർശിക്കുന്ന പൊതുജനങ്ങളുടെയും സുരക്ഷ, ഓഫീസ് കെട്ടിടത്തിന്റെയും ചുറ്റുപാടുകളുടെയും അവസ്ഥ തുടങ്ങിയ കാര്യങ്ങളെ മുൻനിർത്തി കേന്ദ്ര സുരക്ഷാ ഏജൻസികളുടെയും സംസ്ഥാന സുരക്ഷാ വിഭാഗത്തിന്റെയും മാനദണ്ഡങ്ങൾ അനുസരിച്ചാണ് സുരക്ഷാ പരിശോധനകൾ നടത്തപ്പെടുന്നത്.

(സി) രാജ്യത്തുണ്ടായ ഭീകര ആക്രമണങ്ങളും വിധ്വംസക പ്രവർത്തനങ്ങളും മുന്നിൽ കണ്ടുകൊണ്ടും എറണാകുളം, കൊല്ലം, മലപ്പുറം കളക്ടറേറ്റുകളിലുണ്ടായ സ്ഫോടനങ്ങളുടെയും സംസ്ഥാനത്തെ മാവോയിസ്റ്റ് പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലുമാണ് സർക്കാർ ഓഫീസുകളുടെ സുരക്ഷ ശക്തമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളത്.

**പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

132 (146) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചിറ്റൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ കൂടുതൽ അനുയോജ്യമായ സ്ഥലത്തേയ്ക്ക് മാറ്റിസ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ; പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ചിറ്റൂർ നിയോജകമണ്ഡലത്തിലെ മീനാക്ഷിപുരം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിച്ച് കൂടുതൽ അനുയോജ്യമായ സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് 20-5-2016-ലെ സ.ഉ.(സാധാ)നമ്പർ 1657/2016/ആഭ്യന്തരം പ്രകാരം 120.15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിനാവശ്യമായ തുടർനടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

**ട്രാഫിക് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം**

133 (147) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ അനുവദിച്ച ട്രാഫിക് പോലീസ് സ്റ്റേഷൻെറ പ്രവർത്തനം ആരംഭിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രാഫിക് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ചങ്ങനാശ്ശേരി ട്രാഫിക് പോലീസ് സ്റ്റേഷൻ കെട്ടിടവും സ്റ്റേഷന്റെ അധികാരപരിധിയും നിശ്ചയിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

**റോഡപകടങ്ങളും സോഫ്റ്റ് വോളണ്ടിയർമാരും**

134 (148) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് വിശദമായി പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്;

(സി) അടിയന്തര ഘട്ടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് വൈദ്യസഹായം നൽകി ആശുപത്രിയിൽ എത്തിക്കുന്നതിന് സോഫ്റ്റ് വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ സോഫ്റ്റ് വോളണ്ടിയർമാരുടെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ സംസ്ഥാനത്ത് റോഡപകടങ്ങൾ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡപകടങ്ങൾ തടയുക, ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 'ശുഭയാത്ര 2015' പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധന നടത്തി ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കുകയും റോഡപകടങ്ങൾ തടയുന്നതിനായി റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകൾ ഊർജ്ജിതമാക്കുകയും ചെയ്തുവരുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെയും അമിതവേഗത്തിലും അപകടകരമായും ലൈസൻസ് ഇല്ലാതെയും ഹെൽമറ്റ് ഉപയോഗിക്കാതെയും സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം ഓടിക്കുന്നവർക്കെതിരെയും കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ലൈസൻസ് കാൻസൽ ചെയ്യുന്നതിനുള്ള ശിപാർശകൾ നൽകുകയും ചെയ്തുവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നഗരപ്രദേശങ്ങളിലും ദേശീയ പാതകളിലും കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുമാരെയും ട്രാഫിക് വാർഡന്മാരെയും നിയോഗിച്ചും സ്റ്റുഡൻസ് പോലീസ് കേഡറ്റുകളുടെ സേവനങ്ങളും ഉപയോഗിച്ചും നടപടി സ്വീകരിച്ചുവരുന്നു. സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടാതിരിക്കാൻ മുൻകരുതലെടുക്കുന്നതിനായി 'ഓപ്പറേഷൻ സെയ്ഫ്' പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ, നിരന്തരം അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'ആക്സിഡന്റ് പ്രോൺ ഏരിയ' മുന്നറിയിപ്പ് ബോർഡുകൾ, സൈൻ ബോർഡുകൾ, വാണിംഗ് സിഗ്നൽ ലൈറ്റുകൾ, സി.സി.ടി.വി. ക്യാമറകൾ എന്നിവ സ്ഥാപിച്ച് നിരീക്ഷിച്ചും റോഡ് മാർജിനുകൾ മാർക്ക് ചെയ്തും സ്കൂളുകളിലും കോളേജുകളിലും പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും ഹൈവേ ജാഗ്രതാ സമിതികൾ, ആക്സിഡന്റ് റിവ്യൂ കമ്മിറ്റി, ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ എന്നിവ രൂപീകരിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) തിരുവനന്തപുരം സിറ്റിയിലും തിരുവനന്തപുരം റൂറലിലും സോഫ്റ്റ് (Save Our Fellow Traveller) വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) സർക്കിൾ ഇൻസ്പെക്ടർമാരുടെ നിയന്ത്രണത്തിൽ ഓരോ സർക്കിളിലെയും വിവിധ സ്ഥലങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഓട്ടോറിക്ഷ ടാക്സി ഡ്രൈവർമാർ, ചുമട്ടുതൊഴിലാളികൾ, കച്ചവടക്കാർ, മറ്റു സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ട്രോമാകെയർ ഉൾപ്പെടെ വേണ്ടത്ര പരിശീലനം നൽകിയശേഷം സോഫ്റ്റ് വോളണ്ടിയർമാരായി നിയോഗിച്ചിട്ടുണ്ട്. വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനും എത്രയുംവേഗം സുരക്ഷിതമായി ആശുപത്രിയിൽ എത്തിക്കുന്നതിനും മറ്റുമാണ് സോഫ്റ്റ് വോളണ്ടിയർമാരുടെ സേവനം വിനിയോഗിച്ചുവരുന്നത്.

**പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

135 (149) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംഘടനകൾക്ക് വിദേശ സഹായങ്ങൾ**

136 (151) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എസ് ഉൾപ്പെടെ ഏതെല്ലാം സംഘടനകൾക്ക് പണം ഉൾപ്പെടെയുള്ള വിദേശ സഹായങ്ങൾ ലഭ്യമാകുന്നുവെന്ന് കേന്ദ്ര, സർക്കാരോ സംസ്ഥാന സർക്കാരോ പരിശോധനകൾ നടത്തുന്നുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ 5 വർഷമായി പ്രസ്തുത സംഘടനകൾക്ക് എത്തുന്ന പണം ഉൾപ്പെടെയുള്ള വിദേശ സഹായങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷണങ്ങളിൽ കണ്ടെത്തിയ വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്തു നിന്നും അപ്രത്യക്ഷരായവർ എത്രയെന്നും അവർ ഏതൊക്കെ സംഘടനകളിലാണ് പ്രവർത്തിച്ചിരുന്നതെന്നതും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇവരിൽ മരണപ്പെട്ടവർ എത്ര; എവിടെവച്ചാണ് ഇവർ മരണപ്പെട്ടത്; എത്ര പേരെ നാളിതുവരെ കണ്ടെത്തിഎന്നും ഇനിയും കണ്ടെത്താനുള്ളവർ എത്രയെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഹവാല പണം എത്തുന്നതും ഇവിടെനിന്നും ഹവാല വഴി പണം മറ്റു സ്ഥലത്തെത്തിക്കുന്നതും (മെഡിക്കൽകോളേജ് അനുമതിക്കായി നൽകിയെന്നു പറയപ്പെടുന്നതുൾപ്പെടെ) സംബന്ധിച്ച എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഐ.എസ്. പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള കേസ്സുകൾ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള എൻ.ഐ.എ.-യുടെ അന്വേഷണത്തിലാണ്.

(സി) ഇങ്ങനെ അപ്രത്യക്ഷരായെന്ന് സംശയിക്കുന്ന 42 പേരുണ്ട്. അപ്രത്യക്ഷരായവർ ഏതൊക്കെ സംഘടനകളിലാണ് പ്രവർത്തിച്ചിരുന്നതെന്ന വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്തുനിന്നും സംഘടനാ പ്രവർത്തനവുമായി ബന്ധപ്പെട്ട് അപ്രത്യക്ഷരായവർ മരണപ്പെട്ടതായി സ്ഥിരീകരിച്ചുകൊണ്ടുള്ള യാതൊരു റിപ്പോർട്ടും നാളിതുവരെ കേന്ദ്ര ഏജൻസികളിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

(ഇ) 9 കേസ്സുകൾ.

<u>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:</u>

തിരുവനന്തപുരം ജില്ല - 2

(ക്രൈം നമ്പർ - 1182/15 തമ്പാനൂർ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 113/2017 ആര്യങ്കോട് പോലീസ് സ്റ്റേഷൻ)

കോഴിക്കോട് ജില്ല - 7

(ക്രൈം നമ്പർ 340/15, 182/16, 188/16, 233/16, 234/16, 695/16, 596/16 – കൊടുവള്ളി പോലീസ് സ്റ്റേഷൻ)

**പട്ടയഭൂമിയിലെ അനധികൃത മരംമുറിക്കൽ**

137 (152) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി പോലീസ് സ്റ്റേഷനിൽ പട്ടയഭൂമിയിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് നടപടിയെടുത്തതിന്, സ്ഥലം ഉടമ ഭീഷണിപ്പെടുത്തിയതുസംബന്ധിച്ച് പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ വിനയരാജ് എം.വി. നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) മേൽ പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ റൂറൽ ജില്ലയിലെ എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ പരിധിയിലെ പട്ടയ ഭൂമിയിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് നടപടിയെടുത്തതിന് സ്ഥലം ഉടമ പൂങ്കോട് ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ വിനയരാജിനെ ഭീഷണിപ്പെടുത്തിയതിന് ടിയാൻ എരുമപ്പെട്ടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ ബഹുമാനപ്പെട്ട വടക്കാഞ്ചേരി JFCM കോടതിയുടെ അനുമതിയോടുകൂടി കണ്ണൻ എന്നയാൾക്കെതിരെ ക്രൈം നമ്പർ 478/17 u/s. 189 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) മേൽ പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പീഡനത്തിനിരയായ വീട്ടമ്മയെ മാനസിക രോഗിയായി ചിത്രീകരിക്കുന്നവർക്കെതിരെ നടപടി**

138 (153) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. പീഡിപ്പിച്ചതായി ആക്ഷേപമുള്ള കേസ്സിലെ ഇരയായ വീട്ടമ്മയെ മാനസിക രോഗിയായി ചിത്രീകരിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ തയ്യാറാകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഇക്കാര്യവും നിലവിൽ നടന്നുവരുന്ന കേസന്വേഷണത്തിൽ ഉൾപ്പെടുന്നുണ്ട്.

**ക്രമസമാധാനനില ഭദ്രമാക്കൽ**

139 (154) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>,, വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാക്കുന്നതിനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സാമൂഹ്യവിരുദ്ധരെയും ഗുണ്ടകളെയും അമർച്ച ചെയ്ത് സ്വൈര ജീവിതം ഉറപ്പാക്കുന്നതിന് കൈക്കൊണ്ട നടപടികൾ അറിയിക്കാമോ; സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്ന ഗുണ്ടാവിരുദ്ധ സ്ക്വാഡുകളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ;

(സി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനുതകുംവിധം ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. ജനമൈത്രി പോലീസ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. കേസന്വേഷണം ശാസ്ത്രീയമാക്കുന്നതിനും മൂന്നാംമുറ ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനുമുള്ള ശക്തമായ നടപടിയെടുത്തു. പോലീസ് സേനയുടെ റേഞ്ച് അടിസ്ഥാനത്തിലുള്ള യോഗങ്ങളിൽ മുഖ്യമന്ത്രി നേരിട്ട് പങ്കെടുത്ത് കൂടുതൽ ഉദ്യോഗസ്ഥർക്ക് അവരുടെ ആത്മവിശ്വാസം ഉയർത്തുംവിധമുള്ള നിർദ്ദേശങ്ങൾ നൽകി. ഗുണ്ടകളെയും ക്രിമിനലുകളെയും അറസ്റ്റ് ചെയ്യുന്നതിന് പ്രത്യേക സ്ക്വാഡുകൾ എല്ലാ ജില്ലകളിലും രൂപീകരിച്ചു. ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്യുവർക്കുമെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി. പോലീസിന്റെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചും ശാസ്ത്ര സാങ്കേതിക ഉപാധികളുടെ സഹായത്തോടെ നിലവിലെ പോലീസ് സംവിധാനം ആധുനികവൽക്കരിച്ചും പ്രോസിക്യൂഷൻ നടപടികൾക്ക് ശാസ്ത്രീയ അടിത്തറ നൽകിയും പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സഹായം ലഭ്യമാക്കുന്നതിനായി വനിതാസെൽ, വനിതാ ഹെൽപ്പ് ലൈൻ, പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ, സെൽഫ് ഡിഫെൻസ് ട്രെയിനിംഗ് പ്രോഗ്രാം എന്നിവ നടത്തിവരുന്നു. അതോടൊപ്പം സൈബർ ക്രൈമുകളുടെ അന്വേഷണത്തിന് പ്രത്യേകവിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു.

(ബി) സാമൂഹ്യവിരുദ്ധരെയും ഗുണ്ടകളെയും അമർച്ച ചെയ്ത് പൊതുജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കുന്നതിനായി ആന്റി ഗുണ്ടാ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം (KAAPA) പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചും രഹസ്യാന്വേഷണ വിഭാഗത്തെക്കൊണ്ടും ഗുണ്ടാ സ്ക്വാഡിനെകൊണ്ടും വിശ്വസ്തരായ ആളുകളിൽനിന്നും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി വനിതാ സെല്ലുകളും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന വനിതാ ഹെൽപ്പ് ലൈനുകളും നിലവിലുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തര സഹായം

ലഭ്യമാക്കുക എന്നീ ലക്ഷ്യത്തോടുകൂടി പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ "Women Self Defence Training Programme" എന്ന പദ്ധതിയും നടത്തിവരുന്നുണ്ട്. ഈ പരിശീലന പരിപാടിയിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, വീട്ടമ്മമാർ, പലവിധ ഓഫീസിൽനിന്നുള്ള സ്ത്രീകൾ, കുടുംബശ്രീ യൂണിറ്റ് മെമ്പർമാർ എന്നിവർക്ക് പരിശീലനം നൽകിവരുന്നു. കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ, കോളേജ് എന്നീ തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

" സുരക്ഷിതമായ ട്രെയിൻ യാത്ര സ്ത്രീകളുടെ അവകാശമാണ്. നിങ്ങളെ സംരക്ഷിക്കാൻ റെയിൽവേ പോലീസ് കൂടെയുണ്ട്" എന്ന ഒരു സന്ദേശവുമായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടി യാത്രക്കാരുമായി കൂടിക്കാഴ്ച നടത്തി അവരുടെ അഭിപ്രായം സ്വരൂപിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ മുൻകൂട്ടി തടയുകയും സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുഖാന്തരം സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്നു. കൂടാതെ റെയിൽവേ സ്റ്റേഷൻ പ്ലാറ്റ് ഫോമുകളിൽ പ്രവർത്തിക്കുന്ന Child Help Line-ന്റെ സഹകരണത്തോടെ നിരീക്ഷണവും അന്വേഷണവും നടത്തിവരുന്നു. ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും മാതാപിതാക്കളെ നഷ്ടപ്പെട്ടും മറ്റുവിധേന നാടുവിട്ടുവരുന്നതുമായ കുട്ടികളെയും അനാഥരായ സ്ത്രീകളെയും കുട്ടികളെയും കണ്ടെത്തി മാതാപിതാക്കളെയും രക്ഷകർത്താക്കളെയും ഏൽപ്പിക്കുകയും ചൈൽഡ് ലൈൻ മുഖാന്തരം ജുവനൈൽ ഹോമുകളിലും അഗതി മന്ദിരങ്ങളിലും മറ്റ് സുരക്ഷാ സ്ഥാപനങ്ങളിലും എത്തിക്കുകയും ചെയ്തുവരുന്നു.

**പുതിയ പോലീസ് സ്റ്റേഷൻ**

140 (156) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പേഴക്കാപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) മൂവാറ്റുപുഴ പേഴക്കാപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശയൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

## മുൻമന്ത്രിക്കെതിരെയുള്ള പരാതി

141 (157) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ട്രാൻസ്പോർട്ട് മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനെതിരെ ലൈംഗിക ചുവയോടെയുള്ള സംസാരമോ ലൈംഗിക പീഡനമോ ആരോപിച്ചുകൊണ്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്;

(സി) ശ്രീ. എ. കെ. ശശീന്ദ്രൻ എം.എൽ.എ.-ക്കെതിരെ കേസ്സെടുത്തെങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ്സെടുത്തത്;

(ഡി) ഇതുസംബന്ധിച്ച് ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ജൂഡീഷ്യൽ അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതുസംബന്ധിച്ച് ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പോലീസിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) പരാതിക്കാരി ബഹുമാനപ്പെട്ട ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച പരാതി CC 528/17 u/s. 354 (A) (B), 509 IPC ആയി സ്വീകരിച്ച് അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ പോലീസിന് ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി&ഇ) 31-3-2017-ലെ 29780/എസ്.എസ്.എ.2/2017/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 167/2017) നമ്പർ വിജ്ഞാപന പ്രകാരമാണ് ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുള്ളത്.

കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സഹിതമുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കയർഫെഡ് മുൻ എം.ഡി.-ക്ക് എതിരെയുള്ള വിജിലൻസ് കേസ്

142 (159) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡ് മുൻ എം.ഡി. ശ്രീ. വി. എ. അരുൺ കുമാറിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കയർ ഫെഡ് എം.ഡി. ആയിരിക്കെ സർക്കാരിന് നഷ്ടം വരുത്തിയെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസ്സിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷിച്ചുവരുന്നു.

(സി) സമർപ്പിച്ചിട്ടുണ്ട്.

(ഡി) അന്വേഷണം നടന്നുവരുന്നു.

## മന്ത്രിമാരുടെ പേരിലുള്ള വിജിലൻസ് കേസ്സുകൾ

143 (160) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ മുൻമന്ത്രിമാർ, മന്ത്രിമാർ എന്നിവരിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് കേസ് എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എത്ര കേസ്സുകളിൽ അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുണ്ടെന്ന് വിവരിക്കാമോ; കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഓരോരുത്തർക്കുമുള്ള കേസ്സുകളിൽ കുറ്റപത്രങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഓരോ കേസ്സിലെയും അന്വേഷണത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ഈ സർക്കാരിലെ മുൻ വ്യവസായ മന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജനെതിരെ വി.സി. 01/2017/എസ്.ഐ.യു.-2 ആയി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ കേസ്സിന്റെ അന്വേഷണം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. പ്രതികളാരും സാമ്പത്തിക നേട്ടമുണ്ടാക്കിയിട്ടില്ലെന്നും നിയമന ഉത്തരവ് റദ്ദാക്കിയിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നത്.

**ലാവ്‌ലിൻ കേസിന്റെ വിശദാംശങ്ങൾ**

144 (161) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവ്‌ലിൻ കേസ്സിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ലാവ്‌ലിൻ കേസ്സിൽ ആരെയെല്ലാമാണ് കുറ്റവിമുക്തരാക്കിയത്;

(സി) ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെ കേസ്സെടുത്തിട്ടുള്ളതെന്ന് സെക്ഷൻ സഹിതം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ലാവ്‌ലിൻ കേസ്സുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒരു റിവിഷൻ ഹർജി മാത്രമാണ് നിലനിൽക്കുന്നത്. ഈ കേസ് വിധി പറയുന്നതിനായി മാറ്റിവച്ചിരിക്കുന്നു.

(ബി) ലാവ്‌ലിൻ കേസ്സിൽ ആറാമത്തെ പ്രതിയായ ക്ലോസ് ട്രെൻഡൽ, ഒൻപതാമത്തെ പ്രതിയായ M/s. SNC ലാവ്‌ലിൻ ഇവരെയൊഴികെ മറ്റെല്ലാവരെയും കുറ്റവിമുക്തരാക്കിയിട്ടുള്ളതാണ്.

(സി) 1. Section 120 B of IPC

Section 420 of IPC

2. Section 13 (1) of r/w

Section 13 (2) of the Prevention of Corruption Act.

**ശ്രീ. വി. എ. അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് കേസ്**

145 (162) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ വി. എ. അരുൺ കുമാറിനെതിരെ കേസ്

എടുക്കാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ ; ഓരോ കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് വിജിലൻസിന് കേസ് എടുക്കാമെന്ന നിയമ വകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഐ.സി.ടി. അക്കാദമി ഡയറക്ടറായി അരുൺ കുമാറിനെ നിയമിച്ചതിന് പിന്നിലും ഐ.എച്ച്.ആർ.ഡി.-യിൽ സ്ഥാനക്കയറ്റം നേടിയതിനുപിന്നിലും ക്രമക്കേട് ഉണ്ടെന്ന ശ്രീ. വി.ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള ആരോപണങ്ങളിന്മേൽ രേഖാമൂലമുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം നടത്തിയെന്ന ആരോപണത്തിൽ കഴമ്പില്ലെന്ന് വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ട ആവശ്യകതയില്ല.

(സി) ശ്രീ. വി. ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വി.സി. 01/15/എസ്.ഐ.യു.-II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

**സ്വകാര്യ മെഡിക്കൽ കോളേജ് അഴിമതി**

146 (163) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം വാങ്ങിക്കൊടുക്കാനായി ഇടനിലക്കാരായി വലിയ മാഫിയ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മെഡിക്കൽ കോഴയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം സർക്കാർ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വർക്കല എസ്.ആർ. എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരത്തിനായി ശ്രീ. ആർ. എസ്. വിനോദിന് കൈക്കൂലി നൽകിയതുസംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു. ടി അന്വേഷണം പൂർത്തിയായാൽ മാത്രമേ അഴിമതി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാകുകയുള്ളൂ.

**മെഡിക്കൽ കോളേജ് കോഴ**

147 (164) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചില രാഷ്ട്രീയ നേതാക്കൾ നടത്തിയതായി പറയപ്പെടുന്ന മെഡിക്കൽ കോളേജ് കോഴ/സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു സംബന്ധിച്ച പരാതികൾ എത്ര; എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി, തിരുവനന്തപുരം ജില്ലയിലെ എസ്.ആർ.എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് തുടങ്ങി എത്ര കോളേജുകളുടെ അനുമതി ഉറപ്പാക്കാനാണ് പ്രസ്തുത കോഴ വിവാദം ഉണ്ടായതെന്നും, ഇതിൽ ആരോപണവിധേയരായ നേതാക്കൾ ആരെല്ലാമെന്നും, ഇവരുടെ അഴിമതി പ്രവൃത്തികൾ കണ്ടെത്താൻ ആഭ്യന്തര വകുപ്പ് എന്ത് നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇതോടൊപ്പം ജൻഔഷധി പദ്ധതി നടത്തിപ്പിലും സംസ്ഥാനത്ത് വ്യാപക ക്രമക്കേട് നടന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) എങ്കിൽ എന്തെല്ലാമെന്നും, ഇതിലെ ആരോപണവിധേയർ ആരെല്ലാമെന്നും, സർക്കാർ എന്ത് അന്വേഷണം നാളിതുവരെ നടത്തിയെന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരം കോഴ വിവാദങ്ങളിൽ എത്ര കോടി തുകയുടെ കോഴ നടന്നതായി ആരോപണമുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(സി & ഡി) ഇക്കാര്യത്തിൽ നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ) തിരുവനന്തപുരം ജില്ലയിൽ എസ്. ആർ. എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരം വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞ് 17 കോടി രൂപ ആവശ്യപ്പെടുകയും 5.6 കോടി രൂപ അഡ്വാൻസായി കൺസൾട്ടന്റ് വിനോദിൽനിന്നും ആർ.എസ്. വിനോദിന് നൽകിയതായും പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിന് അംഗീകാരം നേടുന്നതിന് ബി.ജെ.പി. നേതാവായ ശ്രീ. എം. ടി. രമേശ് 5 കോടി രൂപ കൈപ്പറ്റിയെന്നും മറ്റുമാണ് ആരോപണങ്ങൾ.

## വിജിലൻസിന്റെ ത്വരിതാന്വേഷണം

148 (165) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ ഇതുവരെ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്നു; കോടതി നിർദ്ദേശപ്രകാരം എത്ര മന്ത്രിമാർക്കെതിരെ അന്വേഷണം ആരംഭിക്കുകയുണ്ടായി; പരാതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ കേസ്സുകളിൽ ത്വരിതാന്വേഷണം പൂർത്തിയായി; അന്വേഷണത്തിൽ ഏതെങ്കിലും മന്ത്രിമാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രി കൊലക്കേസ്സിൽ പ്രതിയാണോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലെ മന്ത്രിസഭയിലെ ഒരു മന്ത്രിക്കെതിരെ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്നു. കുറ്റം ചെയ്തതായി തെളിയിക്കപ്പെട്ടിട്ടില്ല. തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവ് പ്രകാരം ഒരു മന്ത്രിക്കെതിരെ നടത്തിയ ത്വരിതാന്വേഷണം പൂർത്തിയായി. റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്.

(സി) വൈദ്യുതി വകുപ്പുമന്ത്രി പ്രതിയായിട്ടുള്ള ഒരു കേസ് നിലവിലുണ്ട്. കേസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുകഴിഞ്ഞു.

## സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ

149 (166) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്;

(ബി) സ്പെഷ്യൽ പ്രോസിക്യൂട്ടർമാർക്ക് ഓരോരുത്തർക്കും നാളിതുവരെ നൽകിയ ഫീസ് തുക പട്ടിക തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 51 സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മാണം**

150 (167) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ, മുൻബജറ്റിൽ പ്രഖ്യാപിച്ച കോർട്ട് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുഖേന സമർപ്പിച്ചിട്ടുള്ള വിശദമായ എസ്റ്റിമേറ്റിനും റിപ്പോർട്ടിനും അംഗീകാരം നൽകി, ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പുതിയ ഫയർ സ്റ്റേഷനുകൾ**

151 (168) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ സംസ്ഥാനത്ത് പുതുതായി എത്ര ഫയർസ്റ്റേഷനുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; അവയിൽ നാളിതുവരെ എത്രയെണ്ണം പ്രവർത്തനം തുടങ്ങിയെന്നും ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഒരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) താനൂരിൽ പ്രഖ്യാപിച്ചിരുന്ന ഫയർസ്റ്റേഷൻ തുടങ്ങാനുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കുമോ;

(ഡി) താനൂർ ഫയർ സ്റ്റേഷനുവേണ്ടി സ്ഥല - കെട്ടിട സൗകര്യങ്ങൾ സ്ഥിരമായോ താൽക്കാലികമായോ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) താനൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എപ്പോഴേയ്ക്ക് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ ബജറ്റിൽ നാല് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അവയിൽ ഏലൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. മറ്റുള്ളവ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി-ഇ) പട്ടാമ്പി-ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് കണ്ടെത്തിയ മുതുതല പഞ്ചായത്തിൽ ഭാരതപ്പുഴയ്ക്ക് സമീപമുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലം പഞ്ചായത്ത് മുഖാന്തരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

താനൂർ - ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ലഭ്യമാക്കുകയും ചെയ്യുന്നതിന് റവന്യൂ, പഞ്ചായത്ത് വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ടി സ്റ്റേഷനുവേണ്ടി താല്ക്കാലിക കെട്ടിട സൗകര്യങ്ങളും കണ്ടെത്തിയിട്ടില്ല.

ഉള്ളൂർ - ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് മണ്ണന്തല ഗവൺമെന്റ് പ്രസ്സിന് സമീപത്തുള്ള ഒരേക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവൂർ ഫയർ സ്റ്റേഷൻ**

152 (169) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയുമായി അതിര് പങ്കിടുന്ന മാവൂരിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) 86632/F2/16/ആഭ്യന്തരം ഫയലിൽ മാവൂർ ആസ്ഥാനമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ട റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) മാവൂരിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് മാവൂർ വില്ലേജിലെ കൽപ്പള്ളി ദേശത്തെ റീ സർവ്വേ 21/4-ൽപ്പെട്ട സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) ലഭിച്ചിട്ടില്ല.

**ഓയൂരിൽ പുതിയ ഫയർ സ്റ്റേഷൻ**

153 (170) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഓയൂർ എന്ന സ്ഥലത്ത് നെടുവത്തൂർ നിയോജകമണ്ഡലം നിലവിലിരുന്നപ്പോൾ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാമെന്ന സർക്കാർ ഉറപ്പിന്മേൽ ഗ്രാമപഞ്ചായത്ത് ഭൂമി വാങ്ങിയെങ്കിലും നാളിതുവരെയും പദ്ധതി യാഥാർത്ഥ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഓയൂരിൽ പുതിയ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഓയൂരിൽ അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്, ഫയർ & റെസ്ക്യൂ വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടം**

154 (171) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയോ; ഇല്ലെങ്കിൽ ഭരണാനുമതി സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭ്യമാകാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാലതാമസം എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പെരിങ്ങോം ഫയർസ്റ്റേഷൻ കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിന് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ&ബി) ഇല്ല. പെരിങ്ങോം ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റ് റിപ്പോർട്ടും റൂറൽ ഫയർ സ്റ്റേഷൻ മാതൃകയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി പുതുക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് ഡയറക്ടർ ജനറൽ പരിശോധിച്ചുവരുന്നു.

(സി) ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പ്ലാനും എസ്റ്റിമേറ്റും സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ**

155 (172) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിനുപകരം പുതിയ കെട്ടിട നിർമ്മാണത്തിനുള്ള കാലതാമസം എന്താണെന്നും അത് പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടി വിവരവും അറിയിക്കാമോ?

ഉത്തരം

(എ) മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ നഗരസഭയോടും ജില്ലാ കളക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ നഗരസഭ വിട്ടുനൽകിയ 15 സെന്റ് സ്ഥലത്ത് ഫയർ സ്റ്റേഷനു കെട്ടിടം നിർമ്മിക്കുന്നതിനായി ഫയർ & റസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ 3.5 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സർക്കാർ പരിശോധിച്ചുവരുന്നു.

## കള്ളിക്കാട് ഫയർ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനം

156 (173) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് ഫയർ സ്റ്റേഷൻ അടിസ്ഥാന സൗകര്യങ്ങൾ തീരെയില്ലാത്ത സ്ഥലത്താണ് പ്രവർത്തിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഫയർ സ്റ്റേഷന് പുതിയ ഒരു ഫയർ എക്സ്റ്റിംഗ്വിഷർ വാഹനവും, സ്റ്റേഷനിലെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയുള്ള ഫണ്ടും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താൽക്കാലികമായി പ്രവർത്തിക്കുന്ന നെയ്യാർഡാം (കള്ളിക്കാട്) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്.

(ബി) വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് മതിയായ അഗ്നിശമന രക്ഷാവാഹനങ്ങൾ വകുപ്പിൽ വാങ്ങുന്ന മുറയ്ക്ക് അനുയോജ്യമായ വാഹനം അനുവദിക്കുന്നതിന് നെയ്യാർഡാം (കള്ളിക്കാട്) നിലയത്തെയും പരിഗണിക്കുന്നതാണ്. സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ

157 (174) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) ഒറ്റപ്പാലം ഫയർ സ്റ്റേഷൻ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിന്റെ കൈവശമുള്ളതും വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് സ്ഥലം അഗ്നിരക്ഷാ നിലയം ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിച്ചതിനുശേഷംമാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ**

158(175) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഫയർ സ്റ്റേഷൻ നിലവിലില്ലാത്ത കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ മാടായിപ്പാറയിൽ തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ ജല ലഭ്യതയുടെ കുറവുണ്ട്. എന്നാൽ ടി സ്ഥലത്ത് കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം മലബാർ ദേവസ്വം ബോർഡ് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഫയർഫോഴ്സിൽ ചെറിയ വാഹനങ്ങൾ**

159 (176) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സിൽ രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി ഇടുങ്ങിയ വഴികളിൽക്കൂടി പോകുന്ന ചെറിയ വാഹനങ്ങൾ അനുവദിക്കുന്ന കാര്യം ആലോചിക്കുമോ ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ ഇടുങ്ങിയ വഴികൾ പരിഗണിച്ച് ചെങ്ങന്നൂർ ഫയർസ്റ്റേഷന് QRE ഇനത്തിൽപ്പെട്ട വാഹനം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ചെറിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ചെറിയ ഇനത്തിൽപ്പെട്ട വാഹനങ്ങൾ അനുവദിക്കുന്ന വേളയിൽ ചെങ്ങന്നൂർ ഫയർ സ്റ്റേഷന്റെ കാര്യവും പരിശോധിക്കുന്നതാണ്.

**പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ**

160 (177) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പട്ടാമ്പി ഫയർസ്റ്റേഷൻ, ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വ്യകതമാക്കുമോ;

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലം ഫയർ സ്റ്റേഷനുവേണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രദേശത്തെ ജനസാന്ദ്രത, ദുരന്തനിവാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിട്ടും പട്ടണ പ്രദേശങ്ങളിൽ 5 മിനിട്ടും), പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കാൻ സാധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിധ്യം എന്നിവയാണ് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.

**കൊല്ലം ജില്ലാ ജയിൽ**

161 (178) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ജയിൽ, സ്ഥല സൗകര്യത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും അപര്യാപ്തതമൂലം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ ജയിൽ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആവശ്യമായ ഭൂമി കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ജയിലിലെ സി.സി.ടി.വി. ക്യാമറകൾ പ്രവർത്തനരഹിതമായതിനാൽ അവ നവീകരിച്ച് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ജയിലിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ജയിൽ പരിഷ്കരണ കമ്മീഷൻ**

162 (179) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയമിച്ച ജയിൽ പരിഷ്കരണ കമ്മീഷൻ നൽകിയ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിലെ ജയിലുകളുടെ അവസ്ഥ എങ്ങനെയാണ് ഈ കമ്മീഷൻ വിലയിരുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജയിൽ പരിഷ്കരണ കമ്മീഷൻ നൽകിയ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. 1983-ലെ എ. എൻ.-മുള്ള കമ്മീഷനിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളിൽ നടപ്പിലാക്കാൻ ബാക്കി നിൽക്കുന്നവ വരുംവർഷങ്ങളിൽ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

2. 1986-ലെ മോഡൽ പ്രിസൺ മാന്വലിലെ നടപ്പാക്കാനുള്ള ഭാഗങ്ങൾ കേരള നിയമസഭ ഭേദഗതി വരുത്തി കേരള പ്രിസൺ നിയമത്തിലോ ചട്ടത്തിലോ ഉൾപ്പെടുത്തേണ്ടതാണ്.

3. 1992-ലെ ജസ്റ്റിസ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ നടപ്പാക്കാൻ ബാക്കിയുള്ളത് വരുംവർഷങ്ങൾകൊണ്ട് നടപ്പാക്കേണ്ടതാണ്.

4. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനായി ജയിൽ വകുപ്പിൽ നടപ്പാക്കാവുന്ന കാര്യങ്ങൾ (ഭക്ഷണ പദാർത്ഥങ്ങളുടെ നിർമ്മാണം, വെട്ടുകല്ല് നിർമ്മാണം, ഔഷധ സസ്യം വളർത്തൽ, മിനറൽ വാട്ടർ പദ്ധതി തുടങ്ങിയവ) പരമാവധി നടപ്പാക്കി വകുപ്പിന്റെ വരുമാനം 10 കോടിയെങ്കിലും വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

5. അധിക ചെലവില്ലാതെ വകുപ്പിൽ നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

6. അധിക ചെലവോടുകൂടി നടപ്പാക്കണമെന്ന് ജയിൽ ജീവനക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ സാധ്യതാപഠനവും സാമ്പത്തിക വിശകലനവും നടത്തി അനുയോജ്യമായവ നടപ്പാക്കുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.

7. ജയിൽ വകുപ്പിൽ നിലവിൽ 3 റേഞ്ചുകൾ മാത്രമുള്ളതിനാൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാകുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി വകുപ്പിനെ 4 റേഞ്ചുകളായി പരിവർത്തനം ചെയ്യേണ്ടതാണ്.

8. കേരളത്തിൽ നിലവിലുള്ള 3 സെൻട്രൽ ജയിലുകൾക്കുപരിയായി കോഴിക്കോട്, എറണാകുളം, മുട്ടം എന്നീ സ്ഥലങ്ങളിൽകൂടി സെൻട്രൽ ജയിലുകൾ സ്ഥാപിച്ചെടുക്കേണ്ടതാണ്.

9. എല്ലാ ജില്ലകളിലും ജില്ലാ ജയിലുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 4 റേഞ്ചുകളിൽ 2 റേഞ്ചുകളിൽ മാത്രമേ തുറന്ന ജയിലുകൾ നിലവിലുള്ളൂ. ആയതിനാൽ 2 റേഞ്ചുകളിൽക്കൂടി തുറന്ന ജയിൽ ആരംഭിക്കേണ്ടതാണ്.

11. അതീവ സുരക്ഷാ ജയിൽ ബാക്കി നിർമ്മാണം പൂർത്തിയാക്കി ടി ജയിലിലേയ്ക്ക് മാറ്റിപാർപ്പിക്കേണ്ട തടവുകാരെ ഉടനടി മാറ്റി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

12. ഓരോ പോലീസ് സബ് ഡിവിഷനുകളിലും ഒരു ജയിലെങ്കിലും ഉണ്ടാകേണ്ടതാണ്.

(ബി) നിലവിൽ ജയിലുകളിൽ ലിവിംഗ് സ്പേസിനേക്കാൾ അധികം തടവുകാരെ പാർപ്പിച്ചുവരുന്നുണ്ടെന്നും 3:10 അനുപാതം അനുസരിച്ച് 5845 തടവുകാരെ സംരക്ഷിക്കാനുള്ള ജീവനക്കാർ മാത്രമേ വകുപ്പിലുള്ളൂവെന്നും വിലയിരുത്തിയിട്ടുണ്ട്.

(സി) റിപ്പോർട്ട് സർക്കാർ പരിഗണിക്കുകയും ആയതിലെ ശിപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനയുടെയും സമയക്രമത്തിന്റെയും (ഹ്രസ്വകാലം/മിതകാലം/ദീർഘകാലം) അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ തരംതിരിച്ച് ഓരോന്നിന്റെയും സാധ്യത, നടപ്പാക്കുന്നതിനാവശ്യമായ ചെലവ്, അധിക വിഭവശേഷി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തി വ്യക്തമായ റിപ്പോർട്ട് നൽകാൻ ജയിൽ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിലെ ക്രമക്കേടുകൾ

163 (180) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിൽ മുൻസർക്കാരിന്റെ കാലത്ത് വ്യാപകമായി ക്രമക്കേടുകൾ നടന്നതായുള്ള റിപ്പോർട്ടുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിലെ മുൻവർഷങ്ങളിലെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പത്തനംതിട്ട ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റിൽ ശബരിമല തീർത്ഥാടന കാലത്ത് വൻതോതിൽ പണം തിരിമറി നടന്നതായുള്ള ആരോപണം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിലെ പണം തിരിമറി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ ചപ്പാത്തി യൂണിറ്റിലേയ്ക്ക് കോഴിയിറച്ചി വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തി ജയിൽ വകുപ്പ് മേധാവി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിലെ കണക്കുകൾ ആഡിറ്റ് നടത്തിവരുന്നു.

(സി) ഇത്തരത്തിൽ ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച വകുപ്പുതല പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്മേൽ സർക്കാർ അടിയന്തരമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

**ജില്ലാ ജയിലിന്റെ പ്രവർത്തനങ്ങൾ**

164 (181) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മുട്ടം ജില്ലാ ജയിലിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജില്ലാ ജയിലിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) തൊടുപുഴ മുട്ടം ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. അതോടൊപ്പം ജയിൽ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ഫർണിച്ചറുകളും മറ്റും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മുട്ടം ജില്ലാ ജയിലിൽ 19-7-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1855/2017/ആഭ്യന്തരം പ്രകാരം 28 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചമ്പക്കര കനാലിന്റെ പാർശ്വഭിത്തി

165 (182) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇൻലാന്റ് നാവിഗേഷനുകീഴിലുള്ള ചമ്പക്കര കനാലിന്റെ പാർശ്വഭിത്തി തകർന്നത് കാരണം ഗതാഗത തടസ്സം ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ താമസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും അപകട സാധ്യത നിലനിൽക്കുന്നത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പാർശ്വഭിത്തി പൂർണ്ണമായും തകർന്ന ദൂരവും എപ്പോൾ വേണമെങ്കിലും തകരുമെന്ന സ്ഥിതിയിൽ നിലനിൽക്കുന്ന ദൂരവും സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(ഡി) പാർശ്വഭിത്തി എത്രയും വേഗം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) എന്നത്തേയ്ക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി & സി) തൃപ്പൂണിത്തുറ മണ്ഡലത്തിലൂടെ കടന്നുപോകുന്ന നാവിഗേഷൻ കനാലായ ചമ്പക്കര കനാൽ ദേശീയ ജലപാത 3-ന്റെ ഭാഗമാണ്. ദേശീയ ജലപാത വികസനവും തുടർനടപടിയും ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. അതിനാൽ ടി കനാലിന്റെ സംരക്ഷണവും നവീകരണവും ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലാണ്. കനാലിന്റെ പാർശ്വഭിത്തി തകർന്ന വിവരം ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ എറണാകുളം റീജിയണൽ ഓഫീസ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി & ഇ) കനാലിന്റെ പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ എറണാകുളം റീജിയണൽ ഓഫീസ് ഡയറക്ടർ അറിയിച്ചു.

## ഗെയിൽ പ്രകൃതി വാതകക്കുഴൽ പദ്ധതി

166(183) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതകക്കുഴൽ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏതൊക്കെ ജില്ലകളിൽ ഇതിനകം പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായി; ഇനി ഏതൊക്കെ ജില്ലകളിൽ സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാനുണ്ട്;

(സി) എത്ര തുക ഇതിനകം നഷ്ടപരിഹാരമായി വിതരണം ചെയ്തു; ഇനി എത്ര തുക വിതരണം ചെയ്യാനായി ബാക്കിയുണ്ട്;

(ഡി) പദ്ധതിക്കെതിരെ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഉയർന്നു വരുന്ന ശക്തമായ ജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആയത് പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സമാകുമെന്നു കരുതുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗെയിൽ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതിയുടെ സ്ഥലമേറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും അന്തിമഘട്ടത്തിലാണ്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മംഗലാപുരം പൈപ്പ്ലൈനിന്റെ പ്രാരംഭ സർവ്വേ നടപടികളും 6 (1) ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചനാമ (മഹസർ) തയ്യാറാക്കുന്ന നടപടികളും പൂർത്തീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കേരളത്തിലെ ഏഴ് ജില്ലകളിലെ ഭൂവിനിയോഗാവകാശ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) നഷ്ടപരിഹാരമായി 202 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ ഭൂമിയുടെ ഉപയോഗാവകാശത്തിനുള്ള (ROU) നഷ്ടപരിഹാരമായി 114 കോടി രൂപയും ഇതിലെ ചമയങ്ങൾക്കും വിളകൾക്കുമായി 88 കോടി രൂപയുമാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ ഭൂമിക്കും ചമയങ്ങൾക്കും വിളകൾക്കുമായി 16.5 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു.

(ഡി) പദ്ധതിക്കെതിരെ വ്യാപക പ്രതിഷേധം ഉണ്ടായിട്ടില്ല. ചില ജില്ലകളിൽ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നതിനെതിരെ ഭൂവുടമകളുടെ പ്രതിഷേധങ്ങളുണ്ടായിരുന്നു. ഇവ രമ്യമായി പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) 2018 ഡിസംബറോടുകൂടി കമ്മീഷൻ ചെയ്യാനാണ് ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

**സ്പോർട്സ് ലോട്ടറി അഴിമതി കേസ്**

167 (184) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ലോട്ടറി അഴിമതി കേസ്സിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. റ്റി. പി. ദാസനെ പ്രതിയാക്കി വിജിലൻസ് കേസെടുക്കുകയുണ്ടായോ; അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ വിജിലൻസ് കണ്ടെത്തിയ കുറ്റങ്ങൾ എന്തെല്ലാമാണ്;

(ബി) സ്പോർട്സ് ലോട്ടറി വിൽപ്പനയിലൂടെ എത്ര കോടി രൂപ സമാഹരിച്ചു ; അതിൽ എത്ര കോടി രൂപ സ്പോർട്സ് വികസനത്തിന് ഇതിനകം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. റ്റി. പി. ദാസൻ, മുൻ സെക്രട്ടറി ശ്രീ. ജി. ജെ. ടെഗ്ഗി ഐ.എഫ്.എസ്. എന്നിവരെ ഒന്നും രണ്ടും പ്രതികളാക്കി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്പോർട്സ് ലോട്ടറിയുടെ വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ടാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ബി) സ്പോർട്സ് ബമ്പർ ലോട്ടറി വില്പനയിലൂടെ ആകെ 29,44,79,800 രൂപ സമാഹരിച്ചിട്ടുണ്ട്. ടി തുകയിൽനിന്ന് 20 ശതമാനം ഡിസ്കൗണ്ട് നിരക്കും ചെലവുകളും കഴിച്ച് 9,35,12,453 രൂപ അറ്റാദായമായി ലഭിക്കുകയുണ്ടായി. പ്രസ്തുത തുക സ്പോർട്സിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പിനും അസോസിയേഷനുകൾക്ക് ഗ്രാന്റ് നൽകുന്നതിനുമായി വിനിയോഗിച്ചു.

**പുതുവൈപ്പിനിലെ ഐ.ഒ.സി. സംഭരണ കേന്ദ്രം**

168 (186) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിലെ ഐ.ഒ.സി. സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) യോഗതീരുമാനപ്രകാരം വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ സമിതിയിലെ അംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതുവൈപ്പിനിലെ ഐ.ഒ.സി. സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 21-6-2017-ന് വിളിച്ചുചേർത്ത യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (എൻ.സി.ഇ.എസ്.എസ്.) ഡയറക്ടറായ ഡോ. എൻ. പൂർണ്ണചന്ദ്രറാവു ചെയർമാനും റിട്ട. ചീഫ് ടൗൺ പ്ലാനർ ശ്രീ. ഈപ്പൻ വർഗ്ഗീസ്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ മുൻ ശാസ്ത്രജ്ഞൻ ശ്രീ. കെ. വി. തോമസ് എന്നിവർ അംഗങ്ങളുമായ ഒരു വിദഗ്ദ്ധ സമിതിയെ 29-7-2017-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1085/2017/ഐ.ഡി. പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ജീവനക്കാരെ നിയമിക്കൽ**

169 (187) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിലുള്ള സചിവോത്തമപുരം സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ആവശ്യത്തിന് ഡോക്ടർമാരും നഴ്സുമാരും മറ്റ് ജീവനക്കാരും ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ആവശ്യമായ നിയമനങ്ങൾ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഒഴിവുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സമൂഹമാധ്യമങ്ങളിലൂടെയുള്ള അപകീർത്തികരമായ പ്രചരണം

170 (188) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയങ്ങൾക്കെതിരെ പ്രചരണം നടത്തിയ ആരോഗ്യവിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. ശ്രീനാഥ് എന്ന ഉദ്യോഗസ്ഥനെതിരെ കേരള പോലീസിന്റെ ഹൈടെക് ക്രൈം എൻക്വയറി സെൽ നടത്തിയ അന്വേഷണത്തെത്തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ടോ;

(ബി) കേരള പോലീസിന്റെ ഹൈടെക് ക്രൈം എൻക്വയറി സെൽ എപ്പോഴാണ് ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ആരോഗ്യ കുടുംബക്ഷേമവകുപ്പിന് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളുടെ 60(എ) വകുപ്പിന്റെ ലംഘനവും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 31-1-2017-ലെ 78/2017 നമ്പർ സർക്കുലർ പ്രകാരം ശിക്ഷാർഹമായ കുറ്റവും ചെയ്തിട്ടുള്ളതായി കണ്ടെത്തിയ ഉദ്യോഗസ്ഥനെതിരെ എന്ത് ശിക്ഷണനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) അദ്ദേഹത്തിനെതിരെ സ്വീകരിച്ച ശിക്ഷണനടപടി സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിർദ്ദേശത്തിന്മേൽ ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ശിക്ഷണ നടപടി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നല്കിയിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ 15-5-2017-ലെ T9/72411/2017/PHQ കത്ത് പ്രകാരം അന്വേഷണ റിപ്പോർട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) മേലിൽ ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ ടിയാനെ KCS (CC&A) 1960 പ്രകാരം സെൻഷർ ചെയ്തിട്ടുണ്ട്.

(ഡി) ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറോട് KCS (CC&A) 1960 നിയമത്തിൽ നിഷ്കർഷിക്കുംപ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു.

(ഇ) അനുബന്ധമായി ചേർക്കുന്നു.*

**ഇ-ഹെൽത്ത് പദ്ധതി**

171 (189) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിവഴി പൊതുജനങ്ങൾക്ക് എന്തൊക്കെ ഗുണങ്ങളും സേവനങ്ങളുമാണ് ലഭ്യമാകുന്നത് ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

(ബി) കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് ഇ-ഹെൽത്ത് കേരള. ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്ന വ്യക്തികളുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ കയ്യിൽ കൊണ്ടുനടക്കാവുന്ന ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകളുപയോഗിച്ച് നടത്തുന്ന ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ, ഓരോ വ്യക്തിയുടെയും ആധാർ, വോട്ടർ ഐ.ഡി. മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു. ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നടത്തുന്ന ദൈനംദിന സർവ്വേകൾവഴി സാംക്രമിക രോഗങ്ങളുടെ ഉത്ഭവവും വ്യാപനവും യഥാവസരം കണ്ടെത്താനും സമയബന്ധിതമായ നടപടി സ്വീകരിക്കാനും സാധിക്കും.

പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു:

1. വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. എല്ലാ അലോപ്പതി ആശുപത്രികളെയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാവിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

**പനിമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം**

172 (190) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം വിവിധ പകർച്ചപ്പനികൾമൂലം എത്ര പേർക്ക് മരണം സംഭവിച്ചുവെന്നറിയിക്കുമോ ;

(ബി) ആരോഗ്യരംഗത്ത് കേരള മോഡലിന് കനത്ത തിരിച്ചടിയുണ്ടായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജൂൺ മാസം അവസാനം മാത്രം നടപ്പിലാക്കിയ ശുചീകരണ പ്രവർത്തനങ്ങൾ പനി പടരുന്നത് തടയുന്നതിന് സഹായകമായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ജൂൺ ഒന്നുമുതൽ 15 വരെ സംസ്ഥാനത്ത് പനി ബാധിച്ചവർ എത്രയെന്നും ജൂൺ 15 മുതൽ 30 വരെ പനിബാധിച്ചവർ എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) ജൂലൈ മാസത്തിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത പനി മരണങ്ങളുടെ എണ്ണം വ്യക്തമാക്കുമോ ;

(എഫ്) മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങളിലുണ്ടായ ഗുരുതരമായ വീഴ്ചയാണ് പനിമരണങ്ങൾ ഇത്രയും കൂടാൻ കാരണമെന്നത് കണക്കിലെടുത്ത് മരണമടഞ്ഞവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) പകർച്ചപ്പനിമൂലം 1-1-2017 മുതൽ 2-8-2017 വരെ മരിച്ചിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(ബി) ആരോഗ്യരംഗത്ത് കേരള മോഡലിന് കനത്ത തിരിച്ചടി സംഭവിച്ചിട്ടില്ല.

(സി) ജനുവരി മാസത്തിൽത്തന്നെ വിവിധ ജില്ലകളിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള വാർഷിക കർമ്മപദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ രോഗനിരീക്ഷണം ഊർജ്ജിതപ്പെടുത്തി. തിരുവനന്തപുരം നഗരസഭയിൽ ഡെങ്കിപ്പനി കൂടാനുള്ള സാഹചര്യം മുൻകൂട്ടി കണ്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാന പൊതുജനാരോഗ്യ ടീം കോർപ്പറേഷൻ മേയറെ കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരത്തെ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയ പ്രദേശങ്ങളിൽ സംസ്ഥാന പൊതുജനാരോഗ്യ ടീം സന്ദർശിച്ച് വേണ്ട നടപടികൾ എടുത്തിരുന്നു. 2-3-2017-ന് ചീഫ് സെക്രട്ടറിയുടെയും 6-3-2017-ന് മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി വിളിച്ചുകൂട്ടി പകർച്ചവ്യാധി നിയന്ത്രണത്തിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കി. 24-3-2017-ന് എലിപ്പനി രോഗ പ്രതിരോധം സംബന്ധിച്ച് സംസ്ഥാനതല ശില്പശാല നടത്തി. ഏപ്രിൽ മാസത്തോടെ ഡെങ്കിപ്പനി, എച്ച്1 എൻ1 എന്നിവ വർദ്ധിച്ചുവന്നതിനെത്തുടർന്ന് ജില്ലകൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും രോഗനിർണ്ണയ ഉപാധികൾ ഉറപ്പുവരുത്തുകയും ചെയ്തു.

രോഗപ്രതിരോധ വാർഷിക കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ ഏപ്രിൽ 24, 25 തീയതികളിൽ എല്ലാ ജില്ലകളിലും കൊതുക് ഉറവിട നശീകരണ യജ്ഞവും മേയ് 26, 27 തീയതികളിൽ തോട്ടം മേഖലയിൽ പ്രത്യേക കൊതുക് ഉറവിട നശീകരണവും നടത്തി. കൂടാതെ 29-4-2017-ന് സംസ്ഥാന വ്യാപകമായി നടത്തിയ ഹെൽത്തി കേരളാ കാമ്പയിനിൽ ആരോഗ്യപ്രവർത്തകർ വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവ സന്ദർശിച്ച് പകർച്ചവ്യാധികളുണ്ടാകാനുള്ള സാഹചര്യം സൃഷ്ടിച്ചവർക്കെതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടിയെടുക്കുകയുണ്ടായി. തുടർന്ന് മേയ് മാസത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും ശുചിത്വമിഷനുമായി ചേർന്ന് മഴക്കാല പൂർവ്വശുചീകരണം, ഉറവിട നശീകരണം തുടങ്ങിയ പകർച്ചവ്യാധി പ്രതിരോധ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവർത്തനങ്ങൾ നടത്തി. രോഗപ്രതിരോധ നിയന്ത്രണ കാര്യങ്ങൾക്കാവശ്യമായ ഫണ്ട് ജില്ലകൾക്ക് വിതരണം ചെയ്തു. മേയ് 15-ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ ചേംബറിൽ പകർച്ചവ്യാധി നിയന്ത്രണം സംബന്ധിച്ച് അവലോകനം നടത്തി ജില്ലകൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി. മേയ് മാസം പകർച്ചവ്യാധികൾ കൂടുതൽ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ സംസ്ഥാന പൊതുജനാരോഗ്യ ടീം സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു.

ജൂൺ 1 മുതൽ പകർച്ചവ്യാധി നിരീക്ഷണ സെല്ലുകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സജ്ജീകരിച്ചു. പ്രതിദിന റിപ്പോർട്ടുകൾ അന്നന്ന് അവലോകനം ചെയ്ത് തുടർപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ജൂൺ മാസത്തിൽ വിവിധ തലങ്ങളിൽ വിലയിരുത്തൽ യോഗങ്ങൾ, ദ്രുതകർമ്മസേനാ യോഗം, കാര്യകാരണ വിശകലനം, ശില്പശാലകൾ തുടങ്ങിയവ നടത്തി രോഗം പൊട്ടിപ്പുറപ്പെടുന്ന പ്രദേശങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി. ജൂൺ 20-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇതര വകുപ്പുകളുടെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തന പങ്കാളിത്തം അവലോകനം നടത്തി. ജൂൺ 21-ന് ആരോഗ്യവകുപ്പ് മന്ത്രിയുടെ ചേംബറിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തന പങ്കാളിത്തം അവലോകന യോഗം നടത്തുകയും ജൂൺ 23-ന് പകർച്ചവ്യാധി നിയന്ത്രണം സംബന്ധിച്ച് സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. തുടർന്ന് ഓരോ ജില്ലയുടെയും ചാർജ്ജുള്ള മന്ത്രിമാരും എം.എൽ.എ.-മാരും അതാത് ജില്ലകളിലും നിയോജകമണ്ഡലങ്ങളിലും അവലോകന യോഗങ്ങൾ നടത്തി. ജൂൺ 27 മുതൽ 29 വരെ സംസ്ഥാനത്തൊട്ടാകെ ശുചീകരണ യജ്ഞം വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും നടത്തി. ജൂൺ 29 മുതൽ ജൂലൈ 3 വരെ കേന്ദ്ര ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധർ സംസ്ഥാനം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി. ഈ പ്രവർത്തനങ്ങളെല്ലാംതന്നെ പനി പടരുന്നത് തടയുന്നതിന് സഹായകമായിട്ടുണ്ട്.

(ഡി) ജൂൺ ഒന്ന് മുതലുള്ള പനി ബാധിച്ചവരുടെ എണ്ണം അനുബന്ധം 'ബി' ആയും ജൂൺ 15 മുതലുള്ള പനി ബാധിതരുടെ എണ്ണം അനുബന്ധം 'സി' ആയും ചേർക്കുന്നു.*

(ഇ) ജൂലൈ മാസത്തെ പനി മരണങ്ങളുടെ എണ്ണം അനുബന്ധം 'ഡി' ആയി ചേർക്കുന്നു.*

(എഫ്) മഴക്കാല പൂർവ്വപ്രതിരോധ പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പിന് വീഴ്ച സംഭവിച്ചിട്ടില്ല. മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നത് തൽക്കാലം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പനി ബാധിച്ച് മരിച്ചവരുടെ എണ്ണം**

173 (191) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധതരം പനിബാധിച്ച് മരിക്കുന്നവരുടെ എണ്ണം ഓരോ ദിവസവും കൂടിവരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് സംസ്ഥാനത്ത് വിവിധതരം പനി ബാധിച്ച് മരിച്ചവരുടെ എണ്ണമെത്ര; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പനി ബാധിച്ച് ആശുപത്രികളിൽ ചികിത്സ തേടിയവരുടെ എണ്ണമെത്ര; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ തരം പനികളാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ കണ്ടുവരുന്നത്;

(ഇ) മരുന്നിന്റെ കുറവ്, ഡോക്ടർമാരുടെ അഭാവം, പ്രതിരോധ പ്രവർത്തനങ്ങളിലെ പാളിച്ചകൾ ഇവയൊക്കെയാണ് പനിയടക്കമുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിന്റെ കാരണങ്ങളെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) അനുബന്ധം I *ആയി ചേർക്കുന്നു.

(സി) അനുബന്ധം II *ആയി ചേർക്കുന്നു.

(ഡി) ഡെങ്കിപ്പനി, എച്ച് 1 എൻ1, എലിപ്പനി, വൈറൽപ്പനി, മലമ്പനി, ചിക്കുൻഗുനിയ, ചിക്കൻപോക്സ്, ജപ്പാൻജ്വരം, അഞ്ചാംപനി.

(ഇ) ഇല്ല.

**പനി മരണങ്ങൾ**

174 (192) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഈ വർഷം 31-7-2017 വരെ എത്ര പനി മരണങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉണ്ടായിട്ടുണ്ട്;

(ബി) പത്തനംതിട്ട ജില്ലയിൽ മാത്രം എത്ര പനി മരണങ്ങൾ പ്രസ്തുത തീയതി വരെ ഉണ്ടായിട്ടുണ്ട്; ഏതൊക്കെ തരത്തിലുള്ള പനി മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്;

(സി) ഭാവിയിൽ ഇത്തരം പനി മരണങ്ങൾ തടയുന്നതിനായി സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന രേഖയാണ് ആരോഗ്യ വകുപ്പ് മുൻ വർഷങ്ങളിലെന്നപോലെ തയ്യാറാക്കിവരുന്നത്. അതിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗനിരീക്ഷണം, രോഗചികിത്സ, ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ, രോഗനിയന്ത്രണം തുടങ്ങി ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം മുതൽ വരുംവർഷങ്ങളിൽ തീവ്രപകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി സ്ഥായിയായ രീതിയിൽത്തന്നെ തുടർന്നുപോകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**പനി ക്ലിനിക്കുകൾ**

175 (193) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പി.എച്ച്. സെന്ററുകൾ ഉൾപ്പെടെ ഏതെല്ലാം ആശുപത്രികളിൽ പനി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഉച്ചയ്ക്കുശേഷം ഒ.പി. പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വിവരം ലഭ്യമാക്കുമോ;

(സി) ഓച്ചിറ സി.എച്ച്.സി.-യിൽ കിടത്തിച്ചികിത്സ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ഡോക്ടറെയും അനുബന്ധ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജീവനക്കാരെയും നിലനിർത്തിക്കൊണ്ട് കിടത്തിച്ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

1. താലൂക്കാശുപത്രി, കരുനാഗപ്പള്ളി
2. പ്രാഥമികാരോഗ്യകേന്ദ്രം, ആലപ്പാട്
3. സാമൂഹികാരോഗ്യകേന്ദ്രം, ഓച്ചിറ
4. പ്രാഥമികാരോഗ്യകേന്ദ്രം, കുലശേഖരപുരം
5. പ്രാഥമികാരോഗ്യകേന്ദ്രം, തൊടിയൂർ
6. പ്രാഥമികാരോഗ്യകേന്ദ്രം, തഴവ
7. പ്രാഥമികാരോഗ്യകേന്ദ്രം, വള്ളിക്കാട്
8. പ്രാഥമികാരോഗ്യകേന്ദ്രം, അഴീക്കൽ
9. നെഞ്ചുരോഗാശുപത്രി, കരുനാഗപ്പള്ളി

(ബി)

1. പ്രാഥമികാരോഗ്യകേന്ദ്രം, ആലപ്പാട്
2. പ്രാഥമികാരോഗ്യകേന്ദ്രം, തഴവ
3. പ്രാഥമികാരോഗ്യകേന്ദ്രം, വള്ളിക്കാവ് (ഉച്ചയ്ക്കുശേഷം 3 മണി വരെ പ്രവർത്തിക്കുന്നു)
4. പ്രാഥമികാരോഗ്യകേന്ദ്രം, കുലശേഖരപുരം (ഉച്ചയ്ക്കുശേഷം 3 മണി വരെ പ്രവർത്തിക്കുന്നു)

(സി) ആവശ്യമായ തസ്തികകളുടെയും ഭൗതിക സാഹചര്യങ്ങളുടെയും അപര്യാപ്തതമൂലം ഓച്ചിറ സാമൂഹികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിച്ചിട്ടില്ല.

(ഡി) തൽക്കാലം പരിഗണനയിലില്ല.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനം

176 (194) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവിന്റെയും ലാഭനഷ്ടങ്ങളുടെയും കണക്ക് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആവശ്യങ്ങൾക്കായി കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ ഹോട്ടൽ ബില്ലിനത്തിൽ ചെലവായ തുകയെത്രയാണ്; വിശദമാക്കുമോ ;

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ, തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ മെമ്പർഷിപ്പ് എടുത്തിട്ടുണ്ടോ ; എങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത മെമ്പർഷിപ്പ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിരോധിക്കപ്പെട്ട എത്രയിനം മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കെട്ടിക്കിടപ്പുണ്ട്; ഇവയുടെ മതിപ്പ് വില എത്രയാണെന്ന് വിശദമാക്കുമോ ;

(ഇ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ജനറിക് മരുന്നുകൾ വിലകുറച്ച് വാങ്ങി ജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലെ വില്പന ഉൾപ്പെടെ) കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവിന്റെയും ലാഭത്തിന്റെയും കണക്ക് ചുവടെ കൊടുക്കുന്നു.

| വർഷം | വില്പന (രൂപ) | ലാഭം (രൂപ) |
|---|---|---|
| 2013-14 | 4,64,92,81,109 | 4,09,10,810 |
| 2014-15 | 4,54,15,96,777 | 2,54,23,428 |
| 2015-16 | 5,04,83,06,610 | 4,36,00,846 |
| 2016-17 | 5,52,61,10,550 | 4,58,72,193 |

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ആവശ്യങ്ങൾക്കായി കഴിഞ്ഞ നാല് വർഷങ്ങളിൽ ഹോട്ടൽ ബില്ലിനത്തിൽ ചെലവായ തുക താഴെ കൊടുക്കുന്നു.

| വർഷം | വില്പന (രൂപ) |
|---|---|
| 2013-14 | 9,39,475 |
| 2014-15 | 4,15,601 |
| 2015-16 | 7,16,925 |
| 2016-17 | 14,97,114 |

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം കോർപ്പറേഷനെ സംബന്ധിച്ചുള്ള യോഗങ്ങൾ നടത്തുന്നതിനായി തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മെമ്പർഷിപ്പ് എടുത്തിട്ടുണ്ട്. പ്രസ്തുത മെമ്പർഷിപ്പ് വരുംകാലങ്ങളിൽ ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) നിരോധിക്കപ്പെട്ട മരുന്നുകളൊന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സംഭരിക്കുകയോ കോർപ്പറേഷൻ ലിമിറ്റഡിന്റെ സംഭരണശാലകളിൽ കെട്ടിക്കിടക്കുകയോ ചെയ്യുന്നില്ല.

(ഇ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ 'കേരള ജനറിക്സ്' എന്ന പേരിൽ ജനറിക് മരുന്നുകളുടെ വില്പന 15-5-2017 മുതൽ ആരംഭിച്ചിട്ടുണ്ട്.

## കല്ലറ സി.എച്ച്.സി., വാമനപുരം പി.എച്ച്.സി. എന്നിവയ്ക്ക് കെട്ടിട നിർമ്മാണം

177 (195) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ സി.എച്ച്.സി., വാമനപുരം പി.എച്ച്.സി. എന്നിവയ്ക്ക് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം പി.എച്ച്.സി.-യിൽ കെട്ടിടനിർമ്മാണത്തിനായി 6 കോടി 20 ലക്ഷം രൂപയുടെ ഭരണാനുമതി (സ.ഉ. (Rt) 643/17/ആ.കു.വ. തീയതി 13-3-2017) നൽകിയിട്ടുണ്ട്. കല്ലറ സി.എച്ച്.സി.-യിൽ കെട്ടിട നിർമ്മാണത്തിനായി ശ്രീ. കോലിയക്കോട് കൃഷ്ണൻനായർ, മുൻ എം.എൽ.എ.-യുടെ വികസന ഫണ്ടിൽനിന്ന് 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ എം.എൽ.എ.-യുടെ അപേക്ഷ പരിഗണിച്ച് സ.ഉ. നമ്പർ 276/16 ആ.കു.വ. തീയതി 27-1-2016 പ്രകാരം പ്രസ്തുത നിർമ്മാണ പ്രവർത്തനം റദ്ദ് ചെയ്യുകയുണ്ടായി. കല്ലറ സി.എച്ച്.സി.-ക്ക് കെട്ടിട നിർമ്മാണത്തിനായി 175 ലക്ഷം രൂപയുടെ ഭരണാനുമതി (സ.ഉ. (ആർ.ടി.) 3823/13/ആ.കു.വ. തീയതി 16-11-13) നൽകിയിട്ടുണ്ട്.

(ബി) വാമനപുരം പി.എച്ച്.സി.-യിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കല്ലറ സി.എച്ച്.സി.-യിൽ നിർമ്മാണ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

**ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി**

178 (196) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അപകടങ്ങളുമായി ബന്ധപ്പെട്ടുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായ ട്രോമാകെയറിന്റെ അഭാവം ഇപ്രകാരമുള്ള മരണസംഖ്യ പെരുകുന്നതിന് കാരണമാകുന്നതിനാൽ സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും മികച്ച ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം ആശുപത്രികളിൽ വിപുലമായ രീതിയിലുള്ള ആധുനിക ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) NATPAC-ന്റെയും റോഡ് സേഫ്റ്റി അതോറിറ്റിയുടെയും കണക്കുകൾ പ്രകാരം സംസ്ഥാനത്ത് റോഡപകടങ്ങളുമായി ബന്ധപ്പെട്ടുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ - നാഷണൽ ഹൈവേസ് എന്ന കേന്ദ്ര പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ആലപ്പുഴ മെഡിക്കൽ കോളേജിന് 367.5 ലക്ഷം രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിന് 804 ലക്ഷം രൂപയും ഒന്നാംഘട്ട കേന്ദ്രവിഹിതമായി അനുവദിച്ചിട്ടുണ്ട്.

ജനറൽ ആശുപത്രി തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ ട്രോമാകെയർ സംവിധാനം ലഭ്യമാണ്. കൊല്ലം ജില്ലയിൽ ജില്ലാ ആശുപത്രിയിലും കൊട്ടാരക്കര, നീണ്ടകര താലൂക്കാശുപത്രിയിലും ട്രോമാ കെയർ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോഴും അത്യാഹിത വിഭാഗത്തിൽ വരുന്ന ട്രോമാ കെയർ രോഗികൾക്കുവേണ്ട ചികിത്സ നൽകിവരുന്നു. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപകടത്തിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തര വൈദ്യസഹായം നൽകാൻ എല്ലാ ആശുപത്രികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ട്രോമാ കെയർ സംവിധാനം നിലവിലുണ്ട്. കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രം, ആലത്തൂർ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ട്രോമാ കെയർ സംവിധാനം നടപ്പാക്കാൻ റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് അനുവദിച്ചിട്ടുണ്ട്. എല്ലാ താലൂക്കാശുപത്രികളിലും റോഡ് അപകടത്തിൽപ്പെട്ട് വരുന്ന രോഗികൾക്ക് ചികിത്സ ലഭ്യമാണ്.

കേരള എമർജൻസി മെഡിക്കൽ സർവ്വീസ് (108 ആംബുലൻസ്) എന്ന പദ്ധതിയുടെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷത്തിൽ 13.48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആർദ്രം പദ്ധതി

179 (197) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മങ്കട നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.-കളെയും സി.എച്ച്.സി.-കളെയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, മണ്ഡലത്തിലെ പി.എച്ച്.സി.-കളെയും സി.എച്ച്.സി.-കളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിലവിലുൾപ്പെടുത്തിയിരിക്കുന്ന പി.എച്ച്.സി.-കൾ, സി.എച്ച്.സി.-കൾ, താലൂക്കാശുപത്രികൾ എന്നിവയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർദ്രം പദ്ധതിയിലൂടെ മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ ആർദ്രം മിഷൻ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 14 ജില്ലകളിൽ നിന്നുമായി തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) പി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ആദ്യഘട്ടത്തിൽ 14 ജില്ലകളിലെ 152 വികസന ബ്ലോക്കുകളിൽനിന്നും 140 അസംബ്ലി മണ്ഡലങ്ങളിൽ നിന്നുമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കരട് ലിസ്റ്റ് തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (ആർ.ടി.) 845/17/ആ.കു.വ. തീയതി 28-3-2017 പ്രകാരം തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയത്. ഒരു താലൂക്കിൽനിന്ന് ഒരു താലൂക്കുതല ആശുപത്രിയും ഒരു ജില്ലയിൽ നിന്ന് ഒരു ജില്ലാതല ആശുപത്രിയും നിശ്ചിത മാനദണ്ഡങ്ങളോടെ ഉയർത്തണമെന്ന ലക്ഷ്യത്തോടെ വിവിധ ജില്ലകളിൽനിന്നും താലൂക്കുകളിൽനിന്നും ആശുപത്രികളുടെ കരട് ലിസ്റ്റ് തയ്യാറാക്കുകയും വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷം അവയിൽനിന്നും തെരഞ്ഞെടുത്ത 17 ജില്ലാ ആശുപത്രിയെയും 75 താലൂക്കാശുപത്രിയെയും സ.ഉ. (എം.എസ്.) 58/17/ആ.കു.വ. തീയതി 22-4-2017 പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സുകൃതം പദ്ധതി**

180 (198) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗജന്യ ക്യാൻസർ ചികിത്സാപദ്ധതിയായ സുകൃതം പദ്ധതിയിലേക്കുള്ള മരുന്ന് വിതരണം നിർത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(ബി) ഇതുമൂലം രോഗികൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) മരുന്ന് വിതരണം കാര്യക്ഷമമല്ലാത്തതുകാരണം പദ്ധതിയിലേയ്ക്ക് പുതിയ രോഗികളെ രജിസ്റ്റർ ചെയ്യുന്നത് നിർത്തിവച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായ അലംഭാവത്തിന് ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ക്യാൻസർ രോഗികൾക്കുവേണ്ടി നടപ്പിലാക്കിയ സുകൃതം പദ്ധതി നിർത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ ഈ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി വിവിധ മരുന്ന് കമ്പനികൾക്ക് നൽകേണ്ടിയിരുന്ന കുടിശ്ശിക ഫണ്ടിന്റെ അപര്യാപ്തതമൂലം യഥാസമയം നൽകാൻ കഴിയാത്തതിനാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴിയുള്ള സുകൃതം പദ്ധതിക്കുവേണ്ടിയുള്ള മരുന്ന് വിതരണം താൽക്കാലികമായി തടസ്സപ്പെട്ടെങ്കിലും ഒരു രോഗിക്കും ഇതുമൂലം ചികിത്സ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. ഇക്കാര്യം ഉറപ്പാക്കുന്നതിന് ക്യാൻസർ രോഗികൾ ഏറെയും ആശ്രയിക്കുന്ന തിരുവനന്തപുരം ആർ.സി.സി.-യും മലബാർ ക്യാൻസർ സെന്ററും മറ്റ് സ്ഥാപനങ്ങളും തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ക്യാൻസർ രോഗികൾക്ക് സാധാരണ നൽകിവരുന്ന കീമോതെറാപ്പി മരുന്നുകൾ സൂപ്രണ്ടിന്റെ അധീനതയിലുള്ള ഫാർമസി വഴിയും RSBY പദ്ധതിവഴിയും കാരുണ്യ ബെനവലന്റ് പദ്ധതിവഴിയും ലഭ്യമാക്കിയിരുന്നു. കാരുണ്യ ഫാർമസി വഴിയുള്ള മരുന്ന് വിതരണത്തിലെ കുടിശ്ശിക തുക നൽകുന്നതിനായി 23,67,23,879 രൂപ KMSCL മുഖേന വിട്ടുനൽകുന്നതിന് ഇതിനകം ഉത്തരവായിട്ടുണ്ട്.

(സി) സുകൃതം പദ്ധതി ഒരു ചികിത്സാ ധനസഹായ പദ്ധതിയാണ്. കാരുണ്യ, താലോലം, ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് തുടങ്ങിയ

പദ്ധതികളുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയശേഷം അധികമായി വരുന്ന സാമ്പത്തിക ബാധ്യതയാണ് സുകൃതത്തിലൂടെ നൽകിവരുന്നത്. മരുന്ന് വിതരണം സുകൃതം പദ്ധതിയുടെ ഒരു ഭാഗം മാത്രമാണ്. സ്വയംഭരണാവകാശമുള്ള ക്യാൻസർ സെന്ററുകളിൽ തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി നടത്തുന്നതിനാൽ പുതിയ രോഗികളെ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമുണ്ടായിട്ടില്ല.

**ആരോഗ്യ മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

181 (199) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ, എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പ്രവൃത്തിയും എന്തെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനറൽ ആശുപത്രി തലശ്ശേരി, കോടിയേരി, കതിരൂർ, ചൊക്ലി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിൽ വരുത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കോന്നി താലൂക്കാശുപത്രി**

182 (200) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്കാശുപത്രി കെട്ടിട നിർമ്മാണവും ഇതര പ്രവർത്തനങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കോന്നി താലൂക്കാശുപത്രിയുടെ നിലവിലുള്ള അപര്യാപ്തതകൾ ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;

(സി) ആശുപത്രിയുടെ കെട്ടിടത്തിന്റെ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത താലൂക്കാശുപത്രി കെട്ടിട നിർമ്മാണത്തിന്റെ ശേഷിച്ച പണികൾ ,എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ആശുപത്രിയുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോന്നി താലൂക്കാശുപത്രിയുടെ 6000 Sq. ft. രണ്ടുനിലകെട്ടിടം പണി പൂർത്തീകരിച്ച് ഒ.പി., ഫാർമസി, ലാബ് എന്നിവ അതിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ജറിയാട്രിക് വാർഡിന്റെ നിർമ്മാണപ്രവൃത്തി പ്രാരംഭ ഘട്ടത്തിലാണ്. യാർഡ് കോൺക്രീറ്റിംഗ്, ടൈൽ പാകൽ, ഓട സ്ലാബിടൽ എന്നീ പ്രവൃത്തികൾ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ പാർട്ടീഷനും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള 15 ലക്ഷം രൂപയുടെ പ്രവൃത്തികൾ 30 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ, ഡെന്റൽ ഒ.പി., ഗൈനക് വാർഡ്, ഓർത്തോപീഡിക് വാർഡ്, മെഡിക്കൽ ഐ.സി.യു., കാഷ്വാലിറ്റി ഒബ്സർവേഷൻ വാർഡ്, മൈനർ ഓപ്പറേഷൻ വാർഡ് തുടങ്ങിയവ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ടി ആശുപത്രി ആർദ്രം പദ്ധതിയിൽ താലൂക്കുതല വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി&ഡി) താലൂക്കാശുപത്രി ഗൈനക്കോളജി വാർഡിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 32 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. ജറിയാട്രിക് വാർഡിന്റെ നിർമ്മാണ തുടർച്ചയ്ക്കായി 14,22,000 രൂപയുടെ പ്രവർത്തനങ്ങൾക്കും മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി 34,22,000 രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഇ&എഫ്) ശേഷിച്ച പണിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

**സൈക്കോ സോഷ്യൽ കൗൺസിലർമാർ**

183 (201) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് ഏതെല്ലാം അവധികൾ നിലവിൽ അനുവദിച്ചുവരുന്നുവെന്ന് അറിയിക്കുമോ ;

(ബി) കരാർ ജീവനക്കാർക്ക് നിയമാനുസൃതം അനുവദിക്കേണ്ട അവധികൾ ഏതെല്ലാം, അറിയിക്കുമോ ;

(സി) അവധികൾ കരാർ ജീവനക്കാർക്കും അനുവദിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് നിലവിൽ 6 മാസത്തെ ശമ്പളരഹിത പ്രസവാവധിയും 15 ദിവസത്തെ ആകസ്മിക അവധിയും ആരോഗ്യപരമായ കാരണങ്ങളാലുള്ള 45 ദിവസത്തെ ശമ്പളരഹിത അവധിയും അനുവദിച്ചുവരുന്നു.

(ബി & സി) ഒരു വർഷത്തേയ്ക്കോ അതിൽ കുറവോ കാലത്തേയ്ക്കാണ് കരാർ നിയമനമെങ്കിൽ കൃത്യനിർവ്വഹണത്തിലായിരുന്ന ഓരോ പതിനൊന്ന് ദിവസത്തിനും ഒന്ന് എന്ന തോതിൽ മുഴുവൻ ശമ്പളത്തോടെ പരമാവധി അനുവദിക്കാവുന്ന ആർജ്ജിത അവധി 15 ദിവസമാണ്. ഇതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാണ്. ആർജ്ജിത അവധി തീർന്നാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പകുതി ശമ്പളനിരക്കിൽ പരമാവധി 15 ദിവസം വരെ അവധി അനുവദിക്കാം. എന്നാൽ ആകെ നിയമനകാലത്ത് രണ്ട് ഇനത്തിലുമായി അനുവദിക്കാവുന്ന അവധി ഒരു മാസത്തിൽ കവിയാൻ പാടില്ല. കരാർ ജീവനക്കാർക്ക് നിയമാനുസൃതം അനുവദിക്കേണ്ട അവധികൾ അനുവദിക്കുന്നതാണ്.

## ജ്യൂസ് വിൽപ്പന സംബന്ധിച്ച പരിശോധന

184 (202) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബദാം, വാനില, പിസ്ത, ചോക്ലേറ്റ് തുടങ്ങിയ വിവിധ പേരുകളിൽ വർണ്ണാഭമായി പൊതിഞ്ഞ ടിന്നുകളിൽ ജ്യൂസ് കടകളിലെത്തിച്ച് വിൽപ്പന നടത്തുന്നവരെ സംബന്ധിച്ച് അറിവുണ്ടോ ;

(ബി) കോൺഫ്ലവർ എന്ന പേരിൽ സാക്രീനും മറ്റ് വിവിധ ഫ്ലേവറുകളും ചേർത്ത പൗഡറുകൾ ഇതിൽ കൂടി വ്യാപകമായി വിറ്റഴിക്കുന്നതുമൂലം മാരകമായ രോഗങ്ങൾ ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്കൂൾ, കോളേജ്, ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പൊതുയിടങ്ങളിൽ ജ്യൂസ് കടകളിൽ ഇവ ചേർത്ത് നൽകുന്ന പാനീയങ്ങൾ പരിശോധിക്കുന്നതിന് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ബദാം, വാനില, പിസ്ത, ചോക്ലേറ്റ് തുടങ്ങിയ വിവിധ പേരുകളിൽ ജ്യൂസ് കടകളിലെത്തിച്ച് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി സാധനങ്ങളുടെ വിൽപ്പനകേന്ദ്രങ്ങൾ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡായി പരിശോധന നടത്തി ദോഷകരമായ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് അറിയുന്നതിന് ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും ലാബ് പരിശോധനയ്ക്കായി എടുത്ത് ലാബിലേയ്ക്ക് അയയ്ക്കുന്നുണ്ട്.

(സി) പരിശോധന നടത്തിവരുന്നുണ്ട്.

**ജില്ലാ ആശുപത്രികളുടെ സ്വകാര്യവൽക്കരണം**

185 (203) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികൾ സ്വകാര്യവത്കരിക്കാനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽനിന്ന് എപ്പോൾ ഈ നിർദ്ദേശം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടാകാൻ പോകുന്ന ഗുണങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പരിഗണിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**പൂഴനാട് പി.എച്ച്.സി.**

186 (204) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പൂഴനാട് പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തി 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? ആയതിലേയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പൂഴനാട് പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് സ.ഉ.(ആർ.ടി.) നമ്പർ 845/17/ആ.കു.വ. തീയതി 28-3-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം ടി പി.എച്ച്.സി.-ൽ 1 അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസ്ഡ് ഒ.പി. കൗണ്ടർ, സ്വകാര്യതയുള്ള കൺസൾട്ടിംഗ് റൂമുകൾ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ', സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവൽക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ഈ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഒരുക്കാനായി പദ്ധതിയിനത്തിൽ 23 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ലാബ് സൗകര്യം ഒരുക്കുന്നതിന് 5 കോടി രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ നടന്നുകഴിഞ്ഞു. ഇവ സജ്ജീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

**പനിയുടെ തോത് വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ**

187 (205) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷംതോറും കേരളത്തിൽ മൺസൂൺ വേളകളിൽ പനി ആശങ്കാജനകമായി വർദ്ധിച്ചുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കേരളത്തിൽ ഇപ്രകാരം പനിയുടെ ആശങ്കയുള്ള സാഹചര്യത്തിൽ ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടും പനിയുടെ തോത് വർദ്ധിച്ചതിന്റെ കാരണങ്ങൾ വിശദമായി പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ ഏറ്റവും സാങ്കേതിക മികവുള്ള ഒരു സർക്കാർ ഏജൻസിയെക്കൊണ്ട് പഠനം നടത്തി തുടർനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്.

- കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ.
- ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മ.
- കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ.
- ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും.
- സാമൂഹിക ശുചിത്വത്തിലുള്ള താൽപ്പര്യക്കുറവ്.
- ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കാനുള്ള സൗകര്യക്കുറവ്

എന്നിവയാണ് പനി വർദ്ധിച്ചുവരുന്നതിനുള്ള കാരണങ്ങൾ.

(ബി) നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. MCVR മണിപ്പാൽ - മനുഷ്യരിൽ ഡെങ്കി, എച്ച്1 എൻ1 വൈറസുകളെക്കുറിച്ചുള്ള പഠനം നടത്തുന്നുണ്ട്.
2. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി - ഡെങ്കിപ്പനിയെക്കുറിച്ചുള്ള പഠനം നടത്തുന്നുണ്ട്.
3. VCRC കോട്ടയം - ഈഡിസ് കൊതുകുകളിൽ ഡെങ്കി, സിക്ക എന്നീ വൈറസുകളെക്കുറിച്ചുള്ള പഠനം നടത്തുന്നുണ്ട്.
4. കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം - പകർച്ചവ്യാധി മൂലമുണ്ടാകുന്ന മരണത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള പഠനം നടത്താൻ ആരംഭിച്ചിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

**ലാബ് ടെക്നീഷ്യന്റെ പ്രൊമോഷൻ**

188 (206) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പറവൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ലാബ് ടെക്നീഷ്യനായി ജോലി ചെയ്തുവരുന്ന പി. കെ. രാമചന്ദ്രന് ഗ്രേഡ് I പ്രൊമോഷൻ അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 23-1-2010-ൽ

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മലബാർ കാൻസർ സെന്ററിന്റെ വികസനം**

189 (207) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ കാൻസർ സെന്ററിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് വിഭാവന ചെയ്തത്; ഇതിന്റെ പുരോഗതി എന്താണെന്ന് വിശദീകരിക്കാമോ;

(ബി) മലബാർ കാൻസർ സെന്റർ തിരുവനന്തപുരം ആർ.സി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെങ്കിലും മാസ്റ്റർ പ്ലാൻ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 ബജറ്റിൽ മലബാർ കാൻസർ സെന്ററിന്റെ വികസനത്തിനായി 29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 ബജറ്റിൽ 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മലബാർ കാൻസർ സെന്ററിൽ കാൻസർ ജനറിക് ക്ലിനിക് പ്രവർത്തനമാരംഭിച്ചു. നഴ്സിംഗ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. മലബാർ കാൻസർ സെന്ററിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ചിന്റെ ഭാഗമായി National Board of Examination (NBE)-യുടെ കീഴിൽ DNB in Surgical Oncology Course ആരംഭിക്കുകയുണ്ടായി. പ്രോട്ടിയോമിക് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഇല്ല. എന്നാൽ മലബാർ കാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിനും 600 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനും മുഖ്യമന്ത്രി ചെയർമാനായുള്ള മലബാർ കാൻസർ സെന്ററിന്റെ ഒൻപതാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയും ഇതുപ്രകാരം 183 കോടി രൂപയുടെ ആദ്യഘട്ട പ്രൊപ്പോസൽ KIIFB (Kerala Infrastructural

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Investment Fund Board)-ൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി BSNL-നെ SPV ആക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ നടന്നുവരുന്നു.

## കാരുണ്യ മെഡിക്കൽ സ്റ്റോർ

190 (208) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്റ്റോർ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## മാവൂർ പഞ്ചായത്തിൽ പി.എച്ച്.സി.

191 (209) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിൽ പി.എച്ച്.സി. ഇല്ലാത്തതുമൂലം നിർവ്വഹണ ഉദ്യോഗസ്ഥനായി ചെറൂപ്പ സി.എച്ച്.സി.-ലെ ഉദ്യോഗസ്ഥരെ നിയമിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവൂർ പഞ്ചായത്തിന് സ്വന്തമായി പി.എച്ച്.സി. അനുവദിക്കാൻ തയ്യാറാകുമോ;

(സി) ചെറൂപ്പ സി.എച്ച്.സി.-യുടെ ഭൂമിയിലോ തെങ്ങിലക്കടവിൽ സർക്കാരിന് വിട്ടുകിട്ടിയ കെട്ടിടത്തിലോ താൽക്കാലികമായി പി.എച്ച്.സി. അനുവദിക്കാൻ നിർദ്ദേശമുണ്ടോ;

(ഡി) ഒരു പഞ്ചായത്തിന് ഒരു പി.എച്ച്.സി. എന്ന നയം നടപ്പിലാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ എല്ലാ പഞ്ചായത്തുകളിലും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമോ സാമൂഹ്യ ആരോഗ്യ കേന്ദ്രമോ താലൂക്കാശുപത്രിയോ നിലവിലുണ്ട്. മാവൂർ പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി & ഡി) ഇപ്പോൾ പരിഗണനയിലില്ല.

**അരിവാൾ കോശ വിളർച്ചാ രോഗികളെ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തൽ**

192 (210) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിവാൾ കോശ വിളർച്ചാ രോഗികളെ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്താത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച കേന്ദ്ര സർക്കാർ നിർദ്ദേശമുണ്ടായിട്ടും, തുടർ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2016-ലെ RPWD Act Sec. (2) Clause (Zc) പ്രകാരം അരിവാൾ കോശ വിളർച്ചാ രോഗം (Sickle Cell Disease) ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**ആർദ്രം പദ്ധതി**

193 (211) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്തെ ഓരോ മണ്ഡലത്തിലും നടപ്പിലാക്കുന്ന ഈ പദ്ധതി വഴി എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തൊട്ടാകെ പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സ.ഉ.(ആർ.ടി.) നമ്പർ 845/2017/ആ.കു.വ. തീയതി 28-3-2017 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി

തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ.ഉ.(എം.എസ്.) നമ്പർ 75/2017/ആ.കു.വ. തീയതി 12-5-2017 പ്രകാരം 680 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപയുടെ ഭരണാനുമതിക്കുള്ള വർക്കിംഗ് ഗ്രൂപ്പ് കഴിഞ്ഞു. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഏതാനും പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തനക്ഷമമാക്കുന്നതാണ്. ശേഷിക്കുന്നവ 2018 മാർച്ച് 31-നുമുമ്പ് പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. അതാത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ, ഡോക്ടർമാർ, ഹെൽത്ത് വർക്കേഴ്സ്, ആരോഗ്യ വകുപ്പ് ജീവനക്കാർ, സാമൂഹ്യ നീതി വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന 10 പേർ വീതമുള്ള ഗ്രൂപ്പിന് കിലയിൽവച്ച് പരിശീലനം നൽകിവരുന്നു.

(ബി) ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുന്നതോടൊപ്പം പ്രോട്ടോക്കോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാകുന്നു. സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാ തരത്തിലും രോഗീ സൗഹൃദമാക്കാനും സാർവ്വത്രികവും സൗജന്യവും സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ ഓരോ കുടുംബത്തിനും നൽകുവാനും ആർദ്രത്തിലൂടെ ലക്ഷ്യമിടുന്നു. രോഗപ്രതിരോധത്തിന് ഊന്നൽ നൽകുന്നതിനും പകർച്ചവ്യാധികളും ജീവിത ശൈലീരോഗങ്ങളെ നിയന്ത്രിക്കുന്നതിനും ഉതകുന്ന തരത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളെ പ്രാപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പകർച്ചവ്യാധി രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള പ്രവർത്തനങ്ങളും ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

**ആർദ്രം പദ്ധതി**

194 (212) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ ആവശ്യത്തിന് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആർദ്രം പദ്ധതിയിൽ ഈ ആശുപത്രിയെ ഉൾപ്പെടുത്തി ആവശ്യത്തിന് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അവികസിത മേഖലയായ ഇടുക്കി ജില്ലയിൽ ആശുപത്രി ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിന് പ്രത്യേകം പരിഗണന നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) തൊടുപുഴ ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എല്ലാ മേഖലയിലും സന്തുലിതമായ സേവനം ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ആർദ്രം പദ്ധതി**

195 (213) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.-കളിലും, സി.എച്ച്.സി.-കളിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ വിവിധ പി.എച്ച്.സി.-കളിലും,സി.എച്ച്.സി.-കളിലും, ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളും ഏർപ്പെടുത്തുന്ന കൂടുതൽ സൗകര്യങ്ങളും എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുകയും ജില്ലാ താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത 170 പി.എച്ച്.സി.-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ നടന്നുകഴിഞ്ഞു. അതനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ

കെ.എം.എസ്.സി.എൽ. വഴി ആരംഭിച്ചിട്ടുണ്ട്. ജില്ല/താലൂക്കുതല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. KIIFB-ൽ ഉൾപ്പെടുത്തിയ ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ല താലൂക്കുതല ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB, പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴി നടന്നുവരുന്നു. ആഗസ്റ്റ്, സെപ്റ്റംബർ മാസത്തോടുകൂടി ഏതാനും ഫാമിലി ഹെൽത്ത് സെന്ററുകൾ പ്രവർത്തനക്ഷമമാക്കാനും ബാക്കിയുള്ളവ 2018 മാർച്ച് 31-നുമുമ്പായി പ്രവർത്തനക്ഷമമാക്കാനും ഉദ്ദേശിക്കുന്നു.

(ബി) ചാലക്കുടി മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത പട്ടികയിൽ പി.എച്ച്.സി. പരിയാരം, ചാലക്കുടി താലൂക്ക് ആശുപത്രി എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തികകൾ പി.എച്ച്.സി., പരിയാരത്തും 3 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തിക ചാലക്കുടി താലൂക്ക് ആശുപത്രിയിലും സൃഷ്ടിച്ചിട്ടുണ്ട്. മറ്റുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. ആർദ്രം പദ്ധതിയിൽ സി.എച്ച്.സി.-കളെ പരിഗണിച്ചിട്ടില്ല. താലൂക്ക് നിലവാരത്തിലുള്ള ചുരുക്കം ചില സി.എച്ച്.സി.-കൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ.

4.35 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ തയ്യാറാക്കിവരുന്നു.

**ആർദ്രം പദ്ധതി**

196 (214) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കേരളത്തിലെ താലൂക്കാശുപത്രികൾ ഏതൊക്കെയാണെന്നറിയിക്കാമോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ താലൂക്കാശുപത്രികളിലെ തസ്തിക സൃഷ്ടിക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) മുൻസർക്കാർ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെയാണ് ആവശ്യത്തിന് തസ്തിക സൃഷ്ടിക്കാതെ താലൂക്കാശുപത്രികളായി ഉയർത്തിയതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 75 താലൂക്കാശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചുവരുന്നു. സർക്കാർ ഉത്തരവും പട്ടികയും അനുബന്ധമായി ചേർക്കുന്നു.*

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ ജനറൽ/ജില്ലാ/താലൂക്കാശുപത്രികളിൽ 281 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) 10 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

**ആർദ്രം പദ്ധതി**

197 (215) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ലക്ഷ്യം വിശദമാക്കാമോ; വരുന്ന 5 വർഷം കൊണ്ട് പൊതുജനാരോഗ്യ മേഖലയ്ക്ക് ഇതുവഴി എന്തൊക്കെ മാറ്റം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഗ്രാമീണ മേഖലയിൽ മെച്ചപ്പെട്ട ചികിത്സയും കിടത്തി ചികിത്സ ഉൾപ്പെടെയുള്ള അധുനിക ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി)

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.

- ജില്ലാ/താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.

- ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക, ആവശ്യമെങ്കിൽ ഉയർന്ന തലത്തിലേയ്ക്ക് രോഗികളെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റഫർ ചെയ്യുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയിൽ കാര്യക്ഷമമായി ഇടപെടുക എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളായി വിഭാവനം ചെയ്യുന്നു.

➢ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

➢ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

➢ ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക.

➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ്.

➢ ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഭരണാനുമതി നൽകി സ.ഉ.(സാധാ) നമ്പർ 845/17/H&FWD. dated 28-3-2017 സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഡോക്ടർ എന്നീ തസ്തികകൾക്ക്

ആകെ 680 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അതുപോലെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷംകൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾക്കാകെ 281 പുതിയ തസ്തികകൾ ഈ സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്.

- പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽനിന്നും G.O.(Rt.) No. 773/17/H&FWD dated, 22-3-2017 സർക്കാർ ഉത്തരവ് പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.

- 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾക്കുള്ള ഭരണാനുമതിക്കായുള്ള വർക്കിംഗ് ഗ്രൂപ്പ് ഇതിനകം നടന്നുകഴിഞ്ഞു. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികളും കെ.എം.എസ്.സി.എൽ. വഴി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

**ആർദ്രം മിഷൻ**

198 (216) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷനിൽ സ്റ്റാന്റേർഡൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തിയ കൊയിലാണ്ടി താലൂക്കാശുപത്രിയിൽ പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പുതുതായി നിർമ്മിച്ച ബഹുനില കെട്ടിടത്തിൽ സജ്ജമാക്കേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ നടപടികൾ പൂർത്തീകരിക്കാൻ എത്രനാൾകൂടി വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം മിഷനിൽ സ്റ്റാന്റേർഡൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തിയ കൊയിലാണ്ടി താലൂക്കാശുപത്രിയിൽ അടിയന്തര വൈദ്യസഹായം ലഭ്യമാക്കൽ

എന്ന ലക്ഷ്യത്തോടെ 5,00,35,480 രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള താലൂക്കതല ആശുപത്രികളുടെ പട്ടികയിൽ കൊയിലാണ്ടി താലൂക്ക് ആശുപത്രി ഉൾപ്പെടുകയും അടിയന്തര ആവശ്യനിർവ്വഹണത്തിനായി സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) പുതിയ കെട്ടിടത്തിൽ സജ്ജമാക്കേണ്ട സംവിധാനങ്ങൾ സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ആർദ്രം മിഷൻ പദ്ധതി**

199 (217) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പദ്ധതിയുടെ ഭാഗമായി ഈ സൗകര്യങ്ങൾ ഒരുക്കുന്നതിന് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) മതിയായ ജീവനക്കാരില്ലാത്തത് പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ കുറവ് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ആർദ്രം പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ ഒരു തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ ബ്ലോക്ക് നിർമ്മാണം**

200 (218) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) തലശ്ശേരി ജനറൽ ആശുപത്രി തലശ്ശേരി കോട്ടയുടെ സമീപത്ത് സ്ഥിതി ചെയ്യുന്നതിനാലും പുരാവസ്തു വകുപ്പിന്റെ നിയന്ത്രണമുള്ളതിനാലും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിനുവേണ്ടി തത്വത്തിൽ അനുമതി നൽകി മാന്ദ്യവിരുദ്ധ പാക്കേജിൽ 50 കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

തലശ്ശേരി തിരുവങ്ങാട് അംശം വയലളം ദേശത്ത് 3.0538 ഹെക്ടർ സ്ഥലം ഇതിനായി കണ്ടെത്തുകയും സ്ഥലത്തിന് നെഗോഷ്യബിൾ പർച്ചേസ് പ്രകാരം വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

**ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ**

201 (219) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) മിഷൻ വഴി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) മിഷന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ/താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.

➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.

➢ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

➢ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക.

• വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനഃക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ്.

(സി & ഡി)

◆ ആർദ്രം മിഷനിൽ വിഭാവന ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഭരണാനുമതി നൽകി സ.ഉ.(സാധാ) നമ്പർ 845/17/H&FWD. dated 28-3-2017 അനുബന്ധം 1 ആയി ചേർക്കുന്നു.* സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഡോക്ടർ എന്നീ തസ്തികകൾക്ക് ആകെ 680 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷംകൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾക്കാകെ 281 പുതിയ തസ്തികകൾ ഈ സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്.

◆ പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽനിന്നും G.O.(Rt.) No. 773/17/H&FWD dated 22-3-2017 എന്ന സർക്കാർ ഉത്തരവ് പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.

**സ്വകാര്യ ലാബുകളുടെ ചൂഷണം**

202 (220) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ സ്വകാര്യ ലാബുകൾ നടത്തുന്ന ചൂഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് അവസാനിപ്പിക്കാനും സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യം വിപുലീകരിക്കാനും നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ നേതൃത്വത്തിൽ ലാബുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആർദ്രം പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിലെ ലാബുകൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ നേതൃത്വത്തിൽ, ജനറൽ ആശുപത്രി ലബോറട്ടറിയിൽ ചെയ്യാത്ത പരിശോധനകൾക്കുള്ള സാമ്പിളുകൾ സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് സ്കീം (സി.ജി.എച്ച്.എസ്.) നിരക്കിലുള്ള ഫീസ് വാങ്ങി രാജീവ് ഗാന്ധി സെന്ററിന്റെ സെൻട്രൽ ലാബിൽ ടെസ്റ്റ് നടത്തി റിസൾട്ട് നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എല്ലാ സർക്കാർ ആശുപത്രികളിലും ഇത്തരം ലാബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

**സ്റ്റാന്റേർഡൈസേഷൻ ലിസ്റ്റിൽ മാലിപ്പുറം സി.എച്ച്.സി.-യെ ഉൾപ്പെടുത്താൻ നടപടി**

203 (221) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ ഭാഗമായി സ്പെഷ്യാലിറ്റി യൂണിറ്റോട് കൂടിയ തസ്തിക സൃഷ്ടിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റേർഡൈസേഷൻ ലിസ്റ്റിൽ മാലിപ്പുറം സി.എച്ച്.സി.-യെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നിലവാരത്തിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സി.എച്ച്.സി.-യുടെ സ്റ്റാന്റേർഡൈസേഷൻ പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## കായംകുളം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുകൾ

204 (222) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ എത്ര ഡയാലിസിസ് യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നും വിശദമാക്കാമോ;

(ബി) കായംകുളം ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എത്രയുംവേഗം ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം താലൂക്കാശുപത്രിയിൽ രണ്ട് ഡയാലിസിസ് യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. വാട്ടർ ക്വാളിറ്റി ടെസ്റ്റ്, വാട്ടർ കൾച്ചർ ടെസ്റ്റ് എന്നിവയുടെ ഫലം ലഭിച്ചതിനുശേഷം ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ആവശ്യമായ പരിശീലനം സിദ്ധിച്ച ജീവനക്കാർ ഇല്ലാതിരുന്നതിനാലാണ് പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാതിരുന്നത്.

(സി) ബ്ലഡ് സ്റ്റോറേജ് നിലവിൽ പ്രവർത്തനസജ്ജമാണ്.

## മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കെട്ടിട നിർമ്മാണം

205 (223) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് 18-11-2015-ൽ 3717/15 നമ്പർ ഉത്തരവ് പ്രകാരം 345 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണ്; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് എന്നത്തേയ്ക്ക് സ്ഥലം കൈമാറുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 18.11.2015-ലെ സ.ഉ.(സാധാ) നമ്പർ 3717/15/ആ.കു.വ. ഉത്തരവ് പ്രകാരം 345 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പുതിയ കെട്ടിടം പണി ചെയ്യാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ പഴയ മൂന്ന് കെട്ടിടങ്ങൾ (ഓഫീസ് ബിൽഡിംഗ്, കോൺഫറൻസ് ഹാൾ, ലബോറട്ടറി ബിൽഡിംഗ്) പൊളിച്ച് മാറ്റേണ്ടതുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗശൂന്യമായവ അല്ലാത്തതിനാൽ അൺഫിറ്റ് സർട്ടിഫിക്കറ്റ് പി.ഡബ്ല്യൂ.ഡി.-യിൽ നിന്നും ലഭ്യമല്ല. ആയതിനാൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള സാങ്കേതിക തടസ്സം നീക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം**

206 (224) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ഫീസ് നിരക്കിൽ കരാർ ഒപ്പിടാൻ തയ്യാറുള്ള സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളിൽ നിന്ന് സർക്കാർ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം നാളിതുവരെ എത്ര കോളേജുകളാണ് അപേക്ഷ നൽകിയിട്ടുള്ളത്; കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഒരു വിഭാഗം കോളേജുകളിൽ ഫീസ് നിർണ്ണയ സമിതി നിശ്ചയിച്ച ഫീസും മറ്റൊരു വിഭാഗത്തിൽ കഴിഞ്ഞ വർഷത്തേതുപോലെ നാലുതരം ഫീസും ഈടാക്കി വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നതിന് നിയമ പരിരക്ഷ ലഭിക്കുമോ;

(ഡി) ഫീസ് നിർണ്ണയ സമിതി നിശ്ചയിച്ച ഫീസ് അന്യായവും സാധാരണക്കാരായ വിദ്യാർത്ഥികളെ മെഡിക്കൽ പഠനത്തിൽനിന്നും അകറ്റുന്നതുമാണെന്നതിനാലാണോ കഴിഞ്ഞ വർഷത്തെ ഫീസിലേയ്ക്ക് തിരിച്ചുപോകുവാൻ സർക്കാർ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തെ ഫീസ് നിരക്കിൽ കരാർ ഒപ്പിടാൻ സന്നദ്ധതയുള്ള സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാരിനെ സമീപിക്കാവുന്നതാണെന്ന് കാണിച്ച് പത്രക്കുറിപ്പ് നൽകിയിരുന്നു.

(ബി) 9 സ്വാശ്രയ മെഡിക്കൽ കോളേജുകൾ കരാർ ഒപ്പിടാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

എല്ലാ സീറ്റുകളിലേയ്ക്കും അലോട്ട്മെന്റും സ്പോട്ട് അലോട്ട്മെന്റും നടത്തുന്നത് പ്രവേശന പരീക്ഷ കമ്മീഷണറായിരിക്കും എന്നതാണ് മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായ പ്രധാന നിബന്ധനകൾ.

(സി) 2017-ലെ 14-ാം നമ്പർ ഓർഡിനൻസിലെ 17-ാം ഖണ്ഡപ്രകാരം സർക്കാരിന് ഫീസോ അങ്ങനെയുള്ള മറ്റേതെങ്കിലും സംഗതിയോ സംബന്ധിച്ച് ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഏതൊരു ഉടമ്പടിയിലും ഏർപ്പെടാവുന്നതാണ്.

(ഡി) സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങൾക്ക് മുൻ വർഷങ്ങളിലെപോലെ സർക്കാരുമായി കരാറിലേർപ്പെടാനുള്ള അവസരം നൽകുക മാത്രമാണ് ചെയ്തത്. മറ്റുള്ള കോളേജുകളിൽ പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി നിശ്ചയിച്ച ഫീസായിരിക്കും ബാധകമാകുന്നത്.

**ആർദ്രം പദ്ധതി**

207 (225) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ ഉദ്ദേശിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് നാളിതുവരെ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഇതിന്റെ തുടർച്ചയായി ഇത്തരം കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ഡി) ആർദ്രം പദ്ധതിയിൽ സി.എച്ച്.സി.-കളുടെ നവീകരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ.ഉ. (എം.എസ്.) നമ്പർ 75/2017/ആ.കു.വ. തീയതി 28-3-2017 പ്രകാരം 680 തസ്തികകൾ സൃഷ്ടിക്കുകയും ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വികസനത്തിനായി 23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ്, സെപ്റ്റംബർ മാസത്തോടെ ആദ്യ ബാച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കാനും ബാക്കിയുള്ളവ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാനുള്ള നടപടിയും നടന്നുവരുന്നു. ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കും പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവർക്കുമുള്ള പരിശീലന പരിപാടികൾ കിലെയിൽ വച്ച് നടന്നുവരുന്നു.

(സി) പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ അടിസ്ഥാനമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ എല്ലാതരത്തിലും ശക്തിപ്പെടുത്താനും പ്രവർത്തന മേഖല വിപുലപ്പെടുത്താനും പരിമിത സേവനങ്ങളിൽനിന്നും വ്യത്യസ്തമായി ഒരു കുടുംബത്തിലെ എല്ലാ പ്രാഥമികാരോഗ്യ പരിചരണകാര്യങ്ങളും ചിട്ടയായി ചെയ്യാനാവുന്ന രീതിയിൽ ഈ കേന്ദ്രങ്ങളെ മാറ്റുന്നതിനും ജീവിതശൈലീ രോഗങ്ങളുടെ കണ്ടെത്തലിനും തുടർ ചികിത്സയ്ക്കുമുള്ള സംവിധാനങ്ങൾ (ലബോറട്ടറി സൗകര്യം) ഉൾപ്പെടെ ഓരോ കേന്ദ്രത്തിലും സജ്ജമാക്കാനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

(ഡി) നിലവിൽ ആർദ്രം പദ്ധതിയുടെ കീഴിൽ സി.എച്ച്.സി.-കളെ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ താലൂക്കുകളിലെ താലൂക്കാശുപത്രി നിലവാരത്തിലുള്ള ചുരുക്കം സി.എച്ച്.സി.-കൾ മാത്രമാണ് ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

## മലപ്പുറം കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

208 (226) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡി ഇതിനകം എത്ര തവണ യോഗം ചേർന്നു; പ്രസ്തുത കേന്ദ്രത്തിന്റെ ഭാവി സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മലപ്പുറം ജില്ലയിലെ പാണക്കാട് മലപ്പുറം കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ വ്യവസായ വകുപ്പിൽനിന്നും ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ തിരുവനന്തപുരത്ത് റീജിയണൽ കാൻസർ സെന്റർ

(ആർ.സി.സി.), കണ്ണൂരിൽ മലബാർ കാൻസർ സെന്റർ (എം.സി.സി.), എറണാകുളത്ത് കൊച്ചിൻ കാൻസർ സെന്റർ (സി.സി.സി.) എന്നിവിടങ്ങളിൽ സമഗ്ര കാൻസർ ചികിത്സയ്ക്കുള്ള അതിനൂതന സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നതിനാലും സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാലും മലപ്പുറത്ത് പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ച ആരോഗ്യ വകുപ്പ് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**താലൂക്കാശുപത്രികൾ**

209 (227) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ എത്ര ആശുപത്രികളാണ് താലൂക്കാശുപത്രികളായി ഉയർത്തിയത്; താലൂക്കാശുപത്രിയായി ഉയർത്തിയ ആശുപത്രികളിൽ അതിന് അനുസൃതമായ തസ്തികകൾ സൃഷ്ടിച്ചിരുന്നോ;

(ബി) താലൂക്കാശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ എങ്ങനെയാണെന്ന് വിശദമാക്കാമോ;

(സി) പയ്യന്നൂർ താലൂക്കാശുപത്രിയിൽ വിവിധ വിഭാഗങ്ങളിൽ എത്ര തസ്തികകൾ ഉണ്ട്; അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) നിലവിലുള്ള ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് 10 സി.എച്ച്.സി.-കളെ താലൂക്കാ ശുപത്രികളായി ഉയർത്തിയിട്ടുണ്ട്. ടി ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി - ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**താലൂക്ക് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തൽ**

210 (228) ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ.ആന്റണി ജോൺ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താലൂക്കാശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒരു റെവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ പൂർണ്ണ സൗകര്യങ്ങളുള്ള സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും മറ്റ് ആധുനിക ഉപകരണങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 75 താലൂക്ക് ആശുപത്രികളിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ടും സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെയും മറ്റും അനുബന്ധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 11 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും 4 താലൂക്ക് ആശുപത്രികളിലും നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പുതുതായി 27 താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലും 11 താലൂക്ക് ആശുപത്രികളിലും മറ്റ് ആരോഗ്യകേന്ദ്രങ്ങളിലുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ 44 ഡയാലിസിസ് യൂണിറ്റ് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ**

211 (229) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ആകെ കണക്കുകൾ ലഭ്യമാണോ;

(ബി) ഇതിൽ സ്ത്രീ-പുരുഷന്മാരുടെ കണക്കുകൾ വേർതിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ലഭ്യമായ വിവരപ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ 74905 നഴ്സമാർ ജോലി ചെയ്യുന്നു.

(ബി) സ്ത്രീകൾ - 57515

പുരുഷന്മാർ - 17390

## സ്വകാര്യ ആശുപത്രികളിലെ നഴ്സമാരുടെ ശമ്പളം

212 (230) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സമാർക്ക് സർക്കാർ ആശുപത്രികളിലെ നഴ്സമാർക്ക് ലഭിക്കുന്നതിന് അനുസൃതമായ ശമ്പളം നൽകണമെന്ന് സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണമുള്ള കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത ശിപാർശ നൽകിയത്; ശിപാർശയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കണമെന്ന് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി ഇക്കാര്യം നടപ്പിലാക്കുവാനുള്ള നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) 24-2-2016-ൽ കൂടിയ കമ്മിറ്റിയാണ് പ്രസ്തുത ശിപാർശ നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ശിപാർശയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

1. <u>ശമ്പളം</u>

- 50 വരെ കിടക്കകളുള്ള ആശുപത്രികൾ - ഏറ്റവും കുറഞ്ഞ വേതനം - 20,000 രൂപ.
- 50-നും 100-നും ഇടയിൽ കിടക്കകളുള്ള ആശുപത്രികൾ - സർക്കാർ നഴ്സമാരുടെ വേതനത്തിൽനിന്നും 25 ശതമാനം കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.
- 100-നും 200-നും ഇടയിൽ കിടക്കകളുള്ള ആശുപത്രികൾ - സർക്കാർ നഴ്സമാരുടെ വേതനത്തിൽനിന്നും 10 ശതമാനം കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.
- 200-നു മുകളിൽ കിടക്കകളുള്ള ആശുപത്രികൾ - സർക്കാർ നഴ്സമാർക്ക് തുല്യമായ വേതനം.

2. <u>പ്രവർത്തന മാനദണ്ഡങ്ങൾ</u>

അവധി, പ്രവർത്തന സമയം, ചികിത്സാ സൗകര്യങ്ങൾ, യാത്രാ സൗകര്യം, താമസസൗകര്യം എന്നിവ സർക്കാർ നഴ്സുമാർക്ക് അനുവദിച്ചിട്ടുള്ളതിന് തുല്യമാകണം.

3. പ്രൈവറ്റ് ആശുപത്രികളിലും/സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന നഴ്സുമാർക്ക് മുകളിൽ പറയുന്ന ശിപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ/നിയമനിർമ്മാണം രൂപീകരിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) ഉണ്ട്. സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണമുള്ള കമ്മിറ്റിയുടെ ശിപാർശകൾ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് മിനിമം വേതന ഉപദേശക സമിതി സർക്കാരിന് ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരടക്കമുള്ള ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ചട്ടപ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരം**

213 (231) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള വർദ്ധനവ് ആവശ്യപ്പെട്ട് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ 22 ദിവസം നടത്തിയ സമരം ഒത്തുതീർപ്പാക്കിയ കരാറിലെ വ്യവസ്ഥകളെന്തൊക്കെയാണ്;

(ബി) നഴ്സുമാരുടെ ശമ്പളവർദ്ധനവ് പരിഗണിച്ച സുപ്രീംകോടതി ഉത്തരവിൽ തുല്യ ജോലിക്ക് തുല്യ ശമ്പളം നൽകണമെന്നും ഇതുസംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ ശിപാർശകൾ നടപ്പിലാക്കണമെന്നും ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഈ വിധിക്കനുസൃതമായിട്ടാണോ സമരം ഒത്തുതീർക്കുന്നതിനുള്ള കരാറിലെത്തിയത്;

(സി) മുഖ്യമന്ത്രി പ്രഖ്യാപിച്ച ശമ്പളവർദ്ധനവ് അംഗീകരിക്കുകയില്ലെന്ന് ഒരു വിഭാഗം സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇടപെട്ട് നഴ്സുമാർക്ക് കരാറിലെ വ്യവസ്ഥ പ്രകാരമുള്ള ശമ്പളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

1. 50 കിടക്ക വരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000 രൂപയായി നിശ്ചയിക്കുന്നതാണ്.

2. 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം നിർണ്ണയിക്കാൻ സർക്കാർ ഒരു സമിതിയെ നിയോഗിക്കും.

3. നഴ്സിംഗ് ട്രെയിനിമാരുടെ സ്റ്റൈപ്പന്റ് കാലോചിതമായി വർദ്ധിപ്പിക്കും. ട്രെയിനിംഗ് കാലാവധി സംബന്ധിച്ച കാര്യവും സ്റ്റൈപ്പന്റ് പുതുക്കി നിശ്ചയിക്കുന്ന കാര്യവും സമിതിയുടെ പരിഗണനയ്ക്ക് വിടുന്നതായിരിക്കും.

4. ഇക്കാര്യങ്ങൾ പരിശോധിക്കാനും ശിപാർശ സമർപ്പിക്കാനുമായി തൊഴിൽ-ആരോഗ്യ-നിയമ സെക്രട്ടറിമാരും ലേബർ കമ്മീഷണറും അംഗങ്ങളായി ഒരു സമിതിയെ സർക്കാർ നിയോഗിക്കും. ഒരു മാസത്തിനകം സർക്കാർ റിപ്പോർട്ട് സമർപ്പിക്കണം.

5. മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള അധികാരം മിനിമം വേജസ് കമ്മിറ്റിക്കാണ്. സർക്കാർ നിയോഗിക്കുന്ന സമിതിയുടെ നിർദ്ദേശങ്ങൾ മിനിമം വേജസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കും.

6. സമരത്തിന്റെ പേരിൽ മാനേജ്മെന്റുകൾ പ്രതികാര നടപടികൾ സ്വീകരിക്കില്ല. സമരം അവസാനിപ്പിക്കുകയും ജീവനക്കാർ ആശുപത്രി പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുകയും ചെയ്യും.

(ബി) ഇല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയനുസരിച്ച് നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ 50 കിടക്കവരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000 രൂപയായി നിശ്ചയിക്കാൻ ധാരണയായിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം**

214 (232) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളത്തിൽ എത്ര ശതമാനം വർദ്ധന വരുത്തുന്നതിനാണ് മിനിമം വേതന സമിതി തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശിപാർശ അനുസരിച്ച് വിവിധ തലത്തിലുള്ള ആശുപത്രികളിലെ നെഴ്സുമാരുടെ വേതന നിലവാരം വ്യക്തമാക്കുമോ;

(സി) വേതന വർദ്ധന സംബന്ധിച്ച് സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച മിനിമം വേതന കമ്മിറ്റി, നിയമം, തൊഴിൽ, ആരോഗ്യം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിൽ 10-7-2014-ന് നടന്ന യോഗത്തിൽ ടി മേഖലയിലെ ഏറ്റവും താഴ്ന്ന തസ്തികയിലെ ജീവനക്കാരന് 15,600 രൂപ അടിസ്ഥാന വേതനമായി നിശ്ചയിക്കുകയും ആയത് ടി തസ്തികയിൽ നിലവിലുള്ള മിനിമം വേതനത്തോടൊപ്പം 100 പോയിന്റ് ക്ഷാമബത്ത കൂട്ടിക്കിട്ടുന്ന തുകയും ആയതിനോടൊപ്പം 50 ശതമാനം വർദ്ധനവ് വരുത്തിയതിന് തുല്യവുമാകയാൽ ടി മാനദണ്ഡം മറ്റ് തസ്തികകളിലെയും മിനിമം വേതനം നിശ്ചയിക്കുന്നതിന് ആധാരമാക്കാൻ കമ്മിറ്റിയിൽ ധാരണയായിട്ടുണ്ട്. എന്നാൽ ടി മാനദണ്ഡപ്രകാരം നെഴ്സുമാരുടെ വേതനം സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള കമ്മിറ്റി ശിപാർശ ചെയ്തതിന് തുല്യമാകാതെ വരുന്നതിനാൽ നഴ്സസ് യൂണിയൻ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുകയെന്ന നിലയിൽ അല്ലാതെ മേൽ മാനദണ്ഡപ്രകാരം മിനിമം വേതനം പരിഷ്കരിക്കുകയെന്ന നിലയിലാണ് കമ്മിറ്റിയിൽ ധാരണയായിട്ടുള്ളത്.

(ബി & സി) സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച് മിനിമം വേതന കമ്മിറ്റി 10-7-2014-ൽ കൈക്കൊണ്ട ധാരണപ്രകാരം നഴ്സുമാരുടെ അടിസ്ഥാനവേതനം 17,200 രൂപയായി നിശ്ചയിക്കുകയും അതത് ജില്ലകളിലെ കൺസ്യൂമർ പ്രൈസ് ഇൻഡക്സിന്റെ 300 കഴിഞ്ഞുവരുന്ന ഓരോ പോയിന്റിനും 26.65 രൂപ എന്ന നിരക്കിൽ ക്ഷാമബത്തയും കൂടാതെ ആശുപത്രികളുടെ തരംതിരിവിനുസരിച്ച് ചുവടെ പറയുംപ്രകാരം അലവൻസ് നൽകുന്നതിനും ധാരണയായി.

| സ്ഥാപനങ്ങൾ | അധിക അലവൻസ് | നെഴ്സിംഗ് അലവൻസ് |
|---|---|---|
| 1 മുതൽ 20 വരെ കിടക്കകളുള്ളവ | 3% | 3% |
| 21 മുതൽ 100 വരെ കിടക്കകളുള്ളവ | 5% | 750 രൂപ |
| 101 മുതൽ 300 വരെ കിടക്കകളുള്ളവ | 12% | 1000 രൂപ |
| 301 മുതൽ 500 വരെ കിടക്കകളുള്ളവ | 15% | 1200 രൂപ |
| 501 മുതൽ 800 വരെ കിടക്കകളുള്ളവ | 20% | 1200 രൂപ |
| 800-ന് മുകളിൽ കിടക്കകളുള്ളവ | 30% | 1400 രൂപ |

**കായംകുളം താലൂക്കാശുപത്രി**

215 (233) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ പ്രതിദിനം എത്ര OP കേസ്സുകൾ ശരാശരി എത്തുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ബി) രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരുടേയും, പാരാമെഡിക്കൽ ജീവനക്കാരുടേയും സേവനം ലഭ്യമാണോ എന്ന് വിശദമാക്കാമോ;

(സി) ഒ.പി. യിൽ എത്തുന്ന രോഗികൾക്ക് അനുസരണമായി ആവശ്യമായ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശരാശരി രണ്ടായിരത്തോളം കേസ്സുകൾ എത്തുന്നുണ്ട്.

(ബി&സി) ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനം രോഗികൾക്ക് ലഭ്യമാക്കുന്നുണ്ടെങ്കിലും രോഗികൾക്ക് ആനുപാതികമായി ചികിത്സാ സംവിധാനം ലഭ്യമാക്കുന്നതിന് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിലെ പനിമരണങ്ങൾ**

216 (234) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡല പരിധിക്കുള്ളിൽ 2017-ൽ എത്ര പനി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ഡെങ്കിപ്പനി ബാധിച്ച് മരിച്ചവരുടെ എണ്ണം എത്ര; വിശദമാക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡല പരിധിക്കുള്ളിൽ 2017-ൽ ഏഴ് പനി മരണങ്ങൾ റിപ്പോർട്ട് ചെയ്തു.

(ബി) ഡെങ്കിപ്പനി ബാധിച്ച് ഒരാൾ മരിച്ചിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ**

217 (235) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി എത്ര അംഗൻവാടികളുണ്ട്; ഇവയിൽ സ്വന്തമായി കെട്ടിടം ഉള്ളവ എത്ര; പഞ്ചായത്ത് തിരിച്ചുള്ള എണ്ണം വിശദമാക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ആകെ 9 പഞ്ചായത്തുകളിലെ അങ്കണവാടികളെ സംബന്ധിച്ചുള്ള സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | ആകെ അങ്കണവാടികളുടെ എണ്ണം | സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| വാമനപുരം | 23 | 23 |
| നെല്ലനാട് | 24 | 24 |
| പുല്ലമ്പാറ | 25 | 24 |

| (1) | (2) | (3) |
|---|---|---|
| പെരിങ്ങമ്മല | 37 | 37 |
| നന്ദിയോട് | 30 | 29 |
| പാങ്ങോട് | 32 | 31 |
| കല്ലറ | 28 | 27 |
| ആനാട് | 30 | 23 |
| പനവൂർ | 22 | 19 |
| ആകെ | 251 | 237 |

**ഒഴലപ്പതി പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ**

218 (236) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഒഴലപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒഴലപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി അസിസ്റ്റന്റ് സർജൻ - 1, സ്റ്റാഫ് നഴ്സ് ഗ്രേഡ് II-2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ ആർദ്രം പദ്ധതിക്കായി 2,300 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## പാലക്കാട് സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ

219 (237) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ജീവനക്കാരുടെ കുറവ് നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പി.എസ്.സി. വഴി നിയമിക്കുന്ന തസ്തികകളിലെ ഒഴിവുകൾ ജില്ലാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്റ്റാഫ് നഴ്സിന്റെ ഒഴിവിൽ പ്രത്യേകിച്ച് അട്ടപ്പാടി മേഖലകളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും മറ്റ് സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് മുഖാന്തരവും താത്കാലിക നിയമനം നടത്തിയിട്ടുണ്ട്.

## ആലത്തൂർ താലൂക്കാശുപത്രി

220 (238) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ താലൂക്കാശുപത്രികളിൽ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്നത് ആലത്തൂർ താലൂക്കാശുപത്രിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ താലൂക്കാശുപത്രിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തും, വ്യക്തികളും സന്നദ്ധത അറിയിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ താലൂക്കാശുപത്രിയിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2.04 ഏക്കർ സ്ഥലത്താണ് നിലവിൽ ആശുപത്രി പ്രവർത്തിക്കുന്നത്. പ്രധാന കെട്ടിടങ്ങളെല്ലാം 50 വർഷത്തിലേറെ പഴക്കമുള്ളതാണ്. ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് ആധുനിക രീതിയിലുള്ള ഒരു ബഹുനില കെട്ടിടം അനിവാര്യമാണ്. അത്തരത്തിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ആശുപത്രിയിൽ ലഭ്യമല്ല. അതുപോലെതന്നെ ആശുപത്രിയോട് ചേർന്ന് സബ് ജയിൽ സ്ഥിതിചെയ്യുന്നതിനാൽ ലഭ്യമായ സ്ഥലത്ത് രണ്ട് നിലയിൽ കൂടുതലുള്ള കെട്ടിടം നിർമ്മിക്കാൻ കഴിയുകയില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി)

1. ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളുടെ പട്ടികയിൽ ആലത്തൂർ താലൂക്കാശുപത്രി തെരഞ്ഞെടുക്കപ്പെടുകയും ആദ്യഘട്ടമായി ടി ആശുപത്രിയിൽ രണ്ട് സ്റ്റാഫ് നഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.
2. ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കും എക്സ്-റേ യൂണിറ്റിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കും.
3. മാതൃ-ശിശു വിഭാഗം കെട്ടിടത്തിലേയ്ക്ക് ബാക്കി ആവശ്യമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, തിയേറ്റർ, ലേബർ റൂം, വാർഡുകൾ എന്നീ വിഭാഗങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോതമംഗലം താലൂക്കാശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയാക്കൽ**

221 (239) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി, എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കാശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി പുതിയ തസ്തികകൾ അനുവദിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ജില്ലാ/താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി തലത്തിലുള്ള സേവനം ലഭ്യമാക്കാനാണ് ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രസ്തുത പട്ടികയിൽ കോതമംഗലം താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

(ബി&സി) ആർദ്രം പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്കാശുപത്രിയിൽ 2 സ്റ്റാഫ് നഴ്സിന്റെ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം ആശുപത്രിക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കൽ**

222 (240) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ താലൂക്കാശുപത്രിയിൽ 12 അധിക ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേലുള്ള തീരുമാനം എന്നത്തേയ്ക്ക് ആകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ ഞാറക്കൽ താലൂക്കാശുപത്രി ഉൾപ്പെട്ടിട്ടില്ല.

**കാട്ടാക്കട പി.എച്ച്.സി.**

223 (241) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ ആമച്ചൽ, പള്ളിച്ചൽ എന്നിവിടങ്ങളിലെ പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയതിനെ തുടർന്ന് എന്തെല്ലാം സംവിധാനങ്ങളാണ് ഇവിടെ ഒരുക്കാൻ കഴിഞ്ഞത് ; ഇനി എന്തെല്ലാം മാറ്റങ്ങളാണ് പുതുതായി ഉണ്ടാകേണ്ടത്; ആയതിനുള്ള നടപടി ക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

കാട്ടാക്കട മണ്ഡലത്തിൽ ആമച്ചൽ, പള്ളിച്ചൽ എന്നീ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ടി സ്ഥാപനങ്ങളിൽ 1 അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ കൗണ്ടർ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവൽക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമികാരോഗ്യ പരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 170 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 23 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## മാവേലിക്കര ജില്ലാ ആശുപത്രി

224 (242) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; അടിയന്തര ഭരണാനുമതി ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ 68.25 കോടി രൂപ ചെലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഇപ്പോൾ പരിഗണനയിലുള്ള പ്രോജക്ടുകൾക്കുശേഷം പ്രസ്തുത ശിപാർശ പരിശോധിക്കുന്നതാണ്.

## മാവേലിക്കര ജില്ലാ ആശുപത്രി

225 (243) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ജില്ലാ ആശുപത്രിക്കാനുപാതികമായ ഡോക്ടർമാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ ആശുപത്രിക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ച് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ എണ്ണവും ജില്ലാ ആശുപത്രി നിലവാരത്തിൽ ആവശ്യമുള്ള ഡോക്ടർമാരുടെ എണ്ണവും വ്യക്തമാക്കാമോ;

(ഡി) സിവിൽ സർജൻ പോസ്റ്റിൽ അടിയന്തരമായി ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ എണ്ണം 31. ജില്ലാ ആശുപത്രിയുടെ നിലവാരത്തിനുവേണ്ട ഡോക്ടർമാരുടെ എണ്ണം 78.

(ഡി) മാവേലിക്കര ജില്ലാ ആശുപത്രിക്കായി സിവിൽ സർജൻ തസ്തിക സൃഷ്ടിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിലുള്ള ഒഴിവുകൾ

226 (244) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതം ഒഴിവുകൾ ഉണ്ട് ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഒഴിവുള്ള തസ്തികകൾ

| തസ്തിക | എണ്ണം |
|---|---|
| ക്ലാർക്ക് | 3 |
| ലാബ് ടെക്നീഷ്യൻ | 19 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| സ്റ്റാഫ് നഴ്സ് | 40 |
| ഹെൽത്ത് ഇൻസ്പെക്ടർ | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I | 19 |
| ഫാർമസിസ്റ്റ് | 6 |
| റേഡിയോഗ്രാഫർ | 4 |
| ട്രീറ്റ്മെന്റ് ഓർഗനൈസർ | 1 |

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി**

227 (245) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി 10 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുകയിൽ 9 കോടി രൂപയുടെ 3T MRI സ്കാനറും ഒരു കോടി രൂപയ്ക്ക് ഡ്യൂയൽ സി.ടി. സ്കാനറും വാങ്ങുന്നതിനുവേണ്ടി പണം KMSCL-ലേയ്ക്ക് കൈമാറിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മെഷിനറി ആന്റ് എക്യുപ്മെന്റ് ഹെഡ്ഡിൽ 2 കോടി രൂപ

അനുവദിച്ചിട്ടുണ്ട്. ആ തുക ചെലവഴിച്ച് എംബഡിങ്ങ് സ്റ്റേഷൻ (പത്തോളജി), വീഡിയോ എൻഡോസ്കോപ്പി സിസ്റ്റം, പോർട്ടബിൾ ഡയാലിസിസ് മെഷീൻ, കളർ ഡോപ്ലർ യു.എസ്.ജി., എച്ച്.ഡി. ക്യാമറ, കേയോ സർജിക്കൽ യൂണിറ്റ്, എച്ച്.ഡി. ലാപ്രോസ്കോപ്പി, എച്ച്.ഡി. ക്യാമറ സിസ്റ്റം തുടങ്ങിയ ഉപകരണങ്ങളും ഹോസ്പിറ്റലിൽ ആവശ്യമായ ടെസ്റ്റുകൾക്കുള്ള റീഏജന്റുകൾ, കെമിക്കലുകൾ, വെന്റിലേറ്റർ, അനസ്തേഷ്യ മെഷീൻ എന്നിവയും വാങ്ങിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം വിവിധ ചെലവുകൾക്കായി താഴെപ്പറയുന്ന തുകകളും അനുവദിച്ചിട്ടുണ്ട്. പ്ലാൻ ഹെഡുകൾ -17 MW - 2,00,00,000 രൂപ (രണ്ട് കോടി) 19 M&E - 4,00,00,000 രൂപ (നാല് കോടി) 24 M&S - 4,00,00,000 രൂപ (നാല് കോടി) 34 OC - 5,00,00,000 രൂപ(അഞ്ച് കോടി) കൂടാതെ ഹോസ്പിറ്റലിൽ പേഷ്യന്റ് ഫ്രണ്ട്‌ലി അറ്റ്മോസ്ഫിയർ സൃഷ്ടിക്കുന്നതിനുവേണ്ടി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഹോസ്പിറ്റലുകളുടെ അറ്റകുറ്റപ്പണികൾക്കായും വില കൂടിയ ഉപകരണങ്ങളുടെ പരിപാലനത്തിനുമായി 5.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്യാപിറ്റൽ ഹെഡ്ഡിൽ 10 കോടി രൂപയും അനുവദിച്ചു. ആ തുകയിൽ നിന്ന് രണ്ട് എക്സാം ഹാളിനായി 3.1 കോടി രൂപയും മോർച്ചറി കോംപ്ലക്സിനായി 2.6 കോടി രൂപയും ജീവനക്കാർക്ക് ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് പണിയുന്നതിനായി 4.3 കോടി രൂപയും മാറ്റിവച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കി. കൂടാതെ 8 MLD പ്ലാന്റ് കൂടി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആർദ്രം പദ്ധതിയുടെ ഭാഗമായി ഹോസ്പിറ്റലിലെ ഒ.പി. വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി 7.15 കോടി രൂപയുടെ ഭരണാനുമതിയും ഈ കാലയളവിൽ നൽകിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്കുവേണ്ടിയുള്ള റസിഡൻഷ്യൽ ക്വാർട്ടേഴ്സ്, ലക്ചർ തിയേറ്റർ കോംപ്ലക്സ്, ജറിയാട്രിക് വാർഡ്, പാരാമെഡിക്കൽ ഹോസ്റ്റൽ, ഗസറ്റഡ് ഓഫീസർമാർക്കുള്ള ഫ്ലാറ്റ് തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. അഡീഷണൽ ഫ്ലോർ ഫോർ എം.എച്ച്. 3 ഹോസ്റ്റൽ & പി.എം.ആർ., മോഡേണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ, ഹോസ്റ്റൽ ഫോർ 250 സ്റ്റുഡന്റ്സ്, ടേർഷറി കാൻസർ സെന്റർ, പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ പുതിയ കാഷ്വാലിറ്റി ബ്ലോക്ക്, സുകൃതം പദ്ധതി തുടങ്ങിയവയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

## കൊയിലാണ്ടി നഗരസഭയിൽ ആയുർവ്വേദ ആശുപത്രി

228 (246) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നഗരസഭയിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആയുർവ്വേദ ആശുപത്രി ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവിടെ അത്തരമൊരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

ഉണ്ട്. കൊയിലാണ്ടി നഗരസഭയിൽ ഒരു എൻ.എച്ച്.എം. ഡിസ്പെൻസറിയാണ് നിലവിലുള്ളത്. ആശുപത്രിക്കാവശ്യമായ സ്ഥലം, കെട്ടിടം എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട നഗരസഭ ലഭ്യമാക്കി പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണം**

229 (247) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കോളേജിന്റെ നിർമ്മാണത്തിന് ആവശ്യമായ മൊത്തം തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിനകം സർക്കാരിൽനിന്നും മറ്റ് കേന്ദ്രങ്ങളിൽനിന്നും അനുവദിച്ചു കിട്ടിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ ബാക്കി തുക അനുവദിക്കുമോ എന്നും അതിനാവശ്യമായ എന്ത് നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) ഇതിനായി നബാർഡിൽനിന്ന് എത്ര തുകയാണ് സഹായമായി ലഭിച്ചത്; ഈ തുക ഉപയോഗിച്ചുള്ള നിർമ്മാണം തുടങ്ങിയോ എന്നും എപ്പോഴാണ് തുക അനുവദിച്ച് കിട്ടിയതെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ തുക ഉപയോഗിച്ചുള്ള നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ഈ തുക ഉപയോഗിച്ചുള്ള നിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ആദ്യഘട്ടത്തിൽ 99.75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആന്തരിക റോഡുകളുടെയും കുഴൽ കിണറിന്റെയും ജോലികൾ പൂർത്തിയായി. ആദ്യഘട്ടത്തിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. നാല് നിലകളുടെ ഘടനാപരമായ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ മേൽനോട്ട ഏജൻസിയായ കിറ്റ്കോയുമായി 282.7 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ധാരണ പത്രം വച്ചിട്ടുള്ളത്.

(സി) പദ്ധതി ഇനത്തിൽ 27.57 കോടി രൂപയും കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി 25.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) അനുവദിക്കപ്പെട്ട തുക ചെലവഴിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ & എഫ്) നബാർഡിൽനിന്നും 2015-ൽ 582 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനെത്തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് നിർമ്മാണ മേൽനോട്ട ഏജൻസിയായ കിറ്റ്കോ സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

## ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം

230 (248) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രിയിൽ ദിവസവും ചികിത്സയ്ക്കായി ധാരാളം പേർ എത്തുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) നിലവിൽ ഇവിടെ കിടത്തി ചികിത്സാ സൗകര്യം ലഭ്യമാണോ;

(സി) ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രിയെ 30 കിടക്കകളോട് കൂടിയ, കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ലഭ്യമാണ്.

(സി) ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രി 30 കിടക്കകളോടുകൂടിയ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയാക്കി ഉയർത്തുന്നതിനായി ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രിയിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനം

231 (249) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രിയിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ ടി സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ വികസനത്തിനായി എത്ര തുക ചെലവഴിച്ചു; എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്;വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) തുക അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) 24-5-2017-ലെ സ.ഉ.(സാധാ) നമ്പർ 203/2017/ആയുഷ് ഉത്തരവ് പ്രകാരം ശ്രീ. പി. ഉണ്ണി, എം.എൽ.എ.-യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽനിന്നും ഒ.പി. ബ്ലോക്കിനായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പണി പുരോഗമിച്ചുവരുന്നു.

2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി പ്രകാരം "4210-02-103-94 നിർമ്മാണ പ്രവൃത്തികൾ" എന്ന ശീർഷകത്തിൽനിന്നും പുരുഷ വാർഡ് നിർമ്മാണത്തിനായി 39,85,758 (മുപ്പത്തൊൻപത് ലക്ഷത്തി എൺപത്തയ്യായിരത്തി എഴുന്നൂറ്റി അൻപത്തിയെട്ട് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**അരൂക്കുറ്റി, തുറവൂർ ആശുപത്രികളുടെ വികസനം**

232 (250) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ബ്ലോക്കിന്റെ പരിധിയിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയെന്ന നിലയിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററെങ്കിലും പ്രവർത്തിക്കുന്നതിനുള്ള എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ;

(ബി) അതുപ്രകാരം അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി കമ്മ്യൂണിറ്റി ഹെൽത്ത് സെൻറ്റർ ആശുപത്രിയിൽ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിച്ച് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയായി ഉയർത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(സി) തുറവൂർ താലൂക്കാശുപത്രിയിൽ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നതും ആകെ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് എന്നറിയിക്കാമോ;

(ഡി) ഇത്രത്തോളം അടിസ്ഥാന സൗകര്യ വികസനം നടക്കുന്ന ഈ ആശുപത്രിയിൽ രോഗികൾക്ക് പ്രയോജനകരമാകത്തക്ക നിലയിൽ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രം വിഭാഗത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ കരട് ലിസ്റ്റിൽ അരൂക്കുറ്റി സാമൂഹികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്. ടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 5 ഡോക്ടർ ഉൾപ്പെടെ 20 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(സി) തുറവൂർ താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്കിന്റെ ഒന്നാം നിലയിൽ എൽ.ആർ.എസ്.എം. ഫണ്ടിൽനിന്നും 2.95 കോടി രൂപയും രണ്ടാം നിലയിൽ 1.60 കോടി രൂപയും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നുമുൾപ്പെടെ 4.55 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തി ടി ആശുപത്രിയിൽ പുരോഗമിച്ചുവരുന്നു.

(ഡി) തുറവൂർ താലൂക്കാശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കര താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ**

233 (251) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മുഖാന്തരം ആരോഗ്യ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രൊപ്പോസൽ ആരോഗ്യ ഡയറക്ടറുടെ കാര്യാലയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രൊപ്പോസലിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-2-2017-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചു.

(ബി) ഉണ്ട്; ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർദ്രം പദ്ധതിയുടെ സമാഹൃത പ്രൊപ്പോസലിനൊപ്പം ഇത് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ഡയാലിസിസ് യൂണിറ്റുകൾ**

234 (252) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയ്ക്കായി പ്രഖ്യാപിച്ച 3 ഡയാലിസിസ് യൂണിറ്റുകൾ എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രഖ്യാപനം കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും ഇവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയ്ക്കായി പ്രഖ്യാപിച്ച ഡയാലിസിസ് യൂണിറ്റുകളിൽ ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് ഈ മാസവും തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഒക്ടോബർ മാസാവസാനവും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. നീലേശ്വരം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിനുവേണ്ടി കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുകയാണ്.

**പനി ബാധിച്ച് മരിച്ചവർ**

235 (253) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന വിവിധ പനികൾമൂലം എത്ര പേർ 31-7-2017 വരെ മരണപ്പെട്ടിട്ടുണ്ട്; സ്വകാര്യ ആശുപത്രികളിലെ ഉൾപ്പെടെയുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പനിബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ, അപകടത്തിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന തരത്തിൽ പനിമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന വിവിധ പനികൾമൂലം 31-7-2017 വരെ മരണപ്പെട്ടിട്ടുള്ളവരുടെ കണക്ക് അനുബന്ധം* ആയി ചേർക്കുന്നു. സ്വകാര്യ ആശുപത്രികളിലെ കണക്ക് ലഭ്യമല്ല.

(ബി)

- പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തി.
- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.
- കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നു.
- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.
- മേയ് 19-നും ജൂൺ 19-നും സംസ്ഥാനതല RRT യോഗം 2 പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17-നുമായി രണ്ട് കേന്ദ്ര വിദഗ്ദ്ധ സംഘങ്ങൾ സംസ്ഥാനത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.

- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.

- മഴക്കാലപൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2-3-2017-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-3-2017-നും യോഗം ചേർന്ന് പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്തു.

- ഗവൺമെന്റ് മെഡിക്കൽ കോളേജ്, സ്വകാര്യ മെഡിക്കൽ കോളേജ് പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി സമയബന്ധിതമായി രോഗവിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകി.

- ഐ.എം.എ. വഴി സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് ഡെങ്കി ചികിത്സാ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

- പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖ വിതരണം, പോസ്റ്റർ, റെയിൽവേ സ്റ്റേഷൻ, സിനിമാ തിയേറ്റർ എന്നിവിടങ്ങളിൽ എൻ.എച്ച്.എം.-ന്റെ സഹായത്തോടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രചരണങ്ങൾ എന്നിവ നടത്തി.

(സി & ഡി) പനിമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം

236 (254) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും ഉപാധികളോടുകൂടിയാണോ ഈ വർഷം അനുമതി നൽകിയത്;

(ബി) ഏതൊക്കെ പോരായ്മകൾ പരിഹരിക്കാനാണ് മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പോരായ്മകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) 2016 ഡിസംബർ 22-നും, 2017 മാർച്ച് 21-നും പ്രസ്തുത കോളേജിൽ മെഡിക്കൽ കൗൺസിൽ പരിശോധിച്ച് ചൂണ്ടിക്കാണിച്ച പോരായ്മകൾ യഥാസമയം പരിഹരിച്ച് മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് മറുപടി നൽകിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

<u>ഉപാധികൾ</u>

1. ചീഫ് സെക്രട്ടറി/ഹെൽത്ത് സെക്രട്ടറി ഒപ്പുവച്ചിട്ടുള്ള സത്യവാങ്മൂലം (ന്യൂനതകൾ പരിഹരിക്കാമെന്ന് ഉറപ്പ്)
2. 2017-2018 കാലയളവിൽ ഇൻസ്പെക്ഷൻ വരുമെന്നും ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ 2018-19-ൽ തുടങ്ങുന്ന 2 വർഷം അഡ്മിഷനുള്ള അനുവാദം തടസ്സപ്പെടുമെന്നും അറിയിച്ചിട്ടുണ്ട്.

(ബി) 1. ഫാക്കൽറ്റി, നഴ്സിംഗ്, റസിഡന്റ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികകളിലെ കുറവുകൾ.

2. ബ്ലഡ് ബാങ്ക്, ലേബർ റൂം, ഐ.സി.യു., എം.ആർ.ഡി., തുടങ്ങിയ വിഭാഗങ്ങളിലുള്ള പോരായ്മകൾ.

3. ഒ. പി. ഡി. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല.

4. ഇൻപേഷ്യന്റ്സിന്റെ എണ്ണത്തിലുള്ള കുറവ്.

5. സ്റ്റുഡന്റ്സിനും റസിഡന്റ്സിനുമുള്ള ഹോസ്റ്റലിന്റെ കുറവ്.

6. അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി എന്നീ ഡിപ്പാർട്ട്മെന്റിലെ സൗകര്യങ്ങളുടെ കുറവ്.

7. ലക്ചറർ തിയേറ്ററിലെ പോരായ്മകൾ

(സി) 1. എം.ബി.ബി.എസ്. ഒന്നാം അധ്യയന വർഷത്തേയ്ക്കുള്ള അദ്ധ്യാപക കുറവ് നികത്തിയിട്ടുണ്ട്.

2. നഴ്സിംഗ്, പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

3. ബ്ലഡ് ബാങ്ക്, എം.ആർ.ഡി., ലേബർ റൂം, ഐ.സി.യു. എന്നീ വിഭാഗങ്ങൾ പ്രവർത്തന സജ്ജമാണ്.

4. ഒ.പി.ഡി. പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു.

5. ഇൻപേഷ്യന്റ്സിന്റെ എണ്ണത്തിലുള്ള കുറവ് പൂർണ്ണമായും പരിഹരിച്ചു.

6. സ്റ്റുഡന്റ്സിനും റസിഡന്റ്സിനുമുള്ള ഹോസ്റ്റൽ പൂർണ്ണ സജ്ജമാണ്.

7. അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റുകളിലെ ന്യൂനതകൾ പരിഹരിച്ചു.

8. ലക്ചറർ തിയേറ്ററിലെ പോരായ്മകൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്.

(ഡി) ഈ കാലയളവിൽ മെഡിക്കൽ കൗൺസിൽ ഈ സ്ഥാപനത്തിൽ പരിശോധന നടത്തിയിട്ടില്ല.

**ആക്രി കച്ചവടം ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ**

237 (255) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒങ്ങല്ലൂർ പഞ്ചായത്തിലെ ആക്രി കച്ചവടം ഉയർത്തുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും മാരകമായ കരൾ ക്യാൻസർ, കരളിനെയും മറ്റവയവങ്ങളെയും ബാധിക്കുന്ന രോഗങ്ങൾ എന്നിവ ഈ മേഖലയിൽ ഏറ്റവും കൂടുതലാണെന്നുള്ളത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കച്ചവടം ഉയർത്തുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് വകുപ്പ് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അത്തരം ഒരു പഠനം/സർവ്വേ വകുപ്പിന്റെ നേതൃത്വത്തിൽ നടത്താൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒങ്ങല്ലൂർ പഞ്ചായത്തിലെ ആക്രി സാധനങ്ങളിൽ മഴവെള്ളം നിറഞ്ഞ് കൊതുകുകളുടെ ഉറവിടമായി മാറിയിട്ടുള്ളതിനാൽ പ്രദേശത്ത് ഡെങ്കിപ്പനി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കരൾ ക്യാൻസർ, അവയവങ്ങളെ ബാധിക്കുന്ന രോഗങ്ങൾ എന്നിവ കൂടുതലായി കാണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല.

(ബി) ഒങ്ങല്ലൂർ ഡെങ്കി ബാധിത പ്രദേശങ്ങളിൽ പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം 22-6-2017-ൽ Outbreak investigation-ന്റെ ഭാഗമായി നടത്തിയ പ്രാഥമിക പഠന റിപ്പോർട്ടിൽ ആക്രി ശേഖരണങ്ങൾ ഡെങ്കി പകരുന്നതിന് പ്രധാന കാരണമായി സൂചിപ്പിച്ചിട്ടുണ്ട്.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവുകൾ

238 (256) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒഴിവുള്ള തസ്തികകൾ

| തസ്തിക | എണ്ണം |
|---|---|
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - 1 | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2 | 3 |
| ഫാർമസിസ്റ്റ് ഗ്രേഡ് - 1 | 1 |
| ലെപ്രസി ഇൻസ്പെക്ടർ | 1 |

(ബി) നടപടി സ്വീകരിച്ചു വരുന്നു.

## കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി

239 (258) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്തവർക്ക് കാലാവധി പൂർത്തീകരിച്ചാൽ അത് പുതുക്കേണ്ടി വരുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്കുവേണ്ടി എത്ര തുക ചെലവഴിച്ചു; എത്ര പേർക്ക് എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രുതിതരംഗം പദ്ധതി പ്രകാരം കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്താനായി സ്പീച്ച് പ്രോസസറും അക്സസറീസും വാങ്ങി നൽകുന്നുണ്ട്. സ്പീച്ച് പ്രോസസറിന് 4 വർഷവും അക്സസറീസിന് അതിൽ കുറഞ്ഞ വാറണ്ടിയുമാണുള്ളത്. 2012-13 വർഷം സർജറി പൂർത്തീകരിച്ച കുട്ടികളുടെ സ്പീച്ച് പ്രോസസറിന്റെ വാറണ്ടി കാലാവധി അവസാനിച്ചതിനെ തുടർന്ന് മുംബൈ കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനിയുടെ ഇംപ്ലാന്റ് ഉപയോഗിച്ച് സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് extended warranty നൽകുന്നതിനായി 80,500 രൂപ വീതവും ബാംഗ്ലൂർ അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ഇംപ്ലാന്റ് ഉപയോഗിച്ച് സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് extended warranty നൽകുന്നതിനായി 75,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്. രണ്ട് വർഷത്തേയ്ക്കുകൂടി extended warranty നൽകാമെന്നാണ് കമ്പനികൾ സമ്മതിച്ചിട്ടുള്ളത്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ശ്രുതിതരംഗം പദ്ധതിയിലൂടെ 126 കുട്ടികൾക്ക് സർജറി നടത്തി 2 വർഷം നീണ്ടുനിൽക്കുന്ന ഓഡിറ്ററി വെർബൽ ഹബിലിറ്റേഷനും നൽകിവരുന്നുണ്ട്. ഇതിനുവേണ്ടി 5,08,98,718 (അഞ്ച് കോടി എട്ട് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി എഴുന്നൂറ്റി പതിനെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

ഒരു കുട്ടിക്ക് സർജറി നടത്തുന്നതിനായി 3,84,400 രൂപ വിലയുള്ള കോക്ലിയാർ ഇംപ്ലാന്റാണ് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് സർജറി നടത്താനായി വാങ്ങിനൽകുന്നത്. എംപാനൽ ചെയ്തിട്ടുള്ള പ്രൈവറ്റ് ആശുപത്രികളിൽ സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് 2 വർഷം നീണ്ടുനിൽക്കുന്ന ഓഡിറ്ററി വെർബൽ ഹബിലിറ്റേഷനായി 50,000 രൂപ 4 ഗഡുക്കളായി അനുവദിക്കുന്നുണ്ട്.

## ഡോക്ടർമാരുടെ ഒഴിവ്

240 (259) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവ് നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അസിസ്റ്റന്റ് സർജൻ/സി.എം.ഒ. തസ്തികകളിൽ 10 ഒഴിവുകൾ നിലവിലുണ്ട്. ആയത് കാസർഗോഡ് -8, ഇടുക്കി-2 എന്നിങ്ങനെയാണ്.

<u>സ്പെഷ്യാലിറ്റി കേഡറിലുള്ള ജില്ല തിരിച്ചുള്ള</u> ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 10 |
| പത്തനംതിട്ട | 10 |
| ആലപ്പുഴ | 21 |
| ഇടുക്കി | 9 |
| കോട്ടയം | 10 |
| എറണാകുളം | 20 |
| തൃശ്ശൂർ | 15 |
| മലപ്പുറം | 13 |
| പാലക്കാട് | 10 |
| വയനാട് | 8 |
| കോഴിക്കോട് | 10 |
| കണ്ണൂർ | 16 |
| കാസർഗോഡ് | 5 |
| ആകെ | 177 |

സിവിൽ സർജൻ

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 8 |
| ആലപ്പുഴ | 2 |
| കോട്ടയം | 3 |
| തൃശ്ശൂർ | 6 |
| എറണാകുളം | 8 |
| പാലക്കാട് | 4 |
| വയനാട് | 3 |
| കണ്ണൂർ | 3 |
| ആകെ | 38 |

**പനി മരണങ്ങൾ**

241 (260) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 31-7-2017 വരെ വിവിധ തരം പനി ബാധിച്ച് എത്ര പേർ മരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും പനി ബാധിച്ച് മരിക്കുന്നവരുടെ എണ്ണം കൂടി വരുന്നത് ആരോഗ്യവകുപ്പ് അധികൃതരുടെ ഭാഗത്തു നിന്നുണ്ടാകുന്ന അലംഭാവം മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 1-1-2017 മുതൽ 31-7-2017 വരെ വിവിധ തരം പനി ബാധിച്ച് മരിച്ചിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 'എ' ആയി ഉള്ളടക്കം ചെയ്യുന്നു*.

(ബി) പനി ബാധിച്ച് മരിക്കുന്നവരുടെ എണ്ണം കൂടിവരുന്നത് ആരോഗ്യ വകുപ്പ് അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അലംഭാവംമൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാംക്രമിക രോഗങ്ങളുടെ പ്രതിരോധത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ പ്രാണിജന്യ രോഗങ്ങൾക്ക് കാരണമാകുന്ന ഉറവിട നശീകരണം, ജലജന്യരോഗങ്ങൾ തടയുന്നതിനാവശ്യമായ ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ, പൊതുജനപങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് ആരോഗ്യ വകുപ്പ് കാലാകാലങ്ങളായി ചെയ്തുവരുന്നത്. സംസ്ഥാനത്തൊട്ടാകെ പ്രത്യേകിച്ച് കോർപ്പറേഷൻ, നഗരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ശാസ്ത്രീയമായി മാലിന്യം നിർമ്മാർജ്ജനം ചെയ്യാനാകാത്ത സാഹചര്യങ്ങളും മാലിന്യം ഉറവിടങ്ങളിൽത്തന്നെ നശിപ്പിക്കാൻ പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ പങ്കാളികളാകാത്തതും പ്രാണികൾ വളരുന്നതിനുള്ള സാഹചര്യങ്ങൾ കൂടുതലാകാൻ ഇടയായിട്ടുണ്ട്. ഇതുമൂലം സാംക്രമിക രോഗങ്ങൾ അധികരിക്കാനുള്ള സാഹചര്യങ്ങൾ സംജാതമായിട്ടുണ്ട്. ആരോഗ്യ വകുപ്പ് ജനുവരി മുതൽ തന്നെ ചിട്ടയായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനുവരി മാസം മുതൽ തന്നെ സംസ്ഥാനതലത്തിൽ വ്യക്തമായ രൂപരേഖ തയ്യാറാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് യോഗം കൂടുകയും അതിന്റെ തീരുമാനപ്രകാരം വിവിധ തലങ്ങളിൽ ഊർജ്ജിത പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും ഈ പ്രവർത്തനങ്ങൾ ഊർജ്ജിതമായി തന്നെ തുടരുകയും ചെയ്തുവരുന്നു.

എങ്കിലും കാലാവസ്ഥയിലുണ്ടായ വ്യതിയാനം, താപനിലയിലുണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ, ഖര, ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിലെ പോരായ്മ, അനിയന്ത്രിതവും അശാസ്ത്രീയവുമായ നിർമ്മാണ പ്രവർത്തനങ്ങൾ, ഉയരുന്ന ജനസാന്ദ്രത എന്നിവയും രോഗാതുരത വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

### പെരുവള്ളൂർ സി.എച്ച്.സി-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തൽ

242 (261) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പെരുവള്ളൂർ സി.എച്ച്.സി.-യിൽ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ജനസംഖ്യാനുപാതികമായി ജീവനക്കാരില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇതുസംബന്ധിച്ച് ഒരു ശിപാർശ ലഭിച്ചിട്ടുണ്ടെങ്കിലും ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്.

(സി) ആർദ്രം മിഷൻ പദ്ധതിയിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

243 (262) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്ഥലസൗകര്യം ലഭ്യമല്ലെന്ന് ചങ്ങനാശ്ശേരി ആശുപത്രി സൂപ്രണ്ട് അറിയിച്ചതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**കരുവേലിപ്പടി മഹാരാജാസ് താലൂക്കാശുപത്രിയുടെ വികസനം**

244 (263) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും കിഫ്ബിയിൽ ഉൾപ്പെടുത്തി സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതുമായ കരുവേലിപ്പടി മഹാരാജാസ് താലൂക്കാശുപത്രിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരുവേലിപ്പടി ഗവൺമെന്റ് മഹാരാജാസ് താലൂക്കാശുപത്രിയെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്ര വികസനം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കൊച്ചി കോർപ്പറേഷനിലേയ്ക്കും എൻ.എച്ച്.എം.-ന്റെ എറണാകുളം ഓഫീസിലേയ്ക്കും പൊതുമരാമത്ത് വകുപ്പിന്റെ ഫോർട്ട് കൊച്ചി ഓഫീസിലേയ്ക്കും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ കത്ത് നൽകുകയും കൂടാതെ 20-6-2017-ൽ നടന്ന എച്ച്.എം.സി. യോഗതീരുമാന പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) രണ്ട് മാസത്തിനകം ലഭ്യമാക്കുമെന്ന് ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചിട്ടുണ്ട്.

**കരുനാഗപ്പള്ളി പുതിയകാവിലെ ഗവൺമെന്റ് നെഞ്ചുരോഗാശുപത്രി**

245 (264) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പുതിയകാവിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് നെഞ്ചുരോഗാശുപത്രിയിൽ എത്ര രോഗികളെ കിടത്തി ചികിത്സ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ; നിലവിലെ സംവിധാനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) സ്ഥാപനത്തിൽ എത്ര ഡോക്ടർമാരും എത്ര അനുബന്ധ ജീവനക്കാരും ഉണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ ആശുപത്രിയിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം ലഭ്യമാണോ ; വ്യക്തമാക്കുമോ;

(ഡി) കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി പുതിയകാവിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് നെഞ്ചുരോഗാശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 50 ആണെങ്കിലും 70 മുതൽ 80 വരെ രോഗികളെ കിടത്തി ചികിത്സിക്കാറുണ്ട്. ടി സ്ഥാപനത്തിൽ ഒ.പി., ഐ.പി., ഫാർമസി, എക്സ്-റേ, ലാബ്, ആർ.എൻ.റ്റി.സി.പി., ആർ.എസ്.ബി.വൈ. എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) ടി ആശുപത്രിയിൽ അനുവദിക്കപ്പെട്ട ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 2 |
| 2 | നഴ്സിംഗ് സൂപ്രണ്ട് | 1 |
| 3 | ഹെഡ് നഴ്സ് | 1 |
| 4 | സ്റ്റാഫ് നഴ്സ് | 6 |
| 5 | ഫാർമസിസ്റ്റ് | 2 |
| 6 | ലാബ് ടെക്നീഷ്യൻ | 2 |
| 7 | നഴ്സിംഗ് അസിസ്റ്റന്റ് | 6 |
| 8 | ട്രീറ്റ്മെന്റ് ഓർഗനൈസർ | 2 |
| 9 | റേഡിയോഗ്രാഫർ | 1 |
| 10 | എക്സ്-റേ അറ്റൻഡർ | 1 |
| 11 | ക്ലാർക്ക് | 1 |
| 12 | ഓഫീസ് അറ്റൻഡന്റ് | 1 |
| 13 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 6 |
| 14 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 1 |
| 15 | പി.റ്റി.എസ്. | 1 |

(സി) ഈ ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം നിലവിലില്ല. എന്നാൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് അത്യാവശ്യ ചികിത്സ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഡോക്ടർ ആശുപത്രിയിലെത്തി ചികിത്സ നൽകാറുണ്ട്.

(ഡി) നിലവിൽ ആവശ്യമായ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനം ലഭ്യമാണ്. കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## തട്ടുകടകളിലെ പ്ലാസ്റ്റിക് ഉപയോഗം

246 (265) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടണങ്ങളിൽ ധാരാളം തട്ടുകടകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം തട്ടുകടകളിൽ ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം നടത്തുന്നതിനും പ്ലാസ്റ്റിക് പേപ്പർ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാൻസർ രോഗത്തിന് കാരണമാകുന്ന ഇത്തരം പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആരോഗ്യവകുപ്പ് ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ചില കടകളിൽ പ്ലാസ്റ്റിക് പേപ്പർ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിനും പാകം ചെയ്യുന്നതിനും നിയമാനുസൃതം Food Grade Plastic മാത്രമേ ഉപയോഗിക്കാവൂ എന്ന് നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിയമം പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെ 624 തട്ടുകടകളിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനാവേളയിൽ പ്ലാസ്റ്റിക് പേപ്പറുകൾ ഉപയോഗിക്കുന്നവർക്കെതിരെ നോട്ടീസ് നൽകുകയും പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

## ലാബുകളിലെയും ആശുപത്രികളിലെയും ഫീസ് നിരക്ക്

247 (266) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യദൗത്യം വഴി നടപ്പിലാക്കിയിട്ടുള്ള ലാബുകളിൽ വിവിധ നിരക്കിൽ ഫീസ് ഈടാക്കി വരുന്നതും, ഒപ്പം സ്വകാര്യ ലാബുകൾ ഓരോന്നും ഓരോതരം ഫീസ് ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സർക്കാർ ലാബുകൾ, ആരോഗ്യദൗത്യം വഴി സ്ഥാപിച്ചവയുൾപ്പെടെ സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്നവയായ ലാബുകൾക്കും സ്വകാര്യ ലാബുകൾക്കും ഇത്തരത്തിൽ അമിതഫീസ് ഈടാക്കാതിരിക്കാനും കൃത്യതയോടെ റിസൾട്ട് നൽകാനും അല്ലാതുള്ള എല്ലാ ലാബുകൾക്കെതിരെ കർശന ശിക്ഷ/നിയമ നടപടികൾ നടത്തുന്നതിനും ഫലപ്രദമായ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും നിലവിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ അടുത്തകാലത്ത് വിവിധയിനം പനികളുണ്ടായ സമയത്ത് സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിത ഫീസ് ഈടാക്കിയതും കൃത്യതയുള്ള റിസൾട്ട് നല്കാത്തതും ശ്രദ്ധയിൽപ്പെട്ടുവോ; ആയതിന് എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇത് ആവർത്തിക്കാതിരിക്കാനും പ്രസ്തുത മേഖലയിലെ കൊള്ള അവസാനിപ്പിക്കാനും ഫലപ്രദമായ ഒരു നിയമനിർമ്മാണം എപ്പോൾ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) സമഗ്ര ആരോഗ്യദൗത്യംവഴി നടപ്പിലാക്കിയ ലാബുകളുടെ പ്രവർത്തനം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.)-യുടെ നിയന്ത്രണത്തിലാണ്. ലാബ് ടെക്നീഷ്യനെ നിയമിക്കുന്നതും അവർക്ക് വേതനം നൽകുന്നതും ലാബിലേയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതും എച്ച്.എം.സി. ഫണ്ടിൽ നിന്നാണ്. ആയതിനാൽ ഓരോ ലാബിന്റെയും വരുമാനവും ചെലവും അതനുസരിച്ച് യൂസർ ഫീ തീരുമാനിക്കുന്നത് അതത് എച്ച്.എം.സി.-യാണ്. സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ " കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 2017 " ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ ഇക്കാര്യങ്ങളിൽ ഗുണപരമായ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പകർച്ചപ്പനി**

248 (267) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എച്ച്1 എൻ1 പനി, ഡെങ്കിപ്പനി, എലിപ്പനി എന്നിവ വ്യാപകമായി പടർന്ന് പിടിക്കുവാനുണ്ടായ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) 2017 ജനുവരി 1 മുതൽ ഇതുവരെ എത്ര പേർക്ക് പനി ബാധിച്ചുവെന്നും അതിൽ എത്ര പേർ മരണപ്പെട്ടുവെന്നും വ്യക്തമാക്കാമോ ;

(സി) മഴക്കാലത്ത് സാധാരണയായി ഉണ്ടാകുന്ന രോഗങ്ങൾ ഈ വർഷം മഴയ്ക്ക് മുമ്പ് പടരുവാനുണ്ടായ സാഹചര്യം എന്തായിരുന്നു; വിശദീകരിക്കാമോ ;

(ഡി) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിൽ സർക്കാരിന് സംഭവിച്ച പരാജയമാണ് ഈ രോഗങ്ങൾ പടരുന്നതിനും, മരണസംഖ്യ കൂടുന്നതിനും ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) പനി ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും എണ്ണം അനുബന്ധം 'എ' ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) സാംക്രമിക രോഗങ്ങളുടെ പ്രതിരോധത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ, പ്രാണിജന്യ രോഗങ്ങൾക്ക് കാരണമാകുന്ന ഉറവിട നശീകരണം, ജലജന്യരോഗങ്ങൾ തടയുന്നതിനാവശ്യമായ ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ, പൊതുജന പങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് ആരോഗ്യവകുപ്പ് കാലാകാലങ്ങളായി ചെയ്തുവരുന്നത്. സംസ്ഥാനത്തൊട്ടാകെ പ്രത്യേകിച്ച് കോർപ്പറേഷൻ, നഗരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ശാസ്ത്രീയമായി മാലിന്യം നിർമ്മാർജ്ജനം ചെയ്യാനാകാത്ത സാഹചര്യങ്ങളും മാലിന്യം ഉറവിടങ്ങളിൽത്തന്നെ നശിപ്പിക്കാൻ പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ പങ്കാളികളാകാത്തതും പ്രാണികൾ വളരുന്നതിനുള്ള സാഹചര്യങ്ങൾ കൂടുതലാകാൻ ഇടയായിട്ടുണ്ട്. ഇതുമൂലം സാംക്രമിക രോഗങ്ങൾ അധികരിക്കാനുള്ള സാഹചര്യങ്ങൾ സംജാതമായിട്ടുണ്ട്. ആരോഗ്യവകുപ്പ് ജനുവരി മുതൽ തന്നെ ചിട്ടയായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനുവരി മാസം മുതൽ തന്നെ സംസ്ഥാനതലത്തിൽ വ്യക്തമായ രൂപരേഖ തയ്യാറാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് യോഗം കൂടുകയും അതിന്റെ തീരുമാനപ്രകാരം വിവിധ തലങ്ങളിൽ ഊർജ്ജിത പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും ഈ പ്രവർത്തനങ്ങൾ ഊർജ്ജിതമായിത്തന്നെ തുടർന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എങ്കിലും കാലാവസ്ഥയിലുണ്ടായ വ്യതിയാനം, താപനിലയിലുണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ, ഖര-ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിലെ പോരായ്മ, അനിയന്ത്രിതവും അശാസ്ത്രീയവുമായ നിർമ്മാണ പ്രവർത്തനങ്ങൾ, ഉയരുന്ന ജനസാന്ദ്രത എന്നിവയും രോഗാതുരത വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ യഥാസമയം നടത്തിയിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് അതനുസരിച്ച് ജില്ലകളിൽ പ്രവർത്തനം നടത്താൻ നിർദ്ദേശിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ആരോഗ്യ വകുപ്പും സംയുക്തമായി ശുചീകരണ, കൊതുക് ഉറവിട നശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി. ഇതുസംബന്ധിച്ച് വീഡിയോ കോൺഫറൻസ്, സംസ്ഥാന ജില്ലാതല ശില്പശാലകൾ, പഞ്ചായത്തുതല വാർഡുതല പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തിയിരുന്നു. വാർഡുതല സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ സർവ്വേ, ശുചിത്വ മാപ്പിംഗ് തുടങ്ങിയവയും വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും മറ്റും ശുചീകരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

### പകർച്ചപ്പനി

249 (268) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധങ്ങളായ പകർച്ചപ്പനി ബാധിച്ച് ഈ വർഷം (2017) എത്ര പേർ മരണപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(ബി) പകർച്ചപ്പനിയുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ എത്ര പേർ ചികിത്സ തേടിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഏത് ജില്ലയിലാണ് പനിമരണം കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; ആയതിന് എന്തെങ്കിലും പ്രത്യേക കാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പകർച്ചപ്പനി നിയന്ത്രിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) സ്വകാര്യ ആശുപത്രികളിലെ രേഖകൾ ലഭ്യമല്ല. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) തിരുവനന്തപുരം ജില്ലയിലാണ് പനിമരണം കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മ, ഇടവിട്ടുള്ള മഴ, ഉയർന്ന നഗരവൽക്കരണം എന്നിവയും തീവ്രമായ പ്രതിരോധ പ്രവർത്തനങ്ങളുടെ അഭാവവുമാണ് സാഹചര്യങ്ങൾ മോശമാക്കാൻ കാരണമായിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പകർച്ചപ്പനി**

250 (269) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനിമൂലം മരണപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പകർച്ചപ്പനി പ്രതിരോധിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്നും ആയതിലേക്കായി കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആരോഗ്യ മേഖലയ്ക്കായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൽക്കാലം പരിഗണനയിലില്ല.

(ബി) പകർച്ചപ്പനി പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

- കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നു.

- എലിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി രോഗസാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് രോഗ പ്രതിരോധ ഗുളിക വിതരണം ശക്തിപ്പെടുത്തി.

- കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷനും പനി ചികിത്സാ ബോധവത്കരണവും നടത്തുകയുണ്ടായി.

- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണയജ്ഞം നടത്തി.

- മേയ് 19-നും ജൂൺ 19-നും സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം (RRT) യോഗം 2 പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.

- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17-നുമായി രണ്ട് കേന്ദ്ര വിദഗ്ദ്ധ സംഘങ്ങൾ സംസ്ഥാനത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.

- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.

പകർച്ചപ്പനി പ്രതിരോധിക്കുന്നതിനായി പ്രത്യേക കേന്ദ്രസഹായം ലഭിച്ചിട്ടില്ല.

(സി) 1. National Vector Borne Disease Control Programme (NVBDCP)-ന് 2016-17 വർഷത്തിൽ 699.71 ലക്ഷം രൂപയും 2017-18 വർഷത്തിൽ 373.63 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2. Integrated Disease Surveillance Programme (IDSP)-യ്ക്ക് 2016-17 വർഷത്തിൽ 168.86 ലക്ഷം രൂപയും 2017-18 വർഷത്തിൽ 182.60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**ആശുപത്രികളുടെ നവീകരണം**

251 (270) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് കേന്ദ്രങ്ങളിലെ ആശുപത്രികൾ നവീകരിക്കാൻ/പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ;

(സി) കൊണ്ടോട്ടി സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തിയതിന്റെ ഭാഗമായി ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ;

(ഡി) കൊണ്ടോട്ടി സി.എച്ച്.സി./താലൂക്കാശുപത്രിയിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യത്തിൽ ഘട്ടംഘട്ടമായി നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി താലൂക്ക് കേന്ദ്രങ്ങളിലെ ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗത്തിൽ മതിയായ തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചും കുറ്റമറ്റ ആരോഗ്യ പരിപാലനം ഉറപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സിന്റെ 197 തസ്തികകളും ലാബ് ടെക്നീഷ്യന്റെ 84 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് തസ്തികകൾക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കൊണ്ടോട്ടി നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി സ്റ്റാന്റേഡൈസേഷന്റെ ഭാഗമായി നിലവിലുള്ള ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. 22-4-2017-ലെ ജി.ഒ. (എം.എസ്.) 58/2017/ആ.കു.വ. പ്രകാരം കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ. (എം.എസ്.)

101/2017/ആ.കു.വ. തീയതി 28-6-2017 പ്രകാരം കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 4 (നാല്) സ്റ്റാഫ് നഴ്സിന്റെ തസ്തികകളും ഒരു ലാബ് ടെക്നീഷ്യന്റെ തസ്തികയും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) ആർദ്രം പദ്ധതിയിലെ വികസന പ്രവർത്തനങ്ങൾ ഇതിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാ സി.എച്ച്.സി./താലൂക്കാശുപത്രികളിലും ഒരേ നിലവാരത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് കൊണ്ടോട്ടി സി.എച്ച്.സി./താലൂക്കാശുപത്രിക്കും ബാധകമാണ്.

## തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജ് ആശുപത്രി

252 (271) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ രോഗികൾക്ക് മുറി ലഭിക്കുന്നതിനായി ഒട്ടേറെ കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രയാസം പരിഹരിക്കുന്നതിനായി, തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിൽ പുതുതായി നിർമ്മിച്ച പേവാർഡ് മന്ദിരത്തിന്റെ മാതൃകയിൽ തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജ് ആശുപത്രിയിലും ഒരു പേവാർഡ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം അറിയിക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിലെ ക്യാപിറ്റൽ ഹെഡ്ഡിൽ 50 ബെഡ്ഡുകളോടുകൂടിയ പുതിയ പഞ്ചകർമ്മ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

253(272) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ എന്തെല്ലാം പുതിയ സംവിധാനങ്ങൾ/തസ്തികകൾ ഏർപ്പെടുത്തുന്നു എന്നത് വിശദീകരിക്കാമോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുള്ള ആലായിൽ എന്തെല്ലാം പുതിയ സംവിധാനങ്ങൾ/ തസ്തികകൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കാമോ;

(ഡി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇനിയും എന്തെല്ലാം സംവിധാനങ്ങളാണ് ഉൾപ്പെടുത്തുവാനുള്ളത് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഉയർത്തിയിട്ടില്ല.

(സി) നിലവിൽ 'ആല' പ്രാഥമികാരോഗ്യകേന്ദ്രമാണ്. ആല പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു ഡോക്ടറുടെയും രണ്ട് സ്റ്റാഫ് നഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട 170 PHC-കളിൽ ഉൾപ്പെട്ട 'ആല' പ്രാഥമികാരോഗ്യ കേന്ദ്രത്തിലും രോഗീസൗഹൃദവും സാർവത്രികവും സൗജന്യവും സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

**പകർച്ചപ്പനി നിയന്ത്രണം**

254 (273) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പടർന്ന് പിടിക്കുന്ന പനി നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഈ വർഷം 31-7-2017 വരെ എത്ര പേർ ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 പനി എന്നിവ ബാധിച്ച് മരണപ്പെട്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പടർന്നു പിടിക്കുന്ന പനി നിയന്ത്രിക്കാൻ താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

- പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തി.
- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

- കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്ങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നു.
- എലിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി രോഗ സാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് രോഗ പ്രതിരോധ ഗുളിക വിതരണം ശക്തിപ്പെടുത്തി.
- കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷനും പനി ചികിത്സാ ബോധവൽക്കരണവും നടത്തുകയുണ്ടായി.
- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.
- മേയ് 19-നും ജൂൺ 19-നും സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം (RRT) യോഗം 2 പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.
- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17-നുമായി രണ്ട് കേന്ദ്ര വിദഗ്ധ സംഘങ്ങൾ സംസ്ഥാനത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി.
- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.
- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.

(ബി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

**പകർച്ചപ്പനി നിയന്ത്രണത്തിന് ഡോക്ടർമാരുടെ അപര്യാപ്തത**

255 (274) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി.-കളിൽ ആവശ്യമായ ഡോക്ടർമാരുടെയും, അനുബന്ധ ജീവനക്കാരുടെയും അപര്യാപ്തത നിമിത്തം പകർച്ചപ്പനി നിയന്ത്രിക്കാൻ പ്രയാസം നേരിട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അപര്യാപ്തത പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) രാത്രിയിലെ കാഷ്വാൽറ്റി പ്രവർത്തനത്തിന് ഡോക്ടർമാരെ നിയമിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നേരിട്ടിട്ടില്ല.

(ബി) പകർച്ചപ്പനി തുടങ്ങുന്നതിനുമുമ്പ് ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു.

(സി) രോഗികൾ കൂടുതലുള്ള താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഫിവർ ക്ലിനിക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**പകർച്ചപ്പനി പ്രതിരോധിക്കുന്നതിന് നടപടി**

256 (275) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തരം പകർച്ചപ്പനികളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പനിയെ പ്രതിരോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നാളിതുവരെ എത്ര പേർ പകർച്ചപ്പനി ബാധിച്ച് മരണപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് ചില ജില്ലകളിൽ വർദ്ധിച്ച തോതിലുണ്ടായ ഡെങ്കിപ്പനിയും അതുമൂലമുണ്ടായ മരണങ്ങളും നിയന്ത്രണ വിധേയമാക്കാനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- പകർച്ചവ്യാധികളുണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തി.

- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

- കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നു.

- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.

- മേയ് 19-നും ജൂൺ 19-നും സംസ്ഥാനതല RRT യോഗം രണ്ട് പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.

- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലുമായി രണ്ട് കേന്ദ്രവിദഗ്ദ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

- മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.

- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.

(ബി) ഡെങ്കിപ്പനി, എച്ച്1 എൻ1, എലിപ്പനി, വൈറൽപ്പനി, മലമ്പനി, ചിക്കുൻഗുനിയ, ചിക്കൻപോക്സ്, ജപ്പാൻജ്വരം, അഞ്ചാംപനി.

(സി) സംസ്ഥാനത്ത് ചില ജില്ലകളിൽ വർദ്ധിച്ച തോതിലുണ്ടായ ഡെങ്കിപ്പനിയും അതുമൂലമുണ്ടായ മരണങ്ങളും നിയന്ത്രണ വിധേയമാക്കാനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- പകർച്ചവ്യാധികളുണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തി.

- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

- കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നു.

- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.

- മേയ് 19-നും ജൂൺ 19-നും സംസ്ഥാനതല RRT യോഗം രണ്ട് പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.

- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലുമായി രണ്ട് കേന്ദ്രവിദഗ്ദ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

- മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.

- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി**

257 (276) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ കാരുണ്യ മെഡിക്കൽ സ്റ്റോറിൽ പല മരുന്നുകളും ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കാരുണ്യ മെഡിക്കൽ സ്റ്റോറിൽനിന്നും നിലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഏതെങ്കിലും തരത്തിൽ തടസ്സം ഉണ്ടോ ;

(സി) യഥാസമയം മരുന്നുകൾ ഓർഡർ നൽകുന്നതിന് കാരുണ്യ മെഡിക്കൽ സ്റ്റോറിലെ ജീവനക്കാർ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി എന്തെങ്കിലും എടുത്തിട്ടുണ്ടോ;

(ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് 2015-ൽ ധനകാര്യ വകുപ്പ് ഉത്തരവായിരുന്നു. ഇത് നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ;

(ഇ) 2017-ൽത്തന്നെ കാരുണ്യ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ കഴിയുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രാദേശികമായി മാത്രം ലഭ്യമാകുന്ന മരുന്നുകൾ കാരുണ്യ ഫാർമസിയിൽ ലഭ്യമല്ലാത്തതും കമ്പനികളിൽനിന്നും മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസവും കേന്ദ്ര സർക്കാരിന്റെ വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസവും മരുന്നുകളുടെ റേറ്റിലെ വ്യതിയാനവും കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലെ മരുന്നുവിതരണത്തിൽ കാലതാമസമുണ്ടാക്കുന്നുണ്ട്. നെയ്യാറ്റിൻകര കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നത് കാരുണ്യയുടെ തിരുവനന്തപുരം ഡിപ്പോയിൽനിന്നാണ്. എന്നാൽ 2016 സെപ്റ്റംബർ, 2017 മാർച്ച് എന്നീ മാസങ്ങളിൽ തിരുവനന്തപുരം ഡിപ്പോയിൽ സ്റ്റോക്കെടുപ്പ് നടത്തിയതുകാരണം ഔട്ട്ലെറ്റുകളിലേയ്ക്കുള്ള മരുന്നുവിതരണം നിർത്തി വയ്ക്കുകയുണ്ടായി. തദവസരത്തിൽ കാരുണ്യയുടെ എറണാകുളം ഡിപ്പോയിൽ നിന്നുമാണ് നെയ്യാറ്റിൻകര കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്തുവന്നിരുന്നത്. എറണാകുളം ഡിപ്പോയിൽനിന്നും മരുന്നുകൾ എത്തിക്കുന്നതിനുള്ള കാലതാമസം ടി ഫാർമസിയിൽ മരുന്നുകളുടെ ലഭ്യതക്കുറവിന് കാരണമായിട്ടുണ്ട്.

(ബി) ഇല്ല.

(സി) വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി & ഇ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2015-ൽ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി അനുവദിച്ച ഡയാലിസിസ് കേന്ദ്രം സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ സ്ഥലം ലഭ്യമാണെന്ന് ആശുപത്രിയിൽനിന്നും അറിയിച്ചിട്ടുള്ളതിനാൽ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി വികസനം

258 (277) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ലാബ് നിർമ്മാണത്തിനായി 2013-14 കാലയളവിൽ 1.5 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലാ എങ്കിൽ വിശദീകരിക്കുമോ; പ്ലാൻ ഫണ്ട് ഉണ്ടോ;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രി നിലവിൽ എച്ച്.എം.സി., സർക്കാർ, ജില്ലാ പഞ്ചായത്ത്, നഗരസഭ ഇവയിൽ ഏതിന്റെ നിയന്ത്രണത്തിലാണെന്ന് വിശദമാക്കാമോ;

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയെ നിലവിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ആക്കിയിട്ടുണ്ടോ;

(ഡി) ജില്ലാ പഞ്ചായത്തിന്റെ കീഴിൽ മാറ്റിയിട്ടില്ല എങ്കിൽ മാറ്റാൻ കഴിയുമോ;

(ഇ) ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ജനറൽ ആശുപത്രിയെ മാറ്റാൻ എം. എൽ. എ. 2017 ജനുവരിയിൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രി നിലവിൽ നെയ്യാറ്റിൻകര നഗരസഭയുടെ കീഴിലാണ്.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഈ വകുപ്പിൽ ലഭിച്ചിട്ടില്ല.

## ആശുപത്രികളിൽ പുതിയ ബ്ലോക്ക് നിർമ്മാണം

259 (278) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രി, നഗരൂർ പി.എച്ച്.സി. എന്നിവിടങ്ങളിലെ പുതിയ ബ്ലോക്ക് നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) ഇവയുടെ അടങ്കൽ തുക എത്രയാണ്; നിർമാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 13-3-2017-ലെ സ.ഉ. (സാധാ) നമ്പർ 643/2017 ആ.കു.വ . പ്രകാരം ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയുടെ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

നഗരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കെട്ടിട നിർമ്മാണത്തിനായി 2017-18-ലെ മേജർ കൺസ്ട്രക്ഷൻ എന്ന പദ്ധതിയിൻ കീഴിൽ 1.50 കോടി രൂപയുടെ ശിപാർശ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ആരോഗ്യവകുപ്പിൽ പുതിയ തസ്തികകൾ**

260 (279) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് അറിയിക്കാമോ;വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4-8-2017 വരെ ആരോഗ്യ വകുപ്പിൽ 1667 തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1587 തസ്തികകളും ഉൾപ്പെടെ 3254 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ആയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ഫാർമസിസ്റ്റുകളെ സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശം**

261 (280) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ / ഗവൺമെന്റ് ഫാർമസികളിൽ മരുന്ന് എടുത്ത് കൊടുക്കുന്നതിനും മറ്റും ഫാർമസിസ്റ്റുകളെ മാത്രമേ നിയോഗിക്കാവൂ എന്നത് സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ഫാർമസികളിൽ മരുന്ന് ഡിസ്പെൻസ് ചെയ്യുന്നത് കൃത്യമായും ഫാർമസി പ്രാക്ടീസ് റെഗുലേഷൻ അനുസരിച്ച് യോഗ്യതയുള്ള ഫാർമസിസ്റ്റുകൾ തന്നെയാകണമെന്ന് ഉറപ്പുവരുത്തണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആരോഗ്യകേന്ദ്രങ്ങളിലും മരുന്നുകൾ ഡിസ്പെൻസ് ചെയ്യുന്നത് ഡോക്ടറുടെ നിർദ്ദേശപ്രകാരം ഫാർമസിസ്റ്റുകൾ തന്നെയാകണമെന്ന് വ്യക്തമായി നിർദ്ദേശം നൽകിയിട്ടുണ്ട്.

**പകർച്ചവ്യാധികൾ തടയുന്നതിന് നടപടി**

262 (281) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികളുടെ ഈറ്റില്ലമായി കേരളം മാറിയിട്ടുള്ളത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ബി) പകർച്ചപ്പനി തടയുന്നതിനു പകരം അലോപ്പതിയും ആയുർവ്വേദവും ഹോമിയോയും തമ്മിൽ മത്സരം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്ന് കമ്പനികളും അലോപ്പതി ഡോക്ടർമാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് കാരണം ജനങ്ങൾ ദുരിതത്തിലാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഇല്ലാതാക്കുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇപ്പോൾ വിപണിയിലുള്ള അത്യാവശ്യമരുന്നുകൾ ഏതൊക്കെയാണെന്ന് തരം തിരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

- ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയമായ സംവിധാനത്തിന്റെ പോരായ്മ.
- കേരളീയന്റെ ശീലങ്ങളിൽനിന്ന് പരിസര ശുചിത്വത്തിന്റെ പ്രാധാന്യം അപ്രത്യക്ഷമാകൽ.

- കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ.
- കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ.
- ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും.
- വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്ന് കമ്പനികളും അലോപ്പതി ഡോക്ടർമാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളാണ് സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ കുറിക്കുന്നത്.

(സി) ദേശീയ തലത്തിൽ അവശ്യമരുന്ന് പട്ടിക (എൻ.എൽ.ഇ.എം.) തരം തിരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പകർച്ചവ്യാധികൾ തടയുന്നതിനായി മുൻകരുതൽ**

263 (282) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുക് പരത്തുന്നതും, ജലജന്യവുമായ പകർച്ചവ്യാധികളായ ഡെങ്കിപ്പനി, ചിക്കൻഗുനിയ, മലേറിയ എന്നിവ തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; അതിനായി എത്ര തുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) 1-6-2016 മുതൽ 20-7-2017 വരെയുള്ള കാലത്ത് പകർച്ചപ്പനി ബാധിച്ച് എത്രപേർ ചികിത്സ തേടുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പകർച്ചപ്പനി ബാധിച്ച് ചികിത്സ തേടിയെത്തുന്നവരെ ചികിത്സിക്കുന്നതിനായി എന്തെല്ലാം പ്രത്യേക സംവിധാനങ്ങളാണ് സംസ്ഥാനത്തെ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ജനുവരി മാസത്തിൽത്തന്നെ വിവിധ ജില്ലകളിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള വാർഷിക കർമ്മപദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ രോഗനിരീക്ഷണം ഊർജ്ജിതപ്പെടുത്തി. തിരുവനന്തപുരം

നഗരസഭയിൽ ഡെങ്കിപ്പനി കൂടാനുള്ള സാഹചര്യം മുൻകൂട്ടി കണ്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാന പൊതുജനാരോഗ്യ ടീം കോർപ്പറേഷൻ മേയറെ കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരത്ത് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയ പ്രദേശങ്ങളിൽ സംസ്ഥാന പൊതുജനാരോഗ്യ ടീം സന്ദർശിച്ച് വേണ്ട നടപടികൾ എടുത്തിരുന്നു.

2-3-2017-ന് ചീഫ് സെക്രട്ടറിയുടെയും 6-3-2017-ന് മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ ഇന്റർസെക്ടറൽ കോർഡിനേഷൻ കമ്മിറ്റി വിളിച്ചുകൂട്ടി പകർച്ചവ്യാധി നിയന്ത്രണത്തിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കി. 24-3-2017-ന് എലിപ്പനി രോഗപ്രതിരോധം സംബന്ധിച്ച് സംസ്ഥാനതല ശിൽപ്പശാല നടത്തി. ഏപ്രിൽ മാസത്തോടെ ഡെങ്കിപ്പനി, എച്ച്1 എൻ1 എന്നിവ വർദ്ധിച്ചുവന്നതിനെ തുടർന്ന് ജില്ലകൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും രോഗനിർണ്ണയ ഉപാധികൾ ഉറപ്പുവരുത്തുകയും ചെയ്തു.

രോഗപ്രതിരോധ വാർഷിക കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ ഏപ്രിൽ 24, 25 തീയതികളിൽ എല്ലാ ജില്ലകളിലും കൊതുകുറവിട നശീകരണ യജ്ഞവും മേയ് 26, 27 തീയതികളിൽ തോട്ടം മേഖലയിൽ പ്രത്യേക കൊതുകുറവിട നശീകരണവും നടത്തി. കൂടാതെ 29-4-2017-ന് സംസ്ഥാന വ്യാപകമായി നടത്തിയ ഹെൽത്തി കേരള കാമ്പയിനിൽ ആരോഗ്യ പ്രവർത്തകർ വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവ സന്ദർശിച്ച് പകർച്ചവ്യാധികൾക്കുള്ള സാഹചര്യം സൃഷ്ടിച്ചവർക്കെതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടി എടുക്കുകയുണ്ടായി. തുടർന്ന് മേയ് മാസത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനുമായി ചേർന്ന് മഴക്കാലപൂർവ്വ ശുചീകരണം, ഉറവിട നശീകരണം തുടങ്ങിയ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. രോഗപ്രതിരോധ നിയന്ത്രണകാര്യങ്ങൾക്ക് ആവശ്യമായ ഫണ്ട് ജില്ലകൾക്ക് വിതരണം ചെയ്തു. മേയ് 15-ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ പകർച്ചവ്യാധി നിയന്ത്രണം സംബന്ധിച്ച് അവലോകനം നടത്തി ജില്ലകൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. മേയ് മാസം പകർച്ചവ്യാധികൾ കൂടുതൽ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ സംസ്ഥാന പൊതുജനാരോഗ്യ ടീം സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു.

ജൂൺ 1 മുതൽ പകർച്ചവ്യാധി നിരീക്ഷണ സെല്ലുകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സജ്ജീകരിച്ചു. പ്രതിദിന റിപ്പോർട്ടുകൾ അന്നന്ന് അവലോകനം ചെയ്ത് തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ജൂൺ മാസത്തിൽ വിവിധ തലങ്ങളിൽ വിലയിരുത്തൽ യോഗങ്ങൾ, ദ്രുതകർമ്മ സേനായോഗം, കാര്യകാരണ വിശകലനം, ശില്പശാലകൾ തുടങ്ങിയവ നടത്തി. രോഗം പൊട്ടിപ്പുറപ്പെട്ട

പ്രദേശങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി. ജൂൺ 20-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇതര വകുപ്പുകളുടെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തന പങ്കാളിത്തം അവലോകനം ചെയ്തു. ജൂൺ 21-ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തന അവലോകന യോഗം കൂടുകയും ജൂൺ 23-ന് പകർച്ചവ്യാധി നിയന്ത്രണം സംബന്ധിച്ച് സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. തുടർന്ന് ഓരോ ജില്ലയുടെയും ചാർജ്ജുള്ള മന്ത്രിമാരും എം.എൽ.എ.-മാരും അതാത് ജില്ലകളിലും നിയോജകമണ്ഡലങ്ങളിലും അവലോകന യോഗങ്ങൾ നടത്തി. ജൂൺ 27 മുതൽ 29 വരെ സംസ്ഥാനത്തൊട്ടാകെ ശുചീകരണയജ്ഞം വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും നടത്തി. ജൂൺ 29 മുതൽ ജൂലൈ 3 വരെ കേന്ദ്ര ആരോഗ്യവകുപ്പിലെ വിദഗ്ദ്ധർ സംസ്ഥാനം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 13,78,50,000 രൂപ ചെലവഴിച്ചു. ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു*. 2017-18 സാമ്പത്തിക വർഷത്തിൽ പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾക്കായി 1000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ചെലവഴിച്ച് വരുന്നു.

(ബി) 1-6-2016 മുതൽ 20-7-2017 വരെയുള്ള കാലത്ത് പകർച്ചപ്പനി ബാധിച്ച് ചികിത്സ തേടിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർക്കുന്നു*.

(സി) 2017 ജനുവരി മാസം മുതൽ തന്നെ മാർഗ്ഗരേഖകൾ തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ വിവിധ വിഭാഗം ജീവനക്കാർക്കായുള്ള പരിശീലന പരിപാടികളും രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുകയുമുണ്ടായി. പകർച്ചപ്പനി ബാധിച്ച് ചികിത്സ തേടുന്നവരുടെ എണ്ണം കൂടുതലായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- ഒ.പി. സമയം ദീർഘിപ്പിച്ച് പനി ക്ലിനിക്കുകൾ, പനി വാർഡ് എന്നിവ ആരംഭിച്ചു.
- സർക്കാർ ആശുപത്രികളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും ഒഴിവുകൾ നികത്തിക്കൊണ്ടും ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയും ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനം ഉറപ്പുവരുത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- രോഗികളുടെ പരിശോധനയ്ക്കാവശ്യമായ ലബോറട്ടറി സംവിധാനവും ചികിത്സയ്ക്കാവശ്യമായ മരുന്നുകളും മറ്റ് സാധന സാമഗ്രികളും ഉറപ്പുവരുത്തി.

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ താൽക്കാലികമായി നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ മേൽ ജീവനക്കാരെ നിയമിക്കുകയും ചെയ്തുവരുന്നു.

## കുടുംബാരോഗ്യകേന്ദ്ര പദവിയിലേക്കുയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

264 (283) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യ കേന്ദ്രമാക്കിയുയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കോഴിക്കോട് ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(സി) പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏകോപന ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷനിലൂടെ ഉദ്ദേശിക്കുന്നത്. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത 170 ആശുപത്രികളിൽ ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്ന രീതിയിൽ ആകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രൈമറി

ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കെ.എം.എസ്.സി.എൽ. വഴി ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ', സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ആർദ്രം പദ്ധതിയിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിലേയ്ക്ക് തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. പ്രാഥമികാരോഗ്യ കേന്ദ്രം, കോട്ടൂർ.
2. പ്രാഥമികാരോഗ്യ കേന്ദ്രം, ഇരിങ്ങൽ.
3. പ്രാഥമികാരോഗ്യ കേന്ദ്രം, വടകര.
4. പ്രാഥമികാരോഗ്യ കേന്ദ്രം, താഴത്തങ്ങാടി.
5. പ്രാഥമികാരോഗ്യ കേന്ദ്രം, കക്കോടി.
6. പ്രാഥമികാരോഗ്യ കേന്ദ്രം, രാമനാട്ടുകര.
7. പ്രാഥമികാരോഗ്യ കേന്ദ്രം, ഇടച്ചേരി.
8. പ്രാഥമികാരോഗ്യ കേന്ദ്രം, പുതുപ്പാടി.
9. പ്രാഥമികാരോഗ്യ കേന്ദ്രം, അയ്യൻച്ചേരി.
10. പ്രാഥമികാരോഗ്യ കേന്ദ്രം, കുന്ദമംഗലം.
11. പ്രാഥമികാരോഗ്യ കേന്ദ്രം, ഓമശ്ശേരി.
12. പ്രാഥമികാരോഗ്യ കേന്ദ്രം, നൊച്ചാട്.
13. പ്രാഥമികാരോഗ്യ കേന്ദ്രം, അരികുളം.
14. പ്രാഥമികാരോഗ്യ കേന്ദ്രം, കായകൊടി.

(സി) പദ്ധതി പ്രവർത്തനങ്ങളുടെ വകുപ്പുതല ഏകോപന ചുമതലയ്ക്കായി ജി.ഒ. (ആർ.ടി).1808/17/ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റിയും സംസ്ഥാനതല പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ (ആരോഗ്യമിഷൻ) നേതൃത്വത്തിലുള്ള കമ്മിറ്റിയുമാണ് നിർവ്വഹിക്കുന്നത്. ജില്ലാതല യൂണിറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ വൈസ് ചെയർമാനും ജില്ലാ പ്രോഗ്രാം മാനേജർ (എൻ.എച്ച്.എം.) കൺവീനറുമായുള്ള കമ്മിറ്റിയാണ് നിർവ്വഹിച്ചുവരുന്നത്.

(ഡി) പദ്ധതിയുടെ പ്രാരംഭഘട്ടങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ടി ആശുപത്രികളിൽ ഒരു മെഡിക്കൽ ഓഫീസറുടെയും രണ്ട് സ്റ്റാഫ് നഴ്സുമാരുടെയും ഒരു ലാബ് ടെക്നീഷ്യന്റെയും അധിക തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയിൽ കുന്ദമംഗലവും രാമനാട്ടുകരയും ആഗസ്റ്റ്-സെപ്റ്റംബർ മാസത്തോടെ പ്രവർത്തനക്ഷമമാകുകയും ബാക്കിയുള്ളവ 2018 മാർച്ച് 31-നുമുമ്പ് പ്രവർത്തനക്ഷമമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ**

265 (284) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സ.ഉ.(ആർ.ടി.). 845/2017/ ആ.കു.വ. തീയതി 28-3-2017 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സ.ഉ. (എം.എസ്.) 75/2017/ആ.കു.വ. തീയതി 28-3-2017 പ്രകാരം ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സിന്റെയും ലാബ് ടെക്നീഷ്യന്റെയുമടക്കം 680 തസ്തികകൾ ടി സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ അടിസ്ഥാന

സൗകര്യവികസനത്തിനായി 23 കോടി രൂപയുടെ വർക്കിംഗ് ഗ്രൂപ്പ് കഴിഞ്ഞു. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഏതാനും പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തനക്ഷമമാക്കുന്നതാണ്. ശേഷിക്കുന്നവ 2018 മാർച്ച് 31-നുമുമ്പ് പ്രവർത്തനക്ഷമമാക്കണമെന്ന് ഉദ്ദേശിക്കുന്നു. അതാത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ, ഡോക്ടർമാർ, ഹെൽത്ത് വർക്കേഴ്സ്, ആരോഗ്യ വകുപ്പ് ജീവനക്കാർ, സാമൂഹിക നീതി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന പത്ത് പേർ വീതമുള്ള ഗ്രൂപ്പിന് കിലയിൽവച്ച് പരിശീലനം നൽകിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, സ്വകാര്യതയുള്ള കൺസൾട്ടിംഗ് റൂമുകൾ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ', സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഒരുക്കാനായി പദ്ധതിയിനത്തിൽ 23 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ലാബ് സൗകര്യമൊരുക്കുന്നതിന് 5 കോടി രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ നടന്നുകഴിഞ്ഞു. ഇവ സജ്ജീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മെഡിക്കൽ ഓഫീസറെയും, ലാബ് ടെക്നീഷ്യനെയും അധികമായി നിയമിച്ചിട്ടുണ്ട്. ഒരു സ്റ്റാഫ് നഴ്സിന്റെ ഒഴിവ് നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി നിർമ്മിതി കേന്ദ്രവുമായി ധാരണയായിട്ടുണ്ട്. വെയിറ്റിംഗ് ഏരിയയുടെ നിർമ്മാണം പുരോഗമിക്കുന്നു.

## സ്വാശ്രയ /സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം

266 (285) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സ്വാശ്രയ /സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം ഈ വർഷം കേന്ദ്ര ആരോഗ്യ മന്ത്രാലയം തടഞ്ഞിട്ടുണ്ട്; അതിനുള്ള കാരണം എന്താണ്;

(ബി) ഇതുമൂലം എത്ര എം.ബി.ബി.എസ്. സീറ്റുകൾ ഈ വർഷം കുറവുണ്ടാകും എന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം പുതുതായി സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ/ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് എം.ബി.ബി.എസ്. പ്രവേശനത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലൂടെ എത്ര വിദ്യാർത്ഥികൾക്ക് അധികമായി പ്രവേശനം ലഭിക്കും?

ഉത്തരം

(എ) താഴെ പറയുന്ന കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ഈ വർഷം കേന്ദ്ര ആരോഗ്യ മന്ത്രാലയം തടഞ്ഞിട്ടുണ്ട്.

1. ഡി. എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്.
2. കേരള മെഡിക്കൽ കോളേജ് പാലക്കാട്.
3. അൽ-അസ്ഹർ മെഡിക്കൽ കോളേജ്, തൊടുപുഴ.
4. മൗണ്ട് സിയോൺ മെഡിക്കൽ കോളേജ്, പത്തനംതിട്ട.
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ (150 സീറ്റിൽ നിന്ന് 100 സീറ്റായി കുറച്ചു).
6. എസ്.ആർ. മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ, തിരുവനന്തപുരം.
7. ഗവൺമെന്റ് മെഡിക്കൽ കോളേജ്, പൈനാവ്, ഇടുക്കി.

(ബി) 750 സീറ്റുകൾ

(സി) കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 100 സീറ്റുകളിൽ അഡ്മിഷൻ നടത്താൻ അനുമതി ലഭിച്ചിട്ടുണ്ട്.

**എം.ബി.ബി.എസ്. പ്രവേശനം**

267 (286) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ഫീസ് ഘടനയനുസരിച്ച് എം.ബി.ബി.എസ്. പ്രവേശനം നടത്താൻ ഏതൊക്കെ സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് തയ്യാറായിട്ടുള്ളത്;

(ബി) അവരുമായി ചർച്ച നടത്തി കരാർ ഒപ്പുവച്ചിട്ടുണ്ടോ;

(സി) ക്രോസ് സബ്സിഡി പാടില്ലായെന്ന ഇനാംദാർ കേസ്സിലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ കരാറിന് നിയമപ്രാബല്യം ലഭിക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷത്തെ ഫീസ് ഘടനയനുസരിച്ച് എം.ബി.ബി.എസ്. പ്രവേശനം നടത്താൻ താഴെ പറയുന്ന 9 സ്വാശ്രയ മെഡിക്കൽ കോളേജുകൾ കരാർ ഒപ്പിടാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

1. പരിയാരം മെഡിക്കൽ കോളേജ്
2. എം.ഇ.എസ്. പെരിന്തൽമണ്ണ
3. ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം
4. അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്
5. ശ്രീ ഗോകുലം മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ
6. മലബാർ മെഡിക്കൽ കോളേജ്
7. പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്
8. ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്
9. കണ്ണൂർ മെഡിക്കൽ കോളേജ്

(ബി) പരിയാരം മെഡിക്കൽ കോളേജ്, എം.ഇ.എസ്. പെരിന്തൽമണ്ണ എന്നീ സ്ഥാപനങ്ങളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്.

(സി) സർക്കാർ മുൻ വർഷങ്ങളിലും സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ എന്തെങ്കിലും നിയമപ്രശ്നങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പി.ജി. മെഡിക്കൽ പ്രവേശനം**

268 (287) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പി.ജി. മെഡിക്കൽ, ഡെന്റൽ സീറ്റുകളിലേയ്ക്കുള്ള ഈ വർഷത്തെ പ്രവേശനം എന്നാണ് അവസാനിച്ചത്;

(ബി) പി. ജി. മെഡിക്കൽ പ്രവേശനം അവസാനിച്ചപ്പോൾ എത്ര സ്വാശ്രയ പി.ജി. മെഡിക്കൽ/ഡെന്റൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; ഇതിന്റെ വിശദാംശം നൽകുമോ;

(സി) ക്ലിനിക്കൽ-നോൺ ക്ലിനിക്കൽ പി. ജി. ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ ഈ വർഷം എത്ര രൂപ ഫീസ് ഈടാക്കുന്നതിനാണ് സ്വാശ്രയ മാനേജ്മെന്റുകൾക്ക് അനുമതി നൽകിയത്; കഴിഞ്ഞ വർഷം ഈ മേഖലയിൽ ഈടാക്കാൻ അനുവദിച്ച ഫീസ് നിരക്ക് എത്രയായിരുന്നു;

(ഡി) സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് നൽകാൻ കഴിയാത്ത നിരക്കിലുള്ള ഫീസ് വർദ്ധന ഏർപ്പെടുത്തിയതുമൂലമാണ് പി. ജി. മെഡിക്കൽ-ഡെന്റൽ സീറ്റുകൾ ഒഴിഞ്ഞ് കിടക്കാൻ ഇടയായതെന്ന് കരുതുന്നുണ്ടോ;

(ഇ) ഇത്തരത്തിലുള്ള ഫീസ് വർദ്ധന സാമൂഹ്യനീതി നടപ്പിലാക്കാൻ സഹായകമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) പി.ജി. മെഡിക്കൽ/പി.ജി. ദന്തൽ സീറ്റുകളിലേയ്ക്കുള്ള ഈ വർഷത്തെ പ്രവേശനം മേയ് 31-ന് അവസാനിച്ചു.

(ബി) പി.ജി. മെഡിക്കൽ ഒഴിവുള്ള സീറ്റുകൾ - 61

പി. ജി. ദന്തൽ ഒഴിവുള്ള സീറ്റുകൾ -34

(സി) പി.ജി. മെഡിക്കൽ ഫീസ് നിരക്ക് അനുബന്ധത്തിൽ നൽകിയിരിക്കുന്നു*.

(ഡി & ഇ) പി.ജി. മെഡിക്കൽ/ദന്തൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കാനിടയായ കാരണം പരിശോധിച്ചിട്ടില്ല.

**എം.ബി.ബി.എസ്. കോഴ്സിന് ഗവൺമെന്റ് മെരിറ്റ് സീറ്റിലെ ഫീസ് ഘടന**

269 (288) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 അദ്ധ്യയനവർഷം എം.ബി.ബി.എസ്. കോഴ്സിന്റെ ഗവൺമെന്റ് മെരിറ്റ് സീറ്റിലെ ഫീസ് ഘടന വിശദമാക്കുമോ ;

(ബി) മുൻവർഷത്തേക്കാൾ ഫീസിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വർഷം പുതുതായി ലഭിച്ച എം.ബി.ബി.എസ്. സീറ്റുകളുടെയും നിലവിൽ നഷ്ടപ്പെട്ട സീറ്റുകളുടെയും എണ്ണം വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സർക്കാരുമായി കരാറിൽ ഏർപ്പെടുന്ന സ്വാശ്രയ കോളേജുകളിൽ സർക്കാർ മെരിറ്റ് സീറ്റിലെ ഫീസ് 2,50,000 രൂപയാണ്. കരാറിൽ ഏർപ്പെടാത്ത കോളേജുകളിലെ NRI ഒഴികെയുള്ള എല്ലാ സീറ്റുകളിലെയും ഫീസ് 5 ലക്ഷം രൂപയായാണ് താൽക്കാലികമായി നിശ്ചയിച്ചിരിക്കുന്നത്.

(ബി) സർക്കാരുമായി കരാറിൽ ഏർപ്പെടുന്ന കോളേജുകളിൽ സർക്കാർ മെരിറ്റ് സീറ്റിലെ ഫീസ് ഈ വർഷവും 2,50,000 രൂപയായി തുടരുന്നതാണ്. കഴിഞ്ഞ വർഷം കരാർ പ്രകാരമുള്ള ഫീസാണ് നിലനിന്നിരുന്നത് എന്നതിനാൽ ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഈ വർഷത്തെ ഫീസുമായി താരതമ്യം ചെയ്ത് വർദ്ധനവ് വിലയിരുത്താൻ കഴിയില്ല.

(സി) സർക്കാർ മേഖലയിൽ സീറ്റുകൾ നഷ്ടപ്പെട്ടിട്ടില്ല. 100 സീറ്റുകൾ അധികമായി ലഭിച്ചു. സ്വകാര്യമേഖലയിൽ ഈ വർഷം അംഗീകാരം ലഭിക്കാത്ത സീറ്റുകൾ 750.

**സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ്. പ്രവേശനം**

270 (289) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, ക്രിസ്ത്യൻ മാനേജ്മെന്റ് അസോസിയേഷനുമായി സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ്. പ്രവേശനകാര്യത്തിൽ മൂന്ന് വർഷത്തെ കരാർ 2015-ൽ ഒപ്പുവച്ചിരുന്നോ;

(ബി) പ്രസ്തുത കരാർ പ്രകാരം സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്ക് 2017-ൽ അവർക്ക് ഈടാക്കാവുന്ന ഫീസ് എത്രയായിരുന്നു;

(സി) ഈ വർഷത്തെ സ്വാശ്രയ എം.ബി.ബി.എസ്. ഫീസ് ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ നിശ്ചയിച്ചപ്പോൾ ഈ കരാറിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിൽ എം.ബി.ബി.എസ്.-ന് 5 ലക്ഷം രൂപയും, ബി.ഡി.എസ്.-ന് 2.90 ലക്ഷം രൂപയും മെരിറ്റ്/മാനേജ്മെന്റ് സീറ്റിൽ നിശ്ചയിച്ചിരുന്നോ;

(ഡി) ഈ മാനേജ്മെന്റുകളുടെ കീഴിൽ വരുന്ന പുഷ്പഗിരി മെഡിക്കൽ കോളേജ് ഹൈക്കോടതിയിൽനിന്നും ബി.ഡി.എസ്.-ന് 2017-18-ലും, 2015-ലെ എഗ്രിമെന്റ് പ്രകാരമുള്ള 3.30 ലക്ഷം രൂപ ഫീസ് ഈടാക്കുന്നതിന് അനുകൂല വിധി സമ്പാദിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എഗ്രിമെന്റിൽ പറഞ്ഞതിലും ഉയർന്ന ഫീസ് എം.ബി.ബി.എസ്.-ന് ഈടാക്കാൻ ഈ മാനേജ്മെന്റുകൾക്ക് കീഴിലുള്ള നാല് കോളേജുകൾക്കും രാജേന്ദ്രബാബു കമ്മിറ്റി അനുവാദം നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കരാർ ഒപ്പുവച്ചിരുന്നു.

(ബി) കരാർ പ്രകാരം 2017-18-ൽ ബാധകമായ ഫീസ് ചുവടെ ചേർക്കുന്നു.

എം.ബി.ബി.എസ്. - 4,85,000 രൂപ.

എൻ.ആർ.ഐ. - 13,00,000 രൂപ.

ബി.ഡി.എസ്. - 3,63,000 രൂപ

എൻ.ആർ.ഐ. - 6,00,000 രൂപ

(സി) നിശ്ചയിച്ചിരുന്നു.

(ഡി) ഉണ്ട്.

(ഇ) മുൻകാല കരാറുകൾ പരിശോധിച്ചും സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ട്യൂഷൻ ഫീസിനത്തിലുള്ള വരുമാനം പരിശോധിച്ചുമാണ് എല്ലാ കോളേജുകൾക്കും ബാധകമായ വിധത്തിൽ 5 ലക്ഷം രൂപ താൽക്കാലിക ഫീസായി ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ സമിതി നിശ്ചയിച്ചത്.

**സ്വാശ്രയ ബി.ഡി.എസ്. കോഴ്സിന്റെ ഫീസ് നിരക്ക്**

271 (290) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ ബി.ഡി.എസ്. കോഴ്സിന് ഈ വർഷം വാർഷിക ഫീസായി എന്ത് തുകയാണ് നിശ്ചയിച്ചിട്ടുള്ളത്; ഫീസ് നിർണ്ണയ സമിതി ആദ്യം പ്രസിദ്ധീകരിച്ച തുകയിൽനിന്നും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിൽ സ്വാശ്രയ ബി.ഡി.എസ്. കോഴ്സിന് നിശ്ചയിച്ചിരുന്ന ഫീസ് നിരക്ക് എത്രയായിരുന്നു;

(സി) വൻതോതിലുള്ള ഫീസ് വർദ്ധനവ് മെരിറ്റിൽ അഡ്മിഷൻ തേടുന്ന സാധാരണക്കാരുടെ മക്കളുടെ പഠനം ദുഷ്കരമാക്കും എന്ന് സർക്കാരിന് അഭിപ്രായമുണ്ടോ; എങ്കിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സർക്കാർ സ്കോളർഷിപ്പ് ഏർപ്പെടുത്തുമോ;

(ഡി) എം.ബി.ബിഎസ്.,എൻ.ആർ.ഐ. സീറ്റുകളിൽ ഫീസ് അഞ്ച് ലക്ഷം കൂട്ടിയതുവഴി ഓരോ കോളേജിനും അധികമായി ലഭിക്കുന്ന തുക ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പായി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ബി.ഡി.എസ്. ക്വാട്ടയിൽ ദരിദ്രർക്കും പിന്നാക്കക്കാർക്കും സീറ്റുകൾ ഈ വർഷം ഇല്ലാതായിട്ടും മേല്പറഞ്ഞ രീതിയിലുള്ള നിർദ്ദേശം ഉണ്ടാകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി 2017-18 വർഷത്തെ ബി.ഡി.എസ്. കോഴ്സിന് നിശ്ചയിച്ച താൽക്കാലിക ഫീസ് ചുവടെ ചേർക്കുന്നു:

ബി.ഡി.എസ്. (85% സീറ്റുകൾ) - 2.9 ലക്ഷം രൂപ

ബി.ഡി.എസ്. (15% എൻ.ആർ.ഐ. സീറ്റുകൾ) - 6 ലക്ഷം രൂപ വരെ

സമിതി ആദ്യം നിശ്ചയിച്ച തുകയിൽനിന്നും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻകാല കരാറുകൾ പരിശോധിച്ചും സ്വാശ്രയ കോളേജുകളുടെ ട്യൂഷൻ ഫീസിനത്തിലുള്ള വരുമാനം പരിശോധിച്ചുമാണ് സമിതി ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(ബി)

| | 2014-15 | 2015-16 | 2016-17 |
|---|---|---|---|
| സർക്കാർ മെരിറ്റ് | 1,60,000 രൂപ | 1,75,000 രൂപ | 2,10,000 രൂപ |
| മാനേജ്മെന്റ് ക്വാട്ട | 4,50,000 രൂപ | 4,75,000 രൂപ | 5,00,000 രൂപ |
| എൻ.ആർ.ഐ. | 5,25,000 രൂപ | 5,75,000 രൂപ | 6,00,000 രൂപ |

(സി) പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിയാണ് ഫീസ് നിർണ്ണയിച്ചത്. ഇതിൽ സർക്കാരിന് ഇടപെടാൻ കഴിയുന്നതല്ല. ഫീസ് നിർണ്ണയം അടക്കമുള്ള സമിതിയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് ഇടപെടാനാവില്ല. സ്കോളർഷിപ്പ് നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി & ഇ) എം.ബി.ബി.എസ്. എൻ.ആർ.ഐ. സീറ്റിൽ ഈടാക്കുന്ന ഫീസിൽനിന്നും 5 ലക്ഷം രൂപ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന

കുട്ടികൾക്ക് നൽകുന്നതിന് നീക്കിവയ്ക്കാനാണ് പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി തീരുമാനമെടുത്തിട്ടുള്ളത്. ഏതെങ്കിലും തരത്തിൽ തീരുമാനമെടുക്കണമെന്ന് സമിതിയോട് നിർദ്ദേശിക്കാൻ നിയമപരമായി സർക്കാരിന് കഴിയുന്നതല്ല. 2017-18 വർഷത്തെ ബി.ഡി.എസ്. അഡ്മിഷൻ പൂർത്തിയായിട്ടില്ല.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ നോൺ ക്ലിനിക്കൽ പി.ജി. കോഴ്സ്**

272 (291) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നോൺ ക്ലിനിക്കൽ പി.ജി. കോഴ്സിന്റെ ഫീസ് കഴിഞ്ഞ വർഷം എത്രയായിരുന്നു ; ഈ വർഷം അത് എത്രയായിട്ടാണ് വർദ്ധിപ്പിച്ച് നൽകിയത്;

(ബി) 2016-ൽ ഈ കോഴ്സുകളിൽ മെരിറ്റ് / മാനേജ്മെന്റ് വിഭാഗത്തിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നു; ഈ വർഷം അലോട്ട്മെന്റ് അവസാനിച്ചപ്പോൾ എത്ര സീറ്റുകൾ ഒഴിവുണ്ടായിരുന്നു എന്ന് അറിയിക്കുമോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത മെഡിക്കൽ വിദ്യാഭ്യാസം അപ്രാപ്യമാക്കുന്ന തരത്തിൽ ഈ വർഷം ഏർപ്പെടുത്തിയ ഫീസ് കാരണം പി.ജി. സീറ്റുകളിൽ വിദ്യാർത്ഥികളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ)

| നോൺ ക്ലിനിക്കൽ പി.ജി. ഡിഗ്രി കോഴ്സ് ഫീസ് നിരക്ക് - 2016 - 17 | | |
|---|---|---|
| കോളേജ് | മെഡിക്കൽ ഡിഗ്രി (നോൺ ക്ലിനിക്) | |
| | 50% ഗവൺമെന്റ് സീറ്റ് | 35% മാനേജ്മെന്റ് സീറ്റ് |

| (1) | (2) | (3) |
|---|---|---|
| 1.കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷൻ | 2,60,000 | 10,00,000 |
| 2. ഇതര സ്വാശ്രയ മെഡിക്കൽ കോളേജുകൾ | 2,60,000 | 6,00,000 |
| നോൺ ക്ലിനിക്കൽ പി.ജി. ഡിഗ്രി കോഴ്സ് ഫീസ് നിരക്ക് - 2017 -18 | | |
| പി.ജി. ഡിഗ്രി കോഴ്സ് | 8,50,000 | |
| പി.ജി. ഡിപ്ലോമ കോഴ്സ് | 6,40,000 | |

(ബി) 2016-17 വർഷം സ്വാശ്രയ കോളേജുകളിലെ 50% ഗവൺമെന്റ് മെരിറ്റ് സീറ്റുകളിൽ 7 എണ്ണം ഒഴിഞ്ഞു കിടന്നിരുന്നു. 2017-18 വർഷം സ്വാശ്രയ കോളേജുകളിൽ പി.ജി. മെഡിക്കൽ കോഴ്സിന്റെ 61 സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

(സി) പി.ജി. സീറ്റുകളിൽ വിദ്യാർത്ഥികളുടെ കുറവ് വന്നതിന്റെ കാരണം പരിശോധിച്ചിട്ടില്ല.

**സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം**

273 (293) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് എത്ര അലോട്ടുമെന്റുകൾ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) അലോട്ട്മെന്റുകൾ നടത്തുന്നതിലും കരാർ ഒപ്പുവയ്ക്കാൻ സന്നദ്ധരായ സ്ഥാപനങ്ങളുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും സർക്കാർ അലംഭാവം കാണിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് ഒരു അലോട്ട്മെന്റ് മാത്രം നടത്തുകയും ശേഷം സീറ്റ് ഒഴിവ് വരികയും ചെയ്താൽ പ്രസ്തുത സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്താനുള്ള അവകാശം മാനേജ്മെന്റുകൾക്കാണെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു അലോട്ട്മെന്റ് എന്നത് കോടതിയുടെയും എം.സി.ഐ.-യുടെയും നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നകാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് അലോട്ട്മെന്റുകളും സ്പോട്ട് അഡ്മിഷനുമാണ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്താൻ നിലവിൽ തീരുമാനമായത്.

(ബി) ഇല്ല.

(സി) സ്പോട്ട് അഡ്മിഷൻ പ്രവേശന പരീക്ഷാ കമ്മീഷണറാണ് നടത്തുന്നത്.

(ഡി) രണ്ട് റൗണ്ട് കൗൺസിലിംഗ് മാത്രമേ പാടുള്ളൂ എന്നതാണ് ഇതുസംബന്ധിച്ച കോടതി ഉത്തരവ്.

**പരിയാരം ആയുർവ്വേദ കോളേജ്**

274 (294) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജത ജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ പുതുതായി അനുവദിച്ച പി.ജി. കോഴ്സുകൾ ഏതൊക്കെയാണ്; ഈ കോഴ്സുകൾ എപ്പോൾ ആരംഭിക്കാൻ കഴിയും;

(ബി) പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ സമഗ്ര വികസനത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) രജത ജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ ശല്യതന്ത്ര, ശാലാക്യതന്ത്ര, രസശാസ്ത്ര & ഭൈഷജ്യകൽപ്പന എന്നീ മൂന്ന് വിഷയങ്ങളിൽ പുതുതായി പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് കേരള ആരോഗ്യ സർവ്വകലാശാലയുടെയും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും അനുമതി ആവശ്യമാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ കഴിയും.

(ബി) കണ്ണൂർ ആയുർവ്വേദ കോളേജിൽ ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം 40-ൽനിന്നും 60 ആക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആയുഷ് വകുപ്പിന്റെ അനുമതിക്കായി അപേക്ഷ

സമർപ്പിച്ചത് പ്രകാരം സി.സി.ഐ.എം. പരിശോധകർ കോളേജിലും ആശുപത്രിയിലും പരിശോധിച്ച് കേന്ദ്ര ആയുഷ് വകുപ്പിന് റിപ്പോർട്ടുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ക്രിയാശരീര, രോഗനിദാന പി.ജി. കോഴ്സുകൾക്ക് 2 സീറ്റ് വീതം ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2017-18 വർഷത്തെ ബജറ്റിൽ സർക്കാർ റവന്യൂ ശീർഷകത്തിൽ 550 ലക്ഷം രൂപയും മൂലധന ശീർഷകത്തിൽ 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. റവന്യൂ ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ചുകൊണ്ട് കോളേജിലും ആശുപത്രിയിലും ആവശ്യമായ ഉപകരണങ്ങൾ, കെമിക്കലുകൾ, ഫർണിച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, ആശുപത്രിയിലേയ്ക്കാവശ്യമായ ആയുർവേദ മരുന്നുകൾ എന്നിവ വാങ്ങിക്കുന്നതിനും നവീകരണ പ്രവൃത്തികൾക്കുംവേണ്ടി ചെലവഴിക്കുന്നതാണ്. കൂടാതെ മൂലധന ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ചുകൊണ്ട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടം, ആർ.എം.ഒ., സൂപ്രണ്ട് എന്നിവരുടെ വസതികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതാണ്. അതോടൊപ്പം അക്കാദമിക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

### അംഗീകാരം റദ്ദാക്കിയ നഴ്സിംഗ് കോളേജുകൾ

275 (295) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാല സംസ്ഥാനത്ത് എത്ര നഴ്സിംഗ് കോളേജുകളുടെ അംഗീകാരമാണ് റദ്ദാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാമാണ് ആ നഴ്സിംഗ് കോളേജുകൾ എന്ന് വെളിപ്പെടുത്താമോ;

(സി) അംഗീകാരം റദ്ദാക്കാനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) എത്ര നഴ്സിംഗ് കോളേജുകളിലാണ് സീറ്റുകൾ കുറച്ചിട്ടുള്ളത്; ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 അധ്യയന വർഷത്തേയ്ക്ക് 6 നഴ്സിംഗ് കോളേജുകളുടെ തുടർ അംഗീകാരത്തിനുള്ള അപേക്ഷ ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിരസിച്ചിട്ടുണ്ട്.

(ബി) 1. രുക്മിണി കോളേജ് ഓഫ് നഴ്സിംഗ്, തിരുവനന്തപുരം.

2. മേഴ്സി കോളേജ് ഓഫ് നഴ്സിംഗ്, വാളകം, കൊട്ടാരക്കര.

3. നൈറ്റിൻഗേൽ കോളേജ് ഓഫ് നഴ്സിംഗ്, നെടുമങ്ങാട്.

4. ഇന്ദിരാഗാന്ധി കോളേജ് ഓഫ് നഴ്സിംഗ്, കൊച്ചി.

5. കോളേജ് ഓഫ് നഴ്സിംഗ്, ഗുരു ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം.

6. തിയോഫിലസ് കോളേജ് ഓഫ് നഴ്സിംഗ്, കോട്ടയം.

(സി) 2017-18 അധ്യയന വർഷത്തിൽ തുടർ അംഗീകാരം നൽകുന്നതിന് മുന്നോടിയായി ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നടത്തിയ പരിശോധനയിൽ, പരിശോധന ദിവസം കിടപ്പുരോഗികളുടെ എണ്ണം 20 ശതമാനത്തിൽ താഴെയായിരുന്നു. ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല എന്നിവയുടെ മാനദണ്ഡങ്ങൾ പ്രകാരം കിടപ്പ് രോഗികളുടെ എണ്ണം 75 ശതമാനമോ അതിൽ കൂടുതലോ വേണം. എന്നാൽ മേൽ പ്രസ്താവിച്ച കോളേജുകളുടെ കിടപ്പ് രോഗികളുടെ എണ്ണം 20 ശതമാനത്തിൽ താഴെയായിരുന്നു. കൂടാതെ ടി കോളേജുകളിലെ കഴിഞ്ഞ വർഷത്തെ വിജയ ശതമാനം 50 ശതമാനത്തെക്കാൾ കുറവാണ്. മേൽ ന്യൂനതകൾ 12-6-2017-ൽ ചേർന്ന ഗവേണിംഗ് കൗൺസിലിന്റെ മുമ്പാകെ സമർപ്പിക്കുകയും അപേക്ഷ നിരസിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(ഡി) 4 നഴ്സിംഗ് കോളേജുകളിലെ ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ 10 വീതം സീറ്റുകളാണ് കുറച്ചിരിക്കുന്നത്. 2017-18 അദ്ധ്യയന വർഷത്തേയ്ക്കുള്ള കോഴ്സുകളുടെ തുടർ അംഗീകാരത്തിനായുള്ള അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നടത്തിയ പരിശോധനയിൽ, പരിശോധന ദിവസം പ്രസ്തുത കോളേജുകളിലെ കിടപ്പ് രോഗികളുടെ എണ്ണം 20 ശതമാനത്തിനും 30 ശതമാനത്തിനും ഇടയിലായതിനാലാണ് സീറ്റുകൾ കുറച്ചിട്ടുള്ളത്.

**ജി.എസ്.ടി.-യുടെ മറവിൽ കൃത്രിമ മരുന്നുക്ഷാമം സൃഷ്ടിക്കൽ**

276 (296) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.-യുടെ മറവിൽ കൃത്രിമ മരുന്നുക്ഷാമം ഉണ്ടാക്കുവാൻ സംസ്ഥാനത്തെ മരുന്ന് മൊത്തവിതരണക്കാരുടെ സംഘടനകൾ സ്വീകരിച്ചിരിക്കുന്ന നടപടിയുമായി ബന്ധപ്പെട്ട് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അധികൃതർക്ക് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) കൃത്രിമ മരുന്ന ക്ഷാമം ഉണ്ടാകാതിരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതുമായി ബന്ധപ്പെട്ട് മരുന്നുക്ഷാമം ഉണ്ടാകാതിരിക്കാൻ എല്ലാ മരുന്ന് നിർമ്മാതാക്കളുടെയും/വിതരണക്കാരുടെയും ഡിപ്പോ/ഗോഡൗണുകളിലും, മൊത്ത വ്യാപാരികളുടെ പക്കലും ആവശ്യത്തിന് മരുന്നുകളുടെ സ്റ്റോക്കുണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നു. കൂടാതെ സർക്കാർ തലത്തിൽ, മരുന്ന് നിർമ്മാതാക്കളുടെയും മൊത്ത/ചില്ലറ വ്യാപാരികളുടെയും യോഗം വിളിച്ചുചേർത്ത് ജി.എസ്.ടി.-യുമായി ബന്ധപ്പെട്ടുണ്ടായ ആശയക്കുഴപ്പങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

**മരുന്നുകളുടെ വിലനിയന്ത്രണം**

277 (297) <u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ വിലനിയന്ത്രണ പട്ടികയിലുള്ള മരുന്നുകൾക്ക് സംസ്ഥാനത്ത് മരുന്ന് കമ്പനികൾ അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് രോഗികൾക്ക് നിയന്ത്രിത വിലയിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള സീലിംഗ് പ്രൈസിനെക്കാൾ ഉയർന്ന വിലയിൽ മരുന്നുകൾ വിപണനം ചെയ്യുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നത് എൻ.പി.പി.എ. നേരിട്ടാണ്. അധികവില ഈടാക്കിയ മരുന്ന് ബാച്ചുകളുടെ അധിക തുക കണക്കാക്കി കമ്പനികളെക്കൊണ്ട് തിരിച്ചടപ്പിക്കുന്ന നടപടിയാണ് എൻ.പി.പി.എ. തുടർന്നുവരുന്നത്. അമിതവില ഈടാക്കുന്നതിന് കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. അമിതവില ഈടാക്കിയതുമായി ബന്ധപ്പെട്ട് 2016-ൽ പതിനഞ്ച് (15) മരുന്നുകളുടെയും 2017 ജൂലൈ 31 വരെ രണ്ട് (2) മരുന്നുകളുടെയും വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരുന്നുകളുടെ ലേബലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള എം.ആർ.പി.-യെക്കാൾ അധികവില ഈടാക്കുന്ന

വ്യാപാരികൾക്കെതിരെ അവശ്യവസ്തു നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നിയമ നടപടികളും ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇപ്രകാരം 2014 മുതൽ 2017 വരെയുള്ള കാലയളവിൽ 10 സ്ഥാപനങ്ങൾക്കെതിരെ കേസ്സുകൾ നിലവിലുണ്ട്.

**സർക്കാർ ഹോമിയോ ഡിസ്പെൻസറി**

278 (298) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ മാത്തോട്ടത്തുള്ള സർക്കാർ ഹോമിയോ ഡിസ്പെൻസറി - ബേപ്പൂർ എന്നുമുതലാണ് പ്രവർത്തനം ആരംഭിച്ചത്; ഈ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിലവിലുണ്ടോ;

(ബി) സർക്കാർ ഹോമിയോ ഡിസ്പെൻസറികൾക്ക് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടത് ആരുടെ ചുമതലയാണ്;

(സി) ആരംഭിച്ച് ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും ജീവനക്കാർക്കും രോഗികൾക്കും വേണ്ട ടോയ്ലെറ്റ് സൗകര്യം ഉൾപ്പെടെ ആവശ്യമായ യാതൊരു അടിസ്ഥാനസൗകര്യങ്ങളും ബേപ്പൂർ ഹോമിയോ ഡിസ്പെൻസറിയിൽ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2-3-1982 മുതൽ പ്രവർത്തനം ആരംഭിച്ചു. ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിലവിലില്ല.

(ബി) സർക്കാർ ഹോമിയോ ഡിസ്പെൻസറികൾക്ക് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

(സി) ഉണ്ട്. ബേപ്പൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറി കോഴിക്കോട് കോർപ്പറേഷന്റെ അധീനതയിൽ വരുന്നതിനാൽ ടി സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് കോർപ്പറേഷൻ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പോസ്റ്റ്മോർട്ടം നടപടികൾ കാണുന്നതിനുള്ള അനുമതി**

279 (299) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ വിദ്യാർത്ഥികൾക്ക് എറണാകുളം ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടപടികൾ കാണുന്നതിനുള്ള അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം, കണ്ണൂർ ആയുർവ്വേദ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഈ സൗകര്യം തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ടി കോളേജിലെ വിദ്യാർത്ഥികൾക്ക് എറണാകുളം ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം കാണുന്നതിനുള്ള പ്രത്യേക ഉത്തരവ് ഇല്ലാത്തതാണ് കാരണം.

(ബി) തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മോർട്ടം ട്രെയിനിംഗിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ**

280 (300) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിന്നും അടിയന്തരാവശ്യങ്ങൾക്കായി തലസ്ഥാന നഗരിയിൽ ഒറ്റയ്ക്ക് എത്തിച്ചേരുന്ന സ്ത്രീകൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി ഏകദിന വസതി (One Day Home) പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നും ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധതരം പദ്ധതികൾ സാമൂഹ്യനീതി വകുപ്പുമുഖേന ആവിഷ്കരിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാപ്രധാൻ ഏജന്റ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി 'കൈത്താങ്ങ്' എന്നൊരു

കർമ്മസേന രൂപീകരിച്ച് പൈലറ്റടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലായി 350 വാർഡുകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലായി ഒരു നിയമബോധന പരിപാടി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 100 നിയമബോധന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആലപ്പുഴ ജില്ലയിലെ വിധവകൾക്കും അവിവാഹിതരായ അമ്മമാർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണം നൽകുന്നതിനും സ്വന്തം കാലിൽ നിന്നുകൊണ്ട് ആത്മവിശ്വാസത്തോടെ ജീവിക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സമൂഹത്തിൽ അതിനെതിരെ ബോധവൽക്കരണം നടത്തി സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾകൂടി മനുഷ്യാവകാശങ്ങളാണെന്നുള്ള തിരിച്ചറിവോടെയുള്ള ഒരു ജനസമൂഹത്തെ വാർത്തെടുക്കുന്നതിനായി "ശ്രദ്ധ" എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, സേവനദാതാക്കൾ, റസിഡന്റ്സ് അസോസിയേഷനുകൾ, പൗരസമിതികൾ, സ്കൂളുകൾ, കോളേജുകൾ, യൂത്ത് ക്ലബ്ബുകൾ തുടങ്ങിയ വിവിധ മേഖലകളിൽ ബോധവത്കരണം നടത്തുന്നതാണ്.

ഗാർഹിക പീഡനത്തിന് ഇരയായവർ, വിധവകൾ, വിവാഹമോചിതർ എന്നീ ഗണത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ സ്കിൽ ഡെവലപ്മെന്റ് സെന്റർ മുഖേന പരിശീലനം നൽകുന്നതിനും അവർക്ക് തൊഴിൽ യൂണിറ്റുകൾ ഉണ്ടാക്കുന്നതിനുമായി കോഴിക്കോട് ജില്ലയിൽ പരീക്ഷണാർത്ഥം ഈ വർഷംതന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്. തയ്യൽ, ഗാർമെന്റ് മേക്കിംഗ് & ഫാഷൻ ടെക്നോളജി, ഹോം നഴ്സ് & ലബോറട്ടറി, ഹാന്റ്മെയ്ഡ് ടോയിലറ്ററി എന്നീ മേഖലകളിലാണ് കോഴിക്കോട് ജില്ലയിലെ സ്കിൽ ഡെവലപ്മെന്റ് സെന്റർ മുഖേന പരിശീലനം നൽകുന്നത്. ഇതിലേയ്ക്കായി 15,76,000 രൂപ വിമൻ പ്രൊട്ടക്ഷൻ ഓഫീസർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പദ്ധതിയുടെ ചെലവിലേയ്ക്കായി 30,56,750/- രൂപ 22-6-2017- ലെ സ.ഉ. (സാധാ) 400/2017/സാ.നീ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിൽ എട്ടാം നിലയിൽ ടി പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

## സംസ്ഥാന വനിതാ കമ്മീഷൻ

281 (301) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) കേരള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ കമ്മീഷൻ മീറ്റിംഗുകളിൽ അവലോകനം ചെയ്യാറുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ ജില്ലയിലെയും പരാതികൾ അതാത് ജില്ലകളിൽ അദാലത്തുകൾ നടത്തി പരിഹരിക്കുന്നു. പരാതികൾ കമ്മീഷൻ സ്വീകരിക്കുന്ന മുറയ്ക്കാണ് അദാലത്തിൽ കേസ്സുകൾ പരിഗണിക്കുന്നത്. കമ്മീഷന്റെ നേരിട്ടുള്ള അന്വേഷണം മുഖേനയും പോലീസിന്റെയും മറ്റ് വകുപ്പുകളുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാതികൾക്ക് പരിഹാരം കാണുന്നുണ്ട്. വളരെ അടിയന്തര സ്വഭാവമുള്ള പരാതികൾക്ക് ടെലിഫോൺ മുഖാന്തിരം നേരിട്ടും യഥാസമയം പരിഹാരം കാണുന്നുണ്ട്.

(സി) ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജാഗ്രതാ സമിതി അംഗങ്ങൾക്ക്, നിലവിലുള്ള സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ച് പൊതുവായ അറിവ് നൽകണമെന്ന ഉദ്ദേശ്യത്തോടെ വിവിധ ജില്ലകളിലായി കമ്മീഷൻ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ ജാഗ്രതാ സമിതി മുമ്പാകെ വരുന്ന കേസ്സുകൾ തീർപ്പാക്കൽ സംബന്ധിച്ചും സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്.

## ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പുനഃസംഘടന

282 (302) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് ദിനേശൻ കെ.കെ. അദ്ധ്യക്ഷനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ രണ്ട് യോഗങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. കൂടാതെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും അംഗങ്ങളുടെ യോഗ്യതയും മറ്റും നിശ്ചയിച്ചുകൊണ്ടുള്ള ചട്ടം തയ്യാറാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. അതിൻപ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ പുതിയ സോഷ്യൽ വർക്കർ മെമ്പർമാരെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പുതിയ ചെയർപേഴ്സൺമാരെയും മെമ്പർമാരെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

283 (303) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ;

(ബി) പ്രസ്തുത ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന എഫ്.സി.സി.-യുടെ (Family Councelling Centre) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം, 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 41 ഫാമിലി കൗൺസിലിംഗ് സെന്ററുകളെ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളായി അംഗീകരിച്ചിട്ടുണ്ട്. ടി 41 കൗൺസിലിംഗ് സെന്ററുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും ഷെൽട്ടർ ഹോമുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഗാർഹിക പീഡനത്തിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തെ ആസ്പദമാക്കി ഒരു സംസ്ഥാനതല സെമിനാർ സംഘടിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ഗാർഹിക പീഡന കേസ്സുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനായി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി സഹകരിച്ച് ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി പ്രസ്തുത സെന്ററുകളിൽ പരിശോധന നടത്തി പ്രവർത്തനരഹിതമായ സെന്ററുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാനും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ കുറവായ മലപ്പുറം, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും ഷെൽട്ടർ ഹോമുകളുടെയും സംഘടനാ ഭാരവാഹികൾക്കും ലീഗൽ കൗൺസിലർമാർക്കും ഷെൽട്ടർ ഹോം സ്റ്റാഫിനും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനും ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

284 (304) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം വിശദമാക്കാമോ; ഇത് എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതിക്ക് ഏത് വകുപ്പാണ് മേൽനോട്ടം വഹിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'അനുയാത്ര' കാമ്പയിനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രവർത്തനമാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ. ആദ്യഘട്ടമായി 25 യൂണിറ്റുകളാണ് സംസ്ഥാനത്താകമാനം നിലവിൽ വരിക. ഭിന്നശേഷിയുള്ള കുട്ടികൾക്ക് അവശ്യം വേണ്ട സേവനങ്ങളും തെറാപ്പികളും അവർ താമസിക്കുന്ന സ്ഥലങ്ങളുടെ സമീപപ്രദേശത്ത് ലഭ്യമാക്കുക എന്നതാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ കൊണ്ടുദ്ദേശിക്കുന്നത്. നിലവിൽ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ദേശീയ ആരോഗ്യ ദൗത്യത്തിന്റെ RBSK-DEIC-കളുടെ അനുബന്ധ യൂണിറ്റുകളായിട്ടായിരിക്കും 23 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുക. 2 യൂണിറ്റുകൾ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇംഹാൻസ് എന്ന സ്ഥാപനം വഴിയാണ് നടപ്പാക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ഫണ്ട് ഉപയോഗിച്ച് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ വിദഗ്ധരുടെ സേവനങ്ങൾ ലഭ്യമായിരിക്കും.

(ബി) മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടില്ല. ആദ്യഘട്ടമായി ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്,

സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനമാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ വഴി ലഭ്യമാക്കുന്നത്.

(സി) സംസ്ഥാനത്ത് എല്ലാ ഗ്രാമപ്രദേശങ്ങളിലും മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ സേവനം ലഭ്യമാകത്തക്കവണ്ണമാണ് ഇവയുടെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. ആറ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിലാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും നിശ്ചിത സ്ഥലത്ത് മുൻകൂട്ടി നിശ്ചയിച്ച ഷെഡ്യൂൾ പ്രകാരം ആഴ്ചയിൽ ഒരു ദിവസം യൂണിറ്റിന്റെ സേവനം ലഭ്യമാകും. കേരള സാമൂഹ്യ സുരക്ഷാ മിഷനും ദേശീയ ആരോഗ്യ ദൗത്യവും (കേരള) സംയുക്തമായാണ് പദ്ധതിയുടെ നിർവ്വഹണവും മേൽനോട്ടവും വഹിക്കുന്നത്.

## കിന്റർ ഗാർട്ടൻ പ്രവർത്തനം

285 (305) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിന്റർ ഗാർട്ടനുകളുടെ പ്രവർത്തനത്തിൽ ഏതൊക്കെ നിയന്ത്രണങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇത് നിലവിലുള്ള ഏത് നിയമപ്രകാരമാണ്; വിശദവിവരം നൽകുമോ;

(ബി) ഇത്തരം സ്വകാര്യ കിന്റർ ഗാർട്ടനുകളിൽ കുട്ടികളോട് കാട്ടുന്ന ക്രൂരതയ്ക്ക് കടിഞ്ഞാണിടുന്നതിന് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; ഇതനുസരിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

(സി) ഇത്തരം സ്ഥാപനങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്ന് കാണിച്ച് ഏതെങ്കിലും സർക്കുലറോ, ഉത്തരവുകളോ പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ പോലീസ് അധികാരികൾക്ക് എന്തെങ്കിലും അധികാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ കിന്റർ ഗാർട്ടനുകളുടെ പ്രവർത്തനത്തിൽ സാമൂഹ്യനീതി വകുപ്പ് നിലവിൽ നിയന്ത്രണങ്ങളൊന്നും സ്വീകരിച്ചുവരുന്നില്ല. എന്നാൽ എറണാകുളം പാലാരിവട്ടത്തുള്ള 'കളിവീട്' എന്ന ഡേ കെയർ സ്ഥാപനത്തിലെ നടത്തിപ്പുകാരി ഒരു കൊച്ചുകുട്ടിയെ മർദ്ദിക്കുന്നതായ രംഗങ്ങൾ

ദൃശ്യമാധ്യമങ്ങളിലൂടെ പുറത്തുവന്നതിനെത്തുടർന്ന് 18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ സംരക്ഷണം ഐ.സി.പി.എസ്. (സമഗ്ര ശിശു സംരക്ഷണ പദ്ധതി)യുടെ ഭാഗമായതിനാൽ ഇത്തരം ഡേ കെയർ സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഐ.സി.പി.എസ്. തലത്തിൽ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. സ്വകാര്യ കിന്റർ ഗാർട്ടൻ സ്ഥാപനങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്ന് കാണിച്ച് സാമൂഹ്യനീതി വകുപ്പിൽനിന്നും സർക്കുലറോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**വയോമിത്രം പദ്ധതി**

286(306) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എല്ലാ നഗരസഭകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വയോമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇവർക്കായി വയോ-അമൃതം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വയോജനങ്ങൾക്കായി നടപ്പ് വർഷം ഒരു ജില്ലയിൽ ഒരു വീട് വീതം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സംരക്ഷണവും മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്കുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം.' സംസ്ഥാനത്തെ 66 മുനിസിപ്പൽ നഗരസഭകളിലും 6 കോർപ്പറേഷനുകളിലും നടപ്പാക്കിവരുന്ന പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വയോ-അമൃതം പദ്ധതി സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാർക്കായി ആരംഭിച്ചിട്ടുള്ള ആയുർവ്വേദ ചികിത്സാ പദ്ധതിയാണ്. കേരളത്തിലെ 16 സർക്കാർ വൃദ്ധസദനങ്ങളിലാണ് ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. ഭാരതീയ ചികിത്സാ വകുപ്പ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വയോ-അമൃതം പദ്ധതി തുടർപദ്ധതിയായി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) വയോജനങ്ങൾക്കായി നടപ്പുവർഷം ഒരു ജില്ലയിൽ ഒരു വീട് വീതം നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് വഴി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ നടത്തിവരുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകി സായംപ്രഭ ഹോമുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന 70 പകൽ വീടുകളാണ് സായംപ്രഭ ഹോമുകളായി ഉയർത്തുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി 1,96,00,000 രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**വയോമിത്രം പദ്ധതി**

287 (307) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വയോജനങ്ങൾക്ക് പ്രസ്തുത പദ്ധതികൊണ്ട് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ടി പദ്ധതി ഇപ്പോൾ ഗ്രാമ - ബ്ലോക്ക് തലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഗ്രാമ - ബ്ലോക്ക് തലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സംരക്ഷണവും മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്കുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം.' 66 മുനിസിപ്പൽ നഗരസഭകളിലും 6 കോർപ്പറേഷൻ പ്രദേശത്തും നടപ്പിലാക്കിവരുന്ന പദ്ധതി സംസ്ഥാനത്തെ 93 നഗരസഭകളിലും 2017 സെപ്റ്റംബറിന് മുമ്പ് വ്യാപിപ്പിക്കുന്നതിനുവേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ (കോർപ്പറേഷൻ/മുനിസിപ്പാലിറ്റി) പൂർണ്ണ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് അവരുടെ സാമ്പത്തിക പരിധി ബാധകമാക്കാതെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, കൗൺസിലിംഗ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ നൽകുന്നുണ്ട്.

(സി) വയോമിത്രം പദ്ധതി ഗ്രാമ-ബ്ലോക്ക് തലത്തിൽ നടപ്പാക്കിയിട്ടില്ല.

(ഡി) വയോമിത്രം പദ്ധതി ബ്ലോക്ക് തലത്തിൽ നടപ്പാക്കുന്നതാണ്. ഇതിന്റെ ആദ്യഘട്ടമായി 14 ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം പൈലറ്റായി 2017-18 വർഷം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**കാസർഗോഡ് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിലെ ഒഴിവുകൾ**

288 (308) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്താനാകുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിവിധ കാര്യാലയങ്ങളിലായി 26 ഒഴിവുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | പ്രോഗ്രാം ഓഫീസർ | 1 |
| 2 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്- I | 1 |
| 3. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 |
| 4 | ജൂനിയർ സൂപ്രണ്ട് | 9 |

| (1) | (2) | (3) |
|---|---|---|
| 5 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II | 1 |
| 6 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III | 1 |
| 7 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 1 |
| 8 | ക്ലാർക്ക് | 1 |
| 9 | ഓഫീസ് അറ്റൻഡന്റ് | 1 |
| 10 | വാച്ച്മാൻ | 1 |
| | ആകെ | 26 |

(ബി) ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ ഒഴിവുകൾ വകുപ്പിലെ വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന മുറയ്ക്ക് നികത്തുന്നതാണ്. പ്രോഗ്രാം ഓഫീസർ തസ്തികയിലെ ഒഴിവിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. നമ്പർ 1709/2016 മേലുള്ള അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതാണ്. ജൂനിയർ സൂപ്രണ്ട്, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I എന്നീ തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ**

289 (309) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിനുകീഴിൽ എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ഏതെല്ലാം സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ആലത്തൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഈ സ്കൂളിന് എയ്ഡഡ് പദവി നൽകാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. ബഡ്സ് സ്കൂളുകളുടെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**സ്നേഹപൂർവ്വം പദ്ധതി**

290 (310) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചുപോയാൽ അവരുടെ മക്കൾക്ക് പഠിക്കുവാൻ പ്രതിമാസം ധനസഹായം നൽകുന്ന 'സ്നേഹപൂർവ്വം' പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) അരൂർ മണ്ഡലത്തിലെ എത്ര വീതം വിദ്യാർത്ഥികൾക്ക് ഏതെല്ലാം വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം സഹായം നൽകി ;

(സി) എത്ര വർഷമായി ഈ പദ്ധതി പ്രകാരമുള്ള തുക നൽകാതെ മുടങ്ങിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള തുക മുടങ്ങാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഈ പദ്ധതി പ്രകാരമുള്ള തുക മുടക്കം കൂടാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2012 നവംബറിൽ സ്നേഹപൂർവ്വം പദ്ധതി ആരംഭിച്ചു.

(ബി) 2012-13, 2013-14 വർഷങ്ങളിൽ അപേക്ഷകൾ നേരിട്ടാണ് സ്വീകരിച്ചിരുന്നത്. പ്രസ്തുത വർഷങ്ങളിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.

അരൂർ മണ്ഡലത്തിൽ ഉൾപ്പെട്ട 630 വിദ്യാർത്ഥികൾക്ക് 2014-15 അദ്ധ്യയന വർഷത്തിലും 464 വിദ്യാർത്ഥികൾക്ക് 2015-16 അദ്ധ്യയന വർഷത്തിലും 325 വിദ്യാർത്ഥികൾക്ക് 2016-17 അദ്ധ്യയന വർഷത്തിലും സ്നേഹപൂർവ്വം പദ്ധതി പ്രകാരം ധനസഹായം നൽകി.

(സി) ഈ പദ്ധതി പ്രകാരം തുക നൽകുന്നത് മുടങ്ങിയിട്ടില്ല. സ്ഥാപനമേധാവികൾ മുഖേന ഓൺലൈനായി അപേക്ഷ നൽകി പ്രിന്റൗട്ട് സമർപ്പിച്ച് അംഗീകരിച്ച എല്ലാപേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഓൺലൈൻ പ്രിന്റൗട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് അംഗീകരിച്ച് വിദ്യാർത്ഥികളുടെയും മാതാവിന്റെയോ പിതാവിന്റെയോ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്ത് നൽകിവരുന്നു. പ്രിന്റൗട്ട് ലഭിക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല.

(ഇ) തുക മുടക്കം കൂടാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഓൺലൈൻ പ്രിന്റൗട്ട് ലഭ്യമാക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് പ്രസ്തുത പ്രിന്റൗട്ട് അടിയന്തരമായി സമർപ്പിക്കുന്നതിന് ഇ-മെയിൽ സന്ദേശം നൽകിവരുന്നു.

**അങ്കണവാടികളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

291 (311) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള അങ്കണവാടികളിൽ വർക്കർ, ഹെൽപ്പർ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) വർക്കല നിയോജകമണ്ഡലത്തിലെ അങ്കണവാടികളിൽ ടീച്ചർ, വർക്കർ, ഹെൽപ്പർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ഡി) ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വർക്കർ, ഹെൽപ്പർ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ അങ്കണവാടി വർക്കർ, ഹെൽപ്പർ തസ്തികകളിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവുകൾ |
|---|---|
| അങ്കണവാടി വർക്കർ | 104 |
| അങ്കണവാടി ഹെൽപ്പർ | 544 |

(സി) വർക്കല നിയോജക മണ്ഡലത്തിലെ അങ്കണവാടികളിൽ നിലവിലുള്ള വർക്കർ, ഹെൽപ്പർ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിയോജകമണ്ഡലം | ഐ.സി.ഡി.എസ്. പ്രോജക്ട് | അങ്കണവാടികളിലെ ഒഴിവുകൾ | |
|---|---|---|---|
| | | വർക്കർ | ഹെൽപ്പർ |
| വർക്കല | വർക്കല | 0 | 9 |
| | വർക്കല അഡീഷണൽ | 0 | 2 |
| | കിളിമാനൂർ അഡീഷണൽ | 0 | 19 |

(ഡി) ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഭിന്നശേഷിക്കാർക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

292(312) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിക്കാർക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗക്കാർക്കായി 'അനുയാത്ര' എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭിന്നശേഷി ആരംഭത്തിൽ തന്നെ കണ്ടെത്തുന്നതിന് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും "ഏർലി ഡിറ്റക്ഷൻ സെന്റർ "സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഭിന്നശേഷിയുള്ളവർക്കായി വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി ട്രൈസൈക്കിൾ, വീൽ ചെയർ, വാക്കർ, ശ്രവണ സഹായി തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാർക്കായി വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര ജീവചക്ര സമീപനത്തിലൂടെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ അനുയാത്രയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിയുള്ളവർക്കായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം - കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി പ്രതിമാസം 2000 രൂപ ക്രമത്തിൽ പരമാവധി 2 വർഷം ധനസഹായം അനുവദിക്കുന്നു.

2. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം - സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത അംഗപരിമിതരായ/ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പത്താം ക്ലാസ്/പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്നതിന് പരീക്ഷാ ഫീസ്- കോഴ്സ് ഫീസ് ഉൾപ്പെടെ ധനസഹായം നൽകുന്ന ഒരു പദ്ധതിക്ക് 2017-18 വർഷം സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

3. വിദ്യാജ്യോതി - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്ന പദ്ധതി.

4. വിദ്യാകിരണം - സാമ്പത്തിക പരാധീനതമൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (ആരെങ്കിലും ഒരാൾ/രണ്ടുപേരും) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 15-5-2017 തീയതി സ.ഉ.(സാധാ)നമ്പർ 274/2017/ സാ.നീ.വ. പ്രകാരം 89.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

5. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കാൻ കഴിയാത്തവരും വികലാംഗരുമായ/ഭിന്നശേഷിക്കാരായ, ഡിഗ്രിയോ അതിന് മുകളിലോ പഠിക്കുന്ന (പ്രൈവറ്റായി രജിസ്റ്റർ ചെയ്ത്-ഓപ്പൺ സ്കൂൾ/കോളേജ്) വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യയന വർഷത്തേയ്ക്ക് പരമാവധി 10,000/- രൂപ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

6. സ്വാശ്രയ-കിടപ്പുരോഗികളെ പരിചരിക്കുന്ന മാതാവ്/രക്ഷകർത്താവിന് (സ്ത്രീകൾ) സ്വയംതൊഴിൽ ചെയ്യുന്നതിനായി ഒറ്റത്തവണ ധനസഹായമായി 35,000 രൂപ അനുവദിക്കുന്നു.

ഇതുകൂടാതെ മാനസിക വെല്ലുവിളി നേരിടുന്നവർ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാർക്കായി ആവിഷ്കരിച്ച വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അംഗവൈകല്യമുള്ളവർക്കാവശ്യമായ ട്രൈസൈക്കിൾ, വീൽച്ചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.
2. അംഗവൈകല്യമുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽച്ചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം (മാനദണ്ഡങ്ങൾക്ക് വിധേയമായി)
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം (മാനദണ്ഡങ്ങൾക്ക് വിധേയമായി)
4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ
6. സ്വയംതൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി
7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി
8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി
9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ
10. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി-സംസ്ഥാനതലത്തിൽ നടപ്പാക്കൽ
11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനകേന്ദ്രവും
12. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം
13. കാഴ്ചവൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി
14. ഭിന്നശേഷിക്കാർക്ക് 25,000 രൂപ വരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി

(ബി) ഉണ്ട്. അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്നത് മുതൽ ഇവരുടെ പുനരധിവാസം വരെ ലക്ഷ്യമിടുന്ന വിവിധ പ്രവർത്തനങ്ങളാണ് അനുയാത്രയുടെ ഭാഗമായി നടപ്പാക്കുന്നത്. പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം
2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
3. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ
5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
8. സ്പെഷ്യൽ അങ്കണവാടികൾ
9. പ്രോജക്ട് ഓട്ടിസം
10. കാതോരം
11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
12. ഹെൽപ്പ് ഡെസ്ക്
13. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
14. കറക്ഷൻ സർജറികൾ
15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ
16. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
17. വ്യക്തിഗത പരിപാലന പ്ലാൻ
18. ദേശീയ ശില്പശാല
19. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം

20. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ-എംപവർ

21. പരിക്കുകൾമൂലമുണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ

22. അനുയാത്ര-വി കെയർ ഫിലിം ഫെസ്റ്റിവൽ ഓൺ ഡിസെബിലിറ്റീസ്

(സി) വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതാണ്. ഇതിനാവശ്യമായ സ്ഥലം ആരോഗ്യ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ഡി) ഭിന്നശേഷിക്കാർക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ട്രൈസൈക്കിൾ, വീൽച്ചെയർ, വാക്കർ, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങൾ നേരിട്ടും മെഡിക്കൽ ക്യാമ്പുകൾ വഴിയും സൗജന്യമായി വിതരണം നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 2059 പേർക്ക് സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

**റേഷൻ കാർഡ് മുൻഗണനാ പട്ടികയിലെ അനർഹർ**

293 (313) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കി നൽകുന്നതിനായുള്ള ഡിക്ലറേഷൻ ഫോറം ഏത് വർഷമാണ് കാർഡുടമകളിൽ നിന്നും സ്വീകരിച്ചിട്ടുള്ളത് ;

(ബി) റേഷൻ കാർഡ് ഡിക്ലറേഷനിൽ വസ്തുതകൾ മറച്ചുവെച്ച് മുൻഗണനാ പട്ടികയിൽ കയറിക്കൂടിയവരെ ഒഴിവാക്കി പകരം അർഹതയുള്ളവരെ ഉൾപ്പെടുത്തുന്നതിന് നിലവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) നാളിതുവരെ എത്ര കാർഡുടമകളെ അനർഹരാണെന്ന് കണ്ടെത്തി മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-ലാണ് പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ വിതരണം ചെയ്തത്.

(ബി) സ്വമേധയാ ഒഴിയാനുള്ള അവസരം 20-8-2017 വരെ നൽകിയിട്ടുണ്ട്. അതിനുശേഷവും മുൻഗണനാ പട്ടികയിൽ തുടരുന്ന അനർഹരെ പരിശോധനയിലൂടെ കണ്ടെത്തി മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) 105034 കാർഡുടമകളെ അനർഹരായി കണ്ടെത്തി. അവരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റേഷൻകടകളിലെ കമ്പ്യൂട്ടർവൽക്കരണം

294 (314) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) കോതമംഗലം മണ്ഡലത്തിൽ എത്ര റേഷൻ കടകളിലാണ് കമ്പ്യൂട്ടർവൽക്കരണം നടത്തുവാനുള്ളത്;

(സി) കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) കമ്പ്യൂട്ടർവൽക്കരണ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 122.

(സി) സിവിൽ സപ്ലൈസ് വകുപ്പിനുവേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് (സപ്ലൈകോ) ഇ-പോസ് മെഷീനുകൾ പർച്ചേസ് ചെയ്യുന്നത്. പ്രസ്തുത ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകളുടെ പരിശോധന നടന്നുവരികയുമാണ്. ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയും സമഗ്ര റേഷൻ വിതരണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യും.

(ഡി) 2018 മാർച്ച് മാസത്തിനകം കമ്പ്യൂട്ടർവൽക്കരണ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇ-പോർട്ട് റേഷൻ സംവിധാനം

295 (315) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോർട്ട് റേഷൻ സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-പോസ് മെഷീനുകൾ എല്ലാ റേഷൻ കടകളിലും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) ഉപകരണങ്ങൾ വഴി ഗുണഭോക്താക്കളുടെ ബയോമെട്രിക് വിവരങ്ങൾ സ്വീകരിച്ച് വാലിഡേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് മാത്രം റേഷൻ വിതരണം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും. ഇതുവഴി റേഷൻ വിതരണം കൂടുതൽ സുതാര്യമാക്കാൻ കഴിയും.

(സി) സിവിൽ സപ്ലൈസ് വകുപ്പിനുവേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് (സപ്ലൈകോ) ഇ-പോസ് മെഷീനുകൾ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങുന്നത്. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകളുടെ പരിശോധന നടന്നുവരികയുമാണ്.

## ജി.എസ്.ടി.മൂലമുണ്ടാകുന്ന വിലക്കയറ്റം

296 (316) ശ്രീ. ചിറ്റയം ഗോപകുമാർ :
,, വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ :
ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയ സാഹചര്യത്തിൽ പൊതുവിപണിയിൽ വിലക്കയറ്റം ഉണ്ടായിട്ടുണ്ടോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി.-യിൽ പൂർണ്ണമായും നികുതി ഒഴിവാക്കിയ ചില സാധനങ്ങൾക്കും നികുതി നിരക്കിൽ കുറവുവന്ന ചില സാധനങ്ങൾക്കും ആനുപാതികമായ വിലക്കുറവ് വിപണിയിൽ കാണപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് പൊതുവിതരണ വകുപ്പ് പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, പൊതുവിതരണ ശൃംഖലയിലെ മറിച്ചുവിൽപ്പന എന്നിവ തടയുന്നതിന് ശക്തമായ പരിശോധന നടത്തുന്നുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ 1955-ലെ അവശ്യ സാധന നിയമം, 1980-ലെ Prevention of Black Marketing and Maintenance of Supply of Essential Commodities Act, 1966-ലെ കെ.ആർ.ഒ. എന്നിവ അനുസരിച്ച് ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വ്യാപാര കേന്ദ്രങ്ങൾ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by Catering Establishment) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Account and Display of Price and Stock) Order എന്നിവ പ്രകാരം ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പായ്ക്ക് ചെയ്ത ഉല്പന്നങ്ങളിൽ പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് പ്രകാരം ആവശ്യമായ പ്രഖ്യാപനങ്ങൾ ഉണ്ടോയെന്നും നിയമപരമായി അനുവദിച്ച വിലയേക്കാൾ കൂടിയ വില ഈടാക്കുന്നുണ്ടോയെന്നും സംബന്ധിച്ച വ്യാപകമായ പരിശോധനകൾ ലീഗൽ മെട്രോളജി വകുപ്പ് നടത്തുന്നുണ്ട്. എം.ആർ.പി.-യെക്കാൾ അധിക വില ഈടാക്കിയത് സംബന്ധിച്ച് 48 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാജി ഫീസ് ഇനത്തിൽ 1,55,000 രൂപയും പാക്കേജ്ഡ് കമ്മോഡിറ്റീസിന്റെ മറ്റ് നിയമലംഘനങ്ങൾക്ക് 337 കേസ്സുകളും 23,45,500 രൂപയും മറ്റ് നിയമലംഘനങ്ങൾ ഉൾപ്പെടെ ആകെ 2565 കേസ്സുകളും 70,06,000 രൂപ രാജി ഫീസും ഈടാക്കിയിട്ടുണ്ട്.

**റേഷൻ കാർഡ് വിതരണത്തിലെ അപാകതകൾ**

297 (317) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി റേഷൻ കാർഡ് ലഭിച്ചപ്പോൾ അർഹരായ പലരും ബി.പി.എൽ. വിഭാഗത്തിൽനിന്ന് ഒഴിവാക്കപ്പെട്ടതായും അനർഹരായ പലരും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടതായും പരാതികൾ ഉയർന്ന സാഹചര്യത്തിൽ, അനർഹരെ ഒഴിവാക്കുന്നതിനും, മാരകരോഗങ്ങൾ ബാധിച്ചവരടക്കമുള്ള അർഹരായവർക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി 14-1-11-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ., 27-4-12-ലെ സ.ഉ.(കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളെയും സർക്കാർ ജോലി ഉൾപ്പെടെ സ്ഥിര വരുമാനമുള്ളവരെയും ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളെയും മറ്റ് മാനദണ്ഡങ്ങൾ മാറ്റിവച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച കർശന നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്.

**പുതിയ റേഷൻ കാർഡിലെ അപാകതകൾ**

298 (318) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിതരണം ചെയ്ത പുതിയ റേഷൻ കാർഡുകളിൽ വ്യാപകമായ തോതിൽ അപാകതകൾ ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബി.പി.എൽ./എ. പി.എൽ. അപാകതകൾ പരിഹരിക്കുന്നതിനും ഉയർന്ന വരുമാനമുള്ള സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവർ ബി.പി.എൽ.-ൽ ഉൾപ്പെട്ട് ആനുകൂല്യങ്ങൾ പറ്റുന്നത് തടയുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻഗണനാ പട്ടികയിൽനിന്നും സ്വമേധയാ ഒഴിവാകുന്നതിന് അപേക്ഷ സമർപ്പിച്ചവരെയും റേഷൻ കടയുടമകൾ, സംഘടനകൾ, വ്യക്തികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ വഴി ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അനർഹരാണെന്ന് കണ്ടെത്തിയവരെയും മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കി പൊതുവിഭാഗമാക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 20-8-2017-നകം മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട എല്ലാ സർക്കാർ/പൊതുമേഖല/സഹകരണ മേഖല/ഉദ്യോഗസ്ഥർ/അദ്ധ്യാപകർ എന്നിവർ സ്വയം ഒഴിഞ്ഞുപോകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അല്ലാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുതിയ റേഷൻ കാർഡ്

299 (319) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ എത്ര പേർക്കാണ് ഇനിയും പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാനുള്ളത്;

(ബി) വിതരണം ചെയ്തവയിൽ പരാതി ലഭിച്ചത് എത്ര പേരിൽ നിന്നാണ്;

(സി) പ്രയോറിറ്റി വിഭാഗത്തിലായിരുന്ന മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, മറ്റിതര തൊഴിലാളികൾ, ഇടത്തരക്കാർ എന്നിവരെ നോൺ പ്രയോറിറ്റിയിൽപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിച്ച എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്;

(ഡി) ഇങ്ങനെയുള്ള കേസ്സുകളിൽ എത്രയെണ്ണം നാളിതുവരെ പരിഹരിച്ചിട്ടുണ്ട്; ബാക്കിയുള്ളവ എന്നത്തേയ്ക്ക് പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) കൊച്ചി നിയോജകമണ്ഡലത്തിൽ 11753 റേഷൻ കാർഡുകൾ മാത്രമാണ് നൽകുവാനുള്ളത്. ഇതിൽ 623 പേരിൽ നിന്നാണ് പരാതി ലഭിച്ചത്.

(സി&ഡി) ഇതുസംബന്ധിച്ച പരാതികൾ ക്രോഡീകരിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുക്കിയ മുൻഗണനാ ലിസ്റ്റിലെ പരാമർശിക്കപ്പെട്ടതുപോലെയുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഈ പരാതികൾ പരിഹരിക്കാൻ കഴിയുന്നതാണ്. ഇക്കാര്യം സംബന്ധിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ

300 (320) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ മിഷന്റെ ഭാഗമായി പുനർനിർണ്ണയിച്ച ബി.പിഎൽ., എ.പി.എൽ. ലിസ്റ്റുകളിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനർഹരെ ബി.പി.എൽ. പട്ടികയിൽനിന്നും ഒഴിവാക്കി അർഹരായവരെ ഉൾപ്പെടുത്തി പുതിയ റേഷൻ കാർഡ് പുനർ നിർണ്ണയിച്ച് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഓണത്തിന് മുൻപ് ബി.പി.എൽ., എ.പി.എൽ. ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ - സി) മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി 14-1-11-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ., 27-4-12-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളെയും സർക്കാർ ജോലി ഉൾപ്പെടെ സ്ഥിര വരുമാനമുള്ളവരെയും ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളെയും മറ്റ് മാനദണ്ഡങ്ങൾ മാറ്റിവച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സർക്കാർ, അർദ്ധസർക്കാർ, സഹകരണ മേഖലയിലുള്ള ജീവനക്കാരെയും പെൻഷൻകാരെയും മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**പുതിയ റേഷൻ കാർഡ് വിതരണം**

301 (321) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ചോ ;

(ബി) എ.പി.എൽ., ബി.പി.എൽ. പട്ടിക തരംതിരിക്കുന്നതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്നു വരെ സമയം അനുവദിച്ചിട്ടുണ്ട്; ഇതിനുള്ള അപേക്ഷകൾ ആർക്കാണ് കൊടുക്കേണ്ടത്;

(സി) ദീർഘകാലമായി ചികിത്സയിൽ കഴിയുന്ന രോഗികൾ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാർഡ് ഉടമകൾക്ക് ബി.പി.എൽ. കാർഡ് അടിയന്തിരമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള 8018030 കാർഡുകളിൽ 6737978 എണ്ണം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ./ മുൻഗണനാ/ മുൻഗണനേതര വിഭാഗങ്ങളാണ് പൊതുവിതരണ സമ്പ്രദായത്തിലുള്ളത്.

മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നതിന് അർഹരായവർ പ്രസ്തുത പട്ടികയിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ മുഖാന്തിരം പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) ഇക്കാര്യം സംബന്ധിച്ച നിർദ്ദേശം നിലവിലുണ്ട്. കൂടാതെ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ഗുരുതര രോഗം ബാധിച്ചവർക്ക് ചികിത്സാ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' എന്ന് രേഖപ്പെടുത്തി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പുതിയ റേഷൻ കാർഡ് വിതരണം**

302 (322) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) അനർഹരായ ആളുകൾ പുതിയ റേഷൻ കാർഡിലെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുകയും അർഹരായവർ ഒഴിവാക്കപ്പെടുകയും ചെയ്തു എന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പരാതി പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) അർഹരായവർക്ക് മാത്രം മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി & ഡി) അനർഹരെ ഒഴിവാക്കി അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ, സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ്

തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ 20-8-2017 വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷ നിയമ പ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപന മേധാവികൾക്കും ഇക്കാര്യം സംബന്ധിച്ച കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13)-ന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം പ്രസിദ്ധീകരിക്കുന്ന മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ റേഷൻ കാർഡിലെ അപാകതകൾ**

303 (323) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിയിട്ടുള്ള പുതിയ റേഷൻ കാർഡിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഒന്നാംഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പുതിയ റേഷൻ കാർഡുകൾ**

304 (324) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാർഡുകൾ പൂർണ്ണമായും എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ബി) പുതുതായി വിതരണം ചെയ്ത കാർഡുകളിൽ വ്യാപകമായി തെറ്റുകൾ വന്നിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുവാൻ അർഹരായ ഗുണഭോക്താക്കൾക്ക് കാർഡ് മാറ്റി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ ജില്ലയിലും വിവിധ വിഭാഗങ്ങൾക്കായി പ്രത്യേകം ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ; ജനസംഖ്യാനുപാതികമായിട്ടാണോ ക്വാട്ട നിശ്ചയിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൊത്തമുള്ള 8018030 കാർഡുകളിൽ 6737978 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 15-8-2017-ന് മുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പുതുതായി വിതരണം ചെയ്ത കാർഡുകളിൽ തെറ്റുകൾ വന്നതായി ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ കാർഡ് വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് താലൂക്ക് സപ്ലൈ ആഫീസുകൾ വഴി തെറ്റുകൾ തിരുത്തി നൽകുന്നതാണ്.

(സി) മുൻഗണനാ പട്ടികയിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന എ.എ.വൈ. കുടുംബങ്ങളിലെ അംഗങ്ങളെയും ചേർത്ത് 1548040 ഗുണഭോക്താക്കളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കേന്ദ്രനിയമ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

**പുതിയ റേഷൻ കാർഡുകൾ**

305 (325) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുതിയ റേഷൻ കാർഡുകളിൽ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്തി മാറ്റങ്ങൾ വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനത്തിന് സ്പോട്ട് ചെക്കിംഗ് വ്യാപകമായി നടത്തുന്ന കാര്യം ആലോചിക്കാമോ?

ഉത്തരം

(എ & ബി) അനർഹരെ ഒഴിവാക്കി അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച്

മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ, സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ് തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ 20-8-2017 വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട എല്ലാവർക്കും ഇക്കാര്യം സംബന്ധിച്ച കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13)-ന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം പ്രസിദ്ധീകരിക്കുന്ന മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

306 (326) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ റേഷൻ കാർഡുകളിലെ വിവരങ്ങളിൽ അനേകം തെറ്റുകൾ കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ കാർഡുകൾ പുതുക്കുന്നതിന് അവസരം ലഭിക്കാത്തവർക്ക് അതിനുള്ള അവസരം നൽകുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായി വരുന്നു. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 8018030 എണ്ണം കാർഡുകളിൽ 6737978 കാർഡുകൾ വിതരണം നടത്തുകയും 1280052 കാർഡുകൾ ഇനിയും വിതരണം നടത്തുവാനുമുണ്ട്.

(ബി) ഒന്നാംഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അവസരം നൽകുന്നതാണ്. നിലവിൽ കാർഡ് പുതുക്കുന്നതിനുള്ള എല്ലാ നടപടികളും ഇതിന് ബാധകമാണ്.

**പുതിയ റേഷൻ കാർഡുകളിലെ അപാകതകൾ**

307 (327) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിന് മുമ്പ് കാസർഗോഡ് ജില്ലയിൽ എത്ര എ.പി.എൽ./ബി.പി.എൽ. കുടുംബങ്ങൾ ഉണ്ടായിരുന്നു എന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതിയ റേഷൻ കാർഡുകൾ തയ്യാറായപ്പോൾ ജില്ലയിൽ മുൻഗണനാ ഗ്രൂപ്പിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടു എന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടുംബങ്ങൾ മുമ്പ് എ.പി.എൽ. ആയിരുന്നോ ബി.പി.എൽ ആയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ എത്ര നോൺ പ്രയോറിറ്റി കുടുംബങ്ങളാണ് പുതിയ റേഷൻ കാർഡ് തയ്യാറായപ്പോൾ ഉള്ളത്;

(ഇ) ഇതിൽ പ്രയോറിറ്റി വിഭാഗത്തിൽ പെടേണ്ട കുടുംബങ്ങൾ ഉണ്ടോ;

(എഫ്) പ്രസ്തുത അപാകതകൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ)

| താലൂക്ക് | എ.പി.എൽ. | ബി.പി.എൽ. |
|---|---|---|
| കാസർഗോഡ് | 63,820 | 20,182 |
| ഹോസ്ദുർഗ്ഗ് | 77,612 | 24,967 |
| വെള്ളരിക്കുണ്ട് | 31,858 | 12,108 |
| മഞ്ചേശ്വരം | 41,798 | 12,827 |
| ആകെ | 2,15,088 | 70,084 |
| ആകെ | 2,85,172 | |

(ബി)

| താലൂക്ക് | മുൻഗണനാ വിഭാഗം |
|---|---|
| കാസർഗോഡ് | 33,785 |
| ഹോസ്ദുർഗ്ഗ് | 44,939 |
| വെള്ളരിക്കുണ്ട് | 22,335 |
| മഞ്ചേശ്വരം | 21,398 |
| ആകെ | 1,22,457 |

(സി) കാസർഗോഡ് ജില്ലയിൽ മുമ്പുണ്ടായിരുന്ന 70084 ബി.പി.എൽ. കാർഡുകളിൽ 14631 കാർഡുകൾ ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കുകയും 67004 കാർഡുകൾകൂടി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ആകെ 122457 കാർഡുകളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

(ഡി)

| | |
|---|---|
| പൊതുവിഭാഗം (സബ്സിഡി) | 1,21,131 |
| പൊതുവിഭാഗം | 42,239 |
| ആകെ | 1,63,370 |

(ഇ & എഫ്) 9-3-2017-ന് അന്തിമ പട്ടിക പ്രസിദ്ധീകരിച്ചശേഷം കാസർഗോഡ് ജില്ലയിൽ ലഭ്യമായ 8471 പരാതികളിന്മേൽ വിശദമായ പരിശോധന നടത്തി അർഹതപ്പെട്ട ഗുണഭോക്താക്കളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ റേഷൻ കാർഡുകളിലെ തെറ്റുകൾ**

308 (328) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിന്റെ വിതരണം എല്ലാ ജില്ലയിലും പൂർത്തിയായോ, വിശദമാക്കുമോ;

(ബി) വിതരണം ചെയ്ത പുതിയ റേഷൻ കാർഡുകളിൽ പലതിലും തെറ്റുകൾ കടന്നുകൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, തെറ്റുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിവരിക്കുമോ;

(ഡി) ശരിയായ വിവരങ്ങൾ നൽകിയിട്ടും പുതിയ പല റേഷൻ കാർഡുകളിലും തെറ്റ് കടന്നുകൂടിയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, ദേവികുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം എന്നീ താലൂക്കുകളൊഴികെ മറ്റ് 76 താലൂക്കുകളിലും റേഷൻ കാർഡ് വിതരണത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട വിതരണം നടന്നുവരുന്നു.

(ബി - ഡി) ഉണ്ട്. ഒന്നാംഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിപണി ഇടപെടൽ പദ്ധതികൾ**

309 (329) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) വരുന്ന ഓണക്കാലത്ത് അവശ്യസാധനങ്ങളുടെ വില വർദ്ധന തടയുന്നതിനായി എന്തെല്ലാം മുൻകൂർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സംസ്ഥാനത്തുടനീളം സപ്ലൈകോയുടെ പ്രത്യേക ന്യായവില സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിലക്കയറ്റം തടയുന്നതിനായി ശാസ്ത്രീയമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി വില നിയന്ത്രണ സെൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനായി സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമെ ഒ.എം.എസ്.എസ്. പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയെക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യ സാധനങ്ങളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും എം.ആർ.പി.യെക്കാൾ/മാർക്കറ്റ് വിലയെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സപ്ലൈകോ വഴി നിലവിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് പുറമെ ഓണക്കാലത്ത് ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിൽ ഓണം ഫെയറുകളും മിനി ഫെയറുകളും വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണക്കാലത്ത് അവശ്യസാധനങ്ങൾ വിപണിയിൽ ലഭ്യമാക്കി വിലവർദ്ധനവ് തടയുന്നതിനായി സാധനങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് ഒരു ഇ-ടെണ്ടർ നടത്തുകയും മറ്റൊരു ഇ-ടെണ്ടർ കൂടി നടത്താൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള വിൽപ്പനശാലകൾക്കുപുറമെ പ്രത്യേക ഓണച്ചന്തകൾ വഴിയും സാധനങ്ങൾ വിതരണം ചെയ്യുന്നതാണ്.

(സി) ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിൽ പ്രത്യേക ഫെയറുകളും സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 15-5-2017-ലെ സ.ഉ.(കൈ) നമ്പർ 10/2017/ഭ.സി.സ.വ. പ്രകാരം വില നിയന്ത്രണ സെൽ പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അരിവില**

310 (330) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിവില വർദ്ധിച്ച് കിലോയ്ക്ക് 55 രൂപ കടന്നത് സാധാരണക്കാരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ;

(ബി) അരിവില ക്രമാതീതമായി വർദ്ധിച്ചത് പൊതുവിപണിയിൽ ഇടപെടുന്നതിൽ സർക്കാരിനുണ്ടായ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓണക്കാലത്ത് കുറഞ്ഞവിലയ്ക്ക് അരി ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രായിലെ കർഷകരിൽ നിന്നും നേരിട്ട് അരി സംഭരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അരിവില കിലോഗ്രാമിന് 55 രൂപ കടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകൾ വഴി സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുകയും പ്രത്യേക അരിക്കടകൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതിനാൽ അരിവില ക്രമാതീതമായി ഉയരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇല്ല.

(സി & ഡി) ഓണക്കാലത്ത് വിപണി ഇടപെടലിന്റെ ഭാഗമായി നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമെ പ്രത്യേക ഓണച്ചന്തകളും ഫെയറുകളും വഴി സബ്സിഡി നിരക്കിൽ ജയ അരി, മട്ട അരി, കുറുവ അരി എന്നീ ജനപ്രിയ ഇനങ്ങൾക്കുപുറമെ FCI OMSS പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കി വിലവർദ്ധനവ് തടയുന്നതിനും അരി ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി ഉന്നതതല സംഘം ആന്ധ്രാപ്രദേശ് സർക്കാർ തലത്തിൽ ചർച്ചകൾ നടത്തുകയും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽനിന്നും നേരിട്ട് അരി വാങ്ങി വിപണികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻ കാർഡ് മുൻഗണനാ മാനദണ്ഡങ്ങൾ**

311 (331) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര ശതമാനം പൂർത്തിയായി; ഏത്രാം തീയതി വിതരണം പൂർണ്ണമാക്കാൻ സാധിക്കും എന്നറിയിക്കാമോ ;

(ബി) റേഷൻ കാർഡിലെ മുൻഗണന നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച മുൻഗണനാ പട്ടികയനുസരിച്ചാണോ കാർഡുകളിൽ മുൻഗണന നിശ്ചയിച്ചതെന്ന് അറിയിക്കാമോ ;

(ഡി) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ആളുകളെ ഉൾപ്പെടുത്തുന്നതിന് പരിഹാരമാർഗ്ഗങ്ങൾ എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) പൂർത്തിയായി വരുന്നു. 84 ശതമാനം കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 15-8-2017 തീയതിയോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി & സി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. തീയതി 27-4-2012, സർക്കാർ ഉത്തരവ് (കൈ) നമ്പർ 16/2011/ത.സ്വ.ഭ.വ. തീയതി

14-1-2011 എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ആകെ 15480040 ഗുണഭോക്താക്കളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിയമം അനുശാസിക്കുന്നുണ്ട്. മാനദണ്ഡപ്രകാരം തയ്യാറാക്കിയ പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിന് നൽകിയിരുന്നു.

(ഡി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് 514103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിലും റേഷൻകട തലത്തിലും ക്രോഡീകരിക്കുന്ന നടപടികൾ നടന്നുവരുന്നു.

## നെല്ല് സംഭരണ കുടിശ്ശിക തുക

312 (332) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം നടത്തിയ വകയിൽ എത്ര കോടി രൂപയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്;

(ബി) പ്രസ്തുത തുക വിതരണം ചെയ്യാൻ ഇത്ര കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്എന്ന് വ്യക്തമാക്കാമോ;

(സി) എത്ര കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കേണ്ടതെന്നറിയിക്കുമോ; ഇതിൽ എത്ര കോടി ഇനിയും ലഭ്യമാകാനുണ്ട്;

(ഡി) കേന്ദ്രവിഹിതം യഥാസമയം ലഭ്യമാക്കാൻ ആവശ്യമായ ഇടപെടൽ സർക്കാർ നടത്താറുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 190.48 കോടി രൂപയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്.

(ബി) കേന്ദ്ര വിഹിതം ലഭിക്കാത്തതിനാലാണ് കുടിശ്ശിക വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നത്.

(സി) 2016-17 സീസണിൽ 591.12 കോടി രൂപ കേന്ദ്രവിഹിതമായി ലഭിക്കുവാനുള്ളതിൽ 414.59 കോടി രൂപ ബാക്കിയുണ്ട്.

(ഡി) കേന്ദ്രവിഹിതം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## റേഷൻ കാർഡ് വിതരണം

313 (333) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം ഇനങ്ങളിലായാണ് റേഷൻ കാർഡുകൾ നൽകിയിട്ടുള്ളത്; ഓരോ കാർഡുടമയ്ക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക;

(സി) ആകെ എത്ര കാർഡുടമകളാണ് നിലവിൽ കേരളത്തിലുള്ളത്; വിവിധ ഇനങ്ങളിലായിട്ടുള്ള കാർഡുകളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 8018030 കാർഡുകളിൽ 6737978 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) എ.എ.വൈ, മുൻഗണനാ വിഭാഗം, മുൻഗണനേതര (സബ്സിഡി) വിഭാഗം, മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) എന്ന തരത്തിലാണ് കാർഡുകൾ വിതരണം ചെയ്തിട്ടുള്ളത്. മുൻഗണനേതര (സബ്സിഡി) വിഭാഗത്തിന് കാർഡിലെ ഒരംഗത്തിന് കിലോഗ്രാമിന് 2 രൂപ നിരക്കിൽ 2 കിലോ ഭക്ഷ്യധാന്യം, 1 കിലോഗ്രാം ആട്ട, വൈദ്യുതീകരിച്ച കാർഡാണെങ്കിൽ അര ലിറ്റർ മണ്ണെണ്ണ, എൻ.ഇ. കാർഡിന് 4 ലിറ്റർ മണ്ണെണ്ണ, മുൻഗണനേതര (സബ്സിഡി ഇല്ലാത്ത) വിഭാഗത്തിന് കാർഡൊന്നിന് 3 കിലോഗ്രാം ഭക്ഷ്യധാന്യവും 2 കിലോഗ്രാം ആട്ട, മണ്ണെണ്ണ ഇ-കാർഡിന് അര ലിറ്റർ, എൻ.ഇ. കാർഡിന് 4 ലിറ്റർ മണ്ണെണ്ണ, എ.എ.വൈ. കാർഡിന് 28 കിലോഗ്രാം അരി, 7 കിലോഗ്രാം ഗോതമ്പ്, മണ്ണെണ്ണ, മേൽ പ്രസ്താവിച്ച നിരക്കിൽ മുൻഗണനാ വിഭാഗത്തിലെ കാർഡിലെ ഒരംഗത്തിന് 5 കിലോഗ്രാം ഭക്ഷ്യധാന്യം, മണ്ണെണ്ണ മേൽ പ്രസ്താവിച്ച അളവിൽ പ്രതിമാസം ലഭിക്കും.

(സി) നിലവിൽ 8018030 കാർഡുടമകളാണ് സംസ്ഥാനത്തുള്ളത്. താഴെകാണുംവിധം 4 തരം റേഷൻ കാർഡുകളാണ് നിലവിലുള്ളത്.

| | | |
|---|---|---|
| എ.എ.വൈ. കാർഡ് | - | 595800 |
| മുൻഗണനാ കാർഡ് | - | 2906709 |
| മുൻഗണനേതര (സബ്സിഡി) | - | 2935436 |
| മുൻഗണനേതരം | - | 1580085 |
| ആകെ | - | 8018030 |

**റേഷൻകടകളിൽ പുഴക്കലരി**

314 (334) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ഞമാസങ്ങളായ വർഷകാലത്ത് കോഴിക്കോട് ജില്ലയിലെ മിക്ക റേഷൻ കടകളിലും പച്ചരി മാത്രം വിതരണം ചെയ്യാനിടയായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ആവശ്യത്തിന് പുഴക്കലരി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലേയ്ക്ക് റേഷൻ ഭക്ഷ്യധാന്യ വിതരണം നടത്തുന്ന തിക്കോടി, വെസ്റ്റ്ഹിൽ എഫ്.സി.ഐ. ഡിപ്പോകളിൽനിന്ന് കഴിഞ്ഞ ചില മാസങ്ങളിൽ വിതരണത്തിനായി വിട്ടുകിട്ടിയിട്ടുള്ളതിൽ അധികവും പച്ചരിയാണ്. വിട്ടെടുപ്പ് സമയബന്ധിതമായി പൂർത്തിയാക്കേണ്ട സാഹചര്യത്തിൽ വാഗണിൽനിന്നും നേരിട്ട് വിട്ടെടുക്കേണ്ടി വന്നിരുന്നു. ഇപ്രകാരം വാഗണിൽനിന്ന് നേരിട്ട് വിട്ടെടുക്കേണ്ടിവന്ന സാഹചര്യത്തിലാണ് കൂടുതൽ പച്ചരി ലഭ്യമായത്. എന്നാൽ ജില്ലയിലെ ആഗസ്റ്റ് മാസത്തിലെ അരിവിഹിതത്തിൽ 70 ശതമാനം പുഴക്കലരിയും 30 ശതമാനം പച്ചരിയുമാണ് ലഭിച്ചിട്ടുള്ളത്. എഫ്.സി.ഐ. ഡിപ്പോകളിൽ ലഭ്യമാകുന്ന സ്റ്റോക്ക് നിലയനുസരിച്ചാണ് വിതരണം ക്രമപ്പെടുത്തുന്നത്.

(ബി) ജില്ലയിൽ പുഴക്കലരി റേഷൻ കടകൾ വഴി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തേയ്ക്ക് വിതരണം ചെയ്യാനായി വിട്ടെടുത്ത ഭക്ഷ്യധാന്യങ്ങളിൽ പുഴക്കലരി ലഭ്യമാക്കിയിട്ടുണ്ട്.

**റേഷൻ കാർഡിലെ അപാകത**

315 (335) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്ത റേഷൻ കാർഡുകളിലെ അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ വള്ളിക്കുന്നം, താമരക്കുളം, നൂറനാട്, പാലമേൽ, ചുനക്കര, തഴക്കര, തെക്കേക്കര, മാവേലിക്കര നഗരസഭ എന്നിവിടങ്ങളിൽ നിന്നും റേഷൻ കാർഡുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പുതിയതായി വിതരണം ചെയ്ത റേഷൻ കാർഡുകളിൽ അനർഹരെന്ന് സ്വയം സത്യവാങ്മൂലം തന്നവരെയും അന്വേഷണത്തിൽ അനർഹരാണെന്ന് കണ്ടെത്തിയവരെയും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി അനർഹരാണെന്ന് കണ്ടെത്തിയവരെയും മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നവരെ അപേക്ഷയിന്മേൽ അന്വേഷണം നടത്തി അർഹരാണെന്ന് കണ്ടെത്തുന്നവരെ ഉൾപ്പെടുത്തി നൽകുന്നതാണ്. റേഷൻ കാർഡ് വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ കാർഡുകളിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മാവേലിക്കര താലൂക്കിലെ പഞ്ചായത്തടിസ്ഥാനത്തിൽ ലഭിച്ച പരാതികളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| വള്ളികുന്നം | - 1240 |
| താമരക്കുളം | - 1097 |
| നൂറനാട് | - 1363 |
| പാലമേൽ | - 1426 |
| ചുനക്കര | - 1384 |
| തഴക്കര | - 865 |
| തെക്കേക്കര | - 1522 |
| മാവേലിക്കര നഗരസഭ | - 756 |
| ആകെ | - 9653 |

**റേഷൻ കാർഡിലെ മുൻഗണനാ പട്ടിക**

316(336) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വിതരണം ചെയ്ത റേഷൻ കാർഡിലെ മുൻഗണനാ പട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കാനും അർഹരായവരെ ഉൾപ്പെടുത്തുവാനും എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കാമോ ;

(ബി) ഇതിനായി തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അപാകതകൾ പരിഹരിച്ച് സമയബന്ധിതമായി റേഷൻ കാർഡ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) കരട് മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ വാങ്ങി പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും പരിശോധിച്ചശേഷമാണ് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. തുടർന്ന് പട്ടികയിൽ അനർഹർ ഉൾപ്പെട്ടെന്നും അർഹർ ഒഴിവായെന്നും പരാതികൾ വന്നത് ഗൗരവമായി കണക്കിലെടുത്ത് സർക്കാർ ടി പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരമാണ് ആയതിന്റെ പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളത്. അനർഹരായ സർക്കാർ/അർദ്ധ സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ഒഴിവാകുന്ന അനർഹരുടെ സ്ഥാനത്ത് അർഹരായ ആളുകളെ പ്രവേശിപ്പിക്കാൻ സാധിക്കുന്നതാണ്.

(ബി) 27-4-2012-ലെ സ.ഉ. (കൈ) നമ്പർ 112/12/ത.സ്വ.ഭ.വ., 4-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

(സി) പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015-ലെ വകുപ്പ് 3-ന്റെ ഉപവകുപ്പ് 13 പ്രകാരം ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം അംഗീകരിക്കപ്പെടുന്ന ലിസ്റ്റ് ക്രമമായ പുനരവലോകനത്തിന് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലെ റേഷൻ കാർഡ് വിതരണം നിർത്തിവയ്ക്കേണ്ട ആവശ്യമില്ല. അനർഹരെ മാറ്റി അർഹരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുമ്പോൾ അവർക്ക് അർഹമായ ഗണത്തിലുള്ള കാർഡ് നൽകുന്നതാണ്. അപാകതകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**റേഷൻ കാർഡിലെ അപാകതകൾ**

317 (337) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന റേഷൻ കാർഡുകളെക്കുറിച്ചുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം അപാകതകളെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കാർഡിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിതരണം ചെയ്ത റേഷൻ കാർഡുകളിൽ അച്ചടി പിശകുകൾ ഉൾപ്പെടെ ചില അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒന്നാംഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അരിവില വർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി**

318 (338) ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിയുടെ വില ഗണ്യമായി വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അരിവില നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അരിയുടെ വില നേരിയ തോതിൽ വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനപ്രിയ ഇനങ്ങളായ പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നിവ സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയിലേതിനെക്കാൾ 40% വരെ വിലക്കുറവിലും എഫ്.സി.ഐ. ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര പച്ചരി എന്നിവ സബ്സിഡി നിരക്കിലും സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു.

പൊതുവിപണിയിൽ അരി വില ഉയരുന്ന ഘട്ടങ്ങളിൽ വിൽപ്പനശാലകളിൽ പ്രത്യേകം കൗണ്ടർ വഴി അരി വിൽപ്പന നടത്തി ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**റേഷൻ കാർഡിന്റെ എണ്ണം**

319 (339) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കി നൽകിയത് പ്രകാരം എത്ര റേഷൻ കാർഡുകൾ നിലവിലുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇതിൽ എ .എ .വൈ. കാർഡ്, മുൻഗണനാ വിഭാഗം,പൊതുവിഭാഗം, സബ്സിഡി എന്നിവ എത്ര വീതമുണ്ട്;

(സി) ഓരോ വിഭാഗത്തിനും അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ അളവ് മാസത്തിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 8018030 കാർഡുകളാണ് പുതുക്കിയിട്ടുള്ളത്.

(ബി) എ.എ.വൈ. - 595800

മുൻഗണനാ വിഭാഗം - 2906709

പൊതുവിഭാഗം (സബ്സിഡി ഇല്ലാത്തത്) - 1580085

പൊതുവിഭാഗം (സബ്സിഡി) - 2935436

(സി) എ.എ.വൈ. റേഷൻ കാർഡിന്

അരി - 28 കിലോഗ്രാം

ഗോതമ്പ് - 7 കിലോഗ്രാം

ആകെ - 35 കിലോഗ്രാം

മുൻഗണനാ വിഭാഗം (ആളൊന്നിന്)

അരി - 4 കിലോഗ്രാം

ഗോതമ്പ് - 1 കിലോഗ്രാം

പൊതുവിഭാഗം (നോൺ സബ്സിഡി) റേഷൻകാർഡിന്

അരിയും ഗോതമ്പും 3 കിലോഗ്രാം ഭക്ഷ്യധാന്യവും 2 കിലോഗ്രാം ആട്ടയും (ലഭ്യതയ്ക്കനുസരിച്ച് ഓരോ മാസവും മാറ്റംവരുന്നതാണ്.)

പൊതുവിഭാഗം (സബ്സിഡി)

ഒരംഗത്തിന് 2 കിലോഗ്രാം അരി വീതവും 1 കിലോഗ്രാം ആട്ടയും.

## റേഷൻ വിതരണം ശക്തിപ്പെടുത്തൽ

320 (340) ശ്രീ. എസ്.ശർമ്മ :
ശ്രീ. കെ. ബാബു :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) റേഷൻ സാധനങ്ങളുടെ വിതരണം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) കാർഡുടമകൾ വാങ്ങുന്ന റേഷൻ സാധനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കമ്പ്യൂട്ടർ വഴി അറിയുന്നതിന് ഇ-പോസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇതിനായി ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ടോ എന്നും ഇത് എന്നത്തേയ്ക്ക് പൂർണ്ണമായി നടപ്പാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നത് തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പുതലത്തിൽ നിലവിലുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, പോലീസ്, റവന്യൂ എന്നീ വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ടും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നു. വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 2016-17 കാലയളവിൽ 59746

പരിശോധനകൾ നടത്തുകയും ആയത് പ്രകാരം 10.21 ലക്ഷം രൂപ മൂല്യമുള്ള സാധനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുവിതരണ കേന്ദ്രങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് 178 എ.ആർ.ഡി.കളുടെയും 3 കെ.ഡബ്ല്യൂ.ഡി.-കളുടെയും അംഗീകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി& സി) റേഷൻ സാധനങ്ങളുടെ വിതരണം കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിൽ ഇ-പോസ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ വഴി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ടെണ്ടർ ഘട്ടത്തിലാണ്.

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലും സപ്ലൈകോ വാതിൽപ്പടി വിതരണം നടത്തിവരുന്നു. ഇതിനായി ഗോഡൗണുകൾ സജ്ജമാക്കിയിട്ടുണ്ട്.

**ചൊക്ലി ഗ്രാമപഞ്ചായത്തിലെ മാവേലി മെഡിക്കൽ സ്റ്റോർ**

321 (341) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ബഹു. മന്ത്രി വാഗ്ദാനം ചെയ്ത മാവേലി മെഡിക്കൽ സ്റ്റോർ എന്ന് പ്രവർത്തന സജ്ജമാകുമെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ& ബി) കെട്ടിടം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തി ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പുതുതായി അനുവദിച്ച റേഷൻ കാർഡുകളിലെ അപാകതകൾ**

322 (342) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച റേഷൻ കാർഡിൽ പിഴവുകൾ സംഭവിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എസ്.എസ്.എൽ.സി. തോറ്റ വിദ്യാർത്ഥിയെ കാർഡിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥയായി രേഖപ്പെടുത്തിയ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) നേരത്തെ 300 രൂപ വരുമാനം രേഖപ്പെടുത്തിയ ഇവരുടെ കാർഡിൽ ഇപ്പോൾ അത് 5,80,125 രൂപയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റേഷൻ കാർഡിലെ ഇത്തരം അപാകതകൾ കാരണം ഒട്ടേറെ ദരിദ്ര കുടുംബങ്ങൾക്ക് അർഹമായ ചികിത്സാ സഹായമടക്കമുള്ള ഒട്ടേറെ ആനുകൂല്യങ്ങൾ നഷ്ടമാവുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഉദ്യോഗസ്ഥതലത്തിൽ സംഭവിച്ച വീഴ്ചകൾ കാരണം അർഹമായ ആനുകൂല്യം നിഷേധിക്കപ്പെട്ടവർക്ക് ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി - ഇ) അച്ചടി പിശക് പോലുള്ള കാരണങ്ങൾകൊണ്ട് റേഷൻ കാർഡിൽ പിഴവ് സംഭവിച്ചിട്ടുള്ളതായി ഏതാനും ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒന്നാംഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ഗുരുതര രോഗം ബാധിച്ചവർക്ക് ചികിത്സാ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി ' എന്ന് രേഖപ്പെടുത്തി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മണപ്പള്ളി മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റായി ഉയർത്തുന്നതിന് നടപടി**

323 (343) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴവ ഗ്രാമപഞ്ചായത്തിലെ മണപ്പള്ളിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ പ്രതിമാസ വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കരുനാഗപ്പള്ളി താലൂക്കിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളുടെ 2017 മേയ് 1 മുതൽ 31 വരെയുള്ള വിറ്റു വരവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഉയർന്ന പ്രതിമാസ വിറ്റുവരവുള്ള മണപ്പള്ളി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) തഴവ ഗ്രാമപഞ്ചായത്തിലെ മണപ്പള്ളിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ 6 മാസത്തെ ശരാശരി പ്രതിമാസ വിറ്റുവരവ് 11 ലക്ഷം രൂപയാണ്.

(ബി) കരുനാഗപ്പള്ളി താലൂക്കിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളുടെ 2017 മേയ് 1 മുതൽ 31 വരെയുള്ള വിറ്റുവരവ് 1,70,84,836 രൂപയാണ്.

(സി) മണപ്പള്ളി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കി ഉയർത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

**മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവർ**

324 (344) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അർഹരായ നിരവധിയാളുകൾ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർ, ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർ, ദുരിതമനുഭവിക്കുന്നവർ, ഗുരുതര രോഗം ബാധിച്ചവർ, എന്നിങ്ങനെ ബുദ്ധിമുട്ടനുഭവിക്കുന്നവർ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടത് തിരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരായവരെ ഒഴിവാക്കാനും അർഹരായവരെ ഉൾപ്പെടുത്താനും സമഗ്രമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വാക്കനാട് മാവേലി സ്റ്റോർ**

325 (345) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വാക്കനാടിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നിവേദനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; പ്രസ്തുത നിവേദനം ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) വാക്കനാട് കേന്ദ്രമാക്കി മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വാക്കനാട് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭിച്ച നിവേദനത്തിന്മേൽ നടപടി സ്വീകരിച്ച് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

**നെല്ലിന്റെ സംഭരണ വില**

326 (346) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ നിശ്ചയിച്ച സംഭരണ വില എത്രയാണെന്നും ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) നെല്ല് സംഭരണത്തിന് 2017 July 1 വരെ എത്ര രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2017-18 സീസണിൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 23.30 രൂപയാണ്. ഇതിൽ 15.50 രൂപ (Minimum Support Price) കേന്ദ്രവിഹിതവുമാണ്.

(സി) നെല്ല് സംഭരണത്തിന് 2017 ജൂലൈ 1 വരെ 190.48 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകുവാനുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വില**

327 (347) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അമിതമായി വർദ്ധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വില നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മാവേലി സ്റ്റോറുകളെ ഹൈപ്പർമാർക്കറ്റുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഇ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ & ബി) നേരിയ തോതിലുള്ള വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില നിയന്ത്രിക്കുന്നതിനും പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുമായി സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമെ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയെക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യ സാധനങ്ങളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും എം.ആർ.പി.യെക്കാൾ/മാർക്കറ്റ് വിലയെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിലെ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളായ അഞ്ച് വർഷത്തേയ്ക്ക് വാടകരഹിത കെട്ടിടവും ഒരു ലക്ഷം രൂപയും പഞ്ചായത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതാണ്.

(ഡി) നിലവിലെ മാനദണ്ഡമനുസരിച്ച് മാവേലി സ്റ്റോറുകളെ ഹൈപ്പർ മാർക്കറ്റുകളാക്കി മാറ്റാൻ സാധിക്കുകയില്ല. സപ്ലൈകോയ്ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിൽ മാത്രമാണ് ഹൈപ്പർ മാർക്കറ്റുകൾ ആവിഷ്കരിച്ചിട്ടുള്ളത്.

(ഇ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

**നിത്യോപയോഗ വസ്തുക്കളുടെ വിലവർദ്ധനവ്**

328 (348) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരി, പച്ചക്കറി എന്നിവയടക്കമുള്ള നിത്യോപയോഗ വസ്തുക്കളുടെ വില കുതിച്ചുയരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അരി, തക്കാളി, ചെറിയ ഉള്ളി തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വില ഇപ്പോൾ കിലോയ്ക്ക് എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് അടുത്ത അഞ്ച് വർഷത്തേക്ക് വിലക്കയറ്റമില്ല എന്ന സർക്കാരിന്റെ പ്രഖ്യാപനം തകിടം മറിക്കുന്നതാണ് ഇപ്പോഴത്തെ വിലക്കയറ്റമെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഓണവും ബലിപെരുന്നാളും വന്നുചേരുന്ന സാഹചര്യത്തിൽ നിത്യോപയോഗ വസ്തുക്കളുടെ വിലനിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ;

(ഇ) കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് വിലക്കയറ്റം നിയന്ത്രിക്കാൻ കൈക്കൊണ്ട നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അരി, പച്ചക്കറി എന്നിവയടക്കമുള്ള നിത്യോപയോഗ സാധനങ്ങൾക്ക് നേരിയ തോതിലുള്ള വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിന്റെ 1-8-2017-ലെ പത്രിക പ്രകാരം പൊതുവിപണിയിൽ മട്ട അരി കിലോഗ്രാമിന് 43.61 രൂപയും ജയ അരി കിലോഗ്രാമിന് 41.67 രൂപയും കുറുവ അരി കിലോഗ്രാമിന് 39 രൂപയും പച്ചരി കിലോഗ്രാമിന് 33.67 രൂപയും തക്കാളി കിലോഗ്രാമിന് 51.71 രൂപയും ചെറിയ ഉള്ളി കിലോഗ്രാമിന് 89.36 രൂപയുമാണ്.

(സി) ഈ സർക്കാർ അധികാരത്തിലേറിയശേഷം സപ്ലൈകോ സബ്സിഡി വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. പൊതുവിപണിയിൽ വിലക്കയറ്റം ഉണ്ടാകുമ്പോഴും ഉപഭോക്താക്കൾക്ക് ശരാശരി 40% വരെ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുവാൻ ഇതുവഴി സാധിക്കുന്നുണ്ട്.

(ഡി) ഉത്സവകാല വിപണിയിടപെടലിന്റെ ഭാഗമായി ജില്ലാ ഫെയറുകളും താലൂക്കുതല ഫെയറുകളും പ്രത്യേക ഓണച്ചന്തകളും സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിപണിയിലെ അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന 13 ഇനം അവശ്യസാധനങ്ങൾക്കുപുറമെ OMSS (Open Market Sale Scheme) പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും ഓണക്കാലത്തും വിതരണം തുടരുന്നതാണ്. നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ പൊതുവിപണിയിലെ വിലയെക്കാൾ 10 മുതൽ 20 ശതമാനം വരെ കുറഞ്ഞ നിരക്കിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ പച്ചക്കറിയും ഓണം ഫെയറുകൾവഴി വിതരണം നടത്തുന്നതാണ്.

(ഇ) സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമെ ഒ.എം.എസ്.എസ്. പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയെക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യ സാധനങ്ങളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും എം.ആർ.പി.യെക്കാൾ/മാർക്കറ്റ് വിലയെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലവർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഓണക്കാലത്തെ വിലക്കയറ്റം തടയാൻ നടപടി**

329 (349) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജി. എസ്. ടി.-യുമായി ബന്ധപെട്ട് വൻതോതിൽ പൂഴ്ത്തിവയ്പ്പ് നടന്നതായും ഇത് ഓണവിപണിയെ ലക്ഷ്യമാക്കിയാണെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പൂഴ്ത്തിവയ്പിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിൽക്കുന്ന നിത്യോപയോഗ സാധനങ്ങൾ കൂടുതൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനും ഉത്സവകാലങ്ങളിൽ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായ കൃത്രിമ മാർഗ്ഗങ്ങളിലൂടെ വിലക്കയറ്റമുണ്ടാക്കുന്ന പ്രവണത തടയുന്നതിനുമായി ഓണക്കാലത്ത് സപ്ലൈകോ കൂടുതൽ ഫെയറുകളും ഓണച്ചന്തകളും ആരംഭിക്കുന്നുണ്ട്. ഇതുവഴി അമിതമായ വിലക്കയറ്റം നിയന്ത്രിക്കാനും മിതമായ വിലയിൽ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുവാനുമാകും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന നടത്തിവരുന്നുണ്ട്. ഓണക്കാലത്ത് ജില്ലാ/താലൂക്ക്/സിറ്റി തലത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനതലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിലക്കയറ്റം തടയുന്നതിനുള്ള നടപടി**

330 (350) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് ഇടനിലക്കാർക്ക് എന്തെങ്കിലും പങ്കുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇടനിലക്കാരെ ഒഴിവാക്കി മറ്റ് സംസ്ഥാന വിപണികളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിപണി വില പിടിച്ചുനിർത്തുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സപ്ലൈകോ വഴി 13 ഇനം അവശ്യസാധനങ്ങളും OMSS (Open Market Sale Scheme) പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ 28 ഇനം അവശ്യ സാധനങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിലും മറ്റ് അവശ്യ സാധനങ്ങളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും എം.ആർ.പി.-യെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

(ബി & സി) സപ്ലൈകോ നിലവിൽ ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് അവശ്യസാധനങ്ങൾ വാങ്ങുന്നത്. ഇ-ടെണ്ടർ രജിസ്ട്രേഷൻ നിബന്ധനകളും ടെണ്ടർ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ഉല്പാദകർക്കും മൊത്തവിതരണക്കാർക്കും ഒരുപോലെ രാജ്യത്ത് എവിടെനിന്നും ഇ-ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ പരിശോധന നടത്തിയതിനുശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ആവശ്യമെങ്കിൽ റീജിയണൽ അനലറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) കോന്നിയിലുള്ള CFRD ലാബിലും പരിശോധിക്കുന്നു.

പൊതുകമ്പോളത്തിലെ വില നിയന്ത്രണവിധേയമാക്കുന്നതിന് ലീഗൽ മെട്രോളജി, ഫുഡ് സേഫ്റ്റി, സിവിൽ സപ്ലൈസ് തുടങ്ങിയ വകുപ്പുകൾ സംയുക്തമായി സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധന നടത്തിവരുന്നു.

**വിലവർദ്ധന തടയുന്നതിനുള്ള പദ്ധതികൾ**

331 (351) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലവർദ്ധന തടയുന്നതിനായി എന്തെല്ലാം മുൻ കരുതൽ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി വിലനിയന്ത്രണ സെല്ലുകൾ പുനഃസംഘടിപ്പിച്ച് അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിച്ച് പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനായി സപ്ലൈകോ മുഖേന താഴെപ്പറയുന്ന കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കിവരുന്നു.

സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമെ ഒ.എം.എസ്.എസ്. പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയെക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യ സാധനങ്ങളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും എം.ആർ.പി.യെക്കാൾ/മാർക്കറ്റ് വിലയെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 15-5-2017-ലെ സ.ഉ.(കൈ) നമ്പർ 10/2017/ഭ.സി.സ.വ. പ്രകാരം വില നിയന്ത്രണ സെൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിലെ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളായ അഞ്ച് വർഷത്തേയ്ക്ക് വാടകരഹിത കെട്ടിടവും ഒരു ലക്ഷം രൂപയും പഞ്ചായത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതാണ്.

## ഓണച്ചന്തകൾ

332 (352) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് എത്ര ഓണച്ചന്തകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് അടിസ്ഥാനത്തിൽ ഓണച്ചന്തകൾ ആരംഭിക്കുമോ;

(സി) ഓണക്കാലത്ത് അവശ്യസാധനങ്ങളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ മാവേലി സ്റ്റോറുകളുടെയും പൊതുവിതരണ കേന്ദ്രങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 30 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ ഓണക്കാലത്ത് സംസ്ഥാനത്തൊട്ടാകെ 1470 ഓണച്ചന്തകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വിലനിയന്ത്രണത്തിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായ കൃത്രിമ മാർഗ്ഗങ്ങളിലൂടെ വിലക്കയറ്റമുണ്ടാക്കുന്ന പ്രവണത തടയുന്നതിനുമായി സപ്ലൈകോ കൂടുതൽ ഫെയറുകളും ഓണച്ചന്തകളും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകൾ പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണം ഫെയറുകളിലൂടെ പൊതുജനങ്ങൾക്കാവശ്യമായ അളവിലും മിതമായ വിലയിലും സാധനങ്ങൾ എത്തിക്കുന്നതുവഴി വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുന്നതാണ്.

## റേഷൻ കാർഡ് വിതരണം

333 (353) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണം പൂർത്തിയായിട്ടുണ്ടോ ;

(ബി) നിലവിലുള്ള റേഷൻ സംവിധാനത്തിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്നും, ഓരോ വിഭാഗത്തിലും എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഓരോ വിഭാഗത്തിലുമുള്ള കാർഡുടമകൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവും വിലയും വ്യക്തമാക്കുമോ;

(ഡി) ഓരോ വിഭാഗത്തിനും ലഭ്യമാകുന്ന മറ്റാനുകൂല്യങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 84% കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും റേഷൻ കാർഡ് നൽകിവരുന്നു.

| | | |
|---|---|---|
| എ.എ.വൈ. കാർഡ് | - | 595800 |
| മുൻഗണനാ കാർഡ് | - | 2906709 |
| മുൻഗണനേതര (സബ്സിഡി) | - | 2935436 |
| മുൻഗണനേതര (നോൺ സബ്സിഡി) | - | 1580085 |
| ആകെ | - | 8018030 |

(സി) നിലവിൽ ഓരോ വിഭാഗത്തിനും നൽകിവരുന്ന വിഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് അര ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 4 ലിറ്റർ വീതവും മണ്ണെണ്ണ ലഭിക്കും.

**ഭക്ഷ്യഭദ്രതാ നിയമം**

334 (354) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതുപ്രകാരം നടപ്പിലാക്കേണ്ട വാതിൽപ്പടി വിതരണം ഏതൊക്കെ ജില്ലകളിൽ ഇതിനകം ആരംഭിച്ചിട്ടുണ്ട്; വാതിൽപ്പടി വിതരണം നടപ്പിലാക്കേണ്ട തീയതി എന്നായിരുന്നു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ ഗോഡൗണുകൾ സജ്ജമാക്കിയിട്ടുണ്ടോ;എങ്കിൽ ഇതിനകം എത്ര ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റേഷൻ കടകളിൽ ആധാർ അധിഷ്ഠിതമായ ബയോമെട്രിക് സാങ്കേതിക വിദ്യയുടെ പിൻബലത്തിലുള്ള കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2016 നവംബറിലാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നിലവിൽ വന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻ വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 142 ഗോഡൗണുകൾ.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. 2018 മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ദുർബ്ബല വിഭാഗങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

335(355) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ നിന്നും പുറത്തായ ദുർബ്ബല വിഭാഗങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പട്ടികയിൽ ഇടംപിടിച്ച അനർഹരെ ഒഴിവാക്കി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ഉൾപ്പെടുത്തുന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(സി) എൻഡോസൾഫാൻ ഇരകൾ, ക്യാൻസർ ബാധിതർ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14-1-11-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ., 27-4-12-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളെയും സർക്കാർ ജോലി ഉൾപ്പെടെയുള്ള സ്ഥിര വരുമാനമുള്ളവർ ഒഴികെയുള്ള എല്ലാ പട്ടികജാതി കുടുംബങ്ങളെയും പട്ടികവർഗ്ഗത്തിലെ ക്ലാസ്-IV ജീവനക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങളെയും പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റ നിയന്ത്രണം

336 (356) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റ നിയന്ത്രണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വിലനിയന്ത്രണത്തിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായ കൃത്രിമ മാർഗ്ഗങ്ങളിലൂടെ വിലക്കയറ്റമുണ്ടാക്കുന്ന പ്രവണത തടയുന്നതിനുമായി സപ്ലൈകോ മുഖേന കൂടുതൽ ഫെയറുകളും ഓണച്ചന്തകളും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകൾ പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണം ഫെയറുകളിലൂടെ പൊതുജനങ്ങൾക്കാവശ്യമായ അളവിലും മിതമായ വിലയിലും സാധനങ്ങൾ എത്തിക്കുന്നതുവഴി വിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിയുന്നതാണ്.

## വിലക്കയറ്റമില്ലാത്ത ഓണം

337 (357) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റമില്ലാത്ത ഓണം ആഘോഷിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പച്ചക്കറിക്കും പലവ്യഞ്ജനങ്ങൾക്കും അമിതമായി വില വർദ്ധിച്ചത് സാധാരണക്കാരുടെ കുടുംബ ബജറ്റിനെ സാരമായി ബാധിച്ചിട്ടുണ്ടോ;

(സി) കുത്തനെ ഉയരുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ കമ്പോളത്തിൽ പ്രതിഫലിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വിലനിയന്ത്രണത്തിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായ കൃത്രിമ മാർഗ്ഗങ്ങളിലൂടെ വിലക്കയറ്റമുണ്ടാക്കുന്ന പ്രവണത തടയുന്നതിനുമായി സപ്ലൈകോ കൂടുതൽ ഫെയറുകളും ഓണച്ചന്തകളും ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകൾ പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണച്ചന്തകളിലൂടെ പൊതുവിപണിയിലേതിനെക്കാൾ ശരാശരി 40% വരെ വിലക്കുറവിൽ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളും 20 മുതൽ 30% വരെ വിലക്കുറവിൽ സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയെക്കാൾ/ എം.ആർ.പി.യെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ശരാശരി 40% വിലക്കുറവിലും തേയില, കാപ്പി, മസാലപ്പൊടികൾ, വാളൻപുളി തുടങ്ങിയ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതുവിപണിയെക്കാൾ 20% വരെ വിലക്കുറവിലും FMCG (Fast Moving Consumer Goods) ഇനങ്ങൾ 5 മുതൽ 30% വരെ വിലക്കുറവിലും വിതരണം ചെയ്യുന്നു. എല്ലാ നിത്യോപയോഗ സാധനങ്ങളും ആവശ്യമായ അളവിൽ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനാൽ വില വർദ്ധനവ് സാധാരണക്കാരുടെ കുടുംബ ബജറ്റിനെ സാരമായി ബാധിച്ചിട്ടില്ല.

(സി) അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ ഉൽപ്പാദക സംസ്ഥാനങ്ങളിൽ ഉൽപ്പാദനം കുറഞ്ഞതുമൂലം നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകാറുണ്ട്. ഈ പ്രതികൂല സാഹചര്യങ്ങളിലും സബ്സിഡി വിലകളിൽ സ്ഥിരത ഉറപ്പാക്കിക്കൊണ്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**ഓണക്കാലത്തേയ്ക്കുള്ള അരി**

338 (358) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് കേരളത്തിനാവശ്യമായ അരി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് അരി സംഭരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അരിവിലയിൽ വർദ്ധനയുണ്ടായിട്ടുണ്ടോ;

(ഡി) ആന്ധ്രയിലെ മില്ലുടമകൾക്ക് നൽകാനുള്ള കുടിശ്ശിക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഓണക്കാലത്ത് വിലവർദ്ധനവ് തടയുന്നതിനും അരി ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി ഉന്നതതല സംഘം ആന്ധ്രാപ്രദേശ് സർക്കാർ തലത്തിൽ ചർച്ചകൾ നടത്തുകയും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽനിന്നും നേരിട്ട് അരി വാങ്ങി വിപണികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) ആന്ധ്രയിലെ മില്ലുടമകൾക്ക് കുടിശ്ശിക നൽകുവാനില്ല.

## പുതിയ റേഷൻ കാർഡുകൾ

339 (359) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച റേഷൻ കാർഡുകളിൽ മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ താലൂക്കുകളിലും കാർഡ് വിതരണം പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഏതെല്ലാം താലൂക്കുകളിലാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് 514103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിലും റേഷൻകട തലത്തിലും ക്രോഡീകരിക്കുന്ന നടപടികൾ നടന്നുവരുന്നു.

(ബി) ഇല്ല. ദ്വിഭാഷാ കാർഡുകളുള്ള ഇടുക്കി ജില്ലയിലെ ദേവികുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം എന്നീ താലൂക്കുകളിലാണ് വിതരണം പൂർത്തിയാക്കാനുള്ളത്.

## പുതിയ റേഷൻ കാർഡ് വിതരണം

340 (360) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും വിതരണം ചെയ്യാനുള്ള റേഷൻ കാർഡുകൾ റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) റേഷൻ കാർഡിൽ ഉണ്ടായിട്ടുള്ള പിഴവുകൾ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ചിട്ടില്ല. ഇതുവരെ 84 ശതമാനം കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഒന്നും രണ്ടും ഘട്ട കാർഡ് വിതരണത്തിൽ റേഷൻ കാർഡ് കൈപ്പറ്റാൻ കഴിയാത്തവർക്ക് താലൂക്ക് സപ്ലൈ ഓഫീസ് വഴി റേഷൻ കാർഡ് കൈപ്പറ്റുന്നതിനുള്ള ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഒന്നാംഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖാന്തരം മുൻകാലങ്ങളിൽ തുടർന്നുവന്നിരുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് റേഷൻ കാർഡിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അളവോ വിലയോ രേഖപ്പെടുത്താതെയുള്ള പാക്കിംഗുകൾ**

341 (361) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള കുപ്പികളിലും അരി തുടങ്ങിയ സാധനങ്ങളുടെ പാക്കിംഗിലും അളവോ വിലയോ രേഖപ്പെടുത്താതെ വില്ക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇത്തരം പരിശോധനകളിൽ മുമ്പ് കൃത്രിമം കണ്ടു പിടിച്ച സ്ഥലങ്ങളിൽ വീണ്ടും പരിശോധന നടത്തുവാൻ നിർദ്ദേശം നൽകുമോ;

(ബി) സിനിമാ തിയേറ്റർ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിലെ ഷോപ്പുകളിൽ പാക്ക്ഡ് കുപ്പികളിലും ടിന്നുകളിലും വിൽക്കുന്ന സാധനങ്ങൾക്ക് യഥേഷ്ടം വില ഈടാക്കുന്നകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ ;

(സി) വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ ഇവിടങ്ങളിലെ കഫേകളിലും ടീ ഷോപ്പുകളിലും സ്നാക്ക്സ് പാർലറുകളിലും ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുവാൻ അവർക്ക് അധികാരമുണ്ടോ; പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ പരിശോധനകൾ നടത്തിയതിൽ 202 കേസ്സുകൾ കണ്ടെത്തുകയും 16,86,500 രൂപ രാജി ഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 18 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതിൽ 11 കേസ്സുകൾ കണ്ടെത്തുകയും 45,000 രൂപ രാജി ഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പ്രത്യേക കരാർ പ്രകാരം, അളവോ തൂക്കമോ നിശ്ചയിച്ചിട്ടുണ്ടെങ്കിലും പായ്ക്കേജ്ഡ് കമ്മോഡിറ്റികളിൽ രേഖപ്പെടുത്തിയിരിക്കുന്ന എം.ആർ.പി.-യെക്കാൾ കൂടിയ വില ഈടാക്കുന്ന അവസരങ്ങളിൽ മാത്രമേ ലീഗൽ മെട്രോളജി വകുപ്പിന് നടപടിയെടുക്കുവാൻ സാധിക്കൂ. 6 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതിൽ 10 കേസ്സുകൾ കണ്ടെത്തുകയും 17,000 രൂപ രാജി ഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**ബ്രാൻഡഡ് ഉൽപ്പന്നങ്ങൾക്ക് അധികവില**

342 (362) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതോടുകൂടി വ്യാപാര സ്ഥാപനങ്ങൾ വിവിധ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾക്ക് എം.ആർ.പി.-യെക്കാൾ അധിക വില ഈടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനതലത്തിൽ ലീഗൽ മെട്രോളജി വകുപ്പ് 389 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതിൽ 48 കേസ്സുകൾ കണ്ടെത്തുകയും 1,55,500 രൂപ രാജി ഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 3, 4, 25, 32, 64, 79, 85, 87, 88, 89, 105, 116, 124, 140, 150, 155, 158, 185, 257, 292 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II ചരമോപചാരം

### പി. ഉണ്ണിക്കൃഷ്ണപിള്ള, കെ. ഇ. മാമ്മൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗം പി. ഉണ്ണിക്കൃഷ്ണപിള്ള, സ്വാതന്ത്ര്യ സമര സേനാനിയും പ്രമുഖ ഗാന്ധിയനുമായിരുന്ന കെ. ഇ. മാമ്മൻ എന്നിവർ ഈ അടുത്തകാലത്ത് നിര്യാതരായി.

### പി. ഉണ്ണിക്കൃഷ്ണപിള്ള

മുൻ നിയമസഭാംഗം പി. ഉണ്ണിക്കൃഷ്ണപിള്ള 2017 ജൂലൈ 2-ന് അന്തരിച്ചു. സി. എ. പത്മനാഭ പിള്ളയുടെയും എൽ. കല്യാണി അമ്മയുടെയും മകനായി 1929 ജൂലൈ 1-ന് പി. ഉണ്ണിക്കൃഷ്ണപിള്ള ജനിച്ചു.

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായി പൊതുപ്രവർത്തന രംഗത്ത് എത്തിയ അദ്ദേഹം കർഷക സംഘം നേതാവ്, കേരള സർവ്വകലാശാലയുടെ സെനറ്റ്/ സിൻഡിക്കേറ്റ് അംഗം, ഫിനാൻസ് കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സാഹിത്യ അക്കാദമി അംഗം, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ചെയർമാൻ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. മൂന്ന്, നാല് കേരള നിയമസഭകളിലേയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ പ്രതിനിധിയായി കൃഷ്ണപുരം മണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടു. ദീർഘ കാലം തൊടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ആദർശശാലിയായ ഒരു മാതൃകാ പൊതുപ്രവർത്തകനെയാണ് പി. ഉണ്ണിക്കൃഷ്ണപിള്ളയുടെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

### കെ. ഇ. മാമ്മൻ

സ്വാതന്ത്ര്യ സമര സേനാനിയും പ്രമുഖ ഗാന്ധിയനുമായിരുന്ന കെ. ഇ. മാമ്മൻ 2017 ജൂലൈ 26 - ന് അന്തരിച്ചു. തിരുവല്ല തയ്യിൽ കണ്ടത്തിൽ കെ. സി. ഈപ്പന്റെയും കുഞ്ഞാണ്ടമ്മയുടെയും മകനായി 1921 ജൂലൈ 31-ന് കെ. ഇ. മാമ്മൻ ജനിച്ചു.

വിദ്യാർത്ഥി കോൺഗ്രസ്സിലൂടെ സ്വാതന്ത്ര്യസമരത്തിലേയ്ക്ക് വന്ന അദ്ദേഹത്തെ സർ.സി.പി.ക്കെതിരെ ഒരു യോഗത്തിൽ പ്രസംഗിച്ചതിന് ആർട്സ് കോളേജിൽനിന്നും പുറത്താക്കുകയുണ്ടായി. തുടർന്ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റ് പഠനം പൂർത്തിയാക്കി. 1940-ൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ബിരുദ പഠനത്തിനിടെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ

പങ്കെടുത്തതിന് വീണ്ടും കോളേജിൽനിന്നും പുറത്താക്കപ്പെട്ടു. പിന്നീട് പഠനം ഉപേക്ഷിച്ച് സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളിൽ നെടുനായകത്വം വഹിച്ച അദ്ദേഹത്തിന്റെ രാജ്യസ്നേഹവും ധൈര്യവും ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ച വിശ്വാസവും എന്നും രാജ്യസ്നേഹികൾക്ക് മാതൃകയായി. അർഹതയുണ്ടായിരുന്നിട്ടും അധികാരത്തിന്റെ വഴികളിൽനിന്ന് അദ്ദേഹം മാറി നടന്നു. സ്വാതന്ത്ര്യാനന്തരം അഴിമതി, ഹർത്താൽ, ബന്ദ് എന്നിവയ്ക്കെതിരെയും മദ്യവർജ്ജനത്തിനായും ഒറ്റയാൾ പോരാട്ടം നടത്തിയ അദ്ദേഹത്തിന്റെ സമരമാർഗ്ഗങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു. ഗാന്ധിയൻ ആദർശങ്ങളെ ജീവിതവ്രതമാക്കിയ, പട്ടിണിയും ചൂഷണവുമില്ലാത്ത സാമൂഹ്യ വ്യവസ്ഥ സ്വപ്നം കണ്ടിരുന്ന ഒരു ആദർശശാലിയെയാണ് കേരള സമൂഹത്തിന് കെ. ഇ. മാമ്മന്റെ നിര്യാണത്തോടെ നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. എ. പി. അനിൽ കുമാർ എന്നിവരെ പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV അടിയന്തരപ്രമേയം

സംസ്ഥാനത്തെ അക്രമ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: തലസ്ഥാന നഗരിയിലും കണ്ണൂർ, കോട്ടയം ജില്ലകളിൽ ഉൾപ്പെടെ പലയിടത്തും കഴിഞ്ഞ ദിവസങ്ങളിൽ ബി.ജെ.പി.-സി.പി.എം. പ്രവർത്തകർ തമ്മിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങളും അക്രമങ്ങളും കൊലപാതകവുംമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ ക്രമസമാധാന തകർച്ചയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമില്ലാത്ത ഗൗരവതരമായ സ്ഥിതിവിശേഷവും സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. ഒ. രാജഗോപാൽ ശ്രദ്ധ ക്ഷണിക്കലിനും നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്തെ ക്രമസമാധാന നില തകരാറിലായി എന്ന ആരോപണം തികച്ചും അവാസ്തവവും അടിസ്ഥാന രഹിതവുമാണ്. സംസ്ഥാനത്ത് ഒരിടത്തും വർഗ്ഗീയ സംഘർഷങ്ങളോ സ്ഥായിയായി നിലനിൽക്കുന്ന രാഷ്ട്രീയ സംഘർഷങ്ങളോ ഇല്ല. ഇന്ത്യയിലെ മെച്ചപ്പെട്ട ക്രമസമാധാന നിലയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനമാണ് കേരള സംസ്ഥാനത്തിനെന്ന 'ഇന്ത്യാ ടുഡേ' സർവ്വേയിലെ കണ്ടെത്തൽ തികച്ചും യാഥാർത്ഥ്യമാണ്. കേരളം സംഘർഷ മേഖലയാണെന്ന തെറ്റായ പ്രചാരവേല നടത്തുന്നതിൽ സർവ്വകക്ഷിയോഗം ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. അത് സംസ്ഥാനത്തിന്റെ ഭാവി വികസന സാധ്യതകൾക്ക് ദോഷകരമാണ്. ഇത് കേരള വികസന മുന്നേറ്റത്തിന് തടസ്സമായാണ് മാറുന്നത്. പ്രത്യേകിച്ച്, ലോക മലയാളി സമൂഹത്തിനാകെ പ്രത്യാഘാതങ്ങൾക്കിടയാകും. ഇത്തരത്തിലുള്ള പ്രചരണങ്ങൾക്ക് ആരും കൂട്ടുനിൽക്കരുത്. മാത്രമല്ല, സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യം പരിഗണിച്ച് അതിനെ എതിർത്ത് തോൽപ്പിക്കേണ്ടതുമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ചോദ്യോത്തരവേളയിൽ ചൂണ്ടിക്കാണിച്ചതുപോലെ ബി.ജെ.പി.ക്കുനേരെ ഉണ്ടായിട്ടുള്ള അഴിമതി ആരോപണങ്ങളും കള്ളനോട്ട് കേസ്സുകളും വഴിതിരിച്ചുവിടാനുള്ള ആസൂത്രിതമായ നീക്കമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നതെന്നും കരുതാവുന്നതാണ്. ചിലയിടങ്ങളിലുണ്ടാകുന്ന അനിഷ്ട സംഭവങ്ങൾ മുൻകാലങ്ങളിലെപ്പോലെ സംസ്ഥാനത്ത് മറ്റിടങ്ങളിലേയ്ക്ക് വ്യാപിക്കാതിരിക്കാനും ക്രമസമാധാനനില തകരാറിലാകാതിരിക്കാനും ആഭ്യന്തര വകുപ്പിന്റെയും പോലീസിന്റെയും കാര്യക്ഷമമായ പ്രവർത്തനംമൂലം കഴിഞ്ഞിട്ടുണ്ട്. 27-7-2017-ൽ തിരുവനന്തപുരത്തും പരിസരപ്രദേശത്തുമുണ്ടായ രാഷ്ട്രീയ സംഘർഷങ്ങളെ ഫലപ്രദമായി പോലീസ് നേരിട്ട് അമർച്ച ചെയ്തുകഴിഞ്ഞതിനുശേഷം അവിചാരിതമായാണ് ശ്രീകാര്യത്ത് കൊലപാതകം നടന്നത്. അതുസംബന്ധിച്ച് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 879/17-ാം നമ്പർ കേസ്സിലെ ആറ് പ്രതികളെ സംഭവം നടന്ന് 12 മണിക്കൂറിനകവും മറ്റെല്ലാ പ്രതികളെയും 48 മണിക്കൂറിനകവും അറസ്റ്റ് ചെയ്ത് നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യങ്ങളിലുൾപ്പെട്ട പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരായാലും അവർക്കെതിരെ കക്ഷി രാഷ്ട്രീയത്തിനതീതമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. പോലീസ് കാഴ്ചക്കാരായി നോക്കിനിൽക്കുന്നുവെന്ന് പറയുന്നത് യുക്തിക്ക് നിരക്കുന്നതല്ല. അക്രമ സംഭവങ്ങൾ നടന്നാൽ എത്രയുംവേഗം അക്രമികളെ അറസ്റ്റ് ചെയ്യാനും നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് നിയമത്തിനുമുന്നിൽ കൊണ്ടുവരാനും കഴിഞ്ഞിട്ടുള്ളതിന് ഒട്ടനവധി ഉദാഹരണങ്ങളുണ്ട്. ഈയിടെ നടന്ന കൊലപാതക

കേസ്സിലുൾപ്പെട്ട എല്ലാ പ്രതികളെയും മണിക്കൂറുകൾക്കുള്ളിൽ അറസ്റ്റ് ചെയ്യാൻ സാധിച്ചത് സംസ്ഥാനത്തെ നിയമവാഴ്ചയ്ക്ക് യാതൊരു കോട്ടവും തട്ടിയിട്ടില്ല എന്നതിന് തെളിവാണ്. തിരുവനന്തപുരം സിറ്റിയിലും പരിസര പ്രദേശങ്ങളിലും കോട്ടയത്തും കണ്ണൂരിലും ഉണ്ടായ അക്രമസംഭവങ്ങളിലെല്ലാം ഉടൻതന്നെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അക്രമികൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇവിടെയെല്ലായിടത്തും കക്ഷി രാഷ്ട്രീയങ്ങൾക്കതീതമായ നിലപാടാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. മാത്രമല്ല, ബി.ജെ.പി. സംസ്ഥാന കമ്മിറ്റി ഓഫീസ് ആക്രമിച്ച കേസ്സിലെയും സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയുടെ വീട് ആക്രമിച്ച കേസ്സിലെയും പ്രതികളെ താമസംവിനാ അറസ്റ്റ് ചെയ്തിട്ടുണ്ട്. സമാധാനഭംഗമുണ്ടായ അവസരങ്ങളിലെല്ലാം സർക്കാർ കർക്കശമായി ഇടപെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ തിരുവനന്തപുരത്തും കോട്ടയത്തും കണ്ണൂരിലും നടന്ന അക്രമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ സി.പി.ഐ.(എം), ബി.ജെ.പി., ആർ.എസ്.എസ്. സംസ്ഥാന നേതാക്കളുമായി മസ്കറ്റ് ഹോട്ടലിൽ മുഖ്യമന്ത്രിയെന്ന നിലയിൽ ഞാൻ ചർച്ച നടത്തിയിരുന്നു. തുടർന്ന് തിരുവനന്തപുരത്തും കോട്ടയത്തും കണ്ണൂരിലും ഉഭയകക്ഷി ചർച്ച നടത്തുകയുണ്ടായി. ഇന്നലെ സർവ്വകക്ഷി യോഗവും നടന്നു. ഇന്നലെ നടന്ന സർവ്വകക്ഷി യോഗത്തിൽ പങ്കെടുത്ത എല്ലാപേരും സർക്കാരിന്റെ നടപടികൾക്ക് നൽകിയ പിന്തുണ സഭയെ അറിയിക്കുകയാണ്. ഉഭയകക്ഷി ചർച്ചകളും സമാധാനയോഗവും നാട്ടിൽ സമാധാന അന്തരീക്ഷമുണ്ടാക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളം കൈവരിച്ച സുഭദ്രമായ ക്രമസമാധാനവും ജനവിഭാഗങ്ങൾ തമ്മിലുള്ള സൗഹൃദവും തകർക്കുകയും അതുവഴി സംസ്ഥാനത്തെ സ്ഥിതിഗതികളെക്കുറിച്ച് കുപ്രചരണം നടത്താനിടയാക്കുകയും ചെയ്യുന്ന ആസൂത്രിത സമീപനത്തെ നമ്മൾ ഒറ്റക്കെട്ടായി എതിർത്തുതോൽപ്പിക്കേണ്ടതുണ്ട്. ഭദ്രമായ ക്രമസമാധാനം തന്നെയാണ് ഇവിടെ നിലനിൽക്കുന്നത്. അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ട ഒരു അടിയന്തര സാഹചര്യവും നിലനിൽക്കുന്നില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, കേരളത്തിൽ എല്ലാം ശാന്തമാണ്, ക്രമസമാധാനനില ഭദ്രമാണ്, പോലീസ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു, മാത്രമല്ല കേരളത്തെ രാഷ്ട്രീയ സംഘർഷങ്ങളുടെ വേദിയാക്കരുത്, നമുക്ക് വികസനമാണ് വേണ്ടത് എന്നൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അവസാനം പറഞ്ഞതിനോട് ഞങ്ങൾക്ക് യോജിപ്പുണ്ട്. വികസനത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നീങ്ങണമെന്നുതന്നെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷേ അദ്ദേഹം പറഞ്ഞ ആദ്യത്തെ പല വാചകങ്ങളും തെറ്റായിരുന്നുവെന്നാണ് അടുത്തകാലത്ത് കേരളത്തിലുണ്ടായ സംഭവങ്ങൾ തെളിയിക്കുന്നത്. ഇന്നലെ വരെ കണ്ണൂരിലാണ് രാഷ്ട്രീയ സംഘർഷങ്ങൾ കൂടുതലായി ഉണ്ടായിരുന്നതെങ്കിൽ

ഇന്ന് അത് തലസ്ഥാനത്തേയ്ക്കും വ്യാപിച്ചിരിക്കുകയാണ്. കഴിഞ്ഞ കുറേ ദിവസങ്ങളായി തിരുവനന്തപുരത്ത് നടന്ന അക്രമപ്രവർത്തനങ്ങളിലൊന്നുംതന്നെ ഏതെങ്കിലും ഒരു പ്രതിപക്ഷ കക്ഷിക്ക് പങ്കുള്ളതായി മുഖ്യമന്ത്രിക്കുപോലും പറയാൻ സാധിക്കില്ല. ഈ സർക്കാർ വന്നതിനുശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം എന്നേക്കാൾ കൂടുതൽ വ്യക്തമായി അറിയാവുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. ഇവിടെയുണ്ടായ പതിനെട്ടോളം രാഷ്ട്രീയ കൊലപാതകങ്ങളിൽ പതിനേഴും നടത്തിയത് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.യും സംസ്ഥാനം ഭരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുമാണ്. ഇവരാണ് മത്സരിച്ച് ആളുകളെ കൊല്ലുന്നത്. ഇവിടെ ഞങ്ങളാരെങ്കിലും വികസനത്തെ തടസ്സപ്പെടുത്തുകയോ അക്രമത്തിനോ കൊലപാതകത്തിനോ മുന്നിട്ടിറങ്ങുകയോ ചെയ്തിട്ടുണ്ടോ? തലസ്ഥാനത്ത് കുറേ ദിവസങ്ങളായി നടക്കുന്നത് എന്താണ്? ഇന്നത്തെ ചോദ്യോത്തരവേളയിൽ ബി.ജെ.പി.-യിലെ കോഴക്കേസിനെത്തുടർന്ന് അവർക്ക് മുഖം നഷ്ടപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അത് നൂറ് ശതമാനം ശരിയാണ്. മുഖം നഷ്ടപ്പെട്ട് അവരുടെ നേതാക്കൾക്ക് പുറത്തിറങ്ങി നടക്കാൻ കഴിയാത്തൊരു സാഹചര്യമായിരുന്നു കേരളത്തിലുണ്ടായിരുന്നത്. കേരളത്തിൽ അധികാരത്തിലില്ലാത്ത, വെറും ഏഴോ എട്ടോ പഞ്ചായത്തുകളിൽ മാത്രം ഭരണമുള്ള, നിയമസഭയിൽ വെറും നാമമാത്ര പ്രാതിനിധ്യമുള്ള ബി.ജെ.പി. കോടിക്കണക്കിന് രൂപ മെഡിക്കൽ കോളേജ് ആരംഭിക്കാൻവേണ്ടി കൈക്കൂലി വാങ്ങിയെന്ന സത്യം പുറത്തുവന്നിരിക്കുന്നു. ഇത് പറഞ്ഞത് എൽ.ഡി.എഫോ, യു.ഡി.എഫോ അല്ല, ബി.ജെ.പി.-യുടെ സംസ്ഥാന കമ്മിറ്റി നിയോഗിച്ച അന്വേഷണ കമ്മീഷനാണ്. ആ കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നപ്പോൾ സംസ്ഥാനത്തെ ബി.ജെ.പി. നേതാക്കൾ മുഴുവൻ സംശയത്തിന്റെ നിഴലിലായിരുന്നു. ഈ പോക്ക് പോയാൽ കേരളത്തിലെ ബി.ജെ.പി.-യുടെ കഥ കഴിഞ്ഞുവെന്ന് സന്തോഷിച്ചവരാണ് ഞാൻ ഉൾപ്പെടെയുള്ളവർ. എന്നാൽ അവർക്ക് മുഖം രക്ഷിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുത്തത് സംസ്ഥാനം ഭരിക്കുന്ന ഇടതുമുന്നണിക്ക് നേതൃത്വം നൽകുന്ന മാർക്സിസ്റ്റ് പാർട്ടിയാണ്. ഞാൻ മറ്റു പത്രങ്ങളിലേയ്ക്ക് കടക്കുന്നില്ല; 29-ാം തീയതിയിലെ കേരള കൗമുദിയിൽ വന്ന വാർത്ത 'തലസ്ഥാനത്ത് യുദ്ധകാണ്ഡം - ബി.ജെ.പി. സംസ്ഥാന ഓഫീസും കോടിയേരി ബാലകൃഷ്ണന്റെ വീടും ആക്രമിച്ചു'. മുഖം നഷ്ടപ്പെട്ടുനിൽക്കുന്ന ബി.ജെ.പി.-ക്ക് എന്തിനാണ് മുഖമുണ്ടാക്കിക്കൊടുക്കാൻ മാർക്സിസ്റ്റ് പാർട്ടി ശ്രമിച്ചത്. 29-ാം തീയതി പുലർച്ചെ ഒരു മണിക്കാണ് കുന്നുകുഴിയിൽ താത്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബി.ജെ.പി.യുടെ ഓഫീസ് ആക്രമിച്ചത്. അത് അവരുടെ സ്ഥിരം ഓഫീസല്ല. അവരുടെ മാരാർജി ഭവൻ പൊളിച്ചിട്ടിരിക്കുകയാണ്. അവർ കോഴപ്പണംകൊണ്ട് അവിടെ ഒരു കെട്ടിടം പണിയാനുള്ള ശ്രമത്തിലാണ്. എ.കെ.ജി. സെന്ററും ഇപ്പോൾ ബി.ജെ.പി.-യുടെ താത്കാലിക ഓഫീസും സ്ഥിതി ചെയ്യുന്ന വാർഡിലെ സി.പി.എം. വാർഡ്

കൗൺസിലറുടെ നേതൃത്വത്തിൽ കുന്നുകുഴിയിൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബി.ജെ.പി. ഓഫീസ് പുലർച്ചെ ഒരു മണിക്ക് ആക്രമിച്ചു. രണ്ടുമണിക്കൂർ കഴിയുന്നതിനുമുമ്പ് സി.പി.എം. സംസ്ഥാന സെക്രട്ടറിയുടെ മകന്റെ മരുതംകുഴിയിലുള്ള വീട് ആക്രമിച്ചു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ തിരുവനന്തപുരത്തുള്ളപ്പോൾ ആ വീട്ടിലാണ് താമസിക്കുന്നത്. ഈ ആക്രമണത്തിനുമുമ്പുതന്നെ തിരുവനന്തപുരത്ത് സംഘർഷം തുടങ്ങിയിരുന്നു. ഇരുപതോളം കോർപ്പറേഷൻ കൗൺസിലർമാർ, ബി.ജെ.പി.യുടെയും മാർക്സിസ്റ്റ് പാർട്ടിയുടെയും വനിതാ കൗൺസിലർമാരും ഉൾപ്പെടെയുള്ളവരുടെ വീടുകൾ പരസ്പരം അടിച്ചുതകർത്തിരുന്നു. അപ്പോൾ പോലീസ് എവിടെയായിരുന്നു? ഇവിടെ പോലീസ് ഉണ്ടായിരുന്നില്ലേ? ഇങ്ങനെ കെട്ടിടങ്ങൾ അടിച്ചുതകർത്തതിനു ശേഷമാണ് പാർട്ടി ഓഫീസും പാർട്ടി സെക്രട്ടറിയുടെ വീടും ആക്രമിക്കുന്നത്. സംഘർഷമുണ്ടായ 29-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ഉണ്ടായിരുന്നു. ഞാനും അദ്ദേഹവും ഒരുമിച്ചാണ് ഫ്ലൈറ്റിൽ തിരുവനന്തപുരത്തേയ്ക്ക് വന്നത്. അന്ന് ഡി.ജി.പി.യും ഉണ്ടായിരുന്നു. തലസ്ഥാനം ശാന്തമാണ്, ഒരു കുഴപ്പവുമില്ല എന്നാണ് രണ്ടുപേരും പറഞ്ഞത്. ഫ്ലൈറ്റ് തിരുവനന്തപുരത്ത് ലാന്റ് ചെയ്തപ്പോഴാണ് ഒരു ആർ.എസ്.എസ്.-കാരൻ കൊല്ലപ്പെട്ടിരിക്കുന്നുവെന്നും അയാളുടെ കൈ വെട്ടി എറിഞ്ഞിരിക്കുന്നുവെന്നും അറിയുന്നത്. പിറ്റേ ദിവസം ഹർത്താലാണ്. 30-ാം തീയതി ജനം അനുഭവിച്ച പ്രയാസത്തിന് കൈയും കണക്കുമുണ്ടായിരുന്നോ? 29-ാം തീയതി അഞ്ച് മണിക്ക് മലബാറിൽനിന്ന് ട്രെയിനിൽ കയറിയ യാത്രക്കാരൻ 30-ാം തീയതി തിരുവനന്തപുരത്ത് വന്നിറങ്ങുമ്പോൾ സഞ്ചരിക്കാൻ വാഹനമില്ല, കഴിക്കാൻ ഭക്ഷണമില്ല, കുട്ടികൾപോലും വെള്ളംകിട്ടാതെ കരയുന്ന എത്രയെത്ര കാഴ്ചകൾ കണ്ടു. ഇതിന് ആരാണ് ഉത്തരവാദി? രണ്ടുപേർക്കും ഉത്തരവാദിത്വമില്ലേ? പരസ്പരം വെട്ടിക്കൊന്നതിനുശേഷം പോലീസ് കുറ്റക്കാരെ പിടിച്ചു എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. കൊല്ലാൻ നിന്നിട്ടല്ലേ? അങ്ങോട്ടുമിങ്ങോട്ടും കൊല്ലാൻ നിൽക്കുകയാണ്. അങ്ങനെ കൊന്നതിനുശേഷം അറസ്റ്റ് ചെയ്തു എന്നുപറയുന്നത് അത്ര വലിയ കാര്യമാണോ? കൊന്നയാളെ പിടിച്ചശേഷം പാർട്ടി സെക്രട്ടറി പറയുകയാണ്, കൊന്നയാൾക്ക് മാർക്സിസ്റ്റ് പാർട്ടിയുമായി ബന്ധമൊന്നുമില്ല, അയാളുടെ അച്ഛൻ കോൺഗ്രസ്സുകാരനാണ്, ഐ.എൻ.റ്റി.യു.സി.-ക്കാരനാണ് എന്ന്. അങ്ങനെയാണെങ്കിൽ സി.പി.എം. സംസ്ഥാന സെക്രട്ടറിയായിരുന്ന സി. എച്ച്. കണാരന്റെ മകൻ കെ.എസ്.യു.-ക്കാരനായിരുന്നു. അതുകൊണ്ട് സി. എച്ച്. കണാരൻ കോൺഗ്രസ്സുകാരനാകുമോ? രാജേഷിന്റേത് രാഷ്ട്രീയ കൊലപാതകമാണെന്നാണ് പോലീസ് റിപ്പോർട്ട്. പാർട്ടിക്ക് യാതൊരു പങ്കുമില്ലെന്നാണ് പാർട്ടി സെക്രട്ടറി പറയുന്നത്. ഓരോ ദിവസവും മത്സരിച്ച് ആളെക്കൊല്ലുമ്പോൾ ആർക്കാണ് മുഖം രക്ഷിക്കാൻ കഴിഞ്ഞത്? പരസ്പരം കൊല്ലുമ്പോൾ എത്രതവണ ഒത്തുതീർപ്പുണ്ടാക്കി. ഫെബ്രുവരി മാസം 13-ാം തീയതി അടച്ചിട്ട മുറിയിലിരുന്ന് ശ്രീ. കുമ്മനം

രാജശേഖരൻ മുഖ്യമന്ത്രിയുമായി സംസാരിച്ചു. അന്ന് ഇക്കാര്യം ഞാൻ നിയമസഭയിൽ ചോദിച്ചപ്പോൾ കണ്ണൂർ പ്രശ്നം സെറ്റിൽ ചെയ്യാനാണ് ഞങ്ങൾ സംസാരിച്ചത്, അതിന്റെ ഫലമുണ്ടായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിന്റെ ഫലമാണോ പിന്നീടുണ്ടായത്? 30-ാം തീയതി കൊലപാതകം ഉണ്ടായപ്പോഴാണ് ഗവർണർ മുഖ്യമന്ത്രിയെ വിളിച്ചുവരുത്തുന്നത്. വിളിച്ചുവരുത്തിയത് ശരിയോ തെറ്റോ എന്നുള്ളതാണ് ഇപ്പോൾ തർക്കം. മുഖ്യമന്ത്രി അതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. മുഖ്യമന്ത്രിയെ വിളിച്ചു വരുത്തിയതല്ല, സാധാരണ രീതിയിൽ കാര്യങ്ങൾ ചോദിച്ചറിയാൻ ഗവർണർ വിളിക്കുന്നത് തെറ്റല്ല. പക്ഷെ വിളിച്ചുവരുത്തിയതാണെങ്കിൽ അത് തെറ്റല്ലേ? കാരണം ഗവർണർ മുഖ്യമന്ത്രിയെ എന്തിന് വിളിച്ചുവരുത്തി? ഈ സംഭവത്തിൽ ശക്തമായ നടപടി സ്വീകരിച്ചതിൽ ഗവർണർ പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തിയതായി ചർച്ച കഴിഞ്ഞശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെ പൂർണ്ണ സംതൃപ്തിയുണ്ടായിരുന്നെങ്കിൽ എന്തിനാണ് ഡി.ജി.പി.യെ വീണ്ടും വിളിച്ചുവരുത്തിയത്? മുഖ്യമന്ത്രിയെ വിളിച്ചുവരുത്തി ചർച്ച ചെയ്ത് തൃപ്തി വരാത്തതിനാൽ ഡി.ജി.പി.യെയും വിളിച്ചുവരുത്തിയില്ലേ? നിങ്ങൾ എന്തൊക്കെ പറഞ്ഞാലും നേതാക്കൻമാർ പരസ്പരം ഷേക്ക്ഹാൻഡ് കൊടുക്കുമ്പോൾ അണികളെക്കൊണ്ട് രാഷ്ട്രീയ സംഘർഷം ഉണ്ടാക്കുന്നതിൽ രണ്ടുപേർക്കും ചില രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ട്. ബി.ജെ.പി.-ക്ക് ഇപ്പോൾ മുഖം രക്ഷപ്പെട്ടു. ശ്രീ. എം. ടി. രമേശ് പാർട്ടി മീറ്റിംഗിൽ പൊട്ടിക്കരഞ്ഞുവെന്നാണ് ടി.വി.യിലും പത്രത്തിലും കണ്ടത്. വെറുമൊരു മോഷ്ടാവായ എന്നെ നിങ്ങൾ കള്ളനെന്നു വിളിച്ചില്ലേ എന്നുചോദിച്ച് രമേശ് പോലും പൊട്ടിക്കരഞ്ഞു. രമേശിന് ചാനലിന്റെ മുന്നിൽ നിവർന്ന് നിൽക്കാനുള്ള അവസരമുണ്ടാക്കിക്കൊടുത്തത് സി.പി.എം.-ന്റെ പ്രവർത്തനങ്ങളല്ലേ? മുഖ്യമന്ത്രിക്കും മാർക്സിസ്റ്റ് പാർട്ടിക്കും ഒരു ലക്ഷ്യമുണ്ട്. ഈ സർക്കാരിന്റെ പതിനാല് മാസം, എല്ലാം ശരിയാക്കാമെന്ന് പറഞ്ഞുവന്നിട്ട് എല്ലാവരെയും ശരിയാക്കിയപ്പോൾ അതിനെല്ലാം നെഗറ്റീവായ ഇംപാക്ട് ആണ്. എൽ.ഡി.എഫ്. വിരുദ്ധ വോട്ടുകൾ മുഴുവൻ യു.ഡി.എഫ്.-ലേയ്ക്ക് പോകുമെന്ന് മനസ്സിലാക്കിയപ്പോൾ അത് തടയാൻ ബി.ജെ.പി. ഈ സംസ്ഥാനത്ത് നിലനിൽക്കേണ്ടത് മാർക്സിസ്റ്റ് പാർട്ടിയുടെ ആവശ്യമാണ്.

മെഡിക്കൽ കോളേജ് അഴിമതിയിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടാനുള്ള ചില ശ്രമങ്ങളുള്ളതായി ഇന്റലിജൻസ് റിപ്പോർട്ടുണ്ടായിരുന്നുവെന്ന് ഇവിടെ മുഖ്യമന്ത്രി പറഞ്ഞല്ലോ; പിന്നെ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല? മാർക്സിസ്റ്റ് പാർട്ടി രക്ഷിക്കാൻ ശ്രമിക്കുമെന്ന് ഇന്റലിജൻസ് പറഞ്ഞോ? ഈ റിപ്പോർട്ടിന് അടിസ്ഥാനമുണ്ടെന്ന് മുഖ്യമന്ത്രി പറയുമ്പോൾ അത് തടയാൻ ഗവൺമെന്റിന് എന്തുകൊണ്ട് കഴിഞ്ഞില്ല? ഇന്റലിജൻസിന്റെ മഹത്വത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. റവന്യൂ വകുപ്പുമന്ത്രി ആരാണ്, കൃഷി വകുപ്പുമന്ത്രി ആരാണ് എന്ന്

തിരിച്ചറിഞ്ഞുകൂടാത്ത ഒരു ഇന്റലിജൻസ് ഡി.ജി.പി.-യിൽ നിന്ന് കാര്യമായ റിപ്പോർട്ടൊന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. പക്ഷേ രാഷ്ട്രീയ സംഘർഷങ്ങളുണ്ടായപ്പോൾ എന്തിനാണ് ഗവർണർ വിളിപ്പിച്ചതെന്ന് മുഖ്യമന്ത്രി ഇനിയെങ്കിലും പറയണം. ഗവർണർ വിളിപ്പിച്ച് ഈ സംഭവങ്ങളിൽ ദുഃഖം പ്രകടിപ്പിച്ചു. ഇന്നലെ കേന്ദ്രമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലി ഇവിടെ വന്നു. പശുവിന്റെ പേരിൽ 48-ഓളം ആളുകൾ കൊലചെയ്യപ്പെട്ടപ്പോൾ ആ വീടുകളിലൊന്നും പോകാത്ത ശ്രീ. അരുൺ ജെയ്റ്റ്ലിക്ക് ഇവിടെ വന്നു നിരങ്ങാൻ അവസരമുണ്ടാക്കിയത് ഈ ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ കാരണമല്ലേ? കാലാവധി തികയുന്നതുവരെ ഈ സർക്കാർ ഭരിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. കാലാവധി പൂർത്തിയാക്കുമ്പോൾ ഈ സർക്കാരിന്റെ ഗുണദോഷങ്ങൾ ജനകീയ കോടതിയിൽ വിചാരണ ചെയ്യണം. അതാണ് അടുത്ത തെരഞ്ഞെടുപ്പ്. ആ തെരഞ്ഞെടുപ്പുവരെ ഈ സർക്കാർ ഭരിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അല്ലാതെ ഈ സർക്കാരിനെ ശ്രീ. നരേന്ദ്ര മോദിയെക്കൊണ്ടോ ജസ്റ്റിസ് പി. സദാശിവത്തെക്കൊണ്ടോ ഡിസ്മിസ് ചെയ്യിക്കാൻ ശ്രമിച്ചാൽ അതിനെ ശക്തമായി എതിർക്കുന്നത് ഈ സംസ്ഥാനത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ആയിരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. തീർച്ചയായും ഇവിടെ നടക്കുന്ന അക്രമങ്ങൾ നിയന്ത്രിക്കുന്നതിൽ സർക്കാർ പരിപൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. നിങ്ങൾ അവിടെ കൂടിയിരുന്ന് സംസാരിക്കുമ്പോൾ അണികൾ ഇവിടെ തമ്മിൽത്തല്ലുകയാണ്. കഴിഞ്ഞ 31-ാം തീയതി രണ്ടുപേരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്തിട്ട് രണ്ടാം തീയതിയല്ലേ കാട്ടാക്കടയിൽ ഒരു സി.ഐ.ടി.യു.കാരന്റെ വീടിനുനേരെ ആർ.എസ്.എസ്.കാരൻ ബോംബെറിഞ്ഞത്? അപ്പോൾ അക്രമം നിന്നിട്ടുണ്ടോ? എന്നിട്ട് ഇതൊക്കെ റിപ്പോർട്ട് ചെയ്തതിന് പത്രക്കാരോട് 'കടക്കു പുറത്ത്' എന്നുപറയുന്നു. ഇങ്ങനെയുണ്ടോ ഒരു ഏർപ്പാട്? ഞങ്ങളെക്കുറിച്ചൊക്കെ എന്തെല്ലാം പത്രത്തിൽ എഴുതിയിട്ടുണ്ട്. ഗവർണർ വിളിച്ചുവരുത്തി എന്നൊരു വാർത്ത പത്രത്തിൽ വന്നതിന് 'കടക്കു പുറത്ത്' എന്നുപറയുന്നത് വളരെ ദയനീയമാണ്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇടതുമുന്നണിയിലെ രണ്ടാമത്തെ കക്ഷിയുടെ എറണാകുളം ജില്ലാ സെക്രട്ടറി പറഞ്ഞ വാചകങ്ങളൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. സി.പി.ഐ.യുടെ എറണാകുളം ജില്ലാ സെക്രട്ടറി പറഞ്ഞത് മുഖ്യമന്ത്രിക്ക് ഇടയ്ക്കിടയ്ക്ക് പേടിച്ച് പനി വരുമെന്നാണ്. ഒരു ബുദ്ധിയുമില്ലാത്ത; മന്ദബുദ്ധികളായ കുറെ ഉദ്യോഗസ്ഥന്മാർ മുഖ്യമന്ത്രിയെ ഉപദേശിക്കുന്നു. ഇങ്ങനെ പറയുമ്പോഴാണ് ഇവിടെ ക്രമസമാധാനം ഭദ്രമാണ്; ഒരു കൊലപാതകവും നടക്കുന്നില്ല; പോലീസ് വളരെ ആക്റ്റീവായി പ്രവർത്തിക്കുന്നു എന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഇരുപതോളം കൗൺസിലർമാരുടെ വീടുകൾ ആക്രമിക്കുകയും ആളുകളെ വെട്ടിക്കൊല്ലുകയും ചെയ്യുമ്പോൾ പൊലീസ് എവിടെയായിരുന്നു? അതുകൊണ്ട് വളരെ ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. ഇനി രാഷ്ട്രീയത്തിന്റെ പേരിൽ കൊലപാതകങ്ങളുണ്ടാകാനോ ഒരു പണിയുമില്ലാത്ത കുറെ കേന്ദ്ര മന്ത്രിമാർക്ക് ഇവിടെ വന്ന് നിരങ്ങാനോ ഉള്ള അവസരം നമ്മളുണ്ടാക്കരുത്. അതിന് ഒറ്റക്കെട്ടായി നീങ്ങണമെന്നുമാത്രമാണ് പറയാനുള്ളത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തി വച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ശ്രീ. ഒ. രാജഗോപാലിന് രണ്ട് മിനിട്ട് സംസാരിക്കാം.

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ഇന്ത്യാ രാജ്യം ഭരിക്കുന്ന കക്ഷിയുടെ സംസ്ഥാനത്തെ ഓഫീസ് അക്രമിച്ച സംഭവമാണ്. .......(ബഹളം)....... ദയവായി ഇടപെട്ട് എന്റെ സമയം നഷ്ടപ്പെടുത്തരുത് .......(ബഹളം).......

മി. സ്പീക്കർ: ഇതേ വിഷയത്തെ കേന്ദ്രീകരിച്ച് അദ്ദേഹം ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയിട്ടുണ്ട്........(ബഹളം).......

(ശ്രീ. ഒ. രാജഗോപാലിന് സംസാരിക്കാൻ അവസരം നൽകിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയും ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുമ്പിൽ വന്ന് മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഇതേ വിഷയത്തിൽ അദ്ദേഹം ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന് രണ്ട് മിനിട്ട് കൊടുക്കുകയാണ്........ (ബഹളം).......ശ്രദ്ധ ക്ഷണിക്കൽ അനുവദിക്കുന്നില്ല.......(ബഹളം)....... സഭയ്ക്ക് എല്ലാ അംഗങ്ങളുടെയും ജനാധിപത്യ അവകാശങ്ങൾ പരിപാലിക്കാനുള്ള ഉത്തരവാദിത്വമില്ലേ? ദയവായി സീറ്റിലേയ്ക്ക് പോകൂ.......(ബഹളം)....... അദ്ദേഹത്തിന് ശ്രദ്ധ ക്ഷണിക്കലിന് അനുവാദം കൊടുക്കുന്നില്ല........ (ബഹളം).......പ്ലീസ്, പ്ലീസ്...

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ അടിയന്തരപ്രമേയത്തിന് ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞ് അവതാരകന് സംസാരിക്കാനുള്ള അവസരം കൊടുത്തുകഴിഞ്ഞാൽ പിന്നീട് മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. അതിനിടയ്ക്ക് മറ്റൊരു അംഗത്തിന്

അവസരം കൊടുക്കുന്ന കീഴ്‌വഴക്കമില്ല. തന്നെയുമല്ല, ഇത് ശ്രദ്ധ ക്ഷണിക്കലുമല്ല. ശ്രീ. ഒ. രാജഗോപാലിന്റെ മണ്ഡലത്തിൽപ്പെട്ട ഒരു കാര്യമാണെങ്കിൽ പറയാൻ അവസരം കൊടുക്കുന്നതിൽ തെറ്റില്ല. കീഴ്‌വഴക്കമില്ലാത്തത് അങ്ങ് അനുവദിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ഇതേ വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട് അദ്ദേഹം ഒരു ശ്രദ്ധ ക്ഷണിക്കൽ നൽകി. അതിന് അനുവാദം നൽകുന്നില്ല. അദ്ദേഹത്തിന് ഒരു വാചകം പറയാനുള്ള ജനാധിപത്യപരമായ അവകാശം ചെയർ അംഗീകരിച്ചുകൊടുത്തുവെന്നുമാത്രമേയുള്ളൂ. സർവ്വകക്ഷി യോഗം കൂടി കാര്യങ്ങൾ സമാധാനപരമായി അവസാനിപ്പിക്കാൻ തീരുമാനിച്ച പശ്ചാത്തലത്തിൽ ഈ സഭ അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. ദയവായി അങ്ങ് ഇരിക്കണം........(ബഹളം).......ശ്രദ്ധ ക്ഷണിക്കൽ അനുവദിക്കുന്നില്ല. പ്ലീസ്, പ്ലീസ്............(ബഹളം)....... ചെയർ ഒരു നിലപാടെടുത്താൽ ദയവായി അതിനോട് സഹകരിക്കണം. ശ്രീ. ഒ. രാജഗോപാൽ അങ്ങേയ്ക്ക് വാക്കൗട്ട് സമയത്ത് സംസാരിച്ചാൽ മതിയോ?

ശ്രീ. ഒ. രാജഗോപാൽ: മതി.

മി. സ്പീക്കർ: അദ്ദേഹം വാക്കൗട്ട് പ്രസംഗത്തിലേ സംസാരിക്കുന്നുള്ളൂ. പ്ലീസ്, പ്ലീസ്............(ബഹളം).......സമാധാനപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സർവ്വകക്ഷിയോഗം തീരുമാനിച്ച പശ്ചാത്തലത്തിൽ ആ വികാരം തന്നെയാണ് സഭയിലുമുണ്ടാകേണ്ടതെന്നാണ് ചെയർ ആഗ്രഹിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന്റെ വികസന കാര്യങ്ങളിൽ നാം എല്ലാവരും ഒറ്റക്കെട്ടായി നീങ്ങണമെന്നാണ് ബഹുമാന്യനായ അംഗം പറഞ്ഞത്. അതാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് ആവശ്യമായിട്ടുള്ളത്. എന്നാൽ നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് തെറ്റായ ചിത്രം വരച്ചുകാട്ടാനും വസ്തുതകളെത്തന്നെ തെറ്റായി അവതരിപ്പിക്കാനും തയ്യാറാകുകയാണ്. നമുക്ക് വളരെ ഉത്കണ്ഠ ഉണ്ടാക്കിയ പ്രശ്നമായിരുന്നു അദ്ധ്യാപകന്റെ കൈ വെട്ടിയ പഴയ കേസ്. ഈ പ്രചരണത്തിന്റെ കൂട്ടത്തിൽ ആ കേസ്സിന്റെ വക്രീകരിച്ച വിശദീകരണവുംകൂടി കേൾക്കാൻ സാധിച്ചു. എസ്.എഫ്.ഐ.-യുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായിരുന്ന കെ. വി. സുധീഷ് എന്ന ചെറുപ്പക്കാരനെ അമ്മയുടെയും അച്ഛന്റെയും മുന്നിലിട്ടാണ് വെട്ടിനുറുക്കിയത്. ഭാവിയുടെ വാഗ്ദാനമായിട്ടാണ് അദ്ദേഹത്തെ അറിയാവുന്നവരെല്ലാം വിലയിരുത്തിയിരുന്നത്. ഇന്ത്യൻ പാർലമെന്റിനകത്ത് ആ കൊല സി.പി.ഐ. (എം) പ്രവർത്തകർ ചെയ്ത രീതിയിൽ വക്രീകരിച്ച് അവതരിപ്പിക്കുന്നത് നമ്മൾ കേട്ടതാണ്. നുണ വ്യാപകമായി പ്രചരിപ്പിക്കുകയാണ്. അത്തരം നുണപ്രചരണങ്ങളിലൂടെ കേരളം

മോശപ്പെട്ട സംസ്ഥാനമായി മാറിയിരിക്കുന്നുവെന്ന ചിത്രമുണ്ടാക്കിയതിന്റെ മറവിൽ വ്യക്തമായ രാഷ്ട്രീയ ലക്ഷ്യമാണുള്ളത്. ഇവിടെ എല്ലാവരുടെയും മനസ്സിനെ വേദനിപ്പിച്ച ഒട്ടേറെ സംഭവങ്ങൾ പല ഘട്ടങ്ങളിലായി ഉണ്ടായിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ പൊതുവായ അന്തരീക്ഷത്തിൽ അതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളായി നിന്നിരുന്നു. അതുകൊണ്ട് നാടിന്റെ സമാധാനാന്തരീക്ഷമാകെ തകർക്കാൻ അത്തരം സംഭവങ്ങൾക്കൊന്നും കഴിഞ്ഞിരുന്നില്ല. എട്ട് വയസ്സുള്ള ഫഹദ് എന്ന കുട്ടിയുടെ ഉപ്പയുടെ പേര് അബ്ദു എന്നാണ്, അതിനപ്പുറം വേറെ കുറ്റമൊന്നുമില്ല. ആ കുട്ടിയെയാണ് അതിക്രൂരമായി കൊല ചെയ്തത്. ഈ സംഭവം എല്ലാവരുടെയും മനസ്സ് വേദനിപ്പിച്ചു. ആ പ്രതിയെ പിടിച്ചപ്പോൾ നല്ല കൊലവെറി പ്രസംഗം നടത്തുന്ന ടീച്ചറുടെ പ്രസംഗമായിരുന്നു അയാളുടെ ഫോണിനകത്ത്. എല്ലാവർക്കും അറിയാവുന്ന കാര്യമാണിത്. നമ്മുടെ നാട്ടിൽ ആ കൊലയെ എല്ലാവരും അപലപിച്ചു. ആ കൊലയാളികളെ ഒരേ മനസ്സോടെ എതിർക്കുന്നതിന് നമുക്കാർക്കും വിഷമമുണ്ടായിരുന്നില്ല. ചെറുവാഞ്ചേരിയിൽ, അഷ്ന എന്ന കുട്ടിക്ക് ബോംബേറിൽ കാൽ തകർന്നു പോയതിനെത്തുടർന്ന് കൃത്രിമകാൽ വച്ചിട്ടുണ്ട്. ഇപ്പോൾ ആ കുട്ടി വളർന്ന് യുവതിയായി. ആ കുട്ടിയുടേത് കോൺഗ്രസ് കുടുംബമായിരുന്നു. ആ സംഭവം എല്ലാവരുടെയും മനസ്സിനെ വേദനിപ്പിച്ചു. കേരളത്തിലെ പൊതുമനസ്സാകെ ആ കുട്ടിയോടൊപ്പം നിന്നത് നമ്മൾ മറക്കരുത്. അക്രമം ഈ നാട്ടിൽ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. ഒറ്റപ്പെട്ടതാണ് ഈ സംഭവങ്ങളെല്ലാം. അതുകൊണ്ട് നമ്മുടെ നാടിന്റെ സമാധാനാന്തരീക്ഷമാകെ തകർന്നുപോയിരുന്നില്ല. അത് തകർക്കാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. അത്‌ലറ്റായി വളർന്നുവന്ന സത്യൻ എന്ന കുട്ടിയെ പലർക്കും ഓർമ്മയുണ്ടോയെന്നറിയില്ല. ആ കുട്ടി കൊലചെയ്യപ്പെട്ടു. അതിന് പിന്നിലുള്ള കാര്യം എന്താണ്? ആ ചെറുപ്പക്കാരൻ കോൺഗ്രസ്സുകാരനായിരുന്നു. ആ കൊലപാതകത്തെ എതിർക്കുന്നതിലും അപലപിക്കുന്നതിലും ഈ നാടാകെ ഒന്നിച്ചുനിന്നു. ഇങ്ങനെ എത്രയോ സംഭവങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഞാൻ പരാമർശിച്ച സംഭവങ്ങളെല്ലാം യു.ഡി.എഫ്. ഗവൺമെന്റ് ഇവിടെ ഭരിക്കുമ്പോൾ നടന്ന കാര്യങ്ങളാണ്. യു.ഡി.എഫ്. ഭരണത്തിന്റെ ഭാഗമായി സമാധാന തകർച്ചയുണ്ടായി എന്നല്ല നാം വിലയിരുത്തിയത്. ഇത്തരത്തിലുള്ള അക്രമങ്ങളെ, കൊലപാതകങ്ങളെ അപലപിക്കുന്ന കേരളത്തെയാണ് നാം കണ്ടത്. അതുതന്നെയാണ് നമ്മൾ ഇവിടെ ഓർക്കേണ്ടത്. ഇപ്പോൾ നമ്മുടെ നാടിനെയാകെ മറ്റൊരു രീതിയിൽ ചിത്രീകരിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടക്കുന്നത്.

ഞാൻ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി കേരളത്തെ താരതമ്യപ്പെടുത്താൻ തയ്യാറാകുന്നില്ല. നമുക്കെല്ലാവർക്കും അത്തരം കാര്യങ്ങളെക്കുറിച്ച് ഒരുപാട് പറയാൻ കഴിയില്ല. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ള അവസ്ഥയല്ല കേരളത്തിലുള്ളത്. കേരളത്തിൽ സ്വൈര്യവും സമാധാനവും ശരിയായ രീതിയിൽ നിലനിൽക്കുകയാണ്. നമ്മുടെ ഭരണഘടന വാഗ്ദത്തം ചെയ്യുന്ന മതനിരപേക്ഷത

പൂർണ്ണമായ തോതിൽ സംരക്ഷിക്കാനാകുന്നില്ല. ഇവിടെ ഏതെങ്കിലും മതത്തിൽപ്പെട്ട ആളായിപ്പോയതിന്റെ പേരിൽ യാത്ര ചെയ്യുമ്പോൾ ആരും ആക്രമിക്കപ്പെടില്ല. കഴിഞ്ഞ ദിവസം എനിക്കൊരു അനുഭവമുണ്ടായി. പാർട്ടി കമ്മിറ്റി യോഗത്തിൽ പങ്കെടുക്കാനായി ഡൽഹിയിൽ പോയപ്പോൾ ജുനൈദിന്റെ ഉപ്പയും ഉമ്മയും കേരള ഹൗസിൽ വന്ന് എന്നെ കാണുകയുണ്ടായി. ആ സഹോദരങ്ങൾ ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ആ കുട്ടിയെ എന്തിനായിരുന്നു കൊലപ്പെടുത്തിയത്? അവരെ കണ്ടാൽ മുസ്ലീം ആണെന്ന് മനസ്സിലാകുമെന്ന ഒറ്റ കാരണം കൊണ്ടാണ്. കേരളത്തിന്റെ അന്തരീക്ഷം അതല്ലായെന്നതിൽ കേരളത്തിനാകെ അഭിമാനിക്കാൻ കഴിയുന്നതാണ്, ഓരോ മലയാളിയും അഭിമാനിക്കുന്നതാണ്. ലോകത്തിന്റെ ഏത് കോണിലുള്ള മലയാളിക്കും ഈ നാടിനെക്കുറിച്ച് അഭിമാനമുണ്ട്. ഈ നില നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുവെന്നുള്ളതുകൊണ്ടാണ് നാം അഭിമാനം കൊള്ളുന്നത്. അത് കാണാതിരിക്കരുത്. ഒരു വീട്ടിൽ ഭക്ഷ്യസാധനം സൂക്ഷിച്ചതിന്റെ പേരിൽ വീട്ടിനകത്ത് കയറി കൊലപ്പെടുത്തുന്ന കാഴ്ച നമ്മൾ കണ്ടു. നമ്മുടെ നാട് ഏതൊരാൾക്കും ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നു. അതുപോലുള്ള സംഭവം നമ്മുടെ കേരളത്തിലുണ്ടാകുമെന്ന് ആർക്കെങ്കിലും പ്രതീക്ഷിക്കാൻ കഴിയുമോ; അത് എന്തുകൊണ്ടാണ്? ഇത്തരത്തിലുള്ള സംഭവം വേറൊരു സ്ഥലത്ത് നടക്കുന്നുണ്ടെങ്കിൽ, അങ്ങനെ നടത്തുന്നവരുടെ അംശങ്ങൾ കേരളത്തിലുമുണ്ടെങ്കിൽ, ഇവിടെയത് നടക്കാത്തത് കേരളത്തിന്റെ പൊതുവായ മതനിരപേക്ഷതാ ബോധത്തിന്റെ ശക്തികൊണ്ടാണ്, ആ കരുത്തുകൊണ്ടാണ്, അത് നമ്മൾ കാണാതിരിക്കരുത്. ഇതിന്റെ ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാക്കണം. ഇക്കാര്യത്തിൽ കേരളമെന്ന നാടിനെക്കുറിച്ചുള്ള പൊതുവായ ബോധം നമുക്കുണ്ടാകണം. നമ്മുടെ നാട്ടിൽ ഏത് ഭക്ഷണവും കഴിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. നിങ്ങൾ ഇന്ന ഭക്ഷണം കഴിക്കരുതെന്ന് നിർബന്ധമുള്ള ചിലർ മറ്റ് സംസ്ഥാനങ്ങളിൽ മാത്രമല്ല, നമ്മുടെ സംസ്ഥാനത്തുമുണ്ടാകും. അവർക്ക് ഇവിടെ അഴിഞ്ഞാടാൻ കഴിയാത്തത് ഈ നാടിന്റെ മതനിരപേക്ഷതാ കരുത്തുകൊണ്ടാണ്, അതിനെ നാം കുറച്ചുകാണരുത്. ഗുജറാത്തിൽ ഒരു കൂട്ടം ചെറുപ്പക്കാരായ ദളിത് യുവാക്കളെ നിരത്തിനിർത്തി പിന്നിൽ നിന്ന് ഭീകരമായി മർദ്ദിക്കുന്ന കാഴ്ച എല്ലാവരേയും വേദനിപ്പിച്ചു. ലോകം മുഴുവനും ആ കാഴ്ച കണ്ട് വേദനിച്ചു. നമ്മുടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഇത്തരം കാര്യങ്ങൾ നടക്കുന്നു. ദളിതനാണെന്നതിന്റെയും പട്ടികജാതി-പട്ടികവർഗ്ഗമാണെന്നതിന്റെയും ന്യൂനപക്ഷമാണെന്നതിന്റെയും പേരിലൊക്കെ ആക്രമണം നടത്തുന്നു. ഇതിൽ നിന്നെല്ലാം രക്ഷയുള്ള ഏക സംസ്ഥാനം കേരളമാണ്. ഇക്കാര്യത്തിൽ അത്യന്തം സങ്കുചിതമായ നിലയിലല്ല നീങ്ങേണ്ടത്. ഇത്തരമൊരു സാഹചര്യം നമ്മുടെ

നാട്ടിൽ നിലനിൽക്കുമ്പോൾ ഇവിടെ ഇതൊന്നുമല്ല എന്ന് പ്രചരിപ്പിക്കാനാണ് ശ്രമിക്കുന്നത്.

സംഘർഷമേഖലയായി ചിത്രീകരിക്കുന്നതിലൂടെ നമ്മുടെ നാടിന്റെ വികസനത്തെ തുരങ്കംവയ്ക്കുകയാണ് ചെയ്യുന്നത് എന്ന അഭിപ്രായമാണ് ഇന്നലെ ചേർന്ന സർവ്വകക്ഷി യോഗത്തിൽ എല്ലാവരും പ്രകടിപ്പിച്ചത്. അത് നാം കാണാതിരിക്കരുത്. ഇവിടെ വ്യക്തമായ രാഷ്ട്രീയ ഉദ്ദേശ്യത്തോടെ നടത്തുന്ന ചില കാര്യങ്ങൾ നമുക്ക് തിരിച്ചറിയാൻ കഴിയണം. ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ സംസ്ഥാനത്തുണ്ടായ സംഭവങ്ങളെ അതേ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഹർത്താൽ പ്രഖ്യാപിച്ചവരും ഹർത്താലിന് ഇരയായവരും നമ്മുടെ നാട്ടിലുണ്ട്. ഹർത്താലിന് രണ്ടുപേരും ഉത്തരവാദിയെന്ന് ബഹുമാന്യനായ അംഗം പറയുന്നതു കേട്ടു. അങ്ങനെ രണ്ടുപേരും ഉത്തരവാദിയാകുന്നത് എങ്ങനെയാണ്? ഹർത്താൽ പ്രഖ്യാപിച്ചവരെയല്ലേ കുറ്റപ്പെടുത്താൻ കഴിയൂ? ഇവിടെ നടന്ന കൊലപാതകത്തിൽ മുഖംനോക്കാതെയുള്ള നടപടികളെടുത്തിട്ടുണ്ട്. സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറിയുടെ വീടിനുനേരെയും ബി.ജെ.പി. സംസ്ഥാന കമ്മിറ്റി ഓഫീസിനുനേരെയുമുണ്ടായ അക്രമസംഭവങ്ങളിൽ മുഖംനോക്കാതെ പ്രതികളെയെല്ലാം കസ്റ്റഡിയിലെടുക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിയുന്നുണ്ട്.

സർക്കാരിനെ കുറ്റപ്പെടുത്താൻവേണ്ടി സ്വാഭാവികമായും പ്രതിപക്ഷ ഭാഗത്തുനിന്നും ചില കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കും. സർക്കാരിന് എന്തോ നെഗറ്റീവ് ഇംപാക്ട് വന്നിരിക്കുകയാണെന്നും അതുകൊണ്ട് എന്തോ സംഭവിക്കാൻ പോകുന്നുവെന്നുമാണ് ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞത്. സംസ്ഥാനത്തെ പൊതുവായ കാര്യങ്ങളിൽ സർക്കാരിന് പോസിറ്റീവായ ഇംപാക്ട് മാത്രമേയുള്ളൂ എന്നുള്ളത് പൊതുവിൽ സമൂഹം വിലയിരുത്തുന്ന കാര്യമാണ്. ഒരു തരത്തിലുമുള്ള നെഗറ്റീവ് ഇംപാക്ടല്ല ഉള്ളത്. അക്രമസംഭവങ്ങളെ ഒരു തരത്തിലും പ്രോത്സാഹിപ്പിക്കുകയില്ല. കർശന നടപടികൾ സ്വീകരിക്കും. അക്രമസംഭവങ്ങളെ അമർച്ച ചെയ്യുന്നതിന് പോലീസിന്റെ ഭാഗത്തുനിന്നും കരുത്തുറ്റ നടപടികളുണ്ടാകും.

ഇവിടെ അക്രമം തടയുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടുവെന്ന് അദ്ദേഹം പറയുകയുണ്ടായി. ശക്തമായ കരുതൽ നടപടികൾ പോലീസ് സ്വീകരിക്കുന്നുണ്ട്. എന്നാൽ പോലീസ് മാത്രം വിചാരിച്ചാൽ എല്ലാ സംഭവങ്ങളും തടയാനാവില്ലെന്നുള്ളത് നമ്മുടെ നാടിന്റെ എത്രയോ കാലത്തെ അനുഭവത്തിലൂടെ വ്യക്തമായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട കക്ഷികളുടെ ഭാഗത്തുനിന്നും

സഹകരണമുണ്ടാകേണ്ടതുണ്ട്. ഇന്നലെ നടന്ന സർവ്വകക്ഷി യോഗത്തിൽ എല്ലാ കക്ഷികളുംകൂടി പൊതുവായി എടുത്ത തീരുമാനവും ഇതാണ്. അക്രമമാർഗ്ഗത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുക, സമാധാനം നിലനിർത്താൻ സാധിക്കുക എന്നുള്ളതാണ് നമ്മുടെ നാട് പൊതുവെ ആഗ്രഹിക്കുന്ന കാര്യം. ഇന്നലത്തെ സർവ്വകക്ഷി യോഗത്തിലും അത്തരമൊരു പൊതുസമീപനമാണ് എല്ലാ കക്ഷികളിൽനിന്നും ഉയർന്നുവന്നിട്ടുള്ളത്. ആ സമീപനത്തിൽനിന്ന് ഒരു കക്ഷിയും മാറി നിന്നിട്ടില്ല. സമാധാനശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണയാണ് നൽകിയിട്ടുള്ളത്. ആ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക കാര്യങ്ങളൊന്നും കേരളത്തിലില്ല എന്നതാണ് വസ്തുത.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ ക്രമസമാധാനനില തകരുന്നു എന്നുള്ളതിന്റെ ഒരു യഥാർത്ഥ വിവരണമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം. അതൊരു കുറ്റസമ്മതമാണ്. കൗമാരക്കാരായ കുട്ടികളെ മരണത്തിലേയ്ക്ക് തള്ളിവിടുന്ന ബ്ലൂ വെയിൽ (Blue whale) കളിയാണ് സംസ്ഥാന രാഷ്ട്രീയത്തിൽ ബി.ജെ.പി.യും സി.പി.ഐ.(എം)ഉം നടത്തിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥ ബ്ലൂ വെയിൽ കളിയിൽ, കളിക്കുന്നവരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയാണെങ്കിൽ ഇവിടെ എതിർപാർട്ടിക്കാരെ വെട്ടിക്കൊല്ലാനാണ് അണിയറയിൽനിന്ന് നിയന്ത്രിക്കുന്നവർ നിർദ്ദേശം നൽകുന്നത്. ഒരു കൊടി നശിപ്പിച്ച സംഭവം ഇത്ര ഭീകരമായ അവസ്ഥയിലേയ്ക്ക് തലസ്ഥാനത്തെ നയിച്ചു എന്നുള്ളതാണ് ശ്രീ. കെ. മുരളീധരൻ ഇവിടെ വിശദീകരിച്ചത്. നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ചില സംഭവങ്ങളെപ്പറ്റി ശ്രീ. കെ. മുരളീധരൻ പറഞ്ഞതിനൊന്നിനും ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. ബഹുമാന്യനായ മുഖ്യമന്ത്രി കൊലപാതകങ്ങളെ അപലപിച്ചത് നല്ല കാര്യമാണ്. പക്ഷേ അങ്ങയുടെ മുൻ സഹപ്രവർത്തകനും കോഴിക്കോട് ജില്ലാ ഡി.വൈ.എഫ്.ഐ. പ്രസിഡന്റുമായ ടി. പി. ചന്ദ്രശേഖരനെ രാത്രിയിൽ കറന്റുപോലുമില്ലാതാക്കിക്കൊണ്ട് നടുറോഡിലിട്ട് 52 വെട്ടുവെട്ടി കൊന്നപ്പോൾ മുഖ്യമന്ത്രിയുടെ ഹൃദയം എന്തുകൊണ്ട് വേദനിച്ചില്ല എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കേരളം മുഴുവൻ ഒരുമിച്ച് അപലപിച്ചതല്ലേ? തളിപ്പറമ്പിലെ വിജനമായ ഒരു പാടത്തിട്ട് അരിയിൽ ഷുക്കൂറിനെ ആയിരക്കണക്കിനാളുകൾ ഒരുമിച്ചുനിന്ന് വെട്ടിക്കൊന്നതിനെ കേരളം ഒന്നിച്ച് അപലപിച്ചപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി എന്തുകൊണ്ട് അതിനെ അപലപിക്കാൻ തയ്യാറായില്ല. അരിയിൽ ഷുക്കൂർ ആയതുകൊണ്ടും നാദാപുരത്ത്

അസ്ലമായതുകൊണ്ടുമാണോ ശ്രീ. പിണറായി വിജയൻ അപലപിക്കാതിരുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കൊലപാതകം ആര് നടത്തിയാലും അത് കൊലപാതകമാണ്. ഇന്ന് മലയാള മനോരമ പത്രത്തിൽ ഒരു ഫെയ്സ് ബുക്ക് പോസ്റ്റുണ്ട്. "ബിനേഷ് ബാലൻ തുറന്നുപറയുന്നു, എസ്.എഫ്.ഐ.-ക്കാർ എന്നെ തല്ലി". "സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെ പേരെടുത്തുപറഞ്ഞ് വെളിപ്പെടുത്തൽ". "വിദേശ പഠനത്തിന് വിസ നിഷേധിക്കപ്പെട്ടതിന്റെ ദുഃഖത്തിൽ കഴിയുന്ന കാലത്ത് കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഹോസ്റ്റൽ മുറിയിലിട്ട് എസ്.എഫ്.ഐ. യൂണിറ്റ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ തന്നെ തല്ലിയെന്ന് ബിനേഷ് ബാലൻ". സമയമില്ലാത്തതുകൊണ്ട് ഞാനെല്ലാം വായിക്കുന്നില്ല. ആദിവാസിയായ ഒരു യുവാവിന് എസ്.എഫ്.ഐ. നേതാക്കൾ കൊടുത്ത സംഭാവനയാണിത്. അങ്ങയുടെ മനസ്സ് വേദനിക്കണമായിരുന്നു. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പോലീസ് ചാവക്കാട് വച്ച് ഭീകരമായി മർദ്ദിച്ചതിന്റെ പേരിൽ മനം നൊന്ത് കെട്ടിത്തൂങ്ങി മരിച്ച വിനായകന്റെ ശരീരം ഞാൻ കണ്ടതാണ്. ആ സമയത്ത് സി.പി.ഐ. (എം) സെക്രട്ടേറിയറ്റ് അംഗം ശ്രീ. ബേബി ജോണും എന്നോടൊപ്പമുണ്ടായിരുന്നു. വിനായകൻ ഡി.വൈ.എഫ്.ഐ. പ്രവർത്തകനും അദ്ദേഹത്തിന്റെ അച്ഛൻ ഐ.എൻ.ടി.യു.സി. പ്രവർത്തകനുമാണ്. ആ വിനായകന്റെ മരണത്തെപ്പറ്റി അങ്ങേയ്ക്ക് ദുഃഖമില്ലല്ലോ.

ഞങ്ങളുടെ നേതാവ് രാഹുൽ ഗാന്ധി ഗുജറാത്തിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ പോയപ്പോൾ ബി.ജെ.പി.-ക്കാർ അദ്ദേഹത്തെ ഭീകരമായി ആക്രമിക്കാനും അദ്ദേഹത്തിന്റെ വാഹനം തകർക്കാനും ശ്രമിച്ചപ്പോൾ മുഖ്യമന്ത്രി അപലപിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. പത്രക്കാരുടെയിടയിൽക്കൂടി ചില ബി.ജെ.പി.-ക്കാർ സീതാറാം യെച്ചൂരിയെ ആക്രമിക്കാൻ വന്നപ്പോൾ ആദ്യം അപലപിച്ചത് കോൺഗ്രസ് നേതാക്കന്മാരായിരുന്നു. അങ്ങ് ഒരക്ഷരം പറഞ്ഞില്ല. ഞങ്ങൾ അത് കാത്തിരിക്കുകയായിരുന്നു. മനസ്സ് വേദനിപ്പിക്കുന്ന ഇത്തരം സംഭവങ്ങളിൽ സമൂഹം ഒരുമിച്ച് നിൽക്കണം. എല്ലാ സംഭവങ്ങളെയും ഒരുപോലെ കാണണം. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങ് ഇവിടെ നടക്കുന്ന കൊലപാതകങ്ങൾക്കും അക്രമങ്ങൾക്കുമെതിരെ മുഖം നോക്കാതെ നടപടി സ്വീകരിച്ചില്ലെങ്കിൽ കേരളത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടും. അതാണ് അങ്ങ് ചെയ്യേണ്ടത്. ഒരു സ്റ്റേറ്റ്സ്മാനായി അങ്ങ് ഉയർന്നെങ്കിൽ മാത്രമേ ഈ സംസ്ഥാനത്ത് അക്രമങ്ങൾ ഉണ്ടാകാതിരിക്കൂ. അങ്ങ് പാർട്ടിക്കാരനായി മാത്രം അധഃപതിക്കുന്നതുകൊണ്ടാണ് കേരളത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

കേരളത്തിലെ ബി.ജെ.പി. സംസ്ഥാന കമ്മിറ്റി ഓഫീസായ മാരാർ ഭവനിൽ ഇപ്പോൾ ഒരു ചിത്രം തൂങ്ങുന്നുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ ചിത്രമായിരിക്കും അത്. പിണറായി വിജയൻ ഈ പാർട്ടിയുടെ

ഐശ്വര്യമെന്നായിരിക്കും അതിൽ എഴുതി വയ്ക്കുന്നത്. മെഡിക്കൽ കോളേജ് കോഴ വിവാദത്തിൽപ്പെട്ട് മുഖം നഷ്ടപ്പെട്ട ബി.ജെ.പി. നേതാക്കന്മാർക്ക് പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. കേരളത്തിലെ എല്ലാ മാധ്യമങ്ങളും അവരുടെ കഥകൾ പുറത്തുകൊണ്ടുവന്നു. ശ്രീ. കുമ്മനം രാജശേഖരന് പത്രക്കാരെ കാണാൻ കഴിയാത്തതുകൊണ്ട് ശ്രീ. ശ്രീധരൻ പിള്ളയെ പത്രക്കാരെ കാണാൻ നിയോഗിച്ചു. ബി.ജെ.പി. ജനറൽ സെക്രട്ടറി എം. ടി. രമേശ് പാർട്ടി യോഗത്തിൽ പൊട്ടിക്കരഞ്ഞുവെന്ന വാർത്ത വന്നു. കള്ളനോട്ടടി, തട്ടിക്കൊണ്ടുപോകൽ, വ്യാജ രസീത് നൽകി പണപ്പിരിവ്, അക്രമങ്ങൾ, ഭീഷണിപ്പെടുത്തൽ തുടങ്ങി ബി.ജെ.പി.യുടെ നേതാക്കൾക്ക് തലയിൽ മുണ്ടിട്ട് നടക്കേണ്ട അവസ്ഥ ഉണ്ടായപ്പോൾ "അടിയൻ രക്ഷിപ്പോം" എന്നുപറഞ്ഞാണ് സി.പി.ഐ. (എം) അവരെ രക്ഷിക്കാൻ മുന്നോട്ടുവന്നത്. മാരാർ ഭവനിൽ ശ്രീ. പിണറായി വിജയന്റെ ചിത്രം തൂക്കിയിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ആദ്യം ഇവിടെ നടന്നത് എന്താണ്? തിരുവനന്തപുരത്ത് നടന്ന ഒരു സംഭവത്തെപ്പറ്റിയും മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. ബി.ജെ.പി.യുടെ ഓഫീസ് തകർത്തതോടെ അവർക്ക് ഹർത്താൽ നടത്തി പുറത്തുവരാനുള്ള അവസരം കിട്ടി. ഒറ്റപ്പെട്ട സംഭവം ഉണ്ടാകുമ്പോൾ അതിനെ പർവ്വതീകരിച്ച് കാണരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഞാൻ അതിനെ അംഗീകരിക്കുന്നു. ഇതുവരെ കണ്ണൂരിൽ മാത്രമായിരുന്നു അക്രമം. ഇപ്പോൾ തിരുവനന്തപുരത്തും കണ്ണൂർ ആവർത്തിക്കപ്പെടുന്നു. കേരളത്തിലെ ജനങ്ങൾ ചെയ്ത തെറ്റ് എന്താണ്? നിങ്ങളെ അധികാരത്തിൽ കൊണ്ടുവന്നു എന്ന തെറ്റേ അവർ ചെയ്തുള്ളൂ. ഇന്ത്യയിലെ ജനങ്ങൾ ചെയ്ത തെറ്റെന്താണ്? ശ്രീ. നരേന്ദ്രമോദിയെ ഡൽഹിയിൽ അധികാരത്തിൽ കൊണ്ടുവന്നു എന്ന തെറ്റേ അവർ ചെയ്തിട്ടുള്ളൂ. ഇതുരണ്ടും കാരണം കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഈ രണ്ട് പാർട്ടികളുടെയും ഉത്തരവാദിത്വങ്ങൾ അവർ നിറവേറ്റുന്നില്ല. ഇന്നലെ നടന്ന സർവ്വകക്ഷി യോഗത്തിലും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു പറഞ്ഞു. ഞാൻ രണ്ട് ദിവസം ഡൽഹിയിൽ ഉണ്ടായിരുന്നു. കേരളം അക്രമകാരികളുടെ നാട്, കേരളത്തിൽ ജനങ്ങൾക്ക് ജീവിക്കാൻ കഴിയുന്നില്ല, കൊലപാതകങ്ങൾ, ഗുണ്ടായിസം, ഇതൊക്കെയാണ് ഡൽഹിയിലെ എല്ലാ പത്രങ്ങളിലെയും മാധ്യമങ്ങളിലെയും വാർത്ത. ഒരു കേരളീയൻ എന്ന നിലയിൽ തലതാഴ്ന്നുപോകുന്ന സംഭവങ്ങളാണ് ഇവയൊക്കെ. ഇന്ന് ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ. ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. സി.പി.ഐ. (എം) കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ഓഫീസിനുനേരെ ബോംബെറിഞ്ഞ് ജില്ലാ സെക്രട്ടറിയെ വധിക്കാൻ ശ്രമിക്കുകയും പാർട്ടി ഓഫീസുകൾ ആക്രമിച്ച് പ്രകോപനം സൃഷ്ടിക്കുകയും ചെയ്തവർക്കെതിരെ പോലീസിന്റെ ഭാഗത്തുനിന്നും കർശന നടപടി ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്നാണ് സർവ്വശ്രീ എ. പ്രദീപ് കുമാർ, പി. കെ. ശശി, സി. കൃഷ്ണൻ, എം. നൗഷാദ് എന്നിവരുടെ ചോദ്യം. എല്ലാ കാര്യങ്ങളിലും പോലീസ് ശക്തമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. ശ്രീ. എ. പ്രദീപ്കുമാറിന്റെ ചോദ്യത്തിന് ആര് മറുപടി പറയും?

കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ഓഫീസിന് നേരെയുണ്ടായ അക്രമത്തിലെ പ്രതിയെ പിടിച്ചില്ല. ബഹുമാന്യനായ സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ തലശ്ശേരിയിൽ പ്രസംഗിച്ചുകൊണ്ടിരുന്ന വേദിയിലേയ്ക്ക് ആരോ ബോംബെറിഞ്ഞു. ഇതുവരെ ആരെയും പിടിച്ചിട്ടില്ല. ഇതാണോ പോലീസിന്റെ കാര്യക്ഷമമായ നടപടിയായി പറയുന്നത്? 'Wars make Kerala number one' - ഇന്ന് ഡൽഹിയിലെ എല്ലാ പത്രങ്ങളിലും വന്നൊരു പരസ്യമാണിത്. എനിക്കതിൽ സന്തോഷം തോന്നുന്നു, ഇന്നലെ ആൾ പാർട്ടി മീറ്റിംഗിൽ പറഞ്ഞതിന്റെ വെളിച്ചത്തിലാകാം ഇങ്ങനെയൊരു പരസ്യം വന്നത്. അതിന് അദ്ദേഹം എ.ഡി.ബി. റിപ്പോർട്ടിനെ ഉദ്ധരിക്കാൻ പാടില്ലായിരുന്നു. Fastest Growing - Kerala Kochi even surpass New Delhi as the fastest growing city in the Country- ADB Study Report-2017. എ.ഡി.ബി.ക്കെതിരെ സമരം നടത്തിയ ആൾക്കാർതന്നെ എ.ഡി.ബി.-യെ സാക്ഷ്യപ്പെടുത്തേണ്ട ഗതികേടിലേയ്ക്ക് എത്തിയിരിക്കുന്നുവെന്നാണ് ഇവിടെ കാണാൻ കഴിയുന്നൊരു കാര്യം. നമ്മുടെ സംസ്ഥാനത്തെപ്പറ്റി മറ്റു പ്രദേശങ്ങളിൽ മോശമായി ചിത്രീകരിക്കുന്നത് നമുക്കാർക്കും സഹിക്കാനോ അംഗീകരിക്കാനോ കഴിയുന്ന കാര്യമല്ല. സംസ്കാരസമ്പന്നമായ, സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന വിവേകശാലികളായ ജനങ്ങളുള്ള സംസ്ഥാനം; കാര്യക്ഷമതയോടുകൂടി കഠിനാധ്വാനം ചെയ്യുന്നൊരു ജനത, ആ ജനതയെ മുഴുവൻ കൊള്ളക്കാരും സാമൂഹ്യ വിരുദ്ധൻമാരും അക്രമകാരികളും കൊലപാതകികളുമായി ചിത്രീകരിക്കുമ്പോൾ ഒരു കേരളീയനുണ്ടാകുന്ന ദുഃഖമാണ് ഞാനിന്നലെ ആ യോഗത്തിൽ പ്രകടിപ്പിച്ചത്. ഞാൻ സോഷ്യൽ മീഡിയയെ സ്വാഗതം ചെയ്യുന്നൊരാളാണ്; സോഷ്യൽ മീഡിയയിൽ സജീവമാണ്. പക്ഷേ അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നടപടികൾ സോഷ്യൽ മീഡിയയിലൂടെ ഉണ്ടാകുന്നു എന്നുള്ളത് ദുഃഖകരമാണ്. പ്രകോപനപരമായ നടപടിയുമായി മുന്നോട്ടുപോകുന്നത് തെറ്റാണ്. ഇവിടെ പോലീസ് ആക്ട് ചെയ്യണം, പോലീസ് നടപടി സ്വീകരിക്കണം. സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയുടെയും ബി.ജെ.പി. സംസ്ഥാന പ്രസിഡന്റിന്റെയും വീടുകൾ ആക്രമിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോയതാണ് തിരുവനന്തപുരത്ത് വീടുകൾ ആക്രമിക്കാനിടയായത്. തിരുവനന്തപുരം നഗരം നാലഞ്ച് മണിക്കൂർ ഭീതിയുടെ മുൾമുനയിലായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെ സംസ്ഥാന മന്ത്രിമാരും ഗവർണറും ഡി.ജി.പി.യും പോലീസ് സംവിധാനവുമെല്ലാമുള്ള തിരുവനന്തപുരം നഗരം ഭീതിയുടെ മുൾമുനയിൽ വന്നതിന്റെ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനും പോലീസിനുമാണ്. ബി.ജെ.പി.യും സി.പി.ഐ.(എം.)-ഉം നടത്തുന്ന ഈ അക്രമ പ്രവർത്തനങ്ങൾ കാരണം ജനങ്ങൾക്ക് ഈ നാട്ടിൽ ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് വന്നുചേർന്നിരിക്കുന്നത്. നിങ്ങൾ ഇത് ഗൗരവമായെടുക്കണം. ഞങ്ങൾ നിങ്ങളെപ്പറ്റി പറയുന്നത് നിങ്ങളുടെ കയ്യിൽ അധികാരവും ഭരണവും പോലീസുമുള്ളതുകൊണ്ടാണ്. അതിനെ നിയന്ത്രിക്കാൻ നിങ്ങൾ എന്തുകൊണ്ടാണ് മുന്നോട്ടുവരാത്തത്? ഇപ്പോൾ സി.പി.ഐ.(എം.)-ഉം ബി.ജെ.പി.ഉം പരസ്പരം

പാലൂട്ടുന്ന ശത്രുക്കളായി മാറിയിരിക്കുന്നു. പരസ്പര സഹായ സംഘങ്ങളാണ് അവ. സി.പി.ഐ.(എം.) ബി.ജെ.പി.യെ സഹായിച്ചതുപോലെ ബി.ജെ.പി. ഇപ്പോൾ തിരിച്ചും സഹായിക്കുകയാണ്. സംസ്ഥാന മന്ത്രിസഭയെ പിരിച്ചുവിടുമെന്ന് ഒരു ആർ.എസ്.എസ്. നേതാവ് ഡൽഹിയിൽ പത്രസമ്മേളനം നടത്തി പറയുകയുണ്ടായി. ഇത് പറഞ്ഞതോടുകൂടി സി.പി.ഐ.(എം.) നെഞ്ചിലടിച്ച് നിലവിളിക്കുകയാണ്. രാജ്ഭവന്റെ മുമ്പിൽ സത്യാഗ്രഹമിരിക്കുന്നു. ഞങ്ങളാരും ഈ സംസ്ഥാന ഗവൺമെന്റിനെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെടുന്നില്ല. നിങ്ങൾ അഞ്ച് വർഷം ഭരിക്കണമെന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം. ശ്രീ. പിണറായി വിജയൻ അഞ്ച് വർഷം ഭരിച്ചാൽപിന്നെ ഞങ്ങളുടെ വഴി വളരെ എളുപ്പമാകുമെന്ന് വ്യക്തമായിത്തന്നെ ഞങ്ങൾക്കറിയാം. അതുകൊണ്ട് നിങ്ങൾ ഭരിക്കുന്നതുതന്നെയാണ് നല്ലത്. സംസ്ഥാനത്തെ നിങ്ങളുടെ ഭരണ പരാജയം മറച്ചുവയ്ക്കാൻ നിങ്ങൾക്ക് കിട്ടിയൊരു അവസരമാണിത്. പരസ്പരം അക്രമങ്ങളും കൊലപാതകങ്ങളും നടത്തുന്നത് നിങ്ങളുടെ ഭരണ പരാജയം മറച്ചുവയ്ക്കാനാണ്. വിലക്കയറ്റം, പകർച്ചവ്യാധി, പനി മരണം മുതലായവയൊന്നും തടയാൻ കഴിയുന്നില്ല. സംസ്ഥാനത്തെ മുഖ്യമന്ത്രിക്ക് ഇത്തരം നടപടികൾ നിയന്ത്രിക്കാൻ കഴിയുന്നില്ല, പോലീസിനെ നിയന്ത്രിക്കാൻ കഴിയാതെവരുന്നു, പോലീസിന്റെ പൂർണ്ണമായ നിയന്ത്രണം മുഖ്യമന്ത്രിക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുമായിരുന്നോ? പതിനഞ്ച് മാസത്തിനിടയിൽ 17 രാഷ്ട്രീയ കൊലപാതകങ്ങൾ കേരളത്തിലുണ്ടായി. ക്രമസമാധാനനില ഭദ്രമാണെന്ന് അങ്ങ് പറഞ്ഞല്ലോ. ഏപ്രിൽ മാസംവരെ അതായത് ഈ ഗവൺമെന്റ് വന്ന് നാല് മാസങ്ങൾക്കുള്ളിൽ കൊലപാതകം - 104, കുറ്റകൃത്യങ്ങൾ - 92,013. ഇതെല്ലാം റെക്കോർഡുകളിലുള്ളതാണ്. കേരളത്തിലെ പോലീസ് നിഷ്ക്രിയമായിരിക്കുന്നു. പോലീസിന് പ്രവർത്തിക്കാൻ കഴിയുന്നില്ല; പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ല. എല്ലാ കേസ്സുകളും ഫലപ്രദമായി തെളിയിക്കാൻ കേരളാ പോലീസിന് കഴിയാതിരിക്കുന്നതുകൊണ്ടാണ് ഇവിടെ ഏറ്റവും വലിയ പ്രശ്നമുണ്ടായിരിക്കുന്നത്. ഇവിടെ ഓരോ കൊലപാതകങ്ങളും എത്ര ഭീകരമായിട്ടാണ് നടക്കുന്നത്? കയ്യും കാലും വെട്ടി ആളുകളെ കൊല്ലുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങിവിടെ സൂചിപ്പിച്ച കൊലപാതകങ്ങൾപോലെ എത്രയോ കൊലപാതകങ്ങൾ ഇവിടെ ഉണ്ടാകുന്നു. ഇതിനെതിരായി ശക്തമായി, ഒറ്റക്കെട്ടായി രംഗത്തിറങ്ങേണ്ട സന്ദർഭംകൂടിയാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൊലപാതകങ്ങൾ അവസാനിപ്പിക്കണം.

അങ്ങ് ബഹുമാനപ്പെട്ട ഗവർണറെ കണ്ട കാര്യം പറയണമെന്ന് ശ്രീ. കെ. മുരളീധരൻ ഇവിടെ രണ്ടുപ്രാവശ്യം പറഞ്ഞു. പക്ഷേ അങ്ങ് പറഞ്ഞില്ല. ബഹുമാനപ്പെട്ട ഗവർണർ അങ്ങയെ വിളിക്കാൻ പാടില്ലായിരുന്നു, അങ്ങ് പോകാനും പാടില്ലായിരുന്നു. സി.പി.ഐ.(എം.) എന്നും എടുത്തിട്ടുള്ള നിലപാടെന്താണ്? ഗവർണർ ഒരു അനാവശ്യ പദവിയാണെന്നും ഗവർണർ ആവശ്യമില്ലെന്നുമാണ് സി.പി.ഐ.(എം.) എടുത്തിട്ടുള്ള നിലപാട്. ഇവിടെ

ഗവർണർ വിളിച്ചപ്പോൾ അങ്ങ് ഓടിച്ചെന്നു. അങ്ങ് ഗവർണറുടെ മുന്നിൽ ഇരുന്ന ഇരിപ്പ് കേരളത്തിനുതന്നെ അപമാനമായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. കൊൽക്കത്തയിൽ 24 പർഗാനയിൽ ഒരു സംഭവമുണ്ടായപ്പോൾ അവിടത്തെ ഗവർണർ മുഖ്യമന്ത്രിയായ മമതാ ബാനർജിയെ വിളിച്ചു. മമതാ ബാനർജി പറഞ്ഞു, എനിക്ക് നിങ്ങളെ കാണാൻ താല്പര്യമില്ല, ഈ സംസ്ഥാനത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഗവർണർ ഇടപെടേണ്ട എന്നുപറഞ്ഞു. ഞാൻ ആഗ്രഹിച്ചത് ശ്രീ. പിണറായി വിജയൻ ജസ്റ്റിസ് ശ്രീ. പി. സദാശിവത്തോട് എനിക്ക് വരാൻ മനസ്സില്ലെന്നും എന്നെ കേരളത്തിലെ ജനങ്ങളാണ് തെരഞ്ഞെടുത്തതെന്നും പറയുമെന്നായിരുന്നു. അങ്ങ് ഗവർണറുടെ മുന്നിൽ പോയി പഞ്ചപുച്ഛമടക്കിയിരുന്നത് കേരളത്തിലെ ജനങ്ങൾക്ക് അപമാനമാണെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എല്ലാ നിഘണ്ടുവുമെടുത്ത് അതിനെ സമർത്ഥിക്കാൻ ശ്രമിച്ചിട്ടും അത് ശരിയാകുന്നില്ല. ഇംഗ്ലീഷ് ഡിക്ഷണറി ഉൾപ്പെടെ എല്ലാ നിഘണ്ടുവും അദ്ദേഹം പരിശോധിച്ചു. അദ്ദേഹം പറഞ്ഞത് സമൺസ് എന്നുപറഞ്ഞാൽ എന്താണെന്ന് എല്ലാവർക്കുമറിയാവുന്നതുമാണ്, എല്ലാവർക്കും മനസ്സിലാകുന്നതുമാണ് എന്നാണ്. അത് ന്യായീകരിക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ പ്രയാസപ്പെട്ടു. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ ശബ്ദതാരാവലി ശ്രീ. എ. കെ. ബാലൻ വാങ്ങിക്കൊടുത്തിരുന്നെങ്കിൽ അദ്ദേഹത്തിന് അത് നന്നായി പറയാൻ കഴിയുമായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്ന് ഈ സഭയിൽ ഇരിക്കുന്നത് ബഹുമാനപ്പെട്ട ഗവർണർ സമൻസ് അയച്ചിട്ടാണെന്ന കാര്യം അങ്ങ് മനസ്സിലാക്കണം. ഭരണഘടനാപരമായി നിയമസഭാ സമ്മേളനത്തിനുള്ള തീയതിയും സമയവും സ്ഥലവും പ്രത്യേകം കാണിച്ചുകൊണ്ട് സെക്രട്ടറി ഓരോ അംഗത്തിനും സമൻസ് അയയ്ക്കേണ്ടതാണ്. അതാണ് സമൻസ്. സമൻസ് എന്നുള്ളതാണ് ഉചിതമായ വാക്ക്. അതിന് വേറെ വാക്കില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതുപോലുള്ള ഉപദേശകരെയാണ് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ലഭിക്കുന്നതെങ്കിൽ പിന്നെ അങ്ങേയ്ക്ക് വേറെ പ്രയാസമുണ്ടാകുകയില്ല. ഇതുപോലുള്ള ആളുകളാണ് അങ്ങയെ കുഴിയിൽ ചാടിക്കുന്നത്. അങ്ങ് നേരെചൊവ്വേ കാര്യങ്ങൾ ചെയ്താൽ അങ്ങേയ്ക്ക് കുഴപ്പമൊന്നും വരില്ല. ഇതുപോലുള്ള ഉപദേശകരെ സൂക്ഷിച്ചാൽ മതി. ശ്രീ. പിണറായി വിജയൻ എന്നത് ഒരു വ്യക്തിയല്ല, അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. എവിടെയെങ്കിലും ഒരു പ്രശ്നമുണ്ടാകുമ്പോൾ ബഹുമാന്യനായ ഗവർണർ വിളിച്ചാൽ,

ജനങ്ങൾ തെരഞ്ഞെടുത്തൊരു മുഖ്യമന്ത്രി ഓടിച്ചെല്ലേണ്ട കാര്യമൊന്നുമില്ല. ഗവർണറുമായി നമുക്കെല്ലാവർക്കും സൗഹൃദമുണ്ട്, അത് വേറെ കാര്യം. സംസ്ഥാന ഗവൺമെന്റിന്റെ തലവനായ മുഖ്യമന്ത്രി ഗവർണറെ കാണാൻ ഓടിച്ചെല്ലേണ്ട കാര്യമില്ല. ഗവർണർ ഇങ്ങനെ ചെയ്യുന്നത് ആദ്യത്തെ സംഭവമൊന്നുമല്ല. നേരത്തെ അദ്ദേഹം ഹോം സെക്രട്ടറിയെയും ഡി.ജി.പി.-യെയും വിളിച്ച സംഭവങ്ങളുണ്ട്. ഇപ്പോൾ മുഖ്യമന്ത്രിയെ വിളിക്കുന്നു. ഗവർണർ കൊടുത്ത ട്വീറ്റിൽ പറയുന്നത് 'സമൺ ചെയ്തു' എന്നുതന്നെയാണ്. കോടതിയിലെ സമൺസിന്റെ അർത്ഥമെന്താണ്? ആ സമൺ തന്നെയാണ് ഇവിടെയും. ഗവർണർ സമൺ ചെയ്ത് വിളിക്കുകയാണ്. ഇവിടെ വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു, ബഹുമാന്യനായ മുഖ്യമന്ത്രിയെ ഗവർണർ വിളിച്ചപ്പോൾ അങ്ങ് പോകാൻ പാടില്ലായിരുന്നു, അങ്ങയെ ഗവർണർ വിളിക്കാൻ പാടില്ലായിരുന്നു. ഇത് ഈ സംസ്ഥാനത്തെ ഗവൺമെന്റിനുണ്ടായ അപമാനമാണ്, അല്ലാതെ നിങ്ങളുടെ പാർട്ടിക്കുണ്ടായ അപമാനമല്ല എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പരസ്പരം കൊലവിളി നടത്തുകയാണ്. ഈ കൊലപാതകങ്ങൾ അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇന്നലെ നടന്നതെന്താണ്? ഇന്നലെ സമാധാനയോഗം നടന്നു. ഞങ്ങളെല്ലാവരും അവിടെയിരുന്ന് അതിൽ സഹകരിച്ചു. സത്യത്തിൽ ഞങ്ങൾ അതിന് പോകേണ്ടായെന്ന് തീരുമാനിച്ചതാണ്. കാരണം ഞങ്ങൾ ഈ കൊലപാതകത്തിലോ അക്രമത്തിലോ പങ്കാളികളല്ല. പിന്നെ ഞങ്ങൾ എന്തിനാണ് പോകുന്നത്? ഈ സംസ്ഥാനത്ത് സമാധാനം നിലനിൽക്കണമെന്ന ആഗ്രഹമുള്ളതുകൊണ്ടാണ് പ്രതിപക്ഷം ആ യോഗത്തിൽ പങ്കെടുത്തത്. ഞങ്ങൾ ആ യോഗത്തിൽ പൂർണ്ണമായി സഹകരിച്ചു. ആ സമയത്ത് എന്താണ് നടക്കുന്നത്? ഇന്ത്യയുടെ രാജ്യരക്ഷാ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. അരുൺ ജെയ്റ്റ്ലി വന്നു. അദ്ദേഹം ഇവിടെ വരുന്നതിന് എത്ര വലിയ സംഭവമാണ് ഇവിടെ നടന്നത്? അദ്ദേഹത്തിന് ഒരു ദിവസമെങ്കിലും ജമ്മു കാശ്മീരിൽ പോകാമായിരുന്നില്ലേ? അവിടെ ഒരു ദിവസംപോലും പോയിട്ടില്ല. കേരളത്തിൽ വന്നു. ഒരു ഭാഗത്ത് ശ്രീ. അരുൺ ജെയ്റ്റ്ലി വരുന്നു; മറുഭാഗത്ത് രാജ്ഭവന്റെ മുമ്പിൽ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി 'ഗോ ഗോ' വിളിക്കുന്നു. വൈകുന്നേരം ഞങ്ങളെ വിളിച്ച് സമാധാനചർച്ച നടത്തുന്നു. എന്താണ് ഇതിന്റെ അർത്ഥം? ഇത് ദേശീയ വാർത്തയായില്ലേ? ഒരു ഭാഗത്ത് സമാധാന ദൗത്യം, മറുഭാഗത്ത് ഗോ ഗോ വിളി. ഇത് ശരിയായ നടപടിയല്ല. ഈ സമാധാന ദൗത്യങ്ങളിൽ നിങ്ങൾക്ക് ആത്മാർത്ഥതയില്ലായെന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. നാറാണത്ത് ഭ്രാന്തൻ എന്ന കവിതയിൽ പറയുന്നതുപോലെ

"തങ്ങളിൽ തങ്ങളിൽ മുഖത്ത് തുപ്പും

നമ്മളൊന്നാണെന്ന് ചൊല്ലും ചിരിക്കും"

എന്നുള്ള നിലയിലാണ് ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം പ്രവർത്തിക്കുന്നത്. നമ്മുടെ നാട്ടിൽ "പല്ലിന് പല്ല്, കണ്ണിന് കണ്ണ്" എന്ന നിലപാടെടുക്കാൻ സാധിക്കില്ല. ബാബിലോണിയയിലെ രാജാവ് ഹമുറാബി നിയമാവലിയിൽ പറയുന്ന ആ വാചകം നമുക്കൊരിക്കലും എടുക്കാൻ സാധിക്കില്ല. ഈ നാട്ടിൽ സമാധാനമാണ് ആവശ്യം. അതുകൊണ്ട് സമാധാനത്തിനുവേണ്ടി നിലകൊള്ളുകയാണ് വേണ്ടത്. കേരളത്തിന്റെ ക്രമസമാധാനനില അനുദിനം തകരുന്നു. പോലീസ് നിഷ്ക്രിയമായി നോക്കിനിൽക്കുന്നു. യാതൊരു നടപടിയുമുണ്ടാകുന്നില്ല. ഈ സംസ്ഥാനത്ത് ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. സാമൂഹ്യവിരുദ്ധരും ഗുണ്ടകളും അഴിഞ്ഞാടുന്നു. ഇവിടെ പാർട്ടികൾ ഗുണ്ടകളെ തീറ്റിപ്പോറ്റുന്നു. അതിന്റെ ഫലമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇന്നലെ സർവ്വകക്ഷിയോഗത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം, പണ്ടൊക്കെ സമാധാന ദൗത്യത്തിനുവേണ്ടി ആഹ്വാനം ചെയ്താൽ അണികൾ അംഗീകരിക്കും, എന്നാൽ ഇപ്പോൾ പൊതുവെ അത് അംഗീകരിക്കപ്പെടുന്നില്ല എന്നാണ്. അത് സത്യമാണ്. ഓരോ പാർട്ടികളും ഗുണ്ടകളെ തീറ്റിപ്പോറ്റുന്നതിന്റെ ഫലമാണിത്. ഇത് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. ഇവിടെ ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം ഗുണ്ടകളെ അഴിച്ചുവിട്ടുകൊണ്ട് കേരളത്തിലെ സമാധാന ജീവിതത്തെ തകർക്കുകയാണ്. നാട്ടിൽ ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. നിയമസമാധാനം തകർന്നിരിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകാത്ത അവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്. അതുകൊണ്ട് ഇതിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. തൃപ്തികരമായ മറുപടിയല്ല ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള ആവശ്യം അങ്ങയോട് ഞാൻ ആവർത്തിക്കുകയാണ്, കാരണം ഇത് കേരളമാണ്. കേരളത്തിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. കൊലപാതകങ്ങളും അക്രമങ്ങളുംകൊണ്ട് നാടിന്റെ പൊതുജീവിതത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഈ നടപടിക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. കെ. എം. മാണി</u>: സർ, കോൺസ്റ്റിറ്റ്യൂഷണൽ ഹെഡ്ഡായ ഗവർണർ മുഖ്യമന്ത്രിയെ വിളിച്ചാൽ പോകരുത് എന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. മുഖ്യമന്ത്രി പോകണം, ഗവർണറെ കാണണം. പക്ഷേ, വിളിക്കാനുള്ള സാഹചര്യമുണ്ടാക്കാൻ പാടില്ല. അടിയന്തരാവസ്ഥ പടർന്നുപിടിച്ചിരിക്കുന്നുവെന്ന് പ്രചരിപ്പിച്ച് കേരളത്തെ മോശമാക്കരുത് എന്നുള്ള മുഖ്യമന്ത്രിയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. പക്ഷേ ഇവിടത്തെ സ്ഥിതിഗതികൾ ലഘൂകരിക്കാൻ പാടില്ല. ഇവിടെ നടക്കുന്നതെന്താണ്? എത്രയോ രാഷ്ട്രീയ കൊലപാതകങ്ങൾ ഇവിടെ നടക്കുന്നു. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും സംസ്ഥാനം ഭരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയും തമ്മിലുള്ള ഏറ്റുമുട്ടലാണ് ഇവിടെ നടക്കുന്നത്. നിങ്ങൾ ആദ്യം ആയുധം താഴെവയ്ക്കണം. അപ്പോൾ ഇവിടത്തെ അരക്ഷിതാവസ്ഥ മാറും. ആയുധം താഴെവയ്ക്കുകയും സമാധാനമുണ്ടാക്കുകയും ചെയ്യണം. അതിനുള്ള നേതൃത്വവും മാതൃകയും കാണിക്കാത്ത ഗവൺമെന്റിന്റെ നടപടികളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇവിടെ ഒട്ടേറെ കാര്യങ്ങൾ പറയുകയുണ്ടായി. അതിനെക്കുറിച്ച് ധാരാളം മറുപടി പറയാനുണ്ട്. പക്ഷേ പരിമിതമായ സമയമാണ് എനിക്ക് അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് ഇത്രയേ പറയാനുള്ളൂ, രാജ്യത്തെ എല്ലാ ഭാഗത്തുമുള്ള പ്രശ്നങ്ങളെപ്പറ്റി ഈ സഭയിൽ ചർച്ചചെയ്യുന്നതുകൊണ്ട് അർത്ഥമില്ല. ഇന്ത്യ ഭരിക്കുന്ന കക്ഷിയുടെ തലസ്ഥാനത്തെ ഓഫീസ് രണ്ട് പ്രാവശ്യം തുടർച്ചയായി ആക്രമിക്കപ്പെടുന്നു. ആദ്യം ആക്രമിക്കപ്പെട്ട് മാസങ്ങൾ കഴിഞ്ഞിട്ടും അതിനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനെത്തുടർന്ന് രണ്ടാമത്തെ ആക്രമണം 27-ാം തീയതി നടത്തിയപ്പോൾ ക്യാമറ വഴി ആ അക്രമം മുഴുവൻ കാണാൻ സാധിച്ചു. അക്രമത്തിനുമുമ്പ് പോലീസിന്റെ ഒരു വാഹനം വരുന്നതും പരിശോധിച്ച് തിരികെ പോകുന്നതും പിന്നീട് ആക്രമിക്കാൻ ആളുകൾ വരുന്നതും അപ്പോഴാണ് കാണുന്നത്. ആറ് പോലീസുകാർ അവിടെ ഉണ്ടായിരുന്നതിൽ ഒരു പോലീസുകാരൻ മാത്രം തടയാൻ ശ്രമിക്കുകയും ബാക്കി അഞ്ച് പോലീസുകാരും കയ്യുംകെട്ടി നോക്കി നിൽക്കുകയും ചെയ്യുന്നു. അതിൽ രണ്ടുമൂന്ന് പോലീസുകാരുടെ സഹായത്തോടെ വാതിൽ തുറന്ന് അക്രമികൾക്ക് അകത്തുകടക്കാനും അവിടെയുള്ള അഞ്ച് കാറുകളും കെട്ടിടങ്ങളും തല്ലിത്തകർക്കാനും സാധിച്ചു. ഇതൊരു സൂചനയാണ്. എല്ലാ പോലീസുകാരും ഒരുപോലെയാണെന്നോ സംസ്ഥാനത്തെ പോലീസുകാർക്ക് കഴിവില്ലെന്നോ എല്ലാവരും

മോശക്കാരാണെന്നോ ഉള്ള അഭിപ്രായം എനിക്കില്ല. പക്ഷേ നിർഭാഗ്യവശാൽ, തെറ്റായ രീതിയിൽ പാർട്ടിക്കുവേണ്ടി വിടുപണി ചെയ്യുന്ന ചില ഓഫീസർമാരുണ്ട്. കുന്നുകുഴി ഭാഗത്ത് വീണ്ടും പ്രശ്നങ്ങളുണ്ടായി. അതുപോലെ ഞാൻ പ്രതിനിധീകരിക്കുന്ന നേമം മണ്ഡലത്തിൽ നാല് കൗൺസിലർമാരെ ആക്രമിക്കുകയും അവരുടെ വീടുകൾ എറിഞ്ഞ് തകർക്കുകയുമുണ്ടായി. അതിൽ മൂന്നുപേർ വനിതകളാണ്. ഈ അക്രമങ്ങളെല്ലാം ആവർത്തിച്ചാണ് നടക്കുന്നത്. അവിടെ അക്രമം നടന്ന പതിനാറ് വീടുകളും സന്ദർശിച്ചപ്പോൾ ഇതൊക്കെ ആസൂത്രിതമായി ചെയ്തതാണെന്ന് എനിക്ക് ബോദ്ധ്യമായി. അവർ ഒരു പ്ലാനോടുകൂടി ചെയ്യുകയാണ്. ആദ്യം പോലീസ് വന്ന് നിരീക്ഷിച്ച് റിപ്പോർട്ട് കൊടുക്കും. അവിടെ തിരക്കില്ല എന്ന് കണ്ടുകഴിഞ്ഞാൽ അക്രമികൾ വരുന്നു ക്യാമറയിൽ കണ്ടതുപോലെ പോലീസുകാർ തന്നെ വാതിൽ തുറന്നുകൊടുക്കുകയും അവർ അകത്ത് കടക്കുകയും ചെയ്യുന്നു. ഈ രീതിയിൽ നടക്കുന്ന അക്രമത്തിന് പോലീസുകാർ കൂട്ടുനിൽക്കുന്നു. അത്തരം പോലീസുകാർക്ക് പാർട്ടി നേതൃത്വവുമായി നേരിട്ട് ബന്ധമുണ്ട്. അതുകൊണ്ടാണ് പോലീസ് ജോലി ചെയ്യുന്നതിനുപകരം പാർട്ടി പ്രവർത്തനം നടത്തുന്നത്. ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വേണ്ടത് സമാധാനമാണ്. അത് രാഷ്ട്രീയ പാർട്ടികളും ആഗ്രഹിക്കുന്നു. പക്ഷേ കുറച്ച് ഉദ്യോഗസ്ഥന്മാർ പാർട്ടിക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഫലമായി പക്ഷപാതപരമായി പെരുമാറുന്നു. അതിന് മാറ്റം വരുത്താൻ അത്തരത്തിലുള്ള ആളുകൾ ആരൊക്കെയാണെന്ന് ചൂണ്ടിക്കാണിച്ചിട്ടും ഒരു നടപടിയും സ്വീകരിക്കുന്നില്ല. രണ്ട് പാർട്ടിക്കാരും ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ മാർക്സിസ്റ്റ് പാർട്ടി ഭരണകക്ഷിയാണ്. അവരെ

സംരക്ഷിക്കാൻ സർക്കാർ എല്ലാ കാര്യങ്ങളും ചെയ്യുന്നു. പ്രതിപക്ഷത്തിന് പറയുക മാത്രമേ വഴിയുള്ളൂ. വളരെ പക്ഷപാതപരമായി കാര്യങ്ങൾ ചെയ്യുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു. ഇത് തെറ്റായ പോക്കാണെന്ന് വീണ്ടും ഞാൻ ആവർത്തിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

(യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. ....പ്ലീസ്......

## V ശ്രദ്ധ ക്ഷണിക്കൽ

### പുനരുദ്ധാരണ പാക്കേജ്

ശ്രീ. എസ്. ശർമ്മ: സർ, കേരളത്തിലെ ജനകീയ സേവനത്തിൽ മഹത്തായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. അസാധാരണമായി അഭിമുഖീകരിച്ചുവരുന്ന പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ട് 2017-18 കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ വർഷമായിരിക്കുമെന്ന് പ്രഖ്യാപിച്ച എൽ.ഡി.എഫ്. സർക്കാർ സമൂഹത്തോടുള്ള ഉത്തരവാദിത്വവും പ്രതിബദ്ധതയുമാണ് പ്രകടമാക്കിയിട്ടുള്ളത്. സർക്കാർ വാക്കുകളെ പൊതുസമൂഹം വിശ്വാസത്തിലെടുക്കുകയും പ്രതീക്ഷയോടെ വിശ്വാസമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. പുനരുദ്ധാരണ നടപടികളിൽ വിജയം കൈവരിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെ പുനരുദ്ധാരണ ചരിത്രത്തിലെ ഏറ്റവും അവിസ്മരണീയമായ സംഭവമായിരിക്കും. ഗവൺമെന്റ് നടത്തുന്ന സൃഷ്ടിപരവും ക്രിയാത്മകവുമായ എല്ലാ ദൗത്യവും വിജയകരമായി തീരട്ടെ എന്നാഗ്രഹിക്കുന്നു. ഇന്ന് ഈ വ്യവസായത്തിന്റെ സ്ഥിതിയിൽ ഗൗരവമേറിയ അസാധാരണമായ ഒരു പ്രതിസന്ധിയുടെ പശ്ചാത്തലമുണ്ടെന്ന കാര്യം എല്ലാവർക്കുമറിയാം. 5962 ബസ്സുകളും ജൻറം-ന്റെ ഭാഗമായി 679 ബസ്സുകളുമായി ആകെ 6641 ബസ്സുകളാണുള്ളത്. 5047-ഉം ജൻറം 667-മായി ആകെ 5714 ഷെഡ്യൂളുകളാണുള്ളത്. ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ ജൻറം ഉൾപ്പെടെ 5170 ആണ്. സ്ഥിരം ജീവനക്കാർ 35075-ഉം എംപാനൽ ജീവനക്കാർ 8018-ഉം ആണ്. എംപാനൽ ജീവനക്കാർ ഉൾപ്പെടെ 43093 സ്ഥിരം ജീവനക്കാരുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത ഏതാനും മാസങ്ങൾക്കുമുമ്പ് വരെ 2936.60 കോടി രൂപയാണ്. സർക്കാർ കടം 1876.58 കോടി രൂപ കൂടാതെയാണിത്. ഒരു മാസത്തെ വരവുചെലവ് അന്തരം ഗൗരവമുള്ളതാണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവുചെലവ് അന്തരം 112.23 കോടി രൂപയാണ്. ആകെ വരവ് 212.15 കോടി രൂപയും ആകെ ചെലവ് 314.38 കോടി രൂപയുമാണ്. അന്തരം 112.23 കോടി രൂപ. പെൻഷനുവേണ്ടി സർക്കാർ മാറ്റിവച്ച 30 കോടി രൂപ ഒഴിവാക്കിയിട്ടുപോലും മാർച്ച് മാസത്തെ കടം 112.23 കോടി രൂപയാണ്. ഈ പശ്ചാത്തലത്തിൽ പ്രൊഫ. സുശീൽ ഖന്നയെ സംസ്ഥാന ഗവൺമെന്റ് നിയോഗിക്കുകയും ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പുനരുദ്ധാരണ നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഭരണപരമായ ഇന്നത്തെ കേന്ദ്രീകരണത്തിന്റെ സ്ഥാനത്ത് വികേന്ദ്രീകൃതവും ജനാധിപത്യപരവും എന്നാൽ നിയന്ത്രിതവുമായ സംവിധാനം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതായി മനസ്സിലാക്കുന്നു. ഒരുകാലത്ത് കേരളത്തിലായിരുന്നു ഏറ്റവും കൂടുതൽ ടയർ ലൈഫ് കിട്ടിയിരുന്നത്. ഇപ്പോൾ കേരളത്തിൽ 182285 കിലോമീറ്റർ ലഭിക്കുമ്പോൾ തമിഴ്നാട്ടിൽ

2229902 കിലോമീറ്റർ ലഭിക്കുന്നു. ടയർ ലൈഫ് വർദ്ധിപ്പിക്കാൻ കഴിയുക, ടയർ റീ-ട്രെഡിംഗിന്റെ അനുപാതത്തിൽ പുരോഗതി കൈവരിക്കുക, ബോഡി ബിൽഡിംഗിന്റെ കാര്യത്തിൽ സൃഷ്ടിപരമായ മാറ്റങ്ങൾ വരുത്തുക, ഇന്ധനച്ചെലവ് ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തുക, വാഹന ഉപയോഗം 82 ശതമാനത്തിൽ നിന്നും 92 ശതമാനമാക്കി ഉയർത്തുക എന്നിവയൊക്കെ ഉയർന്നുവന്നിരിക്കുന്ന പ്രശ്നങ്ങളാണ്. ഡ്യൂട്ടി പാറ്റേൺ, ബസ് വാടകയ്ക്കെടുക്കൽ എന്നിവ സംബന്ധിച്ച് ഗൗരവതരമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുള്ളതായാണ് റിപ്പോർട്ടിന്റെ രത്നച്ചുരുക്കത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുകയും നിലനിർത്തുകയും വേണം. കടബാദ്ധ്യത ഒഴിവാക്കണം. വരുമാനത്തിന്റെ സിംഹഭാഗവും ഇപ്പോൾ കടം തിരിച്ചടവാണ്. എസ്ക്രോ സംവിധാനം വഴി 53 ഡിപ്പോകളിലെ വരുമാനം പൂർണ്ണമായും കടമെടുത്തതിന്റെ തിരിച്ചടവിനായി വിനിയോഗിക്കുന്നു. കടബാദ്ധ്യത ഒഴിവാക്കുന്നതിന് കഴിയത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഞാൻ കൂടുതൽ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. എല്ലാ കാര്യങ്ങളും നമുക്കറിയാം. ഒരു സ്ഥാപനം കടഭാരത്തിലേയ്ക്ക് എങ്ങനെ മുങ്ങാം എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കെ.എസ്.ആർ.ടി.സി. എന്നാൽ കടഭാരത്തിലായ സ്ഥാപനം എങ്ങനെ പുനരുദ്ധരിക്കാം എന്നതിന്റെ ഉദാഹരണമായി കെ.എസ്.ആർ.ടി.സി.യെ ഉയർത്തിക്കൊണ്ടുവരുന്നതിൽ സ്വീകരിക്കുന്ന നടപടികളിൽ തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്ന നടപടികൾക്ക് വേഗത വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, 2016-17 വർഷത്തെ ബജറ്റിൽ 1000 പുതിയ CNG ബസ്സുകൾ നിരത്തിലിറക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 5 വർഷംകൊണ്ട് വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപനമുണ്ടായി. ആദ്യവർഷം 50 കോടി രൂപ ചെലവ് വകയിരുത്തുന്നു. ഇതുസംബന്ധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബി മുമ്പാകെ സമർപ്പിച്ചു. ഇതിനുശേഷം 2017-18 വർഷത്തെ ബജറ്റിൽ 3 വർഷത്തേയ്ക്ക് 3000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപനം വരികയുണ്ടായി. CNG ബസ്സുകൾ നിരത്തിലിറക്കാൻ വിവിധ കാരണങ്ങളാൽ കാലതാമസം വരുമെന്ന് കാണുകയുണ്ടായി. ആയതിനാൽ 250 എ.സി. ബസ്സുകൾ ഉൾപ്പെടെ 900 ബസ്സുകൾ വാങ്ങുന്നതിനുള്ള 333 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിലേയ്ക്ക് തയ്യാറാക്കി നൽകുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്രയും വണ്ടികൾ വരുന്നതോടെ സംസ്ഥാനത്തിനകത്തും അയൽ സംസ്ഥാനങ്ങളിലേയ്ക്കും കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. അയൽ സംസ്ഥാനങ്ങളിലേയ്ക്ക് കൂടുതൽ വണ്ടികൾ ഓപ്പറേറ്റ് ചെയ്ത് അവിടെ പഠിക്കുന്ന

വിദ്യാർത്ഥികൾക്കും ജോലി ചെയ്യുന്നവർക്കും ഗതാഗത സൗകര്യമൊരുക്കേണ്ടത് അത്യാവശ്യമാണ്. ഇതിലൂടെ കോർപ്പറേഷന്റെ വരുമാനവും ഗണ്യമായി വർദ്ധിക്കും. ആയതിലേയ്ക്കായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗതാഗത വകുപ്പുമന്ത്രിമാരുമായും ഉദ്യോഗസ്ഥരുമായും ഞാൻ ചർച്ച നടത്തുകയുണ്ടായി. അക്കാര്യത്തിലുള്ള പുരോഗതി ഉടൻതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. റീ-സ്ട്രക്ചറിംഗിന്റെ ഭാഗമായി നിലവിൽ കെ.എസ്.ആർ.ടി.സി.-ക്കുള്ള ഏകദേശം 3000 കോടി രൂപയുടെ ചെറിയ കാലയളവിലേയ്ക്കുള്ള കടങ്ങൾ 20 വർഷംകൊണ്ട് 9 ശതമാനം പലിശ നിരക്കിൽ അടച്ചുതീർക്കുന്ന വിധത്തിൽ ബാങ്ക് കൺസോർഷ്യത്തിൽനിന്നും ഗവൺമെന്റ് ഗ്യാരണ്ടിയോടുകൂടി വായ്പയെടുക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. കോർപ്പറേഷനിൽ പ്രൊഫഷണലിസം വരുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ യോഗ്യതയും പ്രവർത്തന പരിചയവുമുള്ളവരെ ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പ്രൊഫ. സുശീൽ ഖന്നയുടെ പഠനം തുടർന്നുവരുന്നു. പഠനത്തിന്റെ ഭാഗമായി നൽകിയ പ്രാഥമിക നിർദ്ദേശങ്ങളിന്മേൽ പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലേയ്ക്ക് അംഗീകൃത സംഘടനകളുടെയും രജിസ്റ്റേർഡ് സംഘടനകളുടെയും യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുകയും വിശദാംശങ്ങൾ യൂണിയനുമായി ചർച്ച ചെയ്യുകയും അവരെ വിശ്വാസത്തിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഡ്യൂട്ടി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതാണ്. സ്ഥിരം ജീവനക്കാരുടെ ജോലി സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് സുരക്ഷാ പാക്കേജ് നടപ്പിലാക്കാനും കാലത്തിനനുസരിച്ചുള്ള പ്രൊഫഷണലിസം നടപ്പാക്കുന്നതിനും തൊഴിലാളികളുടെ പങ്കാളിത്തവും സഹകരണവും അനിവാര്യമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ബജറ്റിൽ സി.എൻ.ജി. (Compressed Natural Gas) ബസ്സുകളാണ് പറഞ്ഞിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറഞ്ഞ കാരണങ്ങൾകൊണ്ട് സി.എൻ.ജി. ബസ്സിനുപകരം ഡീസൽ ബസ്സുകൾ വാങ്ങുകയാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കിക്കൊള്ളുന്നു.

ശ്രീ. എസ്. ശർമ്മ: പ്രൊഫ. സുശീൽ ഖന്ന ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടല്ലോ. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പുനരുദ്ധാരണ പാക്കേജ് എത്ര കാലംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. തോമസ് ചാണ്ടി: പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക റിപ്പോർട്ട് മാത്രമേ ലഭിച്ചിട്ടുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൊഴിലാളികളുടെ യോഗം വിളിച്ചുകൂട്ടി. അതിൽ ഡബിൾ ഡ്യൂട്ടിയെ സിംഗിൾ ഡ്യൂട്ടിയായും ഒന്നര ഡ്യൂട്ടിയായും മാറ്റുന്നതിനെക്കുറിച്ച് വിവരിച്ചുകൊടുത്തു. ഡ്യൂട്ടി സംബന്ധിച്ച് എല്ലാവരും ഐകകണ്ഠ്യേന മുഖ്യമന്ത്രിയുടെ മുന്നിൽ സമ്മതിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പരിഷ്കരണ പരിപാടികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒരു വണ്ടിക്ക് വേണ്ട തൊഴിലാളിയുടെ ദേശീയ ശരാശരി 5.2-ഉം കേരളത്തിലേത് 8.7-ഉം ആണ്. അത് മാറ്റിയെടുക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 1000 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ കുറച്ച് ജീവനക്കാരെ മാത്രം പുതിയതായി നിയമിച്ചാൽ മതിയാകും. അതുകൊണ്ട് ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചാൽ ഒരു വർഷത്തിനകം കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

(ശ്രീ. ഷാഫി പറമ്പിൽ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## VI സബ്മിഷൻ

### (1) കൊച്ചി മെട്രോ തൃശ്ശൂർ വരെ ദീർഘിപ്പിക്കൽ

ശ്രീ. ബി. ഡി. ദേവസ്സി: സർ, തൃപ്പൂണിത്തുറ മുതൽ ആലുവ വരെ നിർദ്ദേശിക്കപ്പെട്ടതും നിലവിൽ പാലാരിവട്ടം മുതൽ ആലുവ വരെ സർവ്വീസ് നടത്തുന്നതുമായ കൊച്ചി മെട്രോ, കൊച്ചിക്ക് പിന്നാലെ അനുദിനം വളർന്നുവരുന്ന നഗരമായ തൃശ്ശൂരിലേയ്ക്ക് നീട്ടണമെന്ന ആവശ്യം പൊതുവികാരമായി മാറിയിരിക്കുന്നു. കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി കടന്നുപോകുന്നതും കൊച്ചിയുടെ ട്വിൻ സിറ്റിയായി അനുദിനം വികസിക്കുകയും ചെയ്യുന്ന നഗരമാണ് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ. ലോക പ്രശസ്തിയാർജ്ജിച്ച അതിരപ്പിള്ളി വെള്ളച്ചാട്ടമടക്കമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളും ഗുരുവായൂരടക്കമുള്ള പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളും കൊരട്ടി ഐ.ടി. പാർക്കടക്കമുള്ള വ്യവസായ സ്ഥാപനങ്ങളും ആരോഗ്യ-കാർഷിക-വെറ്ററിനറി സർവ്വകലാശാലകളും കേരള കലാമണ്ഡലം, സാഹിത്യ അക്കാദമി, സംഗീത-നാടക അക്കാദമി എന്നിവയുടെ ആസ്ഥാനങ്ങളും മുസിരിസ് പ്രദേശങ്ങളും ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലയുടെ ദ്രുതഗതിയിലുള്ള വികസനത്തിനും യാത്രാ സൗകര്യത്തിനും മെട്രോ വഴിയൊരുക്കും. മെട്രോ ആലുവയിൽനിന്നും അങ്കമാലിയിലേയ്ക്ക് ദീർഘിപ്പിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ കൊച്ചി മെട്രോ തൃശ്ശൂരിലേയ്ക്ക് നീട്ടുന്നതിന്

ആവശ്യമായ ഇടപെടലുകളും നടപടികളും അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ മൂന്ന് ഘട്ടങ്ങൾക്കുവേണ്ടിയുള്ള സമഗ്രമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിവരികയാണ്. ഒന്നാംഘട്ടത്തിലെ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പണികൾ പൂർത്തിയാക്കി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. രണ്ടാംഘട്ടത്തിന് കേന്ദ്ര അംഗീകാരം തേടിയിരിക്കുകയാണ്. ആലുവയിൽനിന്നും അങ്കമാലി വരെയുള്ള മൂന്നാംഘട്ടംകൂടി പൂർത്തിയാക്കുന്നതിനനുസൃതമായി മാത്രമേ മെട്രോയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കാനാകൂ.

(2) കൊച്ചി മെട്രോ അരൂർ വരെ ദീർഘിപ്പിക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, എറണാകുളം നഗരത്തിന്റെ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന നഗരസമാനമായ അരൂർ പഞ്ചായത്ത് ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയുടെ വടക്കേയറ്റത്തുള്ള മണ്ഡലമാണ് അരൂർ. ഈ മണ്ഡലത്തിലെ ഭൂരിഭാഗം ജനങ്ങളും എറണാകുളം നഗരത്തെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. ബസ്സുകളിലും കാറുകളിലും ഇരുചക്രവാഹനങ്ങളിലുമായി എറണാകുളം നഗരത്തിലേയ്ക്ക് എത്തിപ്പെടുന്ന ജനങ്ങളിൽ 50 ശതമാനത്തോളവും ഈ പ്രദേശത്തുനിന്നുള്ളവരാണ്. ഇപ്പോൾ പാലാരിവട്ടംവരെ എത്തിനിൽക്കുന്ന കൊച്ചി മെട്രോ കുമ്പളം വഴി അരൂർ വരെ എത്തിയാൽ ഇന്ന് എറണാകുളം പട്ടണത്തിലേയ്ക്ക് എത്തുന്ന ഇരുചക്ര, നാലുചക്ര വാഹനങ്ങളുടെ ഒഴുക്ക് ഗണ്യമായി കുറയ്ക്കാനാകും. നിലവിൽ മെട്രോ സർവ്വീസിൽ തുടക്കത്തിൽ ഒരു കൗതുകത്തോടെ ധാരാളം ആളുകൾ യാത്ര ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ക്രമാനുഗതമായി യാത്രക്കാരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഇതിന് കാരണം, മെട്രോ സ്റ്റേഷനുകളിൽ ഡൽഹി, കൊൽക്കത്ത തുടങ്ങിയ സ്റ്റേഷനുകളിലുള്ളതുപോലെ പാർക്കിംഗ് സൗകര്യമില്ലാത്തതാണ്. അതുകൊണ്ടാണ് എറണാകുളത്തെ ഗതാഗതക്കുരുക്കിന് കാര്യമായ കുറവുണ്ടാകാത്തത്. എറണാകുളത്തെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് ദേശീയപാത 47-ലെ ഒന്നര മീറ്റർ വീതിയിലുള്ള മീഡിയനുകൾ ഫലപ്രദമായി ഉപയോഗിച്ച് ലാന്റ് അക്വിസിഷനില്ലാതെ മെട്രോ റെയിൽ നിർമ്മിക്കാനാകും. ആയതിനാൽ കൊച്ചി മെട്രോ അരൂർ വരെ നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ ഒന്നാംഘട്ടമായി ആലുവയിൽനിന്നും പാലാരിവട്ടം വരെയുള്ള സർവ്വീസ് 2017 ജൂൺ 17-ന് ഉദ്ഘാടനം ചെയ്തു. ഒന്നാംഘട്ടത്തിൽതന്നെയുള്ള പേട്ട വരെയുള്ള

ഭാഗം പൂർത്തിയായിവരുന്നു. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള രണ്ടാംഘട്ടത്തിന് കേന്ദ്ര അംഗീകാരം തേടിയിട്ടുണ്ട്. മൂന്നാംഘട്ടമായി ആലുവയിൽനിന്നും അങ്കമാലി വരെ മെട്രോ റെയിൽ ദീർഘിപ്പിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൊച്ചി മെട്രോ അത്താണി വരെ ദീർഘിപ്പിക്കുന്നതിന് സർക്കാർ ഇതുവരെ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

## (3) തുരങ്കപാത നിർമ്മാണം

ശ്രീ. ജോർജ് എം. തോമസ്: സർ, താമരശ്ശേരി ചുരത്തിലൂടെ ദിവസേന ഇരുപതിനായിരത്തോളം വാഹനങ്ങൾ വയനാട്ടിലേയ്ക്ക് കടന്നുപോകുകയാണ്. പ്രസ്തുത ചുരത്തിന് വീതി കൂട്ടുകയെന്നത് അസാധ്യമായ വിഷയമാണ്. കോഴിക്കോട് നിന്നും വയനാട്ടിലേയ്ക്ക് ബദൽ റോഡ് അനിവാര്യമാണ്. ഇത് കണക്കിലെടുത്ത് ആനക്കാംപൊയിൽനിന്നും കള്ളാടിയിലേയ്ക്ക് ഒരു തുരങ്കപാത നിർമ്മിക്കുന്നതിനെക്കുറിച്ച് വർഷങ്ങളായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ബജറ്റിൽ അതിനുവേണ്ടി 20 കോടി രൂപ പ്രാഥമികമായി നീക്കിവച്ചിട്ടുണ്ട്. ഡോ. ഇ. ശ്രീധരൻ ഉൾപ്പെടെയുള്ളവർ ഇക്കാര്യം പരിശോധിക്കുകയും സഹായകരമായ നിലപാട് സ്വീകരിക്കുകയും ചെയ്തതാണ്. ഡോ. ഇ. ശ്രീധരന്റെ ഇടപെടലിന്റെ ഫലമായി കൊങ്കൺ റെയിൽ കോർപ്പറേഷൻ ഇതിന്റെ സാധ്യതാപഠനം നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള വില്ലിംഗ്നെസ് അറിയിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്തുകൊണ്ട് കൊങ്കൺ റെയിൽ കോർപ്പറേഷനെ പ്രാഥമിക ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്താനും തുരങ്കപാത എത്രയുംവേഗം യാഥാർത്ഥ്യമാക്കാനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം എന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കോഴിക്കോട്-വയനാട് ജില്ലകളെ നിലവിൽ ബന്ധിപ്പിക്കുന്നത് പ്രധാനമായും താമരശ്ശേരി ചുരം വഴിയാണ്. കുത്തനെയുള്ള കയറ്റിറക്കങ്ങളും 9 ഹെയർപിൻ വളവുകളും ചേർന്നതാണ് താമരശ്ശേരി ചുരം റോഡ്. അധികരിച്ച വാഹന ഗതാഗതവും റോഡിന്റെ പരിമിതികളുംമൂലം ഗതാഗതക്കുരുക്കും അപകടങ്ങളും വർഷങ്ങളായുള്ള അനുഭവമാണ്. ഗതാഗതക്കുരുക്കും വർദ്ധിച്ച തോതിലുള്ള വാഹനാപകടങ്ങളും ദൈനംദിനം സംഭവിക്കുന്ന ഈ പാത വനത്തിലൂടെയാണ് കടന്നുപോകുന്നത്. അതിനാൽ മൂന്നാമത്തെ ബദൽ മാർഗ്ഗമായി കണ്ടെത്തിയ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി റോഡ് പ്രവൃത്തിക്കുവേണ്ടി 1-11-2016-ൽ

1502/2016/പി.ഡബ്ല്യൂ.ഡി. എന്ന ഗവൺമെന്റ് ഉത്തരവ് പ്രകാരം 20 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും കൊടുംചുരമായ കുന്നിന് മുകളിലൂടെ പാതയുണ്ടാക്കുന്നത് അപ്രായോഗികമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാട്ടിലൂടെ കടന്നുപോകുന്ന പാതയായതിനാൽ വനം വകുപ്പിന്റെ അനുമതിയും കിട്ടിയിട്ടില്ല. സമുദ്രനിരപ്പിൽനിന്നും 1550 മീറ്റർ ഉയരത്തിലുള്ള ഈ മല കാഠിന്യമുള്ള കരിങ്കൽ പാറയായതുകൊണ്ട് ടണൽ നിർമ്മിക്കുന്നതാണ് ഉത്തമമെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിലുള്ള പ്രദേശത്തെ ജൈവ-ജന്തുവൈവിദ്ധ്യങ്ങളെയും പരിസ്ഥിതിയെയും ബാധിക്കാത്തവിധം തുരങ്കപാത നിർമ്മിക്കാമെന്നതാണ് ഈ പാതയുടെ ഏറ്റവും വലിയ പ്രത്യേകത. ഈ പാതയ്ക്കായുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുകയും അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ചതുപോലെ കുന്നിനു മുകളിലൂടെ പാത അപ്രായോഗികമായതിനാൽ ടണൽ നിർമ്മിക്കുന്നതിനെ സംബന്ധിച്ചുള്ള പ്രാഥമിക റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും വിഭാഗം) ചീഫ് എഞ്ചിനീയർ സർക്കാരിന് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കൊങ്കൺ റെയിൽ കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കാൻ കഴിയുമോയെന്നതിന്റെ സാധ്യതകൾ ആരാഞ്ഞ് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ പാതയ്ക്കുവേണ്ടി ഗവൺമെന്റ് നിലപാട് സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: മറ്റ് സബ്മിഷനുകൾ റദ്ദുചെയ്തിരിക്കുകയാണ്. ഉത്തരങ്ങൾ ബഹുമാനപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബാക്കിയുള്ള സബ്മിഷനുകൾ റദ്ദ് ചെയ്യുന്നതായും അവയ്ക്കുള്ള മറുപടി ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് നൽകണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## VII മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടം 75 (2) പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 16 | 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് | അല്ല |

II. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 12 | 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് | അല്ല |

III. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 11 | 2017-ലെ കേരള ചരക്ക് സേവന നികുതി ഓർഡിനൻസ് | അല്ല |

IV. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
| 1 | 2017 | 7 | 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് | അല്ല |
| 2 | 2017 | 14 | 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് | അല്ല |

V. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 8 | 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2017 | 17 | 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് | അല്ല |

VI. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 13 | 2017-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസ് | അല്ല |

VII. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 9 | 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2017 | 10 | 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 3 | 2017 | 15 | 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ് | അല്ല |

| | | | | |
|---|---|---|---|---|
| 4 | 2017 | 18 | 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 5 | 2017 | 19 | 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |

## VIII റിപ്പോർട്ട് സമർപ്പണം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## IX നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക്

അയയ്ക്കണമെന്ന പ്രമേയവും

### (i) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

(ശ്രീ. കെ. സി. ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എസ്. ശർമ്മ: സർ, 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 1 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (ii) 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി .സ്പീക്കർ: ചെയറിന്റെ മുഖം മറച്ചുകൊണ്ടുള്ള പ്രതിഷേധം ശരിയല്ലായെന്ന് പലതവണ ഞാൻ ആവർത്തിച്ചിട്ടുള്ളതാണ്.

(നിരാകരണപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. വി. എസ്. ശിവകുമാർ സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

ശ്രീ. എം. നൗഷാദ്: 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 1 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.07- ന് പിരിഞ്ഞു.)